അംബ

[ഒരു ഗദ്യനാടകം]

Digitized By Kerala Sahitya Akademi

അംബ

[ഒരു ഗദ്യനാടകം]

ഉള്ളൂർ. എസ്. പരമേശ്വരയ്യർ

ഉള്ളൂർ പബ്ളിഷേർസ്,

ജഗതി, തിരുവനന്തപുരം

1956

All Rights Reserved] വില രൂപ 3

പ്രസാധകരുടെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

Digitized By Kerala Sahitya Akademi

നാലാം പതിപ്പ കാപ്പി—500

എല്ലാം അവകാശങ്ങളും പ്രസാധകക്ക്

Printed at the

The Sridhara Printing House,

Trivandrum—1

വില രൂപ മൂന്ന്

Digitized By Kerala Sahitya Akademi

മുഖവുര

മഹാഭാരതത്തിലെ സുപ്രസിദ്ധമായ ഒരു ഉപാഖ്യാനമാണു്. കാശിരാജകുമാരിയായ അംബയുടെ ചരിത്രം. വംഗദേശത്തിലെ അനുഗൃഹീതനാടകകൃത്തുകളിൽ അഗ്രഗണ്യനായ ദ്വിജേന്ദ്രലാലറായി മഹാത്മാവായ ഭീഷ്മരുടെ ജീവിതത്തെ വിഷയീകരിച്ചു ബംഗാളിഭാഷയിൽ ഒരു നാടകം രചിച്ചിട്ടുണ്ടു്; അദ്ദേഹത്തിന്റെ മററു പല നാടകങ്ങളുടേയും എന്നപോലെ 'ഭീഷ്മ'ന്റേയും ഭാഷാന്തരം മലയാളികൾക്കു ലഭിച്ചിട്ടുമുണ്ടു്. പാശ്ചാത്യരീതിയിലുള്ള നാടകനിർമ്മാണത്തിൽ ദ്വിജേന്ദ്രബാബുവിനെക്കാൾ പ്രാഗല്ഭ്യം പ്രദർശിപ്പിച്ചിട്ടുള്ള ഒരു ഭാരതീയകവിയെ ഞാൻ അറിയുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ അദ്വൈതമമായ തൂലികാവിലാസം അതിന്റെ സമഗ്രസൌന്ദര്യത്തിൽ പ്രത്യക്ഷീഭവിക്കുന്നതു് ഐതിഹാസികങ്ങളോ സാമുദായികങ്ങളോ ആയ ഇതിവൃത്തങ്ങളെക്കാൾ രാജ്യചരിത്രപരങ്ങളായ കഥകളെക്കൊണ്ടു പെരുമാറുമ്പോഴാണെന്നു് ഒരനുഭവസ്ഥന്റെ നിലയിൽ എനിക്കു പറവാൻ കഴിയും. ആ സാമാന്യനിയമത്തിനു വ്യത്യാസ്തങ്ങളായും 'സീതാനിർവാസം' മുതലായി അപൂർവം ചില നാടകങ്ങൾ ഇല്ലെന്നില്ല; പക്ഷേ 'ഭീഷ്മൻ' ആ കൂട്ടത്തിൽ പെടുന്നില്ലെന്നാണു് എന്റെ പക്ഷം.

ദ്വിജേന്ദ്രലാലന്റെ നാടകം ഭാഷയിൽ പ്രസിദ്ധീകൃതമായതിനുമേൽ അതേ വിഷയത്തെ അധികരിച്ചു ശ്രീമാൻ ആററൂർ കൃഷ്ണപ്പിഷാരടിയുടെ 'ധീരവ്രത'വും

Digitized By Kerala Sahitya Akademi

മേജർ സർദാർ കെ. എം. പണിക്കരുടെ 'ഭീഷ്മരും' ആവിർഭവിച്ചിട്ടുണ്ട്. ശ്രീ പിഷാരടിയുടെ കൃതിയിൽ റായി സംഘടിപ്പിച്ച ഇതിവൃത്തത്തിലെ ചില അരോചകാംശങ്ങൾ വിട്ടിട്ടുണ്ടെങ്കിലും ബാക്കി ഭാഗങ്ങളിൽ ആ നാടകത്തെത്തന്നെയാണ് പ്രായേണ നാകവ വിഷയങ്ങളിലും ഉപജീവിച്ചിരിക്കുന്നത്. പ്രാചീനസമ്പ്രദായത്തിൽ പദ്യഗദ്യസമ്മിശ്രമായി രചിച്ചിട്ടുള്ള ഒരു നാടകമാണ് ശ്രീ. പണിക്കരുടെ 'ഭീഷ്മർ'; അതിൽ പ്രാക്കാലങ്ങളിൽ ഭാരതീയരുടെ ഇടയിൽ പ്രചരിച്ചിരുന്ന രാജ്യമീമാംസാപദ്ധതിയാണ് സർവോപരി പ്രപഞ്ചനവിഷയമായിരിക്കുന്നതെന്നും പറയേണ്ടതുണ്ട്.

മേൽ നിർദ്ദേശിച്ച മൂന്നു നാടകങ്ങളിലും തത്തൽപ്രണേതാക്കൾ ഭീഷ്മരെയാണ് പ്രധാനപാത്രമായി പ്രദർശിപ്പിച്ചിരിക്കുന്നത്; ആ പുണ്യപുരുഷന്റെ ചരമഗതിയാണ് അവയിലെല്ലാം അവസാനരംഗത്തിൽ പ്രതിപാദിച്ചിരിക്കുന്ന കഥാംശം. അംബയുടെ ചരിത്രത്തിന് അവയിലൊന്നിലും അത്ര വളരെ പ്രാധാന്യം കല്പിച്ചിട്ടില്ല. ശ്രീ. പണിക്കരുടെ കൃതിയിൽ ആ ചരിത്രത്തിന്റെ രണ്ടാമങ്കത്തിലെ വിഷ്കംഭം നീക്കിയുള്ള ഭാഗം മാത്രമേ വിനിയോഗിച്ചിട്ടുള്ളു.

അംബോപാഖ്യാനത്തെ മാത്രം ഇതിവൃത്തമായി ഗ്രഹിച്ച്, അതിനു മഹാഭാരതം ആദി പർവ്വത്തിലും ഉദ്യോഗപർവ്വത്തിലും കാണുന്ന പ്രതിപാദനത്തിൽനിന്നു പറയത്തക്ക മാററമൊന്നും വരുത്താതെ, പാശ്ചാത്യസമ്പ്രദായത്തിൽ ഒരു ദുഃഖപര്യവസായിയായ നാടകം രചിക്കാമെ

Digitized By Kerala Sahitya Akademi

ന്നും രചിക്കേണ്ടതാണെന്നും എനിക്കു വളരെക്കാലം മുൻപുതന്നെ തോന്നീട്ടുള്ളതാണു്. എന്നാൽ കൃത്യാന്തരങ്ങളിൽ അനുദിനം വ്യാപൃതനും, അനേകധാ പരതന്ത്രനുമായ എന്റെ ആശ പലപ്പോഴും വളരെത്താമസിച്ചു ഫലിക്കാറുള്ളൂ; അതുതന്നെയാണു് ഈ 'അംബ'യുടെ നിർമ്മിതിയിലും എന്നെ അഭിമുഖീകരിച്ച വൈഷമ്യം. കഴിഞ്ഞ കൊല്ലം ഏതായാലും ഈ സാഹിത്യവ്യവസായം ആരംഭിക്കാമെന്നു നിശ്ചയിച്ചു; ആരംഭിച്ചു് അല്പസമയത്തിനുള്ളിൽ പൂർത്തിയാക്കുകയും ചെയ്തു. ഇപ്പോഴെങ്കിലും ഈ നാടകം സഹൃദയസമക്ഷം അവതരിപ്പിക്കുവാൻ എനിക്കു സാധിച്ചതിൽ ഞാൻ സന്തുഷ്ടനാകുന്നു.

'അംബ' ഏതെല്ലാം അംശങ്ങളിലാണു് ഉപരിനിർദ്ദിഷ്ടങ്ങളായ നാടകങ്ങളിൽനിന്നു വിഭിന്നമായിരിക്കുന്നതെന്നും ആ വിഭിന്നതകൾക്കുള്ള കാരണങ്ങളെന്തെല്ലാമെന്നും അവയ്ക്കു പ്രേരകങ്ങളായ അന്തശ്ചോദനകളുടെ സൂക്ഷ്മസ്വരൂപമെന്തെന്നും പ്രകൃതത്തിൽ വിവരിക്കേണ്ട ആവശ്യമില്ല; അതെല്ലാം നിർമ്മത്സരന്മാരായ ഗുണഗ്രാഹികൾക്കു് അനായാസേന കണ്ടുപിടിക്കാവുന്നതാണു്. ചിന്തിപ്പിക്കുകയും ദുഃഖിപ്പിക്കുകയും ചെയ്തു പ്രേക്ഷകന്മാർക്കും അനുവാചകന്മാർക്കും ഹൃദയശാന്തി നല്കുന്നതാണു് ഒരു ശോകസങ്കലിതമായ നാടകത്തിന്റെ പരമധർമ്മം എന്നു് അഭിയുക്തന്മാരായ സാഹിത്യാചാര്യന്മാർ ഉപദേശിച്ചിട്ടുണ്ടു്; ആ ഉപദേശമാണു് എനിക്കു് ഈ നാടകത്തിന്റെ ഗ്രഥനത്തിൽ ഉത്തേജകമായിരുന്നിട്ടുള്ളതും. ഇബ്സനല്ല ഷേക്സ്പീയറാണു് എനിക്കു് ഈ കാവ്യരചനയിൽ മാർഗ്ഗദർശി.

Digitized By Kerala Sahitya Akademi

അംബ ഒരു നാടകീയകാവ്യമാണു്; അഭിനയോചിതമായ ഒരു നാടകം എന്ന നിലയിലല്ല അതിന്റെ സംവിധാനം. അതുകൊണ്ടു വിവിധപാത്രങ്ങളുടെ വികസനവും വിഭിന്നഹൃദയവികാരങ്ങളുടെ മജ്ജനോന്മജ്ജനങ്ങളും ആഘാതപ്രത്യാഘാതങ്ങളും ഈ കൃതിയിൽ വിവൃതമായ രീതിയിൽ തന്നെയാണു് പ്രതിപാദിതമായിട്ടുള്ളതു്. ചില ഭാഗങ്ങൾ സംക്ഷേപിച്ചാൽ ഇതു രംഗത്തിൽ പ്രയോഗിക്കാം. അതിനുള്ള സർവസ്വാതന്ത്ര്യവും അഭിനേതാക്കൾക്കു വിട്ടുകൊടുക്കുവാനാണു് ഞാൻ ഉദ്ദേശിച്ചിരിക്കുന്നതു്.

അംബയും ഭീഷ്മരും ശ്രീ പരശുരാമനും മററു ചില പ്രധാന പാത്രങ്ങളും അതീതകാലങ്ങളിൽ ജീവിച്ചിരുന്നവരാണെന്നു പ്രഥമനിരീക്ഷണത്തിൽ തോന്നാമെങ്കിലും നിഷ്കൃഷ്ടമായ പരിശോധനയിൽ അവർ മനുഷ്യസഹജങ്ങളായ ചില ചിത്തവൃത്തികളുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ടു് ഇന്നും ജീവിക്കുന്നു എന്നും, എന്നും ജീവിക്കുക തന്നെ ചെയ്യുമെന്നും, പ്രത്യേകം ചൂണ്ടിക്കാണിക്കേണ്ട ആവശ്യകതയില്ല. വേഷഭൂഷകളിൽ വന്നുചേരുന്ന വ്യത്യാസം ഹൃദയകന്ദരങ്ങളെ സ്പർശിക്കുന്നതല്ലല്ലോ. ഈ ചെറിയ അവതാരികയോടുകൂടി അംബയെ ജഗന്മോഹിനിയായ കൈരളീദേവിയുടെ ചരണാരവിന്ദങ്ങളിൽ ഭക്തിപുരസ്സരം സമർപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം
5-8-1120

ഉള്ളൂർ. എസ്. പരമേശ്വരയ്യർ

Digitized By Kerala Sahitya Akademi

കഥാപാത്രങ്ങൾ

കോസലൻ—കാശിരാജ്യത്തിലെ രാജാവ്.

സാല്വൻ (ബ്രഹ്മദത്തൻ)—മാർത്തികാവതത്തിലെ രാജാവ്.

ഭീഷ്മർ.

വിചിത്രവീര്യൻ—ഹസ്തിനപുരത്തിലെ മഹാരാജാവ്.

ശൈഖാവത്യൻ—ഹിമവൽപാർശ്വത്തിലെ ഒരു മഹർഷി.

ഹോത്രവാഹനൻ (സൃഞ്ജയൻ)—ഒരു രാജർഷി (പത്മാവതിയുടെ പിതാവ്).

ശ്രീപരശുരാമൻ.

ഗൌതമൻ—ഭീഷ്മരുടെ വയസ്യൻ.

ബാഭ്രവ്യൻ—ഹസ്തിനപുരത്തിലെ മന്ത്രി.

സുമതി—സാല്വന്റെ മന്ത്രി.

കപിഞ്ജലൻ—സാല്വന്റെ നർമ്മസചിവൻ.

നിപുണകൻ—സാല്വന്റെ പരിചാരകൻ.

കലിങ്ഗം, വങ്ഗം, പുണ്ഡ്രം—ഈ രാജ്യങ്ങളിലെ രാജാക്കന്മാർ.

ഹരിതൻ, സുബലൻ, മുൽഗലൻ, പിങ്ഗളൻ—ശൈഖാവത്യന്റെ ശിഷ്യന്മാർ.

പത്മാവതി—കോസലന്റെ പത്നി.

അംബ—കോസലന്റെ പ്രഥമപുത്രി.

Digitized By Kerala Sahitya Akademi

അംബിക—കോസലന്റെ ദ്വിതീയപുത്രി.

അംബാലിക—കോസലന്റെ തൃതീയപുത്രി.

ഗംഗാദേവി—ഭീഷ്മരുടെ മാതാവ്.

സത്യവതീദേവി—ഹസ്തിനപുരത്തിലെ മഹാരാജ്ഞി (വിചിത്രവീര്യന്റെ മാതാവ്.)

ലളിത—അംബയുടെ സഖി.

താര—അംബയുടെ പരിചാരിക.

ബ്രാഹ്മണർ, ഹരിക്കാരന്മാർ, നടകാവൽക്കാർ.

അന്തർന്നാടകം.

ചിത്രാംഗദൻ—ഹസ്തിനപുരത്തിലെ മഹാരാജാവ് (വിചിത്രവീര്യന്റെ ജ്യേഷ്ഠൻ.)

ചിത്രാംഗദൻ—ഗന്ധർവരാജാവ്.

രക്ഷകൻ, ശിക്ഷകൻ—ഹസ്തിനപുരത്തിലെ രണ്ടു ദ്വാരപാലന്മാർ

Digitized By Kerala Sahitya Akademi

അംബ

ഒന്നാമങ്കം

രംഗം 1

സ്ഥലം :—കാശിരാജാവു കോസലന്റെ അന്തഃപുരം.

സമയം :—രാത്രി ഉദ്ദേശം ഒൻപതു മണി.

[കോസലൻ പള്ളിമെത്തയിൽ ഇരിക്കുന്നു. പത്നി പത്മാവതീദേവി അദ്ദേഹത്തെ വീശിക്കൊണ്ടു നില്ക്കുന്നു.]

കോസലൻ :—ഇരിക്കൂ ദേവീ! അടുത്തു വന്നിരിക്കൂ.

(പത്മാവതി ഭർത്തൃസമീപത്തിൽ അതേ മെത്തയിൽ ഇരിക്കുന്നു.)

കോസലൻ (നെടുവീർപ്പിട്ടു്) —പത്മാവതി! അങ്ങനെ ഇന്നത്തെ ആദിത്യനും അസ്തമിച്ചു. എത്ര ദർശനീയമായിരുന്നു സന്ധ്യാസമയത്തു് ആ തേജോമൂർത്തിയുടെ ബിംബം! പക്ഷേ തങ്ങളുടെ ഭാഗ്യജീവിതത്തിന്റെ പട്ടതിരികത്തലായിരുന്നു ചരാചരങ്ങൾ അപ്പോൾ കണ്ടതു്. ആ ദീപം പൊലിഞ്ഞു വിശാലസൗധത്തിന്റെ താഴികക്കുടം തകർന്നു: വ്യോമദേവതയുടെ തിരുമംഗല്യം പൊട്ടിവീണു. തന്റെ ഭണ്ഡാരത്തിൽ രത്നങ്ങളില്ലാഞ്ഞിട്ടാണോ സമുദ്രം ആതങ്കകട്ട അലകൈകൾ പൊക്കി അടത്തെടുത്തു്? നീചന്മാരുടെ ശുക്രദശ! എങ്ങുമെവിടെയും പരന്നിരിക്കുന്നു കൊഴകൊഴുത്ത കൂരിരുട്ടു്.

Digitized By Kerala Sahitya Akademi

ഏതു നരകത്തിൽനിന്നു് ആരഴിച്ചുവിട്ടു വന്നതാണീ എരുമപ്പുററം? കാലൻ കേറുന്ന പോത്തും ഈ കൂട്ടത്തിൽ കാണണം. ഇല്ലേ പത്മേ?

പത്മാവതി :— പ്രഭോ! അവിടുന്നു് ഇപ്പോൾ ഉച്ചരിച്ച വാക്കുകളുടെ അർത്ഥമെന്തെന്നു് അവിടേയ്ക്കു അറിഞ്ഞുകൂട്ട. സൂര്യാസ്തമയം എന്നതു് ഒരു ദൈനന്ദിനസംഭവമല്ലേ? ഇന്നസ്തമിക്കുന്ന സൂര്യൻ നാളെ വീണ്ടും ഉദിക്കും. അതല്ലേ പ്രപഞ്ചത്തിന്റെ ഗതി? നിയതിയുടെ നിയമം? അതിലെന്തുണ്ടു വിഷാദിക്കാനും വിലപിക്കാനും? എന്നുതന്നെയല്ല, എങ്ങനെ നോക്കിയാലും രാത്രിക്കല്ലേ പകലിനെക്കാൾ രമണീയത? മോഹനമായ ഈ സമയത്തിൽ പരേങ്ഗിതജ്ഞനായ അങ്ങു് ഈ ശയനഗൃഹത്തിൽ സന്നിധാനംചെയ്തു് എന്നെ ധന്യയാക്കി, അടുത്ത നിമിഷത്തിൽത്തന്നെ പകലിനെപ്പുകഴ്ത്തുകയും രാത്രിയെപ്പഴിക്കുകയും ചെയ്യുന്നതു് എനിക്കു് എത്ര മർമ്മഭേദകമായിരിക്കുമെന്നു് ഓർക്കുന്നില്ലല്ലോ. എന്നെപ്പോലെയുള്ളവൎക്കു്—അന്തഃപുരങ്ങളിലെ പതിവ്രതകളായ രാജ്ഞിമാൎക്കു്—പകലല്ല, രാത്രിയാണു് സഖി; ആദിത്യനല്ല, ചന്ദ്രനാണു് ബന്ധു. അപ്പോൾ മാത്രമല്ലേ ഞങ്ങൾക്കു ഭർത്താക്കന്മാരെ—ഹൃദയക്ഷേത്രങ്ങളിൽ ഞങ്ങൾ ഭക്തിപൂർവ്വം പ്രതിഷ്ഠിച്ചു നിത്യപൂജചെയ്യുന്ന ദിവ്യമങ്ഗളവിഗ്രഹങ്ങളെ—അഭിമുഖമായി കണ്ടു് ആനന്ദിക്കുവാൻ

Digitized By Kerala Sahitya Akademi

അവസരം ലഭിക്കുന്നുള്ളൂ ? വാസ്തവത്തിൽ ഞങ്ങളുടെ ഏകോപിച്ചുള്ള പ്രാർത്ഥന ഈ സ്ത്രീജനവൈരിയായ സൂര്യൻ—ശനിയേയും യമനേയും ജനിപ്പിച്ച വജ്രഹൃദയനായ സൂര്യൻ — നിവൃത്തിയുണ്ടെങ്കിൽ ഉദിക്കുകയേ അരുതെന്നും, അതു് അസാധ്യമാണെങ്കിൽ മധ്യാഹ്നത്തോടുകൂടിയെങ്കിലും മറഞ്ഞൊഴിയണമെന്നുമാണു്. ആ പ്രാർത്ഥനയിൽ ഞങ്ങളെ ആർക്കു കുററപ്പെടുത്താം ?

കോസ :— ആവോ ? നിയതിയുടെ നിയമമെന്നു നീ പറഞ്ഞു. ശരിതന്നെ. അതിനു നീക്കുപോക്കില്ലായിരിക്കാം. എന്നാൽ അതിൻെറ നിഷ്ഠുരതയെപ്പററി ആരും ചിന്തിക്കരുതെന്നോ, ചിന്തിക്കുമ്പോൾ വിലപിക്കരുതെന്നോ, ആജ്ഞാപിക്കാൻ നിയതിക്കും അധികാരമില്ലല്ലോ.

പത്മാ :—ഇന്നെന്താണു് അവിടുന്നു് വിഷാദാത്മകതയോടുകൂടി വീണ്ടും വീണ്ടും ഇങ്ങനെ ഓരോന്നു വിചാരിച്ചുകൊണ്ടിരിക്കുന്നതു് ? ഇതു വീരോചിതമായ മനോഭാവമാണോ ? സുഖിക്കുന്നതും ദുഃഖിക്കുന്നതും മനസ്സാണു്. ഖേദത്തിൽ മോദിക്കാനും മോദത്തിൽ ഖേദിക്കാനും അതിനെ ശീലിപ്പിക്കുന്നതു നാമുമാണു്. ഇതരവസ്തുക്കൾക്കു് ഇക്കാര്യത്തിൽ യാതൊരു പ്രേരകശക്തിയുമില്ല. ഈ തത്വമെല്ലാം അവിടത്തെ മുഖത്തുനിന്നുതന്നെ ഞാൻ പലപ്പോഴും കേട്ടിട്ടുള്ളതാണല്ലോ.

Digitized By Kerala Sahitya Akademi

കോസ:—ആയിരിക്കാം. എന്റെ ഇപ്പോഴത്തെ വിചാരഗതി ഇങ്ങനെയാണെന്നേയുള്ളൂ. ആ വഴിക്കു ഞാൻ തിരിഞ്ഞു—നീ മറെറാരു വഴിക്കും.

പത്മാ:—അങ്ങനെ കല്പിക്കരുതു്. മുന്നോട്ടു പോകാൻ നമുക്കു ദൈവം നിർദ്ദേശിക്കുന്ന മാർഗ്ഗം ഒന്നാണു്; പ്രകാശിപ്പിക്കുന്ന ദീപം ഒന്നാണു്; പ്രാപിക്കേണ്ട ലക്ഷ്യം ഒന്നാണു്. വാസ്തവത്തിൽ നാം രണ്ടു ഭിന്ന വ്യക്തികളല്ല—ഒരൊററ വ്യക്തിയുടെ രണ്ടു സമാംശങ്ങൾ.

കോസ:—സമ്മതിച്ചു.

പത്മാ:—എന്നാൽ എനിക്കൊന്നു് അവിടത്തെ സന്നിധിയിൽ അറിയിക്കാനുണ്ടു്. കഴിഞ്ഞ ഒരാഴ്ചയായി "ചോദിക്കൂ, ചോദിക്കൂ," എന്നു് ഉൾക്കണ്ഠ എന്നെ രാപ്പകൽ അലട്ടുന്നു. എന്നാൽ അവിടേക്കു് ആ ചോദ്യം ഹിതമായിരിക്കുമോ എന്നുള്ള ശങ്ക നാക്കിനെ അമർത്തുന്നു. അനുമതിയുണ്ടോ നാഥാ! വിനീതിപൂർവമായ ഒരു വിജ്ഞാപനത്തിനു്?

കോസ:—ഉണ്ടോ എന്നോ? പത്മയ്ക്കു എന്താണു് എന്നോടു്—പത്മയുടെ ഭാഷയിൽ പറയുകയാണെങ്കിൽ പത്മയുടേതന്നെ—ചോദിക്കാൻ പാടില്ലാത്തതു്? ചോദിക്കൂ യഥേഷ്ടം, നിർബാധം.

പത്മാ: സ്വാമിൻ! അവിടേയ്ക്കു് ഒരാഴ്ചയോളമായി ഞാൻ പണ്ടെങ്ങും കണ്ടിട്ടില്ലാത്ത വിധത്തിൽ ശരീര

Digitized By Kerala Sahitya Akademi

ത്തിന് ഒരു ചടവു തട്ടീട്ടുണ്ട്. മുഖം വിളറിയിരിക്കു ന്നു; മിഴികളിൽ ഓജസ്സു മങ്ങിയിരിക്കുന്നു. ഊണിനു രുചിയില്ല; ഉറക്കം കുറഞ്ഞുവരുന്നു. ആകെക്കൂടി ആകൃതിക്കും പ്രകൃതിക്കും ആരേയും അമ്പരപ്പിക്കുന്ന ഉല്ക്കടമായ ഒരു ഭാവഭേദം! അങ്ങയുടെ ഹൃദയത്തിൽ ചിന്താഗ്നി തീവ്രമായി ജ്വലിക്കുന്നുണ്ട്. അതിൽ നിന്നുയരുന്ന പുകയാണ് മുഖമാസകലം വ്യാപിച്ചു കാണുന്ന ഈ മ്ലാനത. ഇതിനെന്തേ കാരണം ?

കോസ:—സത്യമാണ് പത്മ പറഞ്ഞതു്. നിദ്രയ്ക്കും ചി ന്തയ്ക്കും തമ്മിൽ എന്താണ് ഇത്ര വലിയ ശത്രുത ? ഒരുത്തിയടുത്താൽ മററവൾ അകലും. രാത്രിയും പകലും പോലെ അവർ അന്യോന്യദർശനം വെറു ക്കുന്നുവല്ലോ.

പത്മാ:— ഇവിടം കിടമുറിയല്ലേ? ഇതു പള്ളിമെത്തയല്ലേ? സമയം രാത്രിയല്ലേ ? ഒന്നിലധികം പത്നിമാക്ക് ഇവിടെ ഒരേ അവസരത്തിൽ പ്രവേശിക്കാൻ പാടു ണ്ടോ ? നിദ്ര അവിടത്തെ നിത്യവല്ലഭയാണ്. ആ ദേവിയുടെ ഊഴമാണിതു്. ഈ ഘട്ടത്തിൽ ചിന്ത— അവരു സപത്നിയല്ല ; തെറ്റിപ്പോയി ; രാക്ഷസിയാ ണു്— ഇവിടെക്കേറിവന്നാൽ അവളെ ആട്ടിപ്പായി ക്കേണ്ടതു് അവിടത്തെ ധർമ്മമല്ലേ ?

കോസ:– അതിനു ഞാൻ അശക്തനാണ്. ആ രാക്ഷ സി എന്നെ അവളുടെ കൈപ്പിടിയിൽ അമർത്തിവ

Digitized By Kerala Sahitya Akademi

ച്ചിരിക്കുന്നു. കാരണം മറെറാന്നുമല്ല. രാജ്യഭാരം എന്നതു് എത്ര കനത്ത ഒരു ഭാരമാണെന്നു നിനക്കു് അറിവുണ്ടോ ? രാജാക്കന്മാരുടെ സൈ്വരവും സുഖവും അഭിഷേകജലത്തോടുകൂടി ഒലിച്ചുപോകുന്നു. കോവിലകങ്ങളെ ചൂഴുന്ന പൊന്മതിൽ ആളിക്കത്തുന്ന അഗ്നിശിഖകളുടെ അണിനിരക്കലാണു്. അവയ്ക്കകത്തല്ലേ ഞങ്ങൾ വസിക്കുന്നതു് ? ഈ സമ്പൽസമൃദ്ധിയും പ്രഭാവപ്രൗഢിയുംഎല്ലാം ഞങ്ങൾക്കെന്തിനാണു് ? നിത്യമായ ദുഃഖത്തിനു്! നിരന്തരമായ വ്യാകുലതയ്ക്കു് !

പത്മാ :—ഹൃദയേശ്വരാ ! ഈ ചിട്ടും ചിരട്ടും എന്നോടു വേണമോ? രാജ്യഭാരംകൊണ്ടു് അവിടേയ്ക്കെന്താണു് ഒരു ക്ലേശമുള്ളതു് ? കിരീടം അവിടുന്നു തലയിൽ ചൂടുന്ന നറുമലർ ; രാജ്യലക്ഷ്മി അവിടത്തെ ഉള്ളങ്കയ്യിൽ കളിക്കുന്ന കിളിപ്പൈതൽ. പാവനമായ അവിടത്തെ നാമധേയം ഭയഭക്തിബഹുമാനങ്ങളോടുകൂടിയല്ലാതെ ആരും സ്മരിക്കാറില്ല. അവിടുന്നു അജാതശത്രുവാണു് ; അഭിനവരാമചന്ദ്രനാണു്. പരാർത്ഥമാണു് അവിടത്തെ സ്വാർത്ഥം; പ്രജാരഞ്ജനമാണു് നിത്യവ്രതം ; ക്ഷമയാണു് പള്ളിവാൾ; ധർമ്മമാണു് പടച്ചട്ട. ഇതു കേവലം ഭാര്യ ഭർത്താവോടു പറയുന്ന വാക്കല്ല; എങ്ങും എപ്പോഴും ആരും ആരോടും പറഞ്ഞു പുളകം കൊള്ളുകയും കൊള്ളിക്കയും ചെയ്യുന്ന വാക്കാണു്. അങ്ങനെയുള്ള ഒരു

Digitized By Kerala Sahitya Akademi

മഹാരാജാവിനു മനോവ്യഥയ്ക്കു് ആഭ്യന്തരമോ ബാഹ്യമോ ആയ യാതൊരു ഹേതുവും ഉണ്ടാകുന്നതല്ലല്ലോ. അത്രയ്ക്കു പൊട്ടിയാണെന്നു് അങ്ങു് എന്നെ തെററിദ്ധരിച്ചുവോ ? അതോ ഉഹാപോഹകൗശലത എനിക്കു് എത്രമാത്രമുണ്ടെന്നു പരീക്ഷിച്ചുവോ?

കോസ :— പത്മ എന്നുമുതലാണു് കവയിത്രിയായതു് ? അക്കാര്യം എന്നോടു് ഇതുവരെ പറഞ്ഞില്ലല്ലോ. ഈ വേതനമില്ലാത്ത വൈതാളികവൃത്തിയിൽ ഇനി ഒരിക്കലും ഏർപ്പെടരുതേ ! അതിരിക്കട്ടെ. പിന്നെയെന്താണു് എൻെറ മനോവ്യഥയ്ക്കു കാരണം ?

പത്മാ :— എനിക്കറിവുണ്ടെങ്കിൽ ഞാൻ ചോദിക്കുമായിരുന്നുവോ ? എങ്കിലും ഒന്നു തോന്നുന്നുണ്ടു്. അതൊരു ഭൂതോദയമെന്നു കരുതിയാൽ മതി.

കോസ :— എന്താണതു് ? പറയൂ ! കേൾക്കട്ടെ.

പത്മാ:— ഏതാനും ദിവസങ്ങൾക്കു മുൻപു രാജകീയാതിഥിയായി കാശ്മീരത്തുനിന്നു് ഒരു ജ്യോത്സ്യൻ ഇവിടെ വന്നിരുന്നുവല്ലോ. അദ്ദേഹത്തെ അവിടുന്നു് നമ്മുടെ കിടാങ്ങളുടെ ജാതകങ്ങൾ കാണിച്ചുവോ ?

കോസ :— ഇതിനുമതിനും തമ്മിൽ സംബന്ധം ?

പത്മാ :— അന്നുമുതല്ക്കാണു് അങ്ങേയ്ക്കു് ഈ മാററം വന്നുചേന്നതു് ; സത്യംതന്നെ.

കോസ :— കാണിച്ചു പത്മേ! എൻെറ ഓമനയല്ലേ? ഒന്നുകൂടി അടുത്തുവരൂ ! നിൻെറ കുശാഗ്രബുദ്ധി എന്നെ

Digitized By Kerala Sahitya Akademi

വിസ്മയിപ്പിക്കുന്നു. പക്ഷെ ആ ജാതകപരിശോധനയുടെ ഫലമാണു് നിനക്കു് അറിയേണ്ടതെങ്കിൽ അതു ഞാൻ പറയുമെന്നു് സ്വപ്നത്തിൽപോലും നീ കരുതിപ്പോകരുതു്. അതു് എന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ ഒരു കൽത്തുറുങ്കിന്റെ നിലവറയിലെന്നപോലെ അടിഞ്ഞുകിടന്നു് ഒടുവിൽ എന്നോടുകൂടി മൺമറഞ്ഞുപൊയ്ക്കൊള്ളട്ടെ.

പത്മാ:—പാടില്ല പ്രാണേശാ ! ആ ഉമിത്തീയിൽകിടന്നു് അങ്ങയുടെ ഹൃദയം അരനിമിഷത്തേക്കു പോലും വെന്തുനീറാൻ പാടില്ല. അതു ഞാൻ സഹിക്കയില്ല; സമ്മതിക്കയില്ല. അവിടത്തെ സഹധർമ്മിണിയാണു് ഞാൻ. എനിക്കു് ആ രഹസ്യം അറിവാൻ —അതെന്തു തന്നെയായിക്കൊള്ളട്ടെ — തികച്ചും അവകാശമുണ്ടു്.

കോസ:—അയാളുടെ വാക്കു് അസുഖകരമാണെങ്കിൽ അതു കേട്ടാൽ നീ നടുങ്ങിപ്പോകയില്ലേ? കൂർത്തുമൂത്ത ആ കരിങ്കൽക്കഷണം ഞാൻ ഈ ചെവികളിലേക്കു് എറിഞ്ഞു തന്നാൽ അതു് അവിടെനിന്നു തെറിച്ചെന്നു കൊള്ളുന്നതു് അന്തഃകരണത്തിലല്ലേ ? സ്ത്രീകളുടെ ഹൃദയം പ്രകൃത്യാ മൃദുലമാണു്; ഭീരുതയുടെ മണിയറയാണു്. അതിലും വിശേഷിച്ചു നിന്റെ ഹൃദയം അത്യന്തം സുകുമാരമാണെന്നു് എനിക്കറിയാം. പോരെങ്കിൽ മാതൃഹൃദയം ! നീ ഏററവും വാത്സല്യത്തോടുകൂടി വള

Digitized By Kerala Sahitya Akademi

ത്തുന്ന നിൻെറ കിടാങ്ങളുടെ ഭാവിയല്ലേ നിനക്കിപ്പോഴം അറിവാൻ ആഗ്രഹം ? അതു ഞാൻ നിന്നെ എൻെറ ഈ നാക്കു കൊണ്ടറിയിക്കട്ടേ ? ഇതു വിഷം പുരട്ടിയ കഠാരിയല്ല. എനിക്കു മനസ്സിന് അസ്വാസ്ഥ്യമുണ്ടെന്നുള്ളതു പരമാൎത്ഥം തന്നെ ; എന്നാൽ അതു് ഇനിയും ഉന്മാദമായി പരിണമിച്ചിട്ടില്ല.

പത്മാ:—അങ്ങനെ പറയരുതേ നാഥാ ! അവിടുന്നു എൻെറ പൂൎവപുണ്യത്തിൻെറ മധുരഫലമാണു് ; മിഴിയിലെ കൃഷ്ണമണിയാണു് ; പ്രാണൻെറ പ്രാണനാണു്. അവിടത്തെ ദുഃഖത്തിൽ നേർപകുതി ഏററുവാങ്ങി അത്രയല്ലെങ്കിലും അതിൻെറ ഭാരം കുറയ്ക്കേണ്ടതു് എൻെറ കൎത്തവ്യമാണു്. ഞാൻ ഭയപ്പെടുമെന്നു് അങ്ങു ശങ്കിക്കുന്നു. എന്താണു് ഈ ഭയമെന്നു് പറയുന്നതു് ? ഏതു ഭയവും മനുഷ്യനു് അതിനെ നേരിൽ കാണുന്നതു വരെയല്ലാതെയുണ്ടോ ? കണ്ടാൽ പരിചയമായി ; പരിചയിച്ചാൽ സ്നേഹമായി ; സ്നേഹിച്ചാൽ സൗഭ്രാത്രമായി. അങ്ങയുടെ സന്തോഷത്തിൽ എനിക്കു കാരണമറിഞ്ഞിട്ടു വേണ്ട പങ്കുകൊള്ളുവാൻ. പ്രതിഷ്ഠാമൂൎത്തിയേതെന്നറിഞ്ഞു, ധ്യാനശ്ലോകം പഠിച്ചുചൊല്ലീട്ടു വേണ്ട, ആൎക്കും ഉത്സവാഘോഷത്തിൽ ആനന്ദിക്കുവാൻ. എന്നാൽ സന്താപം—അതിൻെറ കഥ വേറിട്ടൊന്നാണു്. അവിടത്തെ ഹൃദയവ്രണത്തിനു് എൻെറ ശ്രു

Digitized By Kerala Sahitya Akademi

ഢാപൂർവ്വമായ പരിചയ്യ ആവശ്യമുണ്ടു്. ജ്യോതിഷം വരുത്തിയ രോഗം വൈദ്യം ചികിത്സിച്ചു മാററം. ഞാൻ ഇക്കാര്യത്തിൽ വൈദ്യവൃത്തി സ്വീകരിക്കാൻ ഉറച്ചു കഴിഞ്ഞിരിക്കുന്നു. വേഗത്തിൽ നിദാനമറിയിക്കണമെന്നു മാത്രമേ അപേക്ഷയുള്ളു.

കോസ :—പറയാം പത്മേ! പറയാം. നിന്നോടല്ലാതെ മററാരോടാണു് ഇതു പറയേണ്ടതു്? ആ പിഴച്ച ജ്യോത്സ്യൻ ഒരു നശിച്ച രാഹുവേളയിൽ ഇവിടെ വന്നു കേറി. എൻെറയും നിൻെറയും ഗ്രഹപ്പിഴക്കു കുട്ടികളുടെ ജാതകങ്ങൾ ഞാൻ അയാളുടെ കയ്യിൽ കൊടുത്തു. ആ ഓലകൾ കുറെ നേരം തിരിച്ചും മറിച്ചും നോക്കി, കവടിപരത്തലും കണക്കുക്കൂട്ടലും ഒക്കെ കഴിച്ചു്, ആ ദ്രോഹി—കരുത്തംകെട്ട, കണ്ണിൽ ചോരയില്ലാത്ത, മഹാപാപി—പറയുകയാണു്—ലോകൃത്തിനുവേണ്ടി ചില സമ്മാനങ്ങളെല്ലാം അവനു ഞാൻ കൊടുത്തില്ലെന്നില്ല; എങ്കിലും അവയുംകൊണ്ടു വീടു പററുന്നതിനുമുമ്പു് അവൻെറ തലയിൽ വെള്ളിടി വീഴണമെന്നായിരുന്നു എൻെറ പ്രാർത്ഥന—പറയട്ടെ പത്മേ! നിനക്കു മുഴുവൻ കേൾക്കാൻ കരുത്തുണ്ടോ?

പത്മാ :—ഏതു് അമംഗലവാർത്തയും കേൾക്കാൻ എൻെറ ചെവി വട്ടംപിടിച്ചു് തെങ്ങിയിരിക്കുന്നു.

കോസ :—അവൻ എൻെറ മുഖത്തുനോക്കി തരിമ്പും സങ്കോചമില്ലാതെ കടന്നു പറയുകയാണു്—അവനെ

Digitized By Kerala Sahitya Akademi

ന്തു നഷ്ടം ? ആരാന്റെയും കിടാങ്ങളല്ലേ ? ശാസ്ത്രത്തിന്റെ മറയിൽനിന്നുകൊണ്ടല്ലേ അവന്റെ പയററു് ?—"തിരുമേനീ ! അവിടത്തെ മൂത്തമകൾ വിവാഹം ചെയ്യുകയില്ല. മററു രണ്ടു പുത്രിമാരും ഭർത്തൃമതികളാകും. എന്നാൽ അവൎക്കു് ഏറെത്താമസിയാതെതന്നെ വൈധവ്യദുഃഖം അനുഭവിക്കേണ്ടിയും വരും. അവൎക്കു പുത്രന്മാരുണ്ടാകുമെന്നും പറയേണ്ടതുണ്ടു്. പക്ഷെ അതു ഭർത്താവിൽനിന്നായിരിക്കയില്ല." കഴിഞ്ഞു. പോരേ ? ഇനിയെന്തുവേണം കേൾക്കാൻ ? ഒരുത്തി നിത്യകന്യക; മററു രണ്ടുപേർ ബാലവിധവകൾ ! അവൎക്കു പരപുരുഷനിൽനിന്നു സന്താനലാഭം ! ഇതാണു് നാം ആറുനൂററു പൊററിപ്പുലത്തി ഇത്രത്തോളമെത്തിച്ച നമ്മുടെ അയ്യമക്കിടാങ്ങളുടെ ഭാവിയെങ്കിൽ എനിക്കു് ഈ അന്തസ്താപമുണ്ടായതിൽ എന്താണു് ആശ്ചര്യം ? ഈ അശനിപാതം ഏററിട്ടു ഞാൻ ഇപ്പോഴും ശ്വാസോച്ഛ്വാസം ചെയ്തുകൊണ്ടു് ഇഹലോകത്തിൽ ജീവിക്കുന്നതല്ലേ ആശ്ചര്യം ? എനിക്കു വാസ്തവത്തിൽ ഹൃദയമെന്നൊന്നുണ്ടോ എന്റെ പത്മാവതി ? അപത്യവാത്സല്യത്തിനു് അതിന്റെ മുക്കിലോ മൂലയിലോ അല്പമെങ്കിലും ഒരു സ്ഥാനമുണ്ടോ ? ഉണ്ടെങ്കിൽ എന്റെ ആത്മാവു് ആ വാക്കുകൾ കേട്ട നിമിഷത്തിൽതന്നെ ശരീരത്തിൽനിന്നു പറന്നുപോയിരിക്കേണ്ടേ ?

Digitized By Kerala Sahitya Akademi

[പത്മാവതി മൂർച്ഛിച്ചു ഭർത്താവിൻെറ മടിയിൽ വീഴുന്നു. കോസലൻ പത്നിയെ താങ്ങിയെടുത്തുകിടത്തി ശീതോപചാരംകൊണ്ടു മോഹാലസ്യം ശമിപ്പിക്കുന്നു]

പത്മാ:—(എഴുന്നേററ കണ്ണുതുടച്ചുകൊണ്ടു്) ഒന്നുമില്ല, നാഥാ! ക്ഷണനേരത്തേക്കു് എൻെറ ദേഹത്തിൽ ഒരു മിന്നൽ പാഞ്ഞു. ഞാൻ ഒരു ഭൂകമ്പത്തിൽപെട്ടു നിലം പതിച്ചു. എൻെറ ദൗർബല്യം എനിക്കു ബോധ്യമായി. ഇനി ഇങ്ങനെ വരികയില്ലെന്നു ശപഥം ചെയ്യാം. ഒന്നു ചോദിച്ചുകൊള്ളട്ടെ. ഈ കവടിക്കാർക്കു ദിവ്യചക്ഷുസ്സുണ്ടോ? ഇവർ മഹർഷിമാരാണോ? ഇവരുടെ പ്രവചനം അക്ഷരംപ്രതി അന്വർത്ഥമാകണമോ?

കോസ:—വേണമെന്നു നിർബന്ധമില്ല. ജ്യോതിഷം ഒത്തെന്നും വരാം, ഒത്തില്ലെന്നും വരാം. ഒന്നാമത്തു ജാതകം ശരിയായിരിക്കണം; രണ്ടാമത്തു ജ്യോത്സ്യൻ പണ്ഡിതനും പ്രതിഷ്ഠാശാലിയും ആയിരിക്കണം. എങ്കിലും തെററാം. മഹർഷിമാർക്കുപോലും പ്രമാദം പററിട്ടുണ്ടു്. ശ്രീരാമൻെറ യൌവരാജ്യാഭിഷേകത്തിനു മുഹൂർത്തച്ചാർത്തു കുറിച്ചതു ത്രികാലജ്ഞനായ വസിഷ്ഠനല്ല? എന്നിട്ടെന്താണു് സംഭവിച്ചതു്? അതേ മുഹൂർത്തത്തിൽ ആ രാജകുമാരനു പതിന്നാലു വർഷത്തെ വനവാസം! ആ കാലാവധിക്കിടയിൽ തന്നെ ദാരുണമായ പത്നീവിയോഗം! ജ്യോത്സ്യനുമേൽ ഗ്രഹങ്ങളാണെങ്കിൽ ഗ്രഹങ്ങൾക്കുമേൽ ശിവരാ

Digitized By Kerala Sahitya Akademi

ലിഖിതമെന്നല്ലാതെ എന്താണിതിൻെറ സാരം ? ഇതെല്ലാം ഇങ്ങനെയാണെങ്കിലും ജ്യോത്സ്യന്മാർ പറയുന്നതു പലപ്പോഴും ഫലിച്ചും കാണുന്നുണ്ടു്. സൽകർമ്മങ്ങൾകൊണ്ടു വിപത്തുകളെ സാമാന്യമായി അകററി നിറുത്താമെന്നും, അതു സാധിച്ചില്ലെങ്കിൽ തന്നെയും അവയുടെ കാഠിന്യം ലഘൂകരിക്കാമെന്നും ആചാര്യന്മാർ ഉപദേശിക്കുന്നു. അതുകൊണ്ടു ജ്യോത്സ്യൻെറ വാക്കു നമുക്കു ഭയപ്പെടേണ്ടതുതന്നെയെങ്കിലും നൈരാശ്യജനകമാകണമെന്നില്ല.

പത്മാ :— അങ്ങനെയാണെങ്കിൽ അല്പം ഒരാശ്വാസം കിട്ടി. സകലസൽകർമ്മങ്ങളും ഞാൻ അനുഷ്ഠിക്കാം. വിശ്വനാഥസ്വാമിയെ പകലും രാവും പ്രാർത്ഥിക്കാം. എൻെറ കുഞ്ഞോമനകളുടെ രക്ഷയ്ക്കു് എന്താവാകുന്ന വഴിക്കെല്ലാം പരിശ്രമിക്കാം.

കോസ :— അതെല്ലാം വേണ്ടതുതന്നെ. പക്ഷേ പൂർവ്വജന്മങ്ങളിലെ കർമ്മങ്ങളിൽ പ്രാരബ്ധമെന്നൊരംശമുണ്ടു്. അതു ഭുജിച്ചേ ഒടുങ്ങൂ. അതോർത്താണു് എൻെറ ഹൃദയം ഭവിഷ്യത്തിനെപ്പററി ഒരെത്തും പിടിയും കിട്ടാതെ എപ്പോഴും പിടച്ചുകൊണ്ടിരിക്കുന്നതു്.

പത്മാ :— എനിക്കു് ഈ ജ്യോത്സ്യൻെറ പ്രവചനത്തിൽ വലിയ വിശ്വാസമൊന്നും വരുന്നില്ല. അംബ ഒന്നുരണ്ടു മാസമായി അവളുടെ വിവാഹത്തിനു നമ്മെ എത്രമാത്രം അലട്ടുന്നു ! അവരം ആ മോഹംതെല്ലും

Digitized By Kerala Sahitya Akademi

അടക്കിവച്ചിട്ടില്ല. നിമിഷംതോറും പടിപ്പടിയായി ഉയൎന്നിരമ്പി ഓളംവെട്ടുന്ന പ്രേമസമുദ്രത്തിൽ തുടിച്ചുകളിച്ചുകൊണ്ടു് അവൾ നിലവിട്ടു കാട്ടിക്കൂട്ടുന്ന ഗോഷ്ടികൾ സഖികളിൽ മന്ദഹാസത്തേയും ബന്ധുക്കളിൽ അനുകമ്പയേയും ഉളവാക്കുന്നു. അങ്ങനെയുള്ള അവൾ ആരേയും വിവാഹംചെയ്യുകയില്ലെന്നു ജല്പിക്കുന്നതു് ഉന്മത്തപ്രലാപം പോലെ അസംബന്ധമെന്നാണു് എനിക്കു തോന്നുന്നതു്

കോസ :—എനിക്കും ചിലപ്പോൾ അങ്ങനെ തോന്നാറില്ലെന്നില്ല. എങ്കിലും അകാരണമായി എന്റെ മനസ്സിനു് ഒരു ചാഞ്ചല്യം—ശരത്കാലത്തിലെ കൊടുങ്കാററു്— വേനൽക്കാലത്തിലെ ജലപ്രളയം. ആകെക്കൂടിക്കാണുമ്പോൾ ഏതോ ഒരു ഭയങ്കരസത്വം; അംഗപ്രത്യംഗങ്ങൾ പ്രത്യേകമായി പരിശോധിക്കുമ്പോൾ ഏതുമൊന്നുമൊട്ടില്ലതാനും! അതേ! ദേവി! ആ ജ്യോത്സ്യനെക്കൊണ്ടു ഞാൻ ഈ ജാതകങ്ങൾ നോക്കിക്കേണ്ടിയിരുന്നില്ല. ഒരക്രമം തന്നെയാണു് ഞാൻ ചെയ്തതു്. ദൈവത്തെ പരീക്ഷിച്ചു; ഭാവിയുടെ മൂടുപടം വലിച്ചുനീക്കി. അതു വിട്ടുമോ? എന്നെ തുറിച്ചുനോക്കി, ചൂണ്ടുവിരൽ വിറപ്പിച്ചു, കാണിച്ചുതരാമെന്നല്ലേ. ഇപ്പോൾ ഞാൻ ആ സാധുവും സത്യസന്ധനുമായ ദൈവജ്ഞനെ ശകാരിക്കുന്നു! അയാളെന്തു പിഴച്ചു? ക്ഷണിച്ചുവരുത്തി ജാതകങ്ങൾ കയ്യിൽകൊടുത്തു് അപേക്ഷിച്ചിട്ടല്ലേ ഫ

Digitized By Kerala Sahitya Akademi

ലം പറഞ്ഞതു് ? ശത്രുവിനു പകരം ഞാൻ പ്രഹരിക്കുന്നതു സന്ദേശഹരനെയാണു്! കഷ്ടം! മനുഷ്യൻ വിവേകശൂന്യനായാൽ അതിലും വേണ്ടേ ഒരതിരു്? കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത അഭ്യുദയങ്ങൾ കൈവരാനിരിക്കുന്നുവെന്നു മററു ജ്യോത്സ്യന്മാർ ഓരോ കാലത്തു് എഴുതി ഏല്പിച്ച ജാതകങ്ങൾ ഒരു പെട്ടി നിറച്ചു സൂക്ഷിച്ചുവച്ചിട്ടുണ്ടല്ലോ. അതുകൊണ്ടു തൃപ്തിപ്പെടാമായിരുന്നില്ലേ ?

പത്മാ :—ആട്ടെ, പ്രിയതമാ ! എങ്ങുവിടെയോ കിടക്കുന്ന ഈ ഗ്രഹങ്ങൾ ബ്രഹ്മാണ്ഡത്തിന്റെ ഇങ്ങേ അററത്തു് ഒരു കോണിൽ ഒതുങ്ങിക്കഴിഞ്ഞുകൂടുന്ന നമ്മെയെന്തിനാണു് ഇങ്ങനെയിട്ടു വലയ്ക്കുന്നതു് ?

കോസ :—വലയ്ക്കുക മാത്രമല്ലല്ലോ ചെയ്യുന്നതു്. വരപ്രദങ്ങളായും ചില ഗ്രഹങ്ങൾ നിലകൊള്ളുന്നില്ലേ ?

പത്മാ :—അപ്പോൾ ചേരിതിരിഞ്ഞു രാവും പകലും മത്സരക്രീഡ നടത്തുകയാണു് ആ ജ്യോതിർഗ്ഗോളങ്ങളെന്നും, അവയ്ക്കു് അങ്ങോട്ടുമിങ്ങോട്ടും കാൽകൊണ്ടു തട്ടാനുള്ള കന്ദുകങ്ങളാണു് മനുഷ്യരെന്നുമല്ലേ വന്നുകൂടുന്നതു് ? അവയ്ക്കു് ഈ ക്രീഡകൊണ്ടെന്താണു് ലാഭം ?

കോസ :—പന്തു കളിക്കുന്ന കുട്ടികൾക്കു് ആ കളികൊണ്ടെന്താണു് ലാഭം ? അതൊരു വിനോദം—ഒരുമാതിരി രസം. അത്രമാത്രമേ നമുക്കറിവാൻ കഴിയുന്നുള്ളൂ.

Digitized By Kerala Sahitya Akademi

എന്നാൽ ഒന്നു നിശ്ചയമാണു്. ഈശ്വരന് അതിൽ ഏതോ ഒരു മഹത്തായ ഉദ്ദേശമുണ്ടു്. അതു നമ്മുടെ ക്ഷുദ്രമായ അനുമാനപരിധിക്കുപ്പുറം നില കൊള്ളുന്ന എന്നേയുള്ളു.

പത്മാ :— ഏതായാലും കിടാങ്ങളുടെ വിവാഹം ഉടനടി നടത്തണമെന്നു് അവിടുന്നു തീച്ച്പ്പെടുത്തിയതു നന്നായി.

കോസ:— അതു സംബന്ധിച്ചുള്ള നടപടികൾ മുറയ്ക്കു നടക്കുന്നു എന്നു ദേവിക്കറിയാമല്ലോ. അംബയ്ക്കു സാലചനിൽ ഗാഢമായ അഭിനിവേശമുണ്ടു്. ഫണ്ടു് ആരുമെങ്ങും കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത വിധത്തിലുള്ള പ്രണയപാരവശ്യം! അവൾ അന്നു നമ്മുടെ മുമ്പിൽ വച്ചു പരിതഃസ്ഥിതികൾ പാടേ വിസ്മരിച്ചു് എന്തെല്ലാമാണു് പറഞ്ഞതു് ? "അച്ഛാ ! ഞാൻ വിവാഹം ചെയ്യണമെങ്കിൽ അതിനു് ഒരാളെ—ഒരൊററ ക്ഷത്രിയയുവാവിനെ—മാത്രമേ കാണുന്നുള്ളു. അതു മററാരുമല്ല ; സാലചമഹാരാജാവു്—സൌഭപതി, സുന്ദരൻ, സുശീലൻ, വീരൻ, വിഖ്യാതൻ, മനസ്വി, മഹാഭാഗൻ." എന്നും മററും തന്റെ കാമുകനെപ്പററി ഒരു സഹസ്രനാമസ്തോത്രം ചൊല്ലി അതു് എന്റെ ചോദ്യത്തിനുത്തരമല്ലായിരുന്നു. വാശിതപരീക്ഷയിൽ ഒരൊന്നാംതരം പാടവപ്രകടനമെന്നുവേണമെങ്കിൽ പറയാം.

Digitized By Kerala Sahitya Akademi

പത്മാ :— നാഥേ, അതു ഞാനും കേട്ടു. എനിക്കു് അപ്പോൾ ഹൃദയത്തിൽ അങ്കുരിച്ചതു് ആശയല്ല, ആനന്ദമല്ല, അഭിമാനമല്ല — ലജ്ജ, കോപം, ആപച്ഛങ്ക. മകളുടെ ഈ മദാന്ധത അവളെ ഏതു പടുകുഴിയിലെല്ലാം തള്ളിയിടുമോ എന്നോർത്തു ഞാൻ ഞെട്ടിപ്പോയി.

കോസ :— നമ്മുടെ കയ്യും കണക്കുമില്ലാത്ത താലോലത്തിന്റെ ഫലമായിരിക്കാം അതു്. ഏതായാലും അവൾ ഇന്നു നമ്മുടെ വാക്കും വരുതിയും അനുസരിക്കുന്ന ഒരു പെൺകിടാവല്ല. അവളുടെ തന്റേടത്തിനും താന്തോന്നിത്തത്തിനും അവസാനമില്ല. എന്തുചെയ്യാം? വളർന്നുപോയില്ലേ? ഒരു കൈത്തോടാണെങ്കിൽ അതിനെ ഏതുവഴിക്കും തിരിച്ചുവിടാം. ഒരു വൻപുഴ, മഴക്കാലത്തു്, അണമുറിച്ചു്, ആർത്തു പുളച്ചു്, ഇരുകരയുമിടിച്ചുതള്ളി, കവിച്ചുചാടി, മുൻപോട്ടു പായുകയാണെങ്കിൽ അതിന്റെ ഗതി ദൂരെയൊരിടത്തു കൈകെട്ടിനിന്നു കണ്ടുകൊണ്ടുമിരിക്കാം. അതു് ഒഴുകുന്ന വഴിക്കു് ഒഴുകിക്കൊള്ളട്ടെ എന്നു വയ്ക്കാനല്ലേ തരമുള്ളു?

പത്മാ :— അതു ശരിയാണു്; എങ്കിലും അവളുടെ ഭാവിയെക്കുറിച്ചു ചിന്തിക്കുമ്പോൾ ഇന്നുവരെയും അവളെ നാം താലോലിച്ചതു തീരെ മതിയായില്ലെന്നാണു് എനിക്കു തോന്നുന്നതു്. ഇനി അവളെ തടുക്കാൻ

Digitized By Kerala Sahitya Akademi

നിവൃത്തിയില്ല ; തടുക്കാൻ മനസ്സുമില്ല. അവരുടെ ഇഷ്ടംപോലെ തന്നെ ആ വിവാഹം നടക്കട്ടെ. സാല്വനെപ്പററി പ്രതികൂലമായി പലതും കേട്ടിട്ടുണ്ട്. പക്ഷെ ആ അപവാദമെല്ലാം അസൂയാലുക്കൾ കെട്ടിച്ചമച്ചു പറഞ്ഞുപരത്തുന്നതാണെന്നും വരാമല്ലോ.

കോസ:— അതിനെപ്പററി ഈ ഘട്ടത്തിൽ അത്ര വളരെ ചുഴിഞ്ഞുനോക്കേണ്ട ആവശ്യമില്ല. വിവാഹത്തിനു മുമ്പ് സച്ചരിതനായ ഒരു വരൻ വിവാഹാനന്തരം ദുശ്ചരിതനാകാം ; നേരെമറിച്ചും സംഭവിക്കാൻ പാടില്ലായ്കയില്ല. അതെല്ലാം കന്യകയുടെ യോഗം പോലെയിരിക്കുമെന്നു സങ്കല്പിച്ചു പുരോഗമനം ചെയ്യാനേ നിവൃത്തിയുള്ളു.

പത്മാ :—അംബികയുടേയും അംബാലികയുടേയും കാര്യമോ ?

കോസ :—പത്മയ്ക്കറിഞ്ഞുകൂടേ ആ കട്ടികൾക്ക് അംബയിൽനിന്നു വിഭിന്നമായ ഒരു വ്യക്തിത്വമില്ലെന്ന്? അംബ പോകുന്ന ദിക്കിൽ അവരും പോകും. ഓരോ മനുഷ്യർക്കും ഓരോ ഛായയേ ഉള്ളു. അംബയ്ക്കു മാത്രം രണ്ടു് ! അംബികയും അംബാലികയും അംബയുടെ കാലുകളായിരിക്കാം ! അംബ ആരെ വിവാഹം ചെയ്യുന്നുവോ ആ യുവാവിനെത്തന്നെ അവരും വിവാഹം ചെയ്യുംപോലും. അവർക്ക് അംബയെ വിട്ടുപിരിയാൻ കഴിയുകയില്ലത്രെ ! അംബയ്ക്ക്

Digitized By Kerala Sahitya Akademi

അക്കാൎയ്യത്തിൽ ഇഷ്ടവുമില്ല, അനിഷ്ടവുമില്ല. അവരുടെ ഭാവനാഗതിയെത്തന്നു് അവൎക്കു അറിഞ്ഞുകൂട—പക്ഷേ ഈശ്വരനും.

പത്മാ :—ഏതായാലും അവിടത്തെ ഉപദേശമനുസരിച്ചു സാലപൻ അംബയെ സന്ദൎശിക്കാനും അവളുമായി രഹസ്സല്ലാപം ചെയ്യാനും ഞാൻ അന്തഃപുരത്തിലെ പ്രമദവനത്തിൽ വേണ്ട സൗകൎയ്യം ഒരുക്കീട്ടുണ്ടു്. പാണിഗ്രഹണത്തിനു മുൻപുതന്നെ അവൎക്കു തമ്മിലുള്ള പ്രണയം അതിന്റെ പരമകാഷ്ഠയെ പ്രാപിക്കട്ടെ. അതല്ലേ യഥാൎത്ഥമായ വിവാഹം? മംഗല്യധാരണം പിന്നീടു് അതിനു സാക്ഷിനിന്നുകൊണ്ടാൽ മതി. കല്യാണാഘോഷം പ്രേക്ഷകന്മാൎക്കു പരമാനന്ദത്തിനും മൃഷ്ടാന്നഭോജനത്തിനും പ്രതിഗ്രഹസ്വീകാരത്തിനും മാത്രം പ്രയോജകീഭവിക്കട്ടെ. ഇളയ കുട്ടികളോടും ഞാൻ സാലപനെച്ചെന്നു കാണണമെന്നു പറഞ്ഞു. എന്നാൽ അവർ ആ വാക്കു് അനുസരിക്കുന്നില്ല. അവൎക്കു പേടിയാകുമത്രേ! അവർ യുവാക്കന്മാരുമായി ഇതുവരെ സംസാരിച്ചിട്ടില്ലത്രേ! നാണംകുണുങ്ങികൾ; മിണ്ടാപ്രാണികൾ. ഒന്നങ്ങനെയും രണ്ടിങ്ങനെയും. ഒന്നു് ആശാന്റെ നെഞ്ഞത്തു്; മറേറതു രണ്ടും കളരിക്കു പുറത്തു്!

കോസ :—ഇതും നമ്മുടെ ലാളനത്തിന്റെ അനിഷ്ടഫലങ്ങളിൽ ഒന്നാണു്. ഒരേ കുടുംബത്തിൽ ഒരു കുട്ടി

Digitized By Kerala Sahitya Akademi

അതിരു കടന്ന നടേറ്റടം കാണിച്ചാൽ അതു മാതാപിതാക്കന്മാർ തടയണം ; അല്ലെങ്കിൽ മറവു കട്ടികളുക, ഉള്ള തുറന്റടവും ഇല്ലാതെയായിപ്പോകും. ഒരു കാര്യം ഞാൻ നിർബന്ധമായി ഉറപ്പ്-സ്വയംവരരീതിയിൽതന്നെയാകട്ടെ അവരുടെ വിവാഹമെന്നു്. അതിലേയ്ക്കുള്ള ക്ഷണപത്രങ്ങൾ അയച്ചു കഴിഞ്ഞു. സാല്വൻ രണ്ടുമൂന്നു ദിവസം മുൻകൂട്ടി വന്നുചേരുന്നു എന്നേയുള്ളൂ.

പത്മാ:—അവിടേയ്ക്കെന്താ ഈ കാര്യത്തിൽ സ്വയംവരം തന്നെ വേണമെന്നു തോന്നാൻ ?

കോസ :—പറയാം. കാശിരാജവംശത്തിലെ പരമ്പരാഗതമായ ആചാരം അതാണു് അതിനു ഞാനായിട്ടു വിച്ഛേദം വരുത്തുന്നതു് എനിക്കു യശസ്കരമല്ല. പിന്നെ സാധാരണരീതിയിലുള്ള വിവാഹമാണെങ്കിൽ വധുവിന്റെ ജാതകം കാണണമെന്നു വരന്റെ ബന്ധുക്കൾ ആവശ്യപ്പെടും അതു നമുക്കു പുറത്തു കാണിക്കാൻ കൊള്ളുന്നതല്ല. സ്വയംവരമാണെങ്കിൽ വീര്യശുല്ക്കകളാണു് കന്യകമാർ എന്നു പ്രഖ്യാപനം ചെയ്താൽ മതി. ആരു വീരനോ അയാൾ അവരെ പരിഗ്രഹിച്ചുകൊള്ളട്ടെ അവിടെ ജാതകപരിശോധനയ്ക്കു പ്രസക്തിയില്ലല്ലോ.

പത്മാ:—ഇത്തരത്തിലുള്ള വിവാഹത്തിന്റെ പേരെന്തു്? രാക്ഷസമെന്നല്ലേ ?

കോസ:—അതേ.

Digitized By Kerala Sahitya Akademi

പത്മാ:—രക്ഷസ്സുകൾക്ക്— അതായതു രാക്ഷസന്മാൎക്ക്—യോജിച്ച വിവാഹമെന്നല്ലേ അതിന്റെ അൎത്ഥം? എന്തേ രാക്ഷസരാണോ പ്രിയതമാ?

രഘുനാഥ: അങ്ങനെ പറയുന്നു. രാക്ഷസന്മാൎക്കും രാജാക്കന്മാൎക്കും ഭുജബലമാണല്ലോ വിശേഷലക്ഷണം. സമഗ്രമായ ഭുജബലം പ്രകടിപ്പിക്കുന്ന ഒരു ക്ഷത്രിയവീരൻ സകലഗുണസമ്പന്നയായ ഒരു രാജകുമാരിയെ—മത്സരികളുണ്ടെങ്കിൽ അവരെ ജയിച്ചു്—പരിഗ്രഹിക്കുന്നതു സമഞ്ജസമല്ലെന്നു് ആൎക്ക്, എങ്ങനെ വാദിക്കാം? പരസ്പരപ്രണയത്തിന്റെ ഫലമാണല്ലോ ഗാന്ധൎവ്വവിവാഹം. എന്തേ്യ ഗന്ധൎവ്വന്മാരായിട്ടാണോ അതിനു ആ സംജ്ഞ സിദ്ധിച്ചതു്? കാമമയമാണു് ഗന്ധൎവ്വലോകം. അതുകൊണ്ടു കാമബദ്ധന്മാരായ യുവതീയുവാക്കന്മാരുടെ വിവാഹത്തെ ഗാന്ധൎവ്വമെന്നു പറയുന്നു.

പത്മാ:—ഭാഗ്യവാനേ, അത്തരത്തിലുള്ള ഒരു വിവാഹത്തിനു സ്വയംവരമെന്ന പേർ കല്പിക്കുന്നതു് അൎത്ഥശൂന്യമല്ലേ? ഒരു യുവാവിൽ ഒരു യുവതിക്കു് അനുരാഗമുണ്ടു്. ആ യുവതിയെ ബാഹുവീൎയ്യം പ്രദൎശിപ്പിച്ചു് അപഹരിച്ചു കൊണ്ടുപോകുന്നതോ, അന്നു മാത്രം അവൾക്കു കാണ്മാൻ ഇടവരുന്ന മറെറാരുത്തൻ! ആയാളുടെ രൂപം, ശീലം, വയസ്സു്, വിദ്യ മുതലായ സിദ്ധികളൊന്നും ആൎക്കുമാൎക്കും നോക്കേണ്ട

Digitized By Kerala Sahitya Akademi

കടമയില്ല! യുവതിയുടെ മനോരഥത്തിന് ആ പ്രഹ
സനത്തിൽ സ്ഥാനമെവിടെ ?

കോസ :—ഒരു വഴിക്കു നോക്കിയാൽ നീ പറയുന്നതു ശരി
തന്നെ. പക്ഷെ രാക്ഷസവിവാഹമാണു് ക്ഷത്രിയ
ന്മാക്കു് ഉത്തമമെന്നു ശാസ്ത്രങ്ങൾ ഉൽഘോഷിക്കു
ന്നു. ജയലക്ഷ്മിയുടെ സപത്നിയായി ജീവിക്കുന്നതു
ഏതു ക്ഷത്രിയസ്ത്രീക്കാണു് അഭിമതമല്ലാത്തതു് ?
വിക്രമശാലിയായ ഒരു യുവാവിനെ ജാമാതാവായി
ലഭിക്കുന്നതു് ഏതു രാജാവിനും — പ്രത്യേകിച്ചു പുരു
ഷസന്തതിയില്ലാത്ത നമുക്കു് — ഒരു വലിയ ലാഭമെ
ന്നാണു് ഞാൻ കരുതുന്നതു്. എനിക്ക പിന്നീടു
കാശിരാജ്യം രക്ഷിക്കേണ്ടതു് അയാളല്ലേ ? നമ്മുടെ
മൂന്നു കിടാങ്ങളും ഒരു രാജകുമാരനെത്തന്നെ വിവാ
ഹം ചെയ്യുന്നതിലും നമുക്കു ചാരിതാൎത്ഥ്യത്തിനേ
ന്യായമുള്ളു. അല്ലെങ്കിൽ ഭാവിയിൽ ഈ രാജ്യം മൂ
ന്നു ഖണ്ഡമായി മുറിഞ്ഞു, ശക്തിക്ഷയം പ്രാപിച്ചു്,
ഏതു ശത്രുവിനും എളുപ്പത്തിൽ ഗ്രസിക്കത്തക്ക ദുര
വസ്ഥയിൽ എത്തിച്ചേരുകയില്ല ?

പത്മാ :—അപ്പോൾ വരണമണ്ഡപത്തിൽ കൊലപാത
കം ; സംഗീതത്തിനു പകരം പടഹധ്വനി ; വാഴ്ത്തു
രവാഴ്ത്തു പകരം ആൎത്തനാദം ; പുഷ്പവൎഷത്തിനു പ
കരം രക്തച്ചൊരിച്ചിൽ; യുവതികളുടെ നൎത്തനത്തി
നു പകരം കബന്ധങ്ങളുടെ താണ്ഡവം ; സ്വച്ഛന്ദ

Digitized By Kerala Sahitya Akademi

ങ്ങളുടെ സ്വാതന്ത്ര്യത്തിനു പകരം ശവശരീരങ്ങളുടെ ദുർഗ്ഗന്ധം ; —അതാണ് ശാസ്ത്രവിധിയെങ്കിൽ അങ്ങനെ നടക്കട്ടെ ; യഥേഷ്ടം നടക്കട്ടെ. ആരോ, എന്നോ, എവിടെയോ, എന്തിനോ, എഴുതിയിട്ട ഈ പഴയ ഏടുകൾ അരിഞ്ഞുനുറുക്കി ഇടിച്ചുപൊടിച്ച് അഗ്നികുണ്ഡത്തിൽ വലിച്ചെറിഞ്ഞു ചുട്ടുചാമ്പലാക്കി, പുഴയിലൊഴുക്കി, ഭാരതത്തെ ശുദ്ധീകരിക്കാൻ ഒരവതാരപുരുഷൻ ജനിക്കുന്നില്ലല്ലോ !— പ്രഭോ ! എന്റെ അവിവേകം ക്ഷമിക്കണം ; വികാരാവിഷ്ടയായി ഞാനെന്തോ പുലമ്പിപ്പോയി !

കോസ :—എനിക്കും ഇതൊന്നുമത്ര പന്തിയല്ലെന്നുതന്നെയാണ് പക്ഷം. എങ്കിലും ഞാൻ ഒരു നാട്ടുവാഴിയാണ്; എനിക്ക് ആചാരങ്ങൾക്കു പുറമേ ചില്ലറ അനാചാരങ്ങളിലും പിടിച്ചുനില്ക്കേണ്ടതുണ്ട്. പോരാത്തതിനു ഞാൻ ഇന്നു കാലപ്രവാഹത്തിൽ കറങ്ങുന്ന ഒരു ഓടിവഞ്ചിയായിത്തീർന്നിരിക്കുന്നു. അതിനെ കരയ്ക്കടുപ്പിക്കാൻ എനിക്കു കയ്യും കരുത്തും—കണ്ണും കാഴ്ചയും—ഇല്ല. എവിടെയെങ്കിലും ഒഴുകി, ഏതു പാറയിലെങ്കിലും തട്ടി, അതു തകർന്നു പൊയ്ക്കൊള്ളട്ടെ എന്നു വച്ചിരിക്കയാണ്. ആചാരം ലംഘിച്ചു ഭാവിയിൽ ആപത്തു വന്നാൽ അതു് ഈശ്വരകോപത്തിന്റെ ഫലമാണെന്നു ജനങ്ങൾ പഴിക്കും ; ആ അപവാദമെങ്കിലും അകന്നുനില്ക്കട്ടെ എന്നേ തൽക്കാലം ഞാൻ ഉദ്ദേശിക്കുന്നുള്ളൂ.

Digitized By Kerala Sahitya Akademi

പത്മാ:— പ്രാണനാഥാ! ഇന്നത്തെ സംഭാഷണം എന്റെ വിവേചനശക്തിയെ വിശ്വാസം നശിപ്പിച്ചിരിക്കുന്നു.

കേശവ:— പിന്നെയും ഒന്നുകൂടി പറയാം. നാമിപ്പോൾ ഉദ്ദേശിക്കുന്ന വിവാഹം ഗാന്ധർവ്വത്തിന്റെയും രാക്ഷസത്തിന്റെയും സമ്മിശ്രരൂപമാണ്. പ്രേമബദ്ധന്മാരാണ് വധൂവരന്മാർ; വശംവദിതമാണ് സാചന്റെ യുദ്ധാദിമധ്യസ്ഥ്യം. അദ്ദേഹത്തെ വിവാഹവേദിയിൽ ആരും എതിർക്കുകയില്ല; എതിർത്താൽ എന്തു ചെയ്യണമെന്ന് അദ്ദേഹത്തിന്ന് അറിയുകയും ചെയ്യാം. ശത്രുശരീരങ്ങളിൽ അദ്ദേഹം ഏല്പിക്കുന്ന ശരങ്ങൾ, കാമബാണങ്ങൾ പോലെ കോമളങ്ങളും, എന്നാൽ അതോടൊപ്പം തന്നെ, കാര്യസാധകങ്ങളുമായിരിക്കും. അതുകൊണ്ടു നിന്റെ ഈ ഭയം സങ്കല്പജമാണ്; സംഭാവ്യമല്ല.

പത്മാ:— അങ്ങനെ ആശിക്കാം തല്ക്കാലം. ആശയെന്ന പേരിൽ ഒരു സന്താനവല്ലിയില്ലെങ്കിൽ, ഏതിനേയും അധഃപതിപ്പിക്കാൻ എപ്പോഴും സന്നദ്ധമായ ഈ ഭൂലോകത്തിൽ എവിടെപ്പിടിച്ചു തൂങ്ങിയാണ് മനുഷ്യൻ ജീവിക്കേണ്ടതെന്നു ഞാൻ പലപ്പോഴും ആലോചിക്കാറുണ്ട്. ആശിക്കാം! നാഥാ! ആശിക്കാം. അവിടുന്ന് ആദ്യം സൂചിപ്പിച്ചതുപോലെ അതിന്റെ തലപ്പു നുള്ളിക്കളയാൻ വേണ്ട ധൈര്യം നിയതിയുടെ നീണ്ട കൈകൾക്കുമില്ലല്ലോ.

Digitized By Kerala Sahitya Akademi

രണ്ടുപേരും :—(തൊഴുതുകൊണ്ടു്) സ്വാമിൻ ഗംഗാധര! പാർവ്വതീപതേ! വിശ്വനാഥ! ആപൽബാന്ധവ! അനാഥരക്ഷക! നിന്തിരുവടി അടിയങ്ങളെ ഈ സങ്കടത്തിൽനിന്നു സമുദ്ധരിക്കണമേ! അവിടത്തെ പാദാരവിന്ദങ്ങൾക്കു അനന്തകോടിനമസ്കാരം!

(യവനിക)

രംഗം 2

സ്ഥലം :—കാശിരാജാവിന്റെ അന്തഃപുരത്തിൽ കുമാരി അംബയുടെ മുറി.

സമയം :—അപരാഹ്ണം; ഉദ്ദേശം മൂന്നു മണി.

(കൌസലന്റെ മൂത്ത മകൾ അംബ ചമഞ്ഞൊരുങ്ങി ഏകാകിനിയായി ഒരു സ്വർണ്ണപര്യങ്കത്തിൽ ഓരോന്നു് ആലോചിച്ചുകൊണ്ടിരിക്കുന്നു.)

അംബ :—മററന്നാളാണു് എന്റെ സ്വയംവരം. അതിനു മുമ്പു് എന്റെ ഹൃദയചോരൻ ഇന്നു വൈകുന്നേരം ഒന്നുകൂടി എന്നെ ഈ അന്തഃപുരത്തിലെ പ്രമദവനത്തിൽ വെച്ചു സന്ദർശിക്കും. അന്യോന്യം സമർപ്പിക്കുന്ന പ്രേമമധു ഞങ്ങൾ ആ അവസരത്തിൽ ഒരുകണ്ടും പാനം ചെയ്യും. എന്റെ സർവ്വാഭീഷ്ടങ്ങളും എനിക്കു് ആ ദേവൻ അവിടെ വെച്ചു വാഗ്ദാനം ചെയ്യും. ഇപ്പോൾ ഭിക്ഷാർത്ഥിനിയായി അങ്ങോട്ടുപോകുന്ന ഞാൻ സമ്പൽസമൃദ്ധയായി ഇ

Digitized By Kerala Sahitya Akademi

ങ്ങോട്ടു തിരിച്ചുവരും. ഇനിയാണു് എൻെറ ഭാഗ്യചന്ദ്രന്റെ സമ്പൂർണ്ണമായ ഉദയം ; ആശാഫലത്തിന്റെ സമഗ്രമായ ഉപഭോഗം. അതോക്കുമ്പോഠം എൻെറ ശരീരം നഖശിഖാന്തം കോരിത്തരിക്കുന്നു ; രോമം മയിർക്കൊള്ളുന്നു. ഏകാന്തവിഹാരത്തിനായി വിശാലശില്പി വ്യസിക്കിന്നു് ഒരു പുതിയ ആനന്ദസാഗരം നിർമ്മിച്ചിരിക്കുകയാണു് ; അതിൽ ഞാൻ എന്നേയും എന്റെ പ്രാണനാഥൻെറ സ്മരണയൊഴിച്ചു മററല്ലാത്തിനേയും മറന്നു, നിശ്ശങ്കമായി, നിരങ്കുശമായി, ക്രീഡിക്കുന്നു. ആരുക്കു കഴിയും എന്നെ തടയാൻ ? അഭിമതനായ കാമുകൻ ; ഭോഗപ്രവണമായ വയസ്സു് ; അനുകൂലന്മാരായ മാതാപിതാക്കഠം; അനുഗ്രഹപ്രദകളായ ഇഷ്ടദേവതകഠം. ഞങ്ങളുടെ സന്ദർശനവേള ഒരു സർവ്വാങ്ഗസുന്ദരിയെപ്പോലെ, അരയന്നങ്ങളെ നടപഠിപ്പിച്ചുകൊണ്ടു, മെല്ലെമെല്ലെ അടുത്തുവരുന്നു ; സപൎയ്യപൎയ്യടനത്തിനുള്ള സുവർണ്ണവിമാനം മേഘമാൎഗ്ഗം വിട്ടിറങ്ങി ശുഭാശംസ ചെയ്യുന്ന കുളുർപ്പുതന്തിനെപ്പോലെ പറന്നെത്തുന്നു. പ്രതീക്ഷതന്നെ ഇത്ര മനോഹരമാണെങ്കിൽ പ്രത്യക്ഷാനുഭൂതി എത്ര മധുരതരമായിരിക്കണം. അതോ ഇനി മനുഷ്യൎക്കു പ്രതീക്ഷയിൽ തന്നെയാണോ പരമമായ നിർവൃതി ? അതല്ല, നിശ്ചയം. ഈ പ്രതീക്ഷയെന്നു പറയുന്നതു സൂക്ഷ്മമാലോചിച്ചാൽ—എ

Digitized By Kerala Sahitya Akademi

ന്താണു് ? വെണ്മാടത്തിൻെറ ഉമ്മരപ്പടി ; കടലിൻെറ കരവക്കു് ; അത്രമാത്രം ! ഞാൻ ഇക്കാണുന്നതൊന്നും സ്വപ്നമല്ലല്ലൊ ? അല്ലല്ല. ഇതു പകലാണു് ; ഞാൻ ഉറങ്ങുന്നുമില്ല.

(എഴുന്നേററു ഉറക്കെ) ഇതാവിടെ ? താരേ ! താരേ ! രണ്ടു മൂന്നുദിവസമായി അവളുടെ ചെകിടു് തീരെ അടഞ്ഞുപോയിരിക്കുന്നു ! (ഒന്നുകൂടി ഉറക്കെ) താരേ ! ഇങ്ങുവാ ! ഞാനാണു് വിളിക്കുന്നതു്.

താര :— (ബദ്ധപ്പെട്ടു വന്നു്) സ്വാമിനി !

അംബ :—വന്നില്ലേ ലളിത ഇനിയും ? ഞാൻ ഉദ്യാനത്തിലേക്കയച്ചിരുന്ന ലളിത.

താര :—വന്നുകണ്ടില്ലമ്മേ !

അംബ :—അവൾ അവളുടെ മുറിയിൽ കിടന്നു കൂർക്കം വലിക്കയൊാണോ ? അതോ അവളുടെ കാലൊടിഞ്ഞുപോയോ ?

താര —ഇല്ല, ഭട്ടിനി ! പോയ കാര്യം പൂർത്തിയാക്കാതെ വന്നാൽ അമ്മ കോപിഷ്ഠയാവില്ലേ ? അതാ വന്നുകഴിഞ്ഞു ! ആ കേൾക്കുന്നതു ലളിതയുടെ കാൽപ്പെരുമാററമല്ലെങ്കിൽ ഇതു താരയുടെ ചെവിയുമല്ല.

(ലളിത വരുന്നു; താര വിടവാങ്ങിപ്പോകുന്നു.)

അംബ :—ലളിതേ ! നീയെന്തൊരമാന്തക്കാരിയാണു് ! നിന്നെക്കൊണ്ടു പൊറുതിയില്ലാതെയായല്ലോ. നിന

Digitized By Kerala Sahitya Akademi

ക്ക വല്ല സുഖക്കേടും പിടിപെട്ടുവോ ? നീയിങ്ങനെ കരുതിക്കൂട്ടി കാലവിളംബം വരുത്തി, എല്ലാം അല കോലമാക്കുന്നല്ലോ. നിന്നോടു കയർക്കുക എന്നുവ ച്ചാൽ, അതെനിക്കൊട്ടറിഞ്ഞും കൂടാ. ഞാനെത്ര നേരമായി ഇവിടെ കൊതിവച്ച പാവപോലെ ക ണ്ണും മിഴിച്ചു നിന്റെ വരവിനായി കാത്തിരിക്കുന്നു!

ലളി :—അത്ര തിടുക്കത്തിനൊന്നും കാര്യമില്ലല്ലോ. പ കൽ ഇനിയും പത്തുനാഴിക നെടുനീളത്തിൽ രാജ വീഥിപോലെ കിടക്കുകയല്ലേ ? സമയമാകണ്ടേ ?

അംബ :—സമയം ! സമയത്തെപ്പററി നിനക്കു വല്ലതുമ റിയാമോ ? നിന്റെ ചന്തവും നോക്കിക്കൊണ്ടു് ആ ദിത്യൻ ആകാശത്തിൽ സ്തംഭിച്ചു നിന്നുകൊള്ളുമെ ന്നായിരിക്കും നീ വിചാരിക്കുന്നതു് ? അതോ നീ യൊരു സാവിത്രിയോ—ആ ദേവനെ നിന്റെ മന സ്സുപോലെ ഉദിപ്പിക്കാനും അസ്തമിപ്പിക്കാനും ? ആ ട്ടെ, അവിടത്തെ ഒരുക്കങ്ങളെല്ലാം പൂർത്തിയായോ ?

ലളിത :—ആയി വരുന്നു.

അംബ :—ആയിവരുന്നു ! ലളിതേ ! നിന്റെ ക്രിയകൾ ക്കു വർത്തമാനകാലമല്ലാതെ ഭൂതകാലം ദ്യോതിപ്പി ക്കാൻ രൂപമില്ലയോ ? പാതയിൽ വെള്ളമണൽ വി രിച്ചുവോ ? കെട്ടിവിതാനം പൂർത്തിയാക്കിയോ ? സു ഗന്ധദ്രവങ്ങൾ തളിച്ചുവോ ?

Digitized By Kerala Sahitya Akademi

ലളി:—അതെല്ലാം കഴിഞ്ഞു.

അംബ:—അദ്ദേഹം വരുന്ന വഴിയിൽ നടപാവാട ? ലതാഗൃഹത്തിൽ മലർമെത്ത ?

ലളി:—ഇത്രനേരത്തെ വിരിച്ചാൽ കാററത്തു പാവാട ചുളുങ്ങിപ്പോകും ; പൂക്കൾ പറന്നുപോകും. അല്പമൊന്നു ക്ഷമിക്കരുതേ ? എല്ലാം ഒരു നാഴികയ്ക്കകം ഭദ്രമാക്കാൻ ഏർപ്പാടുചെയ്തിട്ടുണ്ട്.

അംബ:—അതുകഴിഞ്ഞാൽ ഞങ്ങളുടെ സങ്കേതസ്ഥാനം എങ്ങനെയിരിക്കും ?

ലളി:—നന്ദനോദ്യാനത്തിന്റെ നടുമുറി ! സൗഭാഗ്യദേവതയുടെ സാന്നിദ്ധ്യമണ്ഡപം !

അംബ:—(പുഞ്ചിരിയോടെ) ശരി. കാത്തിരിക്കാം. തെളിച്ച വഴിക്കു പോകാഞ്ഞാൽ പോയവഴിക്കു തെളിക്കുക— അത്രയല്ലേ പറവൂ ? അതിരിക്കട്ടെ. ലളിതേ, മറ്റൊരു കാര്യം. എന്നെ ഇവിടെ സൈരന്ധ്രികളും സഖികളും ഒരുമാതിരി ചമയിച്ചിട്ടുണ്ട്. അതു പന്തിയായോ എന്നു കടശിക്കൈക്കു നോക്കിത്തീരുമാനിക്കേണ്ടതു നീയാണ്; നിന്നിലാണ് ഞാൻ ആ ഭാരം ചുമത്തുന്നതു്.

ലളി:—ഞാനോ ? (നോക്കീട്ട്) ഈ പ്രസാധനം ഏററവും നയനമോഹനമായിരിക്കുന്നു എന്ന് എത്ര തവണ പറഞ്ഞാലും മതിയാകുന്നതല്ല. പക്ഷേ ജനനാൽ

Digitized By Kerala Sahitya Akademi

ത്തന്നെ സമൃദ്ധവും യൌവനോദയത്താൽ സമ്പൂൎണ്ണ വുമായ കുമാരിയുടെ സൌന്ദൎയ്യധാരണിക്ക് ഈ കൃത്രിമമായ മോടിയൊന്നും അത്ര ആവശ്യമാണെന്ന് എനിക്ക തോന്നുന്നില്ല. മയിൽപ്പീലിക്ക ചായം പൂശുന്നതു മൌഢ്യമല്ലേ ?

അംബ:—എന്നെ ഇങ്ങനെ മേനിക്കറി ത്തുള്ളിക്കുന്നതിനല്ല ഞാൻ ഇതൊയ്യത്തെപ്പററി നിന്നോട ചോദിച്ചത്. എനിക്ക മുഖസ്തുതിയിൽ അശേഷം ഭ്രമമില്ലെന്ന് നിനക്ക് അറിയാമല്ലോ. ഉഷസ്സന്ധ്യയിൽ പൂവ്വദിക്ക് എന്തിന് കുങ്കുമപ്പൊട്ടുതൊടുന്നു ? ശാണോല്ലേഖനം ചെയ്യാത്ത രത്നം—ശബ്ദസൌഷ്ഠവമില്ലാത്ത അൎത്ഥകല്പന—ഇവയെ ആര മാനിക്കും? പരമാൎത്ഥത്തിൽ ഈ ലോകം ഒരു നാടകശാലയാണ്; ഇവിടെ വേഷവിധാനത്തിന തികച്ചും വിശിഷ്ടമായ ഒരു സ്ഥാനമുണ്ട്. എല്ലാ പ്രമാണങ്ങളും സൂക്ഷ്മമായി പരിശോധിച്ചുവേണം നീയൊരു വിധി കല്പിക്കാൻ. അദ്ദേഹത്തിന് ഈ വിഷയത്തിൽ അന്യാദൃശമായ അവലോകനശക്തിയുണ്ട്. ഏതെങ്കിലും ഒരംശത്തിൽ ഏററക്കുറച്ചിൽ വന്നാൽ ആ വിദഗ്ദ്ധന്റെ ദൃഷ്ടിയിൽ എന്റെ വിലയും നിലയും എന്തെന്നില്ലാതെ ഇടിയുകയില്ലേ ? ഇതാ ഈ വേഷവിധാനം ; ഈ വസ്ത്രാലങ്കാരം ; ഇവയ്ക്കു ചന്തം മതിയോ? ശിരസ്സുമുതൽ പാദംവരെ കാന്തിപ്രവാഹത്തിഢ കാ

Digitized By Kerala Sahitya Akademi

ളംവെട്ടിക്കളിക്കുന്ന ഈ കനകാഭരണങ്ങൾ, ഓരോ ന്നും, അതാതിന്റെ സ്ഥാനത്തിൽ പരസ്പരം പരഭാഗം നേടിയും നല്കിയും പരിലസിക്കുന്നില്ലേ ? ഒരു സേനാപതിക്കു ചാതുരംഗ്ഗബലത്തെ അണിനിരത്തുന്നതിനു വേണ്ട സാമർത്ഥ്യം ഒരു യുവതിക്കു ശരീരത്തെ അലങ്കരിക്കുന്നതിനും ഉണ്ടായിരിക്കണം ; എങ്കിലേ രണ്ടുപേക്കും അവരുടെ വിജിഗീഷ സഫലമാകുകയുള്ളൂ.

ലളി;—(വീണ്ടും നോക്കീട്ട്) എന്നാൽ പറയാം. എന്റെ അംബ ഇപ്പോൾ സ്വർഗ്ഗത്തിൽനിന്നു ഭൂമിയിൽ അവതരിച്ചിരിക്കുന്ന ഏതോ ഒരു ദേവകന്യകയാണ്.

അംബ:—അതു വർണ്ണന ശരിയായില്ല. ദേവസ്ത്രീകൾക്കു സൌന്ദര്യം സ്വതസ്സിദ്ധമാണു ; അവരായിട്ട് അതു വർദ്ധിപ്പിക്കേണ്ട ആവശ്യമില്ല. ഈ അലങ്കരണങ്ങളെക്കൊണ്ടു് എന്റെ സൌന്ദര്യം വർദ്ധിച്ചിട്ടുണ്ടോ എന്നാണു് ഇവിടെ ചോദ്യം.

ലളി:—എന്നാൽ മറെറാന്നു പറയാം. എന്റെ അംബയുടെ ഇപ്പോഴത്തെ സൌന്ദര്യസമ്പത്തു കണ്ടാൽ ദേവസ്ത്രീകൾ അസൂയപ്പെടും.

അംബ:—അതു് അത്യുക്തിയാണെങ്കിലും അതിൽ അന്തർഭവിക്കുന്ന ആശയത്തെ ഞാൻ അഭിനന്ദിക്കുന്നു.

ലളി:—പക്ഷെ ഒരു കുഴപ്പം തോന്നുന്നുണ്ടു്. അസൂയപ്പെടുന്നവർ അടങ്ങിയിരുന്നാൽ കൊള്ളാം. ശപിച്ചാലോ ?

Digitized By Kerala Sahitya Akademi

അംബ:—ശാപം! അതുകൊണ്ടു് എൻെറ ആകഷ്ണ ശക്തിക്കു് എന്തു കുറവു വരാൻ പോകുന്നു?

ലളി:—അങ്ങനെയൊന്നും അവർ ചെയ്യുകയില്ല. ഞാൻ വെറും കളിയായിട്ടു പറഞ്ഞതു കാര്യമായിട്ടെടുക്കാമോ? പിന്നെ, ദേവി! എനിക്കൊന്നു നിവേദനം ചെയ്യാൻ കൊള്ളാമെന്നു തോന്നുന്നുണ്ടു്; സമ്മതമുണ്ടെങ്കിൽ ചെയ്യാം.

അംബ:—പറയൂ.

ലളിത:—ഈ കാമപാരവശ്യം കുറേ കടന്നുപോകുന്നു. എല്ലാത്തിനും വേണ്ട ഒരടക്കവുമൊതുക്കവും? പുരുഷൻ വന്നു സ്ത്രീയുടെ കാലുപിടിച്ചാൽ അതു കാര്യം കൊള്ളാം മറിച്ചായാലോ? കടഞ്ഞുകടഞ്ഞു കൈ തേഞ്ഞതിനു മേലല്ലേ ദേവന്മാക്കു പാനംചെയ്യുവാൻ അമൃതു ലഭിച്ചതു്? അതോ അതു പാലാഴിയിൽനിന്നു തനിയെ ഉയന്നു സ്വർഗ്ഗലോകത്തിലെത്തി ദേവന്മാരുടെ വായിൽ വീഴാൻ സമയവും കാത്തുകൊണ്ടു പടിവാതലിൽ നിന്നുവോ?

അംബ:—എൻെറ കാല്ക്കൽ വീഴാമെന്നു വച്ചുതന്നെയല്ലേ അദ്ദേഹം ഇപ്പോഴം നമ്മുടെ കോവിലകത്തു വന്നു ചേന്നിട്ടുള്ളതു്? അല്ലെങ്കിൽ വേണ്ട; ഇപ്പോഴം ഞാൻ അദ്ദേഹത്തിൻെറ കാല്ക്കൽ വീഴുന്നു എന്നതന്നെയിരുന്നുകൊള്ളട്ടെ. അവിടെനിന്നു മെല്ലെമെ

Digitized By Kerala Sahitya Akademi

ല്ലെപ്പിടിച്ച് ഉയൎന്ന നാലുദിവസത്തിനകം തല യിൽ കേറുകയില്ലെന്നു നീ എങ്ങനെ നിശ്ചയിച്ചു ?

ലളി :— കുമാരി അദ്ദേഹത്തിൻെറ രൂപം മാത്രമല്ലേ ക ണ്ടിട്ടുള്ളു ? ഹൃദയമോ ?

അംബ :— ആകൃതി പ്രകൃതിയുടെ പ്രതിബിംബമാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. എന്നാൽ ഒരു വധുവ ന്നു വരൻെറയും, വരനു വധുവിൻെറയും, പ്രകൃതി, സാഹചര്യംകൊണ്ടു സംസ്കരിക്കാൻ കഴിയുമെന്നു് എനിക്കുറപ്പുണ്ടു്. നേരേമറിച്ചു വൈരൂപ്യത്തെ സൌരൂപ്യമാക്കി മാററാൻ സൃഷ്ടി കഴിഞ്ഞുപോ യാൽ സൃഷ്ടികൎത്താവിനും സാധ്യമല്ലല്ലോ. അതു കൊണ്ടാണു് സ്ത്രീപുരുഷന്മാർ വിവാഹത്തിനുമുമ്പു് അന്യോന്യമുള്ള ആകാരപരിശോധനയിൽ തൃപ്തി പ്പെടണമെന്നു പറയുന്നതു്.

ലളി :— അതുകൊണ്ടായോ ? സാലപൻെറ ദാസിയായല്ല സഹചരിയായാണു് ജീവിക്കാൻ നിശ്ചയിച്ചിരിക്കു ന്നതെന്നു് അംബ പലപ്പോഴും പറഞ്ഞിട്ടില്ലേ ? ആ ആൾ മനസ്സിലിരുന്നാൽ മതിയോ ?

അംബ : ആ കാൎയ്യം ഞാൻ തൽകാലം മറന്നുപോയി ; അതു നീ ഓർമ്മപ്പെടുത്തിയതു നന്നായി. തരംപോ ലെ അതിനെപ്പററിയും അദ്ദേഹത്തോടു പറയാം.

ലളി :— ശരി ; അതു വേണ്ടതാണു്.

Digitized By Kerala Sahitya Akademi

അംബ --ഓ! അത്രമിത്രം പറഞ്ഞു നേരം വൈകിയല്ലോ. ലളിതേ! നീയും പോയി ഒന്നൊരുങ്ങിവരണം. എന്റെ അലങ്കരണസാമഗ്രിയെല്ലാം നിനക്കും സ്വാധീനമാണല്ലോ.

ലളി :-- (ചിരിച്ചുകൊണ്ട്) എന്തിന്? ഞാനും സാല്വമഹാരാജാവിനെ വിവാഹം ചെയ്യുന്നുണ്ടോ?

അംബ :--അതല്ല; അദ്ദേഹം ഉദ്യാനത്തിൽ വന്നപ്പോൾ നിന്നെയുംകൂടി ഒരു കുറി നോക്കുകയില്ലേ? പക്ഷേ ഇല്ലായിരിക്കാം. അദ്ദേഹത്തിന്റെ ദൃഷ്ടിമുഴുവൻ എന്നിലേ പതിയൂ; അത്രയേ പാടുള്ളു താനും എങ്കിലും ഈ മുൻകരുതൽകൊണ്ടു തരക്കേടൊന്നുമില്ലല്ലോ. രാജോചിതമായിരിക്കണ്ടേ നിന്റെയും വേഷം?

ലളി :—തിരുവായ്ക്കെതിർവായില്ലല്ലോ. അങ്ങനെ ചെയ്യാം.

(അകത്തേക്കു പോകുന്നു)

അംബ :—താരേ! ആ കണ്ണാടി ഒന്നുകൂടി ഇങ്ങോട്ടെടുത്തു കൊണ്ടുവരൂ. (താര കണ്ണാടി കൊണ്ടുവന്നു കയ്യിൽ കൊടുത്തിട്ടു വെളിയിൽ പോകുന്നു. അംബ അതിൽ തന്റെ മുഖം നോക്കി തൃപ്തിപ്പെടുന്നു.)

അംബ :—(അകത്തേക്കു നോക്കി) ലളിതേ വരൂ. ചമഞ്ഞതു മതി. എനിക്കു പ്രമദവനത്തിലേക്കു പോകാൻ സമയം വൈകി.

(ബദ്ധപ്പെട്ടു രംഗം വിടുന്നു.)

(യവനിക)

Digitized By Kerala Sahitya Akademi

രംഗം 3

സ്ഥലം :—കാശിരാജാവിന്റെ അതിഥിമന്ദിരം.

സമയം :—അപരാഹ്നം ; ഉദ്ദേശം നാലുമണി.

(വസ്ത്രാഭരണാദികളാൽ അലംകൃതനായ സാല്വരാജാവു ബ്രഹ്മദത്തനും അദ്ദേഹത്തിന്റെ നർമ്മസചിവൻ കപിഞ്ജലനും യഥോചിതം ആസനങ്ങളിൽ ഇരിക്കുന്നു.)

സാല്വൻ :—കപിഞ്ജല ! ഇന്നു വൈകുന്നേരമാണു് ഞാൻ അംബയോടു പ്രമദവനത്തിൽവച്ചു് അവസാനമായി പ്രേമസല്ലാപംചെയ്യാൻ നിശ്ചയിച്ചിരിക്കുന്നതു്. അതറിയാമല്ലോ.

കപി :— അവസാനമെന്നുവച്ചാൽ അതിൽ പിന്നീടു് അങ്ങനെയൊന്നു് ഒരിക്കലും ഉണ്ടാകുകയില്ലെന്നോ? അപ്പോഴേക്കു കല്പാന്തകാലം വരുമോ ? ഭൂമി പ്രളയസമുദ്രത്തിൽ ആണ്ടുപോകുമോ ?

സാല്വൻ :—താൻ ഇത്ര വിവരമില്ലാത്തവനായിപ്പോയല്ലോ ! മറ്റന്നാൾ അവൾ എന്റെ പത്നിയല്ലേ ? ഞാൻ അവളുടെ ഭർത്താവുമല്ലേ ! ഭാര്യയോടു ഭർത്താവു പ്രണയസല്ലാപം ചെയ്യുമോ? ഭർത്താവു് ആജ്ഞാപിക്കും ; ശാസിക്കും ; തർജ്ജിക്കും ; താഡിക്കും. ഭാര്യ അയാളുടെ കയ്യിലേ അമ്മാന ; കാലിലേ ചെരിപ്പു് !

കപി :—കൊള്ളാം ! നല്ല പാണിഗ്രഹണം !

സാല്വൻ :— അംബയ്ക്കു് ഇതൊരഭിസരണം ; എനിക്കൊരു മൃഗയാവിനോദം !

Digitized By Kerala Sahitya Akademi

കപി :—ഞാൻ ഒരു കാൎയ്യമാലോചിച്ചു സംശയിക്കുകയാണു്-ചിരിക്കുകയോ കരയുകയോ വേണ്ടതെന്നു്. മനുഷ്യരുടെ ഹൃദയങ്ങൾ മററാൎക്കും കാണ്മാൻ കഴിയാത്ത നിലയിൽ സൃഷ്ടിച്ചു് അവയെ മാംസത്തിലും തൊക്കിലും പൊതിഞ്ഞുവച്ചിരിക്കുന്ന ബ്രഹ്മാവിന്റെ ബുദ്ധിശൂന്യതയാണു് അക്കാൎയ്യം.

സാലചൻ :—ബുദ്ധിമാന്മാരിൽ അഗ്രഗണ്യനാണു് അദ്ദേഹം. ഓരോ ഹൃദയത്തേയും ഒളിച്ചുവച്ചില്ലെങ്കിൽ അതുകൊണ്ടു് എത്രനേരത്തേയ്ക്കു് ആ മോടിവിദ്യക്കാരനു ചെപ്പും പന്തും കളിക്കാം? കാൎയ്യമൊതുങ്ങും; പ്രപഞ്ചമടങ്ങും; അതോടുകൂടി പട്ടിണിയും മടങ്ങും. കഴിഞ്ഞില്ലേ കഥ? തന്റെ ശില്പശാലയ്ക്കു താൻതന്നെ തീ കൊളുത്തുമോ ആ തൊഴിലാളി?

കപി :—സോദരാ! അങ്ങു് ആ സരളയായ യുവതിയെ ഇങ്ങനെ വഞ്ചിക്കുന്നതു ന്യായമാണോ?

സാലചൻ :—തനിക്കു ലോകവ്യവഹാരത്തെപ്പററി വല്ലതുമറിയാമോ? ഞാനെങ്ങനെ വഞ്ചിച്ചു? അംബ എന്നിൽ—എന്റെ രൂപത്തിൽ-കലശലായി ഭ്രമിച്ചിരിക്കുന്നു. അതിനു ഞാനെന്തുവേണം? ഞാൻ അലസനാണു്; ദുഷ്ടനാണു്; വിഷയിയാണു്;—എന്നും മററും അപരാധശതകം ചൊല്ലി ഒഴിഞ്ഞുമാറണമായിരിക്കും! വിളക്കിൽ തീ കത്തുന്നു; അതു വിരിഞ്ഞ പൂവെന്നു കരുതി പാററകൾ പറന്നുചെന്നു വട്ടമിട്ടു

Digitized By Kerala Sahitya Akademi

ന്നു; വീണ്ടും വെന്തൊടുങ്ങുന്നു. അതിനു തീയെന്തുവേണം? പരമന്റെ നന്മതിന്മകൾ നോക്കിക്കണ്ടുകൊള്ളുന്നവനാണു്; കൊടുക്കുന്നവനല്ല. ബ്രഹ്മാവു് എന്റെ ശരീരത്തെയും മിന്നൽക്കൊടിയേയും ഒരേ നിറത്തിൽ നിർമ്മിച്ചു; അതിനു് ഗുണനിക്കു് അദ്ദേഹത്തോടു നന്ദിയുമുണ്ടു്. ആവിധം ഗുണത്തിനുള്ളതാണു് അവ രണ്ടുമെന്നു് ആർക്കെങ്കിലും തോന്നിയാൽ അങ്ങനെ ചെയ്തു് അതിന്റെ ഫലം അവർ അനുഭവിച്ചുകൊള്ളട്ടെ.

കപി:— (പുഞ്ചിരിയോടുകൂടി) അങ്ങു് ആ സാധുവിനെ വഞ്ചിച്ചിട്ടില്ലെന്നു സത്യം ചെയ്യാമോ?

സാലചൻ:— അല്പാല്പം അങ്ങനെയും ചെയ്തിരിക്കാം. മനുഷ്യരെ പൊതുവേ രണ്ടുതരക്കാരായി വിഭജിക്കാം— ഒന്നു വഞ്ചകർ, മറ്റൊന്നു വഞ്ചിതർ. അതാണു് ഈ ലോകത്തിലെ യഥാർത്ഥമായ ബന്ധം. സ്വാമിയും ഭൃത്യനും, ഈശ്വരനും ഭക്തനും, ഭർത്താവും ഭാര്യയും— ഇത്തരത്തിലുള്ള ജോടികളെല്ലാം അതിന്റെ രൂപഭേദങ്ങളാണു്. ആരും വഞ്ചിക്കാതെയിരുന്നാൽ, വഞ്ചിക്കപ്പെട്ടുപോകും. സമത്വം, സൌഭ്രാത്രം, സഹകരണം തുടങ്ങിയ ചില അർത്ഥമില്ലാത്ത ശബ്ദങ്ങൾ, കള്ളക്കമ്മട്ടങ്ങളിൽനിന്നു നാണയങ്ങൾപോലെ, നിഘണ്ടുക്കളിൽനിന്നിറങ്ങി അങ്ങിങ്ങു പ്രചരിക്കുന്നുണ്ടു്. അന്ധതയുള്ളിടത്തോളം ആയുസ്സ് ഭൂമിയിൽ അവയ്ക്കും ഉണ്ടായിരിക്കും.

Digitized By Kerala Sahitya Akademi

കപി :— ഒന്നുകൂടി ചോദിക്കട്ടെ. അങ്ങേയ്ക്കു് ഈ വഞ്ചനകൊണ്ടു് എന്താണു ലാഭം ?

സാല്വൻ :— ലാഭം ! കപിഞ്ജല ! തനിക്കു വല്ല ലാഭവുമുണ്ടോ ? അതു കേൾക്കട്ടെ ആദ്യം.

കപി :— എനിക്കോ ? ഉണ്ടു്. വിവാഹമുഹൂർത്തത്തിൽ കാശിരാജാവും എന്റെ തോഴരും തരുന്ന വിലപിടിച്ച സമ്മാനം; അതിലുമധികം അന്നത്തെ മൃഷ്ടാന്നസദ്യ. എങ്കിലും എനിക്കിന്നു് ഒന്നു തോന്നുന്നു. പാപംചെയ്യുന്നവനോടൊപ്പം അതു കണ്ടുനില്ക്കുന്നവരും നരകത്തിൽ പോകുമെന്നു പറഞ്ഞു കേട്ടിട്ടുണ്ടു്.

സാല്വൻ :— അപ്പോൾ നരകമെന്നൊന്നുണ്ടു് ! അതിൽ തനിക്കു ഭയവുമുണ്ടു് ! എന്നാൽ പിന്നെ എന്തിനാണു് എന്റെ വയസ്യനായിത്തീർന്നതു് ?

കപി :— ശരീരമനങ്ങാതെ സാപ്പാടുകഴിക്കാമല്ലോ എന്നുവച്ചുതന്നെ. ഒരു കഴപ്പം മാത്രമില്ലെങ്കിൽ ഞാനും ചില പരാക്രമങ്ങളെല്ലാം കാണിക്കുമായിരുന്നു. എനിക്കും ഉന്നതഹിമവൽപർവ്വതത്തിന്റെ താഴ്‌വരയിൽ ഏകാന്തമായിരുന്നു തപസ്സുചെയ്യുക ; ഫലമൂലങ്ങൾ ഭക്ഷിക്കുക ; നദീജലം പാനംചെയ്യുക; പാറപ്പുറത്തു കിടന്നുറങ്ങുക— ഇവയെല്ലാം ? ദേവന്മാരെക്കൊണ്ടു കൊററക്കുട പിടിപ്പിക്കരുതേ ? ഇളങ്കാററിനെക്കൊണ്ടു ചാമരം വീയിക്കരുതേ ? പൈങ്കിളി

Digitized By Kerala Sahitya Akademi

കളുടെ പാട്ടുകേട്ടും ആൺമയിലുകളുടെ ആട്ടം കണ്ടും ആനന്ദിക്കയല്ലേ? ഗംഗാദേവി! നല്കുന്ന ശീകരഹാരങ്ങൾ അണിയുകയല്ലേ? അങ്ങനെ അവിടെയൊരു കാട്ടിൽ പ്രകൃതിദത്തമായ മരതകസിംഹാസനത്തിൽ ചുററുപാടും ചെങ്കോൽ ചെലുത്തി ഒരു ചക്രവർത്തിയെപ്പോലെ സുഖിച്ച് ഇരുന്നരുളാൻ പാടില്ലേ? ആവാം; പക്ഷേ അതിനെല്ലാം ഒരു തടസ്ഥമുണ്ട്— ഒന്നേയൊന്ന്. എൻെറ പിടിയ്ക്കൊതുങ്ങാതെ കേവലം താന്തോന്നിയായി വളരുന്ന ഈ വയറ്—അതാണ് എൻെറ വൈരി. അതുകൊണ്ട് ഈ ജന്മം ഇങ്ങനെ തുലയട്ടെ എന്നു വച്ചിരിക്കയാണ്; ഇതിൻെറ അവസാനത്തിൽ മോക്ഷമില്ലെന്നു നിശ്ചയമാകയാൽ ഇനിയും മനുഷ്യനായി ജനിക്കുമ്പോൾ ഏടൊന്നു മറിക്കാമോ എന്നു പരീക്ഷിച്ചുനോക്കാം.

സാലപൻ —ബലേ! കപിഞ്ജല! താൻ എനിക്കു പററിയ സഖാവു തന്നെ. നമുക്കു രംഗപേക്ഷക്കൂടി — ഇവിടെ വേറെ ആരുമില്ലല്ലോ—കുറെ നേരത്തേക്ക് ഉറക്കെയൊന്നു പൊട്ടിച്ചിരിക്കാം. ഇതെൻെറ ആദ്യത്തെ വിവാഹമല്ലേ? ഹാസമല്ലേ ഹർഷസാഗരത്തിലെ പാൽനര?

കപി:—ആദ്യത്തെ വിവാഹമോ? എന്താണ് ആ വാക്കിൻെറ അർത്ഥം? എനിക്കു മനസ്സിലായില്ല.

സാലപൻ:—വിവാഹമെന്നാൽ അഗ്നിസാക്ഷികമായുള്ള പാണിഗ്രഹണം. സപ്തപദി, ആജ്യാഹുതി, അശ്മാ

Digitized By Kerala Sahitya Akademi

രോഹണം, ലാജഹോമം— ഇങ്ങനെയുള്ള പല ശ്രൌതസ്മാർത്താചാരങ്ങളുടെ സമാഹാരം. ഇതു മനസ്സിലാക്കാൻ എന്താണിത്ര വൈഷമ്യം ?

കപി:— അപ്പോൾ ഇതുവരെ പല യുവതികളുമായി അങ്ങേയ്ക്കുണ്ടായിട്ടുള്ള ബന്ധം ?

സാലപൻ :— അതു നാടകത്തിലെ പ്രസ്താവന ; അഭ്യാസിയുടെ കളരിപ്പയററ്. മഴവില്ലിൻെറ ക്ഷണികതയും പുഴവെള്ളത്തിൻെറ ശീഘ്രഗതിയും അതിൽ കാണാം. ഇപ്പോഴത്തെ വിവാഹത്തിൻെറയും ജനനമരണങ്ങൾ ഏകദേശം ഒന്നിച്ചുകഴിയുവാൻ തന്നെയാണു് എളുപ്പം. എങ്കിലും ഞാൻ ആദ്യമായി വിവാഹം ചെയ്യുന്ന രാജകുമാരിയാണല്ലോ അംബ ; അങ്ങനെയൊരു വ്യത്യാസമുണ്ടു്. പക്ഷേ പാണിഗ്രഹണം കഴിഞ്ഞാൽ എല്ലാം ഒന്നുതന്നെ. സമുദ്രത്തിൽ ലയിച്ചാൽ പിന്നെ ഗങ്ഗാജലത്തിനും രഥ്യാജലത്തിനും സ്ഥാനവ്യത്യാസമുണ്ടോ ?

കപി :— ഇത്ര കുടിലവും കലുഷവുമായ ഹൃദയം വച്ചുകൊണ്ടു തോഴർ ഇത്ര വളരെ സുന്ദരിമാരെ വശീകരിക്കുന്നതു് എനിക്കു് അത്ഭുതമായിത്തോന്നുന്നു. ബാല്യത്തിൽ അങ്ങു കുറേശ്ശയറെ മായ അഭ്യസിച്ചതായി കേട്ടിട്ടുണ്ടു് ; അതിൻെറ മിടുക്കായിരിക്കുമോ ഈ വിദ്യ ?

Digitized By Kerala Sahitya Akademi

സാലപൻ :—ആ അഭ്യാസം എനിക്കുണ്ടെങ്കിലും അതൊ
ന്നും ഇക്കാര്യത്തിൽ പ്രയോഗിക്കേണ്ടിവന്നിട്ടില്ല.
വല വയ്ക്കുന്ന വേടനും ചൂണ്ടലിടുന്ന മുക്കുവനുമുള്ള
മായയേ എനിക്കുമുള്ളു ; ഒരാൾക്കു പക്ഷി ; മറെറാ
രാൾക്കു മത്സ്യം; എനിക്കു സ്ത്രീരത്നം;—അത്രയുള്ളു
ഭേദം. അല്ലെങ്കിൽതന്നെ സൂക്ഷ്മമാലോചിച്ചാൽ
ആർക്കാണു് മായയില്ലാത്തതു് ? പ്രപഞ്ചത്തിന്റെ
ബീജംതന്നെ മഹാവിഷ്ണുവിന്റെ മായയെന്നല്ലേ പ
ണ്ഡിതന്മാർ ഉൽഘോഷിക്കുന്നതു് ? എങ്കിലും ഒന്നു
പറയേണ്ടതുണ്ടു്. നിങ്ങളെപ്പോലെയുള്ള സ്വാമി
ഭക്തന്മാരായ ചില സഹചാരികളുടെ ആനുകൂല്യം
ഒന്നുകൊണ്ടുമാത്രമാണു് ഞാൻ ജയിക്കുന്നതു്. നി
ങ്ങൾക്കു് എന്റെ ദോഷപ്രഖ്യാപനത്തിൽ മൂകതാ
വും ഗുണപ്രശംസനത്തിൽ മുഖരതയുമുണ്ടു്. എന്റെ
കൺകെട്ടു ഫലിക്കുന്നതു് നിങ്ങളുടെ തപ്പുകൊട്ടി
ന്റെ മിടുക്കാണു്.

കപി :—അങ്ങനെ പെരുമാറേണ്ടതു് അനുജീവികളുടെ
കർത്തവ്യമല്ലേ ? എന്നെ സംബന്ധിച്ചാണെങ്കിൽ
എന്റെ ശരീരത്തിൽ ഒരിന്ദ്രിയം മാത്രമേ പ്രധാനമാ
യി ചലിക്കുന്നുള്ളു—നാക്കു്. അതു് എനിക്കു ഭക്ഷ
ണം നേടിത്തരുന്നു ; ആ ഭക്ഷണത്തിന്റെ രുചി അ
നുഭവിക്കുകയും ചെയ്യുന്നു. അതിരിക്കട്ടെ. അംബാ
ദേവിയുടെ രണ്ടനുജത്തിമാരുംകൂടി അങ്ങയെത്ത
ന്നെ മാലയിടാനുറച്ചതായി കേൾക്കുന്നുവല്ലോ.

Digitized By Kerala Sahitya Akademi

സാലപൻ :—ഇരുട്ടപ്പോട്ടെ. ഒരു കഥ ചോദ്യം എൻെറ കഴുത്തിന്ന് ആ രണ്ടു മാലകാക്കൂടി കാച്ചുനേരത്തെ യ്ക്കു താങ്ങാൻ ത്രാണിയില്ലേ ? എൻെറ അന്തഃപുരത്തിൽ ഒരു രണ്ടു തത്തകാകൂടി ഓരോ തങ്കക്കൂട് തീർത്തുവയ്ക്കാൻ സ്ഥലം പോരേ ?

കപി :—അതല്ല ഞാൻ പറഞ്ഞതു്. ഓരോരുത്തരുടെയും വിവാഹം ഓരോ വർഷത്തിലായിരുന്നെങ്കിൽ—

സാലപൻ :—എങ്കിൽ ?

കപി :—ഓരോ വർഷത്തിലും എനിക്കു വെവ്വേറെ സമ്മാനം കിട്ടുമായിരുന്നില്ലേ ?

സാലപൻ :—ഓഹോ ? താനൊരാന്മടയനാണു്. ഈ പെൺകിടാങ്ങാക്കുവേണ്ടി ഞാൻ ഇവിടെ എത്തിക്കൂടിയിരിക്കുന്നു എന്നാണു് തൻെറ വിചാരം! മററു രാജ്യങ്ങളിൽ പുരുഷന്മാരും നപുംസകങ്ങളും--എന്നേയും തന്നേയും പോലെ എന്നു വച്ചോളൂ, യഥാക്രമം---അല്ലാതെ സ്ത്രീകളെന്നൊരു കൂട്ടരേ ഇല്ലെന്നല്ലോ തോന്നും തൻെറ വാക്കു കേട്ടാൽ. അതല്ലെടോ രഹസ്യം, ആരോടെങ്കിലും അതു തുറന്നു പറയണ്ടാമല്ലോ! തന്നോടുതന്നെയാകട്ടെ. എനിക്കു കാശിരാജ്യം കൂടി കിട്ടണം; അതിന്നു് ഈ കിടാങ്ങളെ പരിഗ്രഹിക്കുകയും വേണം. ഓരോ വർഷം ഓരോ സ്വയംവരമായാൽ ഇടയ്ക്കാരെങ്കിലും ചാടിവീണു് ഒന്നിനെ തട്ടിയെടുത്തു കൊണ്ടുപോകാൻ ഒരുങ്ങിയെങ്കിലോ ?

Digitized By Kerala Sahitya Akademi

പിന്നെ ക്രുദ്ധവും കറിയും; കണ്ണും വെട്ടം; അതുനി മിത്തം ആ കട്ടികളിൽ ആരെക്കെങ്കിലും വൈധവ്യം; അവരുടെ അച്ഛനമ്മമാരുടെ മനോവ്യഥ;— ഇതൊന്നും കൂടാതെ കഴിയുകയല്ലേ നല്ലതു് ?

കപി:— ഒന്നുമെടാ! ഞാൻ ഈ ഉള്ളുകള്ളികളൊന്നും കണ്ടില്ലല്ലോ.

സാലപ:—തനിക്കെപ്പോഴും വയററിലാണല്ല കണ്ണു്? പിന്നെ ഇവയൊക്കെ എങ്ങനെ കാണും? അതുപോകട്ടെ (എഴുന്നേററു് ഉറക്കെ) നിപുണകാ! നിപുണകാ! കുറേ മദ്യം കൊണ്ടുവാ! ഉള്ളതിലേക്കു് ഒന്നാംതരം. നാം ഈ യാത്രയിൽ പ്രത്യേകം കൊണ്ടുവന്നിട്ടുള്ളതു്

നിപു:—എറാൻ (മദ്യകുംഭവും പാനപാത്രവും കൊണ്ടുവന്നു മുൻവശത്തുള്ള പീഠത്തിൽ വയ്ക്കുന്നു.)

സാലപൻ:—തോഴരേ! കുറേ കുടിക്കു! തന്റെ ദീപനശക്തി വർദ്ധിക്കട്ടെ.

കപി:—(പരിഭ്രമിച്ചു്) സ്വാമിൻ! എന്താണിങ്ങനെ അജ്ഞാപിക്കുന്നതു്? ഞാൻ ബ്രാഹ്മണനല്ലേ?

സാലപൻ:— ഇത്രകാലമായി എന്നോടുള്ള സംസർഗ്ഗംകൊണ്ടു തന്റെ ബ്രാഹ്മണ്യം നശിച്ചിട്ടില്ലെങ്കിൽ അതു് ഇന്നു് ഈ കുത്തനെയുള്ള വെള്ളച്ചാട്ടത്തിൽ മുങ്ങിച്ചാകട്ടെ. അയ്യോ പാവം! ബ്രഹ്മജ്ഞാനംകൊണ്ടല്ലേ ബ്രാഹ്മണനാകുക? ബ്രഹ്മത്തെ അറിയണമെങ്കിൽ അതിനു മദ്യപാനമല്ലാതെ വേറിട്ടു വഴിയു

Digitized By Kerala Sahitya Akademi

ഭണ്ടാ? താനിത്ര അരസികനായിപ്പോയല്ലോ കപി ഞ്ജല?

കപി:—എൻെറ ബ്രാഹ്മണ്യം ഇപ്പാറം തന്നെ സുന്ദരി മാരുടെ കടിപ്രദേശംപോലെ ഉണ്ടെന്നും ഇല്ലെന്നും പറയത്തക്കതാണു്; പാപം അവരുടെ നിതംബം പോലെ കനത്തതാണു്; ഹൃദയം കേശപാശംപോ ലെ ഇരുണ്ടതാണു്; ബുഭുക്ഷ മൈക്കണ്ണുപോലെ നീണ്ടതുമാണു്.

സാലപൻ:— തോഴരേ! ഈ വർണ്ണനം എനിക്കു പിടിച്ചു. അതിരിക്കട്ടെ, താൻ ത്രിമൂർത്തികളാരെന്നു ശരിക്കു മനസ്സി ലാക്കീട്ടുണ്ടോ?

കപി:—ഇല്ലേ പിന്നെ? ബ്രഹ്മാവു്, വിഷ്ണു, മഹേശ്വരൻ;

സാലപൻ:— ഹഹഹ! താനെന്തു കണ്ടു? ഇങ്ങനെ പച്ച വെള്ളം ചവച്ചുകുടിച്ചാലോ? ഞാൻ ഉപദേശിക്കാം; പഠിച്ചോളൂ. കനകം, കാമിനി, കദംബരി ഇവയാ ണു് സാക്ഷാൽ ത്രിമൂർത്തികളുടെ നാമങ്ങൾ. അപ്സര സ്സുകളും-അപ്സരസ്സല്ല, അപ്സരസ്സുകൾ; ഏകവചന മല്ല, ബഹുവചനം; മനസ്സിലായോ?—വാരുണിയും ലക്ഷ്മീദേവിയോടുകൂടി പാൽക്കടലിൽനിന്നു പൊ ങ്ങിവന്നതായി താൻ കേട്ടിട്ടില്ലേ? അതിൻെറ സാ രമെന്തു്? അവർ സഹോദരികളും സഹചരികളുമാ ണു്—അംബ, അംബിക, അംബാലിക ഇവരെ പ്പോലെ; ഒരിക്കലും തമ്മിൽ പിരിഞ്ഞിരിക്കയില്ല.

Digitized By Kerala Sahitya Akademi

അവർ തന്നെയാകുന്നു് അത്ഥം, കാമം, മോക്ഷം എന്നീ മൂന്നു പുരുഷാത്ഥങ്ങളുടേയും അധിഷ്ഠാനദേവതകഠം. അതിൽനിന്നു വ്യതിരിക്തമായി ധർമ്മമെന്ന പേരിൽ നാലാമതൊരു പുരുഷാത്ഥമില്ല. അതു നിങ്ങളുടെ ജാതിക്കാരിൽ ചിലർ സ്വാത്ഥലാഭത്തിനായി മററുള്ളവരെ തീററുന്ന ഇല്ലാപ്പുണ്ണം!

കപി :—കൊള്ളാം; ഇതൊരു പുതിയ ദർശനമായിരിക്കുന്നുവല്ലോ.

സാലപൻ :—അതിനെന്തു്? ഇതാണു് ബ്രഹ്മദത്തദശനമെന്നു വച്ചോളൂ! ഈ ദശനത്തെ അക്ഷരംപ്രതി അനുവത്തിക്കുന്നവരായി ഇനം പല രാജാക്കന്മാരുമുണ്ടു്; എന്നെയും അവരെയും ഇല്ലായ്മചെയ്തു ലോകത്തെ ധർമ്മത്തിനു് അടിമപ്പെടുത്താൻ മഹാവിഷ്ണു ഈ അടുത്ത കാലത്തു് അവതരിക്കുമത്രേ! ആകട്ടെ! അപ്പോഠം ചില പ്രതിവിധികഠം ഞങ്ങളും കണ്ടുവച്ചിട്ടുണ്ടു്; തരംപോലെ പ്രയോഗിച്ചുകൊള്ളാം. അതൊന്നും ഏതായാലും തനിക്കും എനിക്കും ഇന്നത്തെ പാനമഹോത്സവം ആഘോഷിക്കുന്നതിനു പ്രതിബന്ധമല്ലല്ലോ!

കപി :—തോഴരേ! എന്നെ ഇതിൽ നിന്നൊഴിക്കണേ!

(വിക്കിവിക്കിക്കരയുന്നു)

സാലപൻ :—എന്നാൽ തന്റെ ബ്രാഹ്മണ്യത്തിന്റെ അവശിഷ്ടാംശം തൽക്കാലം തന്നിൽത്തന്നെ ഇരുന്നു

Digitized By Kerala Sahitya Akademi

കൊള്ളട്ടെ. എനിക്ക് ഈ ബ്രാഹ്മണരെ കാണുമ്പോൾ എന്തെന്നില്ലാത്ത അനുകമ്പയാണ് തോന്നുന്നത്. മാംസം പാടില്ല; മദ്യം പാടില്ല; വേണമെങ്കിൽ പ്രത്യേകം ചില യാഗങ്ങൾ കഴിക്കണം; അതിന്നു കയ്യിൽ കാശൊട്ടില്ലതാനും! ഈ കുപ്പി മുഴുവൻ ഞാൻതന്നെ ഒഴിവാക്കിക്കൊള്ളാം. ഒന്നേയുള്ളു പേടി; തന്റെ ഊണക്കൊതികൊണ്ട് എനിക്കു വയററു വേദന വന്നുപോകരുത്.

കപി:—(അല്പമാലോചിച്ച്) മഹാരാജാവേ! ഇതെന്തു ഭ്രാന്താണ്! കുടിച്ചുകൊണ്ടു കുമാരിയുടെ സമീപത്തു ചെന്നു സംഭാഷണം തുടങ്ങിയാൽ വിചാരിക്കുന്നതൊന്നും പറയുന്നതു മറെറാന്നുമായി, കാര്യമെല്ലാം അവതാളത്തിൽ കലാശിക്കുകയില്ലേ? മദ്യത്തിന്റെ നാററം തട്ടിയ മന്ദവായു ഏററാൽ ദേവിക്കു മനം മറിയുകയില്ലേ? ഇതാണോ ആ യുവതിയെ ആകർഷിക്കാൻ അങ്ങു കണ്ടുവച്ചിരിക്കുന്ന വിദഗ്ദ്ധോപായം?

സാല്വൻ:—ശരി; ഞാൻ തെററുമൂളി. മതിയോ? നിങ്ങളെപ്പോലെയുള്ളവരാണ് സ്വർഗ്ഗത്തിലെ കട്ടുറുമ്പുകൾ. താനൊട്ടനുഭവിക്കയുമില്ല; അന്യനെ അനുഭവിക്കാൻ ഒട്ടനുവദിക്കയുമില്ല. ഏതായാലും ഞാൻ തിരിയെ വരുന്നതുവരെ താൻ ഇവിടെത്തന്നെ ഇരിക്കു. വയറു നിറച്ചു തിന്നുതീർക്കു; ആ നെടുങ്കിടങ്ങൊന്നു നിറയട്ടെ. താൻ സാപ്പാട്ടുരാമന്മാർക്കു സാവ്

Digitized By Kerala Sahitya Akademi

ഭൗമനായി വിജയിക്കാൻ ഞാൻ അന്നപൂർണ്ണേശ്വ രിയെ പ്രാർത്ഥിക്കാം.

കപി :—പ്രാർത്ഥിക്കൂ! തോഴരേ! ഉള്ളഴിഞ്ഞു പ്രാർത്ഥിക്കൂ! തോഴരുടെ നാക്ക പൊന്നായിരിക്കട്ടെ.

സാലചൻ :—(ഉറക്കെ) നിപുണകാ! ഈ പാനോപകരണങ്ങൾ തിരിയെ കൊണ്ടുപോ.

(നിപുണകൻ വന്നു മദ്യകുംഭവും മററും എടുത്തുകൊണ്ടു പോകാൻ ഭാവിക്കുന്നു)

സാലചൻ :—നിപുണകാ! നീ പാചകന്മാരോടു പറയണം. കപിഞ്ജലൻ ഇവിടെ പട്ടിണി കിടന്നു് ഉൗർദ്ധ്വൻ വലിക്കാറായി; പാകശാലയിലുള്ള പാലും പലഹാരവുമെല്ലാം ഇവിടെ വരട്ടെ; അല്ലെങ്കിൽ അടുത്ത നിമിഷത്തിൽ ഈ ബ്രഹ്മരക്ഷസ്സ് അവരുടെ ശരീരത്തിലെ മാംസം ഭക്ഷിക്കും; രക്തം കുടിക്കും;—എന്നു്.

നിപു :—ഏറാൻ; എല്ലാം ഇവിടെ വരുത്തിക്കൊടുപ്പിക്കാം. (പോകുന്നു)

സാലചൻ :—കപിഞ്ജല! അവളോടു താനും കുറെ പ്രേമസല്ലാപം ചെയ്യൂ.

കപി :—ഹോ! ഇതിനും ശുപാൾ! ഞാൻ ഒരു നവോഢപോലെ നാണിച്ചു നില്ക്കുന്ന ഏന്നായിരിക്കും അങ്ങയുടെ വിചാരം. ഇതാ ഞാൻ വേഷം മാറിക്ക

Digitized By Kerala Sahitya Akademi

ഴിഞ്ഞു—കുബേരന്റെ പ്രാതലിനായി ഗണപതി യായിട്ട്. കഷ്ടം! എന്റെ ഈ മഹാനസവിജയം അങ്ങേക്കു കാണാൻ യോഗമില്ലല്ലോ. അമൃതപാനം ചെയ്യുന്ന ദേവന്മാർ ആകാശത്തു നിന്നുകൊണ്ടു നിർന്നിമേഷന്മാരായി എന്നെ നോക്കി നെടുവീർപ്പിടട്ടെ.

(രണ്ടുപേരും രണ്ടുവഴിയായി പോകുന്നു)

(യവനിക)

രംഗം 4

സ്ഥലം :—കാശിരാജഞ്ജിയുടെ പ്രമദവനം.

സമയം :—സായാഹ്നം.

(അംബ ഏകാകിനിയായി നികുഞ്ജത്തിൽ ഒരു പീഠത്തിൽ ഇരിക്കുന്നു)

അംബ:—അദ്ദേഹത്തെ ഇനിയും കണ്ടില്ലല്ലോ. എന്തൊരന്തമററ അമാന്തമാണിതു്? ആരായാലെന്തു്? വാക്കിനു വ്യവസ്ഥ വേണ്ടേ? കാത്തിരുന്നു കഷ്ണിച്ചു; കാലും കയ്യും മരവിച്ചു എന്റെ ഉൽക്കണ്ഠ നൈരാശ്യമായി മാറിക്കഴിഞ്ഞു; അടുത്ത ക്ഷണത്തിൽ അതു പ്രണയകോപമായി വളർന്നു കൊടുമ്പിരികൊള്ളാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഓരോ നിമിഷവും ഓരോ യുഗമായിട്ടാണല്ലോ നീളുന്നതു്. അദ്ദേഹം ഈ ഉദ്യാനം ഇതിനു മുൻപു സന്ദർശിച്ചിട്ടുള്ളതാണു്; അതുകൊണ്ടു പാത തെററി

Digitized By Kerala Sahitya Akademi

യിരിക്കയില്ല. പോരെങ്കിൽ വഴികാണിക്കാൻ ഞാൻ ലളിതയെ നടയിൽ നിറുത്തീട്ടുമുണ്ടു്. പക്ഷെ ഇപ്പോഠം അവളുമായി സല്ലപിക്കയായിരിക്കുമോ ? ഛെ! അങ്ങനെ ഒരിക്കലും വരാൻ വഴിയില്ല! ഇതെന്തു ദുശ്ശങ്കയാണു്? എന്നിൽ പ്രേമം കുറഞ്ഞിരിക്കുമോ? അതിനും പ്രസക്തി കാണുന്നില്ല. അങ്ങനെയാണെങ്കിൽ അദ്ദേഹം ഇത അവസരത്തിൽ അച്ഛന്റെ അതിഥിയായി ഇവിടെ വന്നുചേരണമെന്നില്ലല്ലോ. എങ്കിലും——എങ്കിലും——ഈ പുരുഷന്മാർ—— ഇവക്കു സ്ത്രീകളെ അറിഞ്ഞുകൂടാ. അല്ലമൊന്നു് അറിയിച്ചുകൊടുക്കണം; അതു കൂടിയേ കഴിയൂ. ഏതായാലും മനസ്സേ! പതറാതിരിക്കൂ! ഇവിടെ വന്നു ചേരട്ടെ അദ്ദേഹം. ഈ അപരാധത്തിനു് അദ്ദേഹത്തെക്കൊണ്ടു നമുക്കു് എത്രമിടവിക്കാം.

(ലളിത മുമ്പും സാലപൻ പിമ്പുമായി പ്രവേശിക്കുന്നു. അംബ ഓടിപ്പോയി സാലപനെ എതിരേററ കൂട്ടിക്കൊണ്ടുവരുന്നു. ലളിത പുഞ്ചിരിയോടുകൂടി അംബയുടെ അനുമതിവാങ്ങി പോകുന്നു. സാലപൻ അംബയ്ക്കു് അഭിമുഖമായി ഒരു സിംഹാസനത്തിൽ ഇരിക്കുന്നു.)

സാലപൻ :—ഇത്തിരി താമസിച്ചുപോയി, ഓമനേ! ക്ഷമിക്കണേ! ഞാൻ ഒരപരാധിയുടെ നിലയിലാണല്ലോ ഇന്നിവിടെ പ്രവേശിക്കേണ്ടിവന്നതു്; അതോത്തു വ്യസനിക്കുന്നു.

അംബ :—വ്യസനമോ നാഥാ? ഇപ്പോഴോ? ഇവിടെയോ? എന്റെ മുന്നിലോ? ആനന്ദമെന്ന വാക്കല്ലേ അവി

Digitized By Kerala Sahitya Akademi

ടത്തെ ഉഖത്തുനിന്നു കേറുകാൻ എൻെറ ഈ ഇരു ചെവികളും കൊതിക്കൊള്ളുന്നതു് ?

സാലപൻ :— അംബയ്ക്കു് ആനന്ദമാണെങ്കിൽ എനിക്കും ആനന്ദം തന്നെ. ഞാൻ അപരാധമൊന്നും ചെയ്തില്ലല്ലോ ?

അംബ :— ചെയ്തു ; പക്ഷേ അതു് ഇന്നല്ല ; മൂന്നു മാസങ്ങൾക്കു മുമ്പാണു്. ഒരു ഘോരമായ അപരാധം ; ഊക്കൻ കത്തിക്കവർച്ച— എൻെറ ഹൃദയത്തിൻെറ. അന്തഃപുരത്തിലേ അന്തഃപുരത്തിൽ ഞാൻ ഭദ്രമായി സൂക്ഷിച്ചുവച്ചിരുന്ന എൻെറ ആ നിധികുംഭത്തിൻെറ.

(സാലപൻ ചിരിക്കുന്നു)

അംബ :— അടന്നാരിക്കൽ ഒരു സായാഹ്നത്തിൽ ഞാൻ എൻെറ മാളികയിൽ അതുമിതും വിചാരിച്ചു ലംഞ്ഞിക്കൊണ്ടിരിക്കയായിരുന്നു. എൻെറ അച്ഛനമ്മമാർ എനിക്കു വേണ്ടതെല്ലാം നല്കിവന്നിരുന്നു ; എതവസരങ്ങളിലും എൻെറ ആശയ്ക്കു മുൻപായിരുന്നു അവരുടെ ഇംഗിതമറിഞ്ഞുള്ള അഭീഷ്ടദാനം. പ്രാഭവവും വാത്സല്യവുമായിരുന്നു അവരുടെ ദീർഘബാഹുക്കൾ ! അവയ്ക്കു് ഏതു അനുഗ്രഹഫലവും അടത്തു് എൻെറ സന്നിധിയിൽ സമർപ്പിക്കാൻ കഴിവുണ്ടായിരുന്നു. എങ്കിലും അവയെല്ലാം അപ്പോൾ എനിക്കു് ആത്മാർത്ഥത വിട്ട ഉപചാരങ്ങളായി, ആസ്വാദ്യമില്ലാ

Digitized By Kerala Sahitya Akademi

ത്ത ഗ്രഹങ്ങളായി, അരാജകങ്ങളായ ജനപദങ്ങളായി, തോന്നി. എന്തുകൊണ്ടു് അച്ഛൻ എനിക്കു വയഃക്രമത്തിനു യോജിച്ച ഒരു വരനെ തന്നില്ല? ഞാൻ അപ്പോഴും ക്ഷീരകണ്ഠയോ? ധാത്രിമാർ എന്നെ ഒക്കത്തെടുക്കേണ്ട കാലം കഴിഞ്ഞില്ലേ? ആ ചിന്താഘട്ടത്തിൽ ഒരു വ്യാപാരി മുൻവശത്തെ നിരത്തിൽകൂടി "പടങ്ങൾ വേണമോ, പടങ്ങൾ?" എന്നു് ഉറക്കെ വിളിച്ചുകൊണ്ടുപോകുന്നു. പൂമണം പുണർന്നുവരുന്ന അന്തിത്തെന്നൽ ആ വാക്കുകൾ എൻെറ ചെവിയിൽ എത്തിച്ചു. ഞാൻ അയാളെ വരുത്തി; രാജാക്കന്മാരുടെ പടങ്ങൾ എടുക്കാൻ പറഞ്ഞു. അയാൾ നാലഞ്ചെണ്ണം എന്നെക്കാണിച്ചു— നിർഗ്ഗുണങ്ങൾ, നീരസങ്ങൾ. പിന്നീടു് ഒരു പടം എടുത്തു; അതു ഞാൻ ഒന്നു നോക്കി; ഉടൻ എന്റെ കയ്യിൽ വാങ്ങി; വീണ്ടും വീണ്ടും നോക്കി. എന്തൊരു ചിത്രമായിരുന്നു അതു്— രത്നങ്ങളിൽ കൌസ്തുഭംപോലെ, ഗ്രഹങ്ങളിൽ ആദിത്യബിംബംപോലെ. കേശാദിപാദം മധുരം; പാദാദികേശം മനോഹരം. ഉയന്ന നെററി; ദീപ്തമായ മുഖം; വിശാലമായ വക്ഷസ്തടം; ഉരുണ്ടു നീണ്ട ബാഹുക്കൾ; ഊർജ്ജസ്വലത ഓളംവെട്ടുന്ന ശരീരം! യൌവനത്തിൻെറ തള്ളിച്ച; സൌന്ദര്യത്തിൻെറ തരംഗം; പൌരുഷത്തിൻെറ ജയസ്തംഭം; പരാക്രമത്തിന്റെ വജ്രമകുടം! ഞാൻ സംശയിച്ചു. അതു പുരൂരവസ്സോ? അല്ല,

Digitized By Kerala Sahitya Akademi

അദ്ദേഹത്തിൻെറ കാലം കൃതയുഗമാണല്ലോ. അൾ_ നീദേവന്മാരിൽ ഒരാളോ? അല്ല, അവർ തമ്മിൽ വേർപിരിയാറില്ലെന്നാണല്ലോ ആപ്തവാക്യം. സാക്ഷാൽ കാമദേവനോ? അല്ല, കയ്യിൽ കരിമ്പുവില്ലല്ല, സാമ്രാജ്യദണ്ഡമാണല്ലോ പരിലസിക്കുന്നതു്. ഏതായാലും ആ ചിത്രം ഞാൻ എൻെറ മാത്തടത്തോടണച്ചു; തൽക്ഷണം എന്റെ ഹൃദയം അതിൽ ഒട്ടിപ്പിടിച്ചു; അലിഞ്ഞുചേൎന്നു. കൈവിട്ടുപോയ ആ പണ്ടം തിരിച്ചെടുക്കാമോ എന്നു ഞാൻ പരീക്ഷിച്ചില്ല; അതിൽ എനിക്കു തോല്‍വി പററുമെന്നു് അന്തരാത്മാവു് എന്നെ അറിയിച്ചു. അന്നു വാസ്തവത്തിൽ ഞാനാണു ചിത്രമായതു്; ചിത്രം ചൈതന്യപൂൎണ്ണവും. അതിൽ കണ്ട ഹൃദയം എൻെറ ഹൃദയത്തിനു പകരമായി തൽക്ഷണം ഞാൻ കൈവശപ്പെടുത്തി. എനിക്കു് എത്രയോ ലാഭമുള്ള വാണിജ്യം! കുറെ നേരം കഴിഞ്ഞാണു് വ്യാപാരിക്കു ഞാൻ ആ പടത്തിൻെറ വിലയായി എൻെറ കഴുത്തിൽ കിടന്ന ഒരു വജ്രമാല സമ്മാനിച്ചതു്; അയാൾ അല്പം സ്തംഭിച്ചുനിന്നു് എൻെറ അനുമതി വീണ്ടും വീണ്ടും വാങ്ങി പുറത്തേക്കുപോയി. എൻെറ വികാരപാരവശ്യം അയാൾ കണ്ടിരിക്കും; കണ്ടുകൊള്ളട്ടെ; എനിക്കെന്തുചെയ്യാം? അതാരുടെ ചിത്രമായിരുന്നു എന്നു ഞാൻ പറയണമോ പ്രിയതമാ? ഇതാണു് അവിടത്തെ ആ അപഹാരം— എനിക്കു് ഏററവും അനുഗ്രാഹകമായ അപരാധം!

Digitized By Kerala Sahitya Akademi

സാലപൻ ;—എന്റെ അനുഭവത്തിനു് ഇതിൽനിന്നു് അല്പവ്യത്യാസമേ ഉള്ളൂ. ഉദ്ദേശം നാലു മാസങ്ങൾക്കു മുമ്പു്, ദേവിയുടെ സൗന്ദര്യധോരണിയെപ്പററിയുള്ള വാർത്ത ശ്രവണപുടങ്ങളിൽ കൂടി കടന്നു് എന്റെ ഹൃദയത്തിന്റെ ആതിഥ്യം സ്വീകരിച്ചു. ആ വാർത്ത സങ്കല്പശില്പിയെക്കൊണ്ടു് അവിടെ ഭവതിയുടെ ഒരു രമണീയമായ ചിത്രം എഴുതിച്ചു. ആ ചിത്രത്തെ ഞാൻ എന്റെ ഇഷ്ടദേവതയായി വരിച്ചു. ഉടൻതന്നെ വാരാണസീനഗരത്തിലേക്കു പോന്നു. വിശ്വനാഥനെത്തൊഴാനെന്നാണു് ജനങ്ങൾ വിചാരിച്ചതു്; എന്നാൽ എനിക്കു വിശ്വനാഥനും വിശ്വനാഥയും എല്ലാം ഭവതി തന്നെയായിരുന്നു. ആ അവസരത്തിൽ ഞാൻ രണ്ടുമൂന്നു ദിവസം ഇവിടെ താമസിച്ചു - ഇവിടെയോ മനോരാജ്യത്തിലോ എന്നു നിശ്ചയം പോരാ. അന്നു് ഒരു സായാഹ്നത്തിൽ ഭവതി ഈ പ്രമദവനത്തിൽ സഖികളോടൊരുമിച്ചു കളിച്ചും ചിരിച്ചും പൂക്കൾ പറിച്ചും മന്ദമന്ദം സഞ്ചരിച്ചുകൊണ്ടിരുന്നു. എന്റെ കണ്ണുകൾ അങ്ങോട്ടു പാഞ്ഞു. അവിടെ എന്തൊരു വിസ്മയമാണു് ഞാൻ കണ്ടതു്! അനശ്വരമായ വിദ്യല്ലേഖ! അകളങ്കമായ ചന്ദ്രബിംബം! ഭവതി എന്നെക്കണ്ടില്ല; എങ്കിലും എന്റെ ഹൃദയകുസുമംകൂടി അറുത്തെടുത്തു. ആനന്ദവാഹിനിയായ ആ വേള എന്റെ മനസ്സിൽ ഇപ്പോഴും ഒരു വിദ്യുന്നടിപോ

Digitized By Kerala Sahitya Akademi

ലെ ആടിക്കളിരുന്നു. അന്നാണു് ഈ ലോകം ഉത്സവമയവും വിലാസമയവുമാണെന്നു് എനിക്കു് ആദ്യമായി അനുഭവപ്പെട്ടതു്. പണ്ടത്തെ കണ്ണാമൃതത്തിൽ പതിനായിരം മടങ്ങു് ആസ്വാദ്യമായിരുന്നു അപ്പോൾ ഞാൻ പാനംചെയ്ത നേത്രാമൃതം. എന്റെ അഹങ്കാരം അസ്തമിച്ചു; പ്രതാപം പരാജയപ്പെട്ടു. ഏതു ചക്രവർത്തിയും കൊതിക്കേണ്ട ഒരടിമത്തം ഭൂമിയിലുണ്ടെന്നു് അന്നു ഞാൻ മനസ്സിലാക്കി. പക്ഷേ കുറേനേരം കഴിഞ്ഞപ്പോൾ ആ ക്ഷേത്രകവാടം അടഞ്ഞു; ഭവതി അപ്രത്യക്ഷയായി. എങ്കിലും ആ ദർശനത്തിന്റെ സ്മരണം, ആഗമജ്ഞനായ ഒരു സിദ്ധനെപ്പോലെ, ഭവതിയുടെ ദിവ്യമങ്ഗളവിഗ്രഹത്തെ എന്റെ ഹൃദയത്തിൽ, കാലപ്രവാഹത്തിനു മായ്ക്കുവാനോ കാര്യാന്തരവ്യാപാരത്തിനു മറയ്ക്കുവാനോ കഴിയാത്ത വിധത്തിൽ, പ്രതിഷ്ഠിച്ചു. ഞാൻ ആ വിഗ്രഹത്തിന്റെ നിത്യാരാധകനായി. അതു് എന്റെ സുഷുപ്തിയിലെ സ്വപ്നം; സ്വപ്നത്തിലെ ജാഗരം; ജാഗരത്തിലേ ധ്യാനം; ധ്യാനത്തിലേ ബ്രഹ്മം;—ഇങ്ങനെ വിവിധരൂപങ്ങളിൽ പ്രകാശിച്ചു. പിന്നീടു ഞാൻ ഭവതിയെ ഒന്നിലധികം തവണ സന്ദർശിക്കയും ഭവതിയുമായി സല്ലപിക്കയും ചെയ്തിട്ടുണ്ടു്. എന്റെ മനോരഥവൃക്ഷം തളിർത്തു; പൂത്തു; ഫലിക്കുമെന്നു വിശ്വാസം വന്നു; ഞാൻ ചരിതാർത്ഥനായി. അങ്ങനെ എന്റെ ഹൃദയം എന്നെക്കാ

Digitized By Kerala Sahitya Akademi

ണ്ടാതെതന്നെ കവന്റെട്ടത്ത ഭവതിക്കു് അപരാധ മൊന്നുമില്ലെന്നാണോ വാദിക്കുന്നതു്? നാം രണ്ടുപേരും ഇക്കാര്യത്തിൽ ഒന്നുപോലെ കുററക്കാരാണെന്നു് എനിക്കു തോന്നുന്നു. അല്ലെങ്കിൽ വേണ്ട; എന്റെ അപരാധത്തിനുള്ള ശിക്ഷ ഞാൻ തികച്ചും അനുഭവിക്കാം; എന്നാൽ അതു ഭവതിതന്നെ വന്നു മുന്നിൽനിന്നുകൊണ്ടു് എന്നെ അനുഭവിപ്പിക്കണം.

അംബ :—ഇല്ല, പ്രിയതമാ! അതിനെനിക്കു ശക്തിയില്ല.

സാലചൻ :—ഇതെന്തൊരുദ്യാനമാണു് ദേവി! എല്ലാം വിധത്തിലുമുള്ള ഇന്ദ്രിയാഹ്ലാദപരമ്പരയെയാണു് ഇതിനു നൽകുവാൻ കഴിയുന്നതെന്നോർത്തു ഞാൻ അത്ഭുതപ്പെടുന്നു. പ്രകൃതിയും ശില്പവും തമ്മിൽ പന്തയം വെച്ചുകൊണ്ടുള്ള പാടവപ്രകടനം; ലോകത്തിലെ സകല രമ്യവസ്തുക്കളുടെയും ഏകോപിച്ചുള്ള സൌന്ദര്യപ്രദർശനം! എങ്കിലും ഒന്നുകൂടിപ്പറയേണ്ടതായുണ്ടു്. ആരാണു് ഈ ആരാമസൌഭാഗ്യത്തിനു പ്രാണപ്രതിഷ്ഠ നല്കുന്നതു്? അടുത്തുവന്നു് ഉളിഞ്ഞുനോക്കുന്ന ആദിത്യന്റെ അന്തിക്കതിരുകളെ തങ്കച്ചാറിൽ ആറാടിക്കുന്നതു്? മന്ദമാരുതന്റെ പരിമളപ്പൊലിമയ്ക്കു മാററു കൂട്ടുന്നതു്? ധാരായന്ത്രങ്ങളിൽനിന്നു നിർഗ്ഗമിക്കുന്ന സ്ഫടികസ്രോതസ്സുകൾക്കു മുഗ്ദ്ധസ്മിതംകൊണ്ടു ധാവള്യം വളർത്തുന്നതു്? പൂക്കളിൽനിന്നു കിനിഞ്ഞൊഴുകുന്ന മകരന്ദരസത്തിനു കോമളാലാപംകൊണ്ടു മാധുര്യം

Digitized By Kerala Sahitya Akademi

വാഴ്ത്തുന്നതു്?—എല്ലാം അംബ തന്നെ. ഭവതി മഹാരാജ്ഞി; പരിസരത്തിൽ കാണുന്ന പദാർത്ഥങ്ങൾ പരിജനങ്ങളും.

അംബ:—അപ്പോൾ അവിടേയ്ക്കു് എന്നിൽ ആഭിമുഖ്യമുണ്ടു്.

സാലപൻ:—ആഭിമുഖ്യമോ? അനുരാഗപാരമ്യമെന്നു പറയൂ; അതാണു് എൻെറ ഹൃദയവികാരത്തിൻെറ യഥാർത്ഥമായ നാമധേയം. അംബ ഒന്നാലോചിക്കൂ! എന്താണെനിക്കു് ഇന്നില്ലാത്തതു്? എല്ലാമുണ്ടു്; ഒന്നുമാത്രമൊഴിച്ചു്—എനിക്കു കണ്ണിനും കരളിനും ഇണങ്ങിയ ഒരു സഹധർമ്മിണി. ചൂണ്ടുവിരലിൻെറ തലപ്പു് ഒന്നിളക്കിയാൽ ത്രൈലോക്യത്തെ പമ്പരം തിരിക്കുവാനും, കടക്കണ്ണിൻെറ മുനത്തുമ്പു് ഒന്നനക്കിയാൽ സകലജീവരാശികളേയും വരച്ച വരയിൽ നിറുത്താനും കഴിവുള്ള ഒരു സൌന്ദര്യധാമം എന്റെതാകുക എന്നുവന്നാൽ അതിൽ കവിഞ്ഞൊന്നെന്താണു് പൂർവ്വപുണ്യത്തിൻെറ ഫലമായി എനിക്കു ലഭിക്കാനുള്ളതു്? ദേവി! പന്തമെന്തിനു കത്തുന്നു? പാതയിൽ പ്രകാശം പരത്താൻ. ആഭരണമെന്തിനു തിളങ്ങുന്നു? ശരീരത്തിനു ശോഭ വളർത്താൻ. മധുരഫലമെന്തിനു പഴുക്കുന്നു? രസനേന്ദ്രിയത്തെ സുഖിപ്പിക്കാൻ. നായികയുടെ ലാവണ്യലക്ഷ്മി എന്തിനു പരിലസിക്കുന്നു? നായകനെ ഹർഷോന്മാദത്തിൽ മുഴുകിക്കാൻ.

Digitized By Kerala Sahitya Akademi

അംബ:— ഇപ്പറയുന്നതു പരമാൎത്ഥമാണോ നാഥാ? ഈ ഉറവയുടെ ഉൽപത്തി ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നു തന്നെയാണോ?

സാലപൻ:— ആണെന്നുള്ളതിനു ഞാൻ ആരെക്കൊണ്ടു് ആണയിടണം?

അംബ:— എന്നാൽ ഞാനൊന്നറിയിക്കാം. അവിടത്തെ അഭിനിവേശത്തിൽ പൌരുഷത്തിന്റെ ഔദ്ധത്യം, സ്വാമിത്വത്തിന്റെ ധിക്കാരം, ഇവ നിഴലിക്കുന്നില്ലയോ! മനുഷ്യസൃഷ്ടിയിലെ പരസ്പരപൂരകങ്ങളായ രണ്ടു ഘടകങ്ങളാണു് സ്ത്രീയും പുരുഷനും. അവയിൽ ഒന്നു മറെറാന്നിനെക്കാൾ ഉയൎന്നതുമല്ല, താണതുമല്ല; രണ്ടും സമസ്ഥാനങ്ങൾ, തുല്യവൈഭവങ്ങൾ. സ്ത്രീ പുരുഷനു നല്കുന്നതു് അവളുടെ സൎവ്വസ്വവുമാണെന്നു പുരുഷൻ മനസ്സിലാക്കണം; അവളെ അവൻ ദൎപ്പണംപോലെ സൂക്ഷിക്കണം; നിറവിളക്കുപോലെ രക്ഷിക്കണം. ഒരു കടുത്ത വാക്കു്; തുറിച്ച നോട്ടം; വേണ്ട, ഒരലക്ഷ്യമായ ഭാവം; ഉദാസീനമായ പെരുമാറ്റം;— അതുമതി അവളുടെ ഹൃദയം തകൎന്നു തരിപ്പണമാവാൻ. ഒരിക്കൽ ഉടഞ്ഞാൽ വീണ്ടും വാൎത്തെടുക്കാവുന്ന ഒരു ലോഹപാത്രമല്ല അതു്.

സാലപൻ:— (അല്പം അമ്പരന്നു്) ആരാണെന്നോടു പറഞ്ഞു?

അംബ:— അതു് എനിക്കു് അറിയിക്കണമെന്നു തോന്നുന്നതിനാൽ മാത്രം അറിയിക്കുന്നതാണു്. സ്ത്രീ പുരു

Digitized By Kerala Sahitya Akademi

ഷൻെറ ചവിട്ടുമെത്തയല്ല, ശയ്യോപകരണമല്ല. അവർക്കുമുണ്ടു് പുരുഷനെപ്പോലെ ഈശ്വരദത്തമായ ജ്ഞാനശക്തിയും, ഇച്ഛാശക്തിയും, ക്രിയാശക്തിയും. ഭർത്താവിൻെറ പാദധൂളി ഭാര്യ മന്ത്രാക്ഷതംപോലെ ശിരസ്സിൽ ധരിക്കണം ; താഡനം പുഷ്പവർഷംപോലെ ശരീരത്തിൽ ഏററുകൊള്ളണം;—ഇതൊക്കെയാണു് പാതിവ്രത്യത്തിന്റെ ലക്ഷണമെന്നു് ഇന്നും ചില പുരുഷന്മാർ ശഠിക്കുന്നു. ആ ശാഠ്യം ഭൂമിദേവി സഹിക്കുകയില്ല. സ്ത്രീകൾക്കുള്ളതുപോലെ ചില ചുമതലകൾ പുരുഷന്മാർക്കുമുണ്ടു്. തുണ്ടുതുണ്ടായി മുറിച്ചു പല സ്ത്രീകൾക്കുമായി പങ്കുവയ്ക്കാനുള്ള പ്രസാദമാലയല്ല ഒരു പുരുഷൻെറ ഹൃദയം ; ആ പങ്കുകൊണ്ടു തൃപ്തിപ്പെടാൻ അഭിമാനമുള്ള ഒരു സ്ത്രീ സന്നദ്ധയാകുകയുമില്ല. പാതിവ്രത്യത്തിനൊപ്പംതന്നെ ഏകപത്നീവ്രതവും പ്രകൃതിചോദിതമാണു്.

(സാലപതിൻെറ തല കുനിയുന്നു ; അംബ അതു കാണുന്നില്ല.)

സാലപൻ :—(ധൈര്യമവലംബിച്ചു്) അംബ ഇന്നു സാലപൻെറ പ്രണയിനിയോ ആചാര്യയോ ?

അംബ :— ആ രണ്ടുപാധിയും വാസ്തവത്തിൽ ഒന്നുതന്നെയാണു് പ്രിയതമാ! രണ്ടല്ല. പതിക്കു് ഉപചരിക്കാനുള്ള കടമ മാത്രമല്ല, ഉപദേശിക്കാനുള്ള അവകാശവുമുണ്ടു്.

Digitized By Kerala Sahitya Akademi

സാലചൻ :—ഇപ്പറഞ്ഞതൊന്നും എനിക്കു സമ്മതമല്ലെങ്കിലോ ?

അംബ :—എങ്കിലും അവിടത്തെത്തന്നെ ഞാൻ വിവാഹം ചെയ്യും. ഒരു ദിനത്തിനു് ഒന്നിലധികം ഉഷസ്സില്ല ; ഒരു സ്ത്രീഹൃദയത്തിനു് ഒന്നിലധികം പ്രേമഭാജനവുമില്ല. ആ പ്രേമം എനിക്കു് അങ്ങയിൽ ഉണ്ടായിപ്പോയി ; അവിടെത്തന്നെ അതു് അണുമാത്രം വ്യതിചലിക്കാതെ ആജീവനാന്തം ഉറച്ചു നില്ക്കുകയും ചെയ്യും. ധ്രുവനക്ഷത്രത്തിനും അതിനും തുല്യമാണു് സ്ഥൈര്യം. എന്നാൽ ഒന്നു ഞാൻ ചെയ്യും; –എന്റെ ഉത്തമലക്ഷ്യങ്ങളിലേക്കു് അങ്ങയെ നയിക്കും ; അതിലേക്കു വേണ്ട മനസ്സ് അങ്ങേയ്ക്കു നല്കുവാൻ ഈശ്വരനോടു പ്രാർത്ഥിക്കും. എന്റെ പ്രണയം പവിത്രമാണെങ്കിൽ എനിക്കു് ആ വ്യവസായത്തിൽ വിജയവും സിദ്ധിക്കും.

സാലചൻ :- (വീണ്ടും ചിരിച്ചുകൊണ്ടു്) ഞാൻ കേവലം വിനോദരൂപത്തിലാണു് ഇതെല്ലാം പറഞ്ഞതു്. എന്നെ തെററിദ്ധരിച്ചില്ലല്ലോ? നമുക്കു വിവാഹാനന്തരം മാർത്തികാവതത്തിൽ ചെന്നാൽ ഉടൻതന്നെ ഇത്തരത്തിലുള്ള ആചാരപരിഷ്കരണം ഓരോന്നായി ആരംഭിക്കാം.

അംബ:—മാർത്തികാവതം! അവിടത്തെ ആ രാജധാനിക്കു് അസുന്ദരമല്ലാത്ത ഒരു പേരിടണം ; അതാണു് നമുക്കു് ആദ്യമായി ചെയ്യേണ്ടതു്.

Digitized By Kerala Sahitya Akademi

സാലപൻ:— 'അംബാവതി' എന്നു മാററാം ; പോരെ ? എന്റെ ഹൃദയമഞ്ജൂഷ ഞാൻ ദേവിയുടെ പാദാരവിന്ദങ്ങളിൽ സമപ്പിക്കുന്നു.

അംബ:— മതി പ്രാണേശ്വരാ! ആയതിനെ നമുക്ക്, അംബവതിയിൽ— അഥവാ സാല്വവാവതിയിൽ, വഷങ്ങളെ ദിനങ്ങളാക്കി, ദിനങ്ങളെ നിമിഷങ്ങളാക്കി, അലയുമലയും, ജ്യോതിസ്സും ജ്യോതിസ്സും, വായുവുംവായുവുമെന്നപോലെ ആശ്ലേഷിച്ച്, ഏകീഭവിച്ച്, സകലചരാചരങ്ങളേയും വിസ്മരിച്ച്, പ്രപഞ്ചസൃഷ്ടിയുടെ പരമരഹസ്യം മനസ്സിലാക്കി, ഒരേ ആശ, ഒരേ വ്യവസായം, ഒരേ ചേഷ്ട എന്ന നിലയിൽ, അർദ്ധനാരീശ്വരനെ അനുകരിച്ച്, നമ്മുടെ ജീവിതയാത്ര തുടരാം. യാതൊന്നിന്റെ സിദ്ധിശക്തി അന്യഥാ നരകമായ ഈ ലോകത്തെ നാകമായി രൂപാന്തരപ്പെടുത്തുന്നുവോ ; യാതൊന്നിന്റെ അധികാരസീമയിൽ രത്നത്തിനു പുഴുക്കുത്തോ, കൈതപ്പൂവിനു കണ്ടകമോ, ആകാശത്തിനു മേഘാവരണമോ, ആദിത്യചന്ദ്രന്മാക്കു ഗ്രഹണബാധയോ, കാണുന്നില്ലയോ; യാതൊന്നിന്റെ ആജ്ഞാനുവത്തികളായി എന്നും വസന്തവും എപ്പോഴും സംഗീതവും എവിടെയും പുഷ്പശയ്യയും സമുല്ലസിക്കുന്നുവോ — ഗംഗാജലത്തെക്കാൾ നിർമ്മലവും പ്രണവമന്ത്രത്തെക്കാൾ പാവനവുമായ ആ ദ്വ്യക്ഷരി — സാക്ഷാൽ പ്രേമം — ആ ശബ്ദം ശരിക്ക് ഉച്ചരിക്കാനും സൂക്ഷ്മമായി അതിന്റെ

Digitized By Kerala Sahitya Akademi

അത്ഥം ഗ്രഹിക്കാനും സാധിക്കുമെങ്കിൽ നമുക്കു വേറെ ആചാര്യനെന്തിന്? ദൈവമെന്തിന്? മോക്ഷമെന്തിന്?

സാലപൻ:— മതി ദേവി! ഭവതിയുടെ ഈ വാക്കുകൾ എൻെറ സിരകളിൽ ഏതോ അപൂർവമായ വൈദ്യുതവീചി പ്രവഹിപ്പിക്കുന്നു; ഭവതിയുടെ ഉപദേശം എൻെറ ഹൃദയത്തിൽ ദിവ്യദീപമായി പ്രകാശിക്കുന്നു. ഭവതിയെ ഞാൻ സർവാത്മനാ ആരാധിക്കുന്നു. ഭവതിയുടെ പരിശുദ്ധമായ പ്രണയം ജീവിതായോധനത്തിൽ എനിക്കു ബാഹ്യങ്ങളും ആഭ്യന്തരങ്ങളുമായ സകല ശത്രുസമൂഹങ്ങളെയും ജയിക്കുവാൻ രക്ഷാകവചമാകട്ടെ.

അംബ:— (സൂക്ഷിച്ചുനോക്കി) അവിടത്തെ മുഖത്തിൽ എന്താണ് അല്പമൊരു മ്ലാനത കാണുന്നത്

സാലപൻ:— അംബ അവിടെത്തന്നെ കുറേക്കൂടി ഇരിക്കൂ. ഭവതിയുടെ ഈ മധുരശരീരത്തിൽ— അദ്ഭുതമായ ഈ സുവർണ്ണചഷകത്തിൽ— എന്തൊരു സൌന്ദര്യാസവമാണ് തുളുമ്പിത്തുളുമ്പുന്നതു്! കുടിക്കുംതോറും ദാഹിക്കുന്നു; ദാഹിക്കുംതോറും കുടിക്കാൻ തോന്നുന്നു. ഞാൻ ഇതുവരെ ഏതോ ലോകാന്തരത്തിലായിരുന്നു. ദിഗ്ഭ്രമംകൊണ്ടു് അസംബന്ധമൊന്നും പുലമ്പിയില്ലല്ലോ?

അംബ:— (സാലപനെ ഉററുനോക്കി) ഇല്ല.

Digitized By Kerala Sahitya Akademi

സാല്വൻ :—എനിക്കൊന്നു തോന്നുകയാണു് ദേവി—നമ്മുടെ വിവാഹം ഈ മുഹൂർത്തത്തിൽ ഇവിടെ വച്ചുതന്നെയായാലെന്തെന്നു് ഈ ലതാഗൃഹമാകട്ടെ നമ്മുടെ കല്യാണമണ്ഡപം; ഇതിലെ കുസുമശയ്യയാകട്ടെ വിതാനാഗ്നി; പൂത്തുനില്ക്കുന്ന ഈ അശോകവൃക്ഷമാകട്ടെ മംഗലദീപം ; വണ്ടുകളാകട്ടെ ഊതുപിക്കുകൾ ; പൈങ്കിളികളാകട്ടെ ഗായകന്മാർ ; മന്ദസ്മിതംകൊണ്ടാകട്ടെ മാല്യാർപ്പണം ; ആനന്ദബാഷ്പം കൊണ്ടാകട്ടെ ലാജഹോമം. പാണിഗ്രഹണത്തിനു വേണ്ട എത്ര സാധനസാമഗ്രിയാണു് ഇവിടെ സജ്ജമല്ലാത്തതു് !

അംബ :—പ്രഭോ ! അങ്ങയ്ക്കെന്താണു് ഈ അസ്ഥാനസ്ഥമായ സംഭ്രമം ? കഷ്ടിച്ചു് ഒന്നരദിവസം മാത്രമല്ലേ ഇനിയും ക്ഷമിക്കേണ്ടതുള്ളൂ ? അതിനിടയ്ക്കു് നാം നമ്മുടെ പ്രതിജ്ഞ ലംഘിക്കുകയോ ? ഈ സ്വാതന്ത്ര്യമെല്ലാം സമ്മാനിക്കുന്ന എന്റെ അച്ഛനമ്മമാരെ വഞ്ചിക്കുകയോ ? ശാന്തം പാപം! എനിക്കുമില്ലേ ഈ ത്വര ? പക്ഷേ നാം അത്യുൽക്കടങ്ങളായ വികാരങ്ങളെ അല്പം അടക്കാൻ പരിശീലിക്കണം. കാമദീപത്തിന്റെ നാളം പടർന്നെരിയാൻ തുടങ്ങുമ്പോൾ തിരിയുടെ തലപ്പു് തെല്ലൊന്നു കണ്ടിക്കണം. എന്നുതന്നെയല്ല, മററന്നാളല്ലേ അവിടത്തെ ബാഹുവീര്യം അതിന്റെ സമഗ്രമായ പ്രഭാവത്തിൽ ലോകം സന്ദർശിക്കാൻ പോകുന്നതു് ? സു

Digitized By Kerala Sahitya Akademi

യംവരത്തിന്ന വന്നുചേരുന്ന രാജാക്കന്മാർ ലജ്ജ കൊണ്ടു തലതാഴ്ത്തട്ടെ; അവരുടെ പ്രേയസിയായ ഭൂമിയെ അശ്രുധാരയിൽ കളിപ്പിച്ച് ആ വഴിക്ക് ആകൃതിസൌഷ്ഠവം വർദ്ധിച്ച ആ ദേവിയെ നോക്കി ആനന്ദിക്കട്ടെ. ചക്രവാകങ്ങൾ ഇണപിരിയുന്നതായി കവികൾ വർണ്ണിക്കുന്ന സമയം ഇതാ അടുത്തു വന്നുകഴിഞ്ഞു; ഇപ്പോൾ നമുക്ക തൽകാലമായി യാത്രപറയാം.

സാല്വൻ :— അങ്ങനെയാകട്ടെ ദേവി ഒരു ചും — വേണ്ട; ഭവതി സദയയുമാണ് നിർദ്ദയയുമാണ്; ആചാരലംഘനത്തിലെന്നപോലെ ആചാരപരിപാലനത്തിലും ഭവതിക്ക് ഔൽസുക്യമുണ്ട്. ആ മനോഭാവത്തെ ഞാൻ അപലപിക്കുന്നില്ല.

അംബ :—നാഥാ! അങ്ങയുടെ പാതയിൽ ദേവതമാർ പൂ വിരിക്കട്ടെ.

സാല്വൻ :—ഇന്ന് എന്റെ ഈ ഹൃദയദേവത ചെയ്ത പോലെ.

[അംബ ഉപവനദ്വാരംവരെ സാല്വനെ അനുഗമിക്കുന്നു. സാല്വൻ വീണ്ടും വീണ്ടും അംബയെ നോക്കിക്കൊണ്ടു പോകുന്നു.]

അംബ :—[ചിന്താഗ്രസ്തയായി] ഇതെന്താണ് ഞാൻ എന്റെ മുന്നിൽ കാണുന്നതു്? ഇരുട്ടോ നിലാവോ? എന്താണ് അങ്ങോട്ടു പരന്നു കിടക്കുന്നതു്? മരുഭൂമിയോ മലർക്കാവോ? (മറെറാരു മാർഗ്ഗത്തിൽക്കൂടി പോകുന്നു.)

Digitized By Kerala Sahitya Akademi

രണ്ടാമങ്കം

രംഗം 1

സ്ഥലം:—ഹസ്തിനപുരത്തിൽ ഭീഷ്മന്റെ കോവിലകത്തിലെ ഒരു മുറി.

സമയം:—അപരാഹ്ണം; ഉദ്ദേശം നാലുമണി.

(ഭീഷ്മനും അദ്ദേഹത്തിന്റെ വയസ്യൻ ഗൌതമനും ആസനങ്ങളിൽ ഇരിക്കുന്നു.)

ഭീഷ്മ:— കുറേനാളായി മനസ്സിന്നു ലേശവും സുഖം കിട്ടുന്നില്ല. ആരുടെ അനുഗ്രഹത്തിന്നു വേണ്ടിയാണോ എന്റെ ഈ ദീർഘമായ തപശ്ചര്യ്യ, ആ ദേവത ഇനിയും എന്നിൽ നിരന്തരമായി പ്രസാദിക്കുന്നില്ല ;- അതേ! ശാന്തിദേവത—എത്തിപ്പിടിക്കാൻ കൈനീട്ടുമ്പോൾ എവിടെയോ മാറിമറയുന്നു. വീണ്ടുമാവിർഭാവം; വീണ്ടുമന്തർദ്ധാനം! അങ്ങനെ ആശാലതയെ മുളപ്പിച്ചും ദഹിപ്പിച്ചും ആ ഉദ്യാനപാലിക ക്രീഡിക്കുന്നു. അഥവാ ശാന്തിയുടേതാവില്ല, എന്റേതുതന്നെയായിരിക്കാം ഈ പുരാഗമനവും പശ്ചാൽഗമനവും. അതെന്തായാലും ശാന്തിക്കും എനിക്കും തമ്മിൽ ഇന്നു സാമാന്യത്തിലധികം അകൽച്ചയുണ്ട്. ശാന്തിയില്ലാത്തവന്നു സുഖമെവിടെ ?

ഗൌതമ :— ദേവവ്രത! എനിക്കാണ് അങ്ങയെക്കാൾ അധികം ദുഃഖം—സർവ്വജ്ഞനായ അങ്ങേയ്ക്കും മനസ്സമാധാനമുണ്ടാകുന്നില്ലല്ലോ എന്നു വിചാരിച്ച്.

Digitized By Kerala Sahitya Akademi

ഭീഷ്മ:—എങ്ങനെ ഉണ്ടാകും ? താപം ലോകത്തിൽ പല മാതിരിയുണ്ടെങ്കിലും പശ്ചാത്താപത്തിനുള്ള ദാഹ കശക്തി മറെറാന്നിനുമില്ല.

ഗൌതമ:—പ്രയോജനമില്ലാത്തതല്ലേ ഈ പശ്ചാത്താപം ? ശരീരം ക്ഷീണിപ്പിക്കാനും ; ആയുസ്സു ക്ഷയിപ്പിക്കാം. അല്ലാതെ ഇതിൽനിന്നു് ആരെക്കന്തു നേടാൻ കഴിയും.

ഭീഷ്മ :— അതുകൊണ്ടു തന്നെയാണല്ലോ ഇതിൻെറ ഭയ കരത വർദ്ധിക്കുന്നതു്. ഫലപ്രദമാണു് ഒരു ദുഃഖമെങ്കിൽ ഫലസിദ്ധിയിൽ ആ ദുഃഖം തീരും. എന്നാൽ ഈ ഒഴിയാബ്ബാധ ഹൃദയത്തിൽ കടന്നുകൂടിയിരുന്നുകൊണ്ടു് അപരാധമാരോപിച്ചു, തെളിവു കാണിച്ചു, ശിക്ഷ വിധിച്ചു, തുറുങ്കിലടച്ചു, യാതന അനുഭവിപ്പിച്ചു, മനുഷ്യനെ മരണംവരയ്ക്കും ചിത്രവധം ചെയ്യുന്നു.

ഗൌതമ:—കഴിഞ്ഞതു കഴിഞ്ഞു ; വരാനുള്ളതു വന്നു. വിധിബലം ! അതാക്കു തടുക്കാം ?

ഭീഷ്മ:—തടുക്കാമോ എന്നു ഞാൻ എന്നാൽ കഴിവുള്ള വിധത്തിൽ ഒന്നു പരീക്ഷിച്ചുനോക്കേണ്ടിയിരുന്നില്ലേ ? അതായിരുന്നില്ലേ എൻെറ ധർമ്മം ? അതു ഞാൻ അനുഷ്ഠിച്ചില്ലല്ലോ. അതുകൊണ്ടെന്തു സംഭവിച്ചു? എൻെറ പ്രിയസഹോദരൻ—ചിത്രാങ്ഗദൻ —യൌവനോദയത്തിൽ മരിച്ചു. എത്രകാലം ജീവി

Digitized By Kerala Sahitya Akademi

ച്ച്, ഇങ്ങനെയെല്ലാം പ്രജകൾക്കു യോഗക്ഷേമം വളർത്തി, ശാശ്വതമായ യശഃസ്തംഭം സ്ഥാപിച്ച്, അതിൽ അദൃഷ്ടപൂർവ്വങ്ങളായ തന്റെ അപദാനങ്ങൾ കനകലിപികളിൽ കൊത്തിച്ചു, വിലയം പ്രാപിക്കേണ്ട ഒരു പുണ്യജന്മമായിരുന്നു വത്സന്റേത്. അതിനൊന്നുമിട വരാതെ, ശ്രുതി കൂട്ടുന്നതിനിടയ്ക്കു വീണപോലെ, തകർന്നുപോയല്ലോ ആ ജീവിതം; ആലിപ്പഴം വീഴുന്നതിനിടയ്ക്ക് അവസാനിച്ചുവല്ലോ ആ പുതുമഴ. ചിത്രാംഗദൻ യൌവനോദയത്തിൽത്തന്നെ മരിച്ചു; എന്റെ രണ്ടു കൈകളിൽ വലത്തേതററു; പൌരഭൂമി അരാജകമായി. എന്റെ അമ്മ—അമ്മ! ഭാഗീരഥിദേവിയെക്കാൾ ഞാൻ ഭക്തിപൂർവ്വം ആരാധിക്കുന്ന മഹാറാണി സത്യവതീദേവി—കാളകൂടത്തെക്കാൾ കരാളമായ പുത്രശോകത്തിൽ പതിച്ചു. സ്വർഗ്ഗസ്ഥനായ പിതാവേ! അവിടുന്ന് അവസാനമായി എന്താണ് ഈയുള്ളവനോട് അരുളിച്ചെയ്തത്? ദേവവ്രത! എന്റെ ഈ രണ്ടു പിഞ്ചുകിടാങ്ങളെയും ഞാൻ നിന്റെ ബലിഷ്ഠങ്ങളായ ബാഹുക്കളിൽ സമർപ്പിക്കുന്നു. നീ മാത്രമേ ഇവററയ്ക്ക് ഇനി ഈ ലോകത്തിൽ താങ്ങും തണലുമായുള്ളു. നീ വേണം നിന്റെ ഈ കൊച്ചനുജന്മാരെ പുലർത്തി നേർവ്വഴിക്കു നടത്തി, വംശപ്രതിഷ്ഠചെയ്യുവാൻ. ഞാൻ നിനക്കു നല്കിയ സ്വച്ഛന്ദമൃത്യുത ആനുഷങ്ഗികമായി നിന്റെ ഈ സ്വ

Digitized By Kerala Sahitya Akademi

ധർമ്മനിർവ്വഹണത്തിനും പ്രയോജകീഭവിക്കട്ടെ" എന്നായിരുന്നില്ലേ? "അച്ഛാ! അച്ഛന്റെ ഈ ആജ്ഞ ഞാൻ അക്ഷരംപ്രതി അനുവർത്തിച്ചുകൊള്ളാം" എന്നു ഞാൻ പ്രശ്രയാവനതനായി പാദോപസംഗ്രഹം ചെയ്തു് ഉണർത്തിച്ചു. അവിടുന്നു് അല്പം ആശ്വസ്തനായതുപോലെ തോന്നി; അടുത്ത നിമിഷത്തിൽ കാലധർമ്മവും പ്രാപിച്ചു. ആ പ്രതിജ്ഞ ലംഘിച്ച ഞാൻ, അതിനു മുൻപു ചെയ്ത മററു രണ്ടു പ്രതിജ്ഞകളും—രാജ്യത്യാഗവും നൈഷ്ഠികബ്രഹ്മചര്യവും—പാലിക്കുന്നുണ്ടെന്നു് അഭിമാനിക്കുന്നതിൽ അർത്ഥമുണ്ടോ? ദ്വിപാദിയോ ത്രിപാദിയോ ഞാൻ ജപിക്കേണ്ട ഗായത്രി? എന്റെ നിത്യാഹുതികൾ ഇനി പതിക്കുന്നതു് അഗ്നിയിലല്ല, ഭസ്മത്തിലാണു്. അപവാദകത്തുകികൾക്കു് ഇപ്പോൾ എന്നെപ്പററി എന്താണു് പറവാൻ പാടില്ലാത്തതു്? 'ചിത്രാങ്ഗദൻ ഭീഷ്മന്റെ ഏകോദരസഹോദരനായിരുന്നു എങ്കിൽ!' എന്നു് ഒരു കൂട്ടർ; ഇനി വിചിത്രവീര്യനുംകൂടി ഇങ്ങനെയോ അങ്ങനെയോ സിദ്ധികൂടിയാൽ മൂപ്പുക്കു് സൊല്ലമൊഴിഞ്ഞു; സുഖവുമായി' എന്നു മറെറാരു കൂട്ടർ. അവർക്കു ചെയ്യാവുന്ന ദോഷാരോപണം ഓരോന്നും അയശ്ശൂലം പോലെ എന്റെ ചെവിയിൽ തുളച്ചുകേറുന്നു. അല്ലെങ്കിൽ അവരെ എന്തിനു പഴിക്കണം? അവരല്ലല്ലോ ഇതെല്ലാം വരുത്തിവച്ചതു്. ക്ഷത്രിയനെന്നും ധനുർദ്ധ

Digitized By Kerala Sahitya Akademi

രടനന്നും ഞെളിഞ്ഞു ഞാനിങ്ങനെ ജീവിച്ചിരിക്കു മ്പോൾ തന്നെയല്ല ഈ അത്യാഹിതം വന്നു ചേ ന്നതു് ? പശ്ചാത്തപിക്കാതെ എന്താണു് ഗത്യന്ത രം ? പറയൂ ഗൌതമ !

ഗൌത :— അർത്ഥൈഷണയും പുത്രൈഷണയും വിട്ടൊഴി ഞ്ഞാലും പിന്നെയും ലോകൈഷണയോ ? ഭഗവ ന്മായ അവിടത്തേയും വ്യാമോഹിപ്പിക്കുന്നുവല്ലോ എന്നോർത്തു ഞാൻ അത്ഭുതപ്പെടുന്നു. കാലനെപ്പി ടിക്കുന്ന മരണം ; കാളിയെ തുള്ളിക്കുന്ന പിശാചു് ! മനുഷ്യത്വം വിട്ടുയരാൻ മനുഷ്യനു ശാരസോച്ഛ്വാ സം നില്ക്കാതെ സാധ്യമല്ലെന്നാണോ ഇതിന്റെ താൽപര്യം ?

ഭീഷ്മ :— ഭാർഗ്ഗവമഹർഷി എന്നെ ധനുർവേദം പഠിപ്പിച്ചു; പിന്നീടു വസിഷ്ഠമഹർഷി നീതിശാസ്ത്രം അഭ്യസിപ്പി ച്ചു. അതുരണ്ടും കുലോചിതമായി ഞാൻ ധരിച്ചിരി ക്കേണ്ട വിദ്യകളാണു് അതിന്മേൽ 'ഭഗവാനേ! ഇ നി ബ്രഹ്മവിദ്യ ഉപദേശിച്ചു് എന്നെ ആത്മജ്ഞനാ ക്കണമേ' എന്നു ഞാൻ അരുന്ധതീസഹചരനായ ആ മഹാത്മാവിനോടു് അഭ്യർത്ഥിച്ചു. ശിഷ്യവത്സല നായ അവിടുന്നു് എന്റെ ചാപല്യം ക്ഷമിച്ചു് എ ന്നെ ആ വിഷയത്തിലും അനുഗ്രഹിച്ചു. അതുവേ ണ്ടിയിരുന്നുവോ എന്നാണു് ഇപ്പോൾ സംശയിക്കു ന്നതു്. ഞാൻ ജനകമഹാരാജാവാണെന്നു് എന്നെ തെററിദ്ധരിച്ചുപോയി. സാമ്രാജ്യരക്ഷണത്തിനും

Digitized By Kerala Sahitya Akademi

ബ്രഹ്മസാക്ഷാൽകാരത്തിനും തമ്മിൽ സമാനാധികരണഭാവമില്ല. പിതാവു മരിച്ചപ്പോൾ പിതൃാജ്ഞയെ ഞാൻ സിംഹാസനാരൂഢനാക്കി, പിന്നീടു് അക്കാര്യത്തിൽ കർത്തവ്യമൊന്നുമില്ലാത്തതുപോലെ, ശമദമാദിഗുണങ്ങൾ പൂർവ്വാധികം സമ്പാദിക്കുന്നതിനു വേണ്ടി അങ്ങുമിങ്ങും സഞ്ചരിച്ചു ക്ഷേത്രതീർത്ഥങ്ങൾ സന്ദർശിച്ചുകൊണ്ടിരുന്നു. അതു സ്വധർമ്മഭ്രംശമല്ലേ, ഗൌതമ ? അതിനിടയ്ക്കായിരുന്നു ഈ ദുഃഖസംഭവം ഉടൻതന്നെ ഞാൻ ഓടി തിരിയെയെത്തി വിചിത്രവീര്യകുമാരനെ സമ്രാട്ടായി വാഴിച്ചു. ഭൂമിക്കു് ഒരു ഭർത്താവുപോയാൽ മറെറാരു ഭർത്താവു വരും; ആ ദേവി നിത്യസുമംഗലിയാണു്. പ്രജകൾക്കു് ഒരു ചക്രവർത്തി അന്തരിച്ചാൽ മറെറാരു ചക്രവർത്തി ആവിർഭവിക്കും; താൽകാലികമായ അവരുടെ സന്താപം അല്പമായ അശ്രുപാതത്താൽ ശമിക്കും. എന്നാൽ മാതാവിന്റെ ഹൃദയവേദനയോ ? മറുകരയില്ലാത്ത ഒരു മഹാസമുദ്രമാണതു്. അതു കടക്കാനൊരു കപ്പലോ, കടത്തിവിടാനൊരു കർണ്ണധാരനോ, ലോകത്തിൽ ഇന്നുവരെയുണ്ടായിട്ടില്ല. ആ വേദന തെല്ലൊന്നു തളർത്താൻ ഞാൻ ചിലപ്പോഴെല്ലാം ശ്രമിക്കുന്നില്ലെന്നില്ല ; എന്നാൽ എനിക്കറിയാം അതു് ആളിക്കത്തുന്ന അഗ്നിയിൽ പതിക്കുന്ന ആജ്യധാരയാണെന്നു്. എന്നുതന്നെയല്ല ഞാൻ തന്നെ അക്കാര്യത്തിൽ ഒരു രോഗിയാണു്; പിന്നെ എന്നെക്കൊ

Digitized By Kerala Sahitya Akademi

ണ്ടെങ്ങനെ വൈദ്യനാകാൻ കഴിയും ? ഏതായാലും ഇന്നത്തെ രാത്രിയിൽ തന്നെ ആ ദൃശ്യം അഭിനയിക്കുന്നതല്ലോ ; അതു് അമ്മ കാണട്ടെ.

[തവണക്കാരൻ പെട്ടെന്നു വന്നു ഭീഷ്മനെ വന്ദിക്കുന്നു]

തവണ :—തിരുമേനി! അമ്മമഹാറാണി അങ്ങോട്ടൊന്നു് അവിടുന്നു് ഇപ്പോൾത്തന്നെ എഴുന്നള്ളിയാൽ കൊള്ളാമെന്നു് അരുളിച്ചെയ്യുന്നു.

ഭീഷ്മർ :—അറിയിക്കൂ, ഇതാ ഞാൻ അവിടെ എത്തി, കഴിഞ്ഞു എന്നു്. (തവണക്കാരൻ പോകുന്നു)

ഭീഷ്മൻ :—ഗൌതമ ! ഞാൻ പോയ്‌വരാം. ചിത്രാംഗദന്റെ സ്വർഗ്ഗാരോഹണത്തെപ്പറ്റി നമ്മുടെ ആസ്ഥാനമഹാകവി രചിച്ച ആ ദൃശ്യമില്ലേ ? അതു് ഇന്നു തന്നെ അരങ്ങേററണമെന്നു രംഗരഞ്ജകനോടു ഞാൻ പറഞ്ഞിട്ടുണ്ടു്. അയാൾ അതിനു വേണ്ട സജ്ജീകരണങ്ങൾ ചെയ്തുകഴിഞ്ഞുവോ എന്നു് അന്വേഷിക്കൂ!

[രണ്ടുപേരും രണ്ടുവഴിയായിപ്പോകുന്നു]

രംഗം 2

സ്ഥലം!—സത്യവതീദേവിയുടെ കോവിലകത്തിലെ ഒരു മുറി.

സമയം :—അപരാഹ്ണം ; നാലുമണിക്കുമേൽ.

(സത്യവതിയും ഭീഷ്മനും ആസനങ്ങളിൽ ഇരിക്കുന്നു.)

ഭീഷ്മൻ : അഞ്ജലിബന്ധനം ചെയ്തു വീണ്ടും വീണ്ടും ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു—ഉത്സുഹമാ

Digitized By Kerala Sahitya Akademi

ണു് ഈ അത്യാഹിതമെങ്കിലും അമ്മ ഇതിന്റെ പിടിയിൽ നിന്നൊഴിയണം; ധീരയായി ഉയരണം. അതാണു് അവിടത്തേപ്പോലെയുള്ള മനസ്വിനികഠം ഇത്തരത്തിലുള്ള ആപൽഘട്ടങ്ങളിൽ അനുഷ്ഠിക്കേണ്ട ധർമ്മം. അമ്മയുടെ ശരീരത്തിന്റെ സ്ഥിതി ഇന്നു് ആളറിയാൻ പാടില്ലാത്ത വിധത്തിൽ മാറിയിരിക്കുന്നു. ഭർത്തൃവിയോഗത്തിൽതന്നെ ശോഷിച്ചുപോയ ആ പാവനവിഗ്രഹം പുത്രമരണത്തിനു ശേഷം വെറും അസ്ഥിപഞ്ജരമായി അവശേഷിച്ചിരിക്കുന്നു. രണ്ടു മാസത്തിനിടയ്ക്കു് ഇരുപതുവർഷം ആയുസ്സിൽപോയതുപോലെ തോന്നുന്നു. ബുഭുക്ഷുവായി ഒരതിഥിയെപ്പോലെ വാർദ്ധക്യം അർഘ്യോപചാരത്തിനു മുൻപു് അകത്തുകടന്നു് അശനം ആരംഭിച്ചിരിക്കുന്നു. അമ്മ അമ്മയ്ക്കുവേണ്ടിയെങ്കിലും ഞങ്ങഠംക്ക — പ്രത്യേകിച്ചു യൗവനത്തിനു വഴങ്ങിക്കൊടുക്കുവാൻ ബാല്യം വിസമ്മതിക്കുന്ന പ്രകൃതികൊണ്ടു് ഇന്നും അമ്മയുടെ വാത്സല്യത്തെ അന്യാദൃശമായി ആവർജ്ജിക്കുന്ന വിചിത്രവീര്യകുമാരനു — വേണ്ടി ഉത്സാഹത്തോടും ആരോഗ്യത്തോടുംകൂടി ജീവിക്കേണ്ടതല്ലേ ?

സത്യ: —വേണ്ടതു തന്നെ ഭീഷ്മ ! പക്ഷേ അതിനുള്ള മനസ്സാന്നിധ്യം എനിക്കു ലഭിക്കുന്നില്ലല്ലോ. ഞാനെന്തു ചെയ്യട്ടെ ?

Digitized By Kerala Sahitya Akademi

ഭീഷ്മൻ :— അങ്ങനെ പറയരുതു്. അമ്മയുടെ സീമന്ത പുത്രൻ ആരാണു്? ചിരഞ്ജീവി–വേദവേദാന്തപാരഗൻ–മഹാനുഭാവനായ കൃഷ്ണദ്വൈപായനമഹർഷി! ആ ജീവന്മുക്തന്റെ മാതാവു വ്യസനിക്കുകയോ? പുത്രസമ്പന്നകളായ സുചരിതകളിൽ ആരാണു് അമ്മയെപ്പോലെ ഭാഗ്യവതികൾ? ആ വസ്തുതയെങ്കിലും അമ്മ ആലോചിച്ചു് ആശ്വസിക്കണം.

സത്യ:— ആ കഥയെപ്പററിത്തന്നെ അല്പം വിചിന്തനം ചെയ്യേണ്ടതുണ്ടു്. അന്നു ഞാൻ എട്ടും പൊട്ടും അറിയാത്ത ഒരെളിയ വാലക്കിടാത്തി; കടത്തുവഞ്ചിയിൽ കയറുന്ന ജനങ്ങൾ ആസകലം എന്റെ ശരീരത്തിലെ ദുർഗ്ഗന്ധം സഹിക്കവയ്യാതെ മൂക്കുപൊത്തിക്കൊണ്ടു് അക്കര പററിവന്നിരുന്നു. ആയിടയ്ക്കു, ദേവവ്രത! ഒരു പ്രഭാതത്തിൽ തന്റെ പിതൃവ്യാചാര്യനായ വസിഷ്ഠഭഗവാന്റെ പൌത്രൻ അവിടെ വരികയും കാളിന്ദീമദ്ധ്യത്തിൽ ഒരു വെൺതുരുത്തു സൃഷ്ടിച്ചു് അവിടെ വച്ചു് എന്നെ പരിഗ്രഹിച്ചു പുത്രവതിയാക്കി അനുഗ്രഹിക്കുകയും ചെയ്തു.

ഭീഷ്മൻ :— ആ ശുഭമുഹൂർത്തത്തിൽ പരാശരമഹർഷി അമ്മയെ നിമിത്തീകരിച്ചു് അശരണമായി അജ്ഞാനഗർത്തത്തിൽ അന്നുവരെ ആണ്ടുകിടന്നിരുന്ന ഈ മനുഷ്യസമുദായത്തെയാണു് വാസ്തവത്തിൽ അനുഗ്രഹിച്ചതു്.

Digitized By Kerala Sahitya Akademi

സത്യ:—അങ്ങനെ വേദവ്യാസൻ എന്നിൽനിന്നു് അവതരിച്ചു. ഞാൻ ഗർഭഭാരം ചുമന്നില്ല; പ്രസവവേദന അനുഭവിച്ചില്ല. ഏഴുവയസ്സുള്ള ഒരു ബാലൻെറ നിലയിലാണു് ആ മഹായോഗി എൻെറ മുന്നിൽ ആവിർഭവിച്ചതു്-കാളിന്ദിയിൽ വിടിന്ന ഒരു കരിംകുവളപ്പൂവു്; നീലാകാശത്തിലേക്കുയരുന്ന ഒരു നീരുണ്ട മേഘം. ഉണ്ണിയുടെ നിറുക ഞാനൊന്നു മുകൎന്നുവോ എന്നൊരു ശങ്ക; അത്രേയുള്ളൂ; അപ്പോഴേക്കും അമ്മ സ്മരിക്കുമ്പോൾ മുന്നിൽ എത്തിക്കൊള്ളാം എന്നൊരു വാക്കുമാത്രം എനിക്കു സമ്മാനിച്ചു് ആ പരാവരജ്ഞൻ അന്തർദ്ധാനം ചെയ്തു.

ഭീഷ്മൻ:—അങ്ങനെയാണല്ലോ എല്ലാക്കാലത്തും ബ്രഹ്മൎഷിമാരുടെ അവതാരം.

സത്യ:—അതേ ഭീഷ്മ! എന്നാൽ ആ സമാധാനത്തിനു് ഒരു മാതൃഹൃദയത്തെ എത്രകണ്ടു് ആശ്വസിപ്പിക്കാൻ ശക്തിയുണ്ടാകും? ഞാൻ എൻെറ ആ ഓമനയെ സ്തന്യപാനം ചെയ്യിച്ചില്ല; താലോലിച്ചു കളിപ്പിച്ചില്ല; താരാട്ടുപാടി ഉറക്കിയില്ല; ഒരു കറിമാറിടത്തോടു ചേൎത്തു പുണൎന്നു് ഒരു പിഞ്ചു പുഞ്ചിരിയുടെ പൈമ്പാൽത്തുള്ളിപോലും കണ്ണുകൊണ്ടു നുകൎന്നുമില്ല. ആ യോഗമൊന്നും എനിക്കുണ്ടായില്ലല്ലോ, അതിനു മുമ്പുതന്നെ വിധി എന്നിൽനിന്നു് ആ ചിന്താമണിയെ അപഹരിച്ചു. ഞാൻ വാദിക്കുന്നില്ല ബ്രഹ്മൎഷിയുടെ സ്ഥാനം തപഃപാവനമല്ലെന്നും മുക്തവ

Digitized By Kerala Sahitya Akademi

കടിയാണെന്നും. പക്ഷേ ദൃഷ്ടനഷ്ടമായ ഒരു നിധി കൊണ്ടു ദൈവം എന്തിനു് എന്നെ വ്യാമോഹിപ്പിച്ചു ? അതുമാത്രമേ ഞാൻ ചോദിക്കുന്നുള്ളു.

ഭീഷ്മൻ :—അമ്മേ ! ആ യാതനയുടെ കാഠിന്യം എനിക്കു ഭാവനകൊണ്ടു കാണാൻ കഴിയും. എങ്കിലും അമ്മ ഒന്നാലോചിക്കണം. പൂർവ്വദിക്കിന്റെ ഉമ്മക്കൈയിൽ ഒതുങ്ങിക്കിടക്കുവാനുള്ള ഒരു ചെങ്കൽക്കഷണമാണോ ബാലാർക്കബിംബം ?

സത്യ :—വീണ്ടും കന്യകയായിത്തന്നെ ഞാൻ ഗൃഹത്തിലെത്തി. എന്നാൽ ഒരു വ്യക്തമായ വ്യത്യാസം എന്റെ ശരീരത്തിനു വന്നുചേർന്നു. അതിലെ മത്സ്യഗന്ധം മറഞ്ഞു ; പകരം ഇരു കാണുന്നതും ഒരു യോജനദൂരത്തിൽ എന്റെ ചുററുപാടും നിരന്തരമായി പ്രസരിക്കുന്നതുമായ കസ്തൂരീപരിമളം നിറഞ്ഞു. വ്യാസന്റെ പിതാവു വരദാനത്തിനു സന്നദ്ധനായി നിലകൊണ്ടപ്പോൾ ഞാൻ അപേക്ഷിച്ചു വാങ്ങിയതാണു് ഈ അനുഗ്രഹം. എനിക്കെന്താണു് അഭീഷ്ടമെന്നു് അദ്ദേഹം ചോദിച്ചു ; എന്നെക്കണ്ടാൽ ആരും ഇനിമേൽ മൂക്കു പൊത്തരുതു് എന്നു നിശ്ചയിച്ചു ശരീരസൌഗന്ധ്യം ഞാൻ പ്രാർത്ഥിച്ചു. അച്ഛനമ്മമാർ എന്നെക്കണ്ടു് ആശ്ചര്യപ്പെട്ടു് അതു് അവരുടെ കുലദേവതയായ ഭദ്രകാളിയുടെ പ്രസാദമായിരിക്കുമെന്നു കരുതി. അങ്ങനെ ഞാൻ ആനന്ദമഗ്നയും, എന്നാൽ അതോടുകൂടിത്ത

Digitized By Kerala Sahitya Akademi

ന്നു ആതങ്കമയവുമായ ആ ഘട്ടം അനായാസേന യമുനാഘട്ടംപോലെ തരണം ചെയ്തു.

ഭീഷ്മർ:— ദേവന്മാർക്ക് മനുഷ്യരെ അനുഗ്രഹിക്കാനുള്ള മാർഗ്ഗങ്ങൾ അസംഖ്യങ്ങളും അവയിൽ പലതും അചിന്ത്യങ്ങളുമാണു്.

സത്യ:— എന്നാൽ ഞാൻ ഗന്ധവതിയായതു് എനിക്ക് അനുഗ്രഹമോ ശാപമോ എന്നു ഞാൻ പലപ്പോഴും ആലോചിക്കാറുണ്ടു്. ശാപമെന്നാണു് എന്റെ വിശ്വാസം. വിവാഹത്തിനു ഞാൻ വീണ്ടും ആശിച്ചു എന്നുള്ളതു പരമാർത്ഥം തന്നെ. ഏതു സ്ത്രീയാണു് അങ്ങനെ ചെയ്യാത്തതു്? അതിലും വിശേഷിച്ചു മാതൃപദവി സ്വപ്നതുല്യമായി മാത്രം അനുഭവിച്ചു ഞാൻ ? എന്തിനാണു് സ്ത്രീ അങ്ങനെ ചെയ്യുന്നതു്? ഭർത്തൃലാഭത്തിനല്ല; മാതൃത്വസിദ്ധിക്കു്. ആദ്യത്തേതിനു രണ്ടാമത്തേതിന്റെ പന്ഥാവു് എന്ന നിലയല്ലാതെ എന്താകർഷകതയാണുള്ളതു്? അതു പലപ്പോഴും കല്ലും മുള്ളും നിറഞ്ഞ കാന്താരമായിരിക്കും; എങ്കിലും ലക്ഷ്യപ്രാപ്തിയിലുള്ള ആനന്ദത്തിന്റെ പ്രതീക്ഷ അതു രാജമാർഗ്ഗമായി മാററി അതിൽ അവർക്കു പാറവതാനി വിരിക്കുന്നു. മാതൃത്വം! എന്തൊരു മാഹാത്മ്യമേറിയ പദവിയാണതെന്നോ ഭീഷ്മ? അതിനു വേണ്ടി സ്ത്രീ അനവധി ക്ലേശങ്ങളെ ആഭരണങ്ങൾക്കൊപ്പം അണിയുന്നു. അവളുടെ തപശ്ചര്യ ഏതു

Digitized By Kerala Sahitya Akademi

മുമുക്ഷുവിനാണുള്ളത് ? മൃത്യുവിനെ സ്വയം വിളിച്ചുവരുത്തി ആ ദേവതയുടെ ബലിപീഠത്തിൽ അവരം ആത്മാർപ്പണത്തിനു് ഉദ്യമിക്കുന്നു ; അതിനുള്ള ധൈര്യം ഉൽകടമായ വികാരോന്മാദത്തിൽപ്പോലും എത്ര ഭഗവൽഭക്തന്മാർക്കാണു് ഉണ്ടാകുന്നതു് ? പ്രസവാനന്തരം അവൾക്കു ലഭിക്കുന്നതു നിശ്ചയമായും മറെറാരു ജന്മമാണു് ; ആ ജന്മത്തിൽ അവളുടെ ജീവിതം ആത്യന്തം അപത്യാർത്ഥവുമാണു്. മാതൃഹൃദയം ലോകത്തിലെ സകലമൃദുപദാർത്ഥങ്ങളുടേയും സാരസർവസ്വമാണെന്നുള്ളതിൽ പക്ഷാന്തരമില്ല. പ്രജകൾക്കുവേണ്ടി ജീവിക്കുന്ന രാജാവിനും ലോകസംഗ്രഹത്തിനായി സഞ്ചരിക്കുന്ന ജീവന്മുക്തനും മാതാവിൻെറ അവസ്ഥ വിചാരിക്കുമ്പോൾ എന്തു മേന്മയ്ക്കാണവകാശമുള്ളതു് ? മാതാവിൻെറ പുത്രവാത്സല്യത്തിനു മാന്ദ്യമില്ല, ഗ്ലാനിയില്ല ; മാററമില്ല ; ആ മുകുരത്തിൽക്കൂടി നോക്കുമ്പോൾ അവൾക്കു് എത്ര ദുർഗ്ഗുണം ദുരാചാരനമായ മകനിലും സൗരൂപ്യത്തിൻേറയും സൌശീല്യത്തിൻേറയും സാമഗ്ര്യമല്ലാതെ കാണുവാൻ സാധിക്കുന്നുമില്ല.

ഭീഷ്മർ :— അതേ അമ്മേ ! ലോകത്തിൽ നിസ്സ്വാർത്ഥമായി എന്തെങ്കിലുമൊന്നുണ്ടെങ്കിൽ അതു മാതാവിനു മക്കളോടുള്ള പ്രേമമല്ലാതെ മറെറാന്നുമല്ല. അതിനുമുന്നിൽ മററു വിധത്തിലുള്ള പ്രേമമെല്ലാം ആദിത്യമണ്ഡലത്തിനു മുന്നിൽ പകൽവിളക്കുപോലെ

Digitized By Kerala Sahitya Akademi

നിഷ്പ്രഭമാണ്. അതിന്റെ പ്രഭാവമൊന്നുമാത്രമാണ് പ്രപഞ്ചത്തെ ഈ വിധത്തിൽ നിലനിറുത്തുന്നത്; തന്നെക്കൊണ്ട് പാരിതാത്ഥ്യം നേടുമാറ് അഗ്നിയെ ദീപിപ്പിക്കുകയും വായുവിനെ ചലിപ്പിക്കുകയും ആകാശത്തിൽ ദിവ്യഗോളങ്ങളെ ഉദിപ്പിക്കുകയും ചെയ്യുന്നത്. അതിന്റെ ബലത്താലാണ് അധഃസ്ഥയായ ഈ ഭൂമി സ്വർഗ്ഗത്തിനു നേരെ തലയുയർത്തി നില്ക്കുന്നത്; സ്ത്രീ പുരുഷനെ തോല്പിച്ചു ദണ്ഡനമസ്കാരം ചെയ്യിക്കുന്നതു്. മാതൃത്വംപോലെ മാതൃത്വം; പരബ്രഹ്മംപോലെ പരബ്രഹ്മം; അവയ്ക്കു രണ്ടിനും ഉപമാനവസ്തുക്കളില്ല.

സത്യ:— എങ്കിലും എന്റെ ഒരു അനുഗ്രഹം നിവൃത്തിക്കു ഞാൻ ഈ ഹസ്തിനപുരത്തിൽ വരികയും ഇവിടെ തന്റെ വന്ദ്യനായ പിതാവിന്റെ പട്ടമഹിഷിയാകുകയും ചെയ്യണമെന്നു നിർബന്ധമുണ്ടായിരുന്നില്ല; യമുനാതീരത്തിൽ എന്റെ നിലയ്ക്കിണങ്ങിയ ഒരു ധീവരയുവാവിന്റെ പത്നിയായാൽ മതിയാകുമായിരുന്നു. അവിടെ ഞങ്ങൾക്ക് ആ നദിയിലെ രണ്ടു കമിളകൾപോലെ കുറെ നേരത്തേക്കു പൊന്തിനിന്നു ചില നീർത്തുള്ളികൾ അങ്ങിങ്ങു തെറിപ്പിച്ച് ആരുമാരുമറിയാതെ അതിൽത്തന്നെ വിലയം പ്രാപിക്കാമായിരുന്നു. പ്രകൃതിവിരുദ്ധമല്ലാത്ത ആ ജീവിതയാത്രയ്ക്കു പ്രതിബന്ധമായി നിന്നതു് എന്റെ ശരീരസൌരഭ്യം ഒന്നുമാത്രമാണ്; അതുകൊണ്ടാണ്

Digitized By Kerala Sahitya Akademi

ഞാൻ ഇതെനിക്കൊരു ശാപമാണെന്നു സിദ്ധാന്തി ക്കുന്നതു്.

ഭീഷ്മൻ :—അമ്മ പറയുന്നതു ശരിയല്ല. അഗാധമായ രത്നാകരത്തിൽ കിടക്കുന്ന വജ്രം എങ്ങനെ ചക്രവർത്തി യുടെ കിരീടത്തെ അലങ്കരിക്കുന്നു ? ആഴിയുടെ അടി ത്തട്ടിൽ പുലന്ന ലക്ഷ്മീഭഗവതി എങ്ങനെ പരമ പുരുഷൻെറ പട്ടമഹിഷിയായി ? സദൃശങ്ങളായ പദാർത്ഥങ്ങളെ സംഘടിപ്പിച്ചു നിയതി പലപ്പോഴും നേത്രോത്സവം നേടാറുണ്ടു്.

സത്യ :—ഭീഷ്മ ! തൻെറ സൌജന്യം തന്നെക്കൊണ്ടു് ഇ ത്തും ഇതിലപ്പുറവും പറയിക്കും. എന്നാൽ ഞാനെ ന്താണു് എൻെറ ഈ വിവാഹം കൊണ്ടു വരുത്തി വച്ചതു് ? തന്റെ ജന്മസിദ്ധമായ രാജ്യാവകാശം അ പഹരിച്ചു; എന്നുമാത്രമല്ല തന്നെ നിത്യബ്രഹ്മചാരി യുമാക്കി. അങ്ങനെ തന്റെ ജീവിതാനന്ദത്തിന്റേയും താൻ പുത്രനാകമെങ്കിൽ തന്നിമിത്തം ലോക ത്തിനു സിദ്ധിക്കുമായിരുന്ന പാരമ്പര്യസമ്പത്തിന്റെ യും, തായ്‌വേരിൽ കോടാലിവച്ചു ; പുന്നാമമായ ന രകത്തിൽ ഞാൻ ഒരു പുരുഷനെ എന്നെന്നേക്കുമാ യി തള്ളിവീഴ്ത്തി. പണ്ടു കൈകേയിക്കെന്നപോ ലെ ഭീഷ്മൻെറ അച്ഛൻ എനിക്കും രണ്ടു് അനുഗ്രഹ ങ്ങൾ ഹൃദയരക്തത്തിൽ മുക്കി, ബാഷ്പധാരയിൽ ക ഴുകി, ദാനം ചെയ്തു ; കൈകേയി അവയെക്കൊണ്ടു

Digitized By Kerala Sahitya Akademi

രാമചന്ദ്രനെ ദ്രോഹിച്ചു ; ഞാൻ ദേവവ്രതനേയും ! അതെല്ലാം മഹാപാപമല്ലേ ? അതിൻെറ കരിനിഴൽ ഈ രാജധാനിയിലെ അന്തഃപുരത്തിൽ എന്നെ അനുഗമിച്ചു. അന്നു പകൽ മുഴുവൻ ഒരു ചുടലപ്പിശാചുപോലെ എൻെറ മുന്നിൽ ഘോരതാണ്ഡവം തുടരുന്നു ; രാത്രി മുഴുവൻ ഒരു കാളസർപ്പം പോലെ എൻെറ സർവമർമ്മങ്ങളേയും കൊത്തി മുറിപ്പെടുത്തുന്നു.

ഭീഷ്മർ :— അമ്മയുടെ ഈ ആക്രോശനം തികച്ചും അഹേതുകമാണു്. അവിടത്തെ പിതാവായ ആ കൈവർത്തരാജാവിനെ ഞാൻ എൻെറ പരമോപകർത്താവായി പരിഗണിക്കുന്നു.

സത്യ :—എന്തിനു് ? ആ ഭയങ്കരമായ ഒരഗ്നിപരീക്ഷയിൽ ജയിക്കാൻ അവസരമുണ്ടാക്കിത്തന്നതു് എൻെറ അച്ഛനാണല്ലോ എന്നായിരിക്കും ഭീഷ്മർ സൂചിപ്പിക്കുന്നതു്. ഒരു കണക്കിനു നോക്കിയാൽ അതും ഉചിതംതന്നെ. ഭാരതം പണ്ടുപണ്ടേ ത്യാഗികളുടെ ജന്മഭൂമിയാണു്. തൻെറ സഹജീവികൾ സംസാരചക്രത്തിനുള്ളിൽ കിടന്നു നട്ടം തിരിയുമ്പോൾ തനിക്കു മാത്രമായി മോക്ഷമെന്നൊന്നു് ആവശ്യമില്ലെന്നു നരസിംഹമൂർത്തിയെ ഉൽബോധിപ്പിച്ച പ്രഹ്ലാദൻ ; കുടിലതയും ക്രൂരതയും സ്വാഭാവികമായിത്തന്നെ കുടികൊള്ളുന്ന ഒരു സർപ്പത്തെ രക്ഷിക്കാൻ സ്വശരീരത്തിലെ രക്തവും

Digitized By Kerala Sahitya Akademi

മാംസവും ഗരുഡനു നിവേദിച്ച ജീമൂതവാഹനൻ ;
അശരണനായ ഒരു അന്ത്യജൻെറ ദാഹനിവൃത്തി
ക്കായി സ്വന്തം പാരണയ്ക്കുവേണ്ടി സംഭരിച്ചിരുന്ന
സ്വല്പജലംപോലും സംഭാവനചെയ്ത രന്തിദേവൻ ;
ഇങ്ങനെയുള്ള അനവധി ഉദാരചരിതന്മാരെ നമ്മു
ടെ മാതാവു പ്രസവിച്ചിട്ടുണ്ടു്. നിങ്ങളുടെ വംശ
ത്തിൽത്തന്നെ തൻെറ താരുണ്യം പിതാവായ യ
യാതിമഹാരാജാവിൻെറ പാദാരവിന്ദങ്ങളിൽ സമ
ർപ്പിച്ച ചരിതാത്ഥനായ പൂരുവിനെ ആർക്കു പുള
കോൽഗമം കൂടാതെ സ്മരിക്കാം ? എങ്കിലും അവ
രിൽ ആക്കും രാജ്യത്യാഗമോ അതിനെക്കാരം ആ
യിരം മടങ്ങു ദുഷ്കരമായ രമണീസന്ന്യാസമോ വേണ്ടി
വന്നില്ല. ഭ്രാതീയാശ്രമത്തെ തൃണവൽഗണിച്ചു,
സ്ത്രീചിന്തയിൽനിന്നകന്നു്, ആയുരന്തംവരെ ബ്രഹ്മ
ചാരിയായിത്തന്നെ ജീവിച്ചുകൊള്ളാമെന്നുള്ള ത
ൻെറ ആ പ്രതിജ്ഞ—ത്രിമൂത്തികരംക്കുപോലും
സാദ്ധ്യമല്ലാത്ത ആ ഘോരശപഥം— അന്തഃകരണ
ശുദ്ധിയുടെ സ്വർഗ്ഗീയസങ്ഗീതം—സ്വാത്ഥപരിത്യാ
ഗത്തിൻെറ പടഹധ്വനി—ഒരു യുവാവിൻ്റെ മുഖ
ത്തുനിന്നു വിസ്മയസ്തിമിതമായ ലോകം ഇതിനുമുൻ
പു് എന്നു ചെവിക്കൊണ്ടിട്ടുണ്ടു് ? ഇനിമേൽ എ
ന്നെങ്കിലും ചെവിക്കൊള്ളുമോ ? ആ അവസര
ത്തിൽ എൻെറ ദേവവ്രതൻ—അതേവരെ ഭൂമിയി
ലേ ഒരു സാധാരണവാമനൻ—ത്രിവിക്രമനേക്കാരം

Digitized By Kerala Sahitya Akademi

ഉയൎന്നു; വിശുദ്ധയായ ഗംഗാദേവിക്കു വീരസൂനസാമ്രാ
ജ്യത്തിന്റെ നിത്യാധിപത്യം തിരുമുൽക്കാഴ്ചവച്ചു.
അതിനെല്ലാം നിമിത്തമായി ഭവിച്ചതു് എന്റെ
പിതാവാണെങ്കിൽ അങ്ങനെയിരുന്നുകൊള്ളട്ടെ;
പക്ഷെ ഈ വസ്തുതാരൂപത്തെ മറയ്ക്കുന്ന വാഗ്ജാല
മാണെന്നു് എനിക്കറിയാം.

ഭീഷ്മൻ :— ഈ പ്രശംസ അല്പംപോലും അൎഹിക്കത്ത
ക്ക കൃത്യമൊന്നും ഞാൻ അനുഷ്ഠിച്ചിട്ടില്ലല്ലോ. രാപ്പ
കൽ ഇടതടവില്ലാതെ രാജ്യകാൎയ്യങ്ങളിൽ ക്ലേശിക്കു
ക ; പരരാഷ്ട്രവിജയമെന്ന പരമധൎമ്മമായിക്ക
രുതി അതിനു വേണ്ടി പ്രാണിവധം നിത്യകൎമ്മമാ
യി ആചരിക്കുക ; അറിഞ്ഞുമറിയാതെയും അപ
ചാരങ്ങൾ ചെയ്തു പ്രജകളിൽ നിന്നു നികുതിയും അ
തോടുകൂടി ശാപവും പിരിച്ചെടുത്തു് അൎത്ഥഭണ്ഡാര
വും പാപഭണ്ഡാരവും നിറയ്ക്കുക ; കളത്രപുത്രാദി
ക്ഷുദ്രവസ്തുക്കളിൽ ഭ്രമിച്ചു മോഹാന്ധനായി, മദോന്മ
ത്തനായി, പോകേണ്ട മാൎഗ്ഗത്തെയോ പ്രാപിക്കേണ്ട
ലക്ഷ്യത്തെയോ പററി യാതൊരറിവുമില്ലാതെ, പദേ
പദേ വിഘ്നവാഗുരകളിൽ കുടുങ്ങുക; ഒടുവിൽ ഊന്നും
തുണയുമില്ലാതെ കാലപാശത്താൽ ആകൃഷ്ടനായി ക
ത്തിക്കാളുന്ന നരകാഗ്നിയിൽ കിഴക്കാംതൂക്കായി പ
തിക്കുക—ഈ ക്ഷാത്രചൎയ്യയിൽനിന്നു് എനിക്കു മോ
ചനം നല്കിയതാരാണു ? അമ്മയുടെ അച്ഛൻ—
തത്വദൎശികളിൽ അഗ്രഗണ്യനായ ആ ദാശരാജൻ

Digitized By Kerala Sahitya Akademi

ഉച്ചൈശ്രവസ്സ്. വാസ്തവത്തിൽ വസിഷ്ഠമഹർഷിയ
ല്ല, അദ്ദേഹമാണു' എൻെറ ജ്ഞാനോപദേഷ്ടാവ്.
എൻെറ ജ്യേഷ്ഠൻെറ പാവനങ്ങളായ പാദമുദ്രകളെ
കഴിയുന്നതും പിൻതുടരാമെന്നു ഞാൻ നിശ്ചയിച്ചു.
അതിലേക്കുള്ള എൻെറ ഉദ്യമത്തിൽ സ്വാർത്ഥ
ത്തിനല്ലാതെ പരാർത്ഥത്തിനു പ്രസക്തി എവിടെ ?

സത്യ :—അതെങ്ങനെയായാലും എൻെറ അത്യാചാര
ത്തിൻെറ ഫലം ഞാൻ അനുഭവിച്ചുകഴിഞ്ഞു. ചി
ത്രാങ്ഗദൻ—ഭീഷ്മ ! എൻെറ മൂത്തമകൻ–എൻെറ
പൊന്നോമന, ഒന്നാമത്തെ ക്ഷത്രിയകുമാരൻ—ഇ
ങ്ങിനി ഞാൻ കണാത്തവിധത്തിൽ എന്നെന്നേക്ക
മായി എന്നെ വിട്ടു മറഞ്ഞുപോയല്ലോ. ഇനിയും
ഞാൻ ഇങ്ങനെ നിഷ്ഫലമായി ജീവിതം നയിക്ക
ണമോ ? പ്രേക്ഷകലോകത്തിൻെറ അവഹേളന
സ്മിതം ഈ പ്രഹസനഗോഷ്ഠി അഭിനയിച്ചു മുത്തു
മാലപോലെ വാങ്ങി കഴുത്തിൽ അണിയണമോ ?

ഭീഷ്മൻ :—അമ്മേ ! അമ്മയെ ഉപദേശിക്കുവാൻ എനി
ക്കർഹതയില്ലെങ്കിലും ഞാൻ ഒന്നറിയിക്കട്ടെ. ചി
ത്രാങ്ഗദൻ മരിച്ചിട്ടില്ല ; ആ കുമാരനെപ്പോലെയുള്ള
ക്ഷത്രിയവീരന്മാർ–ധർമ്മത്തിനു മുന്നിലല്ലാതെ ശ
ത്രുവിനു മുന്നിൽ തല കുനിക്കാത്തവർ—മരണത്തെ
ക്കാൾ മാനത്തിനു വിലകല്പിക്കുന്നവർ—ഒരിക്കലും
മരിക്കുകയില്ല. ആ തത്വം അമ്മയെ ബോധ്യപ്പെട്
ത്താൻ വത്സൻെറ പൌരുഷത്തിൻെറയും പ്രഭാവ

Digitized By Kerala Sahitya Akademi

ത്തിൻെറയും സ്വരൂപം ദിങ്മാത്രമായി ആവിഷ്ക്കരിക്കുന്ന ഒരു ദൃശ്യം ഇന്നു രാത്രി ഇവിടെ അഭിനയിക്കണമെന്നു ഞാൻ രംഗരഞ്ജകനോട് ആജ്ഞാപിച്ചിട്ടുണ്ട്. ആ അഭിനയം അമ്മ കൂടി കാണണം; കണ്ടേ കഴിയൂ.

സത്യ:—ഭീഷ്മന് അതാണ് ആഗ്രഹമെങ്കിൽ ഞാൻ അങ്ങനെ ചെയ്യാം. എന്നാൽ അത് എൻെറ മനോവ്യഥയെ ശമിപ്പിക്കുമോ വർദ്ധിപ്പിക്കുമോ എന്നു കണ്ടുതന്നെ അറിയണം.

ഭീഷ്മർ:—ശമിപ്പിക്കുമെന്നാണ് എൻെറ പ്രത്യാശ. ഞാൻ ഇപ്പോൾത്തന്നെ നാട്യശാലയിലേക്കു പോയി അതിനുള്ള സംവിധാനങ്ങൾ പൂർത്തിയായോ എന്നു നോക്കാം.

(രണ്ടുപേരും രണ്ടുവഴിയായി പോകുന്നു)

യവനിക

രംഗം 3

സ്ഥലം:-ഹസ്തിനപുരത്തിലെ രാജകീയമായ രംഗമണ്ഡപം.
സമയം:—രാത്രി; എട്ടുമണി.

(വിചിത്രവീര്യമഹാരാജാവു സിംഹാസനത്തിലും അതിനു വലതും ഇടതും വശങ്ങളിൽ യഥാക്രമം സത്യവതിയും ഭീഷ്മനും ഉചിതങ്ങളായ പീഠങ്ങളിലും ഇരിക്കുന്നു)

സത്യ:—(വിചിത്രവീര്യനെ നോക്കി) ഉണ്ണി എന്താണ് ഇങ്ങനെ ഉന്മേഷരഹിതനായിരിക്കുന്നതു്? വിശേഷമൊന്നുമില്ലല്ലോ?

Digitized By Kerala Sahitya Akademi

വിചി :—ഈശ്വരാ! ആകെക്കൂടി ശരീരത്തിനൊരു ശക്തിക്ഷയം; മനസ്സിനൊരു പ്രസാദശൂന്യത. കുറേക്കഴിഞ്ഞാൽ ഭേദം. അത്രേയുള്ളൂ.

ഭീഷ്മൻ :—നടന്മാർ അഭിനയത്തിന് ഒരുങ്ങിക്കഴിഞ്ഞു; ആരംഭിക്കട്ടയോ?

സത്യ :—ആവാം.

(അന്തർയവനിക ഉയരുന്നു. ഗന്ധർവ്വാധിപതി ചിത്രാംഗദൻ രാജവേഷത്തിൽ പ്രവേശിക്കുന്നു.)

ഗന്ധ:—(സ്വഗതം) ഇതാണു് പൌരവന്മാരുടെ പ്രസിദ്ധമായ രാജധാനി. ഇതു ദർശനത്തിൽത്തന്നെ ബഹുമാനവും ഭീതിയും ജനിപ്പിക്കുന്നു. ഇവിടെയാണല്ലോ ശന്തനുചക്രവർത്തിയുടെ നിര്യാണാനന്തരം ആ യുവാവു ചിത്രാംഗദൻ രാജ്യഭാരം ചെയ്യുന്നതു്. എന്റെ സ്വാമി ദേവേന്ദ്രൻ എന്നെ വിളിച്ചു് ഇങ്ങനെ അരുളിച്ചെയ്തു:—"ചിത്രാംഗദ! ഞാൻ ഇന്നു് അങ്ങയെ ഒരു വലിയ കാര്യത്തിന്റെ നിർവ്വഹണത്തിനായി നിയോഗിക്കുന്നു. ആ മുലകുടിമാറാത്ത കുട്ടിയില്ലേ, ഹസ്തിനപുരത്തിലെ ചിത്രാംഗദൻ? അവൻ ഇത്ര പിഞ്ചിലേ ഇത്രത്തോളം മൂക്കരുതു്. കേട്ടില്ലേ ആ കുട്ടിയുടെ പ്രതിജ്ഞ? സ്വർഗ്ഗത്തെക്കാൾ സുന്ദരമാക്കുംപോലും അവന്റെ രാജ്യം. കല്പവൃക്ഷത്തിന്റെയും കാമധേനുവിന്റെയും സഹായം കൂടാതെ ആത്മപ്രഭാവം കൊണ്ടുമാത്രം സർവ്വാർത്ഥസമ്പന്നന്മാരാക്കുംപോലും അവന്റെ പ്രജകളെ, അന

Digitized By Kerala Sahitya Akademi

ഷേയങ്ങളായ സംഗങ്ങളെല്ലാം നിർവിഘ്നമായി, അന
സ്യൂതമായി, നിർവിഘ്നം അചിരേണ സ്വായത്തമാ
ക്കുമ്പോഴും എൻെറ സ്വർഗ്ഗസിംഹാസനം! എ
ന്തൊരു അക്ഷന്തവ്യമായ അഹങ്കാരം! താൻ വേഗ
ത്തിൽ അങ്ങോട്ടുപോയി വേണ്ട പ്രതിക്രിയചെയ്തു്
ഈ ലോകത്തിൻെറയും നമ്മുടേയും അഭിമാനം സം
രക്ഷിക്കണം. അവൻെറ ആ ഗളഗർജ്ജനം അവ
സാനിപ്പിക്കണം." കൊള്ളാം കല്പന! അദ്ദേഹ
ത്തിനു സൈന്യമില്ലേ? അതിനെ നയിക്കാൻ യുവ
രാജാവു ജയന്തനില്ലേ? കയ്യിൽ സർവ്വസംഹാരിയായ
വജ്രായുധമില്ലേ? എന്തിന് എവിടെയോ കിടക്കുന്ന
എന്നെ ഇതിലേക്കു തള്ളിവിടുന്നു? ആവോ? അ
ദ്ദേഹത്തിനറിയാം. അല്ലെങ്കിലും തല്ലുകൊള്ളാൻ
മദ്ദളം; സമ്മാനം വാങ്ങാൻ ഗായകൻ; അതാണ
ല്ലോ പ്രപഞ്ചത്തിലെ പരിപാടി. ഞാൻ വെറും
കിങ്കരൻ! പിണ്ഡോപജീവി! പറയുന്നതുകേൾക്കാ
ഞ്ഞാൽ അവിടെവച്ചുതന്നെ എൻെറ തല പോകും;
കേട്ടാൽ പടക്കളത്തിൽവച്ചു പോയെന്നും വരാം;
പോയില്ലെന്നും വരാം. അതുകൊണ്ടുമാത്രം ഈ യാ
ത്രയ്ക്കു ഗത്യന്തരമില്ലാതെ ഒരുങ്ങേണ്ടിവന്നു. ഏതാ
യാലും നല്ല ശകുനം നോക്കിത്തന്നെയാണു് ഞാൻ
ഇങ്ങോട്ടു പുറപ്പെട്ടിട്ടുള്ളതു്. ഭീഷ്മൻ ഇപ്പോൾ
ഇവിടെയില്ല; അതെൻെറ ഭാഗ്യമായി. ഉണ്ടെങ്കിൽ
ദേവരാജാവു് എന്നെ കുററംചെയ്യാതെ കൊല്ലിച്ചു

Digitized By Kerala Sahitya Akademi

വിധിക്കുകയായിരുന്നു എന്നു തീർച്ചയായി പറയാം. അമ്പോ! ഭീഷ്മൻ! ആരങ്ങനെ വേണ്ട പേരിരിക്കാൻ? അതുകേട്ടാൽ തന്നെ ലോകം നടുങ്ങണം. അല്ലാതെ ചിത്രാംഗദൻ! എന്തൊരർത്ഥമില്ലാത്ത നാമമാണതു്? ഒരു സ്ത്രീക്കുപററിയ പേർ സ്വീകരിക്കുന്ന പുരുഷൻ സ്ത്രീയുമല്ല പുരുഷനുമല്ല. അതു പോകട്ടെ. ഈ യുവാവിനെ വധിക്കണം. എങ്ങനെ? ഒരു ദ്വന്ദ്വയുദ്ധത്തിൽ. യുദ്ധമെന്നാൽ, അതിനൊരു കാരണം വേണ്ടേ? ഒന്നും കാണുന്നില്ലല്ലോ. ഒരു ക്ഷത്രിയൻ ക്ഷത്രധർമ്മമനുഷ്ഠിക്കുന്നതു കുററമാണോ? ഒന്നു ചെയ്യാം. ഇയാളെന്തിനു് എൻെറ പേരും പേറി നടക്കുന്നു? അതുതന്നെയാകട്ടെ എൻെറ നേർക്കു ചെയ്യുന്ന അപരാധം! എന്താ, തരക്കേടുണ്ടോ? വല്ലതുമൊന്നിൽ പിടിച്ചിട്ടുവേണ്ടെ വഴക്കുകൂട്ടാൻ? ഇപ്പോഴത്തേക്കു് ഇതിരിക്കട്ടെ. ഈ പേർ ഗന്ധർവന്മാർക്കിടയിലാണു് ഉള്ളതു്, ക്ഷത്രിയന്മാർക്കിടയിലല്ല, എന്നു് ഒരു ആന്തരമായ സമാധാനവും ഈ വിഷയത്തിൽ എനിക്കു വേണമെങ്കിൽ ഇല്ലാതില്ല.

(തിരശ്ശീല നീങ്ങുന്നു. ഹസ്തിനപുരത്തിലെ പ്രധാനരാജമന്ദിരത്തിൻെറ ദ്വാരത്തിൽ രണ്ടു പാറാവുകാർ കുന്തവുമേന്തി കവാത്തുചെയ്യുന്നു.)

ഗന്ധ:—നിങ്ങളാണോ ഇവിടത്തെ നടകാവൽക്കാർ?

Digitized By Kerala Sahitya Akademi

രണ്ടാം പാറാ :— ദ്വാരപാലകന്മാർ—അതാണ് ഞങ്ങളുടെ ഉദ്യോഗപ്പേര്.

ഗന്ധർവ്വ: — കൊള്ളാം ; അതും അവരവരുടെ പേർ ഔദ്യോഗികമായാലും അല്ലെങ്കിലും ശരിക്കു പാലിക്കണം ; അതെനിക്കും നിർബന്ധമാണ്. ആട്ടെ. എനിക്കു നിങ്ങളുടെ മഹാരാജാവിനെ ഒന്നു കാണേണ്ടിയിരിക്കുന്നു.

ഒന്നാം പാറാ :— അതിഥിസൽകാരത്തിൽ പൊന്നുതിരുമേനി അത്യന്തം ഉത്സുകനാണ്. അകത്തുവരാമല്ലോ. ആഗതൻ ആരെന്നാണ് ഞങ്ങൾ തിരുമനസ്സറിയിക്കേണ്ടത് ?

ഗന്ധർവ്വ :— ഞാൻ അകത്തുവരുന്നില്ല ; മഹാരാജാവ് ഇവിടെ വരട്ടെ.

രണ്ടാം പാറാ :—എന്താണ് അകത്തുവരാൻ മടിക്കുന്നത് ? വരാൻ പാടില്ലാത്ത വല്ല വർഗ്ഗത്തിലും പെട്ട ആളാണോ ?

ഗന്ധർവ്വ :—(കോപത്തോടെ) ആര് ? ഞാനോ ? നിങ്ങളുടെ അമ്മമഹാറാണിയുടെതിനെക്കാൾ നികൃഷ്ടമല്ല എന്റെ ജാതി.

(സത്യവതി അധോമുഖിയായി നെടുവീർപ്പിടുന്നു)

ഭീഷ്മൻ :— അമ്മേ ! ഇതു നാടകമല്ലേ ? ആ മൂർഖൻ എന്തുവേണമെങ്കിലും ജല്പിച്ചു കൊള്ളട്ടെ.

രണ്ടാംപാറാ:—എന്താണ് നിങ്ങൾ പറഞ്ഞത് ? ആരെപ്പറ്റിയാണ് പറഞ്ഞത് ? ആ നാക്കൊന്നു നീട്ടു,

Digitized By Kerala Sahitya Akademi

കാണട്ടെ. (ഒന്നാം പാറാവുകാരനോട്) രക്ഷക ! ഞാനി തൊന്നതോരസകൊത്തുംപോലെ കൊത്തിത്തള്ളട്ടെ?

ഒന്നാം :—വേണ്ട ! ശിക്ഷക! (ഗന്ധവരാജാവിനെ നോക്കി) നിങ്ങൾക്ക് ഈ മുക്കററത്തെ അരിശം വല്ലതിനല്ലല്ലോ. നിങ്ങൾ മഹാരാജാവിനെ സന്ദർശിക്കാൻ വന്നിരിക്കുന്നു എന്നു പറഞ്ഞതുകൊണ്ടു ഞങ്ങൾ ക്ഷമിക്കുന്നു. അല്ലെങ്കിൽ ഞങ്ങളുടെ കുന്തവും നിങ്ങളുടെ നെഞ്ചുമായി ഒരു കൂടിക്കാഴ്ച ഇതിനു മുൻപു തന്നെ നടക്കമായിരുന്നു ; അതു നിങ്ങൾക്ക് അത്ര സുഖപ്രദമായിരുന്നിരിക്കുകയുമില്ല.

രണ്ടാം :— രക്ഷക ! നിങ്ങൾ അകത്തുപോയി വിവരമറിയിക്കൂ. ഞാൻ ഈ സത്വത്തിനു ശ്മശാനത്തിൽ ഒരു കുഴിവെട്ടി അതിൽ വിറകും ചന്ദനമുട്ടിയും അടുക്കിവെയ്ക്കാൻ ഏർപ്പാടു ചെയ്യാം.

(ഗന്ധവൻ പല്ലുകടിക്കുന്നു. മഹാരാജാവു ചിത്രാംഗദൻ അപ്പോൾ ഗോപുരദ്വാരത്തിൽ വരുന്നു)

മഹാരാ :—നടയിൽ എന്താണീബഹളം, രക്ഷക ?

ഒന്നാം :—തിരുമേനി ! തിരുമേനിയെ സന്ദർശിക്കാനെന്നും പറഞ്ഞു വന്നിരിക്കുന്ന ഇയാൾ കുടിച്ചുകുഴഞ്ഞിരിക്കുന്നവനെപ്പോലെ ഇവിടെനിന്നു അസഭ്യം പുലമ്പുന്നു.

മഹാരാ :—അകറ്റ ! നിങ്ങൾ നില്ക്കുവിൻ ! വന്ന കാര്യം ഞാൻ തന്നെ അദ്ദേഹത്തോടു ചോദിച്ചുകൊള്ളാം.

(പാറാവുകാർ പോകുന്നു)

Digitized By Kerala Sahitya Akademi

മഹാരാ :-- (ഗന്ധർവനോട്) അവിടന്നു് ആകൃതികൊണ്ടുതന്നെ ഒരു മഹാരാജാവാണെന്നു തോന്നുന്നുവല്ലോ. അവിടത്തെ പരിചയം സമ്പാദിക്കാനുള്ള സൗകര്യം കേവലം ബാലപ്രായനായ എനിക്കു് ഇതിനു മുൻപു് ഉണ്ടായിട്ടില്ല. ഒരു ബഹുമാന്യനായ അതിഥിയെ സൽക്കരിക്കാനുള്ള ഭാഗ്യം സിദ്ധിച്ചതിനാൽ ഇന്നു ഞാൻ കൃതാർത്ഥനായിരിക്കുന്നു. ഏതു ഭൂമിയാണു് അങ്ങയാൽ രാജന്വതിയെന്ന യശസ്സു നേടുന്നതു് ? ഏവിടത്തെ പ്രജകളുടെ പൂർവപുണ്യമാണു് അങ്ങയിൽനിന്നുള്ള അനുഗ്രഹവർഷത്താൽ ഫലപുഷ്ടിയെ പ്രാപിക്കുന്നതു് ? ഏതെല്ലാം വർണ്ണരത്നങ്ങളാണു് അങ്ങയുടെ നാമാങ്ഗുലീയത്തിൽ ഘടിതങ്ങളായി സവിശേഷം പ്രശോഭിക്കുന്നതു് ? അകത്തു വരിക ; അർഘ്യപാദ്യോപചാരങ്ങൾ സ്വീകരിക്കുക ; അഭിജാതനായ ഒരാഗതനെ ഗോപുരദ്വാരത്തിൽ നിറുത്തി അതിഥിപൂജയ്ക്കു കാലവിളംബം വരുത്തുക എന്നുള്ളതു ഞങ്ങളുടെ കുടുംബത്തിൽ അശ്രുതപൂർവമായ ഒരു കളങ്കമാണു് ; ആ കളങ്കം ഞാൻ നിമിത്തം അതിൽ ഇദംപ്രഥമമായി സംക്രമിക്കാതെയിരിക്കാൻ എന്നോടു സഹകരിക്കുക.

ഗന്ധർവ് :-- ഞാൻ ഗന്ധർവരാജാവാണു്. ചിത്രാങ്ഗദനെന്നാണു് എന്റെ നാമധേയം. (മറവനോക്കിക്കൊണ്ടു്) സാധുവായ ക്ഷത്രിയകുമാര ! ഞാൻ നിങ്ങ

Digitized By Kerala Sahitya Akademi

ളോട്ട യുദ്ധത്തിനു വന്നിരിക്കയാണു് രാജധാനി ക്കകത്തല്ലല്ലോ, പുറത്തല്ലേ യുദ്ധം ? അതുകൊണ്ടു് അകത്തു കടക്കുന്നില്ല.

മഹാരാ: -- (വിസ്മയപൂർവ്വം) എനിക്കു മനസ്സിലാകുന്നില്ല ല്ലോ നിങ്ങൾ പറയുന്നതിന്റെ അർത്ഥം. എന്നോടു യുദ്ധത്തിനു നിങ്ങൾക്കു യാതൊരു കാരണവുമുള്ളതാ യി ഞാൻ കാണുന്നില്ലല്ലോ.

ഗന്ധർവ്വ :-- കാണുന്നില്ല ! അല്ലേ ? കാണാത്തതു നിങ്ങ ളുടെ കണ്ണിലെ ഐശ്വര്യതിമിരംകൊണ്ടാണു്. ഞാനും ചിത്രാങ്ഗദൻ, നിങ്ങളും ചിത്രാങ്ഗദൻ ! എന്തിന് എന്റെ പേർ നിങ്ങൾ അപഹരിച്ചു? വേ റെ വല്ല സ്വത്തുമാണു് കട്ടെടുത്തതെങ്കിൽ ഞാൻ വെറുതെ വിടുമായിരുന്നു. എന്നാൽ പേരു്--അ ച്ഛൻമടിയിൽ കിടത്തി ആചാര്യന്റെ ഉപദേശമ നുസരിച്ച ശുഭമുഹൂർത്തത്തിൽ എനിക്കിട്ട പേരു്-- അതു് അദ്ദേഹം എനിക്കു ശൈശവത്തിൽ സമ്മാ നിച്ച ചിന്താരത്നമാണു്. അതു് നിങ്ങൾ തട്ടിപ്പറി ച്ചു. ആ കുററത്തിന് മരണശിക്ഷയാണു് ഞാൻ നിങ്ങൾക്കു വിധിച്ചിരിക്കുന്നതു്. മനസ്സിലായോ?

മഹാരാ :-- ഇതു നല്ല വിനോദമായിരിക്കുന്നു! എന്നെയും നാമകരണത്താൽ സംസ്കരിച്ചതു് എന്റെ പിതാ വാണെന്നു നിങ്ങൾക്കു് അറിയരുതേ ? അതിനു ഞാ നെങ്ങനെ ഉത്തരവാദിയാകും ?

Digitized By Kerala Sahitya Akademi

ഗന്ധർവ് :—ഉത്തരവാദിയല്ലെങ്കിൽ വേണ്ട. എൻെറ പേർ ഇന്നുമുതൽ ഉപയോഗിക്കുകയില്ലെന്നു സത്യം ചെയ്യു. കട്ട മുതൽ തിരിയെത്തരു എന്നു സാരം. അങ്ങനെയായാൽ ഞാൻ ഒഴിഞ്ഞുമാറാം; എൻെറ അച്ഛൻ എനിക്കു പേരിട്ടതിൽപ്പിന്നെയാണു് നിങ്ങളുടെ അച്ഛൻ നിങ്ങൾക്കു പേരിട്ടതെന്നു് ഓർമ്മയുണ്ടല്ലോ.

മഹാ :—സ്നേഹിതാ! ക്ഷമിക്കൂ! നിങ്ങൾ ഒന്നുകിൽ കുടിച്ചിട്ടുണ്ടു്; അല്ലെങ്കിൽ നിങ്ങൾക്കു ഭ്രാന്താണു്.

ഗന്ധർവ് :—കുടിച്ചിട്ടുണ്ടെന്നുള്ളതു ശരിയാണു്. മനുഷ്യർക്കു ജലംപോലെയാണു് ഗന്ധർവന്മാർക്കു മദ്യം; അതു് അവർ എപ്പോഴും കുടിക്കും; പക്ഷേ കുടിച്ചാലും കാര്യമാണു് ഞാൻ സംസാരിക്കുന്നതു്. പിന്നെ ഭ്രാന്തെന്നു നിങ്ങൾ പറഞ്ഞ മഹാരോഗം എന്നെപ്പോലെയുള്ള ഒരു പരാക്രമശാലിയോടു വാക്‌സമരത്തിനു് ആരംഭിച്ചിരിക്കുന്ന നിങ്ങളെയാണു്, എന്നെയല്ല, ബാധിച്ചിരിക്കുന്നതെന്നു നിങ്ങൾ ധരിക്കേണ്ടതുണ്ടു്.

മഹാ :— നില്ക്കൂ! പാട്ടുകാരുടെ സ്വരം ഇത്ര പരുഷമായാലോ? ഞാനൊന്നുകൂടി ചോദിക്കാം. ഒന്നിലധികം ആളുകൾക്കു് ഒരേ പേർ പാടില്ലെന്നു് ഏതു നിയമസംഹിതയിലാണു് വ്യവസ്ഥ ചെയ്തിരിക്കുന്നതു്?

ഗന്ധർവ് :—എൻെറ സ്വന്തം നിയമസംഹിതയിൽ— ഞാൻ ഇപ്പോൾ ചിട്ടപ്പെടുത്തുന്ന ചട്ടത്തിൽ—എ

Digitized By Kerala Sahitya Akademi

ന്ന വാച്ചാളു! അതിന്റെ ഉപപത്തിയെപ്പററി ചോദിക്കാൻ നിങ്ങൾക്കു് എന്തധികാരം? ശക്തൻ വല്ലാത്ത ചട്ടം; അതു് അനുസരിക്കേണ്ടതു് അശക്തന്റെ കടമ.

മഹാ:—ഞാൻകൂടി ഈ പേർ ഉപയോഗിച്ചാൽ നിങ്ങൾക്കു് എന്താണു് അതുകൊണ്ടു നഷ്ടം?

ഗന്ധവ്:—എനിക്കോ? പറയാം. കവികൾ ചിത്രാംഗദനെപ്പററി കാവ്യങ്ങൾ നിർമ്മിക്കും; നർത്തകിമാർ ചിത്രാംഗദന്റെ അപദാനങ്ങൾ ഗാനം ചെയ്യും; എന്റെ പത്നിതന്നെ സ്വപ്നത്തിൽ ചിത്രാംഗദനിൽ താൻ അനുരക്തയാണെന്നു പറയും. ഇതെല്ലാം ഏതു ചിത്രാംഗദനെയാണു് പരാമർശിക്കുന്നതെന്നു് എനിക്കു് ഉറപ്പു വരുമോ? അതുകൊണ്ടു് ഇനി ലോകത്തിൽ ഒരു ചിത്രാംഗദനേ ജീവിച്ചിരിക്കാവൂ—നിങ്ങളോ, ഞാനോ. നിങ്ങളുടെ തലയിൽ ഇതൊന്നും കേറുകയില്ലെങ്കിൽ ആയുധംകൊണ്ടു ദ്വാരമുണ്ടാക്കി അതിൽക്കൂടി കേററാം.

മഹാ:—ഗന്ധവ്! ഇതുവരെ ഞാൻ ക്ഷമിച്ചു. ഇനി നിങ്ങൾ എന്നോടിത്തിരി കരുതിക്കളിക്കണം. ഞാൻ യുവാവാണു്, ക്ഷത്രിയനാണു്; ചക്രവർത്തിയാണു്. അതെല്ലാം അല്പമൊന്നു് ഓർത്തു പെരുമാറണം. നിങ്ങളുടെ ഭാര്യയെക്കൂടി ഇവിടെ കൊണ്ടുവന്നിട്ടുണ്ടോ?

ഗന്ധവ്:—ഇല്ല. അവൾ അതിസുന്ദരിയാണു്. ആ ചോദ്യം എന്തിനാണു് നിങ്ങൾ ചോദിച്ചതു്?

Digitized By Kerala Sahitya Akademi

മഹാ :—നിങ്ങൾ കൊണ്ടുവരികയില്ലെങ്കിൽ നിങ്ങൾക്കുതമ്മിൽ അത്രാളുമരെ ശത്രുതയുണ്ടെന്നും എനിക്കു മനസ്സിലാകുന്നു ; അതുകൊണ്ടു തന്നെ. അല്ലെങ്കിൽ ലോകത്തിൽ ഏതു ഭർത്താവെങ്കിലും ആത്മഹത്യ ചെയ്തു ഭാര്യയുടെ മങ്ഗല്യസൂത്രം ഛേദിക്കാറുണ്ടോ ?

ഗന്ധർവ് :—കുട്ടി ! എന്തു പറഞ്ഞു നീ? എന്നെക്കൊല്ലുമെന്നോ ? എന്നാൽ ആ പുതുമ ലോകം ഒന്നു കാണണം. കൊല്ലുമെന്നോ ? ആ വാക്കിൻെറ അർത്ഥം മരിക്കുമെന്നായിരിക്കും നീ ധരിച്ചിരിക്കുന്നതു്. അതുയല്ലേ പ്രായമുള്ളൂ !

മഹാ : —അല്ല ഗന്ധർവാ! ഞാൻ നിന്നെയും നിൻ്റെ വർഗ്ഗത്തെയും നല്ലപോലെ അറിയും. എന്താണ് നിങ്ങളുടെ ദൈനന്ദിനവൃത്തി ? നർത്തനവും സങ്ഗീതവും മദ്യപാനവും സ്ത്രീഭോഗവും ! ആയുധങ്ങൾ ? വീണയും മൃദങ്ഗവും ! സിംഹനാദം ? വായ്പാട്ട് ! കാമദേവൻെറ പുഷ്പബാണങ്ങളിൽനിന്ന് അനുനിമിഷം നിങ്ങളെ രക്ഷിക്കുന്നതു കാമിനികൾ. വലിയവനെ പുകഴ്ത്തുക ; എളിയവനെ ചവിട്ടുക ; ഇതാണ് നിങ്ങളുടെ തൊഴിൽ. ഭൂമിയിൽനിന്നു സ്വല്പപുണ്യം പൊതിച്ചോറായി കെട്ടിയെടുത്തുകൊണ്ടു സ്വർഗ്ഗത്തിലേക്കു പോയി അവിടെ, കഴിഞ്ഞ കഥയെല്ലാം മറന്നു, വരാൻ പോകുന്ന അവസ്ഥയെപ്പററി യാതൊന്നും ചിന്തിക്കാതെ, കുറേക്കാലം മൃഗങ്ങൾക്കും ലജ്ജ

Digitized By Kerala Sahitya Akademi

തോന്നുന്ന ജീവിതം നയിച്ച്, ധൂമകേതുക്കളുടെ മട്ടിൽ പുറന്തിരിഞ്ഞു്, ആ ഘോരാത്മാക്കൾക്കും വേണ്ടാത്ത തൻകടുകളായി അധഃപതിക്കുന്ന നിങ്ങളാണു് ഭാരതപരമേശ്വരന്മാരോടു പൊരുതാൻ വന്നിരിക്കുന്ന വീരശൂരന്മാർ ! വാളിനെ ജയിക്കുന്നതു വീണയാണെങ്കിൽ ആദിത്യനെ ജയിക്കുന്നതു് അന്ധകാരമാകണം. നിങ്ങൾ മാനത്തു പറക്കുന്ന പഞ്ഞിത്തുണ്ടുകൾ ; ഞങ്ങൾ ഭൂമിയിൽ ജ്വലിക്കുന്ന അഗ്നിശിഖകൾ. ഞങ്ങളുമായി എതിർക്കുമ്പോൾ കാണാം നിങ്ങളുടെ അന്തസ്സാരശൂന്യത്

ഗന്ധ :—ബാലാ ! നീ ഇടമറിയാതെ തുള്ളുന്നു. നിന്റെ ഈ പിഞ്ചുകഴുത്തു് എന്റെ ഉടവാൾകൊണ്ടു് അറുക്കേണ്ടിയിരിക്കുന്നുവല്ലോ. അതോർത്തു മാത്രം ഞാൻ തെല്ലൊന്നു ലജ്ജിക്കുകയാണു്.

മഹാ :—ആ ലജ്ജ വിവാഹവേദിയിൽ വരുന്ന അസൂര്യംപശ്യയായ ഒരു വധുവിന്റേതാണു്. പോരെന്തെന്നു നിങ്ങൾ ആദ്യമായി കാണാൻ പോകുന്നതല്ലേയുള്ളു ? ആ വരനെ ഞാൻ നിങ്ങൾക്കു് അതിവേഗത്തിൽ കാണിച്ചുതരാം. ബാല്യം മുതൽക്കുതന്നെ രാഗാലാപത്തിനു സാധകം ചെയ്തിട്ടുള്ളതാണു് നിങ്ങളുടെ കണ്ഠം ; അതുകൊണ്ടാണു് നിങ്ങൾ ഇങ്ങനെ ഒരോന്നു പല്ലവനം ചെയ്യുന്നതു്. ഞങ്ങൾ സാധകം ചെയ്തിട്ടുള്ള അവയവം ബാഹുവാണു്. പക്ഷേ അതു പ്രയോഗിക്കുന്നതു് ഒരതിഥിയുടെ നേർക്കു

Digitized By Kerala Sahitya Akademi

വേണ്ടിയിരിക്കുന്നുവല്ലോ എന്നോർത്തു ഞാനും ഖേദിക്കാതെയിരിക്കുന്നില്ല.

ഗന്ധർവ്:—കുമാരാ! ഞാൻ വന്നിരിക്കുന്നതു് അതിഥിയായിട്ടാണെങ്കിലും വരിക്കുന്നതു യുദ്ധഭിക്ഷയാണു്.

മഹാ:—ആരു് ഏതു ഭിക്ഷ യാചിച്ചാലും അതു നല്കി അവരെ അനുഗ്രഹിക്കേണ്ടതു ക്ഷത്രിയരാജാക്കന്മാരുടെ കർത്തവ്യമാണു്. നിങ്ങൾ ആശിക്കുന്ന ഭിക്ഷ തന്നെ നിങ്ങൾക്കു വാങ്ങാം. നമുക്കു ഹിരണ്വതീനദിയുടെ തീരത്തിലുള്ള പോർക്കളത്തിലേക്കു പോകുക. ഏതുമാതിരി യുദ്ധവും എന്തായുധവുമാണു് നിങ്ങൾക്കിഷ്ടം ?

ഗന്ധർവ്:—ഞാൻ സേനയെക്കൂടി കൊണ്ടുവന്നിട്ടില്ലാത്തതുകൊണ്ടു ദ്വന്ദ്വയുദ്ധം മതി. ആയുധം ഖഡ്ഗവുമാകട്ടെ. ശത്രുവിൻെറ ഗളഖണ്ഡനത്തിന് അതാണു് ഏററവും പററിയതു്.

മഹാ:—ആകട്ടെ. നിങ്ങൾ ഗന്ധർവ്വനായതുകൊണ്ടു വിശപ്പും ദാഹവുമുണ്ടായിരിക്കുകയില്ലല്ലോ. ഉണ്ടെങ്കിൽ പറയുക ; മൃഷ്ടാന്നം കഴിഞ്ഞിട്ടുപോകാം. അതിനും യുദ്ധത്തിനും തമ്മിൽ വൈരുദ്ധ്യമുണ്ടെന്നു ശങ്കിക്കരുതു്,

ഗന്ധർവ് :—എനിക്കു യുദ്ധഭിക്ഷയല്ലാതെ മററൊന്നും വേണ്ട.

മഹാ:—ശരി! പോകാം. ഞാൻ തയാറായി. സ്ഥലം ഹിരണ്വതീതീരം ; സമയം ഉത്തരക്ഷണം.

(അന്തർയ്യവനിക താഴുന്നു.)

Digitized By Kerala Sahitya Akademi

ഭീഷ്മ:—(സത്യവതിയോട്) അമ്മേ! കണ്ടില്ലേ അനുജന്റെ തറവാടിത്തവും തന്റേടവും. അപ്പന്റെ നേർപകർപ്പുതന്നെ. ആതിഥ്യമര്യാദയിൽനിന്ന് അണുമാത്രം നീങ്ങുന്നില്ല; ആക്ഷേപശരങ്ങളെ പ്രത്യാക്ഷേപശരങ്ങൾകൊണ്ടു നിപുണമായി ഖണ്ഡിക്കുകയും ചെയ്യുന്നു. ഊക്കും ഉശിരുമുള്ള ക്ഷത്രിയരായാൽ ഇങ്ങനെതന്നെയിരിക്കണം.

സത്യ:—ഭീഷ്മ! ഉണ്ണിയുടെ പെരുമാററം നന്നായിരിക്കുന്നു. ചില പ്രത്യുക്തികളുടെ സ്വരം അല്പം മൂത്തുപോയിട്ടുണ്ടെങ്കിൽ ചെറുപ്പമാണെന്നു സമാധാനപ്പെടാവുന്നതുമാണു്. (വിചിത്രവീര്യനെ നോക്കി) മകനെ! വിചിത്രവീര്യ! നീയും നിന്റെ ജ്യേഷ്ഠന്റെ പാദമുദ്രകളിൽക്കൂടി സഞ്ചരിക്കണം. ജഗദേകവീരനെന്നുപേർ കേൾപ്പിക്കണം.

(അന്തർയ്യവനിക വീണ്ടും ഉയരുന്നു. ഖഡ്ഗപാണികളായി രണ്ടു ചിത്രാംഗദന്മാരും പൊരുതുന്നു.)

ഗന്ധർവൻ വെട്ടേററു താഴെ വീഴുന്നു. ആഘാതത്തിന്റെ ഖഡ്ഗം രണ്ടു തുണ്ടമായി മുറിഞ്ഞു ദൂരെത്തെറിക്കുന്നു.)

മഹാ:—എന്തേ ഗന്ധർവ്വാ? എന്താണു് ദേഹത്തിൽ അങ്ങുമിങ്ങും തപ്പിനോക്കുന്നതു്?

ഗന്ധ:—എവിടെ മുറിഞ്ഞു എന്നു നോക്കുകയാണു്.

മഹാ:—ഒരിടത്തും മുറിവോ ഒരൊററപ്പോറൽപോലുമോ ഉണ്ടായിട്ടില്ല; എങ്ങുമൊരു വേദനയും കാണുകയില്ല.

Digitized By Kerala Sahitya Akademi

അങ്ങനെയുള്ള ഒരു വെട്ടാണതു്. നിങ്ങളെ നിലത്തു വീഴിക്കണമെന്നല്ലാതെ നിങ്ങൾക്കു പരുക്കേല്പിക്കണമെന്നു് എനിക്കു ഉദ്ദേശമില്ലായിരുന്നു.

ഗന്ധർവ്വ :—എന്റെ വാളെവിടെ ?

മഹാ :-അതുകൊണ്ടു് ഇനി നിങ്ങൾക്കു് ഉപയോഗമില്ല ; ആ ചങ്ങാതി തലയുമുടലും തമ്മിൽ വേർപെട്ടു ചാവേററുമററ നിർവ്വഹിച്ച പോരാളിയെപ്പോലെ അതാ കിടക്കുന്നു.

ഗന്ധർവ്വ :-മഹാരാജാവേ! ഞാൻ തൽകാലം പരാജിതനായി. എന്നെ കൊല്ലരുതേ! ഗന്ധർവ്വലോകത്തിലെ ഭോഗങ്ങൾ അനുഭവിച്ചു് എനിക്കു് ഇനിയും തൃപ്തി വന്നിട്ടില്ല.

(ദീനനായി മഹാരാജാവിന്റെ മുഖത്തേക്കു നോക്കുന്നു)

മഹാ :—നിങ്ങൾക്കു് അത്രമാത്രം ജീവിതത്തിൽ കൊതിയുണ്ടെങ്കിൽ എന്തിനാണു് യുദ്ധത്തിനു പുറപ്പെട്ടതു് ? ഇതു സദ്‌വൃത്തമല്ലല്ലോ. എന്തായാലും ശരീരം തളർന്നു്, ആയുധം ത്യജിച്ചു, പേടിച്ചരണ്ടു്, അഭയാർത്ഥിയായി മുന്നിൽ കിടക്കുന്ന നിങ്ങളെ ഞാൻ പ്രഹരിക്കുമെന്നു നിങ്ങൾ സ്വപ്നത്തിൽപോലും ശങ്കിക്കേണ്ടതില്ല. ആർത്തത്രാണം ഞങ്ങളുടെ ലോകത്തിൽ ക്ഷത്രിയന്മാർ ആചരിച്ചുവരുന്ന സാമാന്യധർമ്മമാണു്—വിശേഷിച്ചു പൌരവന്മാർ.

ഗന്ധർവ്വ :— ആ വാഗ്ദാനത്തിനു ഞാൻ കൃതജ്ഞനായിരിക്കുന്നു.

Digitized By Kerala Sahitya Akademi

മഹാ :—എന്നാൽ നിങ്ങളെ ഞാൻ വിട്ടയയ്ക്കുന്നമെങ്കിൽ നിങ്ങൾ ഈ സാഹസത്തിന് ഒരു പ്രായശ്ചിത്തം ചെയ്യേണ്ടിവരും. എന്നോടുകൂടി രാജധാനിയിൽ വരണം; എൻെറ സൌഹാർദ്ദമധുരമായ ആതിഥ്യം സ്വീകരിക്കണം; രാത്രിയിൽ, സ്വർഗ്ഗസ്ഥനായ എൻെറ പിതാവിൻെറ പാവനചരിത്രത്തെ പരാമർശിച്ചു ദേവസ്ത്രീകൾ ഇന്ദ്രസദസ്സിൽ പാടുന്ന പാട്ടുകളിൽ ഒന്നു് എന്നേയും എൻെറ കുടുംബാംഗങ്ങളേയും പാടിക്കേൾപ്പിക്കണം. അതിനു വേണ്ട പക്കമേളം ഞാൻ യഥാശക്തി സജ്ജീകരിക്കാം. ഒടുവിൽ നൂറിഴയുള്ള ഒരു മുത്തുമാല എന്നിൽനിന്നു കലാപ്രകടനത്തിനു സമ്മാനമായി വാങ്ങി നിങ്ങളുടെ ലോകത്തിലേക്കു കൊണ്ടുപോയി അത്തു പ്രേയസിയുടെ കഴുത്തിൽ അണിയിക്കണം. അതുകൊണ്ടു് ആ സുന്ദരിയുടെ രാമണീയകം പതിന്മടങ്ങു വർദ്ധിക്കും. ആ പരിണാമം നിങ്ങൾക്കു് അഭിലഷണീയമല്ലെന്നു ഞാൻ അനുമാനിക്കുന്നു.

ഗന്ധ:—മഹാരാജാവേ! എൻെറ ആയുധം പൊയ്പ്പോയല്ലോ; അല്ലെങ്കിൽ ഞാൻ ഒന്നുകൂടി പയററിനോക്കുമായിരുന്നു.

മഹാ :—മരിച്ച മാറു എന്നാണു് ശാസ്ത്രം! അല്ലേ? അങ്ങനെയാകട്ടെ. ഇതാ എൻെറ ഈ വാൾ തന്നെ തരാം! വാങ്ങൂ. ഞാൻ വേറിട്ടൊന്നെടുത്തുകൊള്ളാം.

Digitized By Kerala Sahitya Akademi

(ഗന്ധർവ്വൻ മഹാരാജാവിന്റെ വാൾ സന്തോഷത്തോടുകൂടി വാങ്ങുന്നു. മഹാരാജാവു തനിക്കു മറെറാരു വാൾ കൊണ്ടു വരുവിക്കുന്നു. ഗന്ധർവ്വൻ മായയിൽ മറയുന്നു)

മഹാ :--ഇതെന്തത്ഭുതമാണു്? മേഘപടലം ചുററുപാടും വ്യാപിക്കുന്നു; മേല്ക്കുമേൽ ഇടിമുഴക്കം കേൾക്കുന്നു. അകാലവർഷത്തിനുള്ള ആരംഭമോ? ഗന്ധർവ്വനെ എങ്ങുമൊട്ടു കാണുന്നതുമില്ല. ഇതെല്ലാം ആ ശത്രുവിന്റെ മായയോ?

(ഗന്ധർവ്വൻ പിന്നിൽ നിന്നു വാളോങ്ങി മഹാരാജാവിന്റെ കഴുത്തിൽ വെട്ടുന്നു. വെട്ടു നേരെ കൊള്ളുന്നില്ല.)

ഇതാരാണു് പുറകിൽനിന്നു് എന്നെ വെട്ടുന്നതു്? ആ നീചൻ തന്നെയോ?

(ആദ്യത്തെ വെട്ടിനുമേൽതന്നെ ഗന്ധർവ്വൻ വീണ്ടുംവെട്ടുന്നു; മഹാരാജാവു കഴുത്തുമുറിഞ്ഞു ചോരയിൽ മുഴുകി നിലത്തുവീഴുന്നു. സത്യവതി മൂർച്ഛിക്കുന്നു; ഭീഷ്മനും വിചിത്രവീര്യനും കൂടി താങ്ങി ആസനത്തിൽ എടുത്തിരുത്തി ആശ്വസിപ്പിക്കുന്നു.)

മഹാ :-- ഹരേ! ജഗദീശ! വലിയ വേദനയില്ലെങ്കിലും വാൾ വന്നു കൊണ്ടതു മർമ്മത്തിലാണു്; മരണത്തെപ്പററി ഇനി സംശയിക്കേണ്ടതില്ല.

ഗന്ധർവ്വ:--(ചിരിച്ചുകൊണ്ടു്) ഞാൻ തന്നെയാണു് നിങ്ങളെ വെട്ടിയതു്:--മായയിൽ മറഞ്ഞു്--മുന്നിൽവരാൻ ധൈര്യമില്ലായ്കയാൽ പിന്നിൽനിന്നു്--- നിങ്ങൾ എനിക്കു തന്ന നിങ്ങളുടെ സ്വന്തം വാൾ കൊണ്ടു്! ഇപ്പോൾ ആരു ജയിച്ചു? ആരു തോററു? ആരു പാടണം? ആ പാട്ടു് ആരു കേൾക്കണം? നിങ്ങൾ

Digitized By Kerala Sahitya Akademi

എനിക്കു വെണ്മുത്തുമാല തരാമെന്നു പറഞ്ഞു; ഞാൻ നിങ്ങൾക്കു് അതിലും വില കൂടിയ ഈ നിണപ്പവിഴമാല തന്നിരിക്കുന്നു.

മഹാ :--(നിലത്തു കിടന്നുകൊണ്ടു്) ഗന്ധർവ്വാ! നിങ്ങളുടെ അടവു കേമമായി. നിങ്ങൾ എന്നെ ജയിച്ചതായി ഞെളിയുന്നു; ആരു് ആരെ ജയിച്ചു എന്നു് ഇതെല്ലാം കണ്ടുനില്ക്കുന്ന ആ കർമ്മസാക്ഷിയായ ആദിത്യനോടു ചോദിക്കൂ. ഞാൻ നിങ്ങളുടെ മുന്നിൽ മുട്ടുകുത്തിയില്ല; പുഴു പിടയ്ക്കുംപോലെ പിടച്ചുകൊണ്ടു പ്രാണഭിക്ഷയ്ക്കിരന്നില്ല; ഉയർത്തിപ്പിടിച്ച എന്റെ ഈ മൂർദ്ധാവു് ഒരു നെല്ലിടപോലും താഴ്ത്തിയില്ല; പോർക്കളത്തിൽനിന്നു് ഒരിടത്തേയ്ക്കും ഓടിയില്ല; ആജിദേവതയെ പൃഷ്ഠം കാട്ടി അപമാനിച്ചില്ല; അനന്തമായ ആകാശത്തിന്റെ കീഴിൽ, എന്റെ പ്രിയമാതാവായ ഭാരതഭൂമിയുടെ മടിത്തട്ടിൽ, പരലോകയാത്രയ്ക്കു മുൻപായി അല്പമൊന്നു വിശ്രമിക്കുന്നു. വിശേഷിച്ചും ഞാൻ നിങ്ങളുടെ ബിഭീഷികയ്ക്കു വഴങ്ങി എനിക്കു നാമകരണം ചെയ്ത എന്റെ പിതാവിനെ ലജ്ജിപ്പിച്ചില്ല. ഞാനല്ല; നിങ്ങളാണു് പേർ മാററിയതു്. നിങ്ങളുടെ ഇടയിൽ 'ഹാഹാ' എന്നും, 'ഹൂഹൂ' എന്നും രണ്ടു രാജാക്കന്മാരുള്ളതായി കേട്ടിട്ടുണ്ടു്. ഇപ്പോൾ ജനങ്ങൾ 'ഹീഹീ' എന്നു പുച്ഛിക്കുന്ന ഒരു രാജാവുകൂടി അവരുടെ കൂട്ടത്തിലുണ്ടായി. നിങ്ങൾ എന്നെ ജയിച്ചതായി അഹ

Digitized By Kerala Sahitya Akademi

കരിക്കുന്നവല്ലോ. ഗ്യന്തായിരുന്ന നിങ്ങളുടെ ആ യുധം ? വാളല്ല ;വഞ്ചന. പാഴ്ക്കിണറുകൾ തള്ളിയിടും ; പാനീയകൾ കടിക്കും ; ജലാശയങ്ങൾ മുക്കും ; മിന്നൽപ്പിണറുകൾ ചുട്ടെരിക്കും ; ഇതൊന്നും പറയത്തക്ക വഞ്ചനയല്ല. മനുഷ്യൻ മനുഷ്യനെ ചതിക്കും ; മദ്ധ്യമലോകത്തിൽ വസിക്കുന്ന അവന് അത്രയ്ക്കേ മനസ്സംസ്കാരമുള്ളൂ. എന്നാൽ ദേവയോനികളെന്നു സ്വയം അഭിമാനിക്കുന്ന നിങ്ങളും ? നിങ്ങൾക്ക് എങ്ങനെ വഞ്ചന ഭൂഷണമാകും? അഥവാ രാക്ഷസന്മാരും, പിശാചുകളും നിങ്ങളെപ്പോലെതന്നെ ദേവയോനികളല്ലേ ? അവരുടെ ആചയ്യ നിങ്ങളിലും പകന്നിരിക്കുന്നു. അതല്ല നിങ്ങളും സാധുക്കളായ ഞങ്ങളുടെ ചില യുവതികളിൽ ആവേശിച്ച് അതിക്രമങ്ങൾ പ്രവത്തിക്കുന്നത്? നിങ്ങളെ മനുഷ്യരക്ഷകന്മാരെന്നു പറയുന്നവക്ക് നിശ്ചയമായും രേഫവും ഭകാരവും ഭിന്നവണ്ണങ്ങളാണെന്ന് അറിഞ്ഞുകൂടാ. ധർമ്മയുദ്ധത്തിൽ ഞാൻ നിങ്ങളെ മൃതനാക്കുന്നു. വഞ്ചന ഭീരുത്വത്തിൻെറ കൊടിയ മൃതപ്രായനാക്കി ; കൂടയുദ്ധത്തിൽ നിങ്ങൾ എന്നെ ടയാളമാണ് ; നപുംസകത്വത്തിൻെറ ജയോപകരണമാണ്. ഇല്ല ഗന്ധർവ്വാ, നിങ്ങൾ ഈ യുദ്ധത്തിൽ ജയിച്ചിട്ടില്ല; ഉണ്ടെങ്കിൽ അങ്ങനെ നേടിയ യശസ്സ് നിങ്ങളുടെ നഗരത്തിലേ വന്ധ്യാപുത്രന്മാരായ വാദ്യക്കാർ ശശവിഷാണങ്ങളിൽ ഊതി പ്രപഞ്ചത്തെ

Digitized By Kerala Sahitya Akademi

അറിയിക്കട്ടെ. നിങ്ങൾ എനിക്കുതന്നതു് വ്യസനമല്ല, നിങ്ങൾക്കു് വല്ല കീർത്തിയുമുണ്ടെങ്കിൽ അതിനെയാണു്. നിങ്ങളെപ്പോലെയുള്ള പുത്രന്മാർ ജനിക്കാതിരിക്കാൻ മാതാപിതാക്കന്മാർ ഈശ്വരനെ ഭജിക്കും; നിങ്ങളിൽനിന്നു സന്താനങ്ങളുണ്ടാകാതെയിരിക്കാൻ ഭാര്യമാർ വഴിപാടു കഴിക്കും. വിജയത്തെ തോല്പിക്കുന്ന ഒരു വക പരാജയമുണ്ടു്; അതാണു് എന്റെ പരാജയം. മൃത്യുവിനെ തലകുനിപ്പിക്കുന്ന ഒരു മാതിരി മരണമുണ്ടു്; അതാണു് എന്റെ മരണം. ക്ഷത്രിയക്കു് വിധിച്ചതും സമരശൂരന്മാർ കാംക്ഷിക്കുന്നതുമായ ആ മരണലാഭത്തിൽ ഞാൻ ആനന്ദിക്കുന്നു. എന്നേയും നിങ്ങളേയും ലോകം ഒരു കാലത്തും മറക്കുകയില്ല—രണ്ടും രണ്ടുപ്രകാരത്തിൽ. ആയിരം വർഷത്തെ ശ്യാമധൂമത്തെക്കാൾ അരനിമിഷത്തെ ദീപ്തവഹ്നിയായി ജീവിക്കുവാൻ ആരാണു് ആശിക്കാത്തതു്? ആ ആശ എനിക്കു ഫലിച്ചു; അതിനാൽ ഞാൻ ചരിതാർത്ഥനായി. യാഗംകൊണ്ടോ തപസ്സുകൊണ്ടോ ദാനംകൊണ്ടോ നേടാവുന്ന ഒരു ലോകത്തിലേയ്ക്കല്ല എന്റെ ഇപ്പോഴത്തെ പ്രയാണം. അതിന്റെ ലക്ഷ്യം രണാങ്കണത്തിൽ ജീവിതാർപ്പണം ചെയ്ത മഹാരഥന്മാർക്കു മാത്രം ലഭിക്കാവുന്ന ആദിത്യമണ്ഡലമാണു്. ഈ സ്ഫുലിംഗം അടുത്ത നിമിഷത്തിൽ ആ തേജോരാശിയിൽ വിലയം പ്രാപിക്കും "ഭഗവൻ! ഭ്രാത

Digitized By Kerala Sahitya Akademi

ഭവ്യേശ ! ന ജാനേ ഹിതമാത്മനഃ; ത്വമേവ സഞ്ചിന്ത്യ വിഭോ ഹിതം മേ ദാതുമർഹസി. ഓം നമോ നാരായണായ ! നാരായണ! നാരായണ! നാരായണ!

(മരിക്കുന്നു. സത്യവതി കണ്ണുനീർപൊഴിക്കുന്നുണ്ടെങ്കിലും ധൈര്യമവലംബിക്കുന്നു.)

ഗന്ധർവ്വ :— മരിച്ചുവോ മഹാരാജാവ്? (അടുത്തുചെന്നു.) മരിച്ചതായി സങ്കല്പിക്കാം; ശ്വാസോച്ഛ്വാസം നിന്നിരിക്കുന്നു. എന്നാൽ ഇപ്പോഴും ഇദ്ദേഹത്തിന്റെ മുഖത്തു തിളങ്ങുന്ന ക്ഷാത്രവീര്യം എന്നെ വിറകൊള്ളിക്കുന്നു. (പെട്ടെന്നു ഞെട്ടി പുറംകാട്ടു മാറിയിട്ട്) അയ്യോ! എന്താണ് ഈ ശരീരത്തിൽ നിന്നു പൊന്തുന്നതു്? ഒരു രൂപം!—വികൃതം, രൌദ്രം, ഭീഷണം; ഒരു കൊള്ളിപ്പിശാചു്! കണ്ണിൽ തീ; വായിൽ തീ; ദേഹമെങ്ങും തീ. അഴിഞ്ഞ ചിട, ചെമ്പിച്ച രോമം, വളഞ്ഞ വീരപ്പല്ല്, നീണ്ടിളകുന്ന നാക്ക്! കയ്യിൽ കുന്തം, കാലിൽ ചിലമ്പ്. എന്തൊരലച്ച്, എന്തൊരാർഭാടം! ഇതു മൃഗശരീരത്തിനു ചുററും കലികയറി ആർപ്പും കരവയുമിട്ടുകൊണ്ടു് തുള്ളിപ്പൊടിക്കുന്നു. ഇതായിരിക്കുമോ വീരഹത്യ എന്നു പറയുന്ന ആ ഘോരകൃത്യ? അതേ ! അതുതന്നെ. അയ്യോ! അയ്യോ! എന്റമ്മോ, അതെന്നെ കറുകറക്കടിച്ചുവലിച്ചു ചീന്തിത്തിന്നു ചോരകുടിക്കാൻ ചീറിയടുക്കുന്നു. ഇപ്പോഴും തിന്നും- ഈ നിമിഷത്തിൽ. മായയുടെ ബലംകൊണ്ടു മാനത്തിലേക്കു പറക്കാമോ? വയ്യ! മുകളിലും, താഴെയും,

Digitized By Kerala Sahitya Akademi

ചുററുപാടും അതിന്റെ ദുരന്തവും ദുസ്സഹവുമായ ജ്വാല ഞാൻ എവിടെയാററും ? ആരുടെ കാൽ പിടിക്കും ? ദേവരാജാവേ ! അങ്ങ് ഇങ്ങനെ എന്നെ കൊല്ലാക്കൊല ചെയ്ത് അകമെരുമൊരാർട്ടത്തു കണ്ണും കെട്ടിയിരുന്നുകൊണ്ടു കളികാണുന്നവരല്ലാ. അങ്ങയുടെ പൌരുഷമെവിടെ ? പ്രതികാരപാടവമെവിടെ? മകനല്ലേ ഒററക്കണ്ണൻ ? അങ്ങല്ലല്ലോ. ഈശ്വരൻ പ്രസാദിച്ച് അങ്ങേക്കു നേടുന്നില്ലെ ദേഹമെങ്ങും ആയിരമില്ലേ ആ ഇന്ദ്രിയം ? അതെല്ലാം പൊട്ടിയോ ? അയ്യോ ! ദൈവമേ ! എന്റെ നിലവിളി ഏതു ദൈവം കേൾക്കും ? മഹാരാജാവേ! അങ്ങയോടുകൂടി ഞാനും മരിക്കണമോ ? മഹാരാജാവേ, പിത്രാജ്ഞേ !

അണിയറയിൽ :— വത്സാ ! ഗന്ധവ് ! നീ പേടിക്കേണ്ട നിനക്കു താങ്ങായി ഞാൻ ഇപ്പോഴുമുണ്ട്. എന്റെ സ്ഥൂലശരീരത്തിൽ നിന്നു ജനിച്ച ആ കൃത്യയെ ഞാൻ എന്റെ സൂക്ഷ്മശരീരത്തിൽ ലയിപ്പിച്ചുകൊള്ളാം; നിനക്കു നിന്റെ ലോകത്തേയ്ക്കു നിർബാധമായി പോകാം; ഇനി ആരെയും ഇങ്ങനെ വഞ്ചിക്കരുത്.

ഗന്ധവ് :— ഇല്ല, മഹാരാജാവേ, ഒരിക്കലുമില്ല. വഞ്ചന തിരിഞ്ഞു വെട്ടുന്ന ഒരു വാളാണെന്ന് ഇപ്പോൾ ഞാൻ പഠിച്ചു ; ഈ പാഠം മറക്കത്തക്കതല്ല ; മറക്കുകയുമില്ല.

Digitized By Kerala Sahitya Akademi

അണിയറ:—മഹാരാജാവേ, ഇതിലേ, ഇതിലേ. അവിടത്തെ അശ്രുതപൂർവ്വങ്ങളായ ഇന്നത്തെ അപദാനങ്ങൾ നേരിട്ടുകണ്ടു് അത്ഭുതസ്തിമിതനായ ഭഗവാൻ സഹസ്രകിരണൻ അവിടത്തെക്കു സ്വാഗതമരുളാൻ ബദ്ധപ്പെടുന്നു. ഈ രഥത്തിൽ കയറുക; നമുക്കു് അങ്ങോട്ടേക്കു് അതിവേഗത്തിൽ പോകാം. ഇതിലേ, ഇതിലേ.

ഗന്ധവ് :—അതു് ആദിത്യദൂതന്റെ ആഹ്വാനമാണു്; അദ്ദേഹം ഇപ്പോഴേയ്ക്കും ആ ദേവന്റെ അതിഥിയായിക്കഴിഞ്ഞിരിക്കും. ഇവിടെയിങ്ങനെ കിടക്കുന്ന ഞാനോ? ഏതു നരകത്തിലാണു് എന്റെ ഈ ദുർഗ്ഗശരീരം—മഹാപാപപിണ്ഡം—കൊണ്ടു ചെന്നു പൂഴ്ത്തേണ്ടതു്? ഇല്ല; കാലന്റെ സംയമനിയിൽ എനിക്കു യോജിച്ച നരകമൊന്നുമില്ല. പുതിയതായി ഒന്നു് അദ്ദേഹം എനിക്കുവേണ്ടിയുണ്ടാക്കും; അതിലേയ്ക്കിണങ്ങിയ പുതിയ ഹിംസോപകരണങ്ങളും നിർമ്മിക്കും. പാട്ടുകാരൻ പയററിയാലത്തെ ഫലം! അയ്യോ! അയ്യോ!!

(കരഞ്ഞുകൊണ്ടു് രംഗം വിടുന്നു. അന്തർയ്യവനിക താഴുന്നു.)

ഭീഷ്മൻ:—(സത്യവതിയോടു്) അമ്മേ! ദൃശ്യം അവസാനിച്ചു. ഇതെല്ലാം യഥാർത്ഥസംഭവങ്ങളുടെ ചിത്രമാണു്. ഇതിലെങ്ങും അതിശയോക്തിയുടെ സ്പർശമില്ല. അമ്മേ! അമ്മയ്ക്കു വത്സനെപ്പററി തികച്ചും അഭിമാനം തോന്നുന്നില്ലേ? ചിത്രാംഗദൻ മരിച്ചിട്ടില്ല.

Digitized By Kerala Sahitya Akademi

ആ മാനധനൻ, സത്യസന്ധൻ, പ്രിയസാഹസൻ, പ്രചണ്ഡവിക്രമൻ, ആത്മത്യാഗി, പ്രാതഃസ്മരണീയൻ, ചിരഞ്ജീവിയായി പരിലസിക്കുന്നു — അദ്ദേഹത്തിന്റെ പ്രൌഢോദാരമായ ചരമാപദാനത്തിൽ ! അതു വെളിക്കൊള്ളുന്ന ഭാരതീയരുടെ ഹൃദയക്ഷേത്രങ്ങളിൽ ! വത്സന്റെ ജീവിതം പരിമിതമാണെങ്കിലെന്തു്? അതു കരിമ്പാറയല്ല ; കൌസ്തുഭരത്നമാണു്. അതിനൊരു നിത്യസൌന്ദര്യമുണ്ടു് — ആരോഹണത്തിലും അവരോഹണത്തിലും, ഉത്ഥാനത്തിലും നിപാതത്തിലും. നമുക്കു കുമാരനെ അഭിനന്ദിക്കാം ; അദ്ദേഹത്തിന്റെ ആദിത്യലോകാവാപ്തിയിൽ ആഹ്ലാദിക്കാം. വ്യാസജനനിയായ അമ്മ വത്സനാൽ ഒന്നുകൂടി വീരമാതാവായി.

സത്യ:— അതേ ! ഭീഷ്മ ! താൻ പറഞ്ഞതു പരമാർത്ഥമാണു്. ഇതുവരെ അടഞ്ഞിരുന്ന എന്റെ അന്തർദൃഷ്ടി ഇപ്പോൾ തുറന്നു. അതു, ഞാനായിരിക്കേണ്ട എന്നെ ഞാനല്ലാത്ത എനിക്കു കാണിച്ചുതന്നു. ഉണ്ണിയെപ്പററി ഇനി ഞാൻ ഒരിക്കലും വ്യസനിക്കുകയില്ല. മനസ്വിനിയായ എന്റെ മാതൃഭൂമിയെ ക്ഷാത്രിയോചിതമല്ലാത്ത ബാഷ്പധാര വീഴ്ത്തി വിഷാദിപ്പിക്കുകയില്ല.

വിചിത്ര:— അമ്മേ ! എനിക്കു തല കറങ്ങുന്നു.

സത്യ:—വ്യസനിക്കരുതു് വത്സ ! ഒന്നുകൊണ്ടും വ്യസനിക്കരുതു് ! സ്ത്രീജാതിയിൽപ്പെട്ട ഞാൻപോലും വ്യസ

Digitized By Kerala Sahitya Akademi

നിക്കുകയില്ലെന്ന് ശപഥം ചെയ്തുകഴിഞ്ഞുവല്ലോ! നിൻെറ ഈ കിരീടം വഹിക്കുന്ന മൂർദ്ധാവിലല്ലേ ഇനി നമ്മുടെ രാജ്യത്തിലെ സകലപ്രജകളും അവരുടെ ദുർഘടങ്ങളായ ദുഃഖഭാണ്ഡങ്ങൾ അശാന്തിരിക്കല്ലിലെന്നപോലെ ഇറക്കി നിർവൃതികൊള്ളേണ്ടത്?

വിചി:— അതേ! അമ്മേ! അതു ഞാനറിയുന്നു. എൻെറ മനസ്സിനും ശരീരത്തിനും തമ്മിലുള്ള ഇപ്പോഴത്തെ അകല്ച ഈശ്വരൻ നികത്തട്ടെ.

(എല്ലാവരും പോകുന്നു)

(യവനിക)

രംഗം 4

സ്ഥലം:— ഭീഷ്മൻെറ പൂജാഗൃഹം.

സമയം:— പ്രഭാതം.

(പ്രഭാതത്തിലെ ദേവാരാധന കഴിഞ്ഞു ഭീഷ്മർ വെളിയിൽ വരുന്നു)

ഭീഷ്മൻ:— (സ്വഗതം) ഇന്നലത്തെ ദൃശ്യം അമ്മയെ അല്പം ആശ്വസിപ്പിച്ചതുപോലെ തോന്നി. എങ്കിലും മാതാവിനു പുത്രശോകമെന്നതു ജീവിതസമുദ്രത്തിലെ ബഡവാഗ്നിയാണു്; അതിനു പൂർണ്ണമായ ശാന്തി ഒരു കാലത്തും ഉണ്ടാകുന്നതല്ല. ഇന്നു് അതിൻെറ ജ്വാല ഒരങ്ഗുലം താണാൽ നാളെ രണ്ടടി ഉയരും. ആകസ്മികമായ ഒരു സ്മരണം മതി അതിനെ ഉൽക്കടമായി ഉദ്ദീപിപ്പിക്കാൻ. പിന്നെയെന്താണു്,

Digitized By Kerala Sahitya Akademi

ഇക്കാര്യത്തിൽ ശാശ്വതമായ ഒരു പരിഹാരമാർഗ്ഗം? എന്റെ ബുദ്ധിയിൽ ഒന്നേ തോന്നുന്നുള്ളൂ. വിചിത്രവീര്യൻ വേഗത്തിൽ വിവാഹം ചെയ്യണം; ആ വിവാഹത്തിന്റെ ഫലമായി പൌരവവംശം വർദ്ധിക്കണം. ആ അരുമക്കിടാങ്ങളെ അമ്മ മാറത്തണയ്ക്കും; ഉമ്മവെയ്ക്കും; അവയുടെ പാൽപ്പുഞ്ചിരി-വാനത്തുനിന്നു ഭൂമിയിൽ വന്ന ദേവസ്ത്രീകൾ കൊഞ്ചിക്കളിപ്പിക്കുന്ന നക്ഷത്രങ്ങളുടെ പ്രകാശം—നന്ദനവനത്തിൽനിന്നു ദേവസ്ത്രീകൾ താഴോട്ടുക്കു വിതറിത്തരുന്ന പാരിജാതപുഷ്പങ്ങളുടെ വികാസം — അതിൽ അമ്മ തന്നെത്താൻ മറക്കും; മയങ്ങും; മത്താടും. അങ്ങനെ ഇന്നത്തെ ചൂട് കാലാന്തരത്തിൽ തെല്ലൊന്നു തണുക്കും. അതുകൊണ്ടു് ഉണ്ണിയുടെ വിവാഹവിഷയത്തിലാണു് ഞാൻ ഉടനടി ശ്രദ്ധിക്കേണ്ടതു്. ഏതായാലുമൊന്നു ഞാൻ ഉറച്ചു സ്വധർമ്മത്യാഗത്തിൽ നിന്നു ലഭിക്കാവുന്ന നിർവ്വാണത്തിൽ എനിക്കു് ആശയില്ല. അതുകൊണ്ടു ഞാൻ കുറേക്കാലത്തിനു മുൻപു വച്ചൊഴിഞ്ഞ വില്ലുമമ്പും ഇന്നു് എന്റെ ഇഷ്ടദേവതകളെ പ്രാർത്ഥിച്ചുകൊണ്ടു് ഇതാ വീണ്ടും കയ്യിലെടുത്തിരിക്കുന്നു; പഴയപോലെ ക്ഷത്രിയനായിത്തീർന്നിരിക്കുന്നു. എന്റെ അച്ഛനോടു് അദ്ദേഹത്തിന്റെ അന്ത്യകാലത്തിൽ ഞാൻ ചെയ്ത പ്രതിജ്ഞ എനിക്കു പരിപാലിക്കേണ്ടതുണ്ടു്. അനുജന്റെ രാജ്യഭാരം ശോഭനമാക്കേണ്ടതു് എന്റെ പ്രഥമമായ

Digitized By Kerala Sahitya Akademi

കർത്തവ്യമാണു്; അതു ഞാൻ പരിപൂർണ്ണമായി അനുഷ്ഠിക്കും; അതോടുകൂടി വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ലോകസേവ ചെയ്യും. അന്യരുടെ സുഖത്തിൽ സുഖിക്കും; ദുഃഖത്തിൽ ദുഃഖിക്കും; എനിക്കു പ്രത്യേകമായി ഒരു സുഖവുമില്ല, ദുഃഖവുമില്ല. അതായിരിക്കട്ടെ എൻെറ ജീവിതാദർശം; അതനുസരിച്ചു ലോകയാത്ര ചെയ്യുവാൻ ദേവന്മാർ എന്നെ അനുഗ്രഹിക്കട്ടെ. സർവ്വകർമ്മങ്ങളും പരമാത്മാവിൽ സമർപ്പിച്ചു് ഞാൻ ഫലാശക്തി പുരോഗമിക്കാം; ആ സാധന ആയുരന്തത്തിൽ എനിക്കു മോക്ഷലാഭത്തിനും ഉതകുമാറാകട്ടെ.

(തവണക്കാരൻ പെട്ടെന്നു പ്രവേശിക്കുന്നു.)

തവണ:— തിരുമേനി! മന്ത്രി എന്തോ തിരുമനസ്സുണർത്തിക്കുവാൻ വന്നിരിക്കുന്നു.

ഭീഷ്മൻ:— അകത്തു വിളിക്കൂ.

മന്ത്രി:— സ്വാമി! കാശിരാജാവിന്റെ മൂന്നു കുമാരിമാർക്കും മററന്നാൾ സ്വയംവരം നടക്കാൻ പോകുന്നതായി ചാരന്മാരിൽനിന്നറിഞ്ഞു. അതിനുള്ള ക്ഷണപത്രം ആ രാജാവു് ഇങ്ങോട്ടയച്ചിട്ടില്ല. ഇന്നലെവരെയും വന്നുചേരുമെന്നു വിചാരിച്ചു കാത്തിരുന്നു. ആ കാര്യത്തെപ്പററി ഇവിടെനിന്നു് എന്തു ചെയ്യണമെന്നു് പര്യാലോചിക്കാനാണു് ഞാൻ ഇങ്ങോട്ടു പോന്നതു്.

Digitized By Kerala Sahitya Akademi

ഭീഷ്മർ:—സ്വയംവരം മററന്നാൾ! ക്ഷണനപത്രം ഇന്നുവരെ വന്നിട്ടില്ല! അല്ലേ? മേൽ വേണ്ടതെന്തെന്നു് അമ്മയുമായി ആലോചിച്ചതിനുമേൽ പറയാം. ഏതായാലും ഞാൻ പോകണമെന്നുതന്നെയാണു് ഉദ്ദേശിക്കുന്നതു്, ബാഭ്രവ്യ!

മന്ത്രി:— അമ്മമഹാറാണി ഇങ്ങോട്ടെഴുന്നള്ളുന്നുണ്ടു്. ഇതിനെപ്പററി ആലോചിക്കാൻ തന്നെയാണു് എന്നു് എന്നോടു കല്പിച്ചു. അവിടുന്നു കാശിയിലേക്കു് എഴുന്നള്ളണം; ആ അഹങ്കാരിയെ ഒരു പാഠം പഠിപ്പിക്കണം. കാശിയിൽനിന്നു നമുക്കുണ്ടായ ഈ അവമാനം ആദ്യത്തേതാണു്; അവസാനത്തേതുമായിരിക്കണം ഇതു്.

ഭീഷ്മർ:— (ചെവികൊടുത്തു്) എഴുന്നള്ളിക്കഴിഞ്ഞുവല്ലോ.
(നടയിൽ പോയി അമ്മയെ വിനയപൂർവ്വം സൽകരിച്ചു കൂട്ടിക്കൊണ്ടുവന്നു പൂജാഗൃഹത്തിന്റെ മുൻവശത്തായി ഒരു പീഠത്തിൽ ഇരുത്തി താനും മററൊരു പീഠത്തിൽ ഇരിക്കുന്നു.)

ഭീഷ്മർ:—ബാഭ്രവ്യ! താന്റെ അഭിപ്രായം ഞാൻ ധരിച്ചുകഴിഞ്ഞു. ഇപ്പോൾ തനിക്കു പോകാം.

(മന്ത്രി പോകുന്നു.)

(സത്യവതിയോടു്) അമ്മയെന്തേ ഇങ്ങോട്ടെഴുന്നള്ളിയതു്?

സത്യ:—പറയാം. ഭീഷ്മർ ധനുർദ്ധരനായി നില്ക്കുന്നുവല്ലോ! എവിടെയ്ക്കെങ്കിലും യാത്ര പുറപ്പെട്ടിരിക്കയാണോ?

Digitized By Kerala Sahitya Akademi

ഭീഷ്മൻ:— അല്ലമ്മേ! ഞാൻ മേലൊരിക്കലും സ്പർശിക്കുക യില്ലെന്നു വച്ചിരുന്ന ആയുധങ്ങൾ ഇപ്പോൾ വീണ്ടും പരിഗ്രഹിച്ചു കൊള്ളുന്നു തുണനില്ക്കാൻ— പൌരവവംശത്തെ സംരക്ഷിക്കാൻ—അച്ഛനോടു ഞാൻ ചെയ്ത പരമപ്രതിജ്ഞ നിറവേററാൻ.

സത്യ:— നന്നായി ഭീഷ്മ! ഇനി ഹസ്തിനപുരത്തിന് ആപൽഭയമില്ല.

ഭീഷ്മൻ:—ഈ നിമിഷം തുടങ്ങി ഏതു ശത്രു എവിടെനിന്നു വന്നാലും എൻെറ ശവശരീരത്തിൽ ചവിട്ടീട്ടു വേണം ഈ കോട്ടയ്ക്കകത്തു കേറാൻ.

സത്യ:— കാശിരാജാവിൻെറ പുത്രിമാരുടെ സ്വയംവരവൃത്താന്തത്തെപ്പററി മന്ത്രി അറിയിച്ചതു കേട്ടില്ലേ?

ഭീഷ്മൻ:—കേട്ടു. കേട്ടപ്പോൾത്തന്നെ അമ്മയെക്കണ്ട് അതിനെപ്പററി ആലോചിക്കണമെന്നുവച്ചു ഞാനും അങ്ങോട്ടു പുറപ്പെടുകയായിരുന്നു.

സത്യ:—ആ കുമാരിമാർ സൌന്ദര്യവതികളും ബുദ്ധിശാലിനികളും വൈദുഷ്യസമ്പന്നകളുമാണെന്നു കേട്ടിട്ടുണ്ട്. പരസ്പരസ്നേഹം അവരുടെ പ്രത്യേകഗുണമാണത്രേ. നമുക്കു വാസ്തവത്തിൽ മൂന്നു കുമാരന്മാർ ഈ കുടുംബത്തിൽ ദാരപരിഗ്രഹം ചെയ്യുന്നതുണ്ടായിരുന്നു. ഒന്നു, ഭീഷ്മർ—എന്താ ചിരിക്കുന്നതു ഭീഷ്മ?—ഭീഷ്മർ തന്നെ; രണ്ടു, ചിത്രാങ്ഗദൻ — അയ്യോ! എൻെറ ചിത്രാങ്ഗദൻ; മൂന്ന്, ഉണ്ണി വിചിത്ര

Digitized By Kerala Sahitya Akademi

വീര്യൻ. അങ്ങനെ മൂന്നു സ്നുഷകളെ ലഭിക്കാൻ എനിക്കു തികച്ചും അവകാശമുണ്ടായിരുന്നു. ആ ലാഭങ്ങളിൽ ഒന്നിനു ഞാനും അതിന്റെ പ്രതിക്രിയയോ എന്നു തോന്നുമാറു മറ്റൊന്നിനു ദൈവവും അഭാവം വരുത്തി. ഇനി അവശേഷിക്കുന്നതു വിചിത്രവീര്യന്റെ വിവാഹം മാത്രമാണു്. കാശിരാജാവിന്റെ മൂന്നു പെൺകിടാങ്ങളെയും നമ്മുടെ ഉണ്ണിയെക്കൊണ്ടു തന്നെ പാണിഗ്രഹണം ചെയ്യിച്ചാലോ എന്നാണു് ഞാൻ വിചാരിക്കുന്നതു്. ഒരു മകനെ മാത്രം പ്രസവിച്ച സ്ത്രീ വന്ധ്യയാണെന്നു പറയാറുണ്ടു്. ലൗകികകാര്യങ്ങളെ സംബന്ധിച്ചിടത്തോളം എനിക്കിപ്പോൾ ഒരു പുത്രനേയുള്ളൂ? അയാൾക്കു് അനുദിനം ശരീരം ക്ഷയിച്ചുവരുന്നു—വേനൽക്കാലത്തെ പുഴവെള്ളം പോലെ. ഈശ്വരന്റെ കാരുണ്യവർഷംകൊണ്ടുവേണം വീണ്ടും അതു പൂർവസ്ഥിതിയെ പ്രാപിക്കാൻ. എന്തോ അപരിജ്ഞാതമായ ഒന്നു് അകത്തിരുന്നുകൊണ്ടു് ആ ശരീരത്തെ വരട്ടുന്നുണ്ടു്. രാജ്യഭാരം വരുത്തുന്ന ക്ലേശമായിരിക്കുമോ? അതല്ല; എന്തെന്നാൽ ഉണ്ണിയുടെ സിംഹാസനാരോഹണദിവസം മുതൽ ഇവിടത്തെ സകലകാര്യങ്ങളും പിന്നിൽനിന്നു നിർവ്വഹിക്കുന്നതു ഭീഷ്മനാണല്ലോ. ജ്യേഷ്ഠന്റെ അകാലമരണംകൊണ്ടുള്ള ദുഃഖമായിരിക്കുമോ? അതുമല്ല, കഴിഞ്ഞ സംഭവങ്ങളെപ്പറ്റി വ്യസനിക്കുന്നതു മൌഢ്യലക്ഷണമാണെന്നു

Digitized By Kerala Sahitya Akademi

ഭീഷ്മൻ തരം കിട്ടുമ്പോഴെല്ലാം അവരോടു് ഉപദേശിക്കുന്നുണ്ടല്ലോ. ഏതോ വല്ല രോഗത്തിൻെറയും ആരംഭമോ, ഭീഷ്മ? വൈദ്യന്മാർ ആശങ്കകൾക്കു് അടിസ്ഥാനമൊന്നുമില്ലെന്നു് ഉറപ്പു പറയുന്നുണ്ടു്; എന്നാൽ അവർക്കു് അന്നന്നുള്ള ദേഹസ്ഥിതിയെപ്പററി മാത്രമല്ലേ അറിവുള്ളു? ഇത്രമാത്രം ശോഷിച്ച ഒരു ശരീരം രോഗഗ്രസ്തമാകാൻ എത്ര സമയം വേണം? പറക്കാൻ തുടങ്ങുന്ന പൈങ്കിളിക്കുഞ്ഞിനോ വ്യാധൻെറ ബാണപാതം? വികസ്വരമായ പുഷ്പത്തിനോ വിഷക്രമിയുടെ ദംശനം? ഭീഷ്മ! എനിക്കിനി എന്തുണ്ടൊരു ഗതി? ആരുണ്ടൊരവലംബം? എന്നെച്ചുററിയ ശാപസർപ്പം എൻെറ സർവാംഗവും വരിഞ്ഞിരിക്കുന്നുവല്ലോ? ഉണ്ണിയുടെ ഓജഃക്ഷയം ഈ കുടുംബത്തിൻെറ സുകൃതക്ഷയത്തെയല്ലേ സൂചിപ്പിക്കുന്നതു്?

ഭീഷ്മൻ:— അമ്മ വീണ്ടും വിലപിച്ചു തുടങ്ങിയല്ലോ. കഴിഞ്ഞ സംഭവങ്ങളാൽ വ്യാകുലപ്പെടുന്നതാണു് വാസ്തവത്തിൽ മൌഢ്യം എനിക്കു തോന്നുന്നതു് ഉണ്ണിയുടെ ഈ വിഷണ്ണതയ്ക്കു കാരണം ഭ്രാതൃവിയോഗമെന്നാണു്; അതിനു സിദ്ധൌഷധമായി ഒന്നേ ഞാൻ കാണുന്നുള്ളു —വിവാഹം— അമ്മ നിർദ്ദേശിച്ചപരിഹാരം—അതുമാത്രം. അനുകൂലയായ വധുവിനു് ഒരു വരൻ തൻെറ ഹൃദയം സമർപ്പിക്കുമ്പോൾ അതിൽ പിന്നീടു് അനുരാഗത്തിനല്ലാതെ പരിതാപ

ത്തിന് അവിടെ കടന്നുകൂടുവാനെന്നത്രു പോയിട്ട ദൂരെനിന്ന് ഒന്നെത്തിനോക്കാൻ പോലും പഴുതു കിട്ടുകയില്ല.

സത്യ:—ശരിയാണത്. എന്നുതന്നെയല്ല, വല്ല കാരണത്താലും—ദൈവമേ ! അതു വിചാരിക്കുമ്പോൾ ഞാൻ നടുങ്ങിപ്പോകുന്നു—ഉണ്ണിക്കു ദീർഘായുസ്സോഗമില്ലെങ്കിൽ—ദൈവംതന്നെ ആ അമംഗളത്തിൽനിന്നു നമ്മെ രക്ഷിക്കട്ടെ—സന്താനങ്ങളെക്കണ്ടു കൊണ്ടെങ്കിലും—ഭീഷ്മ ! — ഞാനെന്തു പറയട്ടെ? (നെടുവീർപ്പിടുന്നു.)

ഭീഷ്മർ:—അങ്ങനെ നോക്കിയാലും ഉണ്ണിയുടെ വിവാഹം ഉടൻതന്നെ നടക്കണം. അമ്മ ആഗ്രഹിച്ചതുപോലെ ഒന്നിനുപകരം മൂന്നു തന്നെയാകട്ടെ പത്നിമാർ, അവരിൽ ഏതെങ്കിലും ഒരു രാജ്ഞിമാത്രം പ്രസവിച്ചാലും ആ വഴിക്കു വംശം വർദ്ധിക്കുമല്ലോ.

സത്യ:—പക്ഷേ കോസലൻ നമുക്കു ക്ഷണപത്രമയച്ചിട്ടില്ല. അതിനെന്തായിരിക്കാം കാരണം ? ഇന്നലത്തെ ദൃശ്യത്തിൽ ഗന്ധർവൻ പറഞ്ഞതു് ഇപ്പോഴും എൻെറ ചെവിയിൽ മാറെറാലിക്കൊള്ളുന്നു. "നിങ്ങളുടെ അമ്മമഹാറാണിയുടേതിനെക്കാൾ നികൃഷ്ടമല്ല എൻെറ ജാതി" എന്നല്ല ആ ദ്രോഹിയുടെ അവഹേളനം ? പാവനമായ പൌരവവംശത്തിന് ഞാൻ നിമിത്തം ഈ പാതിത്യം വന്നുവല്ലോ.

Digitized By Kerala Sahitya Akademi

ഭീഷ്മർ:—അതാണു് കാരണമെന്നു് എനിക്കു തോന്നുന്നില്ല. സന്ദേശവാഹകനു് എന്തെങ്കിലും അപകടം പററിയിരിക്കാം; അല്ലെങ്കിൽ അടിയന്തിരം സംബന്ധിച്ചുള്ള തിരക്കിൽ കാശിരാജാവു നമ്മുടെ അസ്തിത്വം വിസ്മരിച്ചിരിക്കാം. അതല്ല, കരുതിക്കൂട്ടിത്തന്നെയാണു് അങ്ങനെ പ്രവർത്തിച്ചതെങ്കിൽ ഇവിടെ വിവാഹോചിതന്മാരായ രാജകുമാരന്മാരില്ലെന്നു് അദ്ദേഹം സങ്കല്പിച്ചിരിക്കാം. അതൊന്നുമല്ല, ഭരതവംശത്തിന്റെ ധിക്കാരമാണു് അദ്ദേഹത്തിന്റെ ഉദ്ദേശമെങ്കിൽ അതിനെപ്പററി ചോദിക്കേണ്ടതുമുണ്ടു്. ഏതായാലും സ്വയംവരരൂപത്തിലല്ലേ ആ കന്യകമാരുടെ പരിണയം? അതിനു പ്രത്യേകമൊരു ക്ഷണം ഏതു ക്ഷത്രിയവീരനും ആവശ്യമില്ല; ആ പ്രഖ്യാപനം തന്നെ പര്യാപ്തമായ ആഹ്വാനമാണു്. ഞാൻ പോകാം; പോയി പീഡ്മശ്രുല്ലുകളായ ആ കിടാങ്ങളെ അപഹരിക്കാം; അപഹരിച്ചു് ഇവിടെ കൊണ്ടുവന്നു് അവരെ അനുജന്റെ പത്നിമാരാക്കാം.

സത്യ:—ഉണ്ണിക്കുട്ടി വരണമോ?

ഭീഷ്മർ:—വേണ്ടെന്നാണു് എന്റെ പക്ഷം.

സത്യ:—ഭീഷ്മർ നിശ്ചയിച്ചതുപോലെ നടക്കട്ടെ. അതെനിക്കും സമ്മതമാണു്; സന്തോഷമാണെന്നു വിശേഷിച്ചു പറയേണ്ടതുമില്ലല്ലോ. യാത്രയ്ക്കു് കഴിയുന്ന വേഗത്തിൽ ഒരുങ്ങിക്കൊള്ളു! ഏതു പ്രതിബന്ധ

Digitized By Kerala Sahitya Akademi

ത്തിന് അവിടെ കടന്നുകൂടുവാനെന്നല്ല പോയിട്ട് ദൂരെനിന്ന് ഒന്നെത്തിനോക്കാൻ പോലും പഴുത് കിട്ടുകയില്ല.

സത്യ:— ശരിയാണത്. എന്നുതന്നെയല്ല, വല്ല കാരണത്താലും—ദൈവമേ ! അതു വിചാരിക്കുമ്പോൾ ഞാൻ നടുങ്ങിപ്പോകുന്നു—ഉണ്ണിക്കു ദീർഘായുർയ്യോഗമില്ലെങ്കിൽ—ദൈവംതന്നെ ആ അമംഗലത്തിൽ നിന്നു നമ്മെ രക്ഷിക്കട്ടെ—സന്താനങ്ങളെക്കണ്ടു കൊണ്ടെങ്കിലും—ഭീഷ്മ ! — ഞാനെന്തു പറയട്ടെ?

(നെടുവീർപ്പിടുന്നു.)

ഭീഷ്മൻ:— അങ്ങനെ നോക്കിയാലും ഉണ്ണിയുടെ വിവാഹം ഉടൻതന്നെ നടക്കണം. അമ്മ അനുഗ്രഹിച്ചതുപോലെ ഒന്നിനുപകരം മൂന്നു തന്നെയാകട്ടെ പത്നിമാർ, അവരിൽ ഏതെങ്കിലും ഒരു രാജ്ഞിമാത്രം പ്രസവിച്ചാലും ആ വഴിക്കു വംശം വർദ്ധിക്കുമല്ലോ.

സത്യ:— പക്ഷേ കോസലൻ നമുക്കു ക്ഷണപത്രമയച്ചിട്ടില്ല. അതിനെന്തായിരിക്കാം കാരണം ? ഇന്നലത്തെ ദൃശ്യത്തിൽ ഗന്ധർവ്വൻ പറഞ്ഞത് ഇപ്പോഴും എൻെറ ചെവിയിൽ മാറെറാലിക്കൊള്ളുന്നു. "നിങ്ങളുടെ അമ്മമഹാറാണിയുടേതിനെക്കാൾ നികൃഷ്ടമല്ല എൻെറ ജാതി" എന്നല്ലേ ആ ദ്രോഹിയുടെ അവഹേളനം ? പാവനമായ പൌരവവംശത്തിന് ഞാൻ നിമിത്തം ഈ പാതിത്യം വന്നുവല്ലോ.

Digitized By Kerala Sahitya Akademi

ഭീഷ്മർ:—അതാണു് കാരണമെന്നു് എനിക്കു തോന്നുന്നില്ല. സന്ദേശവാഹകനു് എന്തെങ്കിലും അപകടം പററിയിരിക്കാം; അല്ലെങ്കിൽ അടിയന്തിരം സംബന്ധിച്ചുള്ള തിരക്കിൽ കാശിരാജാവു നമ്മുടെ അസ്തിത്വം വിസ്മരിച്ചിരിക്കാം. അതല്ല, കരുതിക്കൂട്ടിത്തന്നെയാണു് അങ്ങനെ പ്രവർത്തിച്ചതെങ്കിൽ ഇവിടെ വിവാഹോചിതന്മാരായ രാജകുമാരന്മാരില്ലെന്നു് അദ്ദേഹം സങ്കല്പിച്ചിരിക്കാം. അതൊന്നുമല്ല, ഭരതവംശത്തിൻെറ ധിക്കാരമാണു് അദ്ദേഹത്തിൻെറ ഉദ്ദേശമെങ്കിൽ അതിനെപ്പററി ചോദിക്കേണ്ടതുമുണ്ടു്. ഏതായാലും സ്വയംവരരൂപത്തിലല്ലേ ആ കന്യകമാരുടെ പരിണയം? അതിനു പ്രത്യേകമൊരു ക്ഷണം ഏതു ക്ഷത്രിയവീരനും ആവശ്യമില്ല; ആ പ്രഖ്യാപനം തന്നെ പര്യാപ്തമായ ആഹ്വാനമാണു്. ഞാൻ പോകാം; പോയി വീര്യശുല്കകളായ ആ കിടാങ്ങളെ അപഹരിക്കാം; അപഹരിച്ചു് ഇവിടെ കൊണ്ടുവന്നു് അവരെ അനുജൻെറ പത്നിമാരാക്കാം.

സത്യ:—ഉണ്ണിക്കൂടി വരണമോ?

ഭീഷ്മർ:—വേണ്ടെന്നാണു് എൻെറ പക്ഷം.

സത്യ:—ഭീഷ്മർ നിശ്ചയിച്ചതുപോലെ നടക്കട്ടെ. അതെനിക്കും സമ്മതമാണു്; സന്തോഷമാണെന്നു വിശേഷിച്ചു പറയേണ്ടതുമില്ലല്ലോ. യാത്രയ്ക്കു് കഴിയുന്ന വേഗത്തിൽ ഒരുങ്ങിക്കൊള്ളൂ! ഏതു പ്രതിബന്ധ

Digitized By Kerala Sahitya Akademi

രത്തെയും തരണം ചെയ്യുവാനുള്ള ശക്തി തനിക്കു സ്വതസ്സിദ്ധമാണെങ്കിലും അതിനു ഞാൻ കുലദേവതകളെക്കൂടി പ്രാർത്ഥിക്കാം. അവർ തനിക്കു മാർഗ്ഗത്തിൽ മംഗലദീപികകളായി പരിലസിക്കട്ടെ (പോകുന്നു.)

ഭീഷ്മർ:—(സ്വഗതം) അമ്മ പോയി. പാവം! ആ ഭാഗ്യഹീനയുടെ ആപത്തുകൾ അവസാനിച്ചതായി തോന്നുന്നില്ല. വിചിത്രവീര്യന്റെ നഷ്ടപ്രായമായ ആരോഗ്യം വീണ്ടെടുക്കാൻ അയാൾ കൈക്കൊള്ളുന്നതു വിവാഹമോ ബ്രഹ്മചര്യമോ? ബ്രഹ്മചര്യമാണെന്നു് അമ്മയുടെ മുഖത്തുനോക്കി നിത്യബ്രഹ്മചാരിയായ ഞാൻ, കുടുംബം കുററിമുടിയാൻ പോകുന്ന ഈ ദശാസന്ധിയിൽ, എങ്ങനെ പറയും? ആ വാഗ്വജ്രം കൊണ്ടു മാതൃഹത്യ ചെയ്യുവാൻ വേണ്ട അശ്മഹൃദയം എനിക്കു് ഈശ്വരൻ തന്നില്ലല്ലോ. എന്നുമാത്രമല്ല, ആഹ്വാനമില്ലാതെയാണു് ഞാൻ കാശിരാജ്യത്തേക്കു പോകുന്നതു്. അവിടെ കന്യകകളെ കാമിച്ചു വന്നു ചേരുന്ന രാജാക്കന്മാരോടു മാത്രമല്ല, കോസലൻ ക്ഷമായാചനം ചെയ്തില്ലെങ്കിൽ അദ്ദേഹത്തോടും എനിക്കു പൊരുതേണ്ടിവരും. യുദ്ധമെന്നതു വാസ്തവത്തിൽ എന്താണു്? സാമ്രാജ്യത്തിന്റെ സമൂലാഘാതം; നരലോകത്തിന്റെ നാരകീകരണം. വിരുദ്ധമുള്ള ഈ ശസ്ത്രഗ്രഹണം പെട്ടെന്നു് എന്തുവിധത്തിലൊക്കെയും എന്നെ വിഷമിപ്പിക്കുന്നു! എന്തെല്ലാമായാലും കന്യകമാരെ കൊണ്ടുവരാമെന്നു ഞാൻ

Digitized By Kerala Sahitya Akademi

അമ്മയ്ക്കു വാക്കുകൊടുത്തതുപോലെയായി. അതു നിരാശവരാനാകട്ടെ എന്റെ ഇഷ്ടപ്രാപ്തിക്കുള്ള ഉദ്യമം. വർത്തമാനകാലത്തിൽ വർത്തിക്കുക; വരുന്നതെല്ലാം വരട്ടെ; നടക്കുന്നതുപോലെയെല്ലാം നടക്കട്ടെ. വെറുതേയല്ല മുമുക്ഷുക്കൾ സർവ്വസംഗങ്ങളും സന്ത്യജിച്ചു വിജനപ്രദേശങ്ങളെ അഭയം പ്രാപിക്കുന്നതു്.

(പോകുന്നു)

(യവനിക)

മൂന്നാമങ്കം

രംഗം 1

സ്ഥലം :—കാശിരാജാവിന്റെ അരമന.

സമയം :—സായാഹ്നം ; ഉദ്ദേശം നാലുമണി.

(കോസലൻ ക്ഷീണിച്ചു് ആസനത്തിൽ ഇരിക്കുന്നു.)

കോസലൻ:— (സ്വഗതം) സ്വയംവരത്തിനു വേണ്ട സജ്ജീകരണങ്ങളെല്ലാം ഒരുവിധം നിറവേറി. സന്ദേശമയച്ച രാജാക്കന്മാർ മിക്കവാറും വന്നുകഴിഞ്ഞു. ജരാസന്ധൻ തുടങ്ങിയ ചില പ്രമാണികൾ, സാല്വൻ ഈ കന്യകമാരിൽ അനുരക്തനാണെന്നു തങ്ങൾക്കറിവുണ്ടെന്നും ആ നിലയ്ക്കു തങ്ങൾ സ്വയംവരത്തിൽ സന്നാഹിതരായി ബാഹുവീര്യം പ്രകടിപ്പി

Digitized By Kerala Sahitya Akademi

ക്കുന്നത്ത് അദ്ദേഹവുമായുള്ള സൌഹാർദ്ദത്തിനു പ്ര
തികൂലമായിരിക്കുമെന്നുള്ളതിനാൽ ഞാനാശാസ്യമാ
ണെന്നും, അറിയിച്ചിരിക്കുന്നു. അവരെങ്ങനെ ഇക്കാ
ര്യം മുൻകൂട്ടി അറിഞ്ഞു ? ആ ദുഷ്ടന്മാരും സാല്വനും
തമ്മിൽ അന്യോന്യം കൂട്ടുകെട്ടുണ്ടെന്നു് ഇപ്പോഴാണ
ല്ലോ ശരിക്കു മനസ്സിലാകുന്നതു്. അദ്ദേഹത്തിൻെറ
സ്വഭാവദോഷത്തെപ്പററിയുള്ള ലോകാപവാദം അ
ശേഷം അയഥാർത്ഥമല്ലെന്നു ഞാൻ പലവഴിക്കും ധ
രിച്ചുകഴിഞ്ഞു. ഇരിക്കട്ടെ. ഇപ്പോഴും അതു ചിന്താ
വിഷയമാക്കാൻ പാടുള്ളതല്ല. ആ കാർമേഘം ഈ
വസന്താകാശത്തെ മലിനമാക്കരുതു്. നാളെ എങ്ങ
നെയെങ്കിലും ഈ മഹോത്സവം ഒരുവിധം കഴിഞ്ഞു
കൂടിയാൽ മതിയായിരുന്നു എന്നു തോന്നിപ്പോകുന്നു.
പുരുഷദ്രവ്യസമ്പത്തു വേണ്ടുവോളം അതിനപ്പുറവും എ
നിക്കുണ്ടു്; എങ്കിലും ഓരോ കാര്യവും ഞാൻ തന്നെ
ക്ലേശിച്ചു നേരിട്ടന്വേഷിച്ചാലേ തൃപ്തിവരുന്നുള്ളൂ ;
അതുപോലെതന്നെ പത്മാവതിക്കും. മൂന്നു പെൺ
കിടാങ്ങളുടെ വിവാഹമല്ലേ ? ഇങ്ങനെ ഒരടിയന്ത
രം ഇനി ഞങ്ങൾക്കു് ഈ ജന്മത്തിൽ ആഘോഷി
ക്കാനില്ലല്ലോ. എല്ലാംകൊണ്ടും ഒരായാസം—ശരീ
രത്തിനും മനസ്സിനും ഒന്നുപോലെ.

ഹരിക്കാരൻ:—(പെട്ടെന്നു പ്രവേശിച്ചു്) ഹസ്തിനപുരത്തുനിന്നു
ഭീഷ്മമഹാരാജാവു് എഴുന്നള്ളിയിരിക്കുന്നു.

Digitized By Kerala Sahitya Akademi

കോസ :—(ഞെട്ടി) ആരു് ? ഭീഷ്മനോ ? എവിടെനിന്നു്? ഹസ്തിനപുരത്തുനിന്നോ ? തനിക്കു് ആരംഭത്തെററ പററിയില്ലല്ലോ.

ഹരി :—ഭീഷ്മൻ തന്നെ.

(കോസലൻ ഓടി വാതിൽക്കൽ ചെന്നു ഭീഷ്മനെ എതിരേററ കൊണ്ടുവന്നു, ആസനത്തിലിരുത്തുന്നു.)

കോസ :—(വിസ്മയിച്ചു്) ഭീഷ്മൻ എന്താണു് ഈ അനാമയത്തു് ഇങ്ങോട്ടുപോന്നതു് ? തീർത്ഥാടനവയ്യോ ക്ഷേത്രദർശനത്തിനോ ?

ഭീഷ്മൻ:—ആ ഉദ്ദേശവുമെനിക്കില്ലെന്നില്ല; അതു പക്ഷേ ആനുഷങ്ഗികമാണു്.

കോസ :—വിശ്വനാഥനെ ദർശിക്കേണ്ടതുണ്ടെങ്കിൽ അതിനു പററിയ അവസരമല്ല ഈ ബഹളകാലം എന്നു സൂചിപ്പിക്കാനാണു് ഞാൻ ഉപക്രമിച്ചതു്.

ഭീഷ്മൻ :– എനിക്കു് ഉടനടി ദർശിക്കേണ്ടതു വിശ്വനാഥനെയല്ല, കാശിനാഥനെയാണു് ; അതുകൊണ്ടാണു് നേരിട്ടു് ഇങ്ങോട്ടുതന്നെ പോന്നതു്.

കോസ :—ഞാൻ ഇപ്പോൾ ഒരു വലിയ തിടുക്കത്തിൽപ്പെട്ടു നട്ടംതിരിയുകയാണു്. എൻെറ പെൺകിടാങ്ങളുടെ വിവാഹം നാളെയാണെന്നു് അങ്ങു് അറിഞ്ഞുവോ എന്തോ ? ഏതായാലും ആ ശുഭകർമ്മം കഴിഞ്ഞു സൌകര്യമായി കളിച്ചുതൊഴുകയും മററും ചെയ്യാമല്ലോ. അങ്ങയെപ്പോലെയുള്ള വൃദ്ധന്മാരു

Digitized By Kerala Sahitya Akademi

ടെ അനുഗ്രഹവും ആശീർവാദവും നവദമ്പതിമാൎക്കു വേണ്ടതുമാണു്.

ഭീഷ്മൻ: — സ്വയംവരരീതിയിലാണു് വിവാഹമെന്നു കേട്ടുവല്ലോ.

കോസ :— അതെ.

ഭീഷ്മൻ :— അതിനു് എല്ലാ ക്ഷത്രിയരാജാക്കന്മാരേയും ക്ഷണിച്ചില്ലേ ?

കോസ :— ക്ഷണിച്ചു.

ഭീഷ്മൻ :— ഹസ്തിനപുരത്തേയ്ക്കു ക്ഷണപത്രമയയ്ക്കാത്തതെന്താണു് ? മറന്നിട്ടോ ?

കോസ :— മറക്കുകയോ ? അതൊരിക്കലുമില്ല. അവിടെനിന്നാരാണു് ഇങ്ങോട്ടുപോരാൻ ? ചിത്രാങ്ഗദമഹാരാജാവു മരിച്ചു നാട്ടുവാലായ്മപോലും കഴിഞ്ഞിട്ടില്ലെന്നാണു് ഞാൻ ധരിച്ചുവച്ചിട്ടുള്ളതു്. അങ്ങയെ ഈ ആഘോഷവേളയിൽ ഇവിടേയ്ക്കു ക്ഷണിച്ചുവരുത്തുന്നതു് അങ്ങേയ്ക്കുതന്നെ അവമാനമായിരിക്കും. ബ്രഹ്മചര്യവ്രതത്തിനും വിവാഹമഹോത്സവത്തിനും തമ്മിൽ തീരെ പൊരുത്തമില്ലല്ലോ.

ഭീഷ്മൻ :— മഹർഷിമാരെ ക്ഷണിക്കാറില്ലേ ? അവരുടെ ആശിസ്സു ലഭിക്കുന്നതിനുവേണ്ടി ?

കോസ :— (അല്പം ക്ഷോഭിച്ചു്) ഉണ്ടു് അങ്ങു ബ്രഹ്മചാരിയാണെന്നു കേട്ടിട്ടുണ്ടു് ; ബ്രഹ്മസാക്ഷാൽകാരം ലഭിച്ച

Digitized By Kerala Sahitya Akademi

മഹർഷിമാരുടെ കൂട്ടത്തിൽ അങ്ങുകൂടി ഉൾപ്പെട്ടുമെന്നു മനസ്സിലാക്കീട്ടില്ല. ഭീഷ്മർ ക്ഷത്രിയധർമ്മം സന്ത്യജിച്ചു; ബ്രാഹ്മണധർമ്മം പരിഗ്രഹിച്ചിട്ടുമില്ല; അതാണ് അദ്ദേഹത്തിന്റെ ഇന്നത്തെ സ്ഥിതി എന്നുപറഞ്ഞാൽ അബദ്ധമാകുമോ ?

ഭീഷ്മർ :—അതിരിക്കട്ടെ. ചിത്രാംഗദനോടുകൂടി പൌരവവംശം നിസ്സന്താനമായിട്ടില്ലെന്നും അവിടെ അദ്ദേഹത്തിന്റെ അനുജൻ വിചിത്രവീര്യൻ രാജ്യാധിഷിക്തനായിട്ടുണ്ടെന്നും അങ്ങു കേട്ടിട്ടില്ലായിരിക്കാം. ആവട്ടെ. ഞാൻ വന്ന കാര്യം തുറന്നു പറയാം ഇതു സ്വയംവരമാണ്. ഇതിൽവച്ചു ഞാൻ അങ്ങയുടെ മൂന്നു കുമാരികളേയും ഞങ്ങളുടെ ആ മഹാരാജാവിനുവേണ്ടി —ആവശ്യപ്പെട്ടാൽ സർവ്വശത്രുക്കളെയും ജയിച്ചു, സകലപ്രതിബന്ധങ്ങളേയും ശകലീകരിച്ചു്—സ്വീകരണമാണെങ്കിൽ സ്വീകരണം, അപഹരണമാണെങ്കിൽ അപഹരണം, ഏതിനും സന്നദ്ധനായി—ഹസ്തിനപുരത്തേക്കു കൊണ്ടുപോയി, അദ്ദേഹത്തെക്കൊണ്ടു പാണിഗ്രഹണം ചെയ്യിക്കും. എന്റെ അനുഗ്രഹവും ആശീർവാദവുമെല്ലാം ഞാൻ നല്കുന്നതു് അവിടെവച്ചു് ആ ദമ്പതികൾക്കായിരിക്കും. അതാണ് എന്റെ ആഗമനോദ്ദേശം.

(കോസലൻ അമ്പരന്നു ഭീഷ്മനെ ഉറ്റുനോക്കുന്നു.)

ഭീഷ്മർ :—രാജാവേ ! അന്ധാളിച്ചിട്ടു കാര്യമില്ല. ഭീഷ്മപ്രതിജ്ഞയെന്നൊന്നിനെപ്പററി അങ്ങു കേട്ടിട്ടു

Digitized By Kerala Sahitya Akademi

ണ്ടോ ? അതാണിതു് നാളെ സൂര്യനുദിക്കുമെങ്കിൽ
ആ പ്രതിജ്ഞ നിറവേറുകയും ചെയ്യും.

കോസ :— (കോപിഷ്ഠനായി) എന്നാൽ ഞാനും എന്റെ ആശയം തുറന്നു പറയാം ; പരിഭവിക്കരുതു്. കാശിരാജ്യം ഭാരതസാമ്രാജ്യംപോലെ വിശാലമല്ല; വിശ്രുതമല്ല ; സമ്പന്നമല്ല ; ശക്തിമത്തുമല്ല. എന്നാൽ അതിനുമുണ്ടൊരു പരിസരശുദ്ധിയും പാരമ്പര്യമഹിമയും. ഞങ്ങളുടെ കുലവും ചന്ദ്രവംശത്തിന്റെ ഒരു ശാഖയാണു്. നഹുഷചക്രവർത്തിയുടെ കനിഷ്ഠസഹോദരനായ ക്ഷത്രവൃദ്ധനായിരുന്നു അതിന്റെ കൂടസ്ഥൻ. അന്നുമുതൽ ഇന്നുവരെയുള്ള കൊള്ളക്കൊടുക്കയിൽ അതിൽ കറട്ടും കലർപ്പുമില്ലാത്ത ക്ഷത്രിയരക്തമല്ലാതെ സംക്രമിച്ചിട്ടില്ല. ഞങ്ങളുടെ കുലീനത പരിപാലിക്കുന്നതിൽ ഞങ്ങൾ നിഷ്കൃഷ്ടമായി ശ്രദ്ധിക്കുന്നവരാണു് ; ആ വിഷയത്തിൽ ഞങ്ങൾക്കു വിശ്വനാഥസ്വാമിയോടും ഭാഗീരഥീദേവിയോടും ഉത്തരവാദം ചെയ്യേണ്ടതുമുണ്ടു്. അതുകൊണ്ടു് അഗ്നിഭഗവാന്റെ സർവ്വഘസ്മരത ഞങ്ങൾക്കു് അഭിലഷണീയമാകുവാൻ നിവൃത്തിയില്ല. ഈ പീഠികയോടുകൂടി എനിക്കു് അങ്ങയോടു് ഒരു കാര്യം നിവേദനം ചെയ്യേണ്ടിയിരിക്കുന്നു. സത്യം പാഷാണംപോലെ കർക്കശമാണു് ; നാരാചം പോലെ നിശിതമാണു് ; സ്ഥാണുമൂർത്തിയെപ്പോലെ ദിഗംബരമാണു്. അതിനു് അസത്യത്തിന്റെ ആഹാര്യ

Digitized By Kerala Sahitya Akademi

ശോഭയില്ല; മോഹനസംഗീതമില്ല; വിലാസനൃത്തമില്ല. എങ്കിലും പാലിക്കേണ്ട ഘട്ടത്തിൽ അതു പാലിക്കാതെ നീക്കപ്പോക്കില്ലല്ലോ. അതുകൊണ്ടു പറയുകയാണു്. ദേവവ്രത! ക്ഷമിക്കണം.

ഭീഷ്മൻ :—പറയുക രാജാവേ! ഭയപ്പെടാതെ, പരിഭ്രമിക്കാതെ. സത്യം പറയാൻ ആർക്കു് ആരനുമതി നല്കണം?

കോസു :—പറയാം. അങ്ങയുടെ പിതാവായ ശന്തനമഹാരാജാവു്, അതിമാനുഷനായ ഒരു ചക്രവർത്തിയായിരുന്നു. അദ്ദേഹത്തിന്റെ അപദാനങ്ങൾ പൌരവകുലത്തിന്റെ പേരും പെരുമയും പതിന്മടങ്ങു വർദ്ധിപ്പിച്ചു. അദ്ദേഹത്തിനു ഭാഗ്യവശാൽ ആദ്യത്തെ പട്ടമഹിഷിയായി ലഭിച്ചതു്, അങ്ങയുടെ മാതാവു്, ഞങ്ങളുടെ കുലദേവത, ശ്രീപരമേശ്വരന്റെ ശിരോമാലിക, സാക്ഷാൽ ഭാഗീരഥീഭഗവതിതന്നെയായിരുന്നു. ആ ദാമ്പത്യം ചന്ദ്രവംശത്തിന്റെ യശസ്സൌധത്തിനു താഴികക്കുടം ചാർത്തി. എന്നാൽ കാലാന്തരത്തിൽ അതിനു വിച്ഛേദം വന്നു. പിന്നീടെന്താണു് നടന്നതു്? നാണംകൊണ്ടു് അതു പറയാൻ നാക്കു പൊങ്ങുന്നില്ല. അദ്ദേഹം ആരെയാണു് പരിഗ്രഹിച്ചതു്? കാളിന്ദിയിലെ കടത്തുകാരിയായ കാളി എന്ന മുക്കവക്കിടാത്തിയെ! സൌരഭ്യധാമമായിരുന്നു, യോജനഗന്ധയായിരുന്നു, ആ യുവതി; അവൾ വീശിയ വലയിൽ മഹാരാജാവു്

Digitized By Kerala Sahitya Akademi

മത്സ്യംപോലെ കടൎന്നുകയും ചെയ്തു. എന്തൊരു ദാരുണമായ അധഃപതനമായിരുന്നു അതു്? സത്യലോകത്തിൽ നിന്നു സൎപ്പലോകത്തേക്കു്! അത്യുച്ചന്മാൎക്കു സ്ഥാനഭ്രംശം വന്നാൽ അവരുടെ സ്ഥിതി അത്യന്തം നീചമായിത്തീരാതെ തരമില്ലല്ലോ. ആ അച്ഛസ്ഫടികവിഗ്രഹയായ ഗംഗാദേവി എവിടെ? ഈ ഇങ്ഗാലശ്രുപിണിയായ കാളിപ്പെണ്ണെവിടെ? ശന്തനു മഹാശയനല്ലെന്നു ഞാൻ വാദിക്കുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ ഈ അപഥസഞ്ചാരത്തെ ആൎക്കു് ന്യായീകരിക്കാം? ഏതു സ്മൃതിക്കു് അനകൂലിക്കാം? ഉച്ഛൃംഖലത്വത്തിനും വേണം ഒരു മട്ടും മാതിരിയും; സ്ത്രീലമ്പടത്വത്തിനും വേണം ഒരൊരൊരു സീമാപരിപാലനം. ഏതായാലും ആ അത്യുൽകടമായ അനാചാരം ക്ഷത്രിയജാതിക്കു പൊതുവിൽ തന്നെ ഒരു തീരാക്കളങ്കമായി പരിണമിച്ചിട്ടുണ്ടെന്നു് അങ്ങു ധരിച്ചിരിക്കേണ്ടതാണു്.

ഭീഷ്മൻ:—രാജാവേ! അങ്ങു് എന്റെ ക്രോധാഗ്നിയെ കല്പിച്ചുകൂട്ടി ഉദ്ദീപിപ്പിക്കുന്നുവെങ്കിലും സത്യബദ്ധനായ ഞാൻ അതിനെ അങ്ങയുടെ ഭസ്മീകരണത്തിനു് അഴിച്ചുവിടുന്നില്ല. അങ്ങു കേട്ടിട്ടുണ്ടോ വസിഷ്ഠമഹൎഷിയും അരുന്ധതീഭഗവതിയും കൂടിയാണു് പിതൃാധാനീയത വഹിച്ചു് എന്റെ പ്രിയമാതാവായ സത്യവതീദേവിയെ അച്ഛനെക്കൊണ്ടു കന്യകാദാനരൂപത്തിൽ വിവാഹം ചെയ്യിച്ചതെന്നും, ബ്രഹ്മജ്ഞാനി

Digitized By Kerala Sahitya Akademi

യായ യാജ്ഞവല്ക്യമഹർഷിയാണു് ആ മംഗലകർമ്മത്തിൽ ആചാര്യത്വം വഹിച്ചതെന്നും ? അമ്മ തന്നെ ചേദിരാജാവായിരുന്ന ഉപരിചരവസുവിന്റെ പുത്രിയാണെന്നും ?

കോസ :— കേട്ടിട്ടുണ്ടു്. അതെല്ലാം ശന്തനുമഹാരാജാവിന്റെ പ്രാഭവത്തെ പ്രകടീകരിക്കുന്ന ശബ്ദകോലാഹലം എന്നല്ലാതിൽ കവിഞ്ഞു വിവേകശീലന്മാർ അപ്പുറമൊന്നും വിശ്വസിക്കുന്നതല്ല. വീരാരാധനയ്ക്കു് ഏതു കല്പിതകഥയേയും പ്രസവിക്കുവാൻ പ്രയാസമില്ല ; വസിഷ്ഠനും അരുന്ധതിക്കും, യാജ്ഞവല്ക്യനല്ല, ത്രിശംകുസ്വർഗ്ഗം നിർമ്മിച്ച വിശ്വാമിത്രൻ കൂടിവച്ചന്നാലും, രാവിനെ പകലും അനീതിയെ നീതിയുമാക്കാൻ സാധിക്കുകയുമില്ല. അഥവാ കാളി ചേദിരാജാവിന്റെ പുത്രിതന്നെ ആയിക്കൊള്ളട്ടെ. അവളെ വളർത്തിയതു് ഉച്ചൈശ്രവസ്സല്ലെന്നും ഉച്ചൈശ്രവസ്സു കൈവർത്തനല്ലെന്നും ആരും ശഠിക്കുമെന്നു തോന്നുന്നില്ല. അങ്ങനെ വാലക്കുടിയിൽ വളന്നു. ശുദ്ധാശുദ്ധവിചാരം കൂടാതെ പുലന്ന ഒരു സ്ത്രീയെ ശന്തനു പരിഗ്രഹിച്ചു പട്ടമഹിഷിയാക്കിയതു നിങ്ങളുടെ വംശത്തിനു ഭൂഷണമാണെങ്കിൽ 'അസ്തു' എന്നല്ലാതെ എനിക്കു മറെറാന്നും പറയാനില്ല. അതേ ശ്വാസത്തിൽ മഹർഷിമാരേയും മഹാരാജാക്കന്മാരെയും ഒന്നുപോലെ മയക്കാൻ വേണ്ട കെല്പും കോപ്പും കാളിക്കുണ്ടായിരുന്നു എന്നു തലകുലുക്കിസ്സമ്മതിക്കുന്നതിനു സങ്കോചവുമില്ല.

Digitized By Kerala Sahitya Akademi

ഭീഷ്മൻ :—രാജാവേ ! അങ്ങ് അകന്നിടത്തോളവും അതി നപ്പുറവും അപവാദവിഷം ഛർദ്ദിച്ച് ഇവിടം ദുർഗ്ഗന്ധപൂരിതമാക്കിയിരിക്കുന്നു. അതിനു പകരം ചോദിക്കാൻ ഞാൻ ഇപ്പോൾ ഒരുങ്ങുന്നില്ല. എൻെറ അനുജൻെറ ശ്വശ്രുരനാകാൻ പോകുന്ന ഒരു ബുദ്ധിഹീനൻെറ അപരാധം അത് എത്രതന്നെ അസഹ്യമായാലും സഹിക്കാൻ വേണ്ട മനോനിയമനം എനിക്കുണ്ട്. കോസല ! ഞാൻ എൻെറ പ്രതിജ്ഞ ആവർത്തിക്കുന്നു. അങ്ങയുടെ മൂന്നു കന്യകകളേയും ഞാൻ ഹസ്തിനപുരമഹാരാജാവിൻെറ പത്നിമാരാക്കും, അങ്ങു സമ്മതിച്ചാൽ സമ്മതത്തോടുകൂടി ; വിസമ്മതിച്ചാൽ വിസമ്മതത്തെ തൃണവൽകരിച്ച്. എന്താണ് അങ്ങയുടെ മറുപടി ?

കോസ :—(അല്പമാലോചിച്ച്) കൂടെ ആരെല്ലാം വന്നിട്ടുണ്ട് ?

ഭീഷ്മൻ :—എന്നോടുകൂടിയോ ? ഇവിടെ ഇക്കാണുന്ന ഉടവാളും വില്ലുമമ്പും ; വെളിയിൽ രഥവും സൂതനും.

കോസ : വിചിത്രവീര്യനെക്കൂടി എന്തേ കൊണ്ടുപോരാഞ്ഞത് ? അദ്ദേഹം വയസ്സുകൊണ്ടു യുവാവാണെങ്കിലും വളച്ചകൊണ്ട് ഇന്നും ബാലനാണെന്നു കേട്ടിട്ടുണ്ട്. അദ്ദേഹത്തെയാണ് എൻെറ കിടാങ്ങൾക്കു വരനായി കരുതീട്ടുള്ളതെങ്കിൽ എന്തുകൊണ്ട് അവക്ക് അദ്ദേഹത്തിൻെറ മുഖദർശനംപോ

Digitized By Kerala Sahitya Akademi

ലും നിഷേധിക്കുവാൻ അങ്ങ തിടുക്കപ്പെടുന്നു? അത്രയ്ക്കു രോഗിയായിക്കഴിഞ്ഞുവോ അദ്ദേഹം ?

ഭീഷ്മർ :—മഹാരാജാവിന്റെ പ്രതിനിധിയായ ഞാൻ വന്നിട്ടുണ്ടല്ലോ ; അതു മതി.

കോസ :—അതു മതി അല്ലേ ? അങ്ങ് വേദവേദാംഗങ്ങളിലും ഇതിഹാസപുരാണങ്ങളിലും ധർമ്മശാസ്ത്രങ്ങളിലും മററും നിഷ്ണാതനെന്നാണല്ലോ കേട്ടിട്ടുള്ളതു്. ഇതാണോ അങ്ങയുടെ നീതിബോധം? ഈ അതിക്രമത്തിന്റെ പേരന്തെന്നു് അങ്ങ പറയുമോ? പട്ടാപ്പകൽ തീവെട്ടിക്കൊള്ളയെന്നു് എന്റെ പാണ്ഡിത്യശൂന്യമായ ഭാഷയിൽ ഞാൻ പറയുന്നു. കുലകന്യകകൾ അങ്ങയുടെ ഗണനയിൽ വെറും ജംഗമസാധനങ്ങൾ ! മാനമായി ജീവിതം നയിക്കുന്ന കുടുംബങ്ങളിൽനിന്നു തരംപോലെ തട്ടിപ്പറിക്കത്തക്ക പൊന്നുരുപ്പടികൾ !

ഭീഷ്മർ:-ഇതു സ്വയംവരമാണെന്നു് അങ്ങല്ലേ പെരുമ്പറയടിച്ചു ഘോഷിച്ചതു്? സ്വയംവരമാണെങ്കിൽ അതിനു് ഇത്തരത്തിൽ ചില ഭവിഷ്യൽഫലങ്ങൾ അനിവാര്യങ്ങളാണെന്നു് അങ്ങ ധരിക്കാത്തതു് എന്റെ കുററമാണോ ?

കോസ :— (വിനയമഭിനയിച്ച്) ഭീഷ്മ ! അങ്ങ മഹാരഥനാണെന്നു് എനിക്കറിയാം. അങ്ങയുടെ പരാക്രമം ഇവിടെ ഒരിടത്തു് ഇങ്ങനെ ഒതുങ്ങിക്കഴിയുന്ന എന്നോടാണോ കാണിക്കേണ്ടതു് ? അങ്ങേയ്ക്കു പററി

Digitized By Kerala Sahitya Akademi

യ പ്രതിയോഗിയാണോ ഞാൻ ? വിചിത്രവീര്യനെ കൊണ്ടു വിവാഹം ചെയ്യിക്കാൻ അങ്ങേയ്ക്കു വേറെ യുവതികളെ കിട്ടില്ലേ ? ഈ ഭാരതഭൂമിക്ക് അതിനു വേണ്ട വിസ്തൃതിയില്ലേ ? എന്തിനു് എൻെറ കിടാങ്ങളെ വാലത്തിയുടെ മകൻെറ കയ്യിൽ വലിച്ചെറിഞ്ഞുകൊടുത്തു കാശിരാജകലത്തെ കളങ്കപങ്കിലമാക്കുന്നു ? ഞാൻ പെട്ടെന്നുണ്ടായ കോപംകൊണ്ടു് എന്തെങ്കിലും അതിരുകടന്നു പറഞ്ഞുപോയിട്ടുണ്ടെങ്കിൽ അങ്ങെനിക്കു മാപ്പുതരണം ; ഈ സാഹസത്തിൽനിന്നു വിരമിച്ചു് എന്നെ അനുഗ്രഹിക്കണം.

ഭീഷ്മൻ :— ഇല്ല, രാജാവേ, ഈ ശപഥം ഞാൻ നിവ്വഹിക്കുകതന്നെ ചെയ്യും.

കോസ :— എന്നാൽ ഒരു കാര്യംകൂടി പറയാം. അങ്ങയുടെ അഭിവന്ദ്യയായ മാതാവാണു് ഈ രാജ്യത്തിൻെറ ദ്വാരപാലിക എന്നുള്ള വസ്തുതപോലും അങ്ങ മറന്നിരിക്കുന്നതിനാൽ എനിക്കു വേണ്ടി ഇക്കാര്യമെങ്കിലും ചെയ്യൂ. അങ്ങയുടെ ആ മാതാവു് ഏഴു ആൺകുട്ടികളെ കഴുത്തു പിരിച്ചു തന്നിൽത്തന്നെ ലയിപ്പിച്ചു—സാധാരണന്മാരുടെ ഭാഷയിൽ, മുക്കിക്കൊന്നു. അങ്ങു് എൻെറ ഈ മൂന്നു പെൺകുട്ടികളേയും ആ ദേവിയുടെ വിരിമാറിലേക്കു് വീശിയെറിയൂ ! അവിടെ ആ കുട്ടികൾ കുടിച്ചു ചാകട്ടെ; അവരുടെ ശരീരങ്ങൾ സത്യവതിയെ പ്രസവിച്ച മകര

Digitized By Kerala Sahitya Akademi

മത്സ്യത്തിന്റെ ചാച്ച്ക്കാരും റേഷ്ടക്കാരും കൊത്തിത്തിന്നട്ടെ. ആത്മാക്കൾ ഗങ്ഗാനങ്ങത്താൽ വിശുദ്ധി നേടി പരമപദത്തെയും പ്രാപിക്കട്ടെ. അങ്ങേയ്ക്കു സ്ത്രീകളോടല്ലേ ജന്മശത്രുത ? ആ ശത്രുത ഇങ്ങനെയുള്ള ഒരു പ്രവൃത്തിരങ്ങത്തിലും പ്രത്യക്ഷപ്പെടട്ടെ. പിന്നെയും നാലു പെൺകുട്ടികളെക്കൂടി ആവശ്യം വരുമ്പോൾ ഇത്തരത്തിൽതന്നെ വധിച്ചു യഥാകാലം അമ്മയുടെ മകനെന്ന പേരിന് അങ്ങേയ്ക്കു പൂർണ്ണാവകാശിയാകുകയും ചെയ്യാം. അയ്യോ ! ഞാനെന്തു പുലമ്പി ! ദേവീ ! ഭാഗീരഥി! എന്റെ ഈ ആക്രോശം ക്ഷമിക്കണമേ ! (അല്പമാലോചിച്ച്) അല്ല, ഭീഷ്മ ! തെററിപ്പോയി. ആ അരുമക്കിടാങ്ങളുടെ അപമൃത്യു കണ്ടുകൊണ്ടു ഞാനും എന്റെ പത്മാവതിയും ജീവിച്ചിരിക്കില്ല. ആദ്യമായി ഞങ്ങളെത്തന്നെ അങ്ങയുടെ നിഷ്ഠൂരതയ്ക്കു ബലികൊടുക്കൂ ; പിന്നീടാവട്ടെ കിടാങ്ങളുടെ അപഹരണം ! (പിന്നെയുമാലോചിച്ച്) വേണ്ട ഭീഷ്മ ! കുട്ടികളെത്തന്നെ ആദ്യമായി പുഴയിലേ കയത്തിൽ കെട്ടിത്താഴ്ത്തൂ ! അല്ലെങ്കിൽ അവർ വിചിത്രവീര്യനെ പാണിഗ്രഹണം ചെയ്യുന്നതു ഞങ്ങൾ സ്വർഗ്ഗത്തിൽനിന്നു കണ്ടു കണ്ണീർപൊഴിക്കേണ്ടി വരും ; പ്രതിക്രിയാശൂന്യമായിരിക്കും അപ്പോഴത്തെ ഞങ്ങളുടെ അവസ്ഥ. ഇവ ടെയിരുന്നാൽ ആത്മഹത്യയെങ്കിലും ചെയ്തു കൃതാർത്ഥരാകാമല്ലോ. എന്തായാലും

Digitized By Kerala Sahitya Akademi

ഉച്ചൈശ്ശ്രവസ്സിന്റെ പൌത്രനെക്കൊണ്ടു് ഈ കന്യകകളുടെ പാണിപീഡനം—ഭാരതഭൂമിയിലെ സകലസജ്ജനങ്ങളുടെയും ഹൃദയപീഡനം—ധർമ്മജ്ഞനെന്നു പറയുന്ന അങ്ങായിട്ടു ചെയ്യിക്കരുതെന്നു ഞാൻ വീണ്ടും, വീണ്ടും, വിനയപൂർവ്വം പ്രാർത്ഥിക്കുന്നു.

ഭീഷ്മ :—ആ പ്രാർത്ഥന ഫലിക്കയില്ല. ഭീഷ്മന്റെ വാക്ക ശിലാരേഖപോലെ ചിരസ്ഥായിയാണു്. പ്രത്യേകിച്ചും അങ്ങു് ധർമ്മാധർമ്മങ്ങൾ വേർതിരിച്ചറിവാൻ കഴിവില്ലാത്ത ഒരു മിഥ്യാഭിമാനിയാണെന്നു ഞാൻ കാണുന്നു. എന്റെ വംശം അധഃപതിച്ചുപോയതായി അങ്ങു ജല്പിക്കുന്നു; അമ്മയുടെ മുഖമുദ്രണത്തിനു വേണ്ടിയെങ്കിലും എനിക്കു് ഈ വിവാഹത്തിന്റെ ഘടകനാകേണ്ട ആവശ്യമുണ്ടു്. അതുകൊണ്ടു ഞാൻ വീണ്ടും ഒരിക്കൽക്കൂടി അവസാനമായി ചോദിക്കുന്നു;—വിചിത്രവീര്യൻ അങ്ങയുടെ കന്യകകളെ വിവാഹം ചെയ്യുന്നതു് അങ്ങേയ്ക്കു സമ്മതമാണോ എന്നു് ?

കോസ :—ഞാനും വീണ്ടും അവസാനമായി ഉത്തരം പറയുന്നു,—മുക്കുവപ്പെണ്ണിന്റെ മകൻ എന്റെ കന്യകകളെ വിവാഹം ചെയ്യുന്നതു് എനിക്കു സമ്മതമല്ലെന്നു്—ഒരു പ്രാവശ്യമല്ല ആയിരംപ്രാവശ്യം. എനിക്കല്ല, ക്ഷത്രിയജാതിക്കല്ല, ആര്യസമുദായത്തിനല്ല,

Digitized By Kerala Sahitya Akademi

ദാരനഭ്രമിക്കല്ല, ഈശ്വരന്മാപോലും അതു സമ്മതമാകുകയില്ലെന്നു ഞാൻ ശപഥപൂർവ്വം പ്രവചനം ചെയ്യുന്നു.

ഭീഷ്മ :—ശരി, നാളെ സ്വയംവരമണ്ഡപത്തിൽ ഞാൻ എത്തിക്കൊള്ളാം.

കോസ :— ഇവിടെ വന്നസ്ഥിതിക്കു് എന്റെ ആതിഥ്യം സ്വീകരിക്കുന്നില്ലയോ ?

ഭീഷ്മ :—സത്യവതീദേവി നിങ്ങളുടെ ദൃഷ്ടിയിൽ പതിതയാണെങ്കിൽ ആ മാതാവുമായി പങ്ക്തിഭോജനം ചെയ്തിട്ടുള്ള ഞാനും പതിതനായിരിക്കണമല്ലോ. അതുകൊണ്ടു തൽകാലം അങ്ങു് എന്റെ സൽകാരം സംബന്ധിച്ചു യാതൊന്നും അന്വേഷിക്കേണ്ടതില്ല. നാളത്തെ ചടങ്ങുകഴിഞ്ഞാൽ നമുക്കു സഹഭോജനം ചെയ്യേണ്ട അവസരങ്ങൾ പലതും തനിയേ വന്നുചേർന്നുകൊള്ളും.

(ഭീഷ്മർ പോകുന്നു)

കോസ :— (സ്വഗതം) ഇതൊന്താരപ്രതീക്ഷിതമായ അശനിപാതമാണു് ! അഥവാ ഒന്നു നോക്കിയാൽ ഉർവ്വത്തനായ സാല്വന്റെ കയ്യിൽനിന്നു തെററിപ്പിഴയ്ക്കുന്നതും എന്റെ കിടാങ്ങൾക്കു് ഒരനുഗ്രഹമായിരിക്കും. പക്ഷേ അവർ ചെന്നു ചേരുന്നതെവിടെ?ഹസ്തിനപുരത്തിൽ, കാളിയുടെ സ്നുഷകളായി. കസ്തൂരിയുടെ പരിമളംകൊണ്ടു മത്സ്യഗന്ധംമാറും. അന്ത്യജത്വം മാറുമോ ? വിവാഹം കഴിഞ്ഞാൽ അവരെ

Digitized By Kerala Sahitya Akademi

ഞാൻ എങ്ങനെ സമീപിക്കും ? നാമൊന്നു കരുതുന്നു ; ദൈവമൊന്നു കല്പിക്കുന്നു. തിളച്ച വെള്ളത്തിൽ നിന്നു മോചനം ലഭിച്ചാൽ ചെന്നു വീഴേണ്ടതു തീക്കുണ്ഡത്തിലോ ? ഹാ ! എന്റെ ദൈവമേ ! പത്മാവതി എന്തിന്നു ഈ ഓമനകളെ പ്രസവിച്ചു ? ബ്രഹ്മാവു് അവക്കു് എന്തിനു് ആയുസ്സു് ഇത്രദൂരം ദീർഘമാക്കി ? ശംഭോ ! വിശ്വനാഥ ! എന്റെ തല ചുറ്റുന്നു. ഏതായാലും സാല്വനെ തൽക്ഷണം തന്നെ വിളിച്ചു വിവരം അറിയിക്കാം. ഈ വിപത്തു പ്രധാനമായി അഭിമുഖീകരിക്കേണ്ടതു് അദ്ദേഹമാണല്ലോ. നാളത്തെ യുദ്ധത്തിൽ ഇവർ രണ്ടുപേരും തമ്മിലടിച്ചു് ഒരുമിച്ചുതന്നെ മരിച്ചാലെങ്കിൽ !

(ചിന്താഗ്രസ്തനായി പ്പോകുന്നു)

(യവനിക)

രംഗം 2

സ്ഥലം :—കാശിരാജാവിന്റെ രാജധാനി : അന്തഃപുരത്തിൽ അംബയുടെ മുറി.

സമയം :—രാത്രി ഉദ്ദേശം എട്ടുമണി.

(അംബയും അംബികയും അംബാലികയും ആസനങ്ങളിൽ ഇരിക്കുന്നു.)

അംബ :—അനുജത്തിമാരേ ! നിങ്ങൾ ഒന്നു പാടുവിൻ ! ഞാൻ കേൾക്കാം.

അംബിക :—ചേട്ടത്തിക്കറിയാതേ ? ചേട്ടത്തിക്കല്ലേ ഞങ്ങളെക്കാൾ ശാരീരഗുണവും അഭ്യാസപാടവവും ?

Digitized By Kerala Sahitya Akademi

അംബ:— ഞാൻ പലതും ചിന്തിച്ച് അസ്വസ്ഥയായിരിക്കയാണ്. നിങ്ങളുടെ പാട്ടു കേട്ടാൽ ചെവിയെങ്കിലും ഒന്നു കളിരുമല്ലോ.

അംബിക:— എനിക്കു ചിന്തയൊന്നുമില്ല. ഞാൻ പാടാം. അംബാലികയ്ക്കോ?

അംബാലിക:—കൊച്ചേട്ടത്തിക്കില്ലെങ്കിൽ എനിക്കുമില്ല. ഏതു രാഗത്തിലാണ് പാടേണ്ടതെന്നു മാത്രം ഒരു ചിന്തയുണ്ട്. പറയൂ ചേട്ടത്തി? കണ്ഠാരമോ ധനാശിയോ?

അംബ: – കണ്ഠാരമോ ? കൊച്ചനുജത്തിക്കു ഭ്രാന്തുണ്ടോ ? ഇവിടെ ആരെങ്കിലും മരിച്ചുവോ ? നേരം പുലന്നാൽ നമ്മുടെ വിവാഹമായില്ലേ?

അംബാലിക:— മരിച്ചില്ലേ ചേട്ടത്തി ? മരിച്ചു. നമ്മുടെ സൈ്വരം, സ്വാതന്ത്ര്യം, സുഖം ! അവയുടെ അകാലമൃത്യുവിനെപ്പററി ദുഃഖകണ്ഠാരത്തിലല്ലാതെ മറെറന്തു രാഗത്തിലാണ് പാടേണ്ടതു് ?

അംബ:— ഇങ്ങനെയാണോ പാണിഗ്രഹണത്തെപ്പററി അംബാലിക ധരിച്ചുവച്ചിരിക്കുന്നതു് ?

അംബലിക:— പിന്നെ എങ്ങനെ ധരിക്കണം ? നാളെ മുതൽ നാം ഒരു പുരുഷന് അടിമകളാകാൻ പോകുകയല്ലേ ? അടിമകൾക്കു സ്വാതന്ത്ര്യമുണ്ടെന്നു ചേട്ടത്തി ശഠിക്കുകയാണെങ്കിൽ നിർവാഹമില്ല. പാണിഗ്രഹണം ചന്ദ്രഗ്രഹണത്തെക്കാൾ ഭയങ്കരമാണ്.

Digitized By Kerala Sahitya Akademi

ആകാശത്തിലെ ചന്ദ്രന് അല്പകാലം കഴിഞ്ഞാൽ മോചനം ലഭിക്കും. നവോഢയുടെ മുഖചന്ദ്രനോ ? അതിൽ കടന്നുകൂടുന്ന മ്ലാനത ആജീവനാന്തം നിലനില്ക്കും.

അംബ:— ആരു് ആർക്കു് അടിമയെന്നാണു് അംബാലിക നിരൂപിക്കുന്നതു് ? നാം പുരുഷന്നല്ല; പുരുഷൻ നമുക്കു്.

അംബാലിക:— അങ്ങനെയായിക്കൊള്ളട്ടെ; എന്നാലും എനിക്കീ അടിമയേർപ്പാടു പിടിക്കുന്നില്ല. ഒരു പുരുഷനെ അടിമപ്പെടുത്തി നാം അങ്ങോരുടെ തലയിൽ കേറി നിന്നു കുറേനേരം തുള്ളുന്നു എന്നുവയ്ക്കുക. അങ്ങോർ തക്കംനോക്കി തലവലിച്ചെടുത്തുകളഞ്ഞാലോ ? പരുക്കേല്ക്കുന്നതു നമുക്കല്ലേ ?

അംബ:— ഓ! പുരുഷൻ— അവൻ പണ്ടും തലവലിച്ചെടുത്തിട്ടുണ്ടു് ! അറിഞ്ഞിട്ടില്ലേ നാമെല്ലാം ? ബ്രഹ്മാവിന്നു നാളതുവരെ സാധിച്ചിട്ടില്ലാത്ത ചില സൃഷ്ടികളുണ്ടു്; അവയിലൊന്നാണു് ഭാര്യക്കു കീഴടങ്ങാത്ത ഭർത്താവു്. ആ വിദ്യ പഠിക്കുമോ എന്നു ചില പക്ഷികളിലും മൃഗങ്ങളിലും അദ്ദേഹം പരീക്ഷണം നടത്തുന്നുണ്ടു്; ആ പരീക്ഷണം അങ്ങിങ്ങു വിജയപ്രദമായി കാണുന്നുമുണ്ടു്. എന്നാൽ മനുഷ്യരിൽ ? അങ്ങനെയൊരു കരകൌശലത്തിനു വേറിട്ടൊരു വിരുതുവിരുതുകളും ഉണ്ടാകണം ! അംബിക എന്തേ മിണ്ടാതിരിക്കുന്നതു് ?

Digitized By Kerala Sahitya Akademi

അംബിക:— ഞാൻ നിങ്ങളുടെ വാദം കേട്ട രസിക്കുകയാണു്. എനിക്ക് ഈ വിഷയത്തിൽ സ്വന്തമായി ഒരഭിപ്രായവുമില്ല; ഉണ്ടെങ്കിൽത്തന്നെ അതു പറകയുമില്ല. ജ്യേഷ്ഠത്തിയോടു ചേന്നാൽ അനുജത്തി മുഷിയും; അനുജത്തിയോടു ചേന്നാൽ ജ്യേഷ്ഠത്തി കയക്കും. ഏതായാലും പാടണമെന്നല്ലേ ജ്യേഷ്ഠത്തി പറഞ്ഞതു്? പാടാം; പതിഞ്ഞ മട്ടിൽ ഒരു ശൃങ്ഗാരപ്പാട്ടു്; ശങ്കരാഭരണത്തിൽ.

അംബാ:— ഞാനും കൂടിച്ചേന്നു പാടാം. ചേട്ടത്തിക്കു തൃപ്തിയായാൽ ഒരു സമ്മാനം തരണേ!

(രണ്ടുപേരും ചേന്നു പാടുന്നു; അവസാനത്തിൽ അംബ തൻെറ കഴുത്തിൽ കിടന്ന ഓരോ മുത്തുമാല എടുത്തു അവരുടെ കഴുത്തിൽ ഇടുന്നു.)

അംബാലിക:— അതു നന്നായി. ഞങ്ങളും ഓരോ മാല ചേട്ടത്തിയുടെ കഴുത്തിൽ ഇടട്ടെ.

(അങ്ങനെ ചെയ്യുന്നു)

അംബ:— എന്തിനു്? നിങ്ങളുടെ പാട്ടു കേട്ടതിനോ?

അംബാലിക:—അല്ല. ഞങ്ങൾ രണ്ടുപേരും ചേട്ടത്തിയെയാണു് ഞങ്ങളുടെ ഭർത്താവായി—വ്യാകരണത്തെ വകവരാതെയിരിക്കാൻ ഭർത്ത്രിയെന്നുവേണമെങ്കിൽ പറഞ്ഞുകൊള്ളാം— കരുതീട്ടുള്ളതു്. അപ്പോൾ നമ്മുടെ വിവാഹം ഈ ശുഭമുഹൂർത്തത്തിൽ നടക്കുന്നതു സമുചിതമല്ലേ? അതാണു് ഈ മാല്യവിനിമയത്തിൻെറ അർത്ഥം.

Digitized By Kerala Sahitya Akademi

അംബ:— അമ്പടി കസൃതിക്കട്ടകൾ !

അംബിക:— ഇതു ഞങ്ങൾ എപ്പോഴുംപറയാറുള്ളതല്ലേ? ചേട്ടത്തിയുടെ ഭർത്താവുതന്നെ ഞങ്ങളുടെയും ഭർത്താവ്. അംബയെ അംബികയും അംബാലികയും ഒരു കാലത്തും വിട്ടു പിരിയാൻ നിശ്ചയിച്ചിട്ടില്ല. അങ്ങനെ എവിടെപ്പോയാലും ഞങ്ങൾക്കു കാശി രാജധാനിയിലെ അന്തഃപുരത്തിൽത്തന്നെ താമസിക്കാം. അതു മതി ഞങ്ങളുടെ നിർവൃതിക്കു്.

അംബാലിക:— മൂന്നടിമകൾ ഒരേ തുറുങ്കിൻ ചെന്നടിഞ്ഞാൽ അവർക്കു തങ്ങളുടെ ദുഃഖം വീതിച്ചനുഭവിക്കാം എന്നൊരു മെച്ചവും ഈ സഹകരണപ്രസ്ഥാനത്തിലുണ്ടു്.

അംബ:— ആ അവസ്ഥ അഭിലഷണീയമാണോ? സാപത്ന്യംപോലെ ദുസ്സഹമായി സ്ത്രീകൾക്കു മറെറാരു ദുഃഖവുമില്ലെന്നു നിങ്ങൾ ഇതിഹാസങ്ങളിൽ വായിച്ചിട്ടില്ലേ? ഞാൻ സാക്ഷാൽ പട്ടമഹിഷി; നിങ്ങൾ കേവലം ഭോഗിനികൾ ! എനിക്കു ഭർത്താവിൻെറ യാഗാദികർമ്മങ്ങളിൽ പങ്കുകൊള്ളുവാൻ അവകാശമുണ്ടു്; നിങ്ങൾക്കു് അവിടെയെങ്ങും യാതൊരു സ്ഥാനവുമില്ല. നാം മൂന്നുപേരും ഒന്നുപോലെ രാജകുമാരികളായല്ലേ ജനിച്ചതു് ? അപ്പോൾ എനിക്കുമാത്രം ഈ പദവി സിദ്ധിക്കുന്നതിൽ നിങ്ങൾ നാളെയല്ലെങ്കിൽ നാലു മാസം കഴിഞ്ഞിട്ടെങ്കിലും,

Digitized By Kerala Sahitya Akademi

അസൂയപ്പെടില്ലേ? അതു കടുംബകലഹത്തിനു വിത്തു പാകി നമുക്കു തമ്മിലുള്ള സാഹോദര്യത്തിന്റെ കടപുഴക്കുകയില്ലേ ?

അംബിക :—എന്നെ സംബന്ധിച്ച് അങ്ങനെയൊന്നുമുണ്ടാവില്ലെന്ന് എനിക്ക് ഉറപ്പു നല്കാൻ കഴിയും.

അംബാലിക :—എനിക്കും.

അംബ :—എന്തുകൊണ്ട് ?

അംബിക:—ഞങ്ങൾക്കു കളിക്കണം; ഉണ്ണണം; ഉടുക്കണം; ചമയണം; ആടണം; പാടണം; കളിക്കണം; ഉലാത്തണം; ഉറങ്ങണം;—ഇത്രയും മതി; ഇതിനപ്പുറം ഒന്നും വേണ്ട. ചുരുക്കത്തിൽ വൈയാകരണന്മാരുടെ ഭാഷയിൽ ഞങ്ങൾ കാമുകകളാണ്; കാമുകികളല്ല.

അംബ :—നിങ്ങൾക്കൊരു പ്രാണനാഥൻ വേണ്ടേ? സുമുഖൻ ; സുന്ദരൻ;—നിങ്ങളുടെ ഹൃദയത്തിലെ മൃദുലവികാരങ്ങളെ ഉൽബുദ്ധങ്ങളാക്കുന്ന വാക്കും നോക്കും, ആസക്തിയും അനുരാഗവും, തിക്കി വിങ്ങിത്തുള്ളിത്തുളുമ്പി പ്രാന്തപ്രദേശം പോലും പ്രകാശമാനമാക്കുന്ന പുരുഷസത്തമൻ ? ഒരു കണ്ണെങ്കിലും വേണ്ടേ ? ഉള്ളഴിഞ്ഞു് ഓമനിക്കാൻ ?

അംബിക:—എനിക്ക് അങ്ങനെ ഒരു മഹാഭാഗൻ ഉണ്ടായാൽ തരക്കേടില്ല ; പക്ഷേ അദ്ദേഹത്തിന്റെ സന്ദർശനം കൊണ്ടുമാത്രം ഞാൻ തൃപ്തിയായിക്കൊള്ളും ; അദ്ദേഹത്തെ എന്റെ പ്രാണനു നാഥനാക്കുകയി

Digitized By Kerala Sahitya Akademi

ല്ല; ആ സാധനം എൻെറ കൈവശമിരിക്കുകയാണ് നല്ലത്. അദ്ദേഹത്തിൻെറ പ്രാണൻ എനിക്കു വേണ്ട. കുഞ്ഞുണ്ടെങ്കിൽ കൊള്ളാം; എന്നാൽ അതിനുള്ള ത്യാഗത്തിന്—പ്രസവവേദന അനുഭവിക്കാനും മററും—എന്നെക്കൊണ്ടു കഴികയുമില്ല.

അംബാ :—അംബാലികയ്ക്കോ ?

അംബാലിക :—എനിക്ക് അങ്ങനെ ഒരാളെ കാണുകയേ വേണ്ട. ആഗ്രഹമില്ലാഞ്ഞിട്ടല്ല; അങ്ങനെ ഒരാൾ മനുഷ്യവർഗ്ഗത്തിൽ ഇല്ലാത്തതുകൊണ്ടു മാത്രം! എനിക്കു പുരുഷന്മാരെക്കണ്ടാൽ തന്നെ ശരീരം വിളറിപ്പോകും; അത്രത്തോളം അവരുടെ നേർക്കു ഭയവും വൈരസ്യവുമുണ്ട്. ഒരു കുഞ്ഞുണ്ടായാൽ അതും ഉപദ്രവമാണ്; പിന്നെ എപ്പോഴും സൈ്വരക്കേടല്ലാതെയില്ല.

അംബ :—നാളെ വരണമണ്ഡപത്തിൽ ചെന്നാൽ ഓരോ രാജാവിനെയും പ്രത്യേകം പ്രത്യേകമായി നോക്കണമല്ലോ; അപ്പോൾ നിങ്ങൾ എന്തു ചെയ്യും ?

അംബിക :—അതിനു ഞാൻ ഒരു വിദ്യ കണ്ടുവച്ചിട്ടുണ്ട്; എൻെറ കണ്ണടച്ചുകളയും. അപ്പോഴോ ? തോറേറാ ചേട്ടത്തി ?

അംബാലിക :— ഓരോ രാജാവിൻെറ മുഖത്തും തുറിച്ചു നോക്കിക്കൊണ്ടാണോ സ്വയംവരമണ്ഡപത്തിൽക്കൂടി കടന്നുപോകേണ്ടത്? കുല കന്യകകൾക്കു ലജ്ജയാണ് അലങ്കാരം എന്നു പറഞ്ഞുകേട്ടിട്ടില്ലേ ? അധോമുഖികളായി പൊയ്ക്കൊള്ളണം.

Digitized By Kerala Sahitya Akademi

അംബ :—എന്ത് ആരെവിടെ പറഞ്ഞു? സ്വാർത്ഥനിഷ്ഠന്മാരായ പുരുഷന്മാർ അവരുടെ ചില പഴയ ഏട്ടുകളിൽ ! സ്ത്രീകളാരും അങ്ങനെ പറഞ്ഞിട്ടില്ല; പറയുകയുമില്ല. സ്ത്രീകൾ പുരുഷന്മാരുടെ മുഖത്തേക്കു നോക്കിയാലെന്താണ് ? അവർ ഭസ്മമായിപ്പോകുമോ ?

അംബിക :—ചേട്ടത്തി ഓരോരുത്തരേയും ഞങ്ങൾക്കു വേണ്ടിക്കൂടി ഉററുനോക്കിക്കൊള്ളൂ ; ഞങ്ങളെക്കൊണ്ട് അതാവില്ല.

അംബ :—എനിക്ക് അതിന്റെ ആവശ്യമില്ല ; ഒരാളെമാത്രം നോക്കിയാൽ മതി.

അംബാലിക :—(പുഞ്ചിരിയോടുകൂടി) ആരെ ? സാല്വമഹാരാജാവിനെ ? അല്ലേ ? ഞങ്ങൾക്ക് ആരെയും തന്നെ നോക്കേണ്ടതില്ല ; ചേട്ടത്തിയെമാത്രം നോക്കിക്കൊണ്ടാൽ മതിയാകുമല്ലോ.

അംബിക :—അപ്പോൾ ചേട്ടത്തി സാല്വമഹാരാജാവിനെത്തന്നെ വിവാഹം ചെയ്യാൻ തീർച്ചപ്പെടുത്തി ! ഇല്ലേ ?

അംബ :—എന്നോ ! എപ്പോഴേ !

അംബിക :—ഞാൻ ഒന്നു ചോദിക്കയാണ്. അവിവേകമാണെങ്കിൽ ക്ഷമിക്കണം. അദ്ദേഹം പല ദുർഗ്ഗുണങ്ങളുടേയും ഇരിപ്പിടമാണെന്നു കേൾക്കുന്നുവല്ലോ.

Digitized By Kerala Sahitya Akademi

അംബ :—ആ കാര്യം നിങ്ങളെന്തിന് അറിയുന്നു? ഞാൻ സ്വർഗ്ഗത്തിൽ പോയാലും നരകത്തിൽ പോയാലും നിങ്ങൾ എന്റെകൂടെ ഉണ്ടെന്നല്ലേ വച്ചിരിക്കുന്നത് ?

അംബിക :—ചേട്ടത്തി നരകത്തിൽ പോകരുതല്ലോ എന്നുവച്ചുമാത്രം ചോദിക്കുന്നതാണ്. ഏതു നരകത്തിലും ചേട്ടത്തിയുടെ സാന്നിദ്ധ്യം ഞങ്ങൾക്കു സ്വർഗ്ഗം നിർമ്മിച്ചുതരുമെന്നു ഞങ്ങൾ സമാധാനപ്പെടുന്നു.

അംബ :—എന്നാൽ പറയാം. വിവാഹാനന്തരം അദ്ദേഹത്തെ ഞാൻ ക്രമേണ പാകപ്പെടുത്തിക്കൊള്ളാം. പുഞ്ചിരിതൂകൽ ; മുഖംവീർപ്പിക്കൽ ; നെററിചുളിക്കൽ ; കണ്ണീർപൊഴിക്കൽ—എത്രയെത്ര ദിവ്യാസ്ത്രങ്ങളാണു സമർത്ഥയായ ഒരു പത്നിക്കു ഭർത്താവിന്റെ മേൽ തരം നോക്കി പ്രയോഗിക്കാൻ കിടക്കുന്നതു് ?

അംബാലിക :—അങ്ങനെ ഗേഹിനീസാമ്രാജ്യത്തിന്റെ ഏകഛത്രാധിപത്യമാണു് ചേട്ടത്തി വഹിക്കുവാൻ പോകുന്നതെങ്കിൽ ആ വെൺകൊററക്കുടയുടെ തണൽത്തഴപ്പിൽ ഞങ്ങൾക്കും നിർബാധമായി പുലരാമല്ലോ.

അംബ :—അത്രമാത്രമല്ല ; പലവിധത്തിലുള്ള ലോകസേവയുംകൂടി നമുക്കു് അനുഷ്ഠിക്കാം. അതെല്ലാം ആ മഹാരാജാവിനു് അഭിമതമാണു്.

Digitized By Kerala Sahitya Akademi

അംബാലിക:— ആരോ? കണ്ടാലറിയാം. അന്തഃപുരത്തിലെ ഇരുളടഞ്ഞ മുറികളിൽ, നപുംസകങ്ങളാലും കുബ്ജകളാലും പരിവൃതകളായി— എന്തോ പറഞ്ഞു്? പ്രാണനാഥനെന്നോ പ്രേതനാഥനെന്നോ— അയാളുടെ കാമക്രോധപാരവശ്യങ്ങൾക്കു് അനുനിമിഷം അധീനകളായി, വല്ലപ്പോഴും വെളിയിലിറങ്ങുകയാണെങ്കിൽത്തന്നെ മുഖവുംമൂടി, തടവുപുള്ളികളെപ്പോലെ പട്ടാളക്കാരുടെയും മററും അകമ്പടിയോടുകൂടി, മേനാവിൽക്കേറിപ്പോയി ഉടൻ മടങ്ങിയെത്തേണ്ട നമുക്കാണു് ലോകസേവ! ഇതെല്ലാം കേട്ടാൽ ചിരി വരാത്തവക്കും വന്നുപോകും. അന്നന്നു വിരിഞ്ഞു് അന്നന്നു കൊഴിയുന്ന പൂവിനുമുണ്ടൊരു ലോകസേവ; അതിനു് ആദിത്യനെ നോക്കിച്ചിരിക്കാം; വായുവുമായി സല്ലപിക്കാം; പരിസരപ്രദേശത്തിൽ പരിമളം വീശാം. നമുക്കു സങ്കല്പസേവയ്ക്കും മനോരഥസഞ്ചാരത്തിനുമല്ലാതെ സൌകര്യമുണ്ടോ?

അംബ:— ഇവയെല്ലാം പൊളിഞ്ഞു പൊടിഞ്ഞ പൂർവാചാരങ്ങളാണു്. ഇവരുടെ ചീഞ്ഞളിഞ്ഞ നാററത്തിൽ ഇനി ഭാരതസ്ത്രീകൾക്കു മൂക്കു പൊത്തേണ്ടിവരികയില്ല. ഞാനും എൻെറ—അല്ല നമ്മുടെ—ഭർത്താവും കൂടി ഒരു നവയുഗം സൃഷ്ടിക്കും. നിങ്ങളും എന്നോടുകൂടി മാർത്തികാവതത്തിലേക്കു പോരുന്നുണ്ടെന്നല്ലേ നിശ്ചയിച്ചിരിക്കുന്നതു്?

Digitized By Kerala Sahitya Akademi

അംബിക:— അതേ! ഏട്ടത്താ ഒരുമാതിരി സേവയുണ്ടെന്നു പറഞ്ഞില്ലേ? അതിൽ എൻെറ ഓഹരി എനിക്കും തിന്നാമല്ലോ.

അംബാലിക:— ഞാനും വരാം. എൻെറ വീണയുംകൂടി തോഴിയെപ്പോലെ കൂടെ വരും. അംബിക വിവരിച്ച ദിനചര്യയ്ക്ക് അല്പമെങ്കിലും വിഘ്നമുണ്ടെന്നു കണ്ടാൽ അപ്പോൾതന്നെ തിരിച്ചിങ്ങു പോരികയും ചെയ്യാം.

അംബ:— എന്നാൽ നമുക്ക് ഇപ്പോൾ പിരിയാം.

അംബിക:— അതേ. ഞങ്ങൾക്കിത്തിരി ഉറങ്ങണം. ചേട്ടത്തി ഇവിടെ ഏകാന്തമായി ആകാശക്കോട്ട കെട്ടിക്കൊണ്ടു ശിവരാത്രിനോമ്പു നോററിരുന്നോളൂ.

(രണ്ടുപേരും പോകുന്നു)

അംബ:—(സ്വഗതം) പോയി പാവങ്ങൾ. എപ്പോഴും കളിയും ചിരിയും, പാട്ടും കൂത്തും! ബാഹ്യലോകത്തെപ്പററി യാതൊരറിവുമില്ലാത്ത കുട്ടികൾ ഇവർ ഒരുകെ കൂടി എനിക്കൊരു ഭാരമായിത്തീരുമോ? അഥവാ ഇന്നു ഭർത്താവു വേണ്ടെന്നു പറയുന്ന സ്ത്രീകളായിരിക്കും നാളെ ഭർത്താവിനെ വിട്ടു പിരിയാത്തതു്. ഏതായാലും ഇവരെക്കൊണ്ടു് എൻെറ പദവി അപഹരിക്കാൻ സാധിക്കുകയില്ല; എന്നുതന്നെയല്ല ഇവരുടെ സാപത്ന്യം എനിക്കു പരഭാഗം നേടുന്നതിനു പ്രയോജകീഭവിക്കാതേയുമിരിക്കയില്ല. അകത്തു

Digitized By Kerala Sahitya Akademi

പോയി അല്പമൊന്നു കിടന്നുനോക്കാം; ഇവർ പറഞ്ഞ ആകാശക്കോട്ടയുടെ പണി മുഴപ്പിക്കാം; അത് ഇടിഞ്ഞുതകർന്നു തലയിൽ വീഴുമോ എന്നു പേടിച്ച് നിദ്ര അടുത്തെങ്ങും വന്ന് എത്തി നോക്കുകയില്ലെങ്കിൽ വേണ്ട; അത്രമൊരു ലാഭം!

(പോകുന്നു)

(യവനിക)

രംഗം 3

സ്ഥലം:—കാശിരാജാവിന്റെ അതിഥിമന്ദിരം. കലിംഗരാജാവിന്റെ മുറി.

സമയം:—രാത്രി ഉദ്ദേശം ഒൻപതു മണി.

കലിങ്ഗം, വങ്ഗം, പൗണ്ഡ്രം എന്നീ രാജ്യങ്ങളിലെ രാജാക്കന്മാർ ആസനങ്ങളിൽ ഇരിക്കുന്നു).

കലി:—ഇതെന്തൊരു പന്തികെട്ട സ്വയംവരമാണെന്നു ഞാൻ ചോദിക്കുന്നു. കോസലന്റെ മൂന്നു കുമാരിമാരും സാല്വനിൽ അനുരക്തകളായിരിക്കുക; കോസലനും അദ്ദേഹത്തിന്റെ പത്നിയും ആ അനുരാഗത്തെ സർവ്വാത്മനാ പ്രോത്സാഹിപ്പിക്കുക; ആ രഹസ്യമൊന്നും അറിയിക്കാതെ നമ്മേ ആളയച്ചു വരുത്തുക; ഇതെല്ലാം ഒരുമാതിരി വഷളത്തമെന്നാണ് എനിക്കു തോന്നുന്നത്.

വങ്ഗ:—എന്തു ചെയ്യാം! വില്ലുകുലയ്ക്കൽ, ലാക്കുമുറിക്കൽ, ഇങ്ങനെ വല്ല പന്തയവുമുണ്ടായിരുന്നുവെ

Digitized By Kerala Sahitya Akademi

ത്തു്. എന്നെക്കാണാതെയാണല്ലോ അവർ സാലപ്രനിൽ ഭ്രമിച്ചിരിക്കുന്നതു്; കാണുമ്പോൾ കഥ മാറി അവൾക്ക് ആ ഭ്രമം എന്തുകൊണ്ടു് എൻെറ പേരിലായിക്കൂടാ?

കലി:—നിങ്ങൾ സാലപ്രൻെറ ചങ്ങാതിയാണല്ലെ? നിങ്ങൾക്കു് ഒരു പ്രാണനും രണ്ടു ശരീരവുമെന്നല്ലെ എല്ലാവരും പറയുന്നതു്?

പുണ്ഡ്യ:—അതു ശരിതന്നെ. ശരീരം രണ്ടായിപ്പോയതുകൊണ്ടുതന്നെയാണല്ലോ എന്നിൽ ഈ മനോരഥം പടർന്നു പിടിച്ചിരിക്കുന്നതു്. സകല മനുഷ്യർക്കും കൂടി ഒരൊററശരീരം മാത്രമേ ഉണ്ടായിരുന്നുള്ളു എങ്കിൽ എത്ര സുഖമായിരുന്നു? 'പുരുഷസ്യ ഭാഗ്യം' എന്നു പറയാറില്ലേ? അതുകണ്ടു എൻെറ യോഗം? പക്ഷേ എനിക്കു് ഇപ്പോൾ ഒരു ഭയം പുത്തനായി തോന്നുന്നില്ലെന്നുമില്ല. കലിംഗരാജാവു സൂചിപ്പിച്ചു രത്നങ്ങളിൽ ഒരു നല്ല അംശം അദ്ദേഹം നാളെ സദസ്സിൽവച്ചു നമ്മുടെ അപദാനങ്ങൾ വാഴ്ത്തേണ്ട ധാത്രിയുടെ കയ്യിൽ ഇപ്പോൾത്തന്നെ എത്തിച്ചു കാര്യം ശരിപ്പെടുത്തിട്ടുണ്ടെങ്കിൽ? കാശു കയ്യിലാകുമ്പോഴാണല്ലോ വാക്കു വളയുന്നതു്?

കലി:—അങ്ങു് അങ്ങയുടെ തോതുവച്ചു് അന്യരെ അളക്കുകയായിരിക്കും! എനിക്കു് ഒരു കാര്യത്തിലും കൈമടക്കു കൊടുക്കേണ്ട ആവശ്യമില്ല.

Digitized By Kerala Sahitya Akademi

ങ്കിൽ ഒരു കൈ നോക്കാമായിരുന്നു. സൌന്ദര്യമെന്നു പുരുഷന്റെ വിഷയത്തിൽ ബാഹുബലമാണു്; ദേഹസൗഭാഗ്യമല്ല; പക്ഷെ ആ പരമാൎത്ഥം അതറിയേണ്ടവർ അറിയാഞ്ഞാലോ?

കലി:—എനിക്കു് അതല്ല പക്ഷം. സമ്പത്താണു് പുരുഷന്റെ യഥാൎത്ഥമായ സൗന്ദര്യം. ശ്രീയുള്ള സ്ഥലത്തേക്കു വേണം സ്ത്രീ പോകാൻ. ഈ വാരാണസി മുഴുവൻ തന്നെ ഞാൻ നവരത്നങ്ങൾ കൊണ്ടു മൂടാമായിരുന്നു—അഭീഷ്ടം ആ വഴിക്കു് സാധിക്കുമെങ്കിൽ.

പുണ്ഡ്ര:—സ്വയംവരവേദിയിൽ വരണമാലയുമായി വരുന്ന രാജകുമാരിമാർ ഒന്നു നോക്കിയാൽ അഭിസാരികകളാണു്. അവൎക്കു നിങ്ങളുടെ വീൎയ്യവും വേണ്ട; ധനവും വേണ്ട. ആദ്യമേത്തന്നെ കണ്ടാൽ അവർ തങ്ങൾക്കു വരാവുന്ന വൈധവ്യത്തെപ്പറ്റിയായിരിക്കും ചിന്തിക്കുന്നതു്; രണ്ടാമത്തെതിൽ മയങ്ങാൻ അവർ ഇരപ്പാളികളുടെ ചെറുപ്പുരകളിൽ പിറന്നവളന്മാരുമല്ല. തൃതീയപുരുഷാൎത്ഥം തികച്ചും അനുഭവിക്കുക എന്നുള്ളതാണു് അവരുടെ അഭിലാഷം; അതിനു സൎവ്വാംഗീണമായ ശരീരസൗന്ദൎയ്യമുള്ള ഒരു വരനെത്തന്നെ അവൎക്കു കിട്ടുകയും വേണം. ഞാൻ ഏതായാലും നാളെ എന്നാലാവുന്നിടത്തോളം ആകാരസുഷമ വൎദ്ധിപ്പിച്ചുകൊണ്ടുതന്നെയാണു് കന്യകമാരുടെ സന്നിധിയിൽ പോകാൻ ഉദ്ദേശിക്കുന്ന

Digitized By Kerala Sahitya Akademi

ത്തു്. എന്നെക്കാണാതെയാണല്ലോ അവർ സാലപ നിൽ ഭ്രമിച്ചിരിക്കുന്നതു്; കാണുമ്പോൾ കഥ മാറി അവക്കു് ആ ഭ്രമം എന്തുകൊണ്ടു് എൻെറ പേരി ലായിക്കൂടാ?

കലി:—നിങ്ങൾ സാലപൻെറ ചങ്ങാതിയല്ലേ? നിങ്ങൾ ക്കു് ഒരു പ്രാണനും രണ്ടു ശരീരവുമെന്നല്ലേ എല്ലാ വരും പറയുന്നതു്?

പുണ്ഡ്ര:—അതു ശരിതന്നെ. ശരീരം രണ്ടായിപ്പോയതു കൊണ്ടുതന്നെയാണല്ലോ എന്നിൽ ഈ മനോരഥം പടർന്നു പിടിച്ചിരിക്കുന്നതു്. സകല മനുഷ്യർക്കും കൂടി ഒരൊററശരീരം മാത്രമേ ഉണ്ടായിരുന്നുള്ളു എ ങ്കിൽ എത്ര സുഖമായിരുന്നു? 'പുരുഷസ്യ ഭാഗ്യം' എന്നു പറയാറില്ലേ? ആരുകണ്ടു എൻെറ യോഗം? പക്ഷേ എനിക്കു് ഇപ്പോൾ ഒരു ഭയം പുത്തനായി ത്തോന്നുന്നില്ലെന്നുമില്ല. കലിങ്ഗരാജാവു സൂചിപ്പിച്ച രത്നങ്ങളിൽ ഒരു നല്ല അംശം അദ്ദേഹം നാളെ സദ സ്സിൽവച്ചു നമ്മുടെ അപദാനങ്ങൾ വാഴ്ത്തേണ്ട ധാത്രിയുടെ കയ്യിൽ ഇപ്പോൾത്തന്നെ എത്തിച്ചു കാര്യം ശരിപ്പെടുത്തിട്ടുണ്ടെങ്കിൽ? കാശു കയ്യിലാ കുമ്പോഴാണല്ലോ വാക്കു വളയുന്നതു്?

കലി:—അങ്ങു് അങ്ങയുടെ തോതുവച്ചു് അന്യരെ അള ക്കുകയായിരിക്കും! എനിക്കു് ഒരു കാര്യത്തിലും കൈമടക്കു കൊടുക്കേണ്ട ആവശ്യമില്ല.

Digitized By Kerala Sahitya Akademi

പുണ്ഡ്ര:—ഞാൻ നേരമ്പോക്കല്ലെ പറഞ്ഞത്? അതിന് ഇങ്ങനെ കേറി ശുണ്ഠിയെടുത്താലോ? ആ നേരമ്പോക്കുതന്നെ തുടരട്ടെ. അഥവാ, അങ്ങനെ ചെയ്താലും എനിക്കു ഭയമില്ല. ആ കന്യകമാർ പന്നഗികളല്ലല്ലോ. അവർക്കു ചെവിയിൽനിന്നു വ്യത്യസ്തമായി കണ്ണെന്നൊരിന്ദ്രിയമില്ലേ?

വംഗ:—പുണ്ഡ്രരാജാവ് അക്കാര്യം അത്രയൊന്നും തീച്ചയാക്കേണ്ടതില്ല. വീര്യം, വിഭവം, സൌന്ദര്യം, ഇവ കൂടാതെ കുലം, വിദ്യ, ശീലം ഇങ്ങനെ ചില ഉപാധികളും കൂടി അവർ നോക്കുകയില്ലെന്ന് എങ്ങനെ നിശ്ചയിക്കാം?

പുണ്ഡ്ര:—വിവാഹം അഗ്നിഹോത്രത്തിനും, ശുശ്രൂഷയ്ക്കും, ആചാരപരിപാലനത്തിനും മറവുമാണെന്നായിരിക്കും വംഗരാജാവിന്റെ മതം! ഒരിക്കലുമല്ലെന്നു ഞാൻ ശപഥം ചെയ്യുന്നു. കന്യകകളെ എനിക്കു കിട്ടണമെന്നു വച്ചിട്ടല്ല; സ്ത്രീസ്വഭാവത്തെപ്പററി സൂക്ഷ്മമായി പര്യാലോചിച്ചിട്ടാണ്.

വംഗ:—ഖട്വപടാദികളെക്കൊണ്ടു നൈയായികന്മാരെന്നപോലെ അംബാംബികാംബാലികളെക്കൊണ്ടു നാമെന്തിന് ഇങ്ങനെയുള്ള ശുഷ്കവാദം തുടർന്നുകൊണ്ടുപോകുന്നു? ഇന്നത്തെ രാത്രിയിൽ അവരിൽ ഓരോരുത്തർ നമ്മിൽ ഓരോരുത്തരുടെ പത്നിമാരാണെന്നു സങ്കല്പിക്കാം; ആ വിവാഹം മുടക്കാൻ

Digitized By Kerala Sahitya Akademi

നിദ്ര കൊള്ളുകയില്ല ; അതൊട്ടു മററാക്കംതന്നെ സാധിക്കയുമില്ല.

കലിം :— ഞാ ഏറ്റ്പ്പാട് കൊള്ളാം ; പക്ഷെ അംബയെ എനിക്ക വേണം.

വങ്ഗ :—ഓഹോ ! എടുത്തോളൂ ! എനിക്ക് ആ വായാടിപ്പെണ്ണു വേണ്ടേ വേണ്ട.

പുണ്ഡ്ര :—ഓ ! തൽക്കാലത്തെ ഫലിതധോരണിയിൽ ലയിച്ചു ഞാൻ പറയാൻ വന്ന കാര്യം വിട്ടുപോയല്ലോ. നിങ്ങൾകൂടി അറിഞ്ഞിരിക്കുന്നതിനു വേണ്ടി സാലപൻ എന്നോട് പ്രത്യേകം പറഞ്ഞയച്ചിരിക്കയാണ്. ഹസ്തിനപുരത്തുനിന്നു മൂപ്പർ എത്തിയിരിക്കുന്നുവത്രെ.

കലിം :—ഏതു മൂപ്പർ ? അവിടെയൊരു മീശ മുളയ്ക്കാത്ത ബാലനല്ലേ ഇപ്പോൾ രാജാവായിരിക്കുന്നതു് ?

പുണ്ഡ്ര :—ആ ബാലനല്ല. സാക്ഷാൽ മൂപ്പർ ! ഭീഷ്മർ

കലി :—(വേഗത്തിൽ എഴുന്നേററുപോയി വാതിലുകൾ സംരക്ഷയിട്ടിട്ടുണ്ടോ എന്നും ജനാലകൾ അടച്ചിട്ടുണ്ടോ എന്നും പരിശോധിച്ചു തൃപ്തിപ്പെട്ടു മടങ്ങി ആസനത്തിൽ വീണ്ടും വന്നിരിക്കുന്നു.)

കലിം :—സഖാക്കളെ ! ആരെയും ഭയപ്പെട്ടിട്ടല്ല. എങ്കിലും ഇത്തിരി മനസ്സിലാക്കുന്നതുകൊണ്ടു തരക്കേടൊന്നുമില്ലല്ലോ. ചുവരുകൾക്ക ചെവിയുണ്ട് ; കവാടങ്ങൾ കണ്ണേജപങ്ങളാണ്.

(വംഗൻ സ്തബ്ധത നീങ്ങി കണ്ണുകൾ തുടയ്ക്കുന്നു.)

Digitized By Kerala Sahitya Akademi

കലിം :—എന്തേ പറഞ്ഞതു് ? ഇവിടെ, ഈ വാരാണസി യിൽ, എത്തിയിരിക്കുന്നു എന്നോ ഭീഷ്മൻ—നിത്യ ബ്രഹ്മചാരി—സർവ്വസംഗ പരിത്യാഗി ? ഇതു് അങ്ങ വിനോദാന്തരമായി ഇവിടെ വിളമ്പാൻ കൊണ്ടു വന്ന കെട്ടുകഥയൊന്നുമല്ലല്ലോ ?

പുണ്ഡ്ര :—ഞാൻ പറഞ്ഞതു കെട്ടുകഥയാണെങ്കിൽ അ തിന്റെ നിർമ്മാതാവു ചതുർമ്മുഖനായ ബ്രഹ്മാവാ ണു്. അദ്ദേഹം സൃഷ്ടിയുടെ ആരംഭം മുതല്ക്കു തന്നെ ചില മനുഷ്യരുടെ നെററിയിൽ ഒന്നാംതരം കെട്ടുകഥകൾ എഴുതിവിടുന്നുണ്ടു്; നാളുകൾ നീങ്ങും തോറും ആ കഥകൾക്കു രസം കൂടിവരുന്നു. അവ യെ അല്പാല്പം അങ്ങിങ്ങു് അനുകരിക്കുകമാത്രമാണു ലോകത്തിലെ പ്രാമാണികളായ ആഖ്യായികാകാര ന്മാർ ചെയ്യുന്നതു്.

കലിം :—ഇരിക്കട്ടെ. ഭീഷ്മനെന്തിനാണു് ഈ ഘട്ടത്തിൽ ഇങ്ങോട്ടു പോന്നതു് ? പൂച്ചയ്ക്കു പൊന്നുരുക്കുന്നിട ത്തു കാര്യമെന്തു് ?

പുണ്ഡ്ര :—പൊന്നിന്റെ നിറപ്പകിട്ടു പൂച്ചയെ ആക ർഷിക്കുന്നു ; അതു പൂച്ചയുടെ കുററമോ പൊന്നിന്റെ കുററമോ ?

കലിം :—അദ്ദേഹം തീർത്ഥയാത്ര ചെയ്യുകയായിരുന്നു എന്നാ ണല്ലോ കേട്ടതു്.

പുണ്ഡ്ര :—നാളെക്കാലത്തു സ്വയംവരമണ്ഡപമായിരിക്കു മത്രേ അദ്ദേഹത്തിന്റെ തീർത്ഥം ?

Digitized By Kerala Sahitya Akademi

കലിം :—അദ്ദേഹത്തിന്ന കുറേ അധികം വയസ്സായില്ലേ ?

പുണ്ഡ്യ :–അത്രയൊന്നുമായിട്ടില്ല; പുറികത്തിൽ അപൂൎവം ചില രോമങ്ങൾ ഇനിയും നരയ്ക്കാനുണ്ടു്.

കലിം :—പിന്നെ ഈ വാൎദ്ധക്യത്തിൽ ഇങ്ങോട്ടുപോന്ന തു് ?

പുണ്ഡ്യ :—വാൎദ്ധക്യമായതുകൊണ്ടുതന്നെ.

കലിം :-മനസ്സിലായില്ല; അങ്ങു പ്രഹേളികാരൂപത്തിലാണല്ലോ സംസാരിക്കുന്നതു്.

പുണ്ഡ്യ:—തെളിച്ചു പറയാം. ആവുന്നിടത്തോളം കാലം ബ്രഹ്മചൎയ്യം ആചരിച്ചു. പിന്നീടു ശരീരത്തിന്ന വാൎദ്ധക്യസഹജമായ ദൌൎബ്ബല്യം വന്നുചേൎന്നു. യൌവനത്തിൽ അദ്ദേഹം കാമദേവനെയല്ലേ വെല്ലു വിളിച്ചതു്? സാക്ഷാൽ ശ്രീപരമേശ്വരനെക്കൊണ്ടു പോലും ശരീരത്തിൽ പകുതി പാൎവ്വതീദേവിക്കായി തീറെഴുതിച്ചു് ആ ജടാധാരിയെ തന്റെ മുന്നിൽ മുട്ടുകുത്തിച്ച ആ മഹാവീരനുണ്ടോ ഈ അപരാധം മറക്കുന്നു ? തക്കം കിട്ടി; ശരപ്രയോഗവും തുടങ്ങി. രാജധാനിയിൽ താമസിച്ചാൽ ചെമ്പു തെളിയുമെന്നുവച്ചു തീൎത്ഥസേവയെന്ന വ്യാജത്തിൽ ദിക്കെങ്ങും ഭാൎയ്യയെ അന്വേഷിച്ചു ചുററിത്തിരിഞ്ഞു; ഏന്ന്യങ്ങമാരേയും കിട്ടിയില്ല. താൻ സ്വച്ഛന്ദമൃത്യുവാണെന്നു വിജയശംഖം ഊതി; ആയിരിക്കാം; എങ്കിലും മാൎക്കണ്ഡേയനല്ലെന്നും നിത്യയൌവനമില്ലെ

Digitized By Kerala Sahitya Akademi

ന്നം മൃത്യുൾബ്ബത്തിൻെറ സ്വാരസ്യത്തിൽനിന്നുത ന്നെ കാര്യവിവരമുള്ള സ്ത്രീകൾക്കെല്ലാം ഗ്രഹിക്കാൻ കഴിയുമായിരുന്നു. ആരുമാരും തിരിഞ്ഞു നോക്കിയി ല്ല. അപ്പോഴാണ് സ്വയംവരത്തെപ്പററി കേട്ടതു്; ഇങ്ങോട്ടും കൂടി ഒന്നു ചാടിവീണു ഭാഗ്യം പരീക്ഷി ച്ചു നോക്കാമെന്ന് ആ കിഴവച്ഛാർ ഉറച്ചു; അദ്ദേഹ ത്തിന്റെ ശരീരം മരവിച്ചതുപോലെ ബുദ്ധിയും മന്ദീ ഭവിച്ചിരിക്കണം. അല്ലാതെയെന്തു പറയട്ടെ ?

വംഗ :—അത്ര ഉറപ്പിച്ച് ഒന്നും തന്നെ പറയാൻ പാടി ല്ല. ചില സ്ത്രീകൾ വിചിത്ര സൃഷ്ടികളാണ്. അവ ക്കു വൈലക്ഷണ്യമാണ് മനോഹരം. നാലുപേരെ പ്പോലെയുള്ളവർ അവക്കു നയനാനന്ദം നല്കുന്നി ല്ല. അതുകൊണ്ട് ഈ പെൺകുട്ടികൾ ചാടിച്ചാടി ചളിക്കണ്ടിൽ എന്നമട്ടിൽ മററു രാജാക്കന്മാരെ തി രസ്കരിച്ചു ഭീഷ്മനെ മാലയിട്ടു എന്നും വരാവുന്നതാ ണ്. വിധിയെപ്പോലെ ഒരു വിദൂഷകൻ ലോകര ങ്ഗത്തിൽ ഇല്ല; ആ സമൎത്ഥൻ ഏതു വിപരീതാവ സ്ഥയിലും നമ്മെ വിനോദിപ്പിക്കും.

കലിം :–നല്ല തമാശതന്നെ. ഒരു നാടകമായാൽ അതിൽ ഹാസ്യരസവും വേണമല്ലോ. അദ്ദേഹം ഒരുകാല ത്തും ഗാർഹസ്ഥ്യം സ്വീകരിക്കുകയില്ലെന്നു വീരവാദം ചെയ്തിട്ടില്ലേ ? പരസ്യമായി— ഇടിമുഴക്കംപോലെ യുള്ള സ്വരത്തിൽ – മനുഷ്യനും ദേവന്മാരും കേട്ട് 'അമ്പെട ! ഭീഷ്മ' എന്നു പറയത്തക്കവണ്ണം ?

Digitized By Kerala Sahitya Akademi

പുണ്ഡ്രം :— ചെയ്തിരിക്കാം. അച്ഛനുള്ള കാലത്തോളം അദ്ദേഹം ആ വാക്കു പാലിച്ചു. ലേഖ്യപ്രമാണത്തിനു പോലും കാലഹരണമില്ലേ ? പിന്നെ പറയുന്ന ക്ഷണത്തിൽ പറന്നുപോകുന്ന വാക്കിന് അതില്ലെന്നു തക്കിക്കാമോ ? മിഥ്യാപ്രതിജ്ഞനെന്നു ചില ജളശ്വാദികൾ അദ്ദേഹത്തെ മുക്കിലും മൂലയിലുമിരുന്നു് അപവദിച്ചേക്കാം. അതുകൊണ്ടു് അദ്ദേഹത്തിനെന്താണു് നഷ്ടം ? കിട്ടിയ സ്ത്രീരത്നങ്ങൾ കൈവിട്ടുപോകുമോ ? അതൊരു കളങ്കമാണെങ്കിൽത്തന്നെ അദ്ദേഹത്തിന്റെ കീത്തികാമിനിയുടെ നെററിത്തടത്തിൽ അതൊരു കസ്തൂരിപ്പൊട്ടായി തിളങ്ങിക്കൊള്ളും. വലിയ നിലയിലുള്ളവക്കു് ഏതു ധമ്മവ്യതിക്രമമാണു് അലങ്കാരമാകാത്തതു് !

കലിം :— കോസലൻ ഈ വിവാഹം അനുവദിക്കുമോ ?

പുണ്ഡ്രം — ഒരിക്കലുമില്ല. മുക്കുവപ്പെണ്ണിന്റെ മകനു തന്റെ കുട്ടികളെ കൊടുക്കുകയില്ലെന്നു കോസലൻ മുറിഞ്ഞു തന്നെ പറഞ്ഞുപോലും !

കലിം :— ഏതു മുക്കുവപ്പെണ്ണു് ? ഭീഷ്മർ ഗംഗാദേവിയുടെ പുത്രനല്ലേ ?

പുണ്ഡ്രം :— അങ്ങു് ആകെക്കൂടി ഒരു മാതിരി വിചാരമൌഢ്യത്തിൽ അകപ്പെട്ടുപോയിരിക്കുന്നു. കന്യകകളെ വിചിത്രവീര്യനു വേണമെന്നു ഘോഷിച്ചുകൊണ്ടാണു് പുള്ളിയുടെ വരവു്.

Digitized By Kerala Sahitya Akademi

കലിം :— അങ്ങനെ പറയു! ഇപ്പോളല്ലേ കാര്യം മനസ്സി ലായതു്? ഊടറിയുന്നവനല്ലാതെ ഓല വായിക്കാനൊക്കുമോ? വിചിത്രവീര്യൻ കൂടി വന്നിട്ടുണ്ടോ?

പുണ്ഡ്യ :— ഇല്ല. അവിടെയാണു് രസക്കേടു മുഴുകുന്നതു്. ഭീഷ്മർ വിചിത്രവീര്യന്റെ പ്രതിനിധിയാണുപോലും!

കലിം :—ഒരാൾക്ക മറ്റൊരാളുടെ പ്രതിനിധിയായി സ്വയംവരവേദിയിൽനിന്നു കന്യകകളെ അപഹരിക്കാമെങ്കിൽ ആ പ്രാതിനിധ്യം തുടൎന്നുകൊണ്ടുപോയി അവരുടെ പാണിഗ്രഹണവും ചെയ്യാം. അശ്വാരോഹണത്തിനപ്പുറം ശയ്യാരോഹണവുമാകാം!

പുണ്ഡ്യ :—അതിനും വിരോധമില്ലായിരിക്കും. അദ്ദേഹം ധർമ്മശാസ്ത്രം അരിച്ചുപിഴിഞ്ഞു ഊററിക്കുടിച്ചു കമ്പ വീഴ്പ്പിച്ച ആളല്ലേ? ഏതു് ഋഷിവാക്യവും അദ്ദേഹത്തിനു മറിച്ചും, തിരിച്ചും, ഒടിച്ചും, മടക്കിയും, വലിച്ചും, നീട്ടിയും, വ്യാഖ്യാനിക്കാൻ കഴിയും.

കലിം :— എങ്കിലും ഒരഷ്ടാംഗബ്രഹ്മചാരി—സ്ത്രീയെന്ന ശബ്ദം കേട്ടാൽപോലും പാപമുണ്ടെന്നുവച്ചിട്ടുള്ള പരലോകഭീരു—

പുണ്ഡ്യ:—കേൾക്കാതിരുന്നതിനുമാത്രം ഇനി കൂട്ടതലായി കേൾക്കും. തേയ്ക്കാത്ത എണ്ണ ധാരയ്ക്കു് — അതല്ലേ പ്രപഞ്ചഗതി? ഏതായാലും സാലചൻ തന്നെ ഇങ്ങോട്ടുവന്നു നിങ്ങളെക്കാണാമെന്നു് ഏററിട്ടുണ്ടു്.

Digitized By Kerala Sahitya Akademi

(ചെവികൊടുത്തു്) ഓ! അതു് അദ്ദേഹത്തിന്റെ ശബ്ദമാണെന്നു തോന്നുന്നവല്ലോ.

(കലിംഗരാജാവു കതക തുറന്നു സാലചനെ കൂട്ടിച്ചുകൊണ്ടുവന്നു് ആസനത്തിൽ ഇരുത്തി വീണ്ടും കതകടച്ചു തിരിയെ വന്നു് ഇരിക്കുന്നു.

സാലചൻ:—നിങ്ങൾ എന്തു ഗൂഢാലോചനയാണു് ഇവിടെ നടത്തുന്നതു്? അകത്തു ചൂടു തോന്നുന്നില്ലേ?

വങ്ഗ:— എനിക്കു് ഇത്തിരി കുളിരും പനിയുമുണ്ടു്; അതുകൊണ്ടു കതകടച്ചതാണു്. അങ്ങേയ്ക്കു നിർബ്ബന്ധമാണെങ്കിൽ തുറന്നിടാം.

സാലചൻ:– വേണ്ട. അടഞ്ഞുതന്നെയിരിക്കട്ടെ. പുണ്ഡ്രൻ പറഞ്ഞില്ലേ കന്യാഹരണത്തിനായി ഭീഷ്മൻ എത്തിയിരിക്കുന്നു എന്നു്?

കലി:— പറഞ്ഞു.

സാലചൻ:— ഒന്നുകിൽ ആ വാലത്തിയുടെ മകനെക്കൊണ്ടു വിവാഹം ചെയ്യിക്കാൻ; അല്ലെങ്കിൽ ആ മറയ്ക്കുള്ളിൽ ഇരുന്നുകൊണ്ടു താൻ തന്നെ അനുഭവിക്കാൻ. ആരുകണ്ടു മൂപ്പരുടെ ഉള്ളുകള്ളി? ഭീഷ്മൻ സ്ത്രീയല്ലെന്നു നമുക്കെല്ലാവർക്കുമറിയാം; പുരുഷനല്ലെന്നു ഞങ്ങളിൽ ചിലർക്കും! ഷണ്ഡനെന്തിനാണു് സഹധർമ്മിണി? അഥവാ പ്രച്ഛന്നഷണ്ഡനാണല്ലോ; വല്ല യജ്ഞകർമ്മത്തിനോ മറ്റോ ആയിരിക്കാം. ഏതായാലും ഹസ്തിനപുരത്തിലേ ആ അരയത്തച്ചെക്ക

Digitized By Kerala Sahitya Akademi

നെ ഇങ്ങോട്ടെഴുന്നള്ളിച്ചുകൊണ്ടുവരാത്തതു നന്നാ യി. ആ രാജ്യത്തേക്കു ക്ഷണപത്രമയയ്ക്കുന്നതെന്നു ഞാൻ മുൻകൂട്ടി കോസലനോട്ട് ഏർപ്പാടുചെയ്തിരുന്നു; അദ്ദേഹം എന്റെ വാക്കു കേൾക്കുകയും ചെയ്തു. അല്ലെങ്കിൽ വിചിത്രവീര്യൻകൂടി ഇവിടെ എത്തിയേയ്ക്കുമായിരുന്നു; നാമെല്ലാം മീൻകൂട്ടി ഉണ്ണേണ്ടിയും വന്നേയ്ക്കുമായിരുന്നു.

പുണ്ഡ്രൻ:— സാലപ! മത്സ്യത്തിനെന്താണ്ഠ ഇത്ര നികൃഷ്ടത? മഹാവിഷ്ണുവിന്റെ പ്രഥമാവതാരമെന്ന നിലയിൽ അതിനെ നാം വന്ദിക്കുന്നില്ലേ? സുന്ദരിമാരുടെ മിഴികൾ മത്സ്യങ്ങളെന്നല്ലേ പറയാറുള്ളത്? അവയിൽനിന്നുവരുന്ന കടാക്ഷം ഒരുമാതിരി മീൻനെയ്യല്ലേ? അതു നുകരുവാൻ ഏതു കാമുകനാണ്ഠ ഔൽസുക്യമില്ലാത്തത്? പോരാത്തതിനു ത്രൈലോക്യ ജേതാവായ കാമദേവന്റെ കൊടിയടയാളമല്ലേ അതു്? മത്സ്യത്തെ നിന്ദിക്കുന്നതു മന്മഥനെ നിന്ദിക്കുന്നതിനൊപ്പമല്ലേ?

സാലപൻ:— (കോപത്തോടുകൂടി) അമ്മയ്ക്കു പ്രാണവേദന; മകൾക്കു വീണവായന! പുരയ്ക്കു തീപിടിയ്ക്കുന്ന തക്കംനോക്കി പുണ്ഡ്രൻ വാഴവെട്ടുന്നു. മീൻതീനിപ്പുണ്ഡ്രനെന്നൊരു ബിരുദം അങ്ങേയ്ക്കു ഞാൻ തന്നിരിക്കുന്നു ചങ്ങാതി! അതു രണ്ടു കയ്യും നീട്ടി വാങ്ങിച്ചോളൂ! മതിയോ?

Digitized By Kerala Sahitya Akademi

പുണ്ഡ്ര :—കോപിക്കരുതു് സാലപ! അങ്ങേയ്ക്കു നൈരാശ്യ മൈത്ര്യമുണ്ടെന്നു് ഒന്നു പരിശോധിക്കുകയായിരുന്നു.

സാലപൻ :—ഏതായാലും ഇതു പൂർവ്വാചാരങ്ങളുടെ നേർക്കുള്ള ഒരു പോരിനു വിളിയാണു്; അധർമ്മത്തിനു് കേറിപ്പോകുവാൻ വച്ചുകൊടുക്കുന്ന ഒരു ഏതുകാൽക്കോവണിയാണു്; ആതിഥേയനോടു കാണിക്കാവുന്ന അങ്ങേ അററമത്ത അപമര്യ്യാദയാണു്; ക്ഷത്രിയജാതിയെ ആകമാനം അടക്കിപ്പിടിച്ചുകൊണ്ടുള്ള അവഹേളനമാണു്! എവിടെനിന്നോ വലിഞ്ഞു കേറി വന്നിരിക്കുന്ന വയസ്സുകാലത്തു വടിയും കുത്തി! പറിക്കാൻ വല്ല പല്ലും ഇനിയും ബാക്കികിടപ്പുണ്ടോ എന്നു പരീക്ഷിച്ചുനോക്കിയാലേ അറിയാവൂ. അപസ്മാരം! ധൃഷ്ടതനം!! ആ പടുകിഴവൻ നാളെ സ്വയംവരവേദിയിൽ കടന്നുവന്നു വല്ല പേക്കൂത്തും കാണിച്ചാൽ നാം പാടേ വിധിയേ എന്നു് അടങ്ങിയിരിക്കരുതു്. ഉണരണം; ഒരുമിക്കണം; ഒന്നിനിരന്നു് എതിരിടണം; പറപൊളിക്കണം; തൊലിയുരിയണം; തടിചതച്ചു ചമ്മന്തിയാക്കണം സ്വച്ഛന്ദമൃത്യുവാണെങ്കിൽ ആയിക്കൊള്ളട്ടെ; ആ വരം അങ്ങോർക്കു് അനുഗ്രഹമല്ലെന്നും അഭിശാപമാണെന്നും കാണിച്ചുകൊടുക്കണം. യമഭടന്മാരെ 'വരണേ! വരണേ!' എന്നു് അങ്ങോർ തന്നെ ഞരങ്ങി ഞരങ്ങി വിളിക്കണം; അവർ വന്നെത്തുന്നതുവരെ പ്രാണൻ കഴുത്തിൽ കിടന്നു പിടയ്ക്കണം.

Digitized By Kerala Sahitya Akademi

കലി:—അദ്ദേഹം സൈന്യങ്ങളെ കൊണ്ടുവന്നിട്ടുണ്ടോ?

സാലപൻ:—അതിനുള്ള ക്ഷമ വേണ്ടേ? അതിനു മുൻപു തന്നെ ചാടിപ്പോന്നതായിരിക്കാം. മുഴുത്ത പെൺകൊതി; കൊഴുത്ത കാമഭ്രാന്തു്! അഥവാ നാണം കൊണ്ടു് ആരെയുമറിയിക്കാതെ ഒററയ്ക്കിറങ്ങി ഓടി വന്നതായുമിരിക്കാം. അല്ലെങ്കിൽതന്നെയും ഈ പൌരവവംശ്യക്കു് സൈന്യത്തിന്റെ സാഹായ്യം ആവശ്യമില്ലെന്നു് ഒരു ഉള്ള പറഞ്ഞയുമുണ്ടു്. മൌഢ്യത്തിന്റെ വകഭേദം! ചിത്രാങ്ഗദൻ അല്പായുസ്സായി മരിച്ചതിനു് ആ ഔദ്ധത്യമല്ലേ കാരണം?

കലി:—അദ്ദേഹം ഏകാകിയാണെങ്കിൽ നാളെ നിങ്ങൾ തമ്മിലുള്ള ദ്വന്ദ്വയുദ്ധത്തിൽ ഞങ്ങൾകൂടി പങ്കുകൊള്ളുന്നതു് അങ്ങേക്കു പോരായ്മയല്ലേ? അങ്ങനെയായാൽ കന്യകകൾതന്നെ നിങ്ങളെ എത്ര കണ്ടു മതിക്കും?

സാലപൻ:—അതു ശരിതന്നെ എങ്കിലും നാം ഏകോപിച്ചു നിൽക്കുന്നതു കണ്ടാൽ പടക്കൂടാതെ തന്നെ ആ പാവം പറപറക്കില്ലേ?

കലി:—അപ്പോൾ നിങ്ങൾക്കു ശനിയൊഴിയും; സങ്കടം തീരും; മൂന്നു കന്യകകളേയും ഒരേ മുഹൂർത്തത്തിൽ പരിഗ്രഹിക്കുകയും ചെയ്യാം, അല്ലേ?

വങ്ഗ:-ഇതു നല്ല വിദ്യയാണു്. സാലപരാജാവേ! എനിക്കു രാവണനെപ്പോലെ പത്തു തലയും കാത്തവീര്യാര്ജ്ജു

Digitized By Kerala Sahitya Akademi

നനെപ്പോലെ ആയിരം കയ്യുമുണ്ടായിരുന്നുവെങ്കിൽ അവയിൽ ചിലതെല്ലാം മൃപ്പർ അരിഞ്ഞുതള്ളിക്കോട്ടെ എന്നുവയ്ക്കായിരുന്നു. പക്ഷേ ആകെക്കൂടി ഒരു തലയും രണ്ടു കയ്യുമല്ലേയുള്ളു ? അവകൊണ്ടുള്ള ആവശ്യം അവസാനിച്ചിട്ടില്ല. ഇവിടെ എനിക്കു കിട്ടുന്നതു രണ്ടോ മൂന്നോ ദിവസത്തെ വിരുന്ന് ! അതിനു വിലയായി കൊടുക്കേണ്ടതു് ആയുസ്സാണെങ്കിൽ അതിൽ അല്പം വൈമനസ്യമുണ്ടു്. ആരം ഭീഷ്മനാണു്; അങ്ങേയററത്തെ മഹാരഥൻ—കഠാരപാണിയുടെ ശിഷ്യൻ—പിനാകപാണിയുടെ പ്രശിഷ്യൻ. ആലോചിച്ചതിനുമേലല്ലാതെ ഒന്നു തീച്ചപ്പെടുത്തുകയില്ല; തീച്ചപ്പെടുത്തിയതിനുമേലല്ലാതെ ഒന്നു പറയുകയില്ല; പറഞ്ഞതുപോലെയല്ലാതെ ഒന്നു പ്രവത്തിക്കുകയുമില്ല. ഇതു കളിയല്ല, കായ്യമാണു്; കരുതിപ്പെരുമാറിയില്ലെങ്കിൽ കഴുത്തുപോകാനിടയുണ്ടു്.

സാലപൻ :—വെറുതേയല്ല ഭാരതവഷം നാരക്കനാരം അധോഗതിയെ പ്രാപിക്കുന്നതു്. ക്ഷത്രിയന്മാർ അവരുടെ കത്തവ്യം വിസ്മരിച്ചു ; സാഹോദയ്യം സന്ത്യജിച്ചു ; മനോധൈയ്യം മാതാവിൻെറ ഗഭപാത്രത്തിൽ തന്നെ വലിച്ചെറിഞ്ഞുംവച്ചു പിറന്നു. എല്ലാവരും സുഖലോലുപർ ; സ്വാത്ഥനിരതർ !

കലി:—ആ വണ്ണനം കുറേ കടന്നുപോയി. അങ്ങേയ്ക്കു പരാത്ഥനിഷ്ഠ പ്രകടിപ്പിക്കാൻ ഞാൻ ഒരു മാഗ്ഗം കാണിച്ചുതരാം. ആ മൂന്നു കന്യകമാരും എന്നെ

Digitized By Kerala Sahitya Akademi

വിവാഹം ചെയ്യട്ടെ ; അതിൽവച്ചു് ആപത്തു വല്ലതും വന്നാൽ അവർക്കു് എന്നെ രക്ഷിച്ച സ്വാർത്ഥരാഹിത്യം സ്വയം പ്രഖ്യാപനം ചെയ്യാമല്ലോ.

പുണ്ഡ്ര :—ഭീഷ്മൻ നമുക്കെല്ലാം തന്നെ പൊതുവേ ശത്രുവായല്ലേ വന്നുചേർന്നിരിക്കുന്നതു് ? അദ്ദേഹത്തെ ആദ്യം അടിച്ചോടിക്കാം. പിന്നെ കന്യകകൾ സാല്വനേയോ എന്നെയോ മററാരെയെങ്കിലുമോ വരിച്ചുകൊള്ളട്ടെ എന്നു വയ്ക്കുകയും ചെയ്യാം. നാം തമ്മിൽ വല്ല സൌന്ദര്യപ്പിണക്കവുമുണ്ടെങ്കിലും അതു ഭീഷ്മനോടു യുദ്ധം ചെയ്യുന്നതിനു പ്രതിബന്ധമാകേണ്ടതില്ല.

സാല്വൻ :—കന്യകകൾ എന്നെത്തന്നെ വിവാഹം ചെയ്യുമെന്നുള്ളതു നിശ്ചയമാണു്. അതുകൊണ്ടു നിങ്ങൾ എന്നോടു ചേർന്നാലുമില്ലെങ്കിലും എനിക്കു ഭീഷ്മനോടു പോരിടാതെ നിർവ്വാഹമില്ല. ഏതായാലും നിങ്ങളാരും, നാമെല്ലാം ഇങ്ങനെ ജീവിച്ചിരിക്കെ, ഇത്തരത്തിൽ ഒരപവാദം നമ്മുടെ ജാതിക്കു വരുത്തിവയ്ക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. അല്ലെങ്കിൽ അതും കാലവിപര്യയമാണെന്നു കരുതി സമാധാനപ്പെട്ടുകൊള്ളാം. പുണ്ഡ്രൻ ഏതായാലും എന്റെകൂടെ നിൽക്കുകയില്ലേ ?

പുണ്ഡ്രൻ:—കാലൻ വിളിക്കുന്നതിനു മുൻപു് അങ്ങോട്ടു കടന്നു ചെന്നു കതകിൽ തട്ടുവാൻ എനിക്കും കുറേ മടി

Digitized By Kerala Sahitya Akademi

യില്ലെന്നില്ല. എങ്കിലും ഇതിനെപ്പററി രാത്രി മുഴു വൻ ആലോചിച്ചു് നേരം വെളുത്താൽ അപ്പോഴത്തെ പരിസ്ഥിതിപോലെ ചെയ്യാം. നിങ്ങളെപ്പോലെയൊന്നും വയസ്സായില്ലെങ്കിലും എനിക്കും ബാല്യം കഴിഞ്ഞുപോയി. പല്ലു വല്ലതും പോയാൽ ഇനി മുളയ്ക്കുകയില്ല; അങ്ങനെ ചില ദുർഘടങ്ങൾ എല്ലാമുണ്ടു്.

സാലഡൻ:— നമുക്കു് ഇപ്പോൾ പിരിയാം. എനിക്കു വേറെയും രാജാക്കന്മാരെ കണ്ടു് ഇതിനെപ്പററി സംസാരിക്കാനുണ്ടു്.

(സാലഡൻ പോകുന്നു; കലിങ്ഗൻ വീണ്ടും പോയി കതകടയ്ക്കുന്നു.)

കലി:— നമുക്കു നാളത്തെ കോളെങ്ങനെയിരിക്കുന്നുഎന്നു നോക്കി പുണ്ഡ്രരാജാവു പറഞ്ഞതുപോലെ സമയോചിതമായിട്ടുള്ളതു ചെയ്യാം. ഭീഷ്മൻ കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നതു സങ്കടംതന്നെ; എന്നാൽ അതുനിമിത്തം സാലഡൻെറ അഹങ്കാരം ശമിക്കുമെങ്കിൽ അതു സന്തോഷവും തന്നെ. പുണ്ഡ്രരാജാവു് ഈ അഭിപ്രായത്തിൽ യോജിക്കുകയില്ലായിരിക്കാം.

പുണ്ഡ്ര:— ഇപ്പോൾ ഇത്തിരി യോജിക്കാൻ തന്നെയാണു് തോന്നുന്നതു്! നിശ്ചയമായും സാലഡനെക്കാൾ സൌന്ദര്യം എനിക്കുണ്ടു്; എങ്കിലും കന്യകമാർ അദ്ദേഹത്തെത്തന്നെയാണു് മാലയിടാൻ ഭാവമെങ്കിൽ ആ പൊട്ടക്കണ്ണികളെ എനിക്കു വേണമെന്നില്ല.

Digitized By Kerala Sahitya Akademi

വങ്ഗ:— ഞാൻ നാളെ വരണമണ്ഡപത്തിൽ വരണമോ എന്നുപോലും സംശയിക്കുന്നു. എനിക്കും കന്യകകളിൽ കൊതിയുണ്ടെന്നു തെററിദ്ധരിച്ചു ഭീഷ്മൻ എൻെറ നെഞ്ഞത്തു നോക്കി ഒരു ബാണം പ്രയോഗിച്ചാലോ? അങ്ങനെ ഒരു ദുരാശയുടെ കണികപോലും അവിടെയെങ്ങും കിടപ്പില്ലെന്നു ഹൃദയത്തിൽക്കൂടി പാഞ്ഞുപോകുമ്പോൾ ആ ബാണത്തിനു കാണാൻ കഴിയുമായിരിക്കാം. പക്ഷേ അതുകൊണ്ടു ഫലമെന്തു്? പ്രയോക്താവിനെ വിവരമറിയിക്കാൻ അതിനു നാക്കില്ല; ഉണ്ടെങ്കിൽത്തന്നെയും അറിയിക്കുന്നതുവരെ ആയുസ്സ് അവിടെ കാത്തിരിക്കുകയുമില്ല.

കലി:— വംഗരാജാവേ! അങ്ങല്ലേ ലക്ഷ്യവേധത്തെപ്പററിയും മററും ആദ്യം ഉൽഘോഷിച്ചതു്?

വങ്ഗ:— അതിനെന്തു്? അതു ഞാൻ പറഞ്ഞതു ഭീഷ്മൻ എന്ന ശബ്ദം കേൾക്കുന്നതിനു മുൻപല്ലായിരുന്നുവോ? ആ ശബ്ദം മുഴുവൻ കേട്ടില്ലെന്നു ഞാൻ എവിടെ വേണമെങ്കിലും ആരെക്കൊണ്ടെങ്കിലും ആണയിടാം. അതിന്റെ ആദ്യത്തേ അക്ഷരം-ഭീ—അതു മാത്രമേ കേട്ടുള്ളു. അതു ചെവിയിൽക്കൂടി ഹൃദയത്തിൽ കടന്നു് അവിടെ പൊരുതിയുറപ്പിച്ചിരിക്കുന്നു. പിന്നീടു് ഞാൻ പറഞ്ഞതൊന്നും ഞാനല്ല, അതാണു്, പറഞ്ഞതു്. കലിങ്ഗ! പുണ്ഡ്രാ! നിങ്ങൾ

Digitized By Kerala Sahitya Akademi

അറിയില്ല അദ്ദേഹത്തെ ; ഞാനറിയും. നാളെ നേരിട്ടു കാണാം ; കണ്ടാലറിയാഞ്ഞാൽ കൊണ്ടാലെങ്കിലുമറിയുകയും ചെയ്യാം.

കലി:— വങ്ഗരാജാവു നന്നെ ക്ഷീണിച്ചിരിക്കുന്നു ; കുറെപ്പോയി വിശ്രമിക്കുക.

വങ്ഗ:— അങ്ങേയ്ക്കും കതകുകളും ജനാലകളും അടച്ചു കൈകഴുച്ചിരിക്കണം. നാമെല്ലാവരും ഏറെക്കുറെ വീരന്മാർ തന്നെ.

വങ്ഗപുണ്ഡ്രന്മാർ വെളിയിലേയ്ക്കും കലിങ്ഗരാജാവ് അകത്തേയ്ക്കും പോകുന്നു)

(യവനിക)

രംഗം 4

സ്ഥലം:— കാശിരാജാവിൻെറ രാജധാനി ; സ്വയംവര മണ്ഡപം.

സമയം:— പൂർവാഹ്ണം : ഉദ്ദേശം ഒൻപതുമണി.

(കലിങ്ഗൻ, വങ്ഗൻ, പുണ്ഡ്രൻ, സാലൻ, തുടങ്ങിയ രാജാക്കന്മാർ രണ്ടുവരിയായി സിംഹാസനങ്ങളിൽ ഇരിക്കുന്നു. സാലന് എതിരെയായി ഭീഷ്മന് ഒരാസനം ഒരുക്കി വച്ചിരിക്കുന്നു.)

വങ്ഗ:— കലിങ്ഗരാജാവേ ! കണ്ടില്ലേ ഭീഷ്മനെ ദേവാലയത്തിൽ വച്ചു് ?

കലി:— കണ്ടു. ഉന്നതമായ ശിരസ്സ് ; വിശാലമായ ഫാലം ; ഉജ്ജ്വലമായ മുഖം ; ദീപ്തിമത്തുകളായ നേത്ര

Digitized By Kerala Sahitya Akademi

ങ്ങൾ ; ഗോപുരകവാടംപോലെയുള്ള വക്ഷസ്സ്; ജാനുലംബികളായ ഭുജങ്ങൾ ; മുഷ്ടിമേയമായ കക്ഷി ; ശരീരത്തിലെ ഓരോ രോമവും ഓരോ ചന്ദ്രഹാസം; ഓരോ മാംസപേശിയും ഓരോ ലോഹപിണ്ഡം ! സാലപ്രാംശു ; സിംഹസംഹനനൻ; പൌരുഷത്തിന്റെ പരമോൽകർഷം; ക്ഷാത്രതേജസ്സിന്റെ സമ്പൂർണ്ണാവതാരം ; ശൌര്യഗാംഭീര്യങ്ങളുടെ സങ്കേതസ്ഥാനം ; വീരരസത്തിന്റെ വിജൃംഭണസീമ. അചഞ്ചലൻ ; അകുതോഭയൻ ; അധൃഷ്യൻ ; അസാധാരണൻ. ഇങ്ങനെയുമുണ്ടോ ഒരു മനുഷ്യസൃഷ്ടി? കണ്ടു മരിച്ചാലും മറക്കാത്ത ഒരു കാഴ്ച തന്നെയായിരുന്നു അത്.

സാല്വൻ: വരണമണ്ഡപത്തിൽ വന്നിട്ടും കൂടി നിങ്ങൾ ശത്രുവിനെ പ്രശംസിക്കുന്നുവല്ലോ. ലജ്ജയെന്നൊന്നില്ലേ നിങ്ങൾക്ക് ? അതോ അതിനെയും മററ് അവരോധജനങ്ങളുടെ കൂട്ടത്തിൽ നാട്ടിൽത്തന്നെ വിട്ടുംവച്ചു പോന്നിരിക്കയാണോ?

കലി:— സാല്വരാജാവേ! അങ്ങല്ലേ ഇന്നലെ പറഞ്ഞത് ഭീഷ്മൻ വടികുത്തിയാണു് വന്നതെന്നും മററും ? അതു സത്യമാണോ ?

സാല്വൻ: — അല്ലെങ്കിലെന്തു്? കുത്തിയല്ല വന്നതെങ്കിൽ കുത്തിച്ചു പറഞ്ഞയയ്ക്കും.

Digitized By Kerala Sahitya Akademi

കലി :—കാണാമല്ലോ നടക്കുമെങ്കിൽ ആ കാഴ്ചയും! അങ്ങേയ്ക്കു നേരേ എതിരിൽത്തന്നെയാണ് ഭീഷ്മനു കല്പിച്ചിട്ടുള്ള പീഠം.

(കന്യകമാർ കയ്യിൽ വരണമാല്യവുമായി വന്ന് എല്ലാവർക്കും അഭിമുഖമായി, അവർക്കുള്ള ആസനങ്ങളിൽ ഇരിക്കുന്നു. അവർക്കു സമീപമായി സദസ്സിനെ അഭിവാദനം ചെയ്തതിനുശേഷം കാശിരാജാവും ഉപവിഷ്ടനാകുന്നു. അടുത്തക്ഷണത്തിൽ ഭീഷ്മൻ തനിക്കു നിർദ്ദിഷ്ടമായ പീഠത്തെ അലങ്കരിക്കുന്നു. അതുവരെ കന്യകമാരെ ഇമയടയ്ക്കാതെ നോക്കിക്കൊണ്ടിരുന്ന രാജാക്കന്മാരുടെ ദൃഷ്ടികൾ ഒന്നിച്ചു അദ്ദേഹത്തിൽ പതിയുന്നു. അവരിൽ ആ കാഴ്ച പല തരത്തിലുള്ള സ്തോഭങ്ങളെ ജനിപ്പിക്കുന്നു. അംബ നിന്ദാഗർഭമായി ചിരിക്കുന്നു. അംബിക കണ്ണടയ്ക്കുന്നു. അംബാലിക വിറകൊള്ളുന്നു. അതൊന്നും കാണാത്തതുപോലെ ഭീഷ്മൻ നിർവികാരനായി സ്ഥിതിചെയ്യുന്നു.

കോസ:—(എഴുന്നേററ്) രാജാക്കന്മാരേ! സുഹൃത്തുക്കളെ! ക്ഷണപത്രം സ്വീകരിച്ച് ഇവിടെ വന്നുചേർന്ന് ഈ സദസ്സിനെ സനാഥമാക്കുന്ന നിങ്ങൾക്കെല്ലാം ഞാൻ എൻെറ സ്വാഗതോപഹാരം ആദ്യമായി സമർപ്പിച്ചുകൊള്ളുന്നു. ഈ ശുഭമുഹൂർത്തത്തിൽ ആഘോഷിക്കുന്നതു് എൻെറ മൂന്നു കുമാരികളുടേയും സ്വയംവരമാണ്. വിദുഷികളായ അവർക്ക് നിങ്ങളിൽ ഓരോരുത്തരുടേയും മാഹാത്മ്യം വേണ്ടപോലെ അറിയാം. തങ്ങൾക്കു ബോധിച്ച പുരുഷനെ അവർ യഥേഷ്ടം വരണം ചെയ്യട്ടെ. അതിൽ മററുള്ളവർ മത്സരിക്കാതിരിക്കണമെന്നുമാത്രം എനിക്കൊരപേക്ഷയുണ്ട്. ഒരു യുവതിക്ക് ഒരു യുവാവിൽ അനുരാഗം ജനിക്കുന്നതു് ആ യുവാവിൻെറ

Digitized By Kerala Sahitya Akademi

ന്നസാമഗ്രിയെ ആശ്രയിച്ചാണെന്ന് ആരും തെറ്റിദ്ധരിക്കരുത്. വിവാഹമെന്നത് ഏതോ പൂർവ്വജന്മത്തിലെ ഋണാനുബന്ധമാണ്; അതിനെ വേണമെങ്കിൽ രുചിഭേദത്തിൻെറ ഫലമാണെന്ന് ഉപരിപ്ലവമായും വ്യാഖ്യാനിക്കാം. ആ തത്വം ഗ്രഹിച്ചാൽ വിവാഹമണ്ഡപത്തിൽ വിപരീതവ്യാപാരത്തിന്ന സ്ഥാനമില്ല. വിതാനാഗ്നിയാണ് ഇവിടെ ജ്വലിക്കേണ്ടത്, വിദ്വേഷാഗ്നിയല്ല; ആശീർവ്വചസ്സുകളാണ് ഉയരേണ്ടത്, അട്ടഹാസങ്ങളല്ല; കാമദേവനെയാണ് ആരാധിക്കേണ്ടത്, ക്രോധദേവനെയല്ല. ഈ സ്വയംവരം സംബന്ധിച്ച് ഇങ്ങനെയൊരു പരിഷ്കാരം വരുത്തിയാൽ കൊള്ളാമെന്ന് എനിക്ക മോഹമുണ്ട്; എന്നാൽ അത്ര നിങ്ങളുടെ സൗമനസ്യംകൂടാതെ സാധ്യമല്ലല്ലോ. കന്യകകളുടെ പ്രവൃത്തി അഭിമതമല്ലെന്ന തോന്നി അവരുടെ അപഹരണത്തിനുള്ള അവകാശം നിങ്ങളിൽ ആരെങ്കിലും ഉപയോഗിക്കാനാണ് ഒരുങ്ങുന്നതെങ്കിൽ അതിനെ തടയേണ്ടത് എൻെറയും അവരുടെ പ്രാണനാഥൻെറയും കർത്തവ്യമായിരിക്കും. ആക്കാര്യം അങ്ങനെയിരിക്കട്ടെ.

സാല്വൻ:—വേറെയുമുണ്ടോ കാര്യം?

കോസ:—ദുർഭാഗ്യവശാൽ ഉണ്ട്. ആ കാര്യത്തിലേക്ക നിങ്ങളുടെ വിശേഷശ്രദ്ധയെ ആകർഷിക്കുന്നതിന വേണ്ടിയാണ് ഞാൻ ഇപ്പോൾ ഉത്ഥാനംചെയ്തത്.

Digitized By Kerala Sahitya Akademi

എന്റെ ആഹ്വാനമനുസരിച്ചു വന്നവരാണു് നിങ്ങൾ; എന്നാൽ അനാഹൂതനായും ഒരാളെ നിങ്ങൾക്കു് ഇവിടെ കാണാം—ഹസ്തിനപുരത്തിലെ ദേവവ്രതൻ. അദ്ദേഹം ഇന്നു് ഇവിടെ യുവരാജാവോ, മഹാരാജാവോ, ക്ഷത്രിയനോ, ബ്രാഹ്മണനോ, കർമ്മസംഗിയോ, കർമ്മസന്യാസിയോ,എന്നൊന്നും നിശ്ചയമില്ലാത്തതുകൊണ്ടാണു്, ദേവവ്രതനെന്നുമാത്രം പറഞ്ഞതു്. പരേതനായ ശന്തനുമഹാരാജാവിന്റെ സീമന്തപുത്രനാണു് അദ്ദേഹം. പിതൃഹിതത്തിനുവേണ്ടി ദാരസംഗ്രഹവും രാജ്യപരിപാലനവും ഒന്നിച്ചു സന്ത്യജിച്ച അദ്ദേഹത്തിനു ഭീഷ്മൻ എന്നൊരു ബിരുദനാമമുള്ളതു നിങ്ങളെല്ലാം കേട്ടിരിക്കുമല്ലോ. ഭീഷ്മൻ മഹാത്മാവല്ലെന്നു് ആൎക്കു പറയുവാൻ കഴിയും? കരുത്തുണ്ടു്; കാര്യജ്ഞാനമുണ്ടു്; ശസ്ത്രജ്ഞനാണു്; ശാസ്ത്രജ്ഞനാണു്; ധാൎമ്മികനാണു്; ത്യാഗിയാണു് ഇത്തരത്തിൽ ഒരതിമാനുഷൻ ഇക്കാലത്തു നമ്മുടെ ഇടയിൽ ഉണ്ടോ? ഉണ്ടെങ്കിൽ പറയുവിൻ.

(സാല്വനൊഴികെ) മററു രാജാക്കന്മാർ :—ഇല്ല, കാശിരാജാവേ! ഇല്ല.

കോസ :—വിവാഹകർമ്മം വിധിച്ചിട്ടുള്ളതു സ്നാതകനാണു്, ബ്രഹ്മചാരിക്കല്ല; തരുണനാണു്, സ്ഥവിരനല്ല. ഭീഷ്മനെപ്പോലെയുള്ള ഒരാൾക്കു ബധിരപ്രായമായ ചെവികൊണ്ടു കാലമഹിഷത്തിന്റെ മണ്ടാ

Digitized By Kerala Sahitya Akademi

രവം കേൾക്കുകയും അന്ധപ്രായമായ മിഴികൊണ്ടു സംയമനീനഗരത്തിലെ വൃക്ഷശാഖകൾ കാണുകയും ചെയ്യാൻ കഴിയുന്ന ഈ ദശാസന്ധിയിൽ വിവാഹയോഗ്യതയുണ്ടോ ?

(കലിങ്ഗനും വങ്ഗനും ഈ ചോദ്യത്തിനും ഇനിമേലുള്ളവയ്ക്കും ഉത്തരം പറയുന്നില്ല)

മററു രാജാക്കന്മാർ :—ഇല്ല, രാജാവേ, ഇല്ല.

കോസ :—എന്നാൽ അത്രയ്ക്കു ബുദ്ധിഹീനനല്ല ഭീഷ്മർ. അദ്ദേഹത്തിൻെറ ഇന്നത്തെ ആഗമനോദ്ദേശ്യം നിങ്ങൾക്കെന്നപോലെ എനിക്കും അജ്ഞാതമാണ്. അദ്ദേഹം എന്നോടു പറഞ്ഞതു് തൻെറ അനുജനും ഇപ്പോഴത്തെ ഹസ്തിനപുരമഹാരാജാവുമായ വിചിത്രവീര്യൻെറ ആവശ്യത്തിനായി അദ്ദേഹത്തിൻെറ പ്രതിപുരുഷനെന്ന നിലയിൽ ഈ പെൺകുട്ടികളെ കൊണ്ടുപോകുന്നതിനുവേണ്ടി താൻ വന്നിരിക്കുന്നു എന്നാണ്.

സാലപൻ :—അതു് ആർക്കു കേട്ടാലും നിരക്കാത്ത ഒരസത്യപ്രസ്താവനയാണ്.

കോസ :—അസത്യമോ സത്യമോ ? ഏതായാലും അതിനകത്തു് ഒരു രഹസ്യം ഒളിഞ്ഞുകിടക്കുന്നുണ്ടു്. വിചിത്രവീര്യൻ വന്നിട്ടില്ല. അദ്ദേഹം ജീവിച്ചിരിക്കുന്നില്ലേ ? ഉണ്ടെങ്കിൽ വരാനെന്താണ് ഇത്ര സങ്കോചം ? അദ്ദേഹം ഒരു ബാലനോ ബാലിശനോ ആ

Digitized By Kerala Sahitya Akademi

ണോ ? വിവാഹമെന്നതു പ്രതിനിധിയെക്കൊണ്ടു നടത്തിക്കാവുന്ന ഒരു കാര്യമാണോ ? അന്യരാജാക്കന്മാരെ പേടിച്ചാണു് ഈ സ്വയംവരോത്സവത്തിനു് ആഗതനാകാത്തതെങ്കിൽ അദ്ദേഹത്തിന്റെ വീര്യം പേരിനൊത്തപോലെ വിചിത്രം തന്നെയാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. കിടാങ്ങൾക്കു് ആ വ്യക്തിയെ മുൻകൂട്ടി ഒന്നു കാണുകയെങ്കിലും വേണ്ടേ ? പറയത്തക്ക അംഗവൈകല്യമൊന്നുമില്ലെന്നെങ്കിലും ബോധ്യമാകണ്ടേ ? അവർ സ്ത്രീകൾ തന്നെ ; എന്നുവച്ചു തങ്ങളെ സംബന്ധിച്ചുള്ള കാര്യങ്ങളിൽപോലും അവരെ നിർജ്ജീവവസ്തുക്കളാക്കുന്നതു സമുചിതമാണോ? ഭീഷ്മർ ധർമ്മജ്ഞനല്ലെന്നു ഞാൻ പറയുന്നില്ല. ഈ വിചിത്രപരിപാടിക്കു് ഒരു ഗതി കല്പിക്കാൻ അദ്ദേഹം പുത്തനായി ഒരു ധർമ്മശാസ്ത്രം നിർമ്മിച്ചിരിക്കണം; പക്ഷേ നാമാരും അതു കണ്ടിട്ടില്ലെന്നു മാത്രമേ ഒരു വൈഷമ്യമുള്ളൂ. ഇതെല്ലാം ന്യായമാണോ ? ആണെങ്കിൽ പറയുവിൻ !

രാജാക്കന്മാർ :— അല്ല, രാജാവേ, ഒരിക്കലുമല്ല.

കോസ :— അതെല്ലാം പോകട്ടെ. ഈക്കാര്യത്തിൽ സർവ്വോപരി ശോചനീയമായ ഒരു സംഗതികൂടി അന്തർഭവിച്ചിട്ടുണ്ടു്. വിചിത്രവീര്യൻ ആരെന്നു ഞാൻ ശാന്തമായി, വിനീതമായി, ചോദിക്കുന്നു. അദ്ദേഹത്തിന്റെ പിതാവു ശന്തനുമഹാരാജാവുതന്നെ ; തന്നിമിത്തം

Digitized By Kerala Sahitya Akademi

ബീജശുദ്ധിയുണ്ടെന്നു സമ്മതിക്കാം. എന്നാൽ ക്ഷേത്രശുദ്ധിയുണ്ടോ? അതുകൂടി പര്യാലോചിക്കേണ്ടതല്ലേ? മാതാവാര്? ഇന്നു സത്യവതിയെന്നു പറയുന്ന പണ്ടത്തെ കാളി. ആ കാളിയാര്? ഉച്ചൈശ്ശ്രവസ്സെന്ന മുക്കുവന്റെ മകൾ. അപ്പോൾ വിചിത്രവീര്യൻ? മുക്കുവന്റെ മകളുടെ മകൻ. അങ്ങനെയുള്ള ഒരസ്പൃശ്യന് എന്റെ കിടാങ്ങളെ വിവാഹംചെയ്തുകൊടുക്കണമെന്നും അല്ലെങ്കിൽ കൊടുപ്പിക്കുമെന്നും ശഠിച്ചുകൊണ്ട്, അരയും തലയും മുറുക്കി, ആർത്തുപുളച്ച്, അഹങ്കരിച്ച് എത്തിക്കൂടിയിരിക്കുന്നു ഈ ദേവവ്രതൻ—അല്ല, രാക്ഷസവ്രതൻ. കുട്ടികളുടെ ഗ്രഹപ്പിഴ; എന്റെ സുകൃതക്ഷയം. കാശിരാജ്യത്തിന് ഈ അധഃപതനം എന്റെ ജീവിതകാലത്തു സംഭവിക്കണമെന്നായിരിക്കുമോ വിധികല്പിതം? ആചാരശ്ലക്ഷ്ണനാണത്രേ ഭീഷ്മൻ! അദ്ദേഹം കലിയുഗത്തിന്റെ കരിനിഴൽ ഭാവിയിൽ നിന്നാകർഷിച്ച് ഇന്നത്തെ ദ്വാപരയുഗത്തിൽ തട്ടിക്കുന്നു! തത്ത്വവേദിയാണത്രേ അദ്ദേഹം! തത്ത്വമെന്നാൽ എന്തെന്ന് അദ്ദേഹത്തിനു മാത്രമല്ലേ അറിയാവൂ! അദ്ദേഹം പറയുന്നതു പ്രമാണം; അനുശാസിക്കുന്നതു ആമ്നായം! ധീരനാണത്രേ അദ്ദേഹം! പരലോകത്തെപ്പോലും ഭയപ്പെടാത്ത അദ്ദേഹം ധീരനല്ലെന്ന് ആർക്കു തർക്കിക്കാം? ഈശ്വരസാക്ഷാൽ

Digitized By Kerala Sahitya Akademi

കാരം സ്വാധീനമായ സിദ്ധനാണത്രേ അദ്ദേഹം ! അതും ശരിയായിരിക്കാം. അച്ഛനാവിഗ്രഹത്തെ അവഗണിക്കാൻ അച്ഛകനല്ലാതെ സാധിക്കുമോ ? ഇങ്ങനെയെല്ലാമുള്ള ഭീഷ്മർ ഒരു മഹാത്മാവല്ലെന്നു പറയാൻ ആർക്കു കഴിയുമെന്നു ഞാൻ വീണ്ടും ചോദിക്കുന്നു.

രാജാക്കന്മാർ :— ഞങ്ങൾക്കു കഴിയും. അദ്ദേഹം മഹാത്മാവല്ല ; ക്ഷുദ്രാത്മാവാണ്. ദുരാത്മാവാണ്.

കോസ :— സഹോദരന്മാരേ ! എനിക്കു നിങ്ങളെ പ്രക്ഷുബ്ധരാക്കണമെന്നു തെല്ലും താൽപര്യമില്ല. ഞാൻ ശാന്തശീലനാണ് ; സമാധാനപ്രിയനാണ്. എങ്കിലും എന്റെ ഈ പരിദേവനം കേൾക്കുമ്പോൾ നിങ്ങളുടെ ഹൃദയം തുടിക്കുന്നില്ലേ ? രക്തം തിളയ്ക്കുന്നില്ലേ ? കണ്ണിൽനിന്നു തീപ്പൊരി ചിതറുന്നില്ലേ ? ഉറയിൽനിന്ന് ഉടവാൾ ഉയരുന്നില്ലേ ?

രാജാ :— ഉണ്ട്, രാജാവേ, ഉണ്ട്.

കോസ :— അങ്ങനെയാണെങ്കിൽ നിങ്ങൾ എന്തുദ്ദേശിക്കുന്നു ?

സാല്വ :— ഞങ്ങൾ ഈ ഭീഷ്മനെ വളഞ്ഞുപിടിക്കും ; കെട്ടിയിട്ടടിക്കും ; കൊന്നു കഴിച്ചുമൂടും ; ആ ശ്മശാനത്തിൽ ഒരു ജയധ്വജം സ്ഥാപിക്കും ; അതിൽ ഈ ധർമ്മഭ്രഷ്ടന്റെ ദുശ്ചരിതം കരിങ്കല്ലിൽ കൊത്തിവയ്ക്കും.

Digitized By Kerala Sahitya Akademi

കോസ:— ഇതെല്ലാം നിങ്ങൾക്കു കഴിയുമോ ? പടത്തിലേ പോരല്ല പടക്കളത്തിലേ പോരെന്നു നിങ്ങൾ ഓർമ്മിക്കുന്നുണ്ടോ ?

രാജാ :— ഉണ്ടു്, ഉണ്ടു്.

കോസ :— എൻെറയും എൻെറ കന്യകകളുടേയും അഭിമാനം നിങ്ങൾ ഈ ആപൽസന്ധിയിൽ പരിപാലിക്കും; ക്ഷത്രിയരെന്ന നിലയിൽ നിങ്ങളുടെ കർത്തവ്യം അനുഷ്ഠിക്കും; ശത്രു എത്രതന്നെ ബലവാനാണെങ്കിലും ധർമ്മം അവനെക്കാൾ ബലിഷ്ഠമാണെന്നു വിശ്വസിച്ചു്—ഭവിഷ്യത്തിനെപ്പററി ശങ്കിക്കാതെ—പ്രാണത്യാഗമാണു് വേണ്ടിവരുന്നതെങ്കിൽ അതിനുപോലും മടിക്കാതെ ;—തന്നെയോ ? ഉറപ്പുവോ ഇക്കാര്യം ? നിത്യബ്രഹ്മചാരിക്കു് എന്നും അധ്യയനകാലമാണു് — അധർമ്മത്തിനു വിജയമില്ലെന്നുള്ള ബാലപാഠം ഈ സ്ഥവിരബാലനെ പഠിപ്പിക്കുമോ ?

രാജാ :— ഉറപ്പു, രാജാവേ, ഉറപ്പു. പഠിപ്പിക്കും ഞങ്ങൾ ! പഠിപ്പിക്കും !

കോസ :— കാശിവിശ്വനാഥനെ സാക്ഷിയാക്കി ?

രാജാ :— കാശിവിശ്വനാഥനെ സാക്ഷിയാക്കി.

കോസ :— ഭീഷ്മനു വല്ലതും പറയേണ്ടതുണ്ടെങ്കിൽ പറയട്ടെ. അതുകൂടി നിങ്ങൾക്കു കേൾക്കണ്ടേ ?

രാജാ :— വേണ്ട, വേണ്ട, വേണ്ട.

Digitized By Kerala Sahitya Akademi

ഭീഷ്മ :—പറയാനല്ല, പ്രവർത്തിക്കാനാണ് ഞാൻ ഇവിടെ വന്നിരിക്കുന്നത്.

കോസ :—എന്നാൽ കിടാങ്ങളേ! ഇനി നിങ്ങൾക്ക് എഴുനേററ് ഈ രാജാക്കന്മാരിൽ ആരു് അഭിമതനോ, അദ്ദേഹത്തെ മാലയിടാം.

(അംബ മുൻപിലും അംബികയും അംബാലികയും യഥാക്രമം പിന്നിലുമായി നടക്കുന്നു; അംബ സാലപന്റെ കഴുത്തിൽ മാലയിടാൻ കയ്യുയർത്തുന്നു.)

ഭീഷ്മ :—(എഴുനേററു് ഉച്ചത്തിൽ) : നിൽക്കുവിൻ കുട്ടികളേ! അവിടെ, വയ്ക്കുവിൻ മാല താഴത്തു്. ഭീഷ്മനാണു് ആജ്ഞാപിക്കുന്നതു്.

അംബികയും അംബാലികയും അവരുടെ മാലകൾ താഴെ വയ്ക്കുന്നു, അംബയുടെ മാല കയ്യിൽനിന്നു തെററി തറയിൽ വീഴുന്നു)

ഭീഷ്മൻ :—മുമ്പോകുവിൻ മുന്നോട്ടു് (അംബികയും അംബാലികയും മുന്നോട്ടു നടക്കുന്നു.) പോകാനല്ലേ പറഞ്ഞതു്?

അംബ വിസമ്മതം പ്രകടിപ്പിക്കയാൽ ഭീഷ്മൻ കൈക്കുപിടിച്ചു നടത്തിക്കുന്നു. ഭീഷ്മനും കന്യകമാരും പോകുന്നു.)

സാലപൻ :—രാജാക്കന്മാരേ! അതാ പറക്കുന്നു പരുന്തു് ഇരകളെയും റാഞ്ചിക്കൊണ്ടു്. നാമെല്ലാവരും ഇവിടെ ഉണർന്നിരിക്കുന്നുവോ ഉറങ്ങുന്നുവോ? ജീവിച്ചിരിക്കുന്നുവോ മരിച്ചുകഴിഞ്ഞുവോ? എഴുനേല്ക്കുവിൻ! പീഠത്തിൽ പൃഷ്ഠം ആണിവച്ചുറപ്പിച്ചിരിക്കുന്നതു

Digitized By Kerala Sahitya Akademi

പോലെ ആരുമാരുമനങ്ങുന്നില്ലല്ലോ. വരുവിൻ എന്നോടു കൂടി ; ഞാൻ നില്ക്കാം മുന്നണിയിൽ.

(അണിയറയിൽ ഭീഷ്മന്റെ ചെറുഞാണൊലി)

രാജാ :— (കണ്ണുതുടച്ചു നോക്കിക്കൊണ്ടു്) എന്താണു് ഞങ്ങൾ ഒരു കഠോരശബ്ദം കേട്ടതു് ? ഇടിവെട്ടിയതോ എരിമല പൊട്ടിയതോ ?

ഭീഷ്മർ :—രാജാക്കന്മാരേ ! ഞാനെങ്ങും പോയിട്ടില്ല; പോകുകയുമില്ല ; ഇവിടെത്തന്നെയുണ്ടു്--നിങ്ങളുടെ മുന്നിൽ ; കന്യകമാർ എന്റെ തേരിലും. എന്താണു് നിങ്ങൾക്കു് എന്നെക്കൊണ്ടു് ആവശ്യം ?

സാല്വൻ :--നന്നായി ഭീഷ്മ ! നന്നായി ഞങ്ങളുടെ മുൻപിൽ തിരിയെ വന്നതു--അപരാധി ന്യായസഭയിൽ സ്വയമേവ വരുന്നതുപോലെ. അല്ലെങ്കിൽ എന്താണു് ഫലമെന്നു നിങ്ങൾതന്നെ മനസ്സിലാക്കിയിരിക്കണം. ഏതു് ആഴിയുടെ അടിത്തട്ടിൽ മുങ്ങിയാലും, ഏതു കൊടുമുടിയുടെ ഉപരിതലത്തിൽ ഒളിച്ചാലും, അവിടെയെത്തും ആയിരക്കണക്കിനു് എന്റെ ബാണഭടന്മാർ നിങ്ങളെ പിടികൂടാൻ. ഷണ്ഡ! പാഷണ്ഡ! ധർമ്മധ്വജ! വിതഥപ്രതിജ്ഞ, ദുരാചാര, കന്യാചോര, സ്ത്രീലമ്പട, ജരാവല്ലഭ, വത്സ, വത്സ, നിങ്ങളുടെ രക്തം ഇവിടെ ആവശ്യമുണ്ടു്--ആ പതിയ കങ്കമച്ചാറുകൊണ്ടു വിവാഹവേദി മെഴുകുവാൻ ; ശിരസ്സു് ആവശ്യമുണ്ടു്--ആ പക്വമാംസം,

Digitized By Kerala Sahitya Akademi

കൊണ്ടു പടപ്പിശാചിനു ബലി കൊടുക്കുവാൻ; പ്രാണവായു ആവശ്യമുണ്ടു്--വിശന്നുപൊരിയുന്ന എൻെറ കൃപാണസർപ്പത്തിനു പാരണ കഴിക്കുവാൻ! വരൂ! വരൂ!

ഭീഷ്മർ:--സാല്വ! കഴിഞ്ഞോ നിങ്ങളുടെ നാമാച്ചന? നിങ്ങളല്ല ഈ ആക്രോശത്തിനു് ഉത്തരവാദി; നിങ്ങളുടെ നാവിൽ നൃത്തം വയ്ക്കുന്ന മൃത്യുവാണു്. എന്നെ ആ വേതാളത്തിനു് എൻെറ മനസ്സുകൂടാതെ സമീപിക്കാവുന്നതല്ല; ഒരാളുടെ ഭക്ഷണംകൊണ്ടു് അതിൻെറ കുക്ഷി നിറയുകയുമില്ല. അതിനു രാജാക്കന്മാരേ! നിങ്ങളെ മുഴുവൻ ഗ്രസിക്കണം; എന്നാൽ അതിനും എൻെറ മനസ്സു വേണ്ടിയിരിക്കുന്നു. ഈ സുമുഹൂർത്തത്തിൽ, ഈ കല്യാണമണ്ഡപത്തിൽ വച്ചു്, ഞാൻ അതിൻെറ ഇച്ഛാപൂർത്തിവരുത്താൻ ഉദ്ദേശിക്കുന്നില്ല. ഒന്നാമതു നിങ്ങൾ എൻ്റെ സംബന്ധിയാകാൻ പോകുന്ന കാശിരാജാവിൻെറ അതിഥികൾ. രണ്ടാമതു നിങ്ങൾ ഇങ്ങോട്ടുപോരുമ്പോൾ നിങ്ങളുടെ കുടുംബങ്ങളോടു് അന്ത്യാമന്ത്രണംചെയ്തിരിക്കാൻ ഇടയില്ല. നിങ്ങൾക്കു് ഇനിയും വിഷയസുഖത്തിൽ തൃഷ്ണയുണ്ടു്; ഇല്ലെങ്കിൽ ഇങ്ങോട്ടുവരേണ്ടതില്ലല്ലോ. അതുകൊണ്ടു് നിങ്ങൾക്കു യഥേഷ്ടം ഇവിടെനിന്നു തിരിയെപ്പോകാം; പോയിട്ടു വേറേ സ്ത്രീകളെ വിവാഹം ചെയ്യുന്നമെങ്കിൽ അതും ചെയ്യാം. ഈ യുവതികളെ കിട്ടില്ലെന്നു മാത്രമേ

Digitized By Kerala Sahitya Akademi

ഒരു വൈഷമ്യമുള്ളൂ. നിങ്ങളെല്ലാവരും തുല്യദുഃഖ ന്മാരാകുമ്പോൾ മനസ്സമാധാനത്തിനു മാർഗ്ഗവുമുണ്ട്.

സാല്വ :— അവു! എന്തൊരനുഗ്രഹം!

ഭീഷ്മ :— എന്നാൽ വേണ്ട, പടയ്ക്കുതന്നെ തയാറായിക്കൊള്ളുവിൻ. ആരു വരുന്നു ആദ്യമാദ്യം? ഒന്നാമൻ? രണ്ടാമൻ? മൂന്നാമൻ?

(ഭീഷ്മൻെറ ചെറുഞാണൊലിയിൽ രാജാക്കന്മാർ വീണ്ടും ഭയപ്പെടുന്നു.)

കലി:— ഞാൻ സാല്വനൊഴികെയുള്ള രാജാക്കന്മാരോട് ഒരു വാക്കു പറയാനാണ് എഴുനേററതു്. നമുക്കാർക്കും കന്യകകളെ കിട്ടുകയില്ലെന്നു തീർച്ചയായി. അവർ വരിക്കാൻ ഉദ്ദേശിച്ചതു സാല്വനെ; അവരെ ഹരിക്കാൻ തീർച്ചപ്പെടുത്തിയതു് ഭീഷ്മനും. വല്ല യുദ്ധവും വേണമെങ്കിൽ അതു്. അവർ രണ്ടുപേരും തമ്മിൽ ആയിക്കൊള്ളട്ടെ. നാമെന്തിനു് ഇടയ്ക്കു കടന്നു് ആത്മഹത്യചെയ്യാൻ ഒരുങ്ങണം?

വങ്ഗ :— കലിങ്ഗൻ പറയുന്നതു പരമാർത്ഥമാണു്. ഞങ്ങൾ മദ്ധ്യസ്ഥന്മാരുടെ നിലയിൽ ഈ ദ്വന്ദ്വയുദ്ധം കണ്ടു തൃപ്തിപ്പെട്ടുകൊള്ളാം.

സാല്വ:— നിങ്ങളല്ലേ നാലഞ്ചു നിമിഷങ്ങൾക്കുമുമ്പ് കാശിരാജാവിനോടു ചില ശപഥങ്ങളും മററും ചെയ്തതു്?

Digitized By Kerala Sahitya Akademi

വംഗ :— കലിങ്ഗനും ഞാനും ചെയ്തില്ല. മററുള്ളവർ ചെയ്ത പ്രതിജ്ഞകൾക്കും ഭീഷ്മൻെറ പ്രതിജ്ഞയ്ക്കും തമ്മിൽ വ്യത്യാസമുണ്ടു്. ഭീഷ്മൻ പറഞ്ഞില്ലെങ്കിലും അവ പറഞ്ഞു; അവയോടു ഭീഷ്മൻ ആദ്യമായി കയർക്കുമെന്നു പേടിച്ചായിരിക്കണം.

മററു രാജാക്കന്മാർ :— അതുതന്നെയാണു് ഞങ്ങളുടെയും പക്ഷം; അതു വങ്ഗൻ തുറന്നുപറഞ്ഞതിൽ ഞങ്ങൾക്കെല്ലാം അദ്ദേഹത്തോടു പരിഭവമല്ല, കൃതജ്ഞതയാണുള്ളതു്.

ഭീഷ്മ :— കാശിരാജാവേ! അങ്ങേയ്ക്കു യുദ്ധം വേണമോ? വേണമെങ്കിൽ ചതുരങ്ഗബലത്തോടു കൂടി വന്നു് എന്നെയും എൻെറ രഥത്തെയും വളയാം.

കോസ :— വേണ്ട! ഭീഷ്മ! സാലപനാണു് എന്നെ ഇതിനെല്ലാം പ്രേരിപ്പിച്ചതു്. എൻെറ അപരാധമെല്ലാം ക്ഷമിച്ചു് എനിക്കു മാപ്പുതരണം. ഞാൻ മദ്ധ്യസ്ഥന്മാരുടെ മദ്ധ്യത്തിൽ ഇരുന്നുകൊള്ളാം.

ഭീഷ്മ :— ഇനി സാലപൻ മാത്രമേ അവശേഷിക്കുന്നുള്ളു. സാലപ! നമുക്കിത്തിരി പൊരുതുനോക്കാം, ഉപായത്തിൽ ഒരു വീരവിനോദം—കാഴ്ചക്കാരുടെ കൌതുകത്തിനു്. ആയുധം വാളോ വില്ലോ?

സാലപ :— ഓഹോ! തയാർ. വാളുതന്നെ. ഇതൊരു ദ്യൂതക്രീഡയാണു്; പ്രാണനാണു് പണയം. നമ്മുടെ

Digitized By Kerala Sahitya Akademi

ഈ ബാഹുബലപരീക്ഷ കന്യകകൾകൂടി കാണണം.,, ഒരു കിഴവനെ അടിപ്പെടുത്തുന്നതിൽവച്ചു വലിയ മേന്മയൊന്നും അവർ എനിക്കു കല്പിക്കുകയില്ലായിരിക്കാം; എങ്കിലും അവർ കൂടി കണ്ടാൽക്കൊള്ളാം.

ഭീഷ്മ :—നിങ്ങളുടെ അഭീഷ്ടംപോലെ ആകട്ടെ.

(മറെറാരു യവനിക ഉയരുന്നു. അല്പം ദൂരെയായി രഥത്തിന്റെ സമീപം മൂന്നു കന്യകമാരും ആസനങ്ങളിൽ ഇരുന്നു ആലിലകൾ പോലെ വിറയ്ക്കുന്നു. ഭീഷ്മനും സാലപനും വാൾകൊണ്ടു യുദ്ധം ചെയ്യുന്നു. സാലപൻ തോററു താഴെ വീഴുന്നു. ഭീഷ്മൻ ഓങ്ങിയ വാൾ ഉറയിൽ തിരുകി അടുത്തു ചെല്ലുന്നു.

സാലപൻ :—അരുതേ! ഹസ്തിനപുരമഹാരാജാവേ! എന്നെ കൊല്ലരുതേ!

ഭീഷ്മൻ :—നിങ്ങളെ കൊല്ലുകയില്ലെന്നു ഞാൻ ആദ്യം തന്നെ വാഗ്ദാനം ചെയ്തില്ലേ? എന്റെ നാക്കു മാത്രമല്ല, കയ്യും ഞാൻ പറയുന്നതുപോലെ കേൾക്കും.

സാലപൻ :—എന്റെ നാക്കു് അറിയരുതേ! അതു് അങ്ങയെപ്പററി അസത്യമായി, അന്യായമായി, അസഭ്യമായി, പല അപശബ്ദങ്ങളും പുറപ്പെടുവിച്ചുപോയിട്ടുണ്ടു്.

ഭീഷ്മൻ :—അതു സാരമില്ല. നിങ്ങളെപ്പോലെയുള്ളവർ എനിക്കു കേവലം ശിശുക്കളാണു്. ശിശുക്കളുടെ നിന്ദ കേട്ടാൽ വൃദ്ധന്മാൎക്കു് അമൎഷമല്ല, ആനന്ദമാണുണ്ടാകുന്നതു്.

Digitized By Kerala Sahitya Akademi

സാല്വൻ :—എന്റെ കീർത്തി ഞാൻ പണയപ്പെടുത്തി; ആ ദേവിയെക്കൂടി അങ്ങു കൊണ്ടുപോകുന്നു. നാലാമത്തെ കന്യകയായി എനിക്കു കിട്ടിയ പ്രാണൻ കൊണ്ടു ഞാനും കൃതാർത്ഥനാകുന്നു. ആ പ്രാണനാണു് എന്റെ പ്രാണനാഥ.

ഭീഷ്മ :—എന്നാൽ ഇനി നിങ്ങൾക്കെല്ലാവർക്കും പോകാം കാശിരാജാവേ! ഹസ്തിനപുരത്തിൽചെന്നു വിവാഹത്തിനു മുഹൂർത്തം നിശ്ചയിച്ചു ഞാൻ അങ്ങയെ അറിയിച്ചുകൊള്ളാം; അപ്പോൾ സകുടുംബം അവിടെ സന്നിഹിതനാകണമെന്നു് അപേക്ഷിക്കുന്നു— സമ്മതമുണ്ടെങ്കിൽ മതി താനും. വിവാഹം എങ്ങനെയായാലും നടക്കും.

(ഭീഷ്മനും കന്യകമാരും ഒരുവശത്തുകൂടിയും, കോസലനും മററു രാജാക്കന്മാരും മററെ വശത്തുകൂടിയും, പോകുന്നു.)

(യവനിക)

രംഗം 5

സ്ഥലം :—ഹസ്തിനപുരത്തിലെ അന്തഃപുരം: അംബികയുടെ മുറി.

സമയം :—അപരാഹ്നം; ഉദ്ദേശം രണ്ടുമണി.

(അംബയും അംബികയും അംബാലികയും ആസനങ്ങളിൽ ഇരിക്കുന്നു.)

അംബ :—മഹാരാജാവു് ഇപ്പോൾ ഇങ്ങോട്ടെഴുന്നള്ളുമെന്നു് അറിഞ്ഞൊപ്പിച്ചിരിക്കുന്നു. ഇങ്ങനെയായല്ലോ

Digitized By Kerala Sahitya Akademi

നമ്മുടെ ജീവിതത്തിന്റെ അടുത്ത സോപാനം ! ഇത്ര വളരെ കല്ലും മുള്ളും ഈ ഇളംപ്രായത്തിൽത്തന്നെ കണ്ണിൽ ചോരയില്ലാത്ത ദൈവം നമ്മെക്കൊണ്ടു ചവിട്ടിക്കുന്നുവല്ലോ !

അംബിക :— ഇത്രകണ്ടു സങ്കടപ്പെടാൻ തക്കവണ്ണം നമുക്കെന്തു പററി ? നാം ചിറകററ പറവകൾ ; ഒരു കൂടുവിട്ടു മറെറാരു കൂട്ടിൽ കടന്നു കൂടിയിരിക്കുന്നു ; രണ്ടും തങ്കക്കൂടുകൾ. നമുക്കു പാലും പഴവും കിട്ടില്ലേ ? പാടണമെന്നു തോന്നിയാൽ പാടിക്കൂടേ ? അതിലധികമായി ഒരു സ്ത്രീക്ക്—പ്രത്യേകിച്ച് ഒരു രാജകന്യകയ്ക്ക്—യാതൊന്നും ആശിക്കത്തക്കവണ്ണമല്ലല്ലോ ഇന്നത്തെ ആചാരങ്ങളുടെ സ്ഥിതി. അതനുസരിച്ച് പുലരുകയല്ലേ നമുക്കും നല്ലതു് ?

അംബ :— അല്ല ; ഞാൻ ഉറച്ചുകഴിഞ്ഞു ഈ വിലങ്ങു പൊട്ടിക്കാൻ — ഈ തടവു ചാടിപ്പോകാൻ.

അംബാലിക :— എങ്ങോട്ടു് ?

അംബ :— എങ്ങോട്ടെങ്കിലും. എവിടെയോനിന്നു വന്ന ഒരു മുരുക്കൻ എന്നെ ഇവിടെ വലിച്ചിഴച്ചുകൊണ്ടുവന്നു എന്നുവച്ചു ഞാൻ എന്നെന്നും അങ്ങോരുടെ കൽത്തുറുങ്കിൽ കുടുങ്ങിക്കിടക്കണമോ ? അതിനെന്താണു് യുക്തി? എൻെറ പ്രാണനെയാണു് ആ മനുഷ്യൻ അപഹരിച്ചതെങ്കിൽ അതു സാരമില്ലായിരുന്നു ; അതിനെക്കാൾ വിലപിടിച്ചതാണു്

Digitized By Kerala Sahitya Akademi

എനിക്ക് എന്റെ സ്വാതന്ത്ര്യം. ഇല്ല, ഞാൻ തിരിയെപ്പോകം ; പോകകതന്നെ ചെയ്യും.

അംബാലിക :—എവിടെ ? കാശിക്കോ ?

അംബ :—അല്ല, കാശിയിൽനിന്ന പുറപ്പെട്ട പഴ കാശിയിൽ തന്നെ തിരിച്ചൊഴുകിച്ചെല്ലുകയില്ല എന്റെ ലക്ഷ്യം മാത്തികാവതമാണ്. അവിടെയാണു് എന്റെ ഹൃദയം—എന്റെ പ്രാണനാഥന്റെ കയ്യിൽ.

അംബാലിക:—ഇനിയും അദ്ദേഹം തന്നെയാണോ ജ്യേഷ്ഠത്തിയുടെ പ്രാണനാഥൻ ? ആ പ്രാണൻ അദ്ദേഹം എങ്ങനെ സൂക്ഷിക്കും ? ദ്വന്ദ്വയുദ്ധത്തിൽ തോററു തുന്നംപാടി, ഭീഷ്മരുടെ കാല്ക്കൽ വീണു 'കേണും കിഴിഞ്ഞും' കൈവിട്ടുപോകാൻ തുടങ്ങിയ സ്വന്തംപ്രാണൻ അദ്ദേഹത്തോടു തിരിയെ വാങ്ങി, കൃതകൃത്യനായ ആ പേടിപ്പൊണ്ണന്റെ ധൈര്യം അല്ലല്ലെങ്കിലും ഞങ്ങളും കണ്ടതാണല്ലോ ? ആ മനുഷ്യകീടത്തെ ഇപ്പോഴും പ്രാണനാഥനെന്ന പറയാൻ ഒരു ക്ഷത്രിയകമാരിയായി ജനിച്ച ജ്യേഷ്ഠത്തിക്കു നാണമില്ലേ ?

അംബ :—അദ്ദേഹത്തെ തോല്പിക്കാൻ ആ കിഴവച്ചാർ എന്തോ ഒരു മായ പ്രയോഗിച്ചിരിക്കണം.

അംബാലിക:—മായയുദ്ധത്തിൽ സാമർത്ഥ്യൻ ഇന്ദ്രജിത്താണെന്നു ജ്യേഷ്ഠത്തിതന്നെയല്ലേ പണ്ടു ഞങ്ങളോടു പറഞ്ഞിട്ടുള്ളതു് ?

Digitized By Kerala Sahitya Akademi

അംബ :— ആയിരിക്കാം. അതിൽ അദ്ദേഹം വിരോധനല്ലെങ്കിൽ എനിക്കു് ഒന്നുകൂടി അഭിമതനായി എന്നു വച്ചുകൊള്ളുവിൻ. തോററതായി അംബാലിക പറയുന്നു. തോററെങ്കിലെന്തു് ? അതു നിമിത്തം എനിക്കു് അദ്ദേഹം എന്റെ ആസക്തിക്കു പുറമേ അനുകമ്പയ്ക്കും അർഹനായിത്തീന്നിരിക്കുന്നു. ആപൽകാലത്തു കാമുകനെ പരിത്യജിക്കുന്നതു ധൂർത്തകളാണു് ; സാധ്വികളല്ല. ഞാൻ ഒരു ക്ഷത്രിയസ്ത്രീയാണെന്നു് അംബാലിക എന്നെ ഓർമ്മപ്പെടുത്തുന്നു. ക്ഷത്രിയസ്ത്രീ എന്നു വച്ചു സ്ത്രീയല്ലെന്നു വന്നുപോകുമോ ? ഞാൻ അദ്ദേഹത്തിന്റെ സന്നിധിയിൽ മനോവേഗത്തിൽ പാഞ്ഞു ചെല്ലും ; ദ്വന്ദ്വയുദ്ധത്തിലെ വീഴ്ചയിൽ വല്ല ക്ഷേമവും തട്ടീട്ടുണ്ടെങ്കിൽ സ്നേഹമയമായ പരിചര്യകൊണ്ടു് അതു ക്ഷണത്തിൽ ഭേദമാക്കും. എനിക്കു് ഈ നരകക്കുഴിയിൽ കിടക്കാൻ വയ്യ ; ഇവിടത്തെ വിഷവായു ശ്വസിക്കാൻ വയ്യ.

അംബിക :— ജ്യേഷ്ഠത്തിക്കു ബോധിച്ചതു ജ്യേഷ്ഠത്തി ചെയ്യു ; എനിക്കു ബോധിച്ചതു ഞാനും ചെയ്യാം. എനിക്കു് ഈ അന്തഃപുരം ഏററവും രമണീയമായി തോന്നിയിരിക്കുന്നു. ഹസ്തിനപുരവുമായി താരതമ്യപ്പെടുത്തുമ്പോൾ കാശി വെറും ചെററക്കുടിൽ; ഇവിടത്തെ ചരൽക്കല്ലുകളുടെ വിലയില്ല അവിടത്തെ രത്നങ്ങൾക്കു് ; ഇവിടത്തെ പരിജനങ്ങളുടെ പ്രാഭ

Digitized By Kerala Sahitya Akademi

വമില്ല അവിടത്തെ പടത്തലവന്മാൎക്ക്; ഇവിട ത്തെ അടിച്ചുതളിക്കാരികളുടെ സൌന്ദൎയ്യമില്ല അ വിടത്തെ ആഢ്യസ്ത്രീകൾക്ക്; ഇവിടത്തെ പുൽ പ്പൂപ്പുകളുടെ പരിമളമില്ല അവിടത്തെ പൂങ്കാവന ങ്ങൾക്ക്. വിചിത്രവീൎയ്യമഹാരാജാവിന്റെ പട്ടമ ഹിഷിയാകാൻ പോകുന്ന ഞാൻ എന്തിന് എന്റെ ദാസിയാകാൻ ആഗ്രഹിക്കുന്ന സൌഭാഗ്യലക്ഷ്മിയെ ആട്ടിപ്പായിക്കണം? വാസ്തവലോകത്തിലെ രമ്യഹൎമ്മത്തിൽ സുഖിക്കാതെ സങ്കല്പലോകത്തിൽ പിശാചിനെപ്പോലെ അങ്ങിങ്ങു തെണ്ടിത്തിരിഞ്ഞു് അല ഞ്ഞുകൊലപ്പെടണം? അംബാലിക എന്തു പറയുന്നു?

അംബാലിക:— അംബികയുടെ പക്ഷം തന്നെയാണു് എന്റേതും. ഇവിടെ എന്തൊരസുലഭമായ ആനന്ദം! പകലിനെക്കാൾ മോഹനം രാത്രി; രാത്രിയെ ക്കാൾ മോഹനം പകൽ; ഏതിന്ദ്രിയത്തേയും എ ങ്ങനെവേണമെങ്കിലും തൃപ്തിപ്പെടുത്താം. നമ്മുടെ പ്രിയതമനാകാൻ പോകുന്ന മഹാരാജാവിനു നാമു മായി അനന്തമിഷം സുഖിക്കാം. ഏതു കിരീടധാരി ക്കാണു് അതിനു പൂൎണ്ണസൌകൎയ്യം ലഭിക്കുന്നതു്? ശത്രുബാധയ്ക്കു് അദ്ദേഹത്തെ സ്വപ്നത്തിൽപ്പോലും സമീപിക്കാവുന്നതല്ല. സാക്ഷാൽ ഭീഷ്മരാണു് അ ദ്ദേഹത്തിന്റെ കണ്ണും കയ്യും. സാല്വനെ ജയിച്ച അദ്ദേഹത്തിനു മററു ശത്രുക്കൾ മശകങ്ങളല്ലേ? അ ദ്ദേഹത്തെ പേടിച്ചു് ഹൃദയവ്യഥ പോയിട്ടു് അതി

Digitized By Kerala Sahitya Akademi

ൻെറ ഭാവനയുടെ ഒരു നേരിയ നിഴൽപോലും ഈ രാജധാനിയുടെ ഗോപുരദ്വാരത്തിനകത്ത് എത്തി നോക്കുകയില്ല.

അംബ :—അപ്പോഠം നിങ്ങഠംക്ക ഈ മഹാരാജാവിനെ പിടിച്ചു ; അല്ലേ ?

അംബാലിക :—പിന്നെ, പിടിക്കാതെ ? അദ്ദേഹത്തെ നാം ഇവിടെ വന്നതിനുമേൽ രണ്ടു തവണ കണ്ടു സംഭാഷണം ചെയ്തുകഴിഞ്ഞില്ലേ ? സദ്വൃത്തൻ ; സാധുശീലൻ ; കാമകോമളൻ ; കലാരസികൻ. അദ്ദേഹത്തെ ബ്രഹ്മാവ് ഏതൊരപ്സരസ്ത്രീയുടെ നിർമ്മാണത്തിന് തിരഞ്ഞെടുത്ത സാധനസാമഗ്രി കൊണ്ടായിരിക്കണം സൃഷ്ടിച്ചത് ? അത്രയ്ക്കുമാത്രം ആകാരസൌഷ്ഠവവും മനോമാർദ്ദവവും അദ്ദേഹത്തിൽ കളിയാടുന്നുണ്ട്.

അംബ :—അദ്ദേഹത്തിൻെറ ശരീരത്തിൽ ഏതു ഭൂതക്കണ്ണാടിവച്ചുനോക്കിയാലും എല്ലും തോലുമല്ലാതെ, മാംസമോ രക്തമോ, ഉള്ളതായി തോന്നുന്നുണ്ടോ ?

അംബാലിക :—അതിൽ മേദസ്സിൻെറ കുറവുണ്ടെന്നു ഞാനും സമ്മതിക്കുന്നു. അതിനെന്താണ് ? ആനയോളം വണ്ണമുള്ള ഒരു പുരുഷനിൽ എനിക്ക് ഔത്സുക്യമില്ല ; കടവയറും നീളക്കൊളും സൌന്ദര്യലക്ഷണമാണെന്നു തോന്നീട്ടുമില്ല. ശരീരകാർശ്യം പല കാരണങ്ങഠംകൊണ്ടും വരാവുന്നതാണ്. നിയമമായ

Digitized By Kerala Sahitya Akademi

വ്യായാമം, പരിമിതമായ ആഹാരം, ഇവ അദ്ദേഹം ശീലിക്കുന്നുണ്ടായിരിക്കാം. അല്ലെങ്കിൽ അനുകൂലയായ ഒരു പ്രേയസിയുടെ അഭാവം അദ്ദേഹത്തെ ഖേദിപ്പിക്കുകയായിരിക്കാം. ഈ സർവ്വോന്നതമായ സ്ഥാനത്തിൽ, ഈ സമ്പൽസമൃദ്ധമായ പരിസരത്തിൽ, സരളഹൃദയനായ ഒരു യുവാവിനു് എങ്ങനെ വിഷയവിരസനായി ഏകാന്തജീവിതം നയിക്കാൻ സാധിക്കും ? അതു് അദ്ദേഹത്തിൻെറ കുററമല്ല, സത്യവതീദേവിയുടേതാണെന്നു ഞാൻ പറയും. ഭീഷ്മർ അതിനെപ്പററി ചിന്തിക്കാത്തതിൽ ആശ്ചര്യപ്പെടാനുമില്ലല്ലോ. ഏതായാലും ഇപ്പോഴെങ്കിലും അദ്ദേഹംതന്നെ ഇതിനു തക്കപ്രതിവിധിചെയ്യാൻ ഉദ്യമിച്ചതു സമഞ്ജസമായി.

അംബ —ഞാൻ ആരെ പരിഗ്രഹിച്ചാലും നിങ്ങളും ആ പുരുഷനെത്തന്നെ പരിഗ്രഹിക്കുമെന്നല്ലേ ഇതുവരെ പറഞ്ഞുകൊണ്ടിരുന്നതു് ? ഇപ്പോൾ വാക്കു മാറുന്നതെന്താണു്. ?

അംബിക :—ഞങ്ങൾക്കു പ്രതിശ്രുതനായ വരനിൽ പ്രണയം തോന്നിയതുകൊണ്ടു തന്നെ. ഇതുവരെ ഒരു യുവാവിനെ നേരിട്ടുകണ്ടു സംഭാഷണം ചെയ്തുവരല്ല ഞങ്ങൾ. ഇപ്പോൾ ആ ഭാഗ്യം ലഭിച്ചു; ഞങ്ങൾക്കു തൃപ്തിയുമായി.

അംബ : —സാല്വമഹാരാജാവെവിടെ ? ഇന്ദ്രമെവിടെ ?

Digitized By Kerala Sahitya Akademi

അംബാലിക: — അതുതന്നെയാണ് ഞങ്ങളും ചോദിക്കുന്നത്. ജ്യേഷ്ഠത്തി ജ്യേഷ്ഠത്തിയുടെ കണ്ണുകൾകൊണ്ടു സാല്വനെ കാണുന്നതുപോലെ ഞങ്ങൾ ഞങ്ങളുടെ കണ്ണുകൾകൊണ്ടു ഹസ്തിനപുരമഹാരാജാവിനേയും കാണുന്നതായി സങ്കല്പിക്കണം. പ്രപഞ്ചത്തിൽ യാതൊരു പദാൎത്ഥത്തിന്നും സൌന്ദൎയ്യമൊ വൈരൂപ്യമൊ സ്വതസ്സിദ്ധമായിട്ടില്ല; പ്രേക്ഷകന്റെ ദൃഷ്ടിയാണ് അതെല്ലാം നിൎണ്ണയിക്കുന്നതു്. ജ്യേഷ്ഠത്തി ഒരു സിംഹിയാണു; അതുകൊണ്ട് ഒരു കണ്ഠീരവനെത്തന്നെ വരിക്കണം. ഞങ്ങൾ വെറും മാൻകിടാങ്ങൾ; ഞങ്ങൾക്ക് ഒരു ഹരിണത്തെ വരിച്ചാൽ മതി.

അംബ :— നാളെയാണു് വിവാഹം നിശ്ചയിച്ചിരിക്കുന്നതെന്നും അച്ഛനും അമ്മയും ക്ഷണപത്രം നിരസിക്കുകയാണു് ചെയ്തതെന്നും കേട്ടു.

അംബാലിക :— ഇന്നുതന്നെയാവാത്തതിലേ ഞങ്ങൾക്കു കുണ്ഠിതമുള്ളു. അച്ഛനമ്മമാർ വരുന്നില്ലെങ്കിൽ അവൎക്കു ഇവിടത്തെ ആഡംബരങ്ങളൊന്നും കാണാൻ യോഗമില്ലെന്നുമാത്രം ഫലം; നാളെ അവർ കാശിയിൽ നിരാഹാരരായി ഉപവാസവ്രതംകൊണ്ടു ശ്രീപരമേശ്വരനെ പ്രസാദിപ്പിച്ചുകൊള്ളട്ടെ.

അംബ: — ഇതുപോലെയൊന്നുമായിരിക്കയില്ല എന്റെ കല്യാണം. അതിന്നു ഞാൻ എന്റെ പ്രാണനാഥ

Digitized By Kerala Sahitya Akademi

നെക്കൊണ്ടു നിങ്ങളെ മാത്തികാവതത്തിലേക്കു ക്ഷണിപ്പിക്കും. അമ്മതമ്പുരാട്ടിമാരും അവിടെ സന്നിഹിതരാകും. വരുമല്ലോ !

അംബിക :—നിശ്ചയമായും—ഭത്താവിന്റെ അനുമതിയുണ്ടെങ്കിൽ.

നടയിൽ തവണക്കാരി (പെട്ടെന്നു പ്രവേശിച്ച്) ഇതാ കൊച്ചുതമ്പുരാട്ടിമാരെ കാണാൻ മഹാരാജാവു തിരുമനസ്സുകൊണ്ടു നടയിൽ എഴുന്നള്ളിക്കഴിഞ്ഞു.

(കന്യകമാർ എഴുന്നേല്ക്കുന്നു. വിചിത്രവീര്യൻ ആസനസ്ഥനാകുന്നു.)

വിചി :—ഇരിക്കുവിൻ, സുന്ദരിമാരേ !

(എല്ലാവരും ഇരിക്കുന്നു.)

വിചി :—നാളെയാണു് വിവാഹം നിശ്ചയിച്ചിരിക്കുന്നതെന്നു് അറിയാമല്ലോ.

അംബിക :—അറിയാം.

വിചി :—നിങ്ങൾ എന്തു നിശ്ചയിച്ചു ? ആരെല്ലാമാണു് എന്റെ പ്രിയതമകളാകാൻ പോകുന്നതു് ?

അംബ :—എനിക്കു് ഈ വിവാഹം സമ്മതമല്ല.

വിചി :—എന്തുകൊണ്ടു് ?

അംബ :—മഹാരാജാവേ ! അവിടത്തേക്കും എനിക്കും തമ്മിൽ ഏതുനിലയ്ക്കു നോക്കിയാലും യാതൊരു പൊരുത്തവുമില്ല. എന്നുമാത്രമല്ല ഞാൻ മറെറാരു യുവാവിൽ അനുരക്തയുമാണു്.

Digitized By Kerala Sahitya Akademi

വിധി :— ഭവതിയുടെ ആജ്ജവത്തെ ഞാൻ അഭിനന്ദിക്കുന്നു. പരപുരുഷനിൽ ആസക്തയായ ഒരു സ്ത്രീയെ പരിഗ്രഹിക്കുക എന്നുള്ളതു പൌരവന്മാരുടെ ധർമ്മമല്ല. അഗ്നി വായുവിഃനാടല്ലാതെ ജലത്തിനോട് ഒരിക്കലും സഖ്യം ചെയ്യുകയില്ല. മററു രണ്ടു സഹോദരിമാരുമോ ?

അംബാലി :— സ്വാമിൻ! അവിടത്തെ മുഖത്തുനിന്നു ഇനി ഞങ്ങളെ സംബന്ധിച്ച സഹോദരിമാർ എന്ന ശബ്ദം പുറപ്പെടരുതു്. കോകിലകണ്ഠത്തിൽ നിന്നു നിർഗ്ഗമിക്കുന്നതു പഞ്ചമസ്വരമായിരിക്കണം, മേഘഗർജ്ജനമാവരുതു്; പൂർണ്ണചന്ദ്രനിൽ നിന്നൊഴുകുന്നതു പൂന്തിലാവായിരിക്കണം, കാളകൂടമാവരുതു്. മററുപേർ കൊണ്ടും ഞങ്ങളെ വിളിക്കാം. പ്രേയസികളാണെങ്കിൽ പ്രേയസികൾ; ദാസികളാണെങ്കിൽ ദാസികൾ; പാദുകകളാണെങ്കിൽ പാദുകകൾ. അവിടത്തെ ചരണാരവിന്ദങ്ങളിൽ ഞങ്ങൾ ഞങ്ങളുടെ യൌവനം, ലാവണ്യം, ശരീരം, ഹൃദയം, എന്നു വേണ്ട, സർവസ്വവും തിരുമുല്ക്കാഴ്ചയായി സമപ്പിക്കുന്നു. മററൊരു യുവാവുമായി ഞങ്ങൾ ഇതുവരെ സംസാരിച്ചിട്ടില്ല; മററൊരു യുവാവിനെ മനസ്സുകൊണ്ടുസ്മരിച്ചിട്ടുപോലുമില്ല. ഗംഗാജലംപോലെ പരിശുദ്ധമാണു് ഞങ്ങളുടെ പ്രേമം. അതിൽ വിഹരിക്കണമെങ്കിൽ വിഹരിക്കാം; ആചമനമോ പ്രോക്ഷണമോ മതിയെങ്കിൽ അങ്ങനെയും ചെയ്യാം;

Digitized By Kerala Sahitya Akademi

അതല്ല കാൽകഴുകുവാൻ മാത്രം ഉപയോഗിച്ചാലും അതുകൊണ്ടു ഞങ്ങൾക്കു ജന്മസാഫല്യം സിദ്ധിക്കും. ഞങ്ങൾ ഒരു ഞെട്ടിൽ വിരിഞ്ഞ രണ്ടു പൂക്കളാണ്. അവിടത്തേക്കു് അവ തലയിലെടുത്തു ചൂടുന്നതിനോ തറയിലിട്ടു ചവിട്ടുന്നതിനോ, രണ്ടിനും അധികാരമുണ്ടു്.

വിചി: —അംബാലികേ! ഞാൻ നിങ്ങളുടെ മൂത്ത ജ്യേഷ്ഠത്തിയെക്കൂടി പരാമർശിച്ചുകൊണ്ടാണല്ലോ നിങ്ങളെ സഹോദരീശബ്ദംകൊണ്ടു വ്യപദേശിച്ചതു്. അതു് ഒരപരാധമായിപ്പോയെങ്കിൽ ക്ഷമിക്കണം. ഞാൻ നിങ്ങളിൽ അത്യന്തം അനുരക്തനായിരിക്കുന്നു. എനിക്കു നിങ്ങൾ എപ്പോഴും കൂടി വേണം— എന്റെ രണ്ടു കണ്ണുകളും പോലെ എന്റെ ക്ഷീണഹസ്തങ്ങൾക്കു നിങ്ങൾ രണ്ടു ദിവ്യയഷ്ടികകളായിരിക്കും.

അംബിക:—സ്വാമിൻ! ഞങ്ങൾ അനുഗൃഹീതകളായി.

വിചി:—എന്റെ ശരീരം കൃശമെങ്കിലും പ്രണയം മാംസളമാണു്. അതുകൊണ്ടു നിങ്ങൾ നിർദ്ദേശിച്ച ഗങ്ഗാജലത്തിൽ ഞാൻ എന്നെ മറന്നുതന്നെ വിഹരിക്കും; വിഹരിക്കുക മാത്രമല്ല ജലജന്തുവിനെപ്പോലെ മുങ്ങിക്കും. എന്റെ ആയുസ്സിനേയോ ആരോഗ്യത്തേയോ പററി ആ അവസരത്തിൽ അധികമൊന്നും ആലോചിക്കുകയില്ല. ആപത്തു്, രോഗം, ജര,

Digitized By Kerala Sahitya Akademi

മരണം ഇവയെക്കുറിച്ചെല്ലാം ചിന്തിച്ചു വ്യാകുലപ്പെടുകയാണെങ്കിൽ മനുഷ്യന് അതിനേ നേരമുള്ളൂ. ഇവിടെ നിരവശേഷമായ വിസ്മൃതിയാണ് നിത്യമായ ബ്രഹ്മാനന്ദം. അണക്കെട്ടു പൊട്ടിച്ചു കുതിച്ചു പായുവാൻ അവസരം നോക്കിനോക്കി അക്ഷമമായി നിലകൊള്ളുന്ന ആററുവെള്ളമാണ് എന്റെ പ്രേമപാരവശ്യം; ഇന്നത്തെ രാത്രികഴിഞ്ഞാൽ അണ നിശ്ശേഷം ഇടിഞ്ഞു തകരും. ഒന്നു ഞാൻ ശപഥം ചെയ്യാം. മററൊരു സ്ത്രീയുടെ ഛായ സ്വപ്നത്തിൽപോലും തട്ടാത്തതാണ് എന്റെയും ഹൃദയം. എന്റെ അന്തഃപുരത്തിനും സാമ്രാജ്യത്തിനും നിങ്ങളാണ് ഇനി നായികമാർ; എന്റെ പ്രേമാമൃതം മുഴുവൻ നിങ്ങൾക്കു പങ്കിട്ടു പകുതി വീതം പകലും രാവും സമ്പൃഷ്ടമായി ആസ്വദിക്കാം. മൂന്നാമതൊരു സ്ത്രീ അവിടെ കടന്നുകൂടുകയില്ലെന്ന് ഈശ്വരസാക്ഷിയായി ഞാൻ ഉറപ്പു തരുന്നു.

അംബിക :— അവിടത്തെ സുഖത്തിനും സന്തോഷത്തിനും വേണ്ടി ഞങ്ങൾ ആത്മത്യാഗം ചെയ്യാൻപോലും സന്നദ്ധകളാണ്. അവിടത്തേക്കു വല്ല ക്ലേശഭാരവുമുണ്ടെങ്കിൽ അതു ഞങ്ങളുടെ ചുമലുകളിൽ മാറി മാറി ഇറക്കാം; അതു വഹിക്കേണ്ടിവരുമ്പോൾ ഞങ്ങൾ ഗോക്കളല്ല, . വൃഷഭങ്ങളായിരിക്കും. ഞങ്ങളുടെ പ്രണയത്ത് ലെന്നപോലെ പരിചരണത്തിലും അവിടുന്ന് അത്യന്തം ആനന്ദിക്കും.

Digitized By Kerala Sahitya Akademi

അംബാലിക:—അംബികയുടേതുതന്നെയാണ് എന്റെയും അന്തർഗ്ഗതം. ഞാൻ തന്നെയാണ് എന്റെ അംബിക; അംബികതന്നെയാണ് അംബികയുടെ ഞാൻ.

വിചി:—ഞാൻ ധന്യനായി. തൽകാലം നിങ്ങളെ വിട്ടു പിരിയട്ടെ—ആശയുടെ തലോടലിൽ; ആഹ്ലാദത്തിന്റെ താലോലത്തിൽ.

(അംബികയും അംബാലികയും അഭിവാദനം ചെയ്യുന്നു. അംബ കോപിച്ചു മുഖം തിരിക്കുന്നു. വിചിത്രവീര്യൻ പോകുന്നു.)

അംബ:—നിങ്ങൾ യാതൊരു യുവാവിനോടും ഇതുവരെ സംസാരിച്ചിട്ടില്ലെങ്കിലും ഇന്നത്തെ സംഭാഷണം കേമമായി. ഈ അനുനയപരിപാടി നിങ്ങളെ ആരാണ് അഭ്യസിപ്പിച്ചതു്?

അംബിക:— ജ്യേഷ്ഠത്തിതന്നെ. ജ്യേഷ്ഠത്തിയുമായല്ലേ ഞങ്ങളുടെ നിത്യസംസർഗ്ഗം?

അംബാലി:—അതത്ര ശരിയല്ല. പകുതി ജ്യേഷ്ഠത്തി; പകുതി മന്മഥൻ; അതാണ് പരമാത്ഥം. ആ ദേവൻ സമയോചിതമായി നല്കുന്ന ഉപദേശങ്ങൾ ഏതു മൂകയേയും വാചാലയാക്കുന്നു; ഏതു ഭീരുവിനേയും ധൃഷ്ടനാക്കുന്നു; ഏതു് അബലയേയും ഊൎജ്ജസ്വല യാക്കുന്നു.

Digitized By Kerala Sahitya Akademi

അംബ :—എന്നാൽ ശരി. ഇനി നിങ്ങളുടെ പാട നിങ്ങൾക്ക്; എന്റെ പാട്ട് എനിക്ക്. എവിടെ പ്പോയാലും ഞാൻ നിങ്ങളുടെ ഭാവിയെപ്പററി പരിത പിക്കാതെയിരിക്കയില്ല.

അംബിക :—എങ്ങും പോകാതെ തന്നെ ഞങ്ങൾ ജ്യേഷ്ഠ ത്തിയുടെ ഭാവിയെപ്പററിയും.

അംബ :—എന്നെ ഇവിടെനിന്നു് ഉടൻ വിട്ടയയ്ക്കണ മെന്നു് അറിയിക്കാൻ ഞാൻ ആ കിഴവച്ചാർക്ക് ആളയച്ചിട്ടുണ്ടു്. മഹാരാജാവു സമ്മതിച്ചുകൊ ണ്ടെന്തായി? അദ്ദേഹത്തിന്റെ അനുവാദമാണല്ലോ വാസ്തവത്തിൽ വേണ്ടതു്. ഇവിടെ ഒരു കരിയില അനങ്ങണമെങ്കിൽക്കൂടിയും ഭരതിനു് ആ നരത്ത ലയന്റെ അനുമതി ആവശ്യമുണ്ടത്രേ! ആട്ടെ; ആമ വച്ച കൈ തന്നെ അതു വെട്ടിമുറിക്കട്ടെ. സഹോദ രിമാരേ! എനിക്ക പലകാര്യങ്ങളെപ്പററി ആലോ ചിക്കേണ്ടതുണ്ടു്; അതുകൊണ്ടു ഞാൻ എന്റെ മുറിയിലേക്ക പോകുന്നു.

(അംബ പോകുന്നു)

അംബിക :—നമുക്കു് ഒരു കാര്യത്തെപ്പററിയും ആലോചി ക്കേണ്ടതില്ലല്ലോ. ഇവിടെയിരുന്നു വിനോദിക്കാം.

(യവനിക)

Digitized By Kerala Sahitya Akademi

രംഗം 6

സ്ഥലം: —മാർത്തികാവതത്തിലെ രാജധാനി : ആസ്ഥാനമണ്ഡപം.

സമയം : —അപരാഹ്നം ; ഉദ്ദേശം രണ്ടുമണി.

(സാലപൻ സിംഹാസനത്തിൽ ഇരിക്കുന്നു. പ്രധാനമന്ത്രി സുമതി മുൻവശത്തു നില്ക്കുന്നു.)

സാലപൻ :— (അല്പം കോപിച്ച്) മന്ത്രി ! നിങ്ങളെക്കൊണ്ടു് ഇരിക്കപ്പൊറുതിയില്ലെന്നു വന്നിരിക്കുന്നുവല്ലോ. സമയത്തും അസമയത്തും ഓരോ കാര്യത്തിനെന്നും പറഞ്ഞു് ഓടിവന്നു് എന്നെ അലട്ടുക എന്നുള്ളതു് ഈയിടയ്ക്കു് നിങ്ങളുടെ നിത്യകർമ്മമായിത്തീർന്നിരിക്കുന്നു. നിങ്ങൾ അച്ഛനു വിശ്വസ്തനും ബഹുമതനുമായിരുന്നുവല്ലോ എന്നുവച്ചാണു് ഞാൻ നിങ്ങളെ ഇപ്പോഴും ഈ സ്ഥാനത്തിരുത്തി പോററിപ്പുലർത്തുന്നതു്. എന്നാൽ നിങ്ങൾ ഇന്നു വയോധികനായിരിക്കുന്നു. കണ്ണു നേരെ കാണുന്നില്ല ; ചെവി ചെവ്വേ കേൾക്കുന്നില്ല. നിങ്ങളുടെ ഓജസ്സ് ക്ഷയിച്ചിരിക്കുന്നു ; ബുദ്ധി മന്ദിച്ചിരിക്കുന്നു. നിങ്ങൾ എനിക്കു ഇന്നൊരു ധനമല്ല, ഋണമാണു് ; അത്താണിയല്ല, പെരുഞ്ചുമടാണു്.

സുമ :— സ്വാമിൻ ! ഇതാ എന്റെ അധികാരമുദ്ര ; ഇതു് അവിടത്തേതാണു്. ഇതോടുകൂടി എന്റെ പ്രാണനും വേണമെങ്കിൽ അവിടത്തേക്കു യഥേഷ്ടം സ്വീകരിക്കാം ; അതും അവിടത്തേതുതന്നെ.

Digitized By Kerala Sahitya Akademi

സാലപ:-ങ്ഹേ! അങ്ങനെ എന്നെപ്പേടിപ്പിക്കരുതേ! നിങ്ങൾ പോയാൽ എന്റെ രാജ്യത്തിൽ കടൽ കേറുമെന്നായിരിക്കും നിങ്ങളുടെ വിചാരം! ഭൂലോകം ഒരു കാലത്തു പ്രളയജലത്തിൽ ആണ്ടുപോകുമെങ്കിൽ പൊയ്ക്കൊള്ളട്ടെ. എന്നാൽ അതു് എന്റെ ജീവിതത്തിനിടയിൽ ആയിരിക്കുകയില്ലെന്നു് എനിക്കു് നല്ല ഉറപ്പുണ്ടു്. നിങ്ങളുടെ സ്ഥാനത്തിൽ എന്റെ കപിഞ്ജലൻ ഇരുന്നാലും ഇവിടത്തെ രാജ്യഭാരം നടക്കും. അതു കാണിച്ചുതരട്ടെയോ?

സുമ:—എനിക്കു കാണണമെന്നില്ല.

സാലപ:—(സമാധാനപ്പെട്ടു്) ഇരിക്കട്ടെ; അതിനെപ്പററി പിന്നീടു തീരുമാനിക്കാം. ഇപ്പോൾ എന്തിനാണു ഇങ്ങോട്ടു വന്നതു്?

സുമ:—മഹാരാജാവേ! ഞാൻ അവിടത്തെ പ്രധാനമന്ത്രിയാണു്. അവിടത്തേക്കും എനിക്കും ചില ധർമ്മങ്ങൾ അവശ്യം അനുഷ്ഠിക്കേണ്ടതായുണ്ടു്. ഓരോ അവസരത്തിലും കരണീയമെന്തെന്നു് അവിടത്തെ ഗ്രഹിപ്പിക്കുക എന്നുള്ളതാണു് എന്റെ കർത്തവ്യം. സ്വബുദ്ധികൊണ്ടു് സൂക്ഷ്മമായി പര്യാലോചിച്ചു് അതിൽ ഗ്രാഹ്യമായ അംശം വല്ലതുമുണ്ടെങ്കിൽ ഗ്രഹിച്ചു് അതനുസരിച്ചു് പ്രവർത്തിക്കുക എന്നുള്ളതു് അവിടത്തേയും. അവിടുന്നും ഞാനും പററുന്ന വേതനം പ്രജകളുടെ സ്വത്താണു്: അവർ അവിട

Digitized By Kerala Sahitya Akademi

ത്തേക്ക നികുതിയായി തരുന്ന ഷഡ്ഭാഗം അവരുടെ വിവിധവ്യവസായങ്ങളുടെ ഫലമാണെന്നുള്ള വസ്തുത വിസ്മരിക്കരുത്. രാജാവിനെ മന്ത്രി സേവിക്കേണ്ടതു സ്തോത്രപാരായണംകൊണ്ടല്ല; ഹിതോപദേശം കൊണ്ടാണ്. ഹിതത്തിന്റെ സ്വാദം പലപ്പോഴും പരുഷമായിരിക്കും; രസം തിക്തമായിരിക്കും. എങ്കിലും മന്ത്രി സ്വകൃത്യം നിർവ്വഹിക്കുകതന്നെ വേണം; അതു നിമിത്തം രാജാവിനു താല്ക്കാലികമായി ഉണ്ടാകാവുന്ന അപ്രീതി സഹിക്കുകതന്നെ വേണം. ഇതെല്ലാം കരുതിയാണു ഞാൻ ഇപ്പോൾ ഇവിടെ വന്നതു്.

സാലപൻ :—ഈ പൂർവ്വപീഠിക കൂടാതെ ആഗമനകാര്യം ചുരുക്കിപ്പറയരുതേ ?

സുമ :—പറയാം മഹാരാജാവേ ! അവിടത്തെ പ്രജകളുടെ ക്ഷോഭം നാൾക്കുനാൾ വർദ്ധിച്ചുവരുന്നു; അവരുടെ അഗാധമായ ക്ഷമയുടെ നെല്ലിപ്പടി കണ്ടുകഴിഞ്ഞു.

സാലപൻ :—പിന്നെയും ആ നശിച്ച ശബ്ദം— "പ്രജകൾ! പ്രജകൾ !" എന്തിനാണ് അവർ ക്ഷോഭിക്കുന്നതു്?

സുമ :— അവരുടെ ധനം മാത്രമേ മുൻപു കൊള്ളചെയ്തിട്ടുള്ളു ; ഈയിടയ്ക്കു് ആഹാരസാധനങ്ങളും കൊള്ളചെയ്തുതുടങ്ങിയിരിക്കുന്നുവത്രെ.

സാലപൻ :— ആരു കൊള്ളചെയ്യുന്നു ?

Digitized By Kerala Sahitya Akademi

സുമ :—അവിടുന്ന് എന്റെ നാക്കു പിഴുതെടുത്താലും, കഴുത്ത് അറുത്തുതള്ളിയാലും, വേണ്ടില്ല ; ഞാൻ പറയാനുള്ള സത്യം പറയുകതന്നെ ചെയ്യും. അവിടത്തെ സേവകപ്പരിഷകൾ— അവിടത്തെ മറയിൽനിന്നുകൊണ്ടു പേരിനെ ദുഷിപ്പിക്കുന്ന വിശ്വാസഘാതകികൾ.

സാല്വൻ :—ആ കൊള്ള അവർ തങ്ങൾക്കുവേണ്ടി മാത്രമല്ല, എനിക്കും കൂടിയാണ് നടത്തീട്ടുള്ളത്. അതിനെന്ത്? പ്രജകൾ ഭൂമിയെ കൊള്ളയിടുന്നു; അവരെ എന്റെ സേവകന്മാരും. ഭൂമി എന്റെ പട്ടമഹിഷിയല്ലേ? ആ സ്ഥിതിക്ക് അസഹ്യമായ രാജദ്രോഹമല്ലേ അവരുടെ ആ അപചാരം? അതിന് അവരെ എന്റെ ഉപ്പും ചോറും തിന്നുന്ന ചില യഥാർത്ഥഭക്തന്മാർ അമൃതം പുരട്ടിയ കൈകൊണ്ടു് അല്പമൊന്നു പ്രഹരിക്കുന്ന ഭാവം കാണിച്ചാൽ അത് എങ്ങനെ അനീതിയാകും? അഥവാ അത് അവരുടെ ദോഷം ശമിപ്പിക്കുവാൻ ആ ഭക്തന്മാർ, വൈദ്യന്മാരുടെ നിലയിൽ, ചെയ്യുന്ന ശസ്ത്രക്രിയയാണെന്നു വിചാരിച്ചാലും സമാധാനത്തിനു മാർഗ്ഗമില്ലേ ?

സുമ :—ആഹാരസാധനങ്ങൾ മുഴുവൻ കൊള്ളചെയ്യുന്നു. പ്രജകൾ ആയിരക്കണക്കിനു പട്ടിണികിടന്നു മരിക്കുന്നു.

Digitized By Kerala Sahitya Akademi

സാലപൻ :—അങ്ങനെയാണെങ്കിൽ എന്റെ സേവകന്മാരുടെ ഹസ്തലാഘവത്തെ ഒന്നുകൂടി ശ്ലാഘിക്കേണ്ടിയിരിക്കുന്നു. പകുതി ഭക്ഷണവും പകുതി ബുഭുക്ഷയും—മഴയും വെയിലും പോലെ—അവ രണ്ടിനും തമ്മിൽ തീരെ പൊരുത്തമില്ലല്ലോ. പ്രജകൾ ജീവിക്കാൻ മാത്രം പഠിച്ചാൽ മതിയോ? മരിക്കാനും പഠിക്കേണ്ടേ?

സുമ :—എല്ലാവരും മരിച്ചാൽ അവിടത്തേക്കു പ്രജകൾ വേണ്ടേ ?

സാലപൻ :—എന്തിനു്? ഇങ്ങനെ വേണ്ടാത്തതിനെല്ലാം വഴക്കും വയ്യാവേലിയും ഉണ്ടാക്കുന്ന പ്രജകൾ ഉണ്ടായിരിക്കുന്നതിനേക്കാൾ ഇല്ലാതിരിക്കുന്നതാണു് നല്ലതു്. ചാവട്ടെ മുഴുവൻ; മരിച്ചു മൺമറയട്ടെ; പിന്നെ ഏതു നാവുകൊണ്ടു പരാതി പറയുമെന്നു കാണാമല്ലോ.

സുമ :— അതു രാജധർമ്മമാണോ മഹാരാജാവേ ?

സാലപ :—അതുകൊണ്ടായില്ല; സമഗ്രമായ രാജധർമ്മമെന്തെന്നു ഞാൻ പറഞ്ഞുതരാം. ഈ രാജദ്രോഹികളെ ആരു ജനിപ്പിച്ചു? ഈ വിഷവൃക്ഷങ്ങളെ ആരു നട്ടുവളർത്തി ? ഇവരുടെ മാതാപിതാക്കന്മാർ! അവരെ വേണം ആദ്യമായി കൊല ചെയ്യാൻ. കമ്പും കവരവും മുറിച്ചിട്ടു കാര്യമെന്തായി? തായ്‌വേരിൽത്തന്നെ വീഴണം ചട്ടപ്പെട്ടെന്നു കോടാലി.

Digitized By Kerala Sahitya Akademi

സുമ :— നമുക്കു നികുതിതരാനെങ്കിലും കുറെ ജനങ്ങൾ വേണ്ടേ ?

സാല്വ :— പ്രജകൾ നശിച്ചാൽ അവരുടെ വസ്തുവകകളെല്ലാം നമ്മുടേതായില്ലേ ? അറ! പിന്നെ എനിക്കും എന്റെ വേശ്യമാർക്കും സേവകന്മാർക്കും മുഴുവൻ അനുഭവിക്കരുതേ ? എന്തിനു് ഒരോഹരി കണ്ടവർ കൊണ്ടുപോകണം ?

സുമ :— പണ്ടേതന്നെ പകുതി മരുഭൂമിയായ അവിടത്തെ രാജ്യം ഇനി മുഴുവൻ മരുഭൂമിയാകും.

സാല്വ :— അങ്ങനെയായാൽത്തന്നെ എന്താണു് ? ഒരു രാജ്യത്തിൽ ഒന്നിലധികം രാജാക്കന്മാർ ഉണ്ടാകാമോ ? ഇന്നു പ്രജകളിൽ ഓരോരുത്തരുടേയും വിചാരം അവർതന്നെ രാജാക്കന്മാരെന്നാകുന്നു ; അതു് അവർക്കു ഞാൻ നല്കുന്ന സ്വാതന്ത്ര്യങ്ങളുടെ ഫലവുമാണു്. ഞാൻ അവരെ ചെങ്കോൽകൊണ്ടല്ല, അരിവാൾകൊണ്ടു വേണ്ടിയിരുന്നു ഭരിക്കാൻ. അരിവാളിന്റെ പ്രവൃത്തിയെന്താണു് ? വിളഞ്ഞ വിളഞ്ഞ പുഞ്ച കൊയ്തെടുക്കുക. അതായിരുന്നു ഞാൻ ചെയ്യേണ്ടിയിരുന്നതു്. ഒരു രാജാവിന്റെ അരമന എത്രയ്ക്കെത്രയ്ക്കുയർന്നു് ആകാശത്തോടുരുമ്മണമോ ആ അരമനയുടെ ചുററുപാടുമുള്ള കിടങ്ങു് അത്രയ്ക്കത്രയ്ക്കു താണു് പാതാളത്തോടുരസണം. കിടങ്ങെന്നു ഞാൻ നിർദ്ദേശിക്കുന്നതു പ്രജാവലിയെയാണു്.

Digitized By Kerala Sahitya Akademi

സുമ :— ജനക്ഷോഭമെന്ന വാക്ക് അവിടുന്നു കേട്ടിരിക്കുമെന്നല്ലാതെ അതിന്റെ അർത്ഥം ഗ്രഹിച്ചിരിക്കുമെന്ന് എനിക്കു തോന്നുന്നില്ല. സകലക്ഷോഭങ്ങളെക്കാളും ബലിഷ്ഠമാണ് പ്രജാക്ഷോഭം; അതു തകർന്നാൽ രാജ്യം തകർന്നു. സകലവിപ്ലവങ്ങളെക്കാളും ഭയങ്കരമാണ് പ്രജാവിപ്ലവം. ഭൂമി ചലിക്കാം; അഗ്നിപർവ്വതം പൊട്ടാം; സമുദ്രം ആക്രമിക്കാം; അവകൊണ്ടു രാജാവിനുണ്ടാകാവുന്ന നാശത്തിന് ഒരു പരിമിതിയുണ്ട്. തന്നോടുകൂടി തന്റെ വംശവും നശിക്കണമെങ്കിൽ അതിനു പ്രജാവിപ്ലവത്തെത്തന്നെയാണ് രാജാവു ക്ഷണിച്ചുവരുത്തേണ്ടതു്. അതു് ഒരു കൊലകൊമ്പനാണ്. ആന ഒന്നു കടഞ്ഞിട്ടാൽ ആനക്കാരൻ താഴെ; കൊമ്പെടുത്തൊന്നു കുത്തിയാൽ അവന്റെ കുടൽമാല വെളിയിൽ.

സാലചൻ :— അതുകൊണ്ടാണല്ലോ ഞാൻ പറയുന്നതു് അതു കടയാൻ തുടങ്ങുന്നതിനു മുൻപുതന്നെ അതിന്റെ മസ്തകം അരിഞ്ഞു തള്ളണമെന്ന്. പ്രജകളുടെ പക്ഷം ഇത്രമാത്രം പർവ്വതീകരിച്ചു വാദിച്ച മന്ത്രിക്കു രാജാവിന്റെ പദവിയെപ്പററി ഒന്നും പറയാനില്ലാതെ പോയതു് അത്ഭുതമായിരിക്കുന്നു. രാജാവെന്നു പറയുന്നതു് ആരാണ്? പ്രജകളിൽനിന്നു പണിക്കൂലി പററുന്ന അവരുടെ ഭൃത്യനെന്നല്ലേ നിങ്ങൾ പുലമ്പിയതു്? ആരെന്നോ? ഇന്ദ്രൻ, അഗ്നി, യമൻ, വരുണൻ, വായു, കുബേരൻ, ആദിത്യൻ, ചന്ദ്രൻ,

Digitized By Kerala Sahitya Akademi

എന്നീ അഷ്ടദേവതകളുടെ മാത്രകൾകൊണ്ടു ബ്രഹ്മാവു വിഷ്ണുവിന്റെ അവതാരമായി നിർമ്മിക്കുന്ന രാജാവു പ്രജകളുടെ വേലക്കാരനെന്നോ? എന്തൊരു ഉത്തരവാദത്വബോധമില്ലാത്ത ഉന്മത്തപ്രലാപമാണിതു്? പ്രജകൾ ആരു്? അവർ രാജാവിന്റെ ഭൂമിയിൽ ജനിക്കുന്നു; രാജാവിന്റെ ഛായയിൽ വളരുന്നു; രാജാവിന്റെ വായു ശ്വസിക്കുന്നു; രാജാവിന്റെ അന്നം ഭക്ഷിക്കുന്നു. രാജാവല്ലാതെ അവർക്കാരു് ഈശ്വരൻ? രാജശബ്ദമല്ലാതെ അവർക്കേതു മന്ത്രം?

സുമ :—ഈശ്വരോ രക്ഷതു.

സാല്വ :—അങ്ങനെ പറയൂ. ഞാൻ പ്രജകളെ ഇപ്പോൾ തന്നെ രക്ഷിക്കുന്നുണ്ടല്ലോ—എന്നാൽ കഴിവുള്ള വിധത്തിലെല്ലാം — സ്വാതന്ത്ര്യത്തിനുമാത്രം പ്രതിബന്ധം കൂടാതെ. അതുകൊണ്ടു 'രക്ഷതു' എന്നതു 'രക്ഷതി' എന്നു തിരുത്തൂ!

സുമ:—സാക്ഷാൽ ജഗദീശ്വരൻ അവിടത്തെ രക്ഷിക്കട്ടെ എന്നാണു് ഞാൻ പറഞ്ഞതു്. അവിടത്തേക്കു് അധഃപതനകാലം അടുത്തിരിക്കുന്നു; അതിൽനിന്നു അവിടത്തെ രക്ഷിക്കുവാൻ ആ ഈശ്വരനല്ലാതെ ശക്തിയില്ല. കലശലായ ചിത്തഭ്രമം അവിടത്തെ ബാധിച്ചിരിക്കുന്നു; അതു പൊറുപ്പിക്കാൻ ഐഹികമായ വൈദ്യം അസമർത്ഥമാണു്.

Digitized By Kerala Sahitya Akademi

സാലചൻ :—അപ്പോൾ നിങ്ങൾക്ക മറെറാരീശ്വരനിലാണ് ഭക്തി ;—എന്നിലല്ല ! അതു രാജദ്രോഹത്തിന്റെ പ്രകാരാന്തരമല്ലേ ?

സുമ :—എനിക്ക രാജഭക്തിയും ഈശ്വരഭക്തിയും രണ്ടല്ല ; ഒന്നാണു്.

സാലചൻ :—എങ്ങനെയൊന്നാകും ? ഒരു സിംഹാസനത്തിൽ രണ്ടു രാജാക്കന്മാൎക്കു് ഒന്നിച്ചിരിക്കാൻ സ്ഥലമില്ല. നിങ്ങൾക്ക ചോറിങ്ങും ക്രൂറങ്ങമാണെങ്കിൽ ആ മറേറ ഈശ്വരനെത്തന്നെ അനന്യചിന്തനായി സേവിക്കുകയാണു് നല്ലതു്.

സുമ :—അതുകൊണ്ടാണല്ലോ ഈ അധികാരമുദ്ര പരിഗ്രഹിച്ചുകൊള്ളുന്നമെന്നു ഞാൻ ആദ്യമേതന്നെ നിവേദനം ചെയ്തതു്. രാജസേവകന്മാരുടെ അക്രമം അതുമാത്രമല്ല. സ്ത്രീകൾ പരക്കെ മുറവിളി കൂട്ടുന്നു, ആ പാപികൾ അവരെ മാനഭംഗം ചെയ്യുന്നുഎന്നു്.

സാലചൻ :—വിഷലിപ്തമായ മറെറാരു ബാണമാണു് മന്ത്രി ഇപ്പോൾ എന്റെ നേരെ പ്രയോഗിക്കുന്നതു്. അവർ അങ്ങനെ ഒരിക്കലും ചെയ്തിരിക്കുകയില്ല. എന്തുകൊണ്ടെന്നല്ലേ ? ചാരിത്രമെന്നൊന്നു സാമാന്യന സ്ത്രീകൾക്കില്ല; അതാണു് എന്റെ അനുഭവം.

സുമ :—അവിടുന്നു സഹവസിക്കുന്നതു് അത്തരത്തിലുള്ള സ്ത്രീകളുമായിട്ടായിരിക്കാം എന്നുവച്ചു് ?

Digitized By Kerala Sahitya Akademi

സാലപ: നിങ്ങളെക്കാരം സ്ത്രീകളെപ്പററി എനിക്കറി യാം. അവർ മുറവിളി കൂട്ടുന്നുവെങ്കിൽ അതിൻെറ ഉൽപത്തി അണ്ണാക്കിൽനിന്നാണു്; അന്തഃകരണ ത്തിൽനിന്നല്ല. അതല്ല, അവരിൽ പലരും ചാരിത്ര വതികളാണെന്നുതന്നെ ഇരുന്നുകൊള്ളട്ടെ. അത്ത രത്തിൽ കക്കശമായ ഇന്ദ്രിയനിഗ്രഹം അവരെക്കൊ ണ്ടുമാത്രം അനുഷ്ഠിപ്പിക്കുന്നതു് അന്യായമല്ലേ? പുരുഷൻ അതു പാലിക്കാത്തിടത്തോളം കാലം സ്ത്രീകരം എന്തിനു പാലിക്കണം?

സുമ:—പുരുഷനെക്കൊണ്ടും അതു പാലിപ്പിക്കണം; അതാണു് വേണ്ടതു്. ഒരനീതി ഇരട്ടിച്ചാൽ രണ്ടും നീതിയാകുമെന്നാണോ അവിടത്തെ സിദ്ധാന്തം?

സാലപൻ:—മന്ത്രി! നിങ്ങരം ഒരു പഴഞ്ചനാണു്; അതീ തയുഗത്തെ അതിജീവിക്കുന്ന ഒരു ജീവച്ഛവമാണു്. നിങ്ങരംക്കു കണ്ണുണ്ടെങ്കിലും അതിൻെറ അവലോക നശക്തി നശിച്ചിരിക്കുന്നു എന്നു ഞാൻ മുൻപു തന്നെ പറഞ്ഞില്ലേ? ഇന്നത്തെ ലോകത്തിൻെറ ആദശ്വും അഭിലാഷവുമെന്തെന്നു നിങ്ങരംക്കു് അറി ഞ്ഞുകൂടാ.

സുമ:—എനിക്കു കണ്ണുണ്ടു്, ചെവിയുമുണ്ടു്. മഹാരാജാ വേ! അവിടത്തെ ഈ സ്ത്രീഗർഹണം കേരംക്കുന്നതിനു മുൻപു് ആ ചെവി പൊട്ടാതെയിരുന്നതാണു് എ ൻെറ ദൌർഭാഗ്യം. ആദ്യം അങ്ങു പ്രജകളെ അധി

Digitized By Kerala Sahitya Akademi

ക്ഷേപിച്ചു ; ആ പ്രജകളിൽ ഒരുവനായ ഞാൻ അതു സഹിച്ചു. ഈ രാജ്യത്തെ വിറ്റില്ല ; ആ കൃപാനിധി അതും അതിലപ്പുറവും ക്ഷമിക്കും. ഇപ്പോഴും സ്ത്രീകളെ അടക്കിപ്പിടിച്ചു് അവഹേളനം ചെയ്തു് അങ്ങയുടെ മൃഗീയതയ്ക്കു മകുടം ചാർത്തുന്നു. ആ സ്ത്രീകളുടെ കൂട്ടത്തിൽ അവിടത്തേയും എന്റെയും അംബിവന്ദ്യകളായ മാതാക്കളും ഉൾപ്പെടും ; അവർ സപത്നികളാണെങ്കിലും അവിടെനിന്നു നമ്മെ നോക്കി അശ്രുധാര വാർക്കുന്നതു ഞാൻ കാണുന്നു. എനിക്കു് ഈ ദുർഭാഷണം കേട്ടു മതിയായി. മൂന്നാമത്തും ഞാൻ ആവശ്യപ്പെടുന്നു — അങ്ങയുടെ അധികാരദണ്ഡം അങ്ങ് ഈ നിമിഷത്തിൽത്തന്നെ തിരിയെ എടുത്തുകൊള്ളണമെന്നു്.

(സാലപന്റെ മുന്നിൽ മുദ്രമോതിരം വച്ചുംവച്ചു് പോകുവാൻ ഭാവിക്കുന്നു.)

സാലപൻ :—(ചിരിച്ചുകൊണ്ടു്) മന്ത്രി! ഞാൻ വെറുമൊരു പ്രഹസനമല്ലേ ഇവിടെ അഭിനയിച്ചതു്? അതു കണ്ടുപിടിക്കാൻ അങ്ങേയ്ക്കു കഴിഞ്ഞില്ലല്ലോ. ഞാൻ വാസ്തവത്തിൽ അങ്ങയുടെ ക്ഷമാശക്തി പരീക്ഷിക്കുകയായിരുന്നു. ആ പരീക്ഷയിൽ അങ്ങു തോല്ക്കുകയോ ? അതൊരിക്കലും പാടില്ല. അങ്ങു കലീനനാണു്, വൃദ്ധനാണു്, ശാസ്ത്രജ്ഞനാണു്, നിർഭയനാണു്, നയശാലിയാണു്, വശ്യകാരിയാണു്. അങ്ങും ഞാനുമാണു് ഈ രാജ്യരഥത്തിന്റെ

Digitized By Kerala Sahitya Akademi

രണ്ടു ചക്രങ്ങൾ ഈ രാജ്യസേവനത്തിന്റെ ശരീരവും ആത്മാവും. അങ്ങേയ്ക്കു മന്ത്രിത്വം വേണ്ടെങ്കിൽ എനിക്കു രാജത്വവും വേണ്ട. നമുക്കു രണ്ടുപേർക്കും ഒന്നിച്ചു സന്യസിക്കാം.

സുമ:— ഇങ്ങനെയെല്ലാം എന്നോടു പലപ്പോഴും പറയാറുണ്ടെങ്കിലും അങ്ങയുടെ പ്രവൃത്തി ഒരിക്കലെങ്കിലും അതിനു വിപരീതമായല്ലാതെ ഞാൻ കണ്ടിട്ടില്ല. ഇത്തവണയെങ്കിലും അവിടുത്തെ കുലദേവത — മഹിഷമർദ്ദിനിയായ ഭവാനി— അവിടത്തേയ്ക്കു സൽബുദ്ധി നല്കുമോ എന്നു നോക്കാം. അല്ലെങ്കിൽ പ്രജാക്ഷോഭമെന്ന ദുർന്നിവാരമായ ദാവാഗ്നിയിൽ അവിടത്തെ ഐശ്വര്യവും ജീവിതവും വംശവും ഒന്നിച്ചു വെന്തു വെണ്ണീറാക്കട്ടെ; ആ കൊടുന്തീയിൽ ഏതാനും അശ്രുബിന്ദുക്കൾ തൂകുകയല്ലാതെ അവിടത്തെ പിതാവിന്റെ ആശ്രിതന്മാരായിരുന്ന അസ്മാദൃശന്മാർക്കു് എന്തു ചെയ്യാൻ കഴിയും?

സാല്വൻ:— അരുതു മന്ത്രി! അച്ഛന്റെ സ്മരണയെക്കരുതിയെങ്കിലും അങ്ങു് ഈ പതനത്തിൽ എന്നെ ഉപേക്ഷിക്കരുതു്. ഞാൻ അപരാധികളെ ദണ്ഡിക്കാം; അക്രമികളെ അമർച്ചചെയ്യാം; പ്രജകളെ ആനന്ദിപ്പിക്കാം; ഭഗ്നമായ എന്റെ യശഃപതാകയെ വീണ്ടും പാറിപ്പറപ്പിക്കാം.

സുമ:— ഇക്കുറികൂടി നോക്കാം മഹാരാജാവേ!

(പോകുന്നു)

Digitized By Kerala Sahitya Akademi

(കപിഞ്ജലൻ പ്രവേശിക്കുന്നു.)

സാലപൻ :—നിനക്കുതന്നെ ഈ ഉദ്യോഗം തരട്ടെയോ എന്നാലോചിക്കുകയായിരുന്നു.

കപി—ഏതുദ്യോഗം? ആരു്?

സാലപൻ :—പ്രധാനമന്ത്രിയുടെ ഉദ്യോഗം. അതു ഞാനല്ലാതെ ആരാണു് തരാൻ? സുമതിക്കു് അതു വേണ്ട പോലും!

കപി :—എന്താണതു്? പായസമോ പലഹാരമോ? അതൊന്നുമല്ലല്ലോ? പിന്നെയെനിക്കെന്തിനു്? ഞാൻ അത്ര മടയനെന്നാണോ അങ്ങു കരുതിയതു്? പാകശാലയിലെ പര്യവേക്ഷകപദവിപോലും ഞാൻ ആവശ്യപ്പെട്ടിട്ടില്ലല്ലോ. എനിക്കു മേനിവിയർക്കാതെ മൃഷ്ടാന്നമുണ്ണണം. ഞാൻ ഒരു ഇത്തിക്കണ്ണിയാണെന്നോ കള്ളമട്ടയാണെന്നോ അസൂയാലുക്കൾ പിറുപിറുക്കുമായിരിക്കാം. അതുകൊണ്ടു് എനിക്കെന്താണു്? ആഹാരത്തിനു രുചിക്ഷയം വരാത്ത കാലത്തോളം അവർ തോല്ക്കും; ഞാൻ ജയിക്കും.

സാലപൻ :—ഞാൻ പറയാൻ പോകുന്നതു സാപ്പാട്ടുകാര്യമൊന്നുമല്ല.

കപി:—എന്നാൽ എനിക്കു കേൾക്കുകയും വേണ്ട.

സാലപൻ :—അങ്ങനെ പറയരുതു്. കേൾക്കു! സുമതിയുടെ ഇന്നത്തെ പെരുമാററം എന്നെ ഏററവും കോപിപ്പിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

കപി :—ഇങ്ങയുടെ അരിശത്തിനോ ചിരിക്കോ വല്ല അൎത്ഥവുമുണ്ടോ? ഈ നിമിഷത്തിൽ കലി; അടുത്ത നിമിഷത്തിൽ കളി—ശിശുക്കളുടെ പെരുമാററം പോലെ; അതിനൊന്നും കാലവും വേണ്ട, കാരണവും വേണ്ട.

സാലചൻ :—താനും തുടങ്ങിയോ എന്നെ പരിഹസിക്കാൻ? തന്റെ അകത്തു കിടന്നു വിളയുന്ന വിഷം താനും കുറേ ഛർദ്ദിക്കൂ! അങ്ങനെയെങ്കിലും തന്റെ വയറൊന്നു ചൊട്ടട്ടെ. ഇന്നു കാലത്തു ഞാൻ ഏതു കഴവിനെയാണാവോ കണികണ്ടതു്?

കപി:— മന്ത്രി പ്രജകളുടെ കാൎയ്യം വല്ലതും പറഞ്ഞിരിക്കാം.

സാലചൻ:— അതുതന്നെ; അയാൾക്കു വേറേ വല്ല പല്ലവിയുമുണ്ടോ ആലപിക്കാൻ? എപ്പോഴും ഒരേ പാട്ടു്; ഒരേ സ്വരം; ഒരേ താളം! കൎണ്ണകഠോരം; ഉദ്വേഗജനകം; ക്രോധോദ്ദീപകം. അയാൾ പറയുന്നതു കേട്ടാൽ പ്രജകളുടെ ദാസനാണു് രാജാവെന്നു തോന്നിപ്പോകും.

കപി:— അതു് ഏറെക്കുറെ സത്യമല്ലേ?

സാലചൻ:—അങ്ങനെയാണെങ്കിൽ അഗ്നിയും വായുവും ആദിത്യനും ചന്ദ്രനും എല്ലാം അവരുടെ ദാസന്മാരാണെന്നു വരണ്ടം.

കപി :— അല്ലെന്നു വയ്ക്കുന്നതെന്തിനു്? അവരെയെല്ലാം ഈശ്വരൻ സകലജീവികളുടേയും ദാസന്മാരാക്കിയിരിക്കുകയാണു്

Digitized By Kerala Sahitya Akademi

സൃഷ്ടിച്ചിരിക്കുന്നതു് എന്നു സങ്കല്പിക്കുന്നതിൽ എന്താണു് അസാങ്ഗത്യം ?

സാല്വ :—കൊള്ളാം ! ഗോഹത്യക്കാരനു ബ്രഹ്മഹത്യക്കാരൻ സാക്ഷി ! എനിക്കു് ഈ സ്വാമിദ്രോഹികളായ പ്രജകളെ ഒന്നടങ്കം സംഹരിക്കാനാണു് തോന്നുന്നതു്. ക്ഷത്രിയനും ശ്രീപരമേശ്വരനെപ്പോലെ രൌദ്രമൂൎത്തിയാണു്. ആ ദേവൻ എന്തുചെയ്തു ? ഭക്തന്മാരായിരുന്നപ്പോൾ ത്രിപുരന്മാരെ പാലിച്ചു ; പരിഹസിക്കാൻ തുടങ്ങിയപ്പോൾ ധ്വംസിച്ചു. അവിടത്തെ സേവകനായിരുന്നു മാൎക്കണ്ഡേയൻ ; അദ്ദേഹത്തെ വധിക്കാൻ വന്ന കാലനെ ഇടത്തെക്കാൽകൊണ്ടു ചവിട്ടിക്കൊന്നു. അവിടത്തെ ധ്യാനത്തിനു വിഘ്നം വരുത്തി കാമദേവൻ ; ആ നിമിഷത്തിൽത്തന്നെ അങ്ങോരെ നിടിലാഗ്നിയിൽ ഭസ്മീകരിക്കുകയും ചെയ്തു. എനിക്കുമുണ്ടു സേവകന്മാർ—നിങ്ങൾ ; ധ്യാനമൂൎത്തികൾ—സുന്ദരിമാർ.

കപി :—അങ്ങേയ്ക്കു പ്രജകളിൽ തെല്ലും സ്നേഹമില്ലേ ?

സാല്വ :—ആ സ്നേഹംകൂടി സൂക്ഷിക്കാൻ വേണ്ട വിശാലത എന്റെ ഹൃദയത്തിനില്ല. അവിടം മുഴുവൻ അഭിസാരികകളായ കാമിനികളെക്കൊണ്ടു നിറഞ്ഞിരിക്കുന്നു ; അങ്ങിങ്ങു ബാക്കി കിടക്കുന്ന സ്ഥലം സേവകന്മാരെക്കൊണ്ടും. ഞാൻ വിശ്വാത്മാവല്ല, എന്റെ കുക്ഷിയിൽ ഈരേഴുപതിന്നാലുലോകവും

Digitized By Kerala Sahitya Akademi

കുത്തുങ്ങാൻ തന്റെ കുടവയറിൽ പക്ഷേ സ്ഥലമു ണ്ടായിരിക്കാം !

കപി :— ഏതായാലും അങ്ങൊന്നു മനസ്സിലാക്കണം. പ്രജാരക്ഷാഭരം ആക്കും ഏതവസ്ഥയിലും ഭയാവഹ മാണ്; അവിടത്തെ പ്രജകളെ ഈ നിലയ്ക്കെങ്കിലും നിറുത്തിക്കൊണ്ടുപോകുന്നതു സുമതിയുടെ പ്രഭാവ വുമാണ്. രാജ്യഭരണമെന്നതു് ഒരു മന്ദരപവ്വത മാണ്; അതു് ഇവിടെ ഇന്നു താങ്ങുന്നതു് അങ്ങ യുടെ തങ്കക്കിരീടമല്ല ; ആ ആദികൂർമ്മത്തിന്റെ ശിരസ്സാണ്. അതുകൊണ്ടു് അദ്ദേഹത്തെ ഒരിക്കലും പിരിച്ചയയ്ക്കരുതു്. രാജാവിനു മന്ത്രി ; കാലനു വൈദ്യൻ ; തേവടിശ്ശിക്കു തായ്ക്കിഴവി; ഇങ്ങനെ പഴിയേല്ക്കാൻ ചിലർ ഇടനില നില്ക്കേണ്ടതുണ്ടു്. സുമതിയെ വച്ചുകൊണ്ടുവേണം നമുക്കു നമ്മുടെ കാര്യങ്ങളെല്ലാം മറയ്ക്കു നടത്താൻ.

സാല്വ :—(ചിരിച്ചുകൊണ്ടു്) ആ അടവൊന്നും എനിക്കു് അറിഞ്ഞുകൂടെന്നായിരിക്കാം താൻ കരുതിയതു് ! ആദ്യം ഞാൻ അദ്ദേഹത്തോടു കുറെ കയത്തു ; പിന്നീടു കുറേകിഴിഞ്ഞു. സാധുവിനു തൃപ്തിയായി ; തൽകാലത്തേക്കു ചൊല്ലയുമൊഴിഞ്ഞു.

കപി :—അങ്ങനെ വയ്ക്കരുതു്. ഒരാൾക്കു കുറേപ്പേരെ കുറേ ക്കാലം വഞ്ചിക്കാം ; എല്ലാവരേയും എല്ലാക്കാലവും വഞ്ചിക്കാൻ സാധിക്കുകയില്ല. അതുകൊണ്ടു

Digitized By Kerala Sahitya Akademi

തൽകാലം അങ്ങേർ പറയുന്നതു് അല്പമെല്ലാം അനുസരിച്ചു എന്നു പേരു കേൾപ്പിക്കണം; കുറേ കഴിഞ്ഞുവേണമെങ്കിൽ പിന്നെയും പഴയ വിദ്യകൾ എടുക്കാം.

സാലപ :—അങ്ങനെയാണു് ഞാനും തീർച്ചയാക്കിയതു്.

കപി:—കൊള്ളാം. അന്നു കാലിയിൽവച്ചു തട്ടിയ ഭേദത്തിൻെറ ഉപദ്രവം ഇപ്പോൾ തീരെ ശമിച്ചിരിക്കുമല്ലോ.

സാലപ :—ഓ—ഒരുമാതിരി—ശരീരത്തെ സംബന്ധിച്ചടത്തോളം. എന്നാൽ അഭിമാനത്തിൽ കൊണ്ടു പരുക്കു്—അതു് ചിതാഗ്നി തട്ടിയേ കരിയുകയുള്ളു.

കപി :—മഹാരഥനും മായാവിയുമായ അങ്ങേക്കു് എങ്ങനെ ആ ജരാതുരനിൽനിന്നു് ഈ അപകടം പററി? അതാണു് എനിക്കു് ആശ്ചര്യമായിരിക്കുന്നതു്.

സാലപ :—അക്കാര്യമൊന്നും പറയാനില്ല കപിഞ്ജല! അല്പമൊന്നു തയ്യാറെടുക്കാനുള്ള സമയമെങ്കിലും ആ മുതുക്കൻ എനിക്കനുവദിക്കേണ്ടതല്ലേ? അങ്ങേർ എൻെറ അടുക്കൽ വന്നു; കാൽപിടിക്കാനാണെന്നുവച്ചു ഞാൻ ഒരു മുഴം ഉയന്നു തെളിഞ്ഞു് ആകാശത്തേക്കുനോക്കി ഒരു നില്പും നിന്നുകൊടുത്തു. ആ തക്കം കണ്ടു പുള്ളി വാൾപ്പിടികൊണ്ടു് എന്റെ നെഞ്ചത്തു് ഒരുന്തു്; മറിഞ്ഞടിച്ചു പെട്ടെന്നു ഞാൻ തറയിലേക്കു് ഒരു വീഴ്ച; രണ്ടുമൊന്നിച്ചുകഴിഞ്ഞു.

Digitized By Kerala Sahitya Akademi

നന്ദികെട്ട കാലുകൾ ; അവയ്ക്കു ഒരെട്ടൊന്നററച്ചനി ന്നാൽ എന്തായിരുന്നു ചേതം ? അവ അതു ചെയ്തി ല്ല ; കിടന്ന കിടപ്പിൽ കിഴവൻ എന്നെ കൃതഘ്നയാ യി ശല്യപ്പെടുത്തിയുമില്ല. ആദ്യമായി ഞാൻ തപ്പി നോക്കിയതു് എന്റെ പല്ലായിരുന്നു ; അതൊന്നും കൊഴിഞ്ഞിരുന്നില്ല. രണ്ടാമതു് ഒന്നുററുനോക്കിയതു കാഴ്ചകണ്ടുകൊണ്ടിരുന്ന രാജകുമാരിമാരെ ; അവർ പുഞ്ചിരിതൂകാത്തതിൽ ഞാൻ അല്പം ആശ്വസിച്ചു ; അംബ വാസ്തവത്തിൽ കരഞ്ഞുകൊണ്ടിരുന്നു എന്നു കണ്ടു് ഉള്ളുകൊണ്ടു സന്തോഷിച്ചു. മൂന്നാമതു് എന്റെ കരുത്തംകെട്ട കാലുകൾ. അവ രണ്ടും മുറിച്ചു കളയാൻ അരിശംകൊണ്ടു മതിമറന്നു വാളോങ്ങി. അതുകൊണ്ടു മരിച്ചു മാനം തിരിച്ചു വരികയില്ലെന്നും ആയുരന്തംവരെ മുടന്തനായി കഴിച്ചുകൂട്ടാമെന്നല്ലാ തെ മററു പ്രയോജനമൊന്നുമില്ലെന്നും ഉടൻതന്നെ ഓർത്തു് ആ സാഹസത്തിൽനിന്നു പിൻമാറി ഏതാ യാലും അവിടെവച്ചു് എന്നേക്കുമായി എന്നെ വിട്ടുപിരിഞ്ഞ എന്റെ യശസ്സിനെ അതർഹിക്കുന്ന വിധത്തിൽ ഒന്നു സംസ്കരിക്കുന്നതിനുപോലും എനി ക്കു് ഇടകിട്ടിയില്ല. അതിനെ കാക്കയും കഴുകനും കൊത്തിവലിച്ചിരിക്കും ; നായും നരിയും കടിച്ചു തിന്നിരിക്കും. എന്തു ചെയ്യാം ? എന്റെ തലയി ലെഴുത്തു് ! കന്യകകളേയുംകൊണ്ടു കള്ളൻ കടക്ക കയും ചെയ്തു.

Digitized By Kerala Sahitya Akademi

കപി :—അങ്ങ് അദ്ദേഹത്തോടു ജീവൻ യാചിച്ചു വാങ്ങി എന്നു കേട്ടുവല്ലോ.

സാലപൻ :—യാചിക്കാതെ എന്തു ചെയ്യും ? മാനത്തോടു കൂടി ഞാനും മരിക്കേണ്ടതായിരുന്നു എന്നു ചിലർ പറയുമായിരിക്കാം. പക്ഷെ എനിക്കു പ്രാണത്യാഗത്തിൽ അത്ര വലിയ മെതിയൊന്നും തോന്നിയില്ല; തോന്നുന്നുമില്ല. വൃദ്ധത വർദ്ധിക്കുംതോറും വീര്യവും വളരുന്ന മനുഷ്യരെപ്പററി ഞാൻ പുരാണങ്ങളിൽ പോലും വായിച്ചിട്ടില്ല; എന്നാൽ ഭീഷ്മർ അത്തരത്തിലുള്ള ഒരസാധാരണവ്യക്തിയാണെന്നു് എനിക്കു് അന്നു ബോദ്ധ്യമായി. ആ പാൽനരയുടെ അടിയിൽ ഒരു ലോഹവിഗ്രഹം; ആ പുഞ്ചിരിച്ചാമ്പലിന്റെ ചുവട്ടിൽ ഒരു കല്പാന്തവഹ്നി! സാക്ഷാൽ കാലൻ തന്നെ; കയ്യിൽ ദണ്ഡിനുപകരം ഖഡ്ഗം; താമസം സംയമനിക്കുപകരം ഹസ്തിനപുരത്തിൽ; അത്രേയുള്ളൂ വ്യത്യാസം. അല്ലെങ്കിൽ കാലകാലനാണെന്നും കരുതാം. ശിരസ്സിലെ നര ഗങ്ഗാജലം; ദേഹത്തിലെ നര ചിതാഭസ്മം! അദ്ദേഹത്തോടു തോറ്റതു് വാസ്തവത്തിൽ ഒരു തോല്‌വിയായി ഗണിക്കാനുള്ളതല്ല. എന്നാൽ കശ്മലമായ മനുഷ്യരസനാ അങ്ങനെയൊരു സൌജന്യമൊന്നും ആൎക്കും അനുവദിച്ചു തരികയില്ലല്ലോ. അതു് അച്ഛനെയും അപഹസിക്കും; അമ്മയേയും അധിക്ഷേപിക്കും. അതുകൊണ്ടും നിങ്ങൾ പറഞ്ഞുപരത്തേണ്ടതു, നിങ്ങളോടു ഞാൻ മുൻപു് ഉപദേശിച്ചിട്ടുള്ളതുപോലെ, തന്റെ

Digitized By Kerala Sahitya Akademi

പ്രണയിനികളുടെ വരണമണ്ഡപത്തിൽ ആകസ്മികമായി കടന്നുവന്ന് ഒരു ബ്രഹ്മചാരി അപഹരിച്ചതുകൊണ്ടുള്ള വിഷാദംനിമിത്തം സാല്വൻ അല്പനിമിഷത്തേക്ക ന്യസ്തശസ്ത്രനായി എന്നും, ആ സമയത്തിൽ കിഴവൻ ഒരു ചതിപ്പാച്ചിൽ പാഞ്ഞ് അദ്ദേഹത്തെ ഉരുട്ടിയിട്ടു എന്നും, അദ്ദേഹം എഴുന്നേററു പകരംചോദിക്കുന്നതിനുമുൻപ് രഥം വായുവേഗത്തിൽ ഓടിച്ചുകൊണ്ടു കടന്നുകളഞ്ഞു എന്നുമാണ്. അങ്ങനെയാണെങ്കിൽ സാല്വൻ ഉടനടി ഹസ്തിനപുരത്തെ ആക്രമിക്കാത്തതെന്തെന്നു വല്ല ദുർബുദ്ധികളും ചോദിച്ചാൽ കുഴിയിൽ കാൽനീട്ടിയിരിക്കുന്ന മൂപ്പരെ കൊല്ലാനുള്ള മടികൊണ്ടാണെന്നു സമാധാനം പറയണമെന്നും ഞാൻ നിർദ്ദേശിച്ചിട്ടുണ്ടല്ലോ.

കപി :— അതൊക്കെത്തന്നെയാണ് ഞങ്ങൾ പറഞ്ഞുപരത്തുന്നത്.

സാല്വൻ :— നന്നായി! അക്കാര്യം നമുക്ക് ഇപ്പോൾ മറക്കാം. പക്ഷേ ആ അപരാധിയെ ഞാൻ വെറുതേ വിടുമെന്നു കപിഞ്ജലൻ ഒരിക്കലും സംശയിക്കരുത്. പ്രതീകാരത്തിനുള്ള ഒളിയമ്പു ഞാൻ തരം നോക്കി പ്രയോഗിക്കും. തൽകാലം സുമതിയുടെ ഉപദേശത്തിൽ ഏതെല്ലാം അംശമാണ് സ്വീകരിക്കേണ്ടതെന്നുള്ളതിനെപ്പററി നിപുണമായി പര്യാലോചി

Digitized By Kerala Sahitya Akademi

മക്കണ്ടിയിരിക്കുന്നു. ഇല കീറുകയുമരുതു്; മുള്ളൊടി യുകയുമരുതു്.

കപി:—അവിടുന്നു് അതുമിതുമാലോചിച്ചു തല പുണ്ണാക്കാതെ അദ്ദേഹത്തിന്റെ ഉപദേശം അതിന്റെ പൂൎണ്ണരൂപത്തിൽ സ്വീകരിക്കുക. ഏതായാലും മധുരപദാൎത്ഥങ്ങൾ ഭക്ഷിക്കുക എന്നുള്ള എന്റെ മാറാപ്പണിയുടെ പരിശീലനത്തിനു് അനദ്ധ്യായം വരുത്താൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

(കപിഞ്ജലൻ പോകുന്നു.)

(യവനിക)

രംഗം 7

അഞ്ചാം രംഗം

സ്ഥലം :—ആസ്ഥാനമണ്ഡപം.

കാലം :—അപരാഹ്ണം : ഉദ്ദേശം നാലുമണി.

(സാലചനം സുമതിയും ആസനങ്ങളിൽ ഇരിക്കുന്നു. സാലചൻ സുമതിയുമായി രാജകാൎയ്യങ്ങൾ വിചാരണചെയ്യുന്നു.)

ഹരിക്കാരൻ:—(പ്രവേശിച്ചു്) സ്വാമിൻ! ഹസ്തിനപുരത്തിൽനിന്നു ഭീഷ്മരുടെ ദൂതന്മാരെന്നു പറഞ്ഞുകൊണ്ടു രണ്ടു ബ്രാഹ്മണർ വന്നിരിക്കുന്നു.

(സാലചന്റെ മുഖം വിളറുന്നു; നെററി വിയക്കുന്നു.)

ഹരി:—കൂടെ ഒരു യുവതിയും വന്നിട്ടുണ്ടു്. കണ്ടാൽ ഒരു രാജകുമാരിയെപ്പോലെ ഇരിക്കുന്നു.

Digitized By Kerala Sahitya Akademi

സാല്വ :—അവരെ അകത്തു വരാൻ പറയൂ. (ഹരിക്കാരൻ പോകുന്നു.)

സാല്വ :—മന്ത്രി! അതു കാശിരാജാവിന്റെ കന്യകകളിൽ ആരെങ്കിലുമായിരിക്കുമോ ? ഭീഷ്മന്റെ ഉദ്ദേശമെന്തെന്നു മനസ്സിലാകുന്നില്ല.

സുമ :—അറിയാമല്ലോ ഉടൻതന്നെ.

(രണ്ടു ബ്രാഹ്മണരോടുകൂടി അംബ പ്രവേശിക്കുന്നു.)

സാല്വ :— (ബ്രാഹ്മണരോട്) നിങ്ങൾക്കു സ്വാഗതം. എന്താണു് എന്നെക്കൊണ്ടു് ആവശ്യമുള്ളതു് ?

ബ്രാഹ്മണരിൽ ഒന്നാമൻ :—സ്വാമിൻ! ഹസ്തിനപുരത്തുനിന്നു ഭീഷ്മർ ഞങ്ങളോടു് ഈ രാജകുമാരിയെ ഇവിടെ കൊണ്ടുവന്നു് അവിടത്തെ ഏല്പിക്കണമെന്നു് ആജ്ഞാപിച്ചു. ആ കൃത്യം ഞങ്ങൾ നിർവഹിക്കുന്നു.

സാല്വ :—കുമാരിയുടെ ആഗമനത്തിനുള്ള കാരണമെന്തു് ?

രണ്ടാമൻ :—അതു കുമാരിതന്നെ അറിയിക്കുകയായിരിക്കും നല്ലതു്. ഞങ്ങളെ തിരിയെപ്പോകാൻ അനുവദിക്കണം.

സാല്വ :— വരട്ടെ. നിങ്ങൾ വെളിയിലിരുന്നു് അല്പം വിശ്രമിക്കുവിൻ.

രണ്ടുപേരും :—കല്പനപോലെ. (പോകുന്നു.)

സുമ :—ഞാനും പോയിവരാം.

Digitized By Kerala Sahitya Akademi

സാലപ :—മന്ത്രി ഇവിടെ ഇരിക്കുന്നതുകൊണ്ടും വിരോധമില്ല.

സുമ :—വേണ്ട. നിങ്ങൾക്കു രഹസ്യമായി വല്ല കാര്യത്തെപ്പററിയും സംഭാഷണം ചെയ്യാനുണ്ടെങ്കിൽ അതിന് എന്റെ സാന്നിധ്യം പ്രതിബന്ധമുണ്ടാക്കരുതല്ലോ.

(മന്ത്രിപോകുന്നു.)

സാലപൻ :—ഭദ്രേ! ഭവതി ആരാണ്? എന്തിനാണ് ഇപ്പോൾ ഇങ്ങോട്ടു പോന്നത്?

(അംബ അമ്പരന്നു സാലപന്റെ മുഖത്തേക്കു നോക്കുന്നു)

സാലപൻ :—ഇതു രാജസന്നിധിയാണെന്നുവച്ചു ഭവതി ഭയപ്പെടരുത്. ആർത്തപരിത്രാണമാണ് എന്റെ ജീവിതവ്രതം; അഭീഷ്ടപ്രദാനമാണ് എന്റെ നിത്യാനുഷ്ഠാനം. അതുകൊണ്ടു് എന്നോട് ആഗമനോദ്ദേശമെന്തെന്നു പറയാൻ അല്പവും സങ്കോചപ്പെടേണ്ടതില്ല.

അംബ :—സ്വാമിൻ! അപ്പോൾ അവിടുന്ന് എന്നെ അറിയുന്നില്ല—അല്ലേ? അവിടുന്നു മാത്തികാവതത്തിലെ ബ്രഹ്മദത്തമഹാരാജാവല്ലാതെ മററാരുമല്ലല്ലോ? അവിടത്തെ എന്നാണ് ഈ അപസ്മാരം ബാധിച്ചുതുടങ്ങിയതു്? എന്നെ ഇതിനുമുൻപു കണ്ടിട്ടുണ്ടോ എന്ന് ഇത്തിരി നേരത്തേക്ക് ഒന്നോർത്തുനോക്കാൻ ദയവുണ്ടാകുമോ?

Digitized By Kerala Sahitya Akademi

സാലൻ :— എന്നോ എവിടെവച്ചോ കണ്ടതായി തോന്നുന്നുണ്ട്; അത്രേ ഉള്ളൂ.

അംബ :— അത്രേ ഉള്ളൂ.

അംബ :— അത്രേ ഉള്ളൂ! അല്ലേ? എന്നാൽ ഞാൻ പൂർവ്വ ചരിത്രം അല്പം പറഞ്ഞുകേൾപ്പിക്കാം. കാശിരാജ്യത്തിൽ — എന്റെ പിതാവു കോസലമഹാരാജാവിന്റെ രാജധാനിയിൽ — അന്തഃപുരത്തിലെ പ്രമദവനത്തിൽ – അന്നൊരിക്കൽ – മനോമോഹനമായ ഒരു സായാഹ്നത്തിൽ – അവിടുന്നും ഞാനും തമ്മിൽ — ആദിത്യന്റെ അന്തിക്കതിരുകൾ നമ്മുടെ മുഖങ്ങൾക്കും നമ്മുടെ ശരീരങ്ങൾ അവയ്ക്കും അന്യോന്യം ദീപ്തി വളർത്തവേ–ഉദ്യാനദേവതകളുടെ സന്നിധിയിൽവച്ച്–ഏകാന്തമായി അന്തർവിശ്വാസം നല്കിയ അനിയന്ത്രണയുടെ സാന്ദ്രച്ഛായയിൽ – അന്യോന്യം രൂപാമൃതപാനം – അതിനപ്പുറം നർമ്മസല്ലാപം— അതിനപ്പുറം ആത്മനിവേദനം– അതിനപ്പുറം ഹൃദയവിനിമയം — ഇങ്ങനെ പലപടവുകളായി ഉയർന്ന പ്രണയഗംഗാപ്രവാഹത്തിൽ – അനുഷ്ഠിച്ച വിലാസവിഹാരം – അത് അങ്ങേയ്ക്ക് ഓർമ്മയില്ലെന്നോ? പ്രാണനാഥാ–അങ്ങനെ എനിക്ക് ഈ നിമിഷത്തിൽ അങ്ങയെ വിളിക്കാൻ അവകാശമില്ലെങ്കിൽ ആ അവകാശം–എന്റെ ജീവിതത്തിലെ ആ ഏകസമ്പാദ്യം — ഞാൻ അടുത്ത നിമിഷത്തിൽ അങ്ങയിൽനിന്നുതന്നെ വീണ്ടെടുത്തുകൊള്ളാം. ഒന്നുകൂടി ഓർത്തുനോക്കൂ അവിസ്മരണീയമായ ആ മുഹൂർത്തം!

Digitized By Kerala Sahitya Akademi

സാല്വ:—ഇപ്പോഠം ഞാൻ അതു് ഏതാണ്ടു് ഓക്കുന്നുണ്ടു്— ഏതോ ഒരു ക്ഷണികമായ സ്വപ്നംപോലെ.

അംബ:—അന്നത്തെ കോസലകുമാരിയായ അംബ തന്നെയാണു് അങ്ങയോടു് ഇപ്പോഠം സംസാരിക്കുന്നതു്; അല്ലാതെ അവളുടെ പ്രേതമല്ല. ഇനി ഞാൻ വന്ന കായ്യംകൂടി പറയാം പറയാതെ മനസ്സിലാകുകയില്ലെന്നല്ലേ നടിക്കുന്നതു്? കേഠക്കുക! ഭീഷ്മർ എന്നെ ഹസ്തിനപുരത്തേക്കു് കൊണ്ടുപോയി അദ്ദേഹത്തിന്റെ അനുജൻ വിചിത്രവീയ്യമഹാരാജാവിനെക്കൊണ്ടു വിവാഹം ചെയ്യിക്കാൻ ഉദ്യമിച്ചു അ ഉദ്യമത്തെ ഞാൻ സധൈയ്യം പ്രതിഷേധിച്ചു. എന്റെ ഹൃദയ ഞ്ജുഷ അതിൽ നിക്ഷിപ്തമായിരുന്ന പ്രേമരത്നത്തോടുകൂടി സാല്വമഹാരാജാവിനുമുൻപു തന്നെ കൊടുത്തുപോയി എന്നും എന്നിൽ പിന്നീടു് അവശേഷിക്കുന്നതു കണപപ്രായമായ എന്റെ ശരീരം മാത്രമാണെന്നും ഞാൻ അദ്ദേഹത്തോടു ന്യായവാദം ചെയ്തു. നിഷ്ഠുരനെങ്കിലും നീതിമാനായ അദ്ദേഹവും പരേങ്ഗിതജ്ഞനായ വിചിത്രവീയ്യമഹാരാജാവും ആ വാദം തികച്ചും സമ്മതിച്ചു; എന്റെ പ്രാണനാഥന്റെ ഗൃഹത്തിലേക്കു് അനാകുലയായി, ആനന്ദപുളകിതയായി, ഞാൻ ഇതാ വന്നു ചേരുകയും ചെയ്തു. ഇതാണു് ചുരുക്കത്തിൽ എന്റെ അനന്തരകാലകഥ.

Digitized By Kerala Sahitya Akademi

സാല്വ :— അംബ—അതേ— അംബയെന്നപേരിൽ ഒരു രാജകുമാരി ഉണ്ടായിരുന്നതായി എനിക്ക് ഇപ്പോഠം ഓർമ്മ വരുന്നുണ്ട്.

അംബ :— പിന്നെയും 'ഓർമ്മവരുന്നുണ്ട്;' അത്രേ ആയു ള്ളു ! മഹാരാജാവേ ! അന്ന് അവിടുന്ന് എൻെറ മുന്നിൽ മുട്ടുകുത്തി ഹൃദയസമ്പുടം മലർത്തിക്കാണി ച്ചു പ്രേമഭിക്ഷയ്ക്ക് ഇരന്നു ; ആ ഭിക്ഷ ഞാൻ അവിടേക്ക് ആ ക്ഷണത്തിൽ തന്നെ നിർവ്യാളീകമാ യി, നിരുപാധികമായി, സമർപ്പിക്കുകയും ചെയ്തു. ഞാൻ അങ്ങയോടു വീണ്ടും ചോദിക്കുന്നു—ആ അംബ തന്നെയല്ലേ, അങ്ങ് അനുനിമിഷം വിരി കണ്ണുമായി ഉററുനോക്കിക്കൊണ്ടിരിക്കുമെന്നുള്ള ഉ ത്തമവിശ്വാസത്തോടുകൂടി അങ്ങയുടെ മുന്നിൽ ആഗതയായിരിക്കുന്ന ഈ അംബ ?

സാല്വ :—അല്ല.

അംബ :—പിന്നെ ?

സാല്വ :— ആ അംബ ജീവിച്ചിരുന്നതു യുഗാന്തരത്തിലാ ണ്. അന്നത്തേക്കും ഇന്നത്തേക്കുമിടയിൽ പല പ്രളയസമുദ്രങ്ങഠം കലങ്ങി മറിയുന്നു. ഒരു കാലത്തു് ആ മായാവിനി എന്നെ അവളുടെ വാഗ്ജാല ത്തിൽ കുരുക്കി ; കടാക്ഷവീക്ഷണത്തിൽ മയക്കി ; വിലാസലഹരിയിൽ മോഹിപ്പിച്ചു. എന്നാൽ—

അംബ:— എന്നാൽ ?

Digitized By Kerala Sahitya Akademi

സാലപ:—അതെല്ലാം വെറും പിരട്ട്; വിളഞ്ഞ പിത്തലാട്ടം. ആ നിമിഷത്തിൽത്തന്നെ വിവാഹം ചെയ്യാമെന്നു ഞാൻ കടന്നു പറഞ്ഞു; അവൾ ആ വാക്കു ചെവിക്കൊണ്ടില്ല. ആ കപോലമുകുരം ഒന്നു ചുംബിക്കാൻ— ആ കരപല്ലവമൊന്നു സ്പർശിക്കാൻ—അനുവദിച്ചില്ല. ആരെയോ മാലയിടണമെന്ന് അവൾ മുൻകൂട്ടി തീർച്ചപ്പെടുത്തി; അല്ലെങ്കിൽ ആ കാര്യം വിവാഹവേദിയിൽ— കാമുകവിപണിയിൽ—വച്ചു തീർച്ചപ്പെടുത്തിക്കൊള്ളാമെന്നു കരുതി ഇടയ്ക്ക് ആ ഉദംപ്പോരു കാണാൻ കെല്പില്ലാതിരുന്ന എന്നെ ഒന്നു കരങ്ങ കളിപ്പിച്ചു വിടാമെന്നു നിശ്ചയിക്കുകയും ചെയ്തു.

അംബ:—വിവാഹത്തിനു മുൻപ് ഏതു കുലവധു അങ്ങ സ്പർശനത്തിനു വിധേയയാകും? പുരന്ധ്രികളും പുംശ്ചലികളും ഒന്നുപോലെയെന്നാണോ അങ്ങ കരുതുന്നത്?

സാലപൻ:—അതിനെപ്പററി പിന്നീടു പറയാം. എന്നിട്ടു വിവാഹമുഹൂർത്തത്തിൽ—കല്യാണമണ്ഡപത്തിൽ—കല്ഹാരമാലയും കയ്യുമായി എന്റെ മുന്നിൽവന്നു നിന്നിട്ടും—ഞാൻ ഒട്ടകത്തെപ്പോലെ കഴുത്തു മുന്നോട്ടു നീട്ടിക്കാണിച്ചിട്ടും — അവൾ ധ്യാനനിഷ്ഠയെപ്പോലെ നിശ്ചലയായി, ബ്രഹ്മവാദിനിയെപ്പോലെ നിർവികാരയായി, അക്കരപ്പച്ച കണ്ട പശുവിനെപ്പോലെ അസ്വസ്ഥയായി, ശരീരം സാല

Digitized By Kerala Sahitya Akademi

ഭഞ്ജികയാക്കിക്കൊണ്ടു് ആ മിടുക്കി നിന്നനിലയിൽ ഒരു നില്പു് അവിടെയുമുണ്ടായിരുന്നു ഒരു മുൻകരുതൽ. ആരുമാരുമറിയാതെ ഭീഷ്മനെ ആളയച്ചു വരുത്തി എനിക്കു് അഭിമുഖമായി അദ്ദേഹത്തെ ഇരുത്തി. മുത്തച്ഛനെപ്പോലെ മുതിന്ന ആ കിഴവൻ വന്നു കൈക്കുകേറിപ്പിടിക്കുന്നതുവരെ അനങ്ങാതെ നിന്നു. വലിയ്ക്കുകയും. ഇഴയ്ക്കുകയും ചെയ്യുതായി ആ കള്ളനെക്കൊണ്ടു പരബോധ്യം വരുത്തിച്ചു; എന്നിട്ടു് അങ്ങോർ തെളിച്ചവഴിക്കു് കയ്യൊന്നു കുതറുന്ന ഭാവംപോലും കാണിക്കാതെ മുറയ്ക്കു നടക്കുകയും ചെയ്തു. താൻ മാത്രമോ ? തന്റെ രണ്ടു അനുജത്തിമാരും കൂടി ! നടയല്ല, ഓട്ടം ! ആരോ വച്ച പന്തയം കൈനീട്ടിവാങ്ങാനെന്നപോലെ ! അതായിരുന്നു അന്നത്തെ സ്വയംവരം—അല്ല, നല്ല തന്മയത്വത്തോടുകൂടി നടത്തിയ പ്രഹസനാഭിനയം !

അംബ :— ദേവീ! മഹാമായേ! കാത്യായനി ! നിന്തിരുവടിക്കറിയാം എന്റെ പരമാത്ഥം. മഹാരാജാവേ ! അങ്ങേയ്ക്കു് ആജ്ജവം കൌടില്യമായും ഉച്ചവെയിൽ കൂരിരുട്ടായും തോന്നുന്നതെന്തു്? ഈ ഭീമമായ സ്ഥലജലഭ്രാന്തി അങ്ങയെ എങ്ങനെ ബാധിച്ചു ? ഭീഷ്മരല്ലേ എന്റെ കൈക്കു കടന്നുപിടിച്ചതു് ?

സാലചൻ :— അതേ, ഭീഷ്മൻ തന്നെ. അതാണല്ലോ ഞാനും പറയുന്നതു്. ഹസ്തിനപുരത്തിലെ ചക്രവത്തി

Digitized By Kerala Sahitya Akademi

പട്ടമഹിഷിയാക്കുവാൻ ആഗ്രഹിക്കുന്ന ഒരു യുവതി മാർത്തികാവതത്തിലെ രാജാവിൻെറ ഭാര്യയാകുവാൻ എങ്ങനെ ഇഷ്ടപ്പെടും? ഉൽകൎഷേച്ഛയെന്നതു സ്ത്രീയുടെ കൂടപ്പിറവിയാണു്. നദികൾ എന്തിനു സമുദ്രത്തോടു ചേരുന്നു? തങ്ങളുടെ മധുരോദകത്തെ അതിലെ ഉപ്പുവെള്ളത്തിൽ ലയിപ്പിച്ചു് അവിടത്തെ അന്തഃപുരത്തിൽ തിരോധാനം ചെയ്യുന്നു? അതിന്റെ അഗാധതയും വിശാലതയും കണ്ടുമയങ്ങി! അതു മുത്തും പവിഴവും കൊണ്ടു തങ്ങളെ മൂടുമെന്നു മോഹിച്ചു്! അരചൻ കൊതിക്കുന്ന സ്ത്രീ പുരുഷനെ തള്ളും; ആദിത്യൻ ഉളിഞ്ഞു നോക്കുന്ന ആകാശവീഥി അമ്പിളിയെ തിരസ്കരിക്കും.

അംബ :— അങ്ങു് അകാരണമായി സ്ത്രീസമുദായത്തെ അധിക്ഷേപിക്കുന്നു.

സാലചൻ :— അധിക്ഷേപമെങ്കിൽ അധിക്ഷേപം; പ്രശംസയെങ്കിൽ പ്രശംസ. ഭീഷ്മരല്ലേ കൈക്കുപിടിച്ചതെന്നായിരുന്നുവല്ലോ ചോദ്യം! അതേ! ഭീഷ്മൻ തന്നെ എന്നു ഞാൻ വീണ്ടും സമ്മതിക്കുന്നു. യുവതികൾക്കു സ്ഥവിരന്മാർ ഭർത്താക്കന്മാരായാലത്തെ സുഖം തരുണന്മാരായാൽ സിദ്ധിക്കുന്നതല്ല. വൃദ്ധനു യുവതിയിൽ ഉണ്ടാകുന്ന തൃഷ്ണയ്ക്കു ശമനമെന്നൊന്നില്ല; ആ ചെടി എന്നും ഒന്നിനൊന്നു പടൎന്നു പന്തലിച്ചുകൊണ്ടിരിക്കും; ഫലിക്കുകയില്ല. അതുകൊണ്ടു കണ്ടതു കൈലാസമെന്ന നിലയിൽ അവൻ അവളു

Digitized By Kerala Sahitya Akademi

ടെ മുന്നിൽ ശ്വാവിനെപ്പോലെ പാട്ടുകിടക്കും; ആ ട്ടിപ്പായിക്കൽ അനുഗ്രഹമായിക്കരുതും; കാറിത്തുപ്പൽ കനകാഭിഷേകമായി ഗണിക്കും. അവനു കണ്ണും ചെവിയും പൊട്ടീട്ടുണ്ടെങ്കിൽ അവളുടെ ഭാഗ്യം അതിന്റെ പരമകാഷ്ഠയിൽ എത്തുമെന്നു കൂടിപ്പറഞ്ഞേക്കാം. എന്തെന്നാൽ—

അംബ:— അരുതു്! അരുതു്! അവിടെ നിൽക്കട്ടെ ആ വാക്യം; അതിനപ്പുറം അതു നീങ്ങരുതു്; നീങ്ങിയാൽതലയിൽ ഇടിവീഴും. മഹാരാജാവേ! അങ്ങയെ പ്രസവിച്ചതു സ്ത്രീയോ പുരുഷനോ? അങ്ങു് എന്തൊക്കെയാണു് ഇവിടെ അതിരുവിട്ടു് ഓരോന്നു പുലമ്പിയതു്? ശാന്തം പാപം! പ്രതിഹതമമങ്ഗലം! എന്നെ മാത്രമല്ലല്ലോ, അങ്ങയേയുമറിയിച്ചില്ലേ ഭീഷ്മർ അദ്ദേഹത്തിന്റെ അപ്രതിമമായ ബാഹുബലം? അങ്ങോടിയിൽ തോററതിനു് അമ്മയുടെ നേക്കു്! അതാണു് അങ്ങയുടെ ആണത്തം!

സാല്വ:— ജളബുദ്ധിയായ ഞാൻ ആ ലളിതാകൃതി പൂണ്ട രാക്ഷസിയുടെ ഘോരരൂപം അപ്പോൾ മാത്രമാണല്ലോ കണ്ടതു്. എന്നോർത്തു കോപിച്ചും വ്യസനിച്ചും ലജ്ജിച്ചും ഇതികർത്തവ്യതാമൂഢനായി കുറേ നേരം ഇരുന്ന ഇരിപ്പിൽ ഇരുന്നുപോയി; ആ തക്കം നോക്കി ഭീഷ്മർ വന്നു് എന്നെ ഒന്നു തള്ളിത്താഴത്തിട്ടു വച്ചു രഥത്തിൽ നിങ്ങളേയും കൊണ്ടു പാഞ്ഞുപോയി. അപ്പോൾ അംബ കുറേ കണ്ണുനീർത്തുള്ളികൾ

Digitized By Kerala Sahitya Akademi

ത്തുകി; ആനന്ദബാഷ്പമായിരുന്ന അതു്; സന്താപബാഷ്പമല്ല. ആ പരാഭവത്തിനു് എന്തു പ്രതികാരം ചെയ്താലും, അദ്ദേഹം അശുദ്ധമാക്കിയ അംബയുടെ കൈ എനിക്കു് അഗ്നിജ്വാലയിലല്ലാതെ ശുദ്ധി ചെയ്തെടുക്കാൻ നിവൃത്തിയില്ലല്ലോ; അതുകൊണ്ടു് ഹസ്തിനപുരം ആക്രമിക്കുന്നതു നിഷ്പ്രയോജനമാണെന്നു കരുതി ഞാൻ അതിലേക്കു് ഒരുമ്പെട്ടുമില്ല. ഞാൻ അതിരുകടന്നു പുലമ്പുന്നു എന്നാണോ പറഞ്ഞതു്? അവിടെ നടന്ന പരമാർത്ഥമാണു് ഞാൻ പ്രഖ്യാപനം ചെയ്യുന്നതു്. പരമാർത്ഥത്തിനു് ഇടവും വലവും നോക്കേണ്ട ആവശ്യമില്ല. അതു കാലദേശപരിധികൾക്കു് അതീതമാണു്; ശ്രോതാക്കളുടെ സ്നേഹത്തിനും ദ്വേഷത്തിനും അതിനെ വ്യതിചലിപ്പിക്കാൻ കഴിയുന്നതുമല്ല.

അംബ:— അങ്ങു പറയുന്നതു സത്യമാണെങ്കിൽ എന്തിനെയാണു് ലോകം അസത്യമെന്ന ശബ്ദംകൊണ്ടു വ്യവഹരിക്കേണ്ടതു്?

സാല്വ:— എന്നിട്ടു് അവർ ഭീഷ്മനോടുകൂടിപ്പോയി ഏതാനും ദിവസം ഹസ്തിനപുരത്തിൽ സൈ്വരമായി താമസിച്ചു; അവിടെ ആ കിഴട്ടുവാലത്തിയെ തൊട്ടതിന്നു. ആ പാപം പക്ഷേ പ്രായശ്ചിത്തം കൊണ്ടു പരിഹരിക്കാമായിരിക്കും. എന്നാൽ അത്രയും കാലം ആ മുത്തുമുത്തുക്കന്നുമായി കഴിച്ചുകൂട്ടിയപ്പോൾ എന്തെല്ലാം നടന്നു എന്നു പരിച്ഛേദിച്ചു പറയാൻ ഞാൻ

Digitized By Kerala Sahitya Akademi

ത്രികാലജ്ഞനല്ലാത്തതുകൊണ്ടു നിവ്വാഹമില്ല ; ഒരു സാധാരണമനുഷ്യന്റെ നിലയിൽ ബുദ്ധിയെ വ്യാപരിപ്പിച്ച് ഊഹാപോഹങ്ങൾകൊണ്ടു ചിലതെല്ലാം കണ്ടുപിടിക്കാമെന്നേയുള്ളൂ.

അംബ :—അപ്പോൾ ഞാൻ അത്രയുംകാലം ഭീഷ്മരുടെ വെപ്പാട്ടിയായിരുന്നു എന്നാണോ അങ്ങു ധരിപ്പിക്കുന്നത് ? അതാണോ ഈ തെറിപ്പാട്ടിന്റെ മുത്തായിപ്പ്?

സാലപ :—അതു തന്നെയാണെന്നു വച്ചോളൂ.

അംബ:— ആ സായാഹ്നത്തിൽ ഞാൻ അങ്ങേയ്ക്ക് എന്റെ പരിശുദ്ധമായ ഹൃദയം ദാനംചെയ്തു. അത് അങ്ങ് അങ്ങയുടെ ഹൃദയത്തിൽ ഭദ്രമായി സൂക്ഷിച്ചു. ഇന്നും എന്റെ ആ ഹൃദയം അവിടെത്തന്നെ കാണും. അതിന്റെ അടിത്തട്ടിൽ, ഒന്നു ചികഞ്ഞു നോക്കി, അതിനെ പൊതിഞ്ഞിരിക്കുന്ന ചപ്പുചവറുകൾ തട്ടിനീക്കി, ഉണ്ടോ ഇല്ലയോ എന്നു മാർത്തട്ടിൽ അങ്ങയുടെ വലതുകൈ വച്ചുകൊണ്ടു പറയൂ ! അതെങ്ങും പോയിട്ടില്ല ; അവിടെത്തന്നെയുണ്ട്.

സാലപ:—ഇല്ല. അതെനിക്കു തരുന്ന ഭാവം അംബ കാണിച്ചതേയുള്ളൂ ; തന്നോ എന്നു ഞാൻ തൽകാലത്തേക്ക് ഒന്നു ഭ്രമിച്ചുപോയതേയുള്ളൂ. അഥവാ തന്നുവെങ്കിൽ തന്നെ അവർ സ്വയംവരവേദിയിൽവച്ച് അത് എന്നിൽനിന്നു വലിച്ചുപറിച്ചു തിരിച്ചെടുത്തു. ഇ

Digitized By Kerala Sahitya Akademi

ല്ലെങ്കിൽത്തന്നെയും അന്നു ഞാൻ ഭീഷ്മന്റെ മുന്നിൽ 'ഈ പുല്ലുകുടി കൊണ്ടുപോ' എന്നു പറഞ്ഞു് എറിഞ്ഞുകൊടുത്തു; ഏതായാലും അവളുടെ ആ ഹൃദയം —അഥവാ കരിമ്പാറ— ഇപ്പോഴും എന്റെ കൈവശമില്ല. ഒരിക്കൽ ഞാൻ അവളെ സ്നേഹിച്ചു എന്നുള്ളതു ശരിതന്നെ. ആ സ്നേഹം വരണമണ്ഡപത്തിലെ പേക്കൂത്തു കണ്ടപ്പോഴും ദ്വേഷമായി മാറി. ഇന്നു ഞാൻ അവളെ വെറുക്കുന്നു; പുച്ഛിക്കുന്നു. അവളുടെ സ്മരണ എന്നെ കലികൊള്ളിക്കുന്നു. അവളുടെ പേർ എന്നെ ആത്മഹത്യയ്ക്കു പ്രേരിപ്പിക്കുന്നു. ഞാൻ ഒരു പുരുഷനാണു്; സ്ത്രീയുടെ ചക്കരവാക്കിൽ ഇനി നഞ്ഞുതിന്ന മത്സ്യത്തെപ്പോലെ ഒരു കാലത്തും മയങ്ങുകയില്ല. ഞാൻ ഒരു രാജാവാണു്. അന്യന്റെ എച്ചിലില, അതിൽ പററിക്കിടക്കുന്നതു പാൽപ്പായസമാണെന്നു വന്നാൽക്കൂടിയും, തെരുവഴിയിൽ അലഞ്ഞുതിരിയുന്ന ഒരു തെണ്ടിയെപ്പോലെ നക്കുകയുമില്ല.

അംബ:— സ്വാമിൻ! ഞാൻ എന്തെല്ലാം വിധത്തിലുള്ള ആശകളോടുകൂടിയാണു് ഹസ്തിനപുരത്തുനിന്നു് ഒററയോട്ടമായി ഓടി ഇന്നു് ഇവിടെ വന്നു ചേർന്നതു്; ആ മുരളവല്ലികളെയെല്ലാം അങ്ങു് ആക്രോശഖഡ്ഗംകൊണ്ടു് അരിഞ്ഞുതള്ളുന്നുവല്ലോ. എന്തെല്ലാം രമ്യസങ്കല്പങ്ങളാണു് എന്റെ ഉള്ളിൽകെട്ടിപ്പൊക്കിയതു്? ആ ഏഴനിലമാളികകളെയെല്ലാം തറയോടു

Digitized By Kerala Sahitya Akademi

എന്നെപ്പററി അസത്യകഥകരം കെട്ടിച്ചമച്ചു്, എൻെറ മേൽ അപവാദശരങ്ങരം വർഷിച്ചു്, എന്നെ കൊല്ലാക്കൊല ചെയ്തു് അഹങ്കരിക്കുന്നുവല്ലോ. ഇതാണോ രാജനീതി? ഇതാണോ പുരുഷലക്ഷണം? ഇതാണോ മനുഷ്യധർമ്മം ?

സാല്വ :—ഏതായാലും ഇപ്പോരം വശീകരിക്കുന്നില്ലെന്നു വിശദമാകുന്നുണ്ടല്ലോ. അസന്ദിഗ്ദ്ധമായി, അവ്യംഗ്യമായി, അപ്രിയമെങ്കിലും സത്യപൂതമായ ഭാഷയിൽ പറഞ്ഞുകഴിഞ്ഞില്ലേ ഞാൻ അന്യപുരുഷന്റെ പാണിസ്പർശനമേററ അംബയെ പരിഗ്രഹിക്കുകയില്ലെന്നു് ? ഇനിയും എന്തിനാണു് ഈ ചുററിപ്പററി നില്ക്കൽ ? ഈ തുമ്പുംവാലുമില്ലാത്ത മുള്ളുവാക്കു പറച്ചിൽ ? ഏതുവഴിക്കു് ഇങ്ങോട്ടുവന്നുവോ ആ വഴിക്കുതന്നെ തിരിയെപ്പോകരുതേ? അതു് ഇടയ്ക്കു്ങ്ങളാരും വേലികെട്ടിയടച്ചിട്ടില്ലെന്നു ഞാൻ ഉറപ്പുതരുന്നു. ഇനിയും എൻെറ കൈവശമാണു് നിങ്ങളുടെ ഹൃദയമെന്നു തക്കിക്കാൻ ഭാവമുണ്ടെങ്കിൽ, ഇതാ! ഞാൻ അതു മൂന്നുവട്ടം തലയുഴിഞ്ഞു മുന്നോട്ടേക്കു വലിച്ചെറിഞ്ഞിരിക്കുന്നു; പെറുക്കിക്കൊണ്ടുപോകാം.

അംബ :—നന്നായി മഹാരാജാവേ! നന്നായി! ഇതാണോ പുരുഷനെന്നു പറയുന്ന ബ്രഹ്മസൃഷ്ടിയുടെ യഥാർത്ഥരൂപം? വഞ്ചനമേ! നിന്നിൽനിന്നു പുരുഷനോ, പുരുഷനിൽനിന്നു നീയോ, ജനിച്ചതു് ?

Digitized By Kerala Sahitya Akademi

സാല്വ:— ഈ പരിദേവനംകൊണ്ടൊന്നും ഞാൻ ഇളക കയില്ല. ഇളകാൻ നിവൃത്തിയില്ലാത്തതുകൊണ്ടുമാത്ര മാണ് അങ്ങനെ പറയുന്നത്. പരഗൃഹത്തിൽ താമസിച്ച ഒരു യുവതിയെ തന്റെയും പ്രജകളുടേയും അഭ്യുദയനിശ്ശ്രേയസങ്ങളിൽ ആകാംക്ഷയുള്ള ഒരു രാജാവ് എങ്ങനെ അംഗീകരിക്കും ? സാക്ഷാൽ ശ്രീ രാമചന്ദ്രൻ പോലും എങ്ങനെയാണ് ആ പരിതഃ സ്ഥിതിയിൽ പ്രവർത്തിച്ചത്? രാവണന്റെ അശോക വനികയിൽ താമസിച്ച ജാനകീദേവിയെ ആദ്യം അഗ്നിശുദ്ധയാക്കി പ്രതിഗ്രഹിച്ചിട്ടുപോലും വീണ്ടും പാമരനായ ഒരു രജകന്റെ അപവാദം കേട്ടു പരി ത്യജിച്ചില്ലേ ? യശോധനമാണ് രാജാക്കന്മാരുടെ യഥാർത്ഥമായ ധനം. പരമ്പരാഗതമായ ആ ധനത്തെ വർദ്ധിപ്പിച്ചില്ലെങ്കിലും ക്ഷയിപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

അംബ:— അങ്ങു പറയുന്നതുകേട്ടാൽ അങ്ങാണ് ദ്വാപര യുഗത്തിലെ രാമചന്ദ്രനെന്നും അങ്ങയുടെ രാജ്യ മാണ് ഇന്നത്തെ രാമരാജ്യമെന്നും തോന്നിപ്പോകും ! രാമചന്ദ്രന്റെ നാമധേയം അങ്ങയുടെ നാക്കിൽ എങ്ങനെ വഴങ്ങുന്നു ? ഞാൻ കണ്ടു ഈ പുതിയ രാജ്യവും ഇവിടെ നടക്കുന്ന അദൃഷ്ടപൂർവ്വമായ അന്യാ യവും ! അതിനൊരാവരണമില്ല ; അനദ്ധ്യായമില്ല. എങ്ങും നിങ്ങളുടെ സേവകന്മാരെന്നു പറയുന്ന

Digitized By Kerala Sahitya Akademi

തെമ്മാടികൾ ഉടുതുണികൂടി ഉരിഞ്ഞെടുത്തു പുറം പൊളിച്ചു വെളിയിൽ തള്ളുന്ന പൌരന്മാരുടേയും ജാനപദന്മാരുടേയും ആക്രന്ദനശബ്ദങ്ങൾ ദിക്ചക്രങ്ങളിൽ മാറെറാലിക്കൊള്ളുന്നതു്; ആ മദോന്മത്തന്മാർ കൊള്ളിവച്ചെരിക്കുന്ന ഗൃഹങ്ങളിൽനിന്നുയരുന്ന കൊടുമ്പുക ആകാശത്തിൽ അകാലമേഘങ്ങളായി നിന്നുകൊണ്ടു് ആദിത്യചന്ദ്രന്മാരെ മറയ്ക്കുന്നതു്; ആ മഹാപാപികൾ മാനഭങ്ഗം ചെയ്യുന്ന കുലപാലികമാരുടെ ആർത്തനാദം ജഗന്നിയന്താവിൻെറ ശ്രവണപുടങ്ങളെ ഭേദിക്കുന്നതു്:—കണ്ടു കഴിഞ്ഞു ഞാൻ ഇതും ഇതിലപ്പുറവും എൻെറ കണ്ണുകൾ കൊണ്ടു്! നിങ്ങളുടെ രാമരാജ്യം! എവിടെയും അധർമ്മത്തിൻെറ കോലംതുള്ളൽ; അക്രമത്തിൻെറ പൂപ്പടവാരൽ! ഞാൻ കേൾക്കാത്തതല്ലായിരുന്നു പണ്ടുതന്നെ അങ്ങയുടെ ഈ ദുശ്ചരിതം; പക്ഷേ അതിൻെറ ആകൃതിക്കു് ഇത്ര വൈരൂപ്യവും പരിമാണത്തിനു് ഇത്ര വൈപുല്യവുമുണ്ടെന്നു് ഇപ്പോൾ മാത്രമാണു് മനസ്സിലായതു്. അങ്ങയുടെ സഹധർമ്മിണിയാകുന്നതിനുള്ള എൻെറ ഉദ്ദേശങ്ങളിൽ ഒന്നു് ആ നരകഗർത്തത്തിൽനിന്നു് അങ്ങയെ കഴിയുമെങ്കിൽ ഉദ്ധരിക്കാമെന്നുള്ളതായിരുന്നു. അതിനെപ്പററി ഇനി ചിന്തിച്ചിട്ടുപ്രയോജനമില്ലല്ലോ.

സാല:—അമ്പടാ! ഒരബലയുടെ അഹങ്കാരം! ഒരു പിപീലികയുടെ അനന്താഭിനയം! ദുർവൃത്തനെ നന്നാ

Digitized By Kerala Sahitya Akademi

ക്കാൻ വേശ്യ ; അഗ്നിയെ ശമിപ്പിക്കാൻ വിറക് !
എന്തസംബന്ധമാണ് ഈ സ്ത്രീ പുലമ്പുന്നതു് ?

അംബ :— അങ്ങ് ഇപ്പോഴും ഭീഷ്മരെ ഭയപ്പെടുന്നുണ്ട് ; അതുകൊണ്ടാണ് എന്നെ സ്വീകരിക്കാൻ ഇത്ര മാത്രം വൈമുഖ്യം പ്രദർശിപ്പിക്കുന്നതു്; അതു തുറന്നു തെളിച്ചു പറയൂ !

സാല്വ :— ഞാൻ ഭീഷ്മനെ ഭയപ്പെടുന്നു ! അല്ലേ ? അതു കൊണ്ടുതന്നെയായിരിക്കണം ഭീഷ്മൻ അംബയെ ഇങ്ങോട്ടയച്ചു് എന്നെ പ്രസാദിപ്പിക്കാൻ ഉദ്യമിക്കുന്നതു് ! ഈ അർത്ഥശൂന്യമായ വാക്ക, ഭീഷ്മനിൽ അനുരക്തയായ ഒരു സ്ത്രീയുടെ മുഖത്തുനിന്നല്ലാതെ എപ്പോഴെങ്കിലും പുറപ്പെടുമോ ? അഥവാ ഞാൻ ഭയപ്പെടുന്നു എന്നുതന്നെയിരിക്കട്ടെ. അങ്ങനെയാണെങ്കിൽ എന്നെപ്പോലെയുള്ള ഒരു ഭീരുവിനെ ധീരയായ നിങ്ങൾ ഒരിക്കലും വിവാഹം ചെയ്യരുതു് !

അംബ :— ഞാൻ അങ്ങേയ്ക്കായി ദാനം ചെയ്ത എൻെറ ഹൃദയം അങ്ങ് എൻെറ മുന്നിൽ വലിച്ചെറിഞ്ഞു ഛിന്നഭിന്നമാക്കി, അതു ഞാൻ എടുത്തുകൊണ്ടു പോകാൻ പറയുന്നു. പാത്രമറിയാതെയുള്ളതായിരുന്നു എൻെറ ദാനം ; ഞാൻ എൻെറ മുഗ്ദ്ധബുദ്ധിയിൽ കരുതിപ്പോയി രസത്തെ ക്ഷീരമായി — ചുടലത്തീയെ കൊന്നപ്പൂവായി — കാളക്കൂടത്തെ കസ്തൂരിച്ചാറായി — കൊള്ളിപ്പിശാചിനെ കുലദേവതയായി എങ്കിലും ദത്താപഹാരമെന്ന മഹാപാതകം കുലീ

Digitized By Kerala Sahitya Akademi

നയായ ഒരു യുവതി ഒരിക്കലും ചെയ്യുകയില്ല. എന്റെ പ്രേമത്തെ അങ്ങ് എന്തു ചെയ്താലും കൊള്ളാം; എനിക്ക് അതു തിരിയെ വേണ്ട; മറ്റൊരാൾക്ക ഞാനതു കൊടുക്കാൻ ഉദ്ദേശിക്കുന്നുമില്ല. അഭീഷ്ടദാനമാണ് അങ്ങയുടെ നിത്യാനുഷ്ഠാനമെന്ന് അങ്ങ് പറഞ്ഞില്ലേ? എന്നെ പരിഗ്രഹിക്കുവാൻ ഭാവമില്ലെങ്കിൽ ഞാൻ അങ്ങയുടെ പരിചാരിക എന്ന നിലയിൽ ഈ കൊട്ടാരത്തിൽ ജീവിക്കുന്നതിന് അങ്ങേയ്ക്കു വിരോധമുണ്ടോ? അതും പാടില്ലെങ്കിൽ അങ്ങയുടെ ഒരു പ്രജാപരമാണു എന്ന നിലയിൽ ഈ രാജ്യത്തിന്റെ ഏതെങ്കിലും പ്രാന്തപ്രദേശത്തിൽ—എവിടെയെങ്കിലും ഒരോണം കേറാത്തമൂലയിൽ—ആരുമാരുമറിയാതെ, കഴിഞ്ഞു കൂടുന്നതിനെങ്കിലും അങ്ങ് അനുവദിക്കുമോ?

സാല്വ:—അതിനൊന്നുംഇവിടെ സൌകര്യമില്ല. ഇരുന്നിട്ടു കാലുനീട്ടുക; കാലുനീട്ടീട്ടു വലിഞ്ഞുകേറുക; വലിഞ്ഞുകേറീട്ടു തലയിൽ ചവിട്ടുക;—ഇതെല്ലാം സ്ത്രീകളുടെ ഇന്ദ്രജാലപരിപാടിയിൽപ്പെട്ടതാണ്. ഈ വിദ്യയൊന്നും എന്നോടു പറുകയില്ല. അംബയെ ഇവിടെത്താമസിപ്പിച്ചാൽ ഞാൻ ഉപജാപത്തിനു വിത്തുപാകുകയായിരിക്കും; അപമൃത്യുവിന്റെ സൽകാരത്തിന് അർഘ്യപാദ്യങ്ങൾ സംഭരിക്കുകയായിരിക്കും. അതുകൊണ്ടു് അംബ തൽക്ഷണം എന്റെ

Digitized By Kerala Sahitya Akademi

നാട്ടുവിട്ടുപോകണമെന്നു ഞാൻ നിർബന്ധമായി ആജ്ഞാപിക്കുന്നു.

അംബ :—പോയില്ലെങ്കിൽ ? പാറാവിലിട്ടടയ്ക്കുമായിരിക്കും. അതും എനിക്ക് ആനന്ദമാണ്. എന്റെ പ്രിയതമൻ നല്കുന്ന അന്നംതന്നെയല്ലേ അവിടെയും ഞാൻ ഭക്ഷിക്കുന്നത് ?

സാല്വ :—അതും പാടില്ല.

അംബ:—എന്നാൽ എന്നെ ഉടവാളോങ്ങി ഈ ആസ്ഥാനമണ്ഡപത്തിൽവച്ചുതന്നെവെട്ടിക്കൊല്ലുക! അതും എനിക്ക് ആനന്ദമാണ്. എന്റെ പ്രാണനാഥന്റെ കൈകൊണ്ടുതന്നെയല്ലേ എനിക്കു പ്രാണനാശം സംഭവിക്കുന്നത് ?

സാല്വ :—അതൊന്നുമല്ല ഞാൻ ചെയ്യാൻ നിശ്ചയിക്കുന്നത്—എന്റെ നാട്ടിൽനിന്നു നിങ്ങളെ ബഹിഷ്കരിക്കാനാണ്. നിങ്ങളെ ഞാൻ കാണരുത്; നിങ്ങളുടെ നാമധേയം കേൾക്കരുത്; നിങ്ങൾ ദുഷിപ്പിച്ച വായു ശ്വസിക്കരുത്; നിങ്ങളുടെ സ്മരണയുടെ നിഴൽ സ്വപ്നത്തിൽപ്പോലും എന്നിൽ തട്ടരുത്.

അംബ :—പ്രഭോ ! അങ്ങയുടെ രാജ്യം വിട്ടു ഞാൻ എവിടെ പോകണമെന്നാണ് അങ്ങ് ആജ്ഞാപിക്കുന്നത് ?

സാല്വ: -അംബേ! ഞാൻ പറഞ്ഞുതരാം. ആരു് അംബയെ ആദ്യമായി പാണിഗ്രഹണം ചെയ്തുവോ; ആരു്

Digitized By Kerala Sahitya Akademi

അംബയെ എന്നിൽനിന്നു ദ്വിധിപോലെ വേർപെടുത്തിയോ; ആരുടെ ആകാരസുഷമയല്ലെങ്കിലും ഐശ്വര്യപ്രൌഢി അംബയുടെ ചിത്തവൃത്തിയെ അപഹരിച്ചുവോ ;— ആ ഭീഷ്മന്റെ സന്നിധാനത്തിൽ.

അംബ:— അദ്ദേഹവും എന്നെ ഉപേക്ഷിക്കുകയാണെങ്കിൽ പിന്നീടു ഞാനെന്തു ചെയ്യണം ?

സാല്വ:— അപ്പോഴം എന്തുതോന്നുന്നുവോ അതു്. ആത്മഹത്യയ്ക്കു് അനവധി ഉപായങ്ങളുണ്ടു് ; അവയിൽ ഏതെങ്കിലും ഒന്നു യഥേഷ്ടം സ്വീകരിക്കാം. അങ്ങനെ മൺമറഞ്ഞു ഭൂമിയെ പുനശ്ശുദ്ധമാക്കാം.

അംബ:— (കണ്ണുനീർ തുടച്ചു് തൊണ്ടയിടറിക്കൊണ്ടു്) ധൂർത്ത! ധൃഷ്ട! നിർല്ലജ്ജ ! നിരനുഗ്രഹ ! മദ്യമത്ത ! മാതരിശ്ശുര ! ഞാൻ ആത്മഹത്യചെയ്യണമെന്നു് അങ്ങു് അനുശാസിക്കുന്നു—നമുക്കു രണ്ടുപേർക്കും ഈ വിസ്തീർണ്ണമായ ഭൂമിയിൽ ഒരേ സമയത്തു പുലരുവാൻ സ്ഥലമില്ലാത്തതുപോലെ ! ആകട്ടെ, ഏതായാലും ആ വിഷയത്തിൽ അങ്ങയെ ആചാര്യനായി ഞാൻ സ്വീകരിക്കുന്നില്ല. അങ്ങു് ഇന്നു് എന്നോടു ചെയ്യുന്ന ഈ അപരാധത്തിനു് അതിരും എതിരും ഇല്ല. എങ്കിലും ഞാൻ ഒരിക്കൽ അങ്ങയെ സ്നേഹിച്ചുപോയി ; ആ പൂജാപാത്രം വാസ്തവത്തിൽ കോളാമ്പിയാണെന്നു് ഇപ്പോഴം അറിയുന്നുണ്ടെങ്കിലും അതിൽ ഞാൻ

Digitized By Kerala Sahitya Akademi

ഇനിയും കാറിത്തുപ്പുന്നില്ല. അങ്ങയുടെ മേൽ താത്കാലികമായി അംകുരിച്ച ഈ അമർഷം എന്നിൽത്തന്നെ ജീർണ്ണിച്ചു ചാമ്പലായിക്കൊള്ളട്ടെ. അങ്ങ് ആത്മഹത്യ ചെയ്യണമെന്നു ഞാൻ പ്രത്യുപദേശം നല്കുന്നില്ല. എന്നാൽ അങ്ങയ്ക്കു ഹൃദയമെന്നൊന്നുണ്ടെങ്കിൽ ഇന്നത്തെ അപചാരത്തിന്റെ അനുസ്മരണം ആ ഹൃദയത്തെ ഒരു മൂകക്കിടക്കപോലെ വിശ്രമവേളകളിൽ മുറിപ്പെടുത്തട്ടെ; ഒടുവിൽ അനാഥരക്ഷകനായ ഭഗവാൻ മഹാവിഷ്ണു അങ്ങേയ്ക്ക് ഇതിനു സമുചിതമായ പ്രതിഫലം കൈനിറയെത്തന്നു യഥാകാലം ലോകത്തെ 'നിഷ്കണ്ടകമാക്കി' അനുഗ്രഹിക്കുകയും ചെയ്യട്ടെ.

സാലപ:— (ക്രുദ്ധനായി ഉറക്കെ) ആരവിടെ? ഇങ്ങു വരുവിൻ! ഹസ്തിനപുരത്തുനിന്നുവന്ന ബ്രാഹ്മണരെ ഇങ്ങോട്ടു വിളിക്കുവിൻ! മന്ത്രിയും വരട്ടെ.

(സുമതിയും ബ്രാഹ്മണരും പ്രവേശിക്കുന്നു.)

സാലപ:— ബ്രാഹ്മണരേ! ഈ രാജകുമാരിക്കു ഭ്രാന്തുണ്ട്; മുഴുത്ത ഭ്രാന്ത്! ഇവൾ എന്തെല്ലാമോ ഓരോന്നു തുമ്പില്ലാതെ പുലമ്പിക്കൊണ്ടു് ഇവിടെ നില്ക്കുകയാണു്. പോകാൻ പറഞ്ഞാൽ പോകുന്നില്ല. മാനമില്ല; മര്യാദയില്ല. കരച്ചിലും പിഴിച്ചിലും കൊണ്ടു കാര്യം കാണാമെന്നായിരിക്കും മോഹം! അതിനു പററിയ പണ്ടം ഞാനല്ലെന്നു മനസ്സിലാക്കിയിട്ടില്ല!

Digitized By Kerala Sahitya Akademi

ഈ സ്ത്രീയെ നിങ്ങൾ എവിടെ നിന്നു കൂട്ടിക്കൊണ്ടു വന്നുവോ അവിടെത്തന്നെ തിരിച്ചെത്തിക്കണം. കേട്ടോ? അതാണ് എന്റെ ആജ്ഞ.

ഒന്നാം ബ്രാഹ്മ:—കല്പനപോലെ ചെയ്യാം.

ാബ:—മന്ത്രിവര്യ! ബ്രാഹ്മണരേ! ഇദ്ദേഹം പറയുന്നതു് അത്യന്തം വ്യാജമാണു്.

രണ്ടാം ബ്രാഹ്മ:—ഇതു രാജസദസ്സാണു്; ഇക്കേട്ടതു രാജശാസനവുമാണു്. ഈ ശാസനം ഞങ്ങൾക്കു് അനുസരിക്കാനേ നിവൃത്തിയുള്ളു.

സുമ:—ഞാൻ അറിഞ്ഞിടത്തോളം ഇതു മഹാരാജാവിനും ഭർത്തൃദാരികയ്ക്കും തമ്മിൽ ഉള്ള വിവാഹകാര്യമാണു്. കേവലം ഗാർഹികമായ ഈ വിഷയത്തിൽ മന്ത്രിക്കു് ഇടപെടാൻ അധികാരമില്ല. അതുകൊണ്ടു കുമാരി മഹാരാജാവു കല്പിക്കുന്നതുപോലെ ചെയ്യുന്നതാണു് നല്ലതു്.

(അംബ നെട്ടവീർപ്പിട്ടുകൊണ്ടും കരഞ്ഞുകൊണ്ടും ബ്രാഹ്മണരോടുകൂടിപ്പോകുന്നു)

സാല്വ:—കണ്ടില്ലേ മന്ത്രി? ഞാൻ മന്ത്രിയുടെ ഉപദേശം അനുസരിച്ചു് ഇന്നുമുതൽ സദാചാരനിരതനായി ജീവിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നുള്ളതിനു് ഇതിലധികം എന്തൊരു തെളിവാണു് വേണ്ടതു്? ഈ അംബ—ഈ ത്രൈലോക്യസുന്ദരി—ഈ സർവ്വമനോഹാരിണി—ഒരു കാലത്തു് എന്റെ പ്രണയഭാജനമായിരുന്നു; ദൈവം പ്രതികൂലമല്ലെങ്കിൽ

Digitized By Kerala Sahitya Akademi

എന്റെ പട്ടമഹിഷീപദം അലങ്കരിക്കുകയും ചെയ്യു
മായിരുന്നു. എന്നാൽ ആ സ്വയംവരമണ്ഡപത്തിൽ
ഹസ്തിനപുരത്തിലേ ഭീഷ്മൻ ഇവളുടെ കൈക്കു കട
ന്നു പിടിച്ചു; അതുനിമിത്തം ഇവൾ ഇന്നു പരപൂ
ർവ്വയാണ്. ഏതെല്ലാം തരത്തിലുള്ള ആകർഷണ
ശക്തി എത്രമാത്രമുണ്ടെങ്കിലും ഇതരപുരുഷൻെറ
കരസ്പർശത്തിനു വിധേയയായ ഒരു കന്യകയെ
ഞാൻ എങ്ങനെ പരിഗ്രഹിക്കും? എൻെറ അപ
രിമേയമായ ആശാഭങ്ഗം—അസഹനീയമായ അന്ത
സ്താപം—അതൊന്നും ഞാൻ അത്ര കാര്യമായി
ഗണിക്കുന്നില്ല. രാജധർമ്മത്തിൻെറ നിർദ്ദാക്ഷിണ്യ
മായ ബലിപീഠത്തിൽ ഞാൻ അതു സസന്തോഷം
ഹോമിക്കുന്നു. രാജാവു സദാചാരം പാലിക്കാൻ
സന്നദ്ധനല്ലെങ്കിൽ പ്രജകളെ എങ്ങനെ അതിനു
നിർബന്ധിക്കാം? ആദ്യം രാജാവ്, പിന്നെ സേവക
ന്മാർ, പിന്നെ മന്ത്രിമാർ, പിന്നെ മററുദ്യോഗസ്ഥ
ന്മാർ പിന്നെ നാഗരികർ, പിന്നെ ഗ്രാമീണർ—
ഇത്തരത്തിൽ വഴിക്കുവഴിയായി വേണം ആ നദി
പ്രവഹിക്കുവാൻ ഇന്ന് എന്റെ അന്തഃകരണത്തിൽ
നടന്ന യുദ്ധത്തിൽ ദൈവികസമ്പത്തു് ആസുരസമ്പ
ത്തിനെ ജയിച്ചു; ശ്രേഷ്ഠമായ ഒരാദർശത്തിനുവേ
ണ്ടി ഞാൻ ജഗന്മോഹിനിയായ ഒരു യുവതിയെ
പരിത്യജിച്ചു. ഈ വിവരം നാടെങ്ങുമറിയുമാറു
നാളെത്തന്നെ പടഹമടിച്ചു പ്രസിദ്ധീകരിക്കണം.

Digitized By Kerala Sahitya Akademi

സുമ:—ആലോചിച്ച് വേണ്ടതുപോലെ ചെയ്തുകൊള്ളാം. ഏതായാലും ഈ ധർമ്മചിന്തയിൽ അവിടത്തെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു (മന്ത്രി പോകുന്നു.)

സാല്വ :—ശല്യം പിടിച്ച മന്ത്രി! ആലോചിക്കണം പോലും ! ഇയാളെ ദൂരീകരിക്കാതെ നിവൃത്തിയില്ല. ഇരിക്കട്ടെ. അങ്ങനെ കാശിരാജ്യത്തിന്റെ മൂന്നിൽ രണ്ടംശം ഹസ്തിനപുരത്തേക്ക് അടങ്ങി ; ബാക്കിയുള്ള മൂന്നിലൊന്ന് എനിക്ക വേണ്ട. അതു പങ്കുവയ്ക്കുമ്പോൾ ഭീഷ്മനും ഞാനുമായി വീണ്ടും ശണ്ഠയുണ്ടാകും. അദ്ദേഹത്തോട് ഒരിക്കൽ തോററതുതന്നെ ഒരു ജന്മത്തേയ്ക്കു മതിയാകുന്നതാണ്. അന്നു പോയതു മാനം; ഇനിപ്പോകുന്നതു പ്രാണൻ. ഈ പെണ്ണിനെ അത്ര വലിയ വിലയൊന്നും കൊടുത്തു വാങ്ങിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഇവളുടെ നാക്കിന്റെ നീളം തന്റേടത്തിന്റെ തെളിച്ചിൽ. ഈ ആദർശവാദിനിയെ എനിക്കുവേണ്ട. ഇവളെ തിരസ്കരിച്ചതു കൊണ്ടു തൽകാലത്തേക്കെങ്കിലും പ്രജകൾ സന്തോഷിക്കും; എന്നെ സദാചാരതത്പരനെന്നു പുകഴ്ത്തും. ആകെക്കൂടി നോക്കിയാൽ എനിക്ക് ഈ വാണിജ്യത്തിൽ വലിയ നഷ്ടമൊന്നുമില്ലെന്നു സമാധാനപ്പെടാം.

(പോകുന്നു)

(യവനിക

Digitized By Kerala Sahitya Akademi

നാലാമങ്കം

രംഗം 1

സ്ഥലം :—ഹസ്തിനപുരത്തിലെ ആസ്ഥാനമണ്ഡപം.

സമയം :—മദ്ധ്യാഹ്നം.

(ഭീഷ്മരും അംബയും ആസനങ്ങളിൽ ഇരിക്കുന്നു)

ഭീഷ്മ:—ഭദ്രേ ! ഭവതി എന്താണ് വീണ്ടും ഇങ്ങോട്ടു പോന്നതു് ? വല്ല കാര്യവും എന്നെക്കൊണ്ടു സാധിക്കാനുണ്ടായിരുന്നു എങ്കിൽ അവിടെനിന്ന് ഒരാളയച്ചാൽ മതിയായിരുന്നുവല്ലോ. ഈ യാത്രാക്ലേശം എന്തിനാണ് ഒന്നുകൂടി സഹിച്ചതു് ?

അംബ:—(നെടുവീർപ്പിട്ടു്) ഇതു് ആളയച്ചു പറയിക്കാനുള്ള കാര്യമൊന്നുമല്ല ; നേരിട്ടുകണ്ടു നിവേദനം ചെയ്യാനുള്ളതാണ്. മഹാരാജാവേ ! സാലപൻ എന്നെ തിരസ്കരിച്ചു.

ഭീഷ്മ :— അതു ന്യായമായില്ലല്ലോ. എന്തുകൊണ്ടാണ് അദ്ദേഹം അങ്ങനെ ചെയ്തതു് ?

അംബ:—അറിയിക്കാം. അന്നു സ്വയംവരമണ്ഡപത്തിൽ വച്ചു് അവിടുന്ന് എന്റെ കൈക്കു പിടിക്കുകൊണ്ടു ഞാൻ പരകളത്രമായിപ്പോയെന്നും തന്നിമിത്തം അദ്ദേഹത്തിനു പരിഗ്രഹിക്കാൻ യോഗ്യയല്ലെന്നുമാണ് അദ്ദേഹം പറഞ്ഞതു്.

Digitized By Kerala Sahitya Akademi

ഭീഷ്മ :—അപ്പോൾ സാല്വൻ ഭവതിയിൽ വാസ്തവത്തിൽ ആസക്തനല്ലായിരുന്നുവോ ? അങ്ങനെയാണെങ്കിൽ അത്തരത്തിലുള്ള ഒരു യുവാവിനു ഭവതി ഹൃദയാർപ്പണം ചെയ്തതു് അവിവേകമായിപ്പോയല്ലോ. ഇരിക്കട്ടെ, അതിനു് എന്നെക്കൊണ്ടു് എന്തുചെയ്യാൻ കഴിയും ?

അംബ :—ഈ ദുർദ്ദശയിൽ ഞാൻ എന്തു ചെയ്യുന്നമെന്നാണു് അവിടുന്നു് ഉപദേശിക്കുന്നതു് ?

ഭീഷ്മ:-അച്ഛന്റെ ഗൃഹത്തിലേക്കു തിരിച്ചുപോയി അവിടെ താമസിക്കണം; വിശിഷ്ടനായ ഒരു ഭർത്താവിനെ ലഭിക്കാൻ വിശ്വനാഥസ്വാമിയെ ഭജിക്കണം; ക്ഷിപ്രപ്രസാദിയാണു് ആ ദേവൻ.

അംബ : —കൊള്ളാം. ഞാൻ ഗഹനങ്ങളായ ശാസ്ത്രതത്വങ്ങളെപ്പററിയുള്ള സന്ദേഹങ്ങൾ പരിഹരിച്ചുകിട്ടുവാനല്ല അവിടത്തോടു് അർത്ഥിച്ചതു്. ഇത്ര നിർവികാരനായി, ഇത്ര പാഷാണഹൃദയനായി, എന്നോടു പെരുമാറുമെന്നു ഞാൻ കരുതിയുമില്ല. ഞാൻ ഒരു ശിശുവല്ല ; യുവതിയാണു്. എന്നെ അച്ഛന്റെ ഗൃഹത്തിൽനിന്നിറക്കി അവിടുന്നു് ഈ രാജധാനിയിലേക്കു കൊണ്ടുപോന്നു. എന്നിട്ടു് ഇപ്പോൾ പറയുന്നു ഞാൻ ആ ഗൃഹത്തിലേക്കുതന്നെ തിരിയെപ്പൊയ്ക്കൊള്ളണമെന്നാണു് ! അല്ലേ ? എനിക്കിനി അവിടവുമായി എന്താണു് ബന്ധം ? എന്റെ ഭർത്താവു് ആ ദിക്കിലെങ്ങുമില്ല.

Digitized By Kerala Sahitya Akademi

ഭീഷ്മ :—വത്സേ ! അവിടെപ്പോയാൽ അനുരൂപനായ ഒരു ഭർത്താവിനെ അച്ഛനെക്കൊണ്ടു വീണ്ടും അന്വേഷിപ്പിക്കാം ; ആ ഉദ്യമം കരുണാനിധിയായ ഗൌരീവല്ലഭൻ സഫലീഭവിപ്പിക്കും ;-ഇതാണു് ഞാൻ പറഞ്ഞതിൻെറ സാരം.

അംബ :—അന്നു് എൻെറ സ്വയംവരത്തിനു സകലദേശങ്ങളിലേ രാജാക്കന്മാരും സന്നിഹിതരായിരുന്നു; അവരെയെല്ലാം ഭയപ്പെടുത്തിയാണു് അവിടുന്നു് എന്നെ പരസ്യമായി അപഹരിച്ചതു്. സാല്വൻ എന്നോടു പറഞ്ഞ സമാധാനം മററുള്ളവർക്കും പറയരുതേ? ഇനിയും ആരെങ്കിലും എൻെറ ദ്വിതീയ വിവാഹത്തിനായി വന്നാൽ അവരേയും കണ്ണുരുട്ടി പേടിപ്പിച്ചു് അവിടുന്നു് എന്നെ ഒന്നുകൂടി അപഹരിക്കുകയില്ലെന്നു് എന്താണു് അവർക്കു നിശ്ചയം? അഥവാ അന്നു സന്നിഹിതരാകാത്ത രാജാക്കന്മാരെ അമ്മമാർ പ്രസവിച്ചു് അവർക്കു പ്രായപൂർത്തിയാകുന്നതുവരെ ഞാൻ ഭർത്തൃമതിയാകാൻ കാത്തിരിക്കണമെന്നാണോ അവിടത്തെ അഭിപ്രായം? അതാണോ അവിടുന്നു പ്രയോഗിച്ച 'ക്ഷിപ്ര' ശബ്ദത്തിൻെറ അർത്ഥം?

ഭീഷ്മ :– കുമാരി ! ക്ഷോഭിക്കരുതു്. കുമാരിക്കു യോഗമുണ്ടായിരുന്നു എങ്കിൽ എൻെറ അനുജൻെറ പട്ടമഹിഷിയായി, ഹസ്തിനപുരത്തിലെ മഹാരാജ്ഞിയായി, സുഖിക്കാമായിരുന്നു. അതിനു ദൈവം അനുകൂലമല്ലാം

Digitized By Kerala Sahitya Akademi

തിരുന്നതുകൊണ്ടു വേണ്ടകാലത്തു് ആ സൽബുദ്ധി തോന്നിയില്ല. അവസരമെന്ന അതിഥി ഒരു പുരുഷൻെറയോ സ്ത്രീയുടെയോ ഗൃഹദ്വാരത്തിൽ കാരോ ദിവസവും വന്നുനിന്നുകൊണ്ടു തന്നെ സല്ക്കരിക്കണമെന്നു് അലട്ടാറില്ല; വല്ലപ്പോഴുമൊരിക്കൽ വരും; അപ്പോൾ ആരും ശ്രദ്ധിച്ചില്ലെങ്കിൽ ആ വഴിക്കു തന്നെ അടുത്തഭവനത്തിലേക്കു കടന്നുപോകുകയും ചെയ്യും. അനുജന്റെ പട്ടമഹഷിസ്ഥാനം അംബികയ്ക്കു ലഭിച്ചു. ഇനി ഭവതിയെ കേവലം ഒരു ഉപപത്നി എന്ന നിലയിലേ അന്തഃപുരത്തിൽ താമസിപ്പിക്കാൻ തരമുള്ളു. അതു് അനുചിതവും അധരോത്തരവുമായിരിക്കുമെന്നുമാത്രമല്ല, അത്തരത്തിലുള്ള സ്ത്രീസമ്പക്കം അനുജനു് അനഭിമതവുമാണു്.

അംബ:—ആ പദവി കൊതിച്ചല്ല ഞാൻ ഇവിടെ വീണ്ടും വന്നതു്.

ഭീഷ്മ:—പിന്നെയോ?

അംബ:—പിന്നെ—പറയട്ടേ? സ്വയംവരവേദിയിൽ അവിടുന്നു് എൻെറ കരഗ്രഹണം ചെയ്തതു പരമാത്ഥമല്ലേ? അല്ലെന്നു പറയുകയാണെങ്കിൽ ഞാൻ പിതൃഗൃഹത്തിലോ, പിതൃവനത്തിലോ, എവിടെ വേണമെങ്കിലും പൊയ്ക്കൊള്ളാം. പരിണയമെന്നാലെന്തു്? പാണിഗ്രഹണം. അതുകൊണ്ടു് അവിടുന്നു തന്നെയാണു് എൻെറ ഭത്താവു്; മററാരുമല്ല; ആശങ്കയ്ക്കുമില്ല.

Digitized By Kerala Sahitya Akademi

ഭീഷ്മ:— (ചെവി പൊത്തിക്കൊണ്ടു്, ആശ്ചര്യത്തോടെ) എന്തു്? ഞാനോ? ഈയിരിക്കുന്ന ദേവവ്രതനോ? വത്സേ! ഭവതി എന്താണു്— ആരോടാണു്— സംസാരിക്കുന്നതെന്നു് ഓർമ്മിക്കുന്നുണ്ടോ?

അംബ:— ഉണ്ടു്; എന്റെ പാണിഗ്രാഹനോടു്. അതു ഞാൻ അറിയിച്ചു കഴിഞ്ഞില്ലേ?

ഭീഷ്മ:— ഞാൻ ബ്രഹ്മചാരിയാണെന്നു കുമാരി ധരിച്ചിട്ടില്ലേ?

അംബ:— ഉണ്ടു്. അതിനെന്തു്? ബ്രഹ്മചര്യം പ്രഥമാശ്രമം; ഗാർഹസ്ഥ്യം ദ്വിതീയാശ്രമം. ബ്രഹ്മചാരിയുടെ പ്രധാനധർമ്മം അധ്യയനമെന്നാണു് ഞാൻ ധരിച്ചിട്ടുള്ളതു്. സകലവേദശാസ്ത്രങ്ങളുടേയും മറുകര കണ്ട അവിടത്തേയ്ക്കു് ഇനി എന്താണു് ഒന്നു് അധ്യേയമായി ലോകത്തിലുള്ളതു്? അതുകൊണ്ടു വിദ്യാസ്നാതകനാകാൻ അവിടുന്നു് ഇനിയും കാലവിളംബം വരുത്തുന്നതു നിരർത്ഥകമാണു്. ആചാര്യകുലത്തിൽനിന്നു മുൻപുതന്നെ തിരിയെ പോന്നിരിക്കുകകൊണ്ടു് അവിടത്തേക്കു സമാവർത്തനത്തിന്റെ ആവശ്യകതയില്ല; മനസ്സുമാത്രമുണ്ടെങ്കിൽ ഈ ക്ഷണത്തിൽത്തന്നെ സ്നാതകനാകാം.

ഭീഷ്മ:— ഭവതിക്കു് എന്റെ പൂർവ്വചരിത്രത്തെപ്പററി യാതൊരറിവുമില്ലെന്നോ? ഞാൻ നൈഷ്ഠികബ്രഹ്മചാരിയാണു്; ആ വ്രതം ശപഥപൂർവ്വം അങ്ഗീകരിച്ചു

Digitized By Kerala Sahitya Akademi

താണു്; അതിൽനിന്നു സ്വർഗ്ഗതനായ എന്റെ അച്ഛനല്ല, ദേവതാത്മികയായ മാതാവല്ല, പരാവ രജ്ഞനായ ആചാര്യനല്ല, സാക്ഷാൽ ശ്രീനാരായ ണൻതന്നെ അനുശാസിച്ചാലും ഞാൻ വ്യതിചലി ക്കുകയില്ലെന്നു ഭവതിക്കു് അറിഞ്ഞുകൂടെങ്കിൽ ഇതാ അസന്ദിഗ്ദ്ധമായി അറിയിക്കുന്നു — ഒന്നല്ല, ആയിരം പ്രാവശ്യം.

അംബ :—ഈ ഭൂമി നിശ്ചലയല്ല ; ഇതിൽ പരിവർത്ത നത്തിന്നു വിധേയമാകാത്ത പദാർത്ഥവുമില്ല. അവി ടുന്നു ഗൃഹസ്ഥാശ്രമം സ്വീകരിക്കുകയില്ലെന്നു ശഠി ക്കുന്നു. അതു സമീചീനമാണോ ? നാലാശ്രമങ്ങ ളിൽവച്ചും ഉൽകൃഷ്ടമല്ലേ ഗാർഹസ്ഥ്യം? സ്വാധ്യായം, യാഗം, ദാനം മുതലായ ധർമ്മങ്ങൾ അനുഷ്ഠിക്കാൻ ഗൃഹസ്ഥനല്ലാതെ മററുള്ളവർക്കു് അധികാരമുണ്ടോ? ഋഷികൾ, ദേവന്മാർ, മനുഷ്യർ ഇവരോടുള്ള ഋണം ഇതരന്മാർക്കു് എങ്ങനെ വീട്ടാം ? പുത്രനെക്കൊണ്ടു ലോകത്തെ ജയിക്കണം ; പൌത്രനെക്കൊണ്ടു് ആ നന്ദം നേടണം; പ്രപൌത്രനെക്കൊണ്ടു് സ്വർഗ്ഗത്തെ പ്രാപിക്കണം; എന്നും മററും അഭിയുക്തന്മാർ ഉപ ദേശിച്ചിട്ടുള്ളതു വെറുതേയാണോ ? അവിടുന്നു് ആ സ്തികനല്ലേ ? ശ്രുതിസ്മൃതികളുടെ പ്രാമാണ്യത്തിൽ വിശ്വസിക്കുന്നില്ലേ ?

ഭീഷ്മ:- (ചിരിച്ചുകൊണ്ടു്):—വത്സേ! ഈ വിഷയത്തെപ്പററി എനിക്കും ചിലതെല്ലാമറിയാം.

Digitized By Kerala Sahitya Akademi

അംബ :—ചിലതെല്ലാമോ ? ശിവശിവ! അവിടത്തെപ്പോലെ അറിവുള്ളവരാരുമില്ല. ആ വസ്തുത അറിയാത്തവളാണെന്ന് എന്നെ തെററിദ്ധരിക്കരുത്. നേരേമറിച്ചു ഞാൻ ഒരു വരാകിയാണു്; ബാലിശയാണു്; എങ്കിലും അസ്തമിക്കാൻ പോകുന്ന ആദിത്യൻ സ്വധർമ്മത്യാഗം ചെയ്യുമ്പോൾ ഒരു കൈത്തിരി കൊളുത്തുവാനുള്ള അവകാശം സ്ത്രീക്കു ജന്മസിദ്ധമായുണ്ട്; അതു ഞാൻ വിനിയോഗിക്കുന്നു എന്നേയുള്ളു.

ഭീഷ്മ :—നൈഷ്ഠികബ്രഹ്മചാരിയും മോക്ഷത്തിന് അധികാരിയാണെന്നു ഭവതി ഗ്രഹിച്ചിട്ടുണ്ടോ എന്തോ ? അതു് എന്തായാലും എന്റെ ആ വ്രതം ഒരു ത്യാഗമാണെങ്കിൽ അതു ഞാൻ അച്ഛനുവേണ്ടി അനുഷ്ഠിക്കുന്നതാണെന്നു കരുതിയാൽ മതി.

അംബ :—അച്ഛൻ മരിച്ചില്ലേ ?

ഭീഷ്മ :—ഞാൻ മരിച്ചിട്ടില്ലല്ലോ.

അംബ :—അപ്പോൾ അങ്ങു പുന്നാമമായ നരകത്തിൽ പതിക്കുകതന്നെ ചെയ്യുമെന്നാണോ, ഞാൻ മനസ്സിലാക്കേണ്ടതു് ?

ഭീഷ്മ :—പ്രതിജ്ഞാപരിപാലനത്തിനുവേണ്ടി ആ നരകത്തിലോ അതിനെക്കാൾ ഭയങ്കരമായ മററു നരകത്തിലുമോ പതിക്കുന്നതു് എനിക്കു ബ്രഹ്മസായുജ്യമാണു്.

അംബ :—ഇല്ല, മഹാരാജാവേ—ഒന്നെനിക്കു ധൈര്യമായി അറിയിക്കാൻ കഴിയും—അവിടുന്നു ഗാർഹസ്ഥ്യ

Digitized By Kerala Sahitya Akademi

ത്തിന്റെ കമനീയതയെപ്പററി ചിന്തിച്ചിട്ടില്ല; അതിനു് അധ്യയനപദ്ധതിയിൽ പ്രവേശമില്ലാത്തതുകൊണ്ടു് അവിടത്തേക്കു് അതിനെപ്പററി ആലോചിക്കാൻ അവസരം കിട്ടീട്ടുമില്ല. എന്താണീ ചതീയാശ്രമം ? ദുഃഖഭൂയിഷ്ഠമായ ഈ ലോകത്തിൽ യാതൊന്നു സ്വർഗ്ഗീയസുഖം കൈവരുത്തുന്നുവോ; യാതൊന്നു് അതിന്റെ മോഹനസൌധത്തിൽ ധനികനേയും ദരിദ്രനേയും ഒരേ പങ്ക്തിയിൽ ഉപവേശിപ്പിച്ചു് അമൃതാസ്വാദം ചെയ്യിക്കുന്നുവോ; യാതൊന്നു് ഏതു ദുർദ്ദിനത്തിലേ കാർമേഘത്തിലും ഇന്ദ്രധനസ്സിനേയും ഏതു് അമാവാസ്യയിലെ രാത്രിയിലും പൂർണ്ണചന്ദ്രനേയും മാത്രം പ്രദർശിപ്പിക്കുന്നുവോ; യാതൊന്നിന്റെ സാന്നിധ്യത്തിൽ മറ്റെല്ലാം ദൃശ്യമോ, ശ്രാവ്യമോ, സ്വാദ്യമോ, ധ്യേയമോ ആകാതെ മറഞ്ഞുപോകുന്നുവോ; യാതൊന്നിനുവേണ്ടി വിശ്വശില്പി ഈ ലോകം സ്ത്രീപുരുഷസമ്മിശ്രമായി നിർമ്മിച്ചിരിക്കുന്നുവോ; ആ നിത്യകാമ്യവും നിസർഗ്ഗമനോഹരവുമായ തൃതീയപുരുഷാർത്ഥത്തെ — യാതൊന്നിനുവേണ്ടി ഏകവീരന്മാർ അവരുടെ സാമ്രാജ്യവും മഹർഷിമാർ അവരുടെ തപസ്സും ത്രിമൂർത്തികൾപോലും അവരുടെ ഏകാന്തപ്രഭാവവും പരിത്യജിക്കുന്നുവോ, ആ ഐഹികാപവർഗ്ഗത്തെ — അവിടുന്നു് അവമതിക്കുന്നുവോ ? അവിടുന്നു് അനാത്മജ്ഞനാണെന്നു ഞാൻ എങ്ങനെ പറയും ? ആത്മജ്ഞനാണെന്നു്

Digitized By Kerala Sahitya Akademi

എങ്ങനെ സമ്മതിക്കും ? സർവ്വാംഗീണമായ രാമണീയകത്താൽ സവിശേഷം അലങ്കൃതയായ ഒരു തരുണീരത്നം തന്നെ സ്വീകരിച്ചു സഹധർമ്മിണീപദത്തിൽ പ്രവേശിപ്പിക്കണമെന്നു പാദോപസംഗ്രഹം ചെയ്തു പ്രാർത്ഥിക്കുമ്പോൾ അവളെ ഉപേക്ഷിക്കാമെന്നു കരുതുന്ന ഒരാൾ—ആരു് ബ്രഹ്മചാരിയോ ? ബ്രഹ്മചാരിയും മനുഷ്യൻതന്നെയല്ലേ ?—അങ്ങനെയൊരു സൃഷ്ടിവിശേഷം അശ്രുതപൂർവ്വമാണെന്നു ഞാൻ ഉറപ്പിച്ചു പറയുന്നു. സ്വാമിൻ ! അവിടേയ്ക്കുമാത്രം ഈ ഭോഗവിരക്തി എങ്ങനെ വന്നു? അവിടുന്നു് ഒരു പുരുഷനല്ലേ? ക്ഷത്രിയനല്ലേ? അരോഗദൃഢഗാത്രനല്ലേ? അപരിമേയപ്രാഭവനല്ലേ? അവിടത്തേക്കു വാർദ്ധക്യമെന്നു പറയുന്നതിൽ അർത്ഥമില്ല. അവിടുന്നു വൃദ്ധനാണെങ്കിൽ അഷ്ടദിക്പാലന്മാരും വൃദ്ധന്മാരാണു്. സ്വച്ഛന്ദമരണനായ അവിടത്തേക്കു വയോവസ്ഥാഭേദമെന്നൊന്നില്ല. വിചിത്രവീര്യമഹാരാജാവിന്റെ പത്നികളായ എന്റെ സഹോദരിമാർക്കു വൈധവ്യദുഃഖം വരാൻ പാടില്ലായ്കയില്ല ; എന്നാൽ അവിടത്തെ പരിഗ്രഹിക്കാൻ ആഗ്രഹിക്കുന്ന എനിക്കു് അതു് ഒരിക്കലും വരികയില്ലെന്നു നിശ്ചയമുണ്ടു്.

ഭീഷ്മ :— ആരൂഢയൌവനയായ ഭവതിക്കു് അഷ്ടാംഗയോഗത്തിന്റെ അഭ്യസനംകൊണ്ടുമാത്രം അനുഭൂതമാകേണ്ട നിത്യാനിത്യവിവേകം ഇതുവരെയും സിദ്ധി

Digitized By Kerala Sahitya Akademi

ക്കാത്തതിൽ ഞാൻ അത്ഭുതപ്പെടുന്നില്ല. കാമസുഖമെന്നതു കേവലം കല്പനാധിഷ്ഠിതമാണു് ; പാരമാത്ഥികവിചാരത്തിൽ അതിനു പ്രസക്തിയേയില്ല. ഞാനും സദാ ഭജിക്കുന്നതു് ഒരു സർവ്വാംഗസുന്ദരിയെത്തന്നെയാണെന്നു ഭവതി മനസ്സിലാക്കണം—സർവ്വാന്തര്യാമിയായി, സച്ചിദാനന്ദരൂപനായി, യാതൊരു പരമാത്മാവുണ്ടോ, അവിടത്തെ ദിവ്യമംഗളമൂത്തി. യാതൊരു പരമപുരുഷന്റെ സന്നിധാനത്തിൽ ഈരേഴുപതിന്നാലു ലോകങ്ങൾ ത്രസരേണുക്കളും, സപ്തസമുദ്രങ്ങൾ ജലബിന്ദുക്കളും, ആദിത്യബിംബം തമോമണ്ഡലവും, അഷ്ടദിക്പാലന്മാർ ക്ഷുദ്രകീടങ്ങളുമായി പരിണമിക്കുന്നുവോ, ആ കരുണാനിധി, കല്യാണദായി, ശംഖചക്രധരൻ, സനകാദിസമാരാധ്യൻ—തന്തിരുവടിയെ ധ്യാനിക്കുവാൻ ശീലിച്ച ഒരുവനു സ്ത്രീരൂപമെന്നാലെന്താണു് ? മൽപിണ്ഡം ; മാംസഖണ്ഡം ; ദുരിതഭാജനം; ചിതാഗ്നിഭോജനം! ഭദ്രേ! ഭീഷ്മനാരെന്നു് ഇപ്പോൾ ശരിക്കു ധരിച്ചുവോ ?

അംബ :—തൃതീയപുരുഷാത്ഥം അവിടത്തേക്കു് അത്രമാത്രം ഗഹ്യമാണെങ്കിൽ അതങ്ങനെയിരുന്നുകൊള്ളട്ടെ. അജ്ഞതയുടെ ആധിക്യമനുസരിച്ചിരിക്കും അപവാദത്തിന്റെ നിരങ്കുശത. അതു കട്ടെ. അവിടത്തേക്കു സന്താനലാഭത്തിലെങ്കിലും ആശയില്ലയോ ? ഇല്ലെന്നു മുൻപു സൂചിപ്പിച്ചു. എങ്കിലും ഒരിക്കൽകൂടി ചോദിക്കാൻ തോന്നുന്നു. ഒരോമനക്കുട്ടന്റെ

Digitized By Kerala Sahitya Akademi

കോമളമുഖം കാണണ്ടെന്നോ ? പിന്നെയെന്തിനാണു് ഈ കണ്ണുകൾ? അവന്റെ മഴൽമൊഴികേൾക്കേണ്ടെന്നോ ? പിന്നെയെന്തിനാണു് ഈ ചെവികൾ? അവനെ എടുത്തുയർത്തി അമ്പിളിയമ്മാവനെ കാണിക്കേണ്ടെന്നോ? പിന്നെയെന്തിനാണു് ഈ കൈകൾ ? അവനുമായി കളിച്ചും ചിരിച്ചും, വിനോദിക്കേണ്ടെന്നോ ? പിന്നെയെന്തിനാണു് ഈ ശരീരം? ഒരു സമഞ്ജസമായ പ്രതിരൂപം സ്ഥാപിക്കാതെ, അതിൽ അവിടത്തെ നിരുപമങ്ങളായ സിദ്ധികൾ നിക്ഷേപിക്കാതെ, തദ്വാരാ ഭാരതത്തിന്റെ പേരും പെരുമയും നിലനിറുത്താതെ, പ്രപഞ്ചയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്യാനാണോ അവിടുന്നു് ഉദ്ദേശിക്കുന്നതു്? അതു് അധർമ്മമല്ലെങ്കിൽ മററന്താണു് ? മാതൃഭൂമി അവിടത്തെ ഇത്രനാളും വളത്തി ഈ നിലയിലെല്ലാം കൊണ്ടുവന്നതിനു പ്രതിഫലമായി അത്തരത്തിലുള്ള കൃതഘ്നതാപ്രകടനമാണോ പ്രതീക്ഷിക്കുന്നതു്? ഓർത്തുനോക്കൂ! വീണ്ടും വീണ്ടും ഞാൻ അനുസ്മരിപ്പിക്കുന്നു—കിടാങ്ങളുള്ള ഗൃഹം ഗൃഹം ; ഇല്ലാത്തതു ചുടലക്കളം. കിടാങ്ങളാണു് അതിലെ അനർഘനിധികളും മങ്ഗലദീപികകളും ; ഭർത്താവും ഭാര്യയുമല്ല. കിടാങ്ങളാണു് ജീവിതത്തിന്റെ മാധുര്യവും, ഭവനലോകത്തിന്റെ ആനന്ദവും, പ്രപഞ്ചസൃഷ്ടിയുടെ രഹസ്യവും, ജഗദീശ്വരന്റെ കാരുണ്യവും നമുക്കു് അനുഭവഗോചരമാക്കിത്തരു

Digitized By Kerala Sahitya Akademi

ന്നതു്. അല്ലെങ്കിൽ അല്ലെന്നു പറയൂ; അതും ഞാൻ കേൾക്കട്ടെ. ഇഹലോകത്തിൽ ഇഷ്ടസാധകവും പരലോകത്തിൽ പാരത്രയദായകവുമായ പുത്രസമ്പത്തു വേണ്ടെന്നുവച്ചു പ്രതിജ്ഞാപാലനംകൊണ്ടു ലഭിക്കാവുന്ന യശസ്സമ്പത്തിനെയാണു് അവിടുന്നു കാംക്ഷിക്കുന്നതെങ്കിലും ആ യശസ്സ് വിചാരമൂഢനായി ജീവിച്ച അവിടത്തെ സ്മരണയെ അപഹസിക്കുകയായിരിക്കും ഭാവികാലത്തിൽ ചെയ്യുന്നതു്.

ഭീഷ്മ:—എന്നെപ്പററി അത്ര വലിയ മതിപ്പൊന്നും എനിക്കില്ല. എന്നെക്കാൾ എത്രയോ മഹത്തരന്മാർ എനിക്കുമുൻപു് ലോകത്തിൽ ജീവിച്ചിരുന്നു; ഇപ്പോൾ ജീവിക്കുന്നുണ്ടു്; ഇനിയും ജീവിക്കുക തന്നെ ചെയ്യും. അതുകൊണ്ടു് അതിലേക്കുവേണ്ടി എൻെറ പ്രതിരൂപം ഞാൻ സൃഷ്ടിക്കേണ്ടതില്ല. എന്നുതന്നെയല്ല ഓരോ മനുഷ്യനും ഭൂമിയിൽ ജനിക്കുന്നതു് അവനവൻെറ കർമ്മഫലം ഭുജിക്കുന്നതിനാണു്. വാസനയാണു് സാഹചര്യത്തെക്കാൾ അവൻെറ വികസനത്തെ സഹായിക്കുന്നതെന്നുള്ളതിൽ പക്ഷാന്തരത്തിന് അവകാശമേയില്ല.

അംബ:— എല്ലാവരും അവിടത്തെപ്പോലെ നൈഷ്ഠിക ബ്രഹ്മചര്യം സ്വീകരിച്ചാൽ ഭാവിയിൽ എങ്ങനെ മഹാന്മാരുണ്ടാകും?

ഭീഷ്മ:—എല്ലാവരും എന്നെപ്പോലെ പ്രതിജ്ഞാബദ്ധരല്ല ഭഗവന്മായ അതിൻെറ സമ്മോഹനവും ഉന്മാ

Digitized By Kerala Sahitya Akademi

ദനവുമായ ദൃകഷണങ്ങൾകൊണ്ടു് ലോകത്തെ എല്ലാക്കാലത്തും വശീകരിക്കുകതന്നെ ചെയ്യും. തന്നിമിത്തം കാലചക്രത്തിൻെറ ഭ്രമണത്തോടൊപ്പ് തടന്ന ബ്രഹ്മാവിൻെറ.സൃഷ്ടിയും പ്രപഞ്ചത്തിൻെറ ഗതിയും അവിച്ഛിന്നധാരമായി തുടൎന്നുകൊണ്ടുമിരിക്കും. അതിനാൽ നമുക്കു് ആ വക കാൎയ്യങ്ങളെപ്പററി ഉൽകണ്ഠിതരാകേണ്ട ആവശ്യമില്ല.

അംബ:— അത്രം അങ്ങനെയിരുന്നുകൊള്ളട്ടെ. ഇനി മറ്റൊന്നറിയിക്കാം. അവിടുന്നു നിത്യബ്രഹ്മചാരിയാണെങ്കിൽ ഞാൻ നിത്യബ്രഹ്മവാദിനിയായി അവിടത്തെ സമീപത്തിൽ ജീവിച്ചുകൊള്ളാം. അവിടുന്നു് എന്നെ അദ്ധ്യാത്മവിദ്യ പഠിപ്പിക്കുക. അവിടുന്നു് ആചാൎയ്യൻ; ഞാൻ അന്തേവാസിനി അങ്ങനെ കുറേക്കഴിയുമ്പോൾ ഏതു യാജ്ഞവല്ക്യമഹർഷി വന്നാലും ഈ ജനകസദസ്സിൽ ഞാൻ ഗാൎഗ്ഗിയെപ്പോലെ വാദപ്രതിവാദം ചെയ്യുന്നതിനുള്ള ശാസ്ത്രനൈപുണ്യം സമ്പാദിച്ചുകൊള്ളാം. അതിനെന്താണു് വൈഷമ്യം? അവിടത്തേക്കു സ്ത്രീസ്പർശം പാടില്ലെങ്കിൽ എനിക്കു പുരുഷസ്പൎശവും വേണ്ട.

ഭീഷ്മ:— അതുപാടില്ല. കുമാരി, ലോകാപവാദമെന്നൊന്നുണ്ടു്. അതിൻെറ അഗ്രം ഖഡ്ഗത്തിൻേറതിനെക്കാൾ തീക്ഷ്ണമാണു്: ദംശം സൎപ്പത്തിൻേറതിനെക്കാൾ മാരകമാണു്. അതിനു ചാടാൻ കഴിയാത്ത ദൂരമില്ല; പറ്റിക്കൂടാൻ പാടില്ലാത്ത പ്രദേശമില്ല. അതുകൊണ്ടു

Digitized By Kerala Sahitya Akademi

മനുഷ്യൻ വിധിലിഖിതത്തെക്കാറം ഭയപ്പെടണം; അന്തഃപ്രസാദനത്തെക്കാറം അനുസരിക്കണം. പ്രത്യേകിച്ചും സ്ത്രീകളുടെ ചാരിത്രത്തിൽ ചളിവാരി എറിയുന്നതിനു പുരുഷനു നൈസർഗ്ഗികമായ ഒരു അഭിരുചിയുണ്ടു്; ഒരു നോട്ടം, ഒരു പുഞ്ചിരി, ഒരു മൂളൽ, ഒരു വിരൽചൂണ്ടൽ, ഒരു തലയാട്ടൽ, എന്നിങ്ങനെ പല ആയുധങ്ങളിൽ ഏതെങ്കിലും ഒന്നെടുത്തു്, അവനു് എളുപ്പത്തിൽ പ്രയോഗിച്ചു മർമ്മവേധനം ചെയ്യാം. എന്നാൽ അതിനും ഒരു പ്രതിവിധിയില്ലെന്നില്ല—പക്ഷേ ഒന്നേയൊന്നു മാത്രം. അഭാവത്തിൽനിന്നു് ഭാവോല്പത്തി അസംഭാവ്യമാണു്; പരിവാദത്തിന്റെ കയ്യിൽ ഒരു പരമാണു കിട്ടിയാലേ അതിനെ അതു പർവ്വതീകരിക്കുകയുള്ളൂ. നാം ആത്മദൃഷ്ടിയിൽ സദ്വൃത്തന്മാരായിരുന്നാൽ പോരാ; നമ്മെ സദ്വൃത്തന്മാരാണെന്നു ലോകം സമ്മതിക്കുകയും വേണം. അതുകൊണ്ടു് എന്റെ അന്തേവാസിതയത്തിലുള്ള ആശ, അതെത്ര പരിശുദ്ധമായിരുന്നാൽപ്പോലും കുമാരി വിട്ടുകളയണം. എന്നുമാത്രമല്ല എന്നെപ്പോലെയുള്ള ഒരു ബ്രഹ്മചാരിക്കു സൂക്ഷ്മമാലോചിച്ചാൽ അധ്യയനത്തിനല്ലാതെ അധ്യാപനത്തിനു് അധികാരവുമില്ല.

അംബ :— (ഭീഷ്മന്റെ മുഖത്തു സഗൗരവം നോക്കിക്കൊണ്ടു്) — അപ്പോറം അങ്ങു് എന്റെ യാതൊരു വിധത്തിലുള്ള അഭ്യർത്ഥനയും അനുവദിക്കുകയില്ലെന്നു് ഇതാ് ഒരു

Digitized By Kerala Sahitya Akademi

പുതിയ പ്രതിജ്ഞ ചെയ്തിരിക്കുന്നതായി ഞാൻ മനസ്സിലാക്കുന്നു. ഞാൻ എന്റെ ഇരുകയ്യും മലർത്തി, പിച്ചച്ചട്ടിയും പിടിച്ചുകൊണ്ട്, അങ്ങയുടെ മുൻപാകെ ഇത്രനേരം നിന്നിട്ടും അങ്ങേയ്ക്കു എന്നിൽ അല്പംപോലും അലിവുതോന്നിയില്ലല്ലോ. എന്റെ വിനയവും മര്യാദയും കണ്ട് അങ്ങ് എന്നെ എവിടെയോ കിടന്ന ഒരു തെണ്ടിത്തിന്നിയാണെന്നു തെററിദ്ധരിച്ചിരിക്കുന്നു. ആ ചട്ടി ഞാൻ ഇതാ അങ്ങയുടെ മുന്നിലിട്ടു തല്ലിത്തകർക്കുന്നു. അങ്ങൊന്നറിയണം, എനിക്ക് അങ്ങയുടെ സൌമനസ്യം വേണ്ട; സദുപദേശം വേണ്ട. മാനവസമദായത്തിലെ ഒരു വ്യക്തിക്കു മറ്റൊരു വ്യക്തിയോടെന്ന നിലയിൽ, നീതിക്കും ധർമ്മത്തിനും നിരക്കുന്ന രീതിയിൽ, ചില അവകാശങ്ങൾ അങ്ങയോടു ചോദിച്ചു വാങ്ങിക്കേണ്ടതായുണ്ട്; അതിനാണു് ഞാൻ ഇവിടെ വന്നിരിക്കുന്നതു്. എന്റെ പ്രഥമപ്രശ്നത്തിന് അങ്ങ് ഇനിയും സമാധാനം പറഞ്ഞിട്ടില്ല. അങ്ങ സ്വയംവരമണ്ഡപത്തിൽവച്ചു് എന്തിന് എന്റെ കൈക്കു കടന്നു പിടിച്ചു? അതിന്റെ ഭവിഷ്യൽഫലത്തിൽനിന്ന് അങ്ങേയ്ക്കു് ഏതുവഴിക്ക് ഒഴിഞ്ഞുമാറാം? ചുരുക്കത്തിൽ ഞാൻ അങ്ങയോടു നിർഭയമായി, നിരന്തക്രോശമായി, ആവശ്യപ്പെടുന്നതു് അങ്ങ് എന്നെ പരിഗ്രഹിക്കണമെന്നാണു്; ഉപദേശിക്കുന്നതു് അതല്ലാതെ അങ്ങേയ്ക്ക

Digitized By Kerala Sahitya Akademi

രക്ഷാമാൎഗ്ഗമില്ലെന്നാണു്. ബ്രഹ്മചൎയ്യപ്രതിജ്ഞ അങ്ങയുടെ കൈകൾക്കു് ആമംവെച്ചിരുന്നു എങ്കിൽ അതു് എങ്ങനെ എന്റെ കരഗ്രഹണത്തിനു കാലതാമസം പോലെ നീണ്ടു? ഈ ചോദ്യം അങ്ങേയ്ക്കു് അപ്രീതികരമാണെന്നു് എനിക്കു നല്ലപോലെ അറിയാം. ഏതു പ്രകൃതിബാധകമായ ചോദ്യവും ശ്രോതാവിനു സുഖകരമായിരിക്കുകയില്ല. എന്നുവെച്ചു ഞാൻ എന്തുവേണം? അങ്ങേയ്ക്കു് അസ്വാസ്ഥ്യമുണ്ടാക്കണമെന്നു് എനിക്കു തെല്ലും ആഗ്രഹമില്ല; എന്റെ കാൎയ്യം ഞാൻ നോക്കാഞ്ഞാൽ അതു മററാരും നോക്കാനില്ലാത്തതുകൊണ്ടുമാത്രം അങ്ങയുടെ ധൈൎയ്യത്തെ സ്വല്പമൊന്നു ഭഞ്ജിക്കുകയാണു്. ഇപ്പോൾ ഫേതപ്രാഭാസത്തിലും മഹത്തിലും കിടന്നുഴലുന്നതുകൊണ്ടു പ്രയോജനമില്ല; ആ ഇന്ദ്രജാലത്തിൽ മയങ്ങി മടങ്ങി മറയത്തുപോകാൻ ഇവിടെ ഞാൻ വന്നിട്ടുമില്ല.

ഭീഷ്മ:— വത്സേ! ഭവതി വീണ്ടും പ്രക്ഷുബ്ധയാകുന്നവല്ലോ. മനോഭാവമൊന്നുമാത്രമാണു് ഈ മാതിരി കാൎയ്യങ്ങളിൽ നോക്കാനുള്ളതു്. ഭവതിയുടെ മനോഭാവം സാല്വനിലാണെന്നു പറഞ്ഞ നിമിഷത്തിൽ തന്നെ ഞാൻ ഭവതിയെ മാൎത്തികാവതത്തിലേക്കു പോകാനനുവദിച്ചില്ലേ? അതുപോലെ എന്റെ മനോഭാവത്തേയും ഭവതി ബഹുമാനിക്കണമെന്നുണ്ടു് ഞാൻ

Digitized By Kerala Sahitya Akademi

ഭവതിയെ ഒരു ബാലികയുടെ നിലയിൽ മാത്രമല്ലേ
അന്നു സ്പർശിച്ചതു് ?

അംബ:—ബാലിക ! എന്തേ പറഞ്ഞതു് ? ബാലിക !
അന്നു യുവതിയും ലാവണ്യവതിയും വിലാസമയിയും
ഭോഗാസക്തയുമായ എന്റെ കരതലം സ്പർശിച്ചിട്ടു്
ആ അവസരത്തിൽ എന്നിൽനിന്നു് അങ്ങയിൽ
സംക്രമിച്ചിരിക്കാവുന്ന വൈദ്യുതിപ്രവാഹത്തിന്റെ
കഥ വിസ്മരിച്ചതായി ഭാവിച്ചുകൊണ്ടു്, അങ്ങു്
ഇപ്പോൾ എന്നെ ബാലിക എന്നു വ്യപദേശിക്കു
ന്നതു് വിചിത്രമായിരിക്കുന്നു. ഒരു ശിശു മാതാ
വിന്റെ കരം സ്പർശിച്ചതാണെന്നു് അങ്ങു പറ
യാത്തതു ഭാഗ്യം !

ഭീഷ്മ:—ഇത്തരത്തിലുള്ള പരുഷവചനങ്ങൾ ഭവതിയുടെ
സ്ഥിതിക്കു യോജിക്കുന്നില്ല.

അംബ:—അങ്ങയുടെ കുയുക്തികൾ അങ്ങേയ്ക്കു യോജിക്കു
ന്നുണ്ടായിരിക്കാം. ആകട്ടെ. അങ്ങയുടെ വംശത്തെ
പരാമർശിക്കുന്ന ഒരു ഉപാഖ്യാനം ഞാൻ അങ്ങയെ
അനുസ്മരിപ്പിക്കാം. യയാതിമഹാരാജാവു്—സാ
ക്ഷാൽ പുരൂരവസ്സിന്റെ പ്രപൌത്രൻ — ദേവ
ന്ദ്രൻ സ്വർഗ്ഗലോകത്തേക്കു ക്ഷണിച്ചപ്പോൾ തനിക്കു്
അതിന്റെ ആവശ്യകതയില്ലെന്നും ഭൂമണ്ഡലം സ്വർഗ്ഗ
മാക്കാനാണു് താനുദ്ദേശിക്കുന്നതെന്നും ഉൽഘോ
ഷിച്ചു് അദ്ദേഹത്തെ മടക്കിയയച്ച ആ ക്ഷത്രിയോ
ത്തമൻ—എന്താണു് ചെയ്തതെന്നു് അങ്ങു് ഓക്കുന്നു
ണ്ടോ ?

Digitized By Kerala Sahitya Akademi

ഭീഷ്മ:—ഉണ്ട്.

അംബ:—ശുക്രമഹർഷിയുടെ പുത്രിയായ ദേവയാനിയെ പൊട്ടക്കിണററിൽനിന്ന കൈകൊടുത്തു കരയ്ക്കു കേററിയെന്നുള്ള ഏകകാരണത്താൽ ആ യുവതിയെ—ആ സാധ്വി ബ്രാഹ്മണിയായിട്ടും അത്ര പാതകമെന്ന വച്ചിട്ടുള്ള പ്രതിലോമവിവാഹമായിട്ടും—അദ്ദേഹം പരിഗ്രഹിക്കുകയല്ലേ ചെയ്തതു്? അതിന്നു് അങ്ങയെപ്പോലെയോ, അതിലുമധികമോ, നീതിശാസ്ത്രവിജ്ഞാനം ആർജ്ജിച്ചിരുന്ന ശുക്രമഹർഷിതന്നെയല്ലേ അനുവാദം നല്കിയതു്? നമ്മുടെ വിഷയത്തിൽ അങ്ങനെയുള്ള വൈഷമ്യം വല്ലതുമുണ്ടോ? ഞാൻ ഒരു ക്ഷത്രിയകുമാരിയാണു്; വംശംകൊണ്ടും വയസ്സുകൊണ്ടും അങ്ങയുടെ പാണിഗ്രഹണത്തിനു സർവ്വഥാ അർഹയുമാണു്. പ്രതിജ്ഞ അങ്ങയെ പ്രതിബന്ധിക്കുന്നു എന്നു വാദിക്കുന്നുവല്ലോ. പ്രതിജ്ഞ കേവലം വാക്കാണു്. ആ പ്രതിബന്ധത്തെ അങ്ങയുടെ കരസ്പർശം ശിഥിലീകരിച്ചിട്ടില്ലെന്നു് അങ്ങേയ്ക്കു എങ്ങനെ സിദ്ധാന്തിക്കാം? കരസ്പർശം പ്രവൃത്തിയാണു്. വാക്കിനോ പ്രവൃത്തിക്കോ പ്രാധാന്യം?

ഭീഷ്മ:—മതി, വത്സേ! മതി. ഭവതിയുടെ വാക്പാടവത്തേയും ബുദ്ധിസാമർത്ഥ്യത്തേയും ഞാൻ അഭിനന്ദിക്കുന്നു. എന്നാൽ ആ യുക്തിവാദം കേൾക്കാൻ ഞാൻ ബധിരനും അതിന്റെ സാധുത്വം ഗ്രഹിക്കാൻ അനഭിജ്ഞനുമാണു്. എന്നെ എന്റെ ശപ

Digitized By Kerala Sahitya Akademi

ഥത്തിൽനിന്നു് അധഃപതിപ്പിക്കാമെന്നു ഭവതിക്കു് ഇനിയും വല്ല വ്യാമോഹത്തിന്റെയും കണിക അന്തർല്ലീനമായി കിടപ്പുണ്ടെങ്കിൽ അതിനെ എന്നെന്നേക്കുമായി പരിത്യജിക്കുന്നതു നന്നായിരിക്കും. ഞാൻ അനുഷ്ഠിക്കേണ്ട ധർമ്മമെന്തെന്നു് എനിക്കറിയാമെന്നതന്നെയാണു് എന്റെ അഭിമാനം. ഭവതിയെ ഞാൻ പരിഗ്രഹിക്കുകയില്ല. എനിക്കു് ഈ പ്രവൃത്തിയിൽ ആപല്ശങ്കയില്ല; അപരാധഭീതിയില്ല. സത്യധർമ്മങ്ങളെ എന്നെ അനുമോദിക്കുന്നു സർവ്വേശ്വരൻ എന്നെ അനുഗ്രഹിക്കുന്നു. ഭവതിയുടെ പേരിൽ എനിക്കു് ആത്മാർത്ഥമായ അനുകമ്പയുണ്ടു്; ഭവതി മന്ദഭാഗ്യയാണെന്നുള്ള ബോധം ആ അനുകമ്പയെ പതിന്മടങ്ങു വർദ്ധിപ്പിക്കുകയും ചെയ്യുന്നുണ്ടു്. ഭവതിക്കു് ആദ്യമായെന്നപോലെ അവസാനമായും ഞാൻ തരുന്ന ഉപദേശം ഒന്നുമാത്രമാണു്—പാപക്ഷയത്തിനുവേണ്ടി ഭഗവാൻ വിശ്വനാഥനെ ഭജിക്കുക. പോകൂ ഭദ്രേ! ഭവതിയുടെ ഭാവി പ്രകാശമാനമാകട്ടെ.

അംബ:— (ക്രുദ്ധയായി പല്ലുകടിച്ചുകൊണ്ടു്) എന്തെന്തു പറഞ്ഞു ഭീഷ്മ അങ്ങു്? അങ്ങുതന്നെയാണോ ഭാഗീരഥീദേവിയുടെ പുത്രൻ? അങ്ങയുടെ ശരീരം സൃഷ്ടിച്ച ബ്രഹ്മാവു് ഹൃദയനിർമ്മാണത്തിനുള്ള വജ്രം ഏതു ദധീചിയുടെ അസ്ഥിയിൽനിന്നാണു് കടഞ്ഞെടുത്തതു്? അങ്ങേയ്ക്കു് ഒരനാഥയായ യുവതിയുടെ

Digitized By Kerala Sahitya Akademi

ആർത്തനാദം കേൾക്കാൻ ചെവിയില്ല; അവളുടെ കരഗ്രഹണത്തിൻെറ ഫലമെന്തെന്ന് അറിവാൻ ബുദ്ധിയില്ല. അങ്ങും ഒരു മനുഷ്യനാണെന്നു ലോകം വിശ്വസിക്കണം! വേണ്ടേ? ഞാൻ പോകണമെന്ന് അങ്ങു പറഞ്ഞു. പോകാം. ഇതു് അങ്ങയുടെ രാജ്യമാണു്; ഇവിടം അങ്ങയുടെ അരമനയുമാണു് പോകാം! നാമെല്ലാവരും പോകേണ്ടവർതന്നെ; ഞാനിന്നാണെങ്കിൽ അങ്ങ് ഇനിയൊരു ദിവസം! എന്റെ വാദത്തിന് ന്യായയുക്തമായ ഒരു വിധികല്പിക്കാതെ അങ്ങു പറയുന്നതു ഞാൻ പൊയ്ക്കൊള്ളണമെന്നാണു്; അല്ലേ? അങ്ങാണോ ക്ഷത്രിയൻ! പ്രജാപാലനം അങ്ങയിലും, കുക്കുടരക്ഷണം സൃഗാലത്തിലും, നിക്ഷേപിക്കുന്നതു് ഒന്നുപോലെയാണു്. അങ്ങ് ഇങ്ങനെ എന്നെ അനാഥമായി, അന്യായമായി, പുറംതള്ളുന്നതു് അങ്ങ് ഒരു പുരുഷനും ഞാൻ ഒരു സ്ത്രീയുമായിപ്പോയതുകൊണ്ടല്ലെങ്കിൽ മറെറന്തുകൊണ്ടാണു്! സാഹസം പുരുഷൻെറ അവകാശം; സഹനം സ്ത്രീയുടെ കർത്തവ്യം. പുരുഷൻ സ്ത്രീയെ ദ്രോഹിക്കുവാൻ തുടങ്ങിയതു് ഇന്നോ ഇന്നലെയോ അല്ല; സൃഷ്ടിയുടെ ആരംഭം മുതല്ക്കുതന്നെ ആ പതിവാടി അവൻ അനസ്യൂതമായി ഇന്നും അനുവർത്തിച്ചുപോരുന്നു. ഇതിനെല്ലാം ഒരു പൂർണ്ണവിരാമം എന്നെങ്കിലുമുണ്ടാകും; എത്ര ദീർഘമായാലും ഈ നിശീഥിനിയെ ഒരു ഉഷസ്സന്ധ്യ നാമാവശേഷമാക്കും.

Digitized By Kerala Sahitya Akademi

എനിക്ക് അങ്ങയുടെ മുന്നിൽ ഒന്നു ചെയ്യാമായിരുന്നു—ആത്മഹത്യ; എങ്കിലും അതു ഞാൻ ഇപ്പോൾ ചെയ്യണമെന്ന് ഉദ്ദേശിക്കുന്നില്ല; എന്തുകൊണ്ടെന്നാൽ എന്റെ ഈ ജന്മത്തിൽ എന്നാൽ അനുഷ്ഠേയങ്ങളായ കൃത്യങ്ങൾ അവസാനിച്ചതായി ഞാൻ കരുതുന്നില്ല; അതുകൊണ്ടുതന്നെ. അങ്ങയ്ക്ക് ഒരു ജേതാവിനു വേണ്ട സിദ്ധികളെല്ലാം കൈവശമുണ്ടെന്ന് എനിക്കറിയാം; എങ്കിലും ഇന്നത്തെ സംഭവത്തിൽ അങ്ങു ജയിച്ചതായി അഹങ്കരിക്കരുത്; വീരപടഹം താഡിക്കരുത്; വെന്നിക്കൊടി പറപ്പിക്കരുത്. അപജയപര്യവസായിയായ വിജയം വിജയമല്ല; വിജയപര്യവസായിയായ അപജയം അപജയവുമല്ല. അങ്ങ് എന്നെ ഒന്നും പഠിപ്പിക്കുകയില്ലെന്നു തീർച്ചപ്പെടുത്തിയല്ലോ. എന്നാൽ അങ്ങയെ ഞാൻ ഒന്നു പഠിപ്പിക്കാൻ നിശ്ചയിക്കുകയാണ്. അഗതികളെ ദ്രോഹിക്കുന്ന അധമന്മാരുടെ മൂർദ്ധാവിൽ ആകാശത്തുനിന്ന് ഒരശനിപാതമുണ്ടാകുമെന്ന്—അബലകളുടെ ഹൃദയത്തിൽ അവർ ജ്വലിപ്പിക്കുന്ന അഗ്നി അവിടംകൊണ്ടൊന്നുമടങ്ങാതെ ആ ദാഹകന്മാരേയും ഭസ്മീകരിച്ചേ സന്തൃപ്തമാകൂ എന്ന്. ഞാൻ ക്ഷത്രിയകുലത്തിൽ ജനിച്ച ഒരു മനസ്വിനിയാണ്; എനിക്ക് ഇഹലോകത്തിലും പരലോകത്തിലുമുള്ള ഗതി എന്നെന്നേക്കുമായി മുടക്കി, എന്റെ അഭിമാനത്തിന് അപമൃത്യു വരുത്തി, എന്നെ ഇടവഴിപ്പിച്ചിണ

Digitized By Kerala Sahitya Akademi

ക്കി, അങ്ങ് ഇവിടെയിരുന്ന് ഉള്ളുകൊണ്ടു ചിരിക്കു
ന്നു ; അധരാഗ്രംകൊണ്ടു് അനുകമ്പ കാണിക്കുന്നു.
അനുകമ്പ ! അങ്ങയുടെ അനുകമ്പ ആർക്കു വേണം ?
അംബ ഇന്ന് അങ്ങയുടെ മുന്നിൽ ആത്മഹത്യ ചെ
യ്തിട്ടില്ലെങ്കിലും മരിച്ചിരിക്കുന്നു ; ഇപ്പോൾ അങ്ങ
കാണുന്നതു് അവളുടെ പ്രേതമാണ്—വികൃതം—
ബീഭത്സം—കരാളം—രുധിരപ്രിയം. ആ പ്രേതത്തി
ന്റെ വാസം ഈ ക്ഷണം തുടങ്ങി അങ്ങയുടെ ഹൃദയ
ത്തിലായിരിക്കും ; ഭഗ്നാശയായ ഒരു പതിംവരയുടെ
പ്രതികാരഘോരത അതു് അങ്ങയെ യഥാവസരം
അനുഭവിപ്പിക്കും ; അങ്ങയുടെ യശഃപർവ്വതത്തിന്റെ
ശൃംഗാഗ്രത്തിൽ അതു ക്രുദ്ധമൂർത്ത ഒരു കരിമ്പാറയുടെ
രൂപത്തിൽ അങ്ങയെ നോക്കി അതിന്റെ ചൂണ്ടുവി
രൽ കാണിച്ചുകൊണ്ടു് എല്ലായ്പോഴും നിലകൊള്ളും.
അങ്ങയുടെ ജീവിതത്തിന്റെ നാരായവേർ ഞാൻ പുഴ
ക്കും ; അങ്ങയുടെ ശവക്കുഴി എന്റെ ഇളങ്കൈകൊണ്ടു
മാന്തും. ഈ ഭൂമി വിശാലമാകുന്നെങ്കിൽ— ഇതിൽ
അങ്ങും സാലഗ്നമല്ലാതെ വേറെയും പുരുഷന്മാർ
ജീവിക്കുന്നുണ്ടെങ്കിൽ—അവരിൽ ആരെങ്കിലും ഒരാൾ
അങ്ങയെക്കൊണ്ടു്, ആർക്കുകേട്ടാലും അരോചകമായ
ഈ അത്യാചാരത്തിനു്, ഉത്തരവാദം ചെയ്യിക്കാതെ
യിരിക്കുകയില്ല. ഇതെന്റെ ശപഥമാണെന്നു വച്ചോ
ളൂ ; അങ്ങേക്കു മാത്രമല്ലല്ലോ ശപഥം ചെയ്യാ
നുള്ള അവകാശം. ഞാൻ ദൈവത്തെ ഭജിക്കുന്നു

Digitized By Kerala Sahitya Akademi

മെന്നു് അങ്ങുപദേശിച്ചു. ദൈവമല്ല എന്നെ ദ്രോഹിച്ചതു്; എന്റെ മുന്നിൽ കാണുന്ന ഈ മനുഷ്യനാണു്—മനുഷ്യനല്ല, രാക്ഷസൻ! പിശാചു്! മാർക്കണ്ഡേയനെ ആപത്തിൽനിന്നു രക്ഷിച്ച എന്റെ കുലദൈവത്തെ ഭജിക്കാൻ എന്നോടു് ആരും ഉപദേശിക്കേണ്ടതില്ല; എന്നാൽ അതിനുള്ള കാലം ഇനിയും സമാഗതമായിട്ടില്ല. പൌരുഷംകൊണ്ടു എന്റെ പ്രയത്നം സാദ്ധ്യമല്ലാതെ വരുമ്പോൾ ആനന്തരകരണീയമെന്തെന്നു ഞാൻ വേണ്ടപോലെ ആലോചിച്ചു നിശ്ചയിച്ചുകൊള്ളാം. ഇപ്പോൾ ഇത്രയുമിരിക്കട്ടെ; ഇനിയും നമുക്കു സന്ധിക്കാൻ ഇട വരും. ദുഷ്ട! സൂക്ഷിച്ചിരിക്കൂ! എന്റെ വൈരനിര്യാതനം തടുക്കാൻ കഴിയുമെങ്കിൽ തടുക്കൂ!

(പോകുന്നു. ഭീഷ്മൻ വ്യാകുലനായി ഇരുന്ന ഇരിപ്പിൽതന്നെ ഇരിക്കുന്നു.)

(യവനിക)

രംഗം 2

സ്ഥലം:— ഗംഗാതീരത്തിൽ ഒരു ധർമ്മസത്രം.

സമയം:— അപരാഹ്നം; ഉദ്ദേശം നാലുമണി.

(അംബയും ലളിതയും ഒരു കമ്പളിയിൽ ഇരിക്കുന്നു)

അംബ:— ലളിതേ! ഈ ദുർഘടകാലത്തു നീയെങ്കിലും എന്റെ വയസ്യയായി, സകലദുഃഖങ്ങളിലും പങ്ക

Digitized By Kerala Sahitya Akademi

കൊണ്ടു്, എന്നോടുകൂടി സഞ്ചരിക്കുന്നുവല്ലോ. അതു് എനിക്കു് എത്രമാത്രം ആശ്വാസപ്രദമാണെന്നു നീ അറിയുന്നുണ്ടോ?

ലളിത:— അന്നു് കാശിയിലെ രാജധാനിയിലും ഇന്നു് ഈ ധർമ്മസത്രത്തിലും താമസിക്കുന്ന എന്റെ പ്രിയസഖി എനിക്കു് ഒന്നുപോലെയാണു്; അല്ല ഇന്നു കുറേക്കൂടി എനിക്കു സ്നിഗ്ദ്ധയാണു്. ഒരു പൂച്ചെടിയുടെ തടത്തിൽ മഴക്കാലത്തു് അധികം വെള്ളമൊഴിക്കണമെന്നില്ല; എന്നാൽ വേനൽക്കാലത്തു് ആരെങ്കിലും അതു ചെയ്തില്ലെങ്കിൽ ആ ചെടി വാടി വരണ്ടുപോകും.

അംബ:— അതേ, ലളിതേ! കൊടുങ്കാററിൽ ചുവടിളകുന്ന വാഴയ്ക്കു് ഒരു ഊന്നുണ്ടായേ കഴിയൂ. നോക്കുക! ആദിത്യസമ്പർക്കമുള്ള കാലത്തു് ആകാശവീഥിക്കു പ്രകാശിക്കുവാൻ പരസാഹായ്യം വേണ്ട; എന്നാൽ പകൽപോയി രാത്രിവന്നാൽ എത്രയെത്ര താരകളാണു് അതിനെ ആകുന്നവിധത്തിലെല്ലാം ദ്യോതിപ്പിക്കുവാൻ അഹമഹമികയാ പാഞ്ഞെത്തുന്നതു്! നാം അതു കാണുകയോ അതിന്റെ തത്വമെന്തെന്നു ചിന്തിക്കുകയോ ചെയ്യാറുണ്ടോ? ഒരു അവ്യാജസുഹൃത്തുള്ള കാലത്തോളം ഭൂമി വാസയോഗ്യയല്ലെന്നോ വിശ്വശില്പി കൃപാഹീനനാണെന്നോ മനുഷ്യനു തീർച്ചപ്പെടുത്താൻ അവകാശമില്ല.

Digitized By Kerala Sahitya Akademi

ലളി :—ദേവിയുടെ മുഖാരവിന്ദം ഇന്നു് എനിക്കു ക്രരിരു ട്ടിൽ പരിലസിക്കുന്ന ചന്ദ്രബിംബംപോലെ ദർശനീയമായിരിക്കുന്നു.

അംബ :— ലളിതേ ! എന്റെ ജീവിതം ഇങ്ങനെ മരുഭൂമിയോടു ചേരുന്ന കാട്ടാറുപോലെ നിഷ്ഫലമായി, നിരത്ഥകമായി, പാഞ്ഞൊഴുകുന്നു. ആദിത്യനും ചന്ദ്രനും ഉദിക്കുന്നു ; അസ്തമിക്കുന്നു. ഋതുക്കൾ മാറിമാറി ഓരോന്നായി അടുക്കുന്നു ; കടക്കുന്നു. ഭൂതകാലത്തിന്റെ ശവക്കുഴിയിൽ വത്തമാനകാലം പതിക്കുന്നു; നശിക്കുന്നു. ഓരോ ദിവസവും എന്റെ ആയുസ്സോടുകൂടി ആശയേയും ആരോഗ്യത്തേയും അതു് അല്പാല്പമായി അപഹരിക്കുന്നു. എന്റെ ബാഹ്യവും ആഭ്യന്തരവുമായ വിഭവങ്ങാളെല്ലാം ശൂന്യപ്രായമായി. നാം തീത്ഥാടനമെന്ന വ്യാജത്തിൽ പല ദേശങ്ങളിലും സഞ്ചരിച്ചു ; പല രാജാക്കന്മാരെ നേരിട്ടുകണ്ടു ; ശേഷമുള്ള രാജ്യങ്ങളിലേക്കു ദൂതന്മാരെ അയച്ചു ; കണ്ടവരോടെല്ലാം എന്റെ കഥ പറഞ്ഞു കേൾപ്പിച്ചു ; കരണീയമെന്തെന്നു നിവേദനംചെയ്തു. ഞാൻ അവരോടു് ഒന്നേ പറഞ്ഞുള്ളു :—"ഇന്നും വീയ്യശുല്ക്കതന്നെയാണു് അംബ ; ഏതു ക്ഷത്രിയനും അവന്റെ ഇതരസിദ്ധികൾ എങ്ങനെയിരുന്നാലും അവളെ വിവാഹം ചെയ്യാം ; എന്നാൽ ഒന്നു വേണം ; ആ ക്ഷത്രിയൻ ഹസ്തിനപുരത്തിലെ ഭീഷ്മരെ വാളെടുത്തോ വഞ്ചിച്ചോ വധിക്കണം." എന്നുമാത്രം.

Digitized By Kerala Sahitya Akademi

അവർക്ക് ഓരോരുത്തർക്കും എന്നെ വിവാഹം ചെയ്താൽ കൊള്ളാമെന്നുണ്ട്; എന്റെ സൌന്ദര്യാദിസമ്പത്തുകൾ അവരെ അത്രമാത്രം മോഹിപ്പിക്കുന്നുണ്ട്. എന്നാൽ ആ പണയം- അതു കേൾക്കുമ്പോൾ അവരുടെ മുഖം വിളറുന്നു; നെറ്റി വിയർക്കുന്നു; തല ചുററുന്നു; ശരീരം വിറയ്ക്കുന്നു. അവരുടെ പ്രൌഢിയും പരാക്രമവുമെല്ലാം ഞാൻ അന്നു സ്വയംവരമണ്ഡപത്തിൽവച്ചുതന്നെ ഏറെക്കുറേ കണ്ടതാണു അവരും ക്ഷത്രിയർപോലും! ആയുധവിദ്യ അഭ്യസിച്ചവർപോലും! സഖി! സത്യം പറയാം. അവരുടെ സിരകളിൽ ഓടുന്നതു ചുടുചോരയല്ല; മഞ്ഞുവെള്ളമാണ് അവർ കളരിയിൽ പയററിയതു കൈകൊണ്ടല്ല—പൊരുതാൻ; കാൽകൊണ്ടാണ്—ഓടാൻ! തങ്ങളുടെ ഛായ കണ്ടാൽ ശത്രുവിന്റെ ശരീരമാണെന്നും, ശിശുക്കളുടെ കരച്ചിൽ കേട്ടാൽ സിംഹിയുടെ സിംഹനാദമാണെന്നും, ഭ്രമിക്കുന്ന പേടിക്കുടലുകൾ! അവർക്കാണ് എന്നെ പാണിഗ്രഹണം ചെയ്യുവാൻ ആശ! ആ ശവങ്ങളുടെ കരസ്പർശംകൊണ്ട് എങ്ങനെ ഞാൻ എന്റെ ശരീരം അശുദ്ധമാക്കും? ഇത്ര നിർവീരമായല്ലോ ഭാരതവർഷം! ഇന്ന് ഇതിൽ കുറേ മണൽത്തരികളുണ്ട്; കള്ളിമുള്ളുകളുണ്ട്, ഛായാവൃക്ഷങ്ങളില്ല; സിദ്ധൌഷധങ്ങളില്ല. ഇവിടെ എന്തിനു നാം ഇനിയും ഇങ്ങനെ ഗരളഗർത്തത്തിൽ കൃമികളെപ്പോലെ ജീവിക്കണം?

Digitized By Kerala Sahitya Akademi

ലളി:—കുമാരി പറയുന്നതു സത്യമാണു്. പക്ഷേ അതുകൊണ്ടു് ആ രാജാക്കന്മാർ ബുദ്ധിഹീനന്മാരാണെന്നു് സ്ഥാപിക്കാവുന്നതല്ല. അജയ്യനാണു് ഭീഷ്മർ; അതുകൊണ്ടാണു് അവർ അദ്ദേഹത്തോടു് എതിരിടാൻ മടിക്കുന്നതു്. ഭവതി പ്രേയസിയാകുക എന്നുള്ളതു് അവർക്കെല്ലാം അഭിമതം തന്നെ; പക്ഷേ ഭീഷ്മരുമായുള്ള യുദ്ധത്തിൽ പ്രാണൻ പോയാൽ അവർ പിന്നെ ഭവതിയുമായുള്ള ദാമ്പത്യസൌഖ്യം എങ്ങനെ അനുഭവിക്കും?

അംബ:—അതു ശരിതന്നെ. ദുർഭഗകളിൽ അഗ്രഗണ്യയായ ഈ എനിക്കുപോലും ജീവിതത്തിൽ ആശയുണ്ടെങ്കിൽ അവർക്കു് അതു് എന്നെക്കാൾ എത്രയധികം ഉണ്ടായിരിക്കണം! പക്ഷേ, ദേവന്മാരുടെ സന്നിധിയിൽ ദേവവ്രതൻ ഒരു ശപഥം ചെയ്തിട്ടുണ്ടെങ്കിൽ, ദേവവ്രതന്റെ സന്നിധിയിൽ ഞാനും ഒരു ശപഥം ചെയ്തിട്ടുണ്ടു്. എനിക്കു് ഒന്നേയുള്ളു മോഹം—ഒന്നുകിൽ ഞാൻ അദ്ദേഹത്തെ പരിഗ്രഹിച്ചു് അദ്ദേഹത്തിനും അദ്ദേഹത്തിന്റെ പ്രതിജ്ഞയ്ക്കും തമ്മിൽ പണ്ടു നടന്നതും ഇന്നും അഭേദ്യമെന്നു വച്ചിട്ടുള്ളതുമായ വിവാഹബന്ധം വലിച്ചു പൊട്ടിക്കും; അല്ലെങ്കിൽ അദ്ദേഹത്തേയും അദ്ദേഹത്തിന്റെ പ്രതിജ്ഞയേയും കൂടി ഒരേ ശ്മശാനത്തിൽ ചുട്ടെരിക്കും; ഈ രണ്ടിലൊരു കർത്തവ്യം എനിക്കു നിർവ്വഹിച്ചു കഴിയും. അന്നു ഞാൻ അദ്ദേഹം എന്നെ പാണിഗ്രഹണം

Digitized By Kerala Sahitya Akademi

ചെയ്യണമെന്നു നിർബന്ധിച്ചതു് അദ്ദേഹത്തോടുള്ള അനുരാഗപാരവശ്യം നിമിത്തമല്ലായിരുന്നു എന്നുള്ളതു് എനിക്കും അദ്ദേഹത്തിനും ലോകർക്കും അറിയാം. ജരഠൻ, ജടിലൻ, അപത്രപൻ, അരസികൻ, —അങ്ങനെയുള്ള ഒരു പേക്കോലത്തെ കാമദേവനാണെന്നു് ഏതു രതിദേവിയെങ്കിലും കരുതുമോ? പിന്നെയോ? സാലപനാ ഞാൻ കീഴടങ്ങി; ഭീഷ്മരെ എനിക്കു കീഴടക്കാൻ കഴിയുമോയെന്നു നോക്കി. എങ്ങനെ കീഴടക്കും? ശസ്ത്രപാതംകൊണ്ടല്ല, ശാസ്ത്രവാദംകൊണ്ടല്ല; പ്രതിജ്ഞോല്ലംഘനം വരുത്തി, തദ്ദ്വാരാ അദ്ദേഹത്തെ ആകാശത്തിനും ഭൂമിക്കും—പാതാളത്തിനു കൂടിയും—ഉപഹാസപാത്രമാക്കി! അദ്ദേഹം എന്റെ ഐഹികസുഖം നശിപ്പിച്ചു; ഞാൻ അദ്ദേഹത്തിന്റെ ഐഹികയശസ്സു നശിപ്പിക്കാൻ ശ്രമിച്ചു. എന്റെ കൈവശമുള്ള ഉപായങ്ങളെല്ലാം പ്രയോഗിച്ചു. ആദ്യം കുറേ വാക്സുമംകൊണ്ടു് അർച്ചിച്ചു; പിന്നെക്കുറേ വാങ്നാരാചംകൊണ്ടു പ്രഹരിച്ചു. രണ്ടിനും ഫലം അദ്ദേഹത്തിൽ ഒന്നുപോലെയാണു് കണ്ടതു്. ഏതുമെങ്ങും മുഖത്തൊരു ക്ഷോഭം —മനസ്സിലൊരു ഭാവഭേദം—അവിടെ ഉണ്ടായതേയില്ല. എന്റെ മസ്തിഷ്കത്തിലെ ആവനാഴി ഒഴിഞ്ഞു; പകരം അതിൽ ഞാൻ നൈരാശ്യവും നിറച്ചുകൊണ്ടു തിരിച്ചും പോന്നു. ഇന്നു ഭാവി എന്റെ പോംവഴി നാലുവശവും കന്മതിൽ കെട്ടി അടച്ചിരിക്കുന്നു. ഇനി ഞാൻ ചെയ്യേണ്ടതെന്തെന്നു് എനിക്കു് ഒരു രൂപവുമില്ല.

Digitized By Kerala Sahitya Akademi

ലളി:—ദേവി! ഞാനും ഭീഷ്മരുടെ ഉപദേശം തന്നെ അനുവർത്തിക്കട്ടെ. നമുക്ക് ഈശ്വരനെ ഭജിക്കാം.

അംബ:—വരട്ടെ, സഖി! അത്ര്യശ്യമായില്ല. ക്ഷത്രിയരുടെ മനോഭാവം മാത്രമല്ല നാം ഇതുവരെ പരീക്ഷിച്ചുള്ളൂ? ഇനി നമുക്ക് അവരെക്കാൾ ഉൽകൃഷ്ടരെന്നു വച്ചിട്ടുള്ള ബ്രാഹ്മണരെ അഭിമുഖീകരിച്ചു നമ്മുടെ സങ്കടമറിയിക്കാം. അവർ പ്രകൃത്യാ കരുണാകോമളന്മാരാണ്. പരോപകാരനിരതന്മാരാണ്. അവർക്കു തപോവീര്യമുണ്ട്; ശാപാനുഗ്രഹ ശക്തിയുണ്ട്. 'ധിഗ്ബലം ക്ഷത്രിയബലം ബ്രഹ്മതേജോബലം ബലം' എന്നു വിശ്വാമിത്രനെക്കൊണ്ടു സമ്മതിപ്പിച്ചതായി ഇതിഹാസം ഘോഷിക്കുന്ന ആ ബലം എന്നെ ഈ അന്ധകൂപത്തിൽനിന്നു സമുദ്ധരിക്കുമോ എന്നു നോക്കാം. ഉടൻതന്നെ പുറപ്പെടാം, ഹിമവൽപർവതത്തിന്റെ സാനുപ്രദേശത്തിലേക്ക്. നമ്മോടുകൂടി തീർത്ഥാടകന്മാരായ ചില ബ്രാഹ്മണർ വന്നിട്ടുണ്ടല്ലോ; അവർ നമുക്കു വഴി കാണിക്കും.

ലളി:—ദേവിയുടെ ഇങ്ഗിതംപോലെ.

അംബ:—ഒന്നു പാടൂ ലളിതേ, വിശ്വനാഥപരമായ ഏതെങ്കിലും ഒരു സ്തോത്രം. എനിക്കു മനസ്സുറയ്ക്കുന്നില്ല; എങ്കിലും ലളിത പാടിയാൽ ഞാൻ കൂടി ഏററു പാടാം.

(ലളിത ഗാനം ചെയ്യുന്നു. അംബ ഏററു പാടുന്നു)

(യവനിക)

Digitized By Kerala Sahitya Akademi

രംഗം 3.

സ്ഥലം :— ഹരിദ്വാരം ലൈ
തപോവനം.

സമയം :—പൂർവാഹ്നം—സമയം ഉദ്ദേശം എട്ടമണി

(ഹരിതൻ, സുബലൻ, മുൽഗലൻ, പിങ്ഗളൻ, എന്നീ ഋഷികുമാരന്മാർ സംഭാഷണം ചെയ്യുന്നു.)

ഹരിതൻ:—എന്തൊരു യോഗമാണു് ഇന്നു നമുക്കെല്ലാം!

സുബലൻ :—എന്തു യോഗം ?

ഹരി :—ഇന്നൊരനദ്ധ്യായദിനമാണെന്നു താൻ ധരിച്ചില്ല. തന്റെ കൊണ്ടുപിടിച്ചുള്ള വേദപാഠത്തിനിടയ്ക്കു് അക്കാര്യം കേട്ടതേയില്ല ; അല്ലേ ?

സുബ:—ഇന്നത്തെ അനദ്ധ്യായത്തിനു് എന്താണു് വിശേഷം? അഷ്ടമിയും പതിന്നാലും വാവും പ്രതിപദവും മററും അദ്ധ്യയനദിനങ്ങളാണോ ?

ഹരി :—അവയൊക്കെ നമുക്കു ന്യായമായി കിട്ടുന്ന ഒഴിവുകളല്ലേ ?

സുബ :—അതുകൊണ്ടു് ?

ഹരി:– (ചിരിച്ചുകൊണ്ടു്) അതുകൊണ്ടു് അവയ്ക്കു പ്രത്യേകിച്ചൊരു രുചിയില്ലെന്നു ഞാൻ പറയുന്നു. ഒന്നുകിൽ വഴിയിൽ കിടന്നു കിട്ടണം; അല്ലെങ്കിൽ വഞ്ചിച്ചെടുക്കണം. ആ ധനത്തിനേ വിലയുള്ളു. ഇന്നു മാന്യനായ ഒരതിഥി വരുന്നു. അദ്ദേഹത്തെ ആചാര്യനും ആചാര്യപത്നിക്കും പൂജിക്കേണ്ടതുണ്ടു് ; അദ്ദേഹവു

Digitized By Kerala Sahitya Akademi

മായി അനേകം കാൎയ്യങ്ങളെപ്പററി സല്ലപിക്കേണ്ട
തുണ്ടു്. അദ്ദേഹത്തിനു കേമമായി വിരുന്നു കൊടു
ക്കേണ്ടതുണ്ടു് :—മനസ്സിലായോ ?

സുബ:— ഇപ്പോഠം ഒരു മാതിരി മനസ്സിലായി. അതുകൊ
ണ്ടു നമുക്കു ചിരിക്കാം ; കളിക്കാം ; വെടിപറയാം ;
മൃഷ്ടാന്നമുണ്ണാം ; നമ്മെ അവക്കും അവരെ നമുക്കും
അന്വേഷിക്കേണ്ട ആവശ്യമില്ല ; —എന്നൊക്കെയ
ല്ലേ തന്റെ വിവക്ഷ.

ഹരി :—എന്നൊക്കെത്തന്നെ. അതറിയാൻ ഇത്രവളരെ
ബുദ്ധിമുട്ടണോ ? ഒന്നുകൂടി പറയാം. മനുഷ്യനു വിരു
ന്നുള്ളേടം വിഷ്ണുലോകം ; കാശു കിട്ടുന്നേടം കൈ
ലാസം.

സുബ:—എനിക്കതൊന്നുമറിയണമെന്നില്ല ; അധ്യാപനം
ചെയ്താൽ മതി.

മൽഗ:—ഏതതിഥിയാണു് വരുന്നതു് ?

ഹരി:—അതു ഞാൻ ഓക്കുന്നില്ല. ആരായാലെന്തു് ? നമു
ക്കു് അപ്പം വേണോ, കുഴിയെണ്ണണോ ?

മൽഗ:— എനിക്കു് അപ്പവും വേണം ; കുഴിയുമെണ്ണണം.
അപ്പം തിന്നുന്നതിനിടയ്ക്കു അപ്പക്കുഴിയുടെ ആഴവും
ചുററളവും കൂടി അറിഞ്ഞുവയ്ക്കുന്നതുകൊണ്ടു്
എന്താണു് തകരാറു് ?

ഹരി :—അപ്പത്തിന്റെ സ്വാദു് അത്രയ്ക്കും കുറയും; അല്ലാ
തെ മറെറാന്നുമില്ല.

Digitized By Kerala Sahitya Akademi

പിങ്ഗ:— ആരെന്നു ഞാൻ പറയാം. എനിക്കു നിങ്ങൾ എന്തു സമ്മാനം തരും ?

മൗൽഗ :— സമ്മാനത്തിന്റെ കാര്യം പിന്നെ നിശ്ചയിക്കാം ; തനിക്കു പറയാനുള്ളതു് ആദ്യം പറയൂ.

പിങ്ഗ:— ഒരു രാജർഷിയാണു് വരുന്നതു് ഘോത്രവാഹനനെന്നാണു് പേർ ; സൃഞ്ജയനെന്നും പറയും; ഇന്നത്തെ കാശിരാജാവായ കോസലന്റെ പത്നി പത്മാവതിയുടെ അച്ഛനാണു് പോലും. ഇത്രമാത്രമേ എനിക്കറിയാവൂ.

ഹരി:— മൗൽഗല ! കഴിഞ്ഞോ തന്റെ കഴിയെന്നാൽ ? തനിക്കു പിങ്ഗളൻ ഇന്നൊരാചാര്യനായി. തന്റെ ഏതൽസംബന്ധമായുള്ള വേദാധ്യയനവും അവസാനിച്ചു. കൊടുക്കൂ ഗുരുദക്ഷിണ.

മൗൽഗ:— കൊടുക്കാനല്ല, കൊടുപ്പിക്കാനാണു് ഞാൻ ഉദ്ദേശിക്കുന്നതു്. ആചാര്യനെക്കൊണ്ടു് ഉള്ളകൈയിൽ രണ്ടു ചുട്ട അടി. ഒരു വടി ഞാൻ ഇന്നലെ ചെത്തി മിനുക്കി അവിടെ വച്ചിട്ടുണ്ടു്. പിങ്ഗള ! താൻ ആശ്രമമൃഗത്തെ കല്ലിട്ടെറിഞ്ഞു എന്നു കളവു പറയും.

പിങ്ഗ: — താനൊന്നു തട്ടിമൂളിച്ചാൽ അതു് ഉടൻതന്നെ അപ്പടി വിഴുങ്ങിക്കൊള്ളും ആചാര്യൻ ! അല്ലേ ?

മൗൽഗ :— എനിക്കു് ഈ രണ്ടു സഹപാഠികളും സാക്ഷി നില്ക്കും; അപ്പോൾ താൻ തോററില്ലേ ? ഏത്തമിട്ടു; ഇനിമേൽ സമ്മാനമൊന്നും ചോദിക്കുകയില്ലെന്നു പൂണൂൽ പിടിച്ചു സത്യം ചെയ്യൂ.

Digitized By Kerala Sahitya Akademi

സുബ :— ഞാൻ സാക്ഷി പറയില്ല. നാളെ എന്നെയും താൻ ഇങ്ങനെ പററിക്കയില്ലെന്നു് എന്താണു് നിശ്ചയം ?

പിള്ള:— എനിക്ക സമ്മാനമൊന്നും വേണ്ടപ്പാ ! പിന്നെ വഴക്കില്ലല്ലോ.

ഹരി:— (വീണ്ടും ചിരിച്ചുകൊണ്ടു്) എനിക്കു് ഈ ഗുരുകലവാസം ഒരു വലിയ ശല്യമായിത്തീന്നിരിക്കുന്നു

സുബ :— കാരണം ?

ഹരി :— ഒന്നാമത്തു് ഏഴരവെളുപ്പിനു് ഉണരണം. രണ്ടാമത്തു കാലും മുഖവും കഴുകി പല സ്തോത്രങ്ങൾ ചൊല്ലണം ; മൂന്നാമത്തു് ഉത്തരക്ഷണത്തിൽ മഞ്ഞായാലും മഴയായാലും പുഴയിൽ ചെന്നു കുളിക്കണം ; നാലാമത്തു് ഓരോ ദിവസവും രണ്ടുനേരത്തേക്കു് വേണ്ട സമിത്തു സംഭരിക്കണം ; അഞ്ചാമത്തു് ആചാര്യനും ആചാര്യപത്നിക്കും വേണ്ട സകലസാധനങ്ങളും ഒരുക്കിക്കൊടുക്കണം ; ആറാമത്തു് പകലുറങ്ങരുത്ത് ; ഏഴാമത്തു വെറും തറയിലേ കിടക്കാവൂ ; എട്ടാമത്തു സാങ്ഗമായി, സാത്ഥകമായി, വേദമഭ്യസിക്കണം ; ഒൻപതാമത്തു യമനിയമങ്ങൾ ശീലിക്കണം ; പത്താമത്തു ശാന്തനായി ജീവിക്കണം ! മതിയോ ഇനിയും ഈ പട്ടിക നീട്ടണോ ?

സുബ :— മതി, മതി.

ഹരി:— മററെല്ലാം ചെയ്യാം ; എട്ടുമുതൽ പത്തുവരെയുള്ള വിധികളാണു് ഏററവും ദുഘ്ടങ്ങൾ. മന്ത്രങ്ങൾ,

Digitized By Kerala Sahitya Akademi

ബ്രാഹ്മണങ്ങൾ, ഉപനിഷത്തുകൾ, സ്മൃതികൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ വ്യാകരണം, ന്യായം, മീമാംസ, വേദാന്തം, ഇതരദർശനങ്ങൾ, എന്നിങ്ങനെ കരകാണാത്ത കടൽപോലെ കിടക്കുന്ന കാട്ടം പടലുമെല്ലാം ഒരു ചെറിയ തലയ്ക്കകത്ത് എത്രകണ്ടു കുത്തിച്ചെലുത്താം ? നാക്കിനു വഴങ്ങാത്ത പദങ്ങൾ; കടിച്ചാൽ പൊട്ടാത്ത വാക്യങ്ങൾ; തലകറക്കുന്ന ന്യായങ്ങൾ—എന്തിനാണ് നാം ഈ പാടെല്ലാം പെടുന്നത് ? ഉണ്ണിക്കിടാങ്ങൾ ഇരിമ്പുണ്ടകൾ കൊണ്ടാണോ പന്തു തട്ടേണ്ടതു് ?

സുബ :—പദവാക്യപ്രമാണപാരീണന്മാരെന്നു പേർകേൾക്കുവാൻ; പാണ്ഡിത്യത്തിൻെറ പടഹഘോഷം ദിഗന്തരങ്ങളിൽ പ്രതിധ്വനിപ്പിക്കുവാൻ; അണിമാദ്യഷ്ടസിദ്ധികൾ സാധിച്ച് ഒടുവിൽ അസമ്പ്രജ്ഞാതസമാധിയാൽ ആത്മസാക്ഷാൽകാരം ലഭിച്ചു മനുഷ്യജന്മം ചരിതാർത്ഥമാക്കുവാൻ.

ഹരി :—താൻ പറയുന്നതിൻെറയെല്ലാം അൎത്ഥം തനിക്കേ മനസ്സിലാകുകയുള്ളൂ.

സുബ :—തനിക്കും മനസ്സിലാകുമായിരുന്നു—ആചാര്യന്റെ ഉപദേശം ശ്രദ്ധിച്ചിരുന്നുവെങ്കിൽ. ഇവിടെ വൈയാകരണഖസൂചിയായികഴിയുന്ന താൻ ഗൃഹത്തിലേക്കു ചെന്നാൽ മീമാംസകദുർദ്ദുരുഢനാകും.

ഹരി :—ഞാൻ ഞാൻ തന്നെയാകും; മററാരുമാകുകയില്ല. താൻ ഒരു 'സൂത്രജ്ഞനാണെന്നു സമ്മതിച്ചു; മതിയോ ?

Digitized By Kerala Sahitya Akademi

സുബ :— വന്നപടിക്കുതന്നെ തിരിയെപ്പോകാനാണ് തന്റെ ഭാവമെന്നു തോന്നുന്നു.

ഹരി :—വന്നപടിക്ക് ആരും തിരിയെപ്പോകാറില്ല. മാതൃകുക്ഷിയിൽനിന്നു വരുന്ന ഓരോരുത്തനും പോകുന്നതായി നാം കാണുന്നതു് അങ്ങോട്ടേയ്ക്കല്ല, ശ്മശാനത്തിലേക്കാണ്,

സുബ :— ആദ്യം ശ്മശാനത്തിലേക്കും, പിന്നീടു മാതൃകുക്ഷിയിലേക്കും;-എന്നു പറയു; അതാണു് ശരി. ഹരിത! താൻ മഹർഷിയുടെ പർണ്ണശാലയ്ക്കുമുന്നിൽ എന്തിനാണു് ഈ മർക്കടചേഷ്ടകളെല്ലാം കാട്ടുന്നതു് ?

ഹരി :—അങ്ങനെയാണെങ്കിൽ ഞാങ്ങനെ തന്നെയെന്നു വച്ചോളൂ! കുരങ്ങനെന്താണൊരു കുറവും കുററവും ? എത്ര സുഖമാണു് മർക്കടജീവിതം ! വേദാഭ്യസനം വേണ്ട; യമനിയമങ്ങൾ വേണ്ട! ഏതു മരത്തിലും ചാടിക്കേറാം; ഏതു പഴവും പറിച്ചു തിന്നാം; ഏതു വധുവിനേയും പരിഗ്രഹിക്കാം; പരിത്യജിക്കാം; ഏതു് ഊററക്കാരനായ മനുഷ്യനേയും പല്ലിളിച്ചു കൊഞ്ഞനം കാണിച്ചു പരിഹസിക്കാം. ഇതിലധികം ഒരു ജീവിക്കു് എന്തുവേണം ?

സുബ :—താൻ ഒരാചാര്യനിന്ദകനാണു്. തന്നോടുള്ള സംസർഗ്ഗം ഞാൻ ഈ നിമിഷം മുതൽ മതിയാക്കുന്നു.

ഹരി : – (ചിരിച്ചുകൊണ്ടു്) ചങ്ങാതികളേ ! ഞാൻ നമ്മുടെ ഈ മൂപ്പരെ ഒന്നു കളിയാക്കി നമുക്കെല്ലാം വിനോദ

Digitized By Kerala Sahitya Akademi

ത്തിന് ഇത്തിരി വകനുണ്ടാകുകയായിരുന്നു. എന്റെ നർമ്മത്തിന്റെ മർമ്മം സുബലൻ മനസ്സിലാക്കിയില്ല. മനുഷ്യൻ കേവലം പുസ്തകകൃമിയായി, സ്വാധ്യായനിരതനായി, ശുകപാഠനിപുണനായി ബഹിർല്ലോകാന്ധനായി, ജീവിച്ചാൽ പോരാ. അവന് അധ്യയനംപോലെതന്നെ അനധ്യയനവും വേണം ; വേലയ്ക്കു വിശ്രമമെന്നപോലെ, ഗാംഭീര്യത്തിനു വിനോദം മാററക്കൂട്ടണം.

സുബ :—സഖാക്കളെ ! ഹരിതനെ ഞാനും ശുണ്ഠിയെടുപ്പിച്ച് ഉപദേശകവേഷം കെട്ടിച്ചു രസിക്കുകയായിരുന്നു എന്ന് അദ്ദേഹം കരുതാത്തതെന്ത് ?

ഹരി :—തന്റെ മുഖഭാവം കണ്ടിട്ടുതന്നെ. ആരാണിവിടെ ശുണ്ഠിയെടുത്തത് ?

(അണിയറയിൽ): അകത്ത് ആരാണ് സംസാരിച്ചുകൊണ്ടു നില്ക്കുന്നത് ? അങ്ങോട്ടു കടക്കാമോ ?

ഹരി :—അതൊരു വീണയുടെ നാദംപോലെയിരിക്കുന്നു. അല്ല, വീണയ്ക്കു ജംഗമത്വമേത് ? ഒരു പൂംകുയിലിന്റേത്—അല്ല, അതിനു് ഈ സ്പഷ്ടവർണ്ണത എങ്ങനെ ഉണ്ടായി ? അതൊരു യുവതിയുടെ മധുരസ്വരമാണ്. (ഉറക്കെ) കടക്കാം ; നിർബാധമായി. ഇതു വൈഖാവത്യമഹർഷിയുടെ ആശ്രമമാണ്. അദ്ദേഹത്തിന്റെ ഗുരുകുലത്തിൽ വേദാഭ്യസനം ചെയ്യുന്ന ഋഷികുമാരന്മാരാണ് ഞങ്ങൾ.

Digitized By Kerala Sahitya Akademi

സുബ :—ബ്രഹ്മചാരിക്കു സ്ത്രീദർശനം നിഷിദ്ധമാണു്; ഞാൻ പോകുന്നു. നിങ്ങൾക്കു ഹൃദയത്തിൽ ചാഞ്ചല്യവും, ഗുരൂപദേശത്തിൽ വിശ്വാസവും, പാതകത്തിൽ ഭീരുത്വവുമില്ലെങ്കിൽ നില്ക്കാം.

ഹരി :—എന്താണിതിൽ ഇത്രവളരെ പതറാനും പരുങ്ങാനുമുള്ളതു്? താൻ ആകാശത്തിലെ മേഘമാല; പഞ്ചമിനാളിലെ തിങ്കൾക്കല; പൂജയ്ക്കൊരുക്കുന്ന താമരയിതളുകൾ; ലതകളിലെ ഇളന്തളിരുകൾ; ആശ്രമവൃക്ഷങ്ങളിലെ ആലോലശാഖകൾ; ഇത്യാദി വസ്തുക്കളിൽ ഏതെങ്കിലും കണ്ടു വല്ലപ്പോഴും പരിഭ്രാന്തനായിട്ടുണ്ടോ? അവയുടേയും മററും സമാഹാരമാണു് സ്ത്രീരൂപമെന്നു സങ്കല്പിക്കരുതേ? ആലിംഗനാർഹയായ പ്രേയസിയായല്ലാതെ ആരാധനാർഹയായ മാതാവായി തനിക്കു് ഒരു യുവതിയെ കാണാനും കരുതാനും കരുത്തില്ലെങ്കിൽ തൻെറ യമനിയമങ്ങൾകൊണ്ടു് എന്താണു് ഫലം?

സുബ :—തനിക്കു് എല്ലാം നേരമ്പോക്കുതന്നെ. ഇവിടെ നിന്നാൽ ഈ അഗ്നിജ്വാലയിൽ ഞാൻ വെന്തു വെണ്ണീറായിപ്പോകും.

(പോകുന്നു. മററ മൂന്നുപേരും ചിരിക്കുന്നു)

(അണിയറയിൽ):—വരാമോ ഞങ്ങൾക്കു്? അവിടെ ആരോ തടയുന്നതുപോലെ തോന്നി; അതുകൊണ്ടു സംശയിക്കുകയാണു്.

ഹരി :—(ഉറക്കെ)വരാം. ഇവിടെ ഞങ്ങളേയുള്ളു—ഉണ്ണികൾ; ബ്രഹ്മചാരികൾ.

Digitized By Kerala Sahitya Akademi

(അണിയറയിൽ) :—നൈഷ്ഠികബ്രഹ്മചാരികളല്ലല്ലോ.

ഹരി :— (ഉറക്കെ) അല്ല.

(അംബയും ലളിതയും പ്രവേശിക്കുന്നു)

ഹരി :—(അംബയോട്) അമ്മേ ! ഹരിതൻ നമസ്കരിക്കുന്നു ; ആശീർവദിക്കുക. വനദേവതയോ ദേവകന്യകയോ, ആരാണ് ഭവതി ?

അംബ :—അരുത് ഋഷികുമാര! എന്നെ നമസ്കരിക്കരുത്. അങ്ങു ബ്രാഹ്മണനാണ് ; ഞാൻ ഒരു ക്ഷത്രിയകുമാരിയും. ഈ നില്ക്കുന്ന ലളിത എന്റെ സഖിയാണ്. ഞങ്ങൾ ഇവിടെ തീർത്ഥസ്നാനത്തിനാണ് വന്നിരിക്കുന്നത്. കൂടെ ചില ബ്രാഹ്മണരുമുണ്ട് ; അവർ സ്നാനത്തിനു പോയികഴിഞ്ഞു. നിങ്ങളുടെ ഗുരുവിനേയും ഗുരുപത്നിയേയും സന്ദർശിച്ച് അവരുടെ അനുഗ്രഹം വാങ്ങണമെന്നു ഞങ്ങൾ ആശിക്കുന്നു.

പിങ്ഗ :—ഇന്നു ഞങ്ങൾക്കെല്ലാം ഒരു സുദിനമാണ്. ഇവിടെ ബഹുമാന്യനായ ഒരതിഥി ഇപ്പോൾ വന്നുചേർന്നിട്ടുണ്ട് ; ഹോത്രവാഹനനെന്നാണ് രാജർഷിയായ അദ്ദേഹത്തിന്റെ പേർ.

അംബ :—എന്തേ പറഞ്ഞത് ? ഹോത്ര-ഹോത്രവാഹനനെന്നുതന്നെയോ ?

പിങ്ഗ :—അതേ ദേവി ! ആ നാമധേയം ദേവിയുടെ ഹൃദയത്തിൽ ഏതോ ഒരു മൃദുലവികാരത്തെ ഉദ്ദീപിപ്പിക്കുന്നതുപോലെ തോന്നുന്നുവല്ലോ.

Digitized By Kerala Sahitya Akademi

ചളി:—(അംബയോട്) ദേവി! ഈശ്വരൻ നമ്മെ പരിത്യജിച്ചിട്ടില്ല. ഈ സംഭവം കേവലം ആകസ്മികമാണെങ്കിലും ഇതിനടിയിൽ അവിടത്തെ കടാക്ഷവീക്ഷണം കാണ്മാനില്ലേ? (ഋഷികുമാരന്മാരോട്) നിങ്ങൾ പരിഭ്രമിക്കരുത്. ഈ കന്യക കാശിരാജ്യത്തിലെ അംബാദേവിയാണ്; ഞാൻ പരിചാരികയും. ഹോത്രവാഹനമഹാരാജാവ് ഈ കുമാരിയുടെ മാതാമഹനാണ്.

പിങ്ഗ:—ഓ! ശരി! ഞാൻ അകത്തുപോയി വിവരമറിയിക്കാം. അതിഥിദേവനാണ് ഞങ്ങളുടെ ആചാര്യൻ. തന്നിമിത്തം ഈ ആശ്രമത്തിൽ ആഗന്തുകന്മാർക്ക് എന്നും ഏതുസമയത്തും സ്വഭവനത്തെക്കാൾ അധികം സ്വാതന്ത്ര്യവും സുഖവും ലഭിക്കുന്നതിൽ ആശ്ചര്യപ്പെടാനില്ല.

(പോകുന്നു.)

ഹരി:—ഭവതിയുടെ ചരിത്രം ഞങ്ങൾ പലപ്പോഴും കേട്ടിട്ടുള്ളതാണ്.

അംബ:—എന്നെ നിങ്ങൾ വെറുക്കുന്നില്ലല്ലോ.

ഹരി:—വെറുപ്പോ? ശിവശിവ ആചാര്യൻ ആ കഥ പറയുമ്പോഴെല്ലാം അദ്ദേഹത്തിൻെറ തൊണ്ടയിടറാറുണ്ട്; കണ്ണു നിറയാറുണ്ട്; അദ്ദേഹം കോസലനേയും സാല്വനേയും ഭീഷ്മരേയും മുക്തകണ്ഠം അധിക്ഷേപിക്കാറുണ്ട്; ബ്രഹ്മാവിനേയും വിഷ്ണുവിനേയും ശിവനേയുംനിർദ്ദാക്ഷിണ്യമായിഅപവദിക്കാറുണ്ട്;

Digitized By Kerala Sahitya Akademi

ഭാരതവർഷം ഇത്രമാത്രം നിശ്ശേഷവും നിരാധാരവുമായിപ്പോയല്ലോ എന്നു നിരങ്കുശമായി പരിതപിക്കാറുണ്ടു്.

അംബ:— ദൂരസ്ഥമായ ഈ ഹരിദ്വാരത്തിലെങ്കിലും എന്നോടു സഹതപിക്കുവാൻ ഒരു മഹാമനസ്കൻ ജീവിക്കുന്നുണ്ടല്ലോ ലളിതേ! ഭൂതദയ ഭൂതകാലത്തിലെ ദയയെന്നാണു് ഞാൻ ഇതുവരെ കരുതിയതു്; അതല്ലെന്നു് ഇപ്പോൾ ബോധ്യമായി.

ശൈവാചാര്യനും ഹോത്രവാഹനനും പ്രവേശിക്കുന്നു. ഹോത്രവാഹനൻ ഓടി അംബയുടെ മുന്നിലെത്തുന്നു. അംബ നമസ്കരിക്കുന്നു. ഹോത്രവാഹനൻ അംബയെ കൈക്കുപിടിച്ചു എഴുന്നേല്പിച്ചു ശിരസ്സുതൊട്ടനുഗ്രഹിക്കുന്നു.)

ഹോത്ര:—ഓമനേ! എന്റെ പൊന്നോമനേ! അവിടെ നില്ക്കൂ. എന്റെ തങ്കക്കുടത്തെ ഞാനൊന്നു നേരേ കണ്ടു കോൾമയിർക്കൊള്ളട്ടെ.

അംബ:—വലിയച്ഛാ! എന്തൊരപ്രതീക്ഷിതമായ ലാഭമാണു് എനിക്കിതു്! അമ്മ കൂടെക്കൂടെ അവിടത്തെപ്പററി സ്മരിക്കും; പറയും; കരയും.

ഹോത്ര:—അതേ! കുഞ്ഞേ! വളരെക്കാലമായി ഞാൻ ഈ ഹിമവൽപ്രാന്തത്തിൽ താമസമുറപ്പിച്ചിട്ടു്. നാട്ടിലെ നാഗരികതയെ ഞാൻ മദിരയെക്കാൾ വെറുക്കുന്നു; അവിടത്തെ സംഭാഷണത്തെ ചൂതാട്ടത്തെക്കാൾ ഭയപ്പെടുന്നു. ആത്മശ്ലാഘികൾ, പരനിന്ദകർ, അസച്ചരിതർ, അശുദ്ധഹൃദയർ, ഇവരുടെയെല്ലാം

Digitized By Kerala Sahitya Akademi

സംഭ്രയസമുത്ഥാനമാണു് കുറേക്കാലമായി അവിടെ നടമാടുന്നതു്.

അംബ: —വലിയച്ഛൻ അനുഭവസാക്ഷിയായി പറയുന്ന താണു് ഈ പരമാൎത്ഥം.

ഹോത്ര:—എങ്കിലും എൻെറ ഇളമൈഥിലിനെ ഇവിടെ ഇങ്ങനെ കാണുമ്പോഠം, അന്യഥാ നിർമ്മമനും നിർ ബന്ധനും നിവ്വികാരനുമായ എനിക്കുപോലും എത്തെല്ലാമോ മധുരസ്മരണകഠം ഹൃദയത്തിൽ ഉറക്കമുണരുന്നു; കുതിച്ചു ചാടുന്നു; പതച്ചുപൊന്തുന്നു. വത്സേ! നിൻെറ സാന്നിധ്യം എന്നെ വീണ്ടും ഗൃഹസ്ഥനാക്കിയിരിക്കുന്നു. ഏതോ ഒരു പുതിയ ലോകത്തിലാണു് ഞാൻ ഇന്നു ജീവിക്കുന്നതു്. അളവില്ലാത്ത ആനന്ദം—ധൂമമില്ലാത്ത അഗ്നി—കളങ്കമില്ലാത്ത ചന്ദ്രബിംബം—അത്തരത്തിലുള്ള ഒരത്ഭുതവസ്തുവാണു് എനിക്കു് ഇപ്പോഠം പ്രത്യക്ഷീഭവിക്കുന്നതു്. നിന്നെ ഇവിടെ വച്ചു കാണാൻ ഇട വന്നതു് എൻെറ തപഃഫലമാണു്. ഇനി എനിക്കു കൃതകൃത്യനായി മരിക്കാം.

(അംബ എന്തോ പറയണമെന്നുദ്ദേശിക്കുന്നു. നാക്കു പൊങ്ങുന്നില്ല.)

ശൈഖാവത്യൻ:— ഈ കിടാങ്ങഠം വഴിനടന്നു വളരെ ക്ഷീണിച്ചിരിക്കുന്നു. നമുക്കെല്ലാം അകത്തുപോകാം. നിങ്ങളുടെ ഈ പുനസ്സമാഗമം എൻെറ ആശ്രമത്തിൽ വച്ചാണല്ലോ നടക്കുന്നതു്; ആയുകൊണ്ടു്

Digitized By Kerala Sahitya Akademi

എനിക്കും ചാരിതാൎത്ഥ്യത്തിന്ന് അവകാശമുണ്ട്. അംബ പാവം; പച്ചപ്പാവം. ഈശ്വര! ഏതെല്ലാം അനൎത്ഥപരമ്പരകളേയാണ് ഈ പിഞ്ചുപൈതലിന്ന ഹിമവാന്റെ കൊടുമുടികളെയെന്നപോലെ ചവിട്ടിച്ചവിട്ടി കേറിയുമിറങ്ങിയും കടന്നുപോകേണ്ടിയിരിക്കുന്നത്.

(എല്ലാവരും ആശ്രമത്തിലേക്കു പോകുന്നു.)

(യവനിക)

രംഗം 4

സ്ഥലം:—ശൈഖാവത്യന്റെ തപോവനത്തിലെ ഒരു വിജനപ്രദേശം.

സമയം:—സായങ്കാലം.

(ഹോത്രവാഹനൻ ചിന്താമഗ്നനായി ചുററിനടക്കുന്നു.)

ഹോത്ര:—(സ്വഗതം) എന്റെ പ്രിയസുഹൃത്തായ ഈ മഹൎഷിയുടെ അതിഥിയായി ഇവിടെ ഇന്നു വന്നുചേൎന്ന എനിക്കു പുതിയ സുഖവും പുതിയ ദുഃഖവും ഒന്നിച്ചുചേൎന്നു സ്വാഗതം നല്കുന്നു. രണ്ടും ഞാൻ പ്രതീക്ഷിച്ചിരുന്നതല്ല. എന്റെ ഓമനപ്പൈതലിനെ ദൈവം എവിടെനിന്നോ എന്റെ സന്നിധിയിലേക്ക് ആനയിച്ചു; ഞാൻ ഹൎഷോന്മത്തനായി. എന്നാൽ അതോടുകൂടിത്തന്നെ ആ കുഞ്ഞിന്നു തുടരെത്തുടരെ നേരിട്ട അത്യാഹിതങ്ങളെപ്പററിയും എനിക്ക് അറിയേണ്ടിവന്നു; ഞാൻ ശോകാകുലനു

Digitized By Kerala Sahitya Akademi

മായി. എന്തിനാണു് ദേവന്മാർ ഇങ്ങനെ പാലിൽ കൈപ്പും പൈന്തേനിൽ ഉപ്പും ചേർക്കുന്നതു്? എല്ലാം ഒന്നുതന്നെയാണെന്നു മനുഷ്യനെ മനസ്സിലാക്കാനായിരിക്കണം. ഏതായാലും ഞാൻ ഇപ്പോൾ ഒരു വൈഷമ്യത്തിൽ അകപ്പെട്ടിരിക്കുന്നു. എന്റെ പൌത്രിയല്ലേ അംബ? അവളെ ഇവിടെ ഈ അനാഥാവസ്ഥയിൽ തള്ളിവെച്ചു പോകുവാൻ എന്നെക്കൊണ്ടാവില്ല; അതു നിശ്ചയം തന്നെ. അവൾ ആർക്കാണു് പ്രീതിഭാജനമാകാത്തതു്! ആകൃതിക്കൊത്ത പ്രകൃതി; പ്രകൃതിക്കൊത്ത പ്രജ്ഞ; പ്രജ്ഞയ്ക്കൊത്ത പാണ്ഡിത്യം; ഉറച്ചമനോധൈര്യം; ഉജ്ജ്വലമായ ആത്മാഭിമാനം! നിയതി ആ സാധുവിനെ നിർദ്ദയമായി പരീക്ഷിക്കുകയാണു്. പിതാവിന്റെ ഗൃഹത്തിലേക്കു മടങ്ങണമെന്നു് അവളോടു് ഇവിടെ ചില മഹർഷിമാർ ഉപദേശിക്കുന്നു. ഹിംസ്രമൃഗങ്ങൾക്കു ഭക്ഷ്യമായാൽ അവയുടെ കൃതജ്ഞതയെങ്കിലും തനിക്കു സമ്പാദിക്കാമെന്നും തന്നെപ്പററി യാതൊരു വാത്സല്യവുമില്ലാത്ത മാതാപിതാക്കന്മാരുടെ മുഖദർശനം താൻ മേലൊരിക്കലും ആശിക്കുന്നില്ലെന്നും അവളും വാദിക്കുന്നു. അതു ശരിയല്ലേ? കാശി വിട്ടിറങ്ങിയതിൽ പിന്നെ കോസലനോ പത്മാവതിയോ അവളെപ്പററി അന്വേഷിച്ചിട്ടുണ്ടോ? പുകഞ്ഞ കൊള്ളിപോലെ അവളെ പുറത്തു തള്ളി അവർ ഇപ്പോൾ സുഖിക്കുകയാണു്. അതിനാണോ

Digitized By Kerala Sahitya Akademi

അച്ഛനമ്മമാർ കിടാങ്ങളെ ജനിപ്പിക്കുന്നതു്? മക്കളേ! പത്മാവതി! നീയുമിങ്ങനെയായിപ്പോയല്ലോ! അഥവാ; നിന്റെ ഭർത്താവിന്റെ നിഴൽ മാത്രമായ നിനക്കു സ്വാതന്ത്ര്യമെന്തു പറയുവാൻ എന്തുണ്ടു് ഒരു നില? അവിടെച്ചെന്നാൽ അയാൾ ദക്ഷൻ സതിയെയെന്നപോലെ അംബയെ അവമാനിക്കും; പകരം ചോദിക്കാൻ അവൾക്കൊരു പരമേശ്വരനുണ്ടോ എന്നാണെങ്കിൽ അതൊട്ടില്ലതാനും! എന്റെ ഓമനയെ ഭീഷ്മനും വേണ്ട, സാല്വനും വേണ്ട. അവർ രാമലക്ഷ്മണന്മാരും അവൾ ശൂർപ്പണഖയുമെന്നായിരിക്കാം അവരുടെ ഭാവം! ഇവിടെ ബ്രഹ്മവാദിനിയായി താമസിച്ചുകൊള്ളാമെന്നു് അംബ പറയുന്നുണ്ടെങ്കിലും ആ വാക്യം അവൾ ഉച്ചരിക്കുന്നതു് ക്ഷണികമായ നൈരാശ്യത്തിനു വിധേയയാകുക കൊണ്ടുമാത്രമാണു്; അല്ലാതെ മനസ്സിനു വൈരാഗ്യമോ പരിപാകമോ വന്നിട്ടല്ല. വിഷയസുഖത്തിന്റെ തിക്തത അനുഭവിച്ചുതന്നെ അറിയണം; അല്ലെങ്കിൽ അതു കാഞ്ഞിരപ്പഴംപോലെ കൺമായം കാട്ടിക്കൊണ്ടു് ആടിനെങ്ങും ആരേയും ആകർഷിക്കുകതന്നെ ചെയ്യും. എന്നുമാത്രമല്ല മലർമെത്തയുടെ പരുപരുപ്പുകൂടി പൊറുക്കുവാൻ കഴിയാത്ത അവളുടെ പിഞ്ചുകാലുകൾ എങ്ങനെ ഈ കാട്ടിലെ കല്ലും മുള്ളും ചവിട്ടും? പാൽകുടിച്ചു വളൎന്ന കുരുന്നു മേനി എങ്ങനെ പകലും രാവും പട്ടിണി കിടക്കും?

Digitized By Kerala Sahitya Akademi

ആടിയും, പാടിയും, അലങ്കരിച്ചും, അഹങ്കരിച്ചും നട ക്കേണ്ട വയസ്സന്ധിയിൽ ആ പാവം എങ്ങനെ അത്യന്തം കക്കശമായ അഷ്ടാംഗയോഗപദ്ധതി പരി ശീലിക്കും ? പോരാത്തതിനു വിവിധദേശങ്ങളിൽനി ന്നു വിവിധപ്രകൃതികളോടുകൂടി ഇവിടെ വന്നുചേൎന്നി ട്ടുള്ള അന്ധ്യേതാക്കളുടെ മദ്ധ്യത്തിൽ അവളെ താമ സിപ്പിക്കുന്നതിന് ആചാൎയ്യനും അല്പം വൈമനസ്യ മുണ്ട്. കതകടച്ച മുറിക്കകത്തുപോലും കടന്നുചെല്ലു ന്ന കാമദേവൻ; ആ താരുണ്യത്തിനിക്ക വീടും തുറന്നു വിളക്കുംവച്ച് എതിരേല്പും നടത്തി എണ്ണിയും ചാരി ക്കൊടുക്കുന്നതു വിവേകികളുടെ പരിപാടിയല്ല. പിന്നെയെന്താണ് ഇവിടെ ചെയ്യാവുന്നതു് ? (വീണ്ടുമാലോചിച്ച്) ഓ ! ആലോചനയുടെ അടിത്ത ട്ടിൽ ആണ്ടുപോയതുകൊണ്ടു ബഹിർല്ലോകമെന്നൊ ന്നുള്ള വസ്തുത തന്നെ ഞാൻ വിസ്മരിച്ചുപോയല്ലോ ! നാളെക്കാലത്തു ഭഗവാൻ ഭാർഗ്ഗവരാമൻ കൈലാസ പൎവ്വതത്തിൽനിന്നു മഹേന്ദ്രഗിരിയിലേക്കു മടങ്ങുന്ന വഴിക്ക് ഇവിടെ എത്തി ഒരു ദിവസം വിശ്രമിക്കു മെന്നു ശൈഖാവത്യൻ പറഞ്ഞില്ലേ ? ഭാർഗ്ഗവൻ എന്റെ ഒരു പഴയ സുഹൃത്താണ്. അദ്ദേഹത്തെ ക്കൊണ്ടു തൽക്കാലം അംബയുടെ ആലംബവും അസ്പൃഹവുമായിത്തീൎന്നിരിക്കുന്ന ഞാൻ അവൾക്കു വേണ്ടി വല്ലതും ചെയ്യിക്കാമോ എന്നു പരിശോധി ക്കട്ടെ. ആ ഒരു ഔഷധമേ ഈ രോഗത്തിനു കാണു

Digitized By Kerala Sahitya Akademi

ന്നുള്ളൂ. ഫലിച്ചാൽ ഫലിച്ചു. തനിസ്സത്യത്തിൻെറ വർണ്ണം ധവളമാണു്; അതിനു പകിട്ടു പോരായ്കയാൽ സത്യാഭാസത്തിൽ മുക്കി അല്പം നിറംകൊടുക്കേണ്ടി യിരിക്കുന്നു. രാജർഷിയായ എനിക്കു് അതു് അനു ചിതമാണെങ്കിലും രാജധർമ്മമെന്ന നിലയിൽ ഇവിടെ അനുഷ്ഠിക്കാതെ ഗത്യന്തരമില്ല. സർവേശ്വരൻ എൻെറ അപരാധം ക്ഷമിക്കുമാറാകട്ടെ.

(യവനിക)

രംഗം 5

സ്ഥലം :—വൈഖാവത്യൻെറ ആശ്രമം.

സമയം :—അപരാഹ്നം ഉദ്ദേശം : ഒരു മണി.

(ശ്രീപരശുരാമനും ഹോത്രവാഹനനും ആസനങ്ങളിൽ ഇരിക്കുന്നു)

ഹോത്ര:—മഹർഷേ! ഇതെനിയ്ക്കൊരു യദൃച്ഛാലാഭമാണു്. അവതാരപുരുഷനായ അവിടത്തെ ദർശനം എന്നെ സർവ്വഥാധന്യനാക്കിയിരിക്കുന്നു. മഹാപുരുഷന്മാരുടെ അവലോകനം, അനുശാസനം, ആശീർവാദം ഇവ എത്രവലരെ പൂർവ്വപുണ്യമുള്ള ഒരുത്തനും എളുപ്പത്തിൽ ലഭിക്കാവുന്നതല്ലല്ലോ.

പര :-രാജർഷേ ! എന്നോടും വേണമോ ഈ ഉപചാര വാക്കുകൾ? നമ്മുടെ പരോത്തരമായ സൗഹാർദ്ദം ഇന്നോ ഇന്നലെയോ ആരംഭിച്ചതാണോ ? എന്നെ അങ്ങു പ്രശംസിക്കത്തക്കവണ്ണം എനിക്കെന്താണു്

Digitized By Kerala Sahitya Akademi

ഒരു മേന്മയുള്ളതു്? രാജലക്ഷ്മിയുടെ വിലാസവിഭ്രമങ്ങളെ രാക്ഷസിയുടെ ബുഭുക്ഷാഗോഷ്ഠികൾപോലെ പരിഗണിച്ചു, ശിരോലങ്കാരമായ സാമ്രാജ്യകിരീടത്തെ ചരണധൂളിപോലെ തുടച്ചുതള്ളി, അംബരചുംബിയായ രമ്യഹർമ്മ്യത്തെ ശ്മശാനചൈത്യംപോലെ വിട്ടകന്നു്, ശമധനനായി, ആത്മതന്ത്രനായി, ഇവിടെ തപസ്സു ചെയ്യുന്ന അങ്ങെവിടെ? പർണ്ണശാലയിൽ ജനിച്ചു പർണ്ണശാലയിൽ വളൎന്നു പർണ്ണശാലയിൽ ജീവിതം നയിക്കുന്ന ഞാനെവിടെ?

ഹോത്രാ: —ഭഗവാനേ! അതു ഭങ്ഗിവാക്കാണു്; ആ ഭാരം താങ്ങാനുള്ള ശക്തി ഈ നരത്തലയന്റെ ചെവിക്കില്ല.

പര:—വാർദ്ധക്യത്തിൽ മുനിവൃത്തി കൈക്കൊള്ളുക എന്നതു് ഉത്തമക്ഷത്രിയന്മാരുടെ പരമധർമ്മങ്ങളിൽ ഒന്നാണു്. ഈ പർവ്വതസാർവ്വഭൗമൻ, ഗൗരീഗുരു, ഏതു മുമുക്ഷുവിനെയാണു് അഭീഷ്ടദാനംകൊണ്ടു് അനുഗ്രഹിക്കാത്തതു്! ഇവിടത്തെ ഔഷധികൾ ശരീരതാപത്തെയെന്നപോലെ ആശ്രമസ്ഥലങ്ങൾ ഹൃദയതാപത്തെ ഉന്മൂലനം ചെയ്യുന്നു. ഭാരതവർഷത്തിന്റെ സർവ്വതോമുഖമായ ഔന്നത്യത്തിനു ഹിമാലയം പ്രത്യക്ഷനിദർശനമാണു്. ഇതിനെ നമ്മുടെ മാതൃഭൂമിയുടെ വിജയോഷ്ണീഷമെന്നു് അഭിയുക്തന്മാർ വർണ്ണിക്കുന്നതിൽ എന്തനൗചിത്യമാണുള്ളതു്?

Digitized By Kerala Sahitya Akademi

ഹോത്രു:— അവിടന്ന പറഞ്ഞതു് അക്ഷരംപ്രതി പരമാൎത്ഥമാണെന്നുള്ള വസ്തുത എനിക്കും അനുഭവസിദ്ധമാണു്.

പര:— ബാല്യകാലത്തിൽ എനിക്കു് ഈ പൎവ്വതത്തിന്റെ ഓരോ ഭാഗവും സുപരിചിതമായിരുന്നു ; എന്റെ സഹപാഠി സുന്ദരനും ഞാനും ഇവിടെയെല്ലാം പല തവണയും സ്വച്ഛന്ദമായി വിഹരിച്ചിരുന്നു. അന്നത്തേതിൽനിന്നു വലിയ മാററമൊന്നും ഇന്നും ഒരിടത്തും കാണ്മാനില്ല. മനുഷ്യനെന്നപോലെ കാലത്തിനും ദുഷ്പ്രവേശമാണു് ഇവിടം. പിന്നീടു നിക്ക പോക്കില്ലാത്തതിനാൽ എനിക്കു പല സാഹസകൃത്യങ്ങളിലും ഏൎപ്പെടേണ്ടിവന്നു; അതിന്റെ ഫലമായി ഞാൻ ആൎജ്ജിച്ച ഭൂമിയെല്ലാം കശ്യപപ്രജാപതിക്കു് എന്റെ പാപഭാണ്ഡമെന്നപോലെ ദാനം ചെയ്തു. അതിനുശേഷം വരുണനോടു കുറേ ഭൂമി യാചിച്ചുവാങ്ങി അവിടെ മഹേന്ദ്രപൎവ്വതത്തിൽ അഹിംസാവ്രതനായി, സന്ന്യസ്തശസ്ത്രനായി ഇപ്പോഴും താമസിക്കുന്നു എന്നുള്ളതു് അങ്ങേയ്ക്കു് അറിയാമല്ലോ. എന്റെ ആചാൎയ്യനും അഭീഷ്ടദാതാവുമായ ഭഗവാൻ പിനാകപാണിയിൽനിന്നു് അത്ര ദൂരം അകന്നു ജീവിക്കേണ്ടിവന്നിരിക്കുന്നതിൽ നിന്നു തന്നെ ഞാൻ സംഭരിച്ച ദുരിതം ഭൂമിദാനം കൊണ്ടു മുഴുവൻ നശിച്ചിട്ടില്ലെന്നു് എനിക്കു ബോദ്ധ്യമായിരിക്കുന്നു. ഏതായാലും അവിടെനിന്നു ആണ്ടിലൊരി

Digitized By Kerala Sahitya Akademi

ക്കലെങ്കിലും കൈലാസത്തെക്കുപോയി എന്റെ—എന്നെന്തിന്ന പറയുന്നു? — സകലചരാചരങ്ങളുടേയും ആചാൎയ്യനായ ആ സൎവ്വജ്ഞനെ നമസ്കരിച്ചു വിടവാങ്ങിപ്പോരികയാണു് ഇപ്പോൾ ഞാൻ ചെയ്യുന്നതു്.

ഹോത്രാ:— മഹൎഷേ! അവിടത്തെ ആ സൎവ്വസമൎപ്പണം— സൎവ്വസംഗപരിത്യാഗം— മഹാവീരാപദാനം— ആരാണു് കേട്ടിട്ടില്ലാത്തതു്? ആരെയാണു് പുളകമണിയിക്കാത്തതു്?

പര:— ഞാനെന്തുചെയ്തു? പശുവിനെക്കൊന്നു ചെരിപ്പുദാനം ചെയ്തു എന്നു വേണമെങ്കിൽ പറയാം. എന്റെ ഭഗവാനോ? അവിടുന്നെന്തു ചെയ്യുന്നു? ഭക്തനായ കുബേരനെ ധനാധിപനായി വാഴിച്ചു താൻ ഗജചൎമ്മംകൊണ്ടു തൃപ്തിപ്പെടുന്നു. അലങ്കാരത്തിന്നു് ആഭം വെറുക്കുന്ന കുറേ പാമ്പുകൾ; അംഗരാഗത്തിന്നു് ആൎക്കും അറയ്ക്കുന്ന കുറേ ചുടലച്ചാമ്പൽ; ധാരണത്തിന്ന വാസനയില്ലാത്ത കുറേ വില്വദലങ്ങൾ; പരിചൎയ്യയ്ക്കു വിരൂപങ്ങളായ കുറേ ഭൂതങ്ങൾ! അമൃതമഥനത്തിലെ ആ സംഭവം തന്നെ ഒന്നോൎത്തുനോക്കു! ദേവേന്ദ്രന്ന കിട്ടിയതു് അപ്സരസ്സുകളും അമൃതകുംഭവും; മഹാവിഷ്ണുവിന്ന ലഭിച്ചതു ലക്ഷ്മീഭഗവതിയും കൌസ്തുഭരത്നവും. എന്റെ ഗുരുദേവനോ? ദാഹശമനത്തിന്ന കുറേ കാളകൂടവിഷം! ഇങ്ങനെയൊരു ആദായവിഭജനം ലോകത്തിൽ

Digitized By Kerala Sahitya Akademi

എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ ? അതാണ് ത്യാഗം; അത്തരത്തിലുള്ളതാണ് പരാൎത്ഥജീവിതം. എങ്കിലും ഈശ്വരനെന്നും മഹേശ്വരനെന്നും പരമേശ്വരനെന്നും ഉള്ള നാമധേയങ്ങൾ ഉച്ചരിച്ച് ലോകം ഇന്നും ആരാധിക്കുന്നതു് ഏതൊരു ദേവനെയാണു് ? തന്തിരുവടിയെത്തന്നെ. അവിടത്തേക്കും ഐശ്വൎയ്യത്തിനും തമ്മിൽ മലരിനും മണത്തിനുമെന്നപോലെയുള്ള ആ സമവായസംബന്ധം ആൎക്കു്, എങ്ങനെ, വേർപെടുത്താൻ സാധിക്കും ?

ഹോത്രു :—എനിക്കു കൈലാസത്തിൽ പോയി ഭഗവാനെ വന്ദിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ഓരോ ദിവസവും ഞാൻ എൻെറ മനോരഥത്തിൽ അതുവരെ യാത്ര ചെയ്യുന്നു എന്നേയുള്ളൂ.

പര :—അടുത്ത കുറി ഞാൻ വരുമ്പോൾ അങ്ങയെക്കൂടെ കൊണ്ടുപോകാം. കൈലാസവും മാനസസരസ്സും സന്ദൎശിക്കാത്ത മനുഷ്യരുടെ ജന്മം ശോചനീയം തന്നെ. അച്ഛസ്ഫടികസങ്കാശമായ ആ ജലാശയം ദുഗ്ദ്ധസമുദ്രത്തിൻെറ സൂക്ഷ്മപ്രതിമയാണു്. ബ്രഹ്മാവു് മനസ്സുകൊണ്ടു നിൎമ്മിച്ച ആ ദിവ്യവാപിയെ രാജഹംസങ്ങൾ വൎഷാരംഭത്തിൽ പോയി വത്സരംതോറും വന്ദിക്കുന്നതു തങ്ങളുടെ ക്രടസ്ഥനെ വാഹനമാക്കിയ സ്വാമിയോടുള്ള ഭക്തിയെ ആ വിധത്തിലും പ്രദൎശിപ്പിക്കുന്നതിനായിരിക്കണമെന്നേ ഭാവനാകുശലന്മാൎക്കു തോന്നുകയുള്ളൂ. അങ്ങോ ഒരു രാജ

Digitized By Kerala Sahitya Akademi

ഹംസമല്ലേ? കൈലാസത്തിന്റെ മാഹാത്മ്യം വാചാമഗോചരമാണെന്നു പറയേണ്ടതില്ലല്ലോ. ദേവലോകത്തിന്റെ യശസ്സ് അതിലേ ഐരാവതത്തിലും ഉച്ചൈശ്ശ്രവസ്സിലുമാണു് പ്രതിഷ്ഠിതമായിരിക്കുന്നതെങ്കിൽ, ഭൂമിയുടേതു് ആ ശൈലശൃംഗത്തിലാണു്!—അചഞ്ചലം—അത്യുന്നതം—സന്ന്യാസിവിഗ്രഹംപോലെ സർവ്വശുക്ലം - സഹസ്രാനസഹസ്രം ചന്ദ്രബിംബങ്ങളുടെ സമാഹാരം പോലെ സന്താപഹരം. എന്നാൽ ഈ ഹിമവൽപാർശ്വത്തിലും ആനന്ദലബ്ധിക്കു മാർഗ്ഗമില്ലെന്നു പറയാവുന്നതല്ല. ഇവിടെ ഹരിദ്വാരത്തിൽക്കൂടി പ്രവഹിക്കുന്ന മധുരശീതളയായ ഗംഗയിൽ ഞാൻ ഇന്നു സ്നാനം ചെയ്തു. മററു നദികളിലെ മജ്ജനം ബാഹ്യശൗചത്തിനുമാത്രം ഉതകുന്നു; എന്നാൽ ഭാഗീരഥിയിലെ സ്നാനം അതോടുകൂടി അന്തശ്ശുദ്ധിയേയും പ്രദാനം ചെയ്യുന്നു. അഥവാ എന്റെ ഗുരുദേവന്റെ ജടാജൂടത്തിൽനിന്നു ലോകസേവനത്തിനായി താഴോട്ടിറങ്ങി ശോഭനമായ രീതിയിൽ സ്വധർമ്മാനുഷ്ഠാനം ചെയ്തു, കൃതകൃത്യയായി, ഫേനഹാസിനിയായി, പുരോഗമനം ചെയ്യുന്ന ആ ദേവിയുടെ അപ്രതിമവും അപരിമേയവുമായ പ്രഭാവത്തിന്റെ കണികപോലും വാഴ്ത്താൻ ഏതു ബൃഹസ്പതിയെക്കൊണ്ടു കഴിയും? വെറുതേയല്ല ആചാര്യൻ ഗംഗയെ ശിരസ്സിൽവെച്ചു ലാളിക്കുന്നതു്. അതു

Digitized By Kerala Sahitya Akademi

കൊണ്ടും എന്റെ പ്രിയശിഷ്യന്റെ മാതാവാണെന്നുള്ളതുകൊണ്ടും എനിക്ക് ആ ദേവിയുടെ പേരിൽ അസാമാന്യമായ പ്രതിപത്തിയുണ്ട്. ഇന്ന് സ്നാനം ചെയ്തുകൊണ്ടിരുന്നപ്പോൾ ഞാൻ ദേവവ്രതനെ സ്മരിച്ചു; എന്റെ ആനന്ദബാഷ്പംകൊണ്ട് നദിയിലെ ജലം അല്പമൊന്നു പെരുകിയിരിക്കണം. എന്റെ ദേവവ്രതൻ— കേട്ടില്ലേ സൃഞ്ജയ! അയാളെപ്പററി?

ഹോത്ര :— ദേവവ്രതൻ — അവിടത്തെ ദേവവ്രതൻ— അതായതു ഹസ്തിനപുരത്തിലെ ഭീഷ്മർ—അദ്ദേഹത്തെപ്പററി ചിലതു ഞാൻ മുൻപുതന്നെ കേട്ടിരുന്നു; ഇന്നലെയുമിന്നുമായി വേറെയും ചിലതു കേൾക്കുകയുണ്ടായി.

പര :—അയാൾ തന്റെ മാതാവിനും എനിക്കും അഭിമാനകരമായ ജീവിതമല്ലേ നയിക്കുന്നതു്? അയാളുടെ കീർത്തി ഉത്തരോത്തരം ഉൽകൃഷ്ടത്തെയല്ലേ പ്രാപിക്കുന്നതു്?

ഹോത്ര :—അവിടുന്നു കൈലാസത്തിൽ പോയി അവിടത്തെ ഗുരുദേവനെ വന്ദിക്കുന്നതുപോലെ അദ്ദേഹം മഹേന്ദ്രത്തിൽവന്നു് അവിടത്തെയും വന്ദിക്കാറില്ലേ?

പര :—കുറേക്കാലമായി വരാറില്ല. അതിനെന്തു്? അന്തഃകരണത്തിലല്ലേ ഗുരുഭക്തി വേണ്ടതു്? അതു് അയാൾക്കു പൂർണ്ണമായുണ്ടു്. സഞ്ചാരത്തിനു വല്ല സൌകര്യലോപവുമുണ്ടായിരിക്കാം.

Digitized By Kerala Sahitya Akademi

ഫോത്ര :— ആരോഗ്യസമ്പന്നനും, സ്വാധീനവിഭവനും, കുടുംബഭാരവിമുക്തനുമായ ഒരാൾക്ക് ആചാര്യനെ ഒരിക്കൽ സന്ദർശിക്കാൻ അത്ര വലിയ അസൌകര്യമോ? ആരു കണ്ടു? അങ്ങനെയും വരാം.

പര :— അസൌകര്യമില്ലെങ്കിൽ അയാൾ നിശ്ചയമായും വന്നിരിക്കും. ശിഷ്യന് ആചാര്യനെന്നു പറയുന്നതു് ആരാണ്? പിതാവിനെക്കാൾ വലിയ പിതാവാണ്. പിതാവിന്റെതു കേവലം ജന്മദാനം; ആചാര്യന്റെതു വിദ്യാദാനവും. പിതാവു ജനിപ്പിക്കുന്ന ദ്വിപാത്തായ ഒരു മൃഗത്തെ ആചാര്യൻ ബ്രഹ്മസാക്ഷാൽകാരത്തിനുപോലും അധികാരിയായ പുരുഷനായി വികസിപ്പിക്കുന്നു. ആ തത്വമെല്ലാം അയാൾക്കു നല്ലപോലെ അറിയാം.

ഫോത്ര :— അറിയില്ലെന്നു് ആരെങ്കിലും പറയുമോ?

പര :— ദേവവ്രതനു കുടുംബഭാരമില്ലെന്നുള്ളതു ശരിതന്നെ. എന്നാൽ അത്തരത്തിലുള്ള ഒരാൾക്കു വാസ്തവത്തിൽ എന്താണു് സംഭവിക്കുന്നതെന്നു് എനിക്കു സ്വാനുഭവത്തിൽനിന്നു പറയാൻ കഴിയും. ലോകം മുഴുവൻ അവന്റെ കുടുംബമായിത്തീരുന്നു; അതിലെ ഓരോ വ്യക്തിക്കും വേണ്ടി ത്രികരണങ്ങളെക്കൊണ്ടും പ്രയത്നിക്കാൻ അവൻ നിർബദ്ധനാകുന്നു. ആർക്കും ഏതുകാലത്തും അവന്റെ മേൽ അവകാശമുണ്ടെന്നു കരുതുകയും അതു ചോദിച്ചുവാങ്ങാൻ ഉദ്യമിക്കുകയും ചെയ്യാം. അതുകൊണ്ടു് ഗൃഹസ്ഥനല്ലെ

Digitized By Kerala Sahitya Akademi

ങ്കിലും ദേവവ്രതന് ഗൃഹം വിട്ടു വെളിയിൽ സഞ്ചരിക്കാൻ നിർവാഹമില്ലെന്നു വരാം; അങ്ങനെയാണ് വരേണ്ടതും.

ഹോത്ര :—അദ്ദേഹം കുറേക്കാലത്തിനു മുമ്പു കാശീവരയ്ക്കും പോയിരുന്നതായി അവിടുന്നു കേട്ടുവോ എന്തോ ?

പര :—കേട്ടില്ല. പോയെങ്കിലെന്ത് ? വിശ്വനാഥനെ ഭജിക്കാനായിരിക്കും. അതിൽനിന്ന് അയാളൊരു ശിവഭക്തനാണെന്നു വരുന്നു; അതിനേക്കാൾ എന്താണ് എനിക്ക് ആനന്ദപ്രദമായി ഒന്നുള്ളത് ? വിശ്വനാഥൻ അയാളുടെ പ്രാചാര്യനമാണല്ലോ. എത്ര ഉത്തമനായ ഒരു ശിഷ്യനായിരുന്നു ദേവവ്രതൻ എന്ന് അങ്ങു ധരിച്ചിട്ടില്ലല്ലോ. അയാളെ ധനുർവേദമാണ് ഞാൻ അഭ്യസിപ്പിച്ചത്. ആ അഭ്യാസം സാങ്ഗോപാങ്ഗവും സരഹസ്യവുമാണെന്നു ജനങ്ങൾ വിശ്വസിക്കുന്നു. എന്നാൽ അവർ കണ്ടുവോ അയാളുടെ വാസനയുടെ തെളിച്ചവും ബുദ്ധിയുടെ കയററവും ? അയാൾ എന്നിൽനിന്നോ ഞാൻ അയാളിൽനിന്നോ അധികം പഠിച്ചതെന്ന് എനിക്ക് ഇനിയും നിശ്ചയം വന്നിട്ടില്ല. സ്കന്ദൻ ചിലപ്പോൾ എന്നോടു പറയാറുണ്ട് തന്നേക്കാൾ അസ്ത്രവിദ്യാവൈദഗ്ദ്ധ്യം എനിക്കാണെന്ന്; അതിന് ഉപോദ്ബലകമായി ആ ദേവസേനാനി ഉപന്യസിക്കുന്നതു ഭീഷ്മനെ പഠിപ്പിക്കാനുള്ള യോഗം എനിക്കു സിദ്ധിച്ചുള്ള

വല്ലോ എന്നുമാണു്. അതേ! ഞാൻ എന്റെ ശിഷ്യോത്തമനിൽ അസാമാന്യമായ അഭിമാനം കൊള്ളുകതന്നെ ചെയ്യുന്നു. അങ്ങു് അയാളുടെ അപദാനങ്ങളെപ്പറ്റി അല്പമെങ്കിലും വർണ്ണിച്ചുകേൾപ്പിക്കുന്നതു് എനിക്കു തികച്ചും ശ്രവണാമൃതമായിരിക്കും. എന്താണു് അയാളെപ്പററി കേട്ടതു്?

ഹോത്രു:—വിശേഷിച്ചൊന്നുമില്ല.

പര:—എങ്കിലും—

ഹോത്രു:—എനിക്കു വലിയ ശാസ്ത്രജ്ഞാനമൊന്നുമില്ലെങ്കിലും ആരുടേയും—പ്രത്യേകിച്ചു് ആരാധ്യനായ ഒരു സുഹൃത്തിന്റെ സുഖസ്വപ്നത്തിനു ഭംഗം വരുത്തുന്നതു് അനുചിതമാണെന്നറിയാം.

പര:—പറയൂ സൃഞ്ജയ! എന്തിനാണു് ഈ വളച്ചുകെട്ടും വ്യംഗ്യപ്രസ്ഥാനവും?

ഹോത്രു:—ഒരു കാലത്തു ദേവവ്രതൻ അവിടേക്കു് അഭിമാനഹേതുകമായ ജീവിതം തന്നെയാണു് നയിച്ചിരുന്നതു്. പിതാവിനു വേണ്ടി ശ്രീയേയും സ്ത്രീയേയും ഒന്നിച്ചു പരിത്യജിച്ചു ഭീഷ്മനെന്ന ബിരുദം നേടി; ദേവന്മാർ പുഷ്പവൃഷ്ടി ചെയ്തു.

പര:—അതു ചെയ്യേണ്ടതല്ലേ അവർ? അങ്ങനെയൊരാൾ ഏതു കാലത്തെങ്കിലും ഭൂമിയിൽ ജീവിച്ചിരുന്നിട്ടുണ്ടോ? പൂരു, പൂരു എന്നു നാം ഒരു രാജാവിനെ പുകഴ്ത്താറുണ്ടല്ലോ. അദ്ദേഹമെന്തു ചെയ്തു? യയാ

Digitized By Kerala Sahitya Akademi

തിയുടെ ഒട്ടുവിലത്തെ മകനാകയാൽ അദ്ദേഹം കിരീടാവകാശിയല്ലായിരുന്നു. അച്ഛന്റെ ജരയേയും, അതോടുകൂടി അഗ്രജന്മാരെ ബഹിഷ്കരിപ്പിച്ചു രാജ്യലക്ഷ്മിയേയും, സ്വായത്തമാക്കി; കുറേക്കഴിഞ്ഞപ്പോഴ് ആ സമ്പത്തികളിൽ ജ്യേഷ്ഠയെ വീണ്ടും അച്ഛനു ദാനം ചെയ്തു. അതോ ത്യാഗം ദേവവ്രതന്റേതോ ?

ഹോത്ര :— ദേവവ്രതന്റേതു തന്നെ. കുറേക്കാലം ആയുധം തൊടാതെ, സ്ത്രീയെന്ന ശബ്ദം എവിടെയെങ്കിലും ഒന്നു കേട്ടുപോയാൽ ചെവിയും പൊത്തി ധർമ്മിഷ്ഠനായി, സർവ്വസമ്മതനായി, കാലയാപനംചെയ്തു.

പര :—എന്നിട്ടോ ?

ഹോത്ര :—ഈയിടയ്ക്ക് ആളൊന്നു മാറീട്ടുണ്ട്. എന്നും ഒരു മനുഷ്യന് ഒന്നുപോലെയിരിക്കാൻ സാധിക്കുന്നതല്ലല്ലോ.

പര :—എന്താണ് മാററം ?

ഹോ :—സന്ന്യാസം ചെയ്ത ഭീഷ്മർ ഇന്നു കിരീടം ധരിക്കാതെ, സിംഹാസനത്തിലിരിക്കാതെ, ഇപ്പോഴത്തെ ഹസ്തിനപുരചക്രവർത്തിയായ തന്റെ അനുജൻ വിചിത്രവീര്യന്റെ മറയിൽനിന്നുകൊണ്ടു സാമ്രാജ്യം ഭരിക്കുന്നു. ലാഭത്തിനെല്ലാം കാരണഭൂതൻ താൻ; നഷ്ടത്തിനൊക്കെയും ഉത്തരവാദി അനുജൻ; അങ്ങനെയാണു കൂട്ടുകച്ചവടം.

Digitized By Kerala Sahitya Akademi

പര :—ആപൽകാലങ്ങളിൽ അനുജനെ സഹായിക്കുക എന്നുള്ളതു ജ്യേഷ്ഠന്റെ കത്തവ്യമല്ലേ? സദുപദേശങ്ങൾകൊണ്ടും മററും അനുജനെ സതതോത്സാഹിയാക്കുക എന്നുള്ളതു ജ്യേഷ്ഠന്റെ ധർമ്മപരിധികളിൽപ്പെട്ടതല്ലേ ?

ഹോത്ര :—സദുപദേശമല്ല, സമരാസക്തി. ശസ്ത്രപാണിയായി, സാഹസികനായി, എവിടെയും ചെന്നു ജനങ്ങളെ ഭയപ്പെടുത്തുന്നു. പുരുഷന്മാരെ മാത്രമാണെങ്കിൽ അതു വളരെക്കാലമായി കെട്ടപെട്ടുകിടന്ന കൈത്തരിപ്പിന് ഒരു നിഷ്ക്രമണമാർഗ്ഗമാണെന്നു സമ്മതിക്കാമായിരുന്നു. പ്രഹരണങ്ങളുടെ പ്രായോഗികവിജ്ഞാനം ദീർഘകാലത്തെ അഭ്യാസലോപത്താൽ വിസ്മൃതമായിപ്പോകരുതെന്നുള്ള ഉദ്ദേശശുദ്ധിയാണ് അതിനു പ്രേരണം നല്കിയതെന്നുപോലും കരുതി സമാധാനപ്പെടാമായിരുന്നു.

പര :—എന്നാൽ പ്രകൃതത്തിൽ ? എന്തു പററി ? അതു പറയൂ !

ഹോത്ര :—അതിഥികളുടെ കൂട്ടത്തിൽ അവിടുന്ന് ദൂരത്തായി ഒരു യുവതിയെ കണ്ടില്ലേ ?

പര :—കണ്ടു.

ഹോത്ര :—കണ്ടിട്ട് അവിടത്തേക്ക് എന്തു തോന്നി ?

പര :—ആ പെൺകുട്ടി ഏതോ മർമ്മഭേദകമായ ഒരു വിഷാദത്തിൽപ്പെട്ടു നട്ടംതിരിയുന്നു എന്നും അവളുടെ ഭാവി അന്ധകാരമയമാണെന്നും തോന്നി. സുകുമാരി

Digitized By Kerala Sahitya Akademi

യായ ആ കുമാരി ഒരു രാജകന്യകയാണെന്നും ഞാൻ ഊഹിക്കാതെയിരുന്നില്ല. സമീപകാലത്തിൽ അവൾ പരിണീതയാണെന്നും ദയാഹീനമായ ദൈവം ഭർത്താവിനെ ഉത്തരക്ഷണത്തിൽത്തന്നെ അവളിൽ നിന്ന് എന്നെന്നേക്കുമായി അപഹരിച്ചു എന്നും കൂടി ഞാൻ ശങ്കിച്ചു.

ഹോത്ര :—(കണ്ണുനീർ പൊഴിച്ചുകൊണ്ടും തൊണ്ടയിടറിക്കൊണ്ടും) ഭഗവാനേ! അവൾ എൻെറ മകളുടെ മകളാണ്. കാശിരാജാവു കോസലൻെറ പത്നിയാണ് എൻ്റെ പുത്രി പത്മാവതി; അവളുടെ മൂത്തമകളാണ് ആ കുമാരി; അംബയെന്നാണു പേർ.

പര :—രാജർഷേ! അങ്ങയ്ക്കു ഇത്രവളരെ വയസ്സായിട്ടും, ഇത്രകാലമായി ഈ തപശ്ചര്യയെന്ന അസിധാരാവ്രതം അനുഷ്ഠിച്ചിട്ടും, പിന്നെയും പ്രപഞ്ചത്തിൻ്റെ നശ്വരതയെപ്പററി വേണ്ടപോലെ അറിവാൻ ഇട വന്നിട്ടില്ലെന്നോ? ഹർഷത്തിൽ ആഹ്ലാദിക്കയും ശോകത്തിൽ ദുഃഖിക്കയും ചെയ്യുന്നതു പശുധർമ്മചാരികളായ പാമരന്മാരുടെ ലക്ഷണമല്ലേ? വധൂവരന്മാരെ സംഘടിപ്പിക്കുന്ന ശക്തിക്ക് അവരെ വിഘടിപ്പിക്കാനും കഴിയും. അപരിഹാര്യമായ ഏതു സന്താപത്തേയും ആത്മവീര്യത്തോടുകൂടി അഭിമുഖീകരിക്കണം; ശസ്ത്രംകൊണ്ടു് അജയ്യനായ ശത്രുവിനെ സഹനംകൊണ്ടു ജയിക്കണം. വിധവയായിപ്പോയോ ആ പൈതൽ!

Digitized By Kerala Sahitya Akademi

ഹോത്ര :—വിധവയല്ല, എങ്കിലും വിധവയാണെന്നു പറയാം. ഒരു പുരുഷൻ അവളെ പാണിഗ്രഹണം ചെയ്തു; പരിഗ്രഹിക്കാൻ വിസമ്മതിച്ചു. അതുകൊണ്ടു് ഏതാണു് അംബയുടെ ഇപ്പോഴത്തെ നില എന്നു് എനിക്കു പരിച്ഛേദിച്ചു പറയാൻ നിവൃത്തിയില്ലാതെയിരിക്കുന്നു.

പര :—(ക്രുദ്ധനായി) പാണിഗ്രഹണം ചെയ്തു! പരിഗ്രഹിക്കാൻ വിസമ്മതിച്ചു!! ആ ഹിംസ്രമൃഗത്തേയും പുരുഷശബ്ദംകൊണ്ടു വ്യപദേശിക്കാമെന്നു കരുതിയ അങ്ങയുടെ മഹാമനസ്കതയെ ഞാൻ അഭിനന്ദിക്കുന്നു. എന്നെക്കൊണ്ടു് അതു് ഒരിക്കലും സാധ്യമല്ല. ആരാണു് ആ പാപി?

ഹോത്ര :—പറയാമോ ഭഗവാനേ? അവിടത്തെ കണ്ടിട്ടു് എന്റെ മനസ്സു പതറുന്നു. അവിടത്തെ കണ്ണിൽനിന്നു തീപ്പൊരി തെറിക്കുന്നു. പറയട്ടെ മഹർഷേ! കോപിക്കരുതേ! ഞാൻ അവിടത്തെ ആജ്ഞയെ അനുസരിക്കുന്ന ഒരു കിങ്കരനാണെന്നു കരുതി എന്റെ അപരാധം ക്ഷമിക്കണേ! പറയാം.

പര :—അങ്ങല്ലല്ലോ ആ പാപി; പിന്നെയെന്താണു് പറയാൻ ഇത്ര പരുങ്ങൽ?

ഹോത്ര :—പറയാം, മഹാത്മാവേ! അതു മററാരുമല്ല. ഭീ—ഭീഷ്മൻ; അങ്ങയുടെ പ്രിയശിഷ്യൻ ദേവ—ദേവവ്രതൻ.

Digitized By Kerala Sahitya Akademi

പര :—(കൈകൊണ്ടു് കണ്ണുതുടച്ചു്)– എന്തു പറഞ്ഞു സൃഞ്ജയ? എന്റെ ഭീഷ്മൻ—അങ്ങയുടെ മകളുടെ മകളെ — എന്തേ പറഞ്ഞതു്?— പാണിഗ്രഹണം ചെയ്തു എന്നോ? അതു് അസത്യമാണു്; അസംഭാവ്യമാണു്; അങ്ങയുടെ ചെവിയിൽ ഈ കെട്ടുകഥ ഏതു അസൂയാലു—ഏതു, അപവാദകുതുകിയാണു് ഊതിക്കേററിയതു്? ഉറങ്ങിക്കിടന്ന എന്റെ കഠാരം ഉണർന്നെഴുന്നേററിരിക്കുന്നു; അതിന്റെ പിപാസ ഞാൻ അവന്റെ കണ്ഠരക്തംകൊണ്ടു ശമിപ്പിക്കും. പറയൂ.

ഹോത്ര :—എന്റെ ദൌഹിത്രി തന്നെയാണു്. അതിലധികം എന്തു തെളിവു വേണം.

പര :— ആ പെൺകിടാവു്— അവളാണോ പറഞ്ഞതു്? എന്നാൽ അതു മറെറാരു ഭീഷ്മനായിരിക്കണം. ഏതോ ഒരു ദുഷ്ടൻ തന്റെ ഭീകരചര്യകൊണ്ടു ഭീഷ്മനെന്ന ബിരുദം സ്വായത്തമാക്കിയതായിരിക്കണം.

ഹോത്ര :— അല്ല. വേണമെങ്കിൽ ശൈഖാവത്യനോടു ചോദിക്കാം. ഭീഷ്മന്റെ ഈ ധർമ്മഭ്രംശം ഇന്നു് എവിടെയും അങ്ങാടിപ്പാട്ടായിട്ടുണ്ടു്.

പര: അപ്പോൾ അതിനാണോ ദേവവ്രതൻ കാശിയിലേക്കു പോയതു്?

ഹോത്ര :—അങ്ങനെ വേണ്ട നിർണ്ണയിക്കാൻ? അവിടെ എന്റെ മൂന്നു ദൌഹിത്രിമാരുടേയും സ്വയംവര

Digitized By Kerala Sahitya Akademi

മഹോത്സവം നടക്കുകയായിരുന്നു. ആ അവസരത്തിൽ അനാഹൂതനായി വിവാഹവേദിയിൽ കടന്നുചെന്ന ഭീഷ്മൻ സകലരാജാക്കന്മാരേയും പേടിപ്പെടുത്തി ആ കിടാങ്ങളുടെ കൈക്കു കേറിപ്പിടിച്ച് അവരെ ഹസ്തിനപുരത്തേക്കുകൊണ്ടുപോയി; അവിടെ ഇളയ കുട്ടികൾ രണ്ടിനേയും അനുജനെക്കൊണ്ടു വിവാഹം ചെയ്യിച്ചു. അംബ ഒരു ധീരയായതുകൊണ്ട് അവളോട് ആ വിദ്യ പററിയില്ല. അവൾ അവിടംവിട്ടു താൻ മനസ്സുകൊണ്ടു മുൻപുതന്നെ വരിച്ചിരുന്ന സാല്വരാജാവിനെ ചെന്നുകണ്ടു; ഭീഷ്മന്റെ കരസ്പർശംകൊണ്ടു ദൂഷിതയായിപ്പോകുകയാൽ തനിക്കു വിവാഹയോഗ്യയല്ലെന്ന് അദ്ദേഹം വാദിച്ചു; തിരിയെപ്പോയി ഭീഷ്മനോടു ഭർത്താവാകാൻ പ്രാർത്ഥിച്ചപ്പോൾ നൈഷ്ഠികബ്രഹ്മചാരിയായ തനിക്കു ദാരസംഗ്രഹണം പാടുള്ളതല്ലെന്ന് അദ്ദേഹം ശഠിച്ചു. മാതാപിതാക്കന്മാരും ബന്ധുജനങ്ങളും അവളെ നിശ്ശേഷം പരിത്യജിച്ചിരിക്കുന്നു; പരകളത്രപ്രായയായ അവളെ പരിഗ്രഹിക്കാൻ ഇന്നു യാതൊരു ക്ഷത്രിയനും സന്നദ്ധനല്ല. അങ്ങനെ ആ പാവത്തിൻെറ ജന്മം പാഴിലായി; അവളെ കണ്ടാൽ ചിലർ കണ്ണടയ്ക്കുന്നു; മററു ചിലർ കൈകൊട്ടിച്ചിരിക്കുന്നു; വേറെ ചിലർ കൂട്ടംകൂടിനിന്നു വേണ്ടാതനങ്ങൾ പറഞ്ഞു വിനോദിക്കുന്നു. മഹാഷേ അവൾ വിധവയായാലെന്ത്? മരിച്ചാലെന്ത്? അതി

Digitized By Kerala Sahitya Akademi

നെല്ലാം പൊരുതിയുണ്ടായിരുന്നു. എന്നാൽ ഈ അവമാനഭാണ്ഡം—ഇതേതു പർവ്വതം താങ്ങും? ഈ കളങ്കപങ്കം—ഇതേതു സമുദ്രം ക്ഷാളിക്കും?

പര:—മതി സൃഞ്ജയ! അപ്പോൾ—ഞാനൊന്നു മനസ്സിരുത്തട്ടെ—ദേവവ്രതൻ— അയാൾതന്നെ എന്നാണല്ലോ അങ്ങെനിക്ക് ഉറപ്പുതരുന്നത്—ദേവവ്രതൻ-വീണ്ടും ശസ്ത്രം ഗ്രഹിച്ച് — ആ ശസ്ത്രംകൊണ്ടു തൻെറ ചിരന്തനമായ ബ്രഹ്മചര്യനിയമത്തെ ആദ്യമായി ചിത്രവധംചെയ്ത് — നിരങ്കുശനായി, നിർല്ലജ്ജനായി — കാശിരാജാവിൻെറ കന്യാദാനമണ്ഡപത്തിൽ —എൻെറ ഗുരുദേവനായ വിശ്വാമിത്രസ്വാമിയുടെ സന്നിധാനത്തിൽ—വലിഞ്ഞുകേറി —അന്യാന്തരക്തയായ ഒരു യുവതിയെ കരസ്പർശംകൊണ്ടു ദൂഷിതയാക്കി–ഒടുവിൽ അവളെ വിവാഹം ചെയ്യാതെ പുറങ്കാൽകൊണ്ടു തൊഴിച്ചു വെളിയിലിറക്കി വഴിയാധാരമാക്കി —സ്വഗൃഹത്തിൽ ഞെളിഞ്ഞിരുന്നു പണ്ടത്തേപ്പോലെ ധർമ്മമൂർത്തിയെന്നു ജയഡിണ്ഡിമംമുഴക്കി–ലോകത്തെ വ്യാമോഹിപ്പിക്കുന്നു! എന്നല്ലേ ഞാൻ മനസ്സിലാക്കേണ്ടതു സൃഞ്ജയ? എന്തേ അയാൾ ഇങ്ങനെ ചെയ്യുവാൻ? ഭ്രാന്തില്ലല്ലോ അയാൾക്ക്?

ഹോത്ര:—ഭ്രാന്തെന്ന ശബ്ദത്തിൻെറ സങ്കുചിതാർത്ഥത്തിലാണെങ്കിൽ ഇല്ല; വ്യാപകാർത്ഥത്തിലാണെങ്കിൽ ഉണ്ട്. അദ്ദേഹത്തിൻെറ സ്ഥിതിയെന്താണ്? ശത്രു

Digitized By Kerala Sahitya Akademi

വിന് ആവില്ല ജയിക്കാൻ; ശ്രാദ്ധദേവന് ആവില്ല സമ്മതം വാങ്ങാതെ സമീപിക്കാൻ. അങ്ങനെ ഇഹലോകത്തേയും പരലോകത്തേയും ഭയപ്പെടണമെന്നില്ലാത്ത ഒരാൾക്ക്, താൻ വച്ചതു ചട്ടം, ചെയ്തതിരിപ്പ്, എന്നു കാണുമ്പോൾ സ്വാഭാവികമായി വരാവുന്ന ഒരു മഹാരോഗമാണ് മദോന്മാദം. അതിന്റെ ആവിർഭാവത്തിൽ താൻ വളരെക്കാലമായി അനുഷ്ഠിച്ചുവന്ന ആത്മസംയമനം ആർക്കുവേണ്ടി അററംവരെ തുടരണം, ദാമ്പത്യാനന്ദം എന്തിനുവേണ്ടി എന്നെന്നേക്കുമായി ത്യജിക്കണം, എന്നും മററും ന്യായമായി തോന്നാവുന്നതാണ്. അതാണു കാമഭ്രാന്ത്. ആ ഭ്രാന്തു ഭീഷ്മന് അംബയുടെ കരം സ്പർശിക്കുമ്പോൾ അതിന്റെ പരമകാഷ്ഠയെ പ്രാപിച്ചിരുന്നിരിക്കണം. അല്ലെങ്കിൽ അത്ര പരസ്യമായി അദ്ദേഹത്തെപ്പോലെയുള്ള ഒരു വയോവൃദ്ധൻ ആ ഗോഷ്ഠി കാണിക്കുമായിരുന്നുവോ ? കാലം ആ വിഷം അല്പമൊന്നു താഴോട്ടിറക്കിയപ്പോൾ കണ്ണു തുറന്നു സാധു ; കാര്യം അപകടമായെന്നു കണ്ടു. അനാഥയായ ഒരബലയല്ലേ മുൻപിൽ നില്ക്കുന്നതു ? ആട്ടിയോടിച്ചു ; കഥയും കഴിഞ്ഞു. ഭീഷ്മനും ഒരു മനുഷ്യനാണെന്നും മനുഷ്യസഹജങ്ങളായ മനോവൈകല്യങ്ങളിൽ നിന്ന് അത്രവളരെയൊന്നും ഉയർന്നു നില്ക്കാൻ അദ്ദേഹത്തിനും സാധിക്കുന്നതല്ലെന്നുമേ ആ ദയനീയമായ സ്വധർമ്മഭ്രംശത്തിന് അർത്ഥമുള്ളു. താൻ മന

Digitized By Kerala Sahitya Akademi

ഷ്യനല്ലെന്നു നടിക്കുന്നതിലേയുള്ള ആശ്ചര്യം; തന്റെ പ്രവൃത്തിയുടെ ഫലം താൻ അനുഭവിക്കുകയില്ലെന്നു ശഠിക്കുന്നതിലേ ഉള്ള അന്യായം.

പര :—അങ്ങു പറയുന്നതെല്ലാം പരമാൎത്ഥമാണെങ്കിൽ പ്രായശ്ചിത്തമില്ലാത്ത ഒരു പാതകം തന്നെയാണ് ദേവവ്രതൻ ആചരിച്ചിരിക്കുന്നതു്. അതിന്റെ ഫലം അയാൾ അനുഭവിച്ചുകൊള്ളും.

ഹോത്രാ :—ആ സമാധാനം ആൎക്കുമുണ്ടു്. എന്നാൽ അവിടുന്നു നിൎദ്ദേശിച്ച ഭയങ്കരമായ അനുഭവം ഏതു യുഗത്തിൽ, ഏതു ലോകത്തിൽവച്ചാണു് ഈശ്വരൻ അദ്ദേഹത്തെക്കൊണ്ടു് അനുഭവിപ്പിക്കാൻ പോകുന്നതു്? അതാണു് ഇവിടെ സങ്ഗതമായ പ്രശ്നം.

പര :—അത്യുൽകടമാണു് ഈ മഹാപാപം; അതുകൊണ്ടു് ഇതിന്റെ ഫലം അയാൾ ഈ ജന്മത്തിൽ ഈ ഭൂമിയിൽ വച്ചുതന്നെ, അനുഭവിച്ചേ മതിയാകൂ.

ഹോത്രാ :—അനുഭവിക്കും—ഒരാൾ അനുഭവിപ്പിക്കാനുണ്ടെങ്കിൽ. ഈശ്വരൻ ഭൂമിയിൽ നേരിട്ടിറങ്ങിവന്നു ദുഷ്ടരെ ശാസിക്കാറില്ല; അവിടത്തേക്കു മനുഷ്യരൂപത്തിൽ ഒരു പ്രതിനിധി ആ കാൎയ്യത്തിനു വേണം; അതിനാണു് രാജാക്കന്മാരെ സൃഷ്ടിച്ചിരിക്കുന്നതു്. അവൎക്കു് ആ ധൎമ്മം അനുഷ്ഠിക്കാൻ ശക്തിയില്ലെങ്കിൽ അവരുടെ വൃത്തി ബ്രാഹ്മണർ സ്വീകരിക്കണം. നിഗ്രഹാനുഗ്രഹവൈഭവമുള്ള ബ്രാഹ്മണർ ഇന്നു ലോകത്തിൽ എത്ര പേരുണ്ടു്? അവരിൽത്തന്നെ

Digitized By Kerala Sahitya Akademi

എത്രപേക്ക ഭീനാദാനത്തിൽ അഭിരുചിയുണ്ട് ? അവരിലും ഭീഷ്മനെ ബാധിക്കത്തക്ക പ്രഭാവം ആക്കെങ്കിലുമുണ്ടോ ? ഇല്ല—ഒരൊററ വ്യക്തിയെ ഒഴിച്ച്. അതവിടുന്നല്ലാതെ മററാരുമല്ല താനും. അവിടേക്ക ചിരംജീവിത്വം ലഭിച്ചിരിക്കുന്നതു തപശ്ശക്തിയുടെ മാത്രമാണോ ? അല്ല ആണെങ്കിൽ അവിടുന്ന് എന്തിന് അന്യക്കെല്ലാം ദുജ്ജയനായിരുന്ന കാത്തവീയ്യനേയും ആ ചക്രവത്തിയുടെ വംശത്തേയും നാമാവശേഷമാക്കി? ഇക്കാലത്തും അവിടുന്നുള്ളപ്പോൾ അധർമ്മം തല പൊക്കുകയില്ലെന്നു ലോകം ദൃഢമായി വിശ്വസിക്കുന്നു.

പര :—എന്റെ അന്നത്തേയും ഇന്നത്തേയും നിലകൾക്കു തമ്മിൽ വളരെ വ്യത്യാസമുണ്ട്. ആയുധപ്രയോഗം അവസാനിപ്പിച്ചു എന്നു ശപഥം ചെയ്യതിനു മേലാണ് ഞാൻ മഹേന്ദ്രത്തിൽപോയി തപസ്സുചെയ്യുവാൻ തുടങ്ങിയതു്.

ഹോത്ര :—അങ്ങനെ ശപഥംചെയ്യുമ്പോൾ ഇങ്ങനെ ലോകത്തിൽ ഒരു സംഭവം നടക്കുമെന്ന് അവിടുന്നു കരുതിയിരിക്കുകയില്ലല്ലോ.

പര :—ഇല്ല ; അത്രയ്ക്കു വിലക്ഷണമാണ് ഈ സംഭവം.

ഹോത്ര :—അങ്ങനെയാണെങ്കിൽ ആ ഉത്സർഗ്ഗത്തിന് ഒരപവാദമായി ഇതിനെ ഗണിച്ചു കത്തവ്യമനുഷ്ഠിക്കണം. ധർമ്മസംസ്ഥാപനത്തിനു ശക്തിയുണ്ടായിരുന്നിട്ടും അതു പ്രയോഗിക്കാതിരിക്കുന്നതു് ഒരു ഗൌരവ

Digitized By Kerala Sahitya Akademi

വമേറിയ കൃത്യവിലോപമല്ലേ? അതു് അവിടത്തേക്കു ശോഭനമാണോ?

പര:—എങ്കിലും—എങ്കിലും ഈ കാൎയ്യത്തിൽ അപരാധി, എന്റെ—എന്റെ ദേവവ്രതനാണു്. ഒരു തവണയെങ്കിലും എനിക്കു ക്ഷമിക്കണം; ഞാൻ ക്ഷമിക്കും.

ഹോത്രൂ:—എന്നാൽ ക്ഷമിക്കുക. ആ ക്ഷുദ്രമത്സ്യത്തെ തിമിംഗിലമാക്കിയതു് അവിടുന്നാണു്. അതു ലോകസമുദ്രത്തിൽ നിർബ്ബാധമായി ഹിംസാവിഹാരം തുടൎന്നു സകലജീവരാശികളേയും ഭക്ഷിച്ചു് ഏമ്പക്കമിട്ടുകൊള്ളട്ടെ.

പര:—ഞാനെന്തു വേണമെന്നാണു് അങ്ങു നിർബ്ബന്ധിക്കുന്നതു്?

ഹോത്രൂ:—എനിക്കു് അവിടത്തെ നിർബ്ബന്ധിക്കാൻ എന്താണവകാശം? നിങ്ങൾ തമ്മിലുള്ള ഗാഢമായ ഗുരുശിഷ്യബന്ധത്തെ ഭേദിക്കുന്നതിനാണു് ഞാൻ ഉദ്യമിക്കുന്നതെന്നു് അവിടുന്നു തെറ്റിദ്ധരിക്കരുതു്. പക്ഷേ മാനവസമുദായത്തിന്റെ മഹാനിധിയാണു് അവിടത്തെ സദ്യശസ്സു്; സൂൎയ്യബിംബത്തെക്കാൾ ഉയൎന്നു സ്വയംപ്രകാശമായി മിന്നിത്തിളങ്ങുന്ന ഒരു ജ്യോതിസ്സാണു് അവിടുന്നു്; അവിടത്തെ ദൃഷ്ടിയിൽ ആ യശസ്സിനു് ഒരു ഹിമബിന്ദുവിന്റെ ആയുർദ്ദൈൎഘ്യവും ആകൃതിപരിമാണവുമേ ഉള്ളൂ എന്നെനിക്കറിയാം. എന്നാൽ ഞങ്ങൾക്കു് അതൊരു ശാശ്വതമായ ഹിമശൈലമാണു്. അതു് അവിക

ലമായി, അപങ്കിലമായി, പരിലസിക്കണമെന്നു ആശിക്കാൻ ഞങ്ങൾക്കു് അവകാശമുണ്ടു്. അതുകൊണ്ടുമാത്രമാണു് അല്പമൊന്നു് അവിടത്തെ ശിഷ്യന്റെ അത്യാചാരത്തെപ്പററി ഉപന്യസിച്ചുപോയതു് അതു് അനുശാസനമല്ല, അഭ്യർത്ഥനയല്ല; ഉദ്ദേശശുദ്ധിയോടുകൂടിയ ഒരു വാസ്തവപ്രസ്താവനാമാത്രം. തള്ളണമെങ്കിൽ തള്ളാം; കൊള്ളണമെങ്കിൽ കൊള്ളാം.

പര:—രാജർഷേ! അങ്ങു് അസംഗതമായി എന്തെല്ലാമോ നിവേദനം ചെയ്യുന്നു. ചോദിച്ചതിനുത്തരം പറയുന്നുമില്ല.

ഹോത്ര:—പറയാം. ഈ അത്യാഹിതങ്ങൾക്കെല്ലാം നിദാനഭൂതനായ ഭീഷ്മനെക്കൊണ്ടു് അദ്ദേഹം ആരംഭിച്ചു് ഇടയ്ക്കുവച്ചു മുടക്കിയ അംബയുടെ പാണിഗ്രഹണം മംഗലമായി പര്യവസാനിപ്പിക്കണം.

പര:—(കുറേ ആലോചിച്ചിട്ടു്) ഇത്രമാത്രമല്ലേ അങ്ങേയ്ക്കു വേണ്ടു? അയാൾ അല്പമൊരു തടസ്സം പുറപ്പെടുവിക്കുമായിരിക്കും; അതു സാരമില്ല. ആ കാര്യം ഞാൻ ഏററു.

ഹോത്ര:—ഇത്രമാത്രം മതി.

പര:—എന്നാൽ എല്ലാം ഭദ്രമായി. എനിക്കു് ആയുധം സ്പർശിക്കേണ്ട; അങ്ങയുടെ ആശ ഫലിക്കും; ദേവവ്രതനു ഗുരുഭക്തി പ്രകടിപ്പിക്കുന്നതിനു് ഉത്തമമായ ഒരവസരം കിട്ടുകയും ചെയ്യും.

Digitized By Kerala Sahitya Akademi

ഹോത്ര :— അദ്ദേഹം പിതൃഭക്തിയിൽ വ്യതിചലിച്ചുവെങ്കിലും ഗുരുഭക്തനാണെന്നു തെളിയിച്ചാലും അദ്ദേഹത്തെ ലോകം മാനിക്കും.

പര :— അതിനെപ്പററി സംശയിക്കേണ്ടതില്ല. എനിക്കു ശ്രീപരമേശ്വരനിലുള്ളതിനെക്കാൾ പതിന്മടങ്ങു ഭക്തി അയാൾക്കു് എന്നിലുണ്ടു്.

ഹോത്ര :— ആവോ ? അതെല്ലാം കണ്ടറിയണം.

പര :— കാണാനൊന്നുമില്ല. പറയുന്നതാരു് ? ഗുരു. കേൾക്കേണ്ടതാരു് ? ശിഷ്യൻ. ആജ്ഞാപിക്കുന്നതാരു് ? പരശുരാമൻ. അനുസരിക്കേണ്ടതാരു് ? ഒരു ക്ഷത്രിയൻ. ആചാര്യവാക്യം അനുസരിക്കാത്ത ഒരു ശിഷ്യൻ ലോകത്തിലുണ്ടെങ്കിൽ അതാരെന്നറിയണം; ഭാർഗ്ഗവശാസനത്തിനു വഴിപ്പെടാത്ത ഒരു ക്ഷത്രബന്ധുവുണ്ടെങ്കിൽ അയാളുമായി ഏററുമുട്ടണം. ഇല്ല; അയാൾ എന്റെ ആജ്ഞ ശിരസാവഹിക്കും; അല്ലെങ്കിൽ ആ ഉല്ലംഘനം അയാൾക്കു് അന്യത്ര ആവർത്തിക്കാൻ ഇടവരികയില്ല.

ഹോത്ര :— എന്തോ ? ലോകത്തിൽ അങ്ങിങ്ങു് അപൂർവ്വമായി ചില സാഹസികളായ താന്തോന്നികളുണ്ടു്. എവിടെയും എടുത്തുചാട്ടം; എതിനും തർക്കോത്തരം ! അവരെ നേർവഴിക്കു കൊണ്ടുവരാൻ അന്തകനും സാധിക്കുമോ എന്നറിഞ്ഞുകൂടാ; മററാർക്കുമില്ലെന്നുള്ളതു നിശ്ചയം തന്നെ.

Digitized By Kerala Sahitya Akademi

പര :— അങ്ങനെയാണെങ്കിൽ ഞാനും അന്തകനാണ്— സാക്ഷാൽ ക്ഷത്രിയകുലാന്തകൻ. ഇരിക്കട്ടെ; ഞാനെന്താണ് അയാളോടു പറയാൻ പോകുന്നത്? താൻ ഒരിക്കൽ കരഗ്രഹണംകൊണ്ടു ദൂഷിപ്പിച്ച ഒരു രാജകന്യകയെ വീണ്ടും കരഗ്രഹണം കൊണ്ടു ദോഷവിമുക്തയാക്കണം എന്ന്. എന്നുമാത്രം. എന്തിന്? ആ കന്യകയുടെ ചാരിത്രത്തിന്; അയാളുടെ സദ്യശസ്സിന്; പ്രപഞ്ചത്തിന്റെ നിലനില്പിന്. അതിലെന്താണ് അനാശാസ്യമായുള്ളത്? എന്റെ ആചാര്യൻ പോലും അനുഷ്ഠിച്ച ഒരു കാര്യപരിപാടിയല്ലേ അത്? ദേവി ഭജിച്ചു; ഈശ്വരൻ അനുഗ്രഹിച്ചു; പകുതിശ്ശരീരം പങ്കുവച്ചുകൊടുത്തു, തന്റെ നെററിക്കണ്ണു ചുട്ടെരിച്ച മന്മഥനെ അദ്ദേഹത്തിന്റെ പൂവ്സിംഹാസനത്തിൽ വീണ്ടും ഏകച്ഛത്രാധിപതിയാക്കി വാഴിച്ചു. അങ്ങനെയുള്ള കാമദേവനെ മറന്നു സാമാന്യനായ ഒരു മനുഷ്യൻ എത്രച്ഛന്റെ കാമസമ്പൂത്തിക്കുവേണ്ടിയായാലും നിത്യബ്രഹ്മചാരിയുടെ വേഷം കെട്ടി ഞെളിയുകയോ? അഗതിയായ ഒരു പെൺകിടാവിന്റെ ഭാവിയെ അലങ്കോലപ്പെടുത്തുകയോ? അയാറം എന്റെ ഭഗവാനെ അധിക്ഷേപിക്കുന്നു. എന്നെ നിന്ദിച്ചാൽ ഞാൻ സഹിക്കും; എന്റെ ഭഗവാനെ നിന്ദിച്ചാൽ വെറുതേ വിടുമോ? വിടാമോ? പക്ഷേ ഞാനിതെല്ലാം വെറുതേ ശങ്കിക്കുകയാണ്; വേണ്ടാത്ത ഈ സങ്കല്പം വെണ്മഴു

Digitized By Kerala Sahitya Akademi

കൊണ്ടു മുയൽക്കൊമ്പു മുറിക്കുകയാണു്. എന്റെ കർത്തവ്യമെന്തെന്നു ഞാൻ കണ്ടുകഴിഞ്ഞു. സ്നേഹിതാ, വിളിക്കൂ അംബയെ.

(ഹോത്രവാഹനൻ വെളിയിൽപോയി അംബയോടുകൂടി പ്രവേശിക്കുന്നു. അംബ അധോമുഖിയായി നെടുവീർപ്പിട്ടു കൊണ്ടും അശ്രുധാരവാർത്തുകൊണ്ടും വരുന്നു.)

പര:—വത്സേ! വ്യസനിക്കേണ്ട. ഈ ലോകം അത്രയ്ക്കു് അനാഥമായിട്ടില്ല. ഭാർഗ്ഗവരാമൻ ഇനിയും മരിച്ചിട്ടില്ല. പണ്ടെങ്ങോ ഒരു കാലത്തു് എന്റെ പ്രിയശിഷ്യനും എന്നാൽ ഇന്നു് എന്റെ കീർത്തിഘാതിയുമായ ഭീഷ്മൻ നിമിത്തം വത്സയ്ക്കു സംഭവിച്ച ദുരിതങ്ങളെല്ലാം സൃഞ്ജയനിൽനിന്നു ഞാനറിഞ്ഞുകഴിഞ്ഞു.

അംബ:—(വസ്ത്രാഗ്രംകൊണ്ടു കണ്ണു തുടച്ചിട്ടു്) മഹാത്മാവേ! അനന്യശരണയായ ഒരു ബാലിക ഇതാ അവിടത്തെ പാദമൂലത്തിൽ ദണ്ഡനമസ്കാരം ചെയ്യുന്നു. അശ്രുതപൂർവമായ ഒരനീതിപാതമാണു് അവൾക്കു് അവിടത്തെ ആ ശിഷ്യനിൽനിന്നു് ഏല്ക്കുവാനുള്ള ദൗർഭാഗ്യമുണ്ടായതു്. മാനവും മര്യാദയുമുള്ള ഒരു യുവതിക്കു് അദ്ദേഹം നിമിത്തം ഈ ലോകത്തിലെങ്ങും ഒരഭയസ്ഥാനമില്ല. അവളെ ഒരിടത്തും പൊറുപ്പിക്കുകയില്ലെന്നുള്ളതാണു് ആ മഹാന്റെ നൂതനവ്രതം. പ്രാണാർപ്പണംകൊണ്ടു തൃപ്തിപ്പെടാനുള്ള ദയാർദ്രത കാലനുപോലുമുണ്ടു്; പാതിവ്രത്യാർപ്പണം വേണമെന്നു് അദ്ദേഹം ആരോടും നിർബന്ധിക്കുന്നില്ല. എന്നാൽ അവിടത്തെ ശിഷ്യനോ?

Digitized By Kerala Sahitya Akademi

പര :— അയാൾ എൻെറ ശിഷ്യനല്ല, ശാസ്യൻ.

അംബ :— സ്വാമിൻ !

പര :— മതി, എൻെറ പൈതലിനെ ഞാൻ രക്ഷിക്കും. ഞാൻ ക്ഷമിച്ചാലും ഈ അപരാധം എൻെറ കഠാരം ക്ഷമിക്കുകയില്ല. എൻെറ ഓമനയെ ഞാൻ ദേവവ്രതനെക്കൊണ്ടു പരിഗ്രഹിപ്പിക്കും.

അംബ :— അദ്ദേഹം അവിടത്തെ ആജ്ഞയ്ക്കു വിധേയനാകുമോ ?

പര :— ആയില്ലെങ്കിൽ എനിക്കു് ഒരു ക്ഷത്രിയനെക്കൂടി വധിക്കേണ്ടതായി വരും ; അല്ലാതെയെന്തു് ? പതിന്നാലു ലോകങ്ങളും ചാടിക്കടന്ന ജാംബവാന്നു് ഒരു പല്വലം ദുസ്തരമല്ല ; പതിന്നാലു ലോകങ്ങളും കബളീകരിച്ച പ്രളയാഗ്നിക്കു ഒരു വൈക്കോൽത്തുരുമ്പു തൊണ്ടയിൽ നില്ക്കുകയില്ല. അങ്ങനെ അറുതി വരാനാണു് അയാൾക്കു വിധിയെങ്കിൽ അതു് ആൎക്കു തടുക്കാം ? അത്തരത്തിലാണു് ഈ അധാർമ്മികതയുടെ പരിണാമമെങ്കിൽ അതും കൊള്ളാം. അപ്പോൾ ഞാൻ കുട്ടിയെ അനുരൂപനായ മറെറാരു വരനെക്കൊണ്ടു വേൾപ്പിക്കും. ആ ഭാരം എൻേറതാണു്. അംബയെ എൻെറ പ്രിയപുത്രിയായി ഇതാ ഞാൻ അങ്ഗീകരിക്കുന്നു. ഒന്നുകൊണ്ടും വ്യസനിക്കരുതെന്നു വീണ്ടും വീണ്ടും ഉറപ്പുതരുന്നു.

അംബ :— ഭഗവാനേ ! എനിക്കെന്തു വ്യസനമാണു് ? ലോകഗുരുവായ അവിടത്തെ അനുശാസനത്തെ അതി

Digitized By Kerala Sahitya Akademi

ലംഘിക്കുന്ന ഒരു ശിഷ്യാധമൻ എൻെറ ഭർത്താവാകാൻ യോഗ്യനല്ല. അങ്ങനെ സംഭവിക്കുന്ന വൈധവ്യം എനിക്കു് ഒരനുഗ്രഹമാണു്. വ്യസനമോ മഹർഷേ? എനിക്കെന്തുണ്ടു് പുതുതായൊരു വ്യസനം? പകലും രാവും എനിക്കതല്ലേ ഇപ്പോൾ ചരിയാനുള്ള തറ? ശ്വസിക്കാനുള്ള വായു? ഏതായാലും ലോകത്തിൻെറ പ്രതിഷ്ഠയ്ക്കു ചില ധർമ്മസേതുക്കൾ വേണം; അവയെ മദം പൊട്ടിയ കൊമ്പനെപ്പോലെ കുത്തിപ്പൊളിച്ചു കട്ടിച്ചോരാക്കി അഹങ്കരിക്കുന്ന ഒരു പുരുഷൻ ഏതു ഭീഷ്മനായാലും, ഏതു ഭീമനായാലും ആ നിമിഷത്തിൽ കഴിയണം അവൻെറ കഥ. അവനു സ്വേച്ഛപോലെ പിടിക്കാനുമെറിയാനുമുള്ള ഒരമ്മാനക്കായല്ല അവിവാഹിതയായ ഒരു സ്ത്രീയുടെ കൈത്തളിർ; അവൻെറ കാമദീപത്തിനു തിരിതെറുക്കാനുള്ള പഴന്തുണിയല്ല അവളുടെ ചാരിത്രം. അതൊന്നുമാത്രം അവൻ മനസ്സിലാക്കിയാൽ മതി; സത്യം ജയിച്ചു; ന്യായം തഴച്ചു; അങ്ങനെയൊരു പരിണാമം. വന്നാൽത്തന്നെ എൻ്റെ എളിയ ജീവിതം സഫലമായി. എൻെറ കഴുത്തിൽ വീഴുന്നതു വരണമാലയോ കാലപാശമോ എന്തുമായിക്കൊള്ളട്ടെ; രണ്ടും എന്നെ സംബന്ധിച്ചു മാത്രംനോക്കുമ്പോൾ എനിക്കു് ഒന്നുപോലെയാണു്.

പര:— (ക്രോധമൂർച്ഛയിൽ) ശരി, സൃഞ്ജയ! നമുക്കു നാളെക്കാലത്തുതന്നെ ഇവ കട്ടിയോടുകൂടി ഹസ്തിനപുര

Digitized By Kerala Sahitya Akademi

ത്തേക്കു പുറപ്പെടാം. ദേവവ്രതൻ ഇവളെ സ്വീകരിച്ചാൽ അനുഗ്രഹവർഷം; തിരസ്കരിച്ചാൽ അസ്ത്രവർഷം; രണ്ടും ഓരോ കയ്യിൽവച്ചുകൊണ്ടു ഞാൻ അങ്ങോട്ടു ചെല്ലുന്നു; അവയിൽ ഏതെങ്കിലുമൊന്ന് അയാൾക്കു യഥേഷ്ടം തിരഞ്ഞെടുക്കാം—അവശിഷ്ടമായ സുകൃതത്തിന്റെയോ അത്യാരൂഢമായ ദുഷ്കൃതത്തിന്റെയോ പ്രേരണ അനുസരിച്ച്—ഒന്നുകിൽ ദാമ്പത്യസുഖം; അല്ലെങ്കിൽ ശരീരനാശം!

(എല്ലാവരും പോകുന്നു)

(യവനിക)

അഞ്ചാമങ്കം

രംഗം 1

സ്ഥലം :— കുരുക്ഷേത്രം.

സമയം :— പ്രഭാതം — ഉദ്ദേശം ഏഴുമണി.

(കൈകൾ കൂപ്പിക്കൊണ്ടു വിനീതനായി ഭീഷ്മനും കയ്യിൽ വെണ്മഴു വിറപ്പിച്ചുകൊണ്ടു ക്രോധോജ്ജ്വലനായി ശ്രീപരശുരാമനും നില്ക്കുന്നു)

ഭീഷ്മ :— മഹാത്മാവേ! ഗുരുദേവ! ഇതാ! പ്രിയശിഷ്യൻ ദേവവ്രതൻ അങ്ങയെ അഭിവാദനംചെയ്യുന്നു. ഈയുള്ളവന്റെ പാദോപസംഗ്രഹം വാത്സല്യപൂർവം സ്വീകരിച്ച് ഇവനെ ആശീർവദിക്കണമേ. കാണ

Digitized By Kerala Sahitya Akademi

പ്പെട്ട ഈശ്വരനാണു് അവിടുന്നു് എനിക്ക് ; കര സ്ഥമായ ചിന്താരത്നമാണു് അവിടത്തെപ്പക്കൽ നിന്നു ഞാൻ നേടിയ അസ്ത്രവിദ്യ. ഭഗവൻ! ഭാർഗ്ഗവ! അങ്ങേയ്ക്കു വീണ്ടും വീണ്ടും നമസ്കാരം.

(പരശുരാമൻ തീപ്പൊരി ചിതറുന്ന കണ്ണുകളോടുകൂടി ഭീഷ്മനെ പലകുറി നോക്കി, പല്ലിറുമ്മുന്നു)

ഭീഷ്മ :—അവിടുന്നു് ആരുടെ നേക്കാ കോപിച്ചിരിക്കുന്ന തുപോലെ തോന്നുന്നുവല്ലോ. സകലചരാചരങ്ങളും അവിടത്തെ ഹിതാനുവർത്തനത്തിനു സന്നദ്ധങ്ങളാ യിരിക്കേ ഈ .വികാരപ്രകടനത്തിനു പ്രസക്തി യെന്തു് ?

പര :—എന്തേ ചോദിച്ചതു് ? പ്രസക്തിയെന്തെന്നോ ? ദേവവ്രത ! നീ സ്വപ്നലോകത്തിലോ ജാഗരലോക ത്തിലോ ജീവിക്കുന്നതു് ?

ഭീഷ്മ :—അവിടുന്നു് എന്നെത്തന്നെയാണു് കുറിച്ചുനോക്കു ന്നതു് ; അവിടത്തെ പരികം എൻെറനേരെ തന്നെ യാണു് വളഞ്ഞുവരുന്നതു്. ഇക്കുറി എൻെറ ആതിഥ്യം സ്വീകരിക്കുകയില്ലെന്നും ഞാൻ ഇവിടെ വന്നു കണ്ടുകൊള്ളണമെന്നും അവിടുന്നു് അനുശാ സിച്ചതായി അറിഞ്ഞു. ഇതാ ഇവിടെ വന്നു തൊഴു കയ്യോടുകൂടി നില്ക്കുന്നു അവിടത്തെ ദാസാനുദാസൻ —ഏതാജ്ഞയേയും അനുസരിക്കുവാൻ ; ഏതു കൈ ങ്കര്യവും അനുഷ്ഠിച്ചു കൃതകൃത്യനാകുവാൻ. അവി ടത്തെ പാവനമായ ജടാജൂടം ആദ്യമേ തന്നെ

Digitized By Kerala Sahitya Akademi

ഭീഷ്മ :— സാല്വനിൽ അനുരാഗവതിയെന്നു പറഞ്ഞു ഹസ്തിനപുരം വിട്ടുപോകാൻ അനുവാദം ചോദിച്ച ആ കുമാരിതന്നെയാണു് അത്തരത്തിലുള്ള ആ വിപത്തെല്ലാം അവളുടെ തലയിൽ വലിച്ചു വച്ചതു്. അല്ലെങ്കിൽ അവൾക്കു് എന്റെ അനുജന്റെ പട്ടമഹിഷിയെന്ന നിലയിൽ സൌഭാഗ്യപൂർണ്ണമായി ത്തന്നെ ജീവിതം നയിക്കാമായിരുന്നു.

പര :—ഓഹോ! അപ്പോൾ നിനക്കു് ഇക്കാര്യത്തിൽ യാതൊരു പങ്കും തെറ്റുമില്ലെന്നാണു് നിന്റെ ഭാവം! അല്ലേ? എന്റെ ശിഷ്യനാണെന്നുള്ള കീർത്തി കൊണ്ടു്, എന്റെ അസ്ത്രശിക്ഷണം നിമിത്തം സിദ്ധിച്ച പരാക്രമംകൊണ്ടു്, നീ ആ സ്വയംവരത്തിൽ സന്നിഹിതരായിരുന്ന സകല രാജാക്കന്മാരേയും കണ്ണുരുട്ടിക്കാണിച്ചു ഭയവിഹ്വലന്മാരാക്കി, അബലയായ ആ കന്യകയെ പാണിസ്പർശംകൊണ്ടു പതിതയാക്കി, ആ നാശഗർത്തത്തിൽനിന്നു് അവളെ സമുദ്ധരിച്ചു സഹധർമ്മിണിയാക്കേണ്ടതിനു പകരം, നിർമ്മാല്യപുഷ്പം പോലെ രഥ്യയിലേക്കു വലിച്ചെറിഞ്ഞു, കണ്ടവരെക്കൊണ്ടെല്ലാം ചവിട്ടിച്ചു കയ്യും കൊട്ടിച്ചിരിച്ചു നോക്കിക്കൊണ്ടിരുന്നു! അസഹായയായ ആ പെൺകിടാവിന്റെ മൃദുലഹൃദയം നീ തല്ലിത്തകർത്തു; അവളുടെ ആശാലതയിൽ ഇടിത്തീ വീഴ്ത്തി; ആ സുചരിതയുടെ ഭാവിജീവിതം മരുഭൂമിയാക്കി; ആ മാൻപേടയെ വേടനെപ്പോലെ നായാടി

Digitized By Kerala Sahitya Akademi

കൊല്ലാക്കൊലചെയ്തു; അവളുടെ ത്രിവർഗ്ഗപ്രാപ്തി
ക്കുള്ള കവാടം എന്നെന്നേക്കുമായി അടച്ചു; അവളെ
കുലടകൾക്കുപോലും ഗർഹ്യയായ കുലടയെന്നു് പരി
വാദലോലമായ ലോകത്തിനു പറഞ്ഞുപരത്താൻപഴ
ത്തുണ്ടാക്കി; അവളുടെ കണ്ണുനീരിൽ നിൻെറ മിഴി
കൾ കർപ്പൂരധാരയിൽ എന്നപോലെ മുഴുകി; അവ
ളുടെ വിലാപത്തിൽ നിന്റെ ചെവികൾ വീണാലാ
പത്തിലെന്നപോലെ നിർവൃതിനേടി. ഭയങ്കരം!
ബീഭത്സം! പൈശാചികം! എന്നിട്ടും ഏതു ലോക
ത്തിൽനിന്നോ ഈ നിമിഷത്തിൽമാത്രം വിമാനം
വഴിക്കു ഭൂമിയിൽവന്നിറങ്ങിയവനെപ്പോലെ എന്റെ
മുൻപിൽ നിന്നുകൊണ്ടു്, എൻെറ മുഖത്തുനോക്കി,
ഒരു വിശുദ്ധനായ നടൻെറ മട്ടിൽ, ഔദ്ധത്യം
അജ്ഞത അഭിനയിച്ചു, മര്യാദക്കാരനായി നില
കൊള്ളാൻ നീ ലജ്ജിക്കുന്നില്ല! ഈ ബകവ്രത
മാണു് നിൻെറ നിത്യാനുഷ്ഠാനം; ഇത്തരത്തിലുള്ള
യുവതികളുടെ മാനഭംഗമാണു് നിൻെറ നൈഷ്ഠിക
ബ്രഹ്മചര്യം! ദേവവ്രത! നീയിത്രയ്ക്കു് അധഃ
പതിച്ചുപോയല്ലോ!

ഭീഷ്മ:— ഗുരുദേവ! അങ്ങു് എന്നെ അകാരണമായി തെറ്റി
ദ്ധരിച്ചിരിക്കുന്നു; എൻെറ ഭാവശുദ്ധിയെപ്പററി
അകാരണമായി സംശയിച്ചിരിക്കുന്നു.

പര:— മതി നിൻെറ ഈ വാഗ്ജാലം! ഞാൻ വൃദ്ധനാ
ണെങ്കിലും എൻെറ വിവേചനശക്തി ഇനിയും

Digitized By Kerala Sahitya Akademi

നശിച്ചിട്ടില്ല. ശിഷ്യന്റെ സ്ഖലിതം ആചാര്യൻ ക്ഷമിക്കേണ്ടതു തന്നെ; എങ്കിലും അതിനുമുണ്ട് ഒരു സീമാരേഖ. ദേവവ്രത! നിനക്കൊരു വലിയ പ്രമാദം പററീട്ടുണ്ട്. കാലകാലന്റെ അന്തേവാസിയായ എന്നെ കാലൻ ഭൂമിയിൽനിന്ന് അപഹരിച്ചതായി നീ കരുതിയിരിക്കണം; വരുണഭഗവാൻ കേരളഭൂമി കാണിക്കവെച്ചു പ്രസാദിപ്പിച്ച എന്നെ അദ്ദേഹം പിന്നീടു തരം കിട്ടിയപ്പോൾ മുക്കിക്കൊന്നതായി നീ വിശ്വസിച്ചിരിക്കണം. ഇല്ല, ദേവവ്രത! നിന്റെ മുൻപിൽ നീ ഇപ്പോൾ കാണുന്നതു പഴയ പരശുരാമനെത്തന്നെയാണ്; വേറിട്ടൊരുത്തനെയല്ല. ഇതു് എന്റെ മാതാവായ ആർഷഭൂമിയാണ്. ഒരുകാലത്തു മഹർഷിമാരുടെ അഭ്യർത്ഥന നിമിത്തം ഞാൻ ശസ്ത്രന്യാസം ചെയ്തതു പരമാർത്ഥം തന്നെ. എങ്കിലും, ഏതു കാലത്തും, ഏതു പരിസരത്തിലും അനുഷ്ഠിക്കേണ്ട ചില കൃത്യങ്ങൾ എനിക്കുണ്ടെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. അധർമ്മമാകുന്ന വിഷവൃക്ഷം എവിടെയെവിടെ വളർന്നുയർന്നു വാച്ചുതഴയ്ക്കുന്നുവോ അവിടെയവിടെ എന്റെ വെണ്മഴുവിന്ന് അതിന്റെ മൂലച്ഛേദം വരുത്താതെ നീക്ക പോകില്ല. മേഘച്ഛന്നനായ മദ്ധ്യാഹ്നഭാസ്കരൻ അസ്തമിച്ചതായി നീ ധരിക്കരുതു്. ഉപരിതലത്തിലുള്ള ഭസ്മലേപം കണ്ടു് അടിക്കു കിടക്കുന്ന അഗ്നി ശമിച്ചുപോയതായി ഭ്രമിക്കരുതു്.

Digitized By Kerala Sahitya Akademi

ഭീഷ്മ :—സ്വാമിൻ! അവിടത്തെ ഏതു് അരുളപ്പാടും ശിരസാ വഹിക്കുവാൻ ഈ ശിഷ്യൻ ചുമതലപ്പെട്ടവനാണു്. ധർമ്മാത്മാവായ അവിടുന്നു ധർമ്മമല്ലാതെ മററൊന്നും അരുളിച്ചെയ്യുകയില്ലല്ലോ. അവിടത്തെ അനുശാസനമെന്തെന്നു കേൾക്കാൻ എൻെറ ചെവി വെമ്പൽ കൊള്ളുന്നു; ഗ്രഹിക്കാൻ ഹൃദയം പിടഞ്ഞുയരുന്നു.

പര :—ശരി! അങ്ങനെ നേർവഴിക്കു വരൂ! ദേവവ്രത! എനിക്കു നിന്നോടു് ആജ്ഞാപിക്കാനുള്ള കാര്യം ഒന്നുമാത്രമേയുള്ളു; രണ്ടാമതൊന്നില്ല. ഞാൻ അംബയെ എന്നോടുകൂടി ഇവിടെ കൊണ്ടുവന്നിട്ടുണ്ടു്. നീ എൻെറ ശിഷ്യനാണെങ്കിൽ—നീ തരാനുള്ള ഗുരുദക്ഷിണ ഇനിയും എനിക്കു തന്നിട്ടില്ലെന്നുള്ള വസ്തുത നിനക്കു് ഓർമ്മയുണ്ടെങ്കിൽ—ഈ കന്യകയെ പരിഗ്രഹിക്കണം. നീ വിതച്ച പഞ്ച നീ തന്നെ കൊയ്യണം; നീ കയററിയ വിഷം നീ തന്നെ ഇറക്കണം.

ഭീഷ്മ :—(ചെവിപൊത്തിക്കൊണ്ടു്) ഇതു് അവിടത്തെ നാക്കിൽനിന്നു തന്നെയാണോ പുറപ്പെട്ടതു്! അവിടത്തെ കഠാരംകൂടി ഇത്രമേൽ ക്രൂരമല്ലല്ലോ. ഞാൻ യാവജ്ജീവം ബ്രഹ്മചാരിയായി കാലയാപനം ചെയ്തുകൊള്ളാമെന്നു ദേവന്മാരും മനുഷ്യരും കേൾക്കേ പരസ്യമായി ചെയ്തിട്ടുള്ള ശപഥം അവിടുന്നു മറന്നുപോയോ? ആ ശപഥം ഇന്നും അഭങ്ഗുരമായി, അവ്യഭിചാരിയായി, നിലകൊള്ളുന്നു. ആചാര്യ! സ്ഥായി

Digitized By Kerala Sahitya Akademi

യല്ലാത്ത ഈ ലോകത്തിൽ സംഭാവ്യമല്ലാത്ത ഏതു കാര്യവും സംഭവിക്കാം. വായുവിനു പങ്ഗുതം പററാം; അഗ്നിയെ ശീതജ്വരം ബാധിക്കാം; ആകാശം നിലതെററി അടന്നു വീഴാം; ആദിത്യ ബിംബം മഞ്ഞുകട്ടിയായി ഉറയാം; ചന്ദ്രമണ്ഡലം ചെന്തീ ചൊരിയാം; സമുദ്രം മരുഭൂമിയാകാം; സകല ചരാചരങ്ങളും മൺമറയാം; എന്നാൽ ഒരെണ്ണത്തിനു മാററമെന്നൊന്നു് ഏതുകാലത്തും ഉണ്ടാകുകയില്ല—ഈയുള്ളവൻെറ ആ എളിയ ശപഥത്തിനു്. എൻെറ ഹൃദയത്തിൽ സ്പന്ദനമുള്ളിടത്തോളം—സിരകളിൽ രക്തം പ്രവഹിക്കുന്നിടത്തോളം—മസ്തിഷ്ക്കത്തിൽ പ്രജ്ഞ അവശേഷിക്കുന്നിടത്തോളം—ദേഹത്തിനും ദേഹിക്കും തമ്മിലുള്ള ബന്ധം നിലനില്ക്കുന്നിടത്തോളം—കാലം, ഇവൻ ആ വ്രതം, ഏതു ത്യാഗം അനുഷ്ഠിച്ചും, ഏതു അഗ്നിപരീക്ഷയെ അഭിമുഖീകരിച്ചും, ധീരനായി, പ്രശാന്തനായി, പരിപാലിക്കും.

പര:—അത്രദ്വാ മൂർഖാ! എന്നാൽ ആ അത്ഭുതം എനിക്കൊന്നു കാണണം! എന്തു പുലമ്പി നീ? നിൻെറ പ്രതിജ്ഞ പരിപാലിക്കുമെന്നു്! എങ്ങനെ? എൻെറ ആജ്ഞയെ തിരസ്കരിച്ചു്, എന്നെ തൃണീകരിച്ചു്! അല്ലേ? കൊള്ളാം! ഒരു ശിഷ്യൻ ഗുരുവിനോടു കാണിക്കേണ്ട ഭക്തി ഇങ്ങനെയിരിക്കണം! ഒരു ക്ഷത്രിയൻ ഭാർഗ്ഗവരാമനോടു പ്രദർശിപ്പിക്കേണ്ട

Digitized By Kerala Sahitya Akademi

അനുസരണത്തിന് ഇതുതന്നെയായിരിക്കണം മാതൃക! നീ എന്റെ അന്തേവാസിയായി കുറേക്കാലം താമസിച്ചിട്ടുണ്ടെങ്കിലും ഞാനാരെന്നു മനസ്സിലാക്കീട്ടില്ല; എന്റെ അപദാനപരമ്പരയുടെ സ്വരൂപമെന്തെന്ന് അശേഷം അറിഞ്ഞിട്ടില്ല!

ഭീഷ്മ:—ഈ ലോകത്തിൽ ആരാണ് അവിടത്തെ അപദാനങ്ങൾ അറിയാത്തത്? അത് അവിടത്തെ ആകാരം തന്നെ അസന്ദിഗ്ദ്ധമായി പ്രഖ്യാപനം ചെയ്യുന്നുണ്ടല്ലോ. ശിരസ്സിൽ തീജ്വാലപോലെയുള്ള ചെഞ്ചിട; നെററിയിൽ വിലങ്ങനെ നില്ക്കുന്ന ത്രിശൂലം പോലെയുള്ള വിഭൂതിപുണ്ഡ്രം; കഴുത്തിൽ രുദ്രാക്ഷമാല, മാർത്തടത്തിൽ ആയുധത്തഴമ്പുമാല; ഒരു കയ്യിൽ കമണ്ഡലു, മറേറക്കയ്യിൽ വെണ്മഴു. ജന്മനാ ബ്രാഹ്മണൻ, കർമ്മണാ ക്ഷത്രിയൻ; ശാന്തനെങ്കിലും രൌദ്രൻ; അഭിഗമ്യനെങ്കിലും അധൃഷ്യൻ; തപസ്വിയെങ്കിലും ഭാരുണൻ; ഒരു നിമിഷത്തിൽ അനുഗ്രഹമാണെങ്കിൽ അടുത്ത നിമിഷത്തിൽ അഭിശാപം; ശ്മശാനത്തിലെ ദേവാലയം! അഥർവ്വണവേദത്തിലെ ആഭിചാരമന്ത്രം!—അതാണ് അവിടുന്ന്. അവിടത്തെ അപദാനപരമ്പര എനിക്ക് അല്പവും അവിജ്ഞാതമല്ല.

പര:—ബാല്യത്തിൽ ഞാൻ ധനുർവേദം അഭ്യസിച്ചതു ഭഗവാൻ ശ്രീപരമേശ്വരനോടാണ്. ബാണത്തിനു തീക്ഷ്ണതയുണ്ടോ എന്നു പരിശോധിച്ചതു ക്രൗഞ്ച

Digitized By Kerala Sahitya Akademi

പൎവ്വതം പിളൎന്നാണു്; മല്പിടിത്തത്തിൽ ഏറ്റപ്പെട്ടതു ദേവസേനാനി എന്ന പേരിൽ പിന്നീടു പ്രസിദ്ധനായിത്തീൎന്ന സ്കന്ദനോടാണു്; സ്കന്ദനെ ഞാൻ അടി പെടുത്തിയപ്പോൾ ഓടിവന്നു് എന്നെ എടുത്തുമ്മ വച്ചു്, വിയൎപ്പു തുടച്ചു, എന്റെ മാറിടത്തിലെ മുറിവുകൾ ഭസ്മംപൂശി ഉണക്കിയതു് പ്രപഞ്ചജനനി യായ സാക്ഷാൽ പാൎവ്വതീദേവിയാണു്. അവിട ത്തേക്കു ഞങ്ങളുടെ പേരിലുള്ള വാത്സല്യം തുല്യമാ യിരുന്നു എന്നു പറഞ്ഞാൽ അതു പരമാൎത്ഥമായി രിക്കുകയില്ല; തന്റെ ഔരസപുത്രനെക്കാൾ അവിടു ന്നു് അധികം സ്നേഹിച്ചതു് എന്നെയാണു്. അന്നു് എനിക്കു പിനാകപാണി ആശീൎവാദപൂൎവ്വം സമ്മാ നിച്ചതാണു് ഈ കഠാരം. എനിക്കു് ഒരവസര ത്തിൽ എന്റെ ആ ഗുരുദേവനെ കാണേണ്ട ആവ ശ്യമുണ്ടായിരുന്നു; നടയിൽ നിന്നുകൊണ്ടു ഗജമുഖൻ എന്റെ പുരോഗതിക്കു വിഘ്നം വരുത്തി; കഠാരമെ റിഞ്ഞു ഞാൻ ആ ദേവന്റെ കൊമ്പുകളിൽ ഒന്നൊടിച്ചു; അന്നുമുതലാണു് അദ്ദേഹം ഏകദന്ത നായതു്. എന്നിട്ടും എന്റെ ആചാൎയ്യൻ എന്നെ അനുഗ്രഹിക്കുകമാത്രമേ ചെയ്തുള്ളൂ. അത്തരത്തിലുള്ള തായിരുന്നു അക്കാലത്തെ — ഇക്കാലത്തെയല്ല — ഗുരു ശിഷ്യബന്ധം. കാൎത്തവീൎയ്യന്റെ കരസഹസ്രമാകു ന്ന കൊട്ടങ്കാടു കരിഞ്ഞാമ്പലാക്കിയതാണു് എന്റെ ക്രോധാഗ്നി; അതു പിന്നീടു സകല രാജവംശ

Digitized By Kerala Sahitya Akademi

ങ്ങളിലും പടന്നു കത്തി! അവയെ നാമാവശേഷമാക്കി; അശരണകളായ വിധവകളുടെ അശ്രുധാരക്കു് അതിനു് ആശ്വാസകമായേ പരിണമിച്ചുള്ളു. പിന്നീട്ടു് ഇവിടെ— നാം ഇന്നു നില്ക്കുന്ന ഈ കുരുക്ഷേത്രത്തിൽത്തന്നെ— ഞാൻ അഞ്ചു സരസ്സുകൾ കുഴിച്ചു് അവയെ ക്ഷത്രിയരക്തംകൊണ്ടു നിറച്ചു് അതിൽ എനിക്കു് അലംഭാവം വരുന്നതുവരെ പിതൃതർപ്പണം ചെയ്തു. അവയുടെ സമാഹാരത്തെയാണു് സമന്തപഞ്ചകമെന്നു പറയുന്നതു്. അങ്ങനെ ആ സംവത്സരവഹ്നി ഒരു വിധത്തിൽ തൽക്കാലത്തേക്കു ശാന്തമായി. എന്റെ ഈ വിരിമാറിൽ നീ കാണുന്നതു ശസ്ത്രാഘാതംകൊണ്ടുണ്ടായിട്ടുള്ള പുൺവടുക്കളല്ല; വജ്രശിലയിൽകൊത്തീട്ടുള്ള പ്രശസ്തിരേഖകളാണു്. വിവരമില്ലാത്ത കുട്ടി! ആത്മഹത്യയ്ക്കൊരുങ്ങുന്ന കുട്ടി! കേട്ടുവോ നീ എന്റെ വീരവ്രതത്തിന്റെ ക്രൂരത?

ഭീഷ്മ:— ആദ്യം കുറേ കേട്ടു; പിന്നെ കേട്ടില്ല; കേൾക്കാൻ ക്ഷമയുണ്ടായില്ല. അവിടത്തേക്കും വേണമോ അർത്ഥശൂന്യമായ ഈ ആത്മപ്രശംസ? ആത്മശ്ലാഘയും ആത്മഹത്യയും അഭിന്നങ്ങളാണെന്നു് അവിടുന്നു ധരിച്ചിട്ടില്ലേ? എന്നിട്ടും എന്നെ ആത്മഘാതിയെന്നു് അവിടുന്നു് അപവദിക്കുന്നുവല്ലോ.

പര:— പേടികൊണ്ടായിരിക്കും നീ എന്റെ വാക്കു മുഴുവൻ കേൾക്കാത്തതു്? നീയാണോ എന്നോടു മല്ലിടാൻ വരുന്നതു്? താമരവളയംകൊണ്ടു മത്തഗജ

Digitized By Kerala Sahitya Akademi

ത്തെ തള്ളുന്നിത്താഴമാ ? കൊസ്സനുവള്ളത്തിൽ കേറി മറികടലിന്റെ മറുകര പററാമോ ? മൂഢാ ഞാനെന്തു പറയട്ടെ ?

ഭീഷ്മ :— ഞാൻ മല്ലിടുമെന്നു പറഞ്ഞില്ലല്ലോ ; പ്രതിജ്ഞ പാലിക്കുമെന്നു മാത്രമല്ലേ പറഞ്ഞുള്ളു ? എന്നെയോത്തല്ല, ആരാധ്യനായ എന്റെ പിതാവിനെ— അഭിജാതന്മാരായ എന്റെ പൂർവ്വപുരുഷന്മാരെ— അങ്ങയുടെ ഗുരുദേവന്റെ ശിരോലങ്കാരമായ എന്റെ കൂടസ്ഥനെ—സർവോപരി വിശ്വപാവനിയായ എന്റെ പ്രിയജനനിയെ—ഓത്തു് അവരുടെ അഭിമാനം ഞാൻ സംരക്ഷിക്കണം ; അവരുടെ പാരമ്പൎയ്യം എനിക്കു പുലത്തണം.

പര :— ഞാനും ചെയ്തിട്ടുണ്ടു് ഒരു ശപഥം— ആ കന്യകയെ നിന്നെക്കൊണ്ടു വേൾപ്പിക്കുമെന്നു്. ആ ശപഥം എനിക്കും നിറവേററണം.

ഭീഷ്മ :— ഭഗവാനേ ! അതു സാധ്യമല്ലെന്നു ഞാൻ ആവത്തിച്ചാവത്തിച്ചു് അറിയിച്ചുകൊള്ളുന്നു.

പര :— നീയും നിന്റെ വംശവും ! നീ അതിനെപ്പററി അത്രയൊന്നും എന്നോടു വമ്പു പറയേണ്ട ആവശ്യമില്ലായിരുന്നു. എനിക്കും ചിലതെല്ലാം അതിനെപ്പററി അറിയാം. സദ്വൃത്തത്തിനു തികച്ചും പേരും പെരുമയും പെററ ഒരു വംശം തന്നെയാണതു് ; സന്ദേഹമില്ല ! ആരാണു് അതിന്റെ കൂടസ്ഥൻ ? ചന്ദ്രൻ—സ്വാധ്വാദേവിയുടെ ജാരൻ. അദ്ദേഹത്തി

Digitized By Kerala Sahitya Akademi

ന്റെ മകൻ ബുധൻ ആണും പെണ്ണുമല്ലാത്ത ഇളയുടെ പ്രിയതമൻ. ബുധന്റെ മകൻ പുരൂരവസ്സ് സ്വർഗ്ഗലോകത്തിലെ പുംശ്ചലികളിൽ അഗ്രഗണ്യയായ ഉർവ്വശിയുടെ കാമുകൻ. പുരൂരവസ്സിന്റെ പൌത്രനായ നഹുഷൻ ദേവേന്ദ്രപദവി നേടിയപ്പോൾ ആദ്യമായി ഉദ്യമിച്ചതു ശചിയുടെ ബലാൽസംഗത്തിനാണ്. നഹുഷന്റെ മകൻ യയാതി പ്രതിലോമവിവാഹത്തിൽ ഏർപ്പെട്ട് ആചാരദൂഷണം ചെയ്തതും പോരാഞ്ഞിട്ടു തന്റെ കനിഷ്ഠപുത്രൻ പൂരുവിനോടു സ്ത്രീസംഭോഗത്തിനു വേണ്ടി യൌവനം യാചിച്ചു വാങ്ങി. ദുഷ്ഷന്തൻ നാഗരികമായ വഞ്ചനത്തിന്റെ സ്വരൂപമറിയാത്തെ തപോവനത്തിൽ മാൻകുട്ടിയെപ്പോലെ വളന്ന ശകുന്തളയെ ഗർഭോൽപാദനത്തിനുശേഷം അന്തഃപുരത്തിൽ കടത്താതെ ആട്ടിയോടിച്ചു. നിന്റെ അച്ഛന്റെ—ശന്തനുവിന്റെ കാര്യം—പറയാതെയിരിക്കുകയാണു ഭേദം. കാളിപ്പെണ്ണിന്റെ കൈക്കരങ്ങായിരുന്ന ആ പുരുഷാധമൻ നിന്റെ കുലത്തിനു സപ്തസമുദ്രങ്ങളിൽ ക്ഷാളനം ചെയ്താലും മാഞ്ഞുമറയാത്ത കളങ്കകൂടം ആർജ്ജിച്ചുവച്ചു. അത്രദൂരം ഭോഗാസക്തന്മാരും, സ്ത്രീലമ്പടന്മാരും, അധർമ്മനിരതന്മാരും, അശിഷ്ടാചാരന്മാരുമാണ് നിന്റെ പൂർവ്വന്മാർ. ഇതൊന്നും ആരുമാരുമറിഞ്ഞിട്ടില്ലെന്നും, അറിഞ്ഞാലും എന്നെപ്പോലെയുള്ള വയോധികന്മാർ മറന്നിരിക്കുമെന്നും,

Digitized By Kerala Sahitya Akademi

നിർണ്ണയിച്ചുകൊണ്ടു നീ നിൻെറ വംശമെന്നു പറയുന്ന ആ ജുഗുപ്സാവഹവും ദുർഗ്ഗന്ധപൂരിതവുമായ ശവശരീരത്തിന്മേൽ കയറി നിന്നുകൊണ്ടു പൊണ്ണബ്ഭോഷ്ക്ക പൊന്തിച്ചു കാട്ടി പുറത്തെഴുന്നള്ളിക്കുവാൻ മടിക്കുന്നില്ല! നീയും നിൻെറ വംശവും! അതു കെട്ടിയെടുത്തുകൊണ്ടുപോയി തീയിലിട്ടു് ചുട്ടു്. ആ ശന്തനുവിൻെറ മകൻ തന്നെയല്ലേ നീ? നിനക്കെങ്ങനെ നിത്യബ്രഹ്മചര്യം നിലനിറുത്താൻ കഴിയും? കള്ളിച്ചെടിയിലെങ്ങനെ ചെന്താമര വിരിയും? കാഞ്ഞിരമരത്തിലെങ്ങനെ മധുരനാരങ്ങ കായ്ക്കും?

ഭീഷ്മ:—മഹർഷേ! അങ്ങയുടെ ഈ പരുഷഭാഷണം അതിരുകടന്നുപോകുന്നു. ഇതുവരെ അങ്ങു് എനിക്ക് ആചാര്യനായിരുന്നു. ആ സ്ഥാനത്തുനിന്നു സ്വയം അധഃപതിച്ചു് അപഭാഷണചതുരത പ്രദർശിപ്പിക്കുന്ന അങ്ങ് ഇനിമേൽ എനിക്കു് ഒരു സാധാരണ മനുഷ്യൻ മാത്രമാണു്. എന്നെ അങ്ങേയ്ക്കു് എന്തും ചെയ്യാൻ അധികാരമുണ്ടു്; അങ്ങനെ ചെയ്യുന്നതിൽ എനിക്ക് ആനന്ദമേയുള്ളുതാനും. എൻെറ പുരാതനരായ പൂർവ്വപുരുഷന്മാരെ അങ്ങേയ്ക്കു് അധിക്ഷേപിച്ചു ചരിതാർത്ഥനാകാനാണു് ഇഷ്ടമെങ്കിൽ അതിനും എനിക്ക വിരോധമില്ല. അവരുടെ യശസ്സു് അങ്ങയുടെ അധിക്ഷേപത്തിന് അടുക്കാനും അശുദ്ധപ്പെടുത്താനും കഴിയാത്ത ദൂരത്തിലാണു് മിന്നി

Digitized By Kerala Sahitya Akademi

ത്തിളങ്ങുന്നത്. എന്നാൽ ഒന്നവിടുന്നു മനസ്സിലാക്കണം. ഈ ലോകത്തിൽ ആരും പുത്രനിന്ദ കേട്ടാൽ അടങ്ങിയിരിക്കുകയില്ല. അങ്ങ് ആർക്കുവേണ്ടിയാണ് കാർത്തവീര്യനെ വധിച്ചത്? അങ്ങയുടെ അച്ഛനുവേണ്ടി. അത്തരത്തിലുള്ള ആത്മാഭിമാനം അന്യന്മാർക്കുണ്ടെന്നുള്ള വസ്തുത അങ്ങു വിസ്മരിക്കരുത്. അവിടത്തെ മേന്മയെപ്പററി അല്പമൊന്നു ഞാനും വിസ്തരിക്കട്ടെ. ഞാൻ പറയുകയല്ല, അങ്ങു പറയിക്കുകയാണ്, അങ്ങ് അത്യന്തം മഹനീയമായ ഒരു ബ്രാഹ്മണകുലത്തിൽ ജനിച്ചു. ശാന്തിയാണ് ബ്രാഹ്മണന്റെ ലക്ഷണം. എന്നാൽ അങ്ങെന്താണ് ചെയ്തത്? ബാല്യത്തിൽത്തന്നെ സ്വധർമ്മം പരിത്യജിച്ചു ക്ഷത്രിയനെപ്പോലെ ധനുർവേദം അഭ്യസിച്ചു ശസ്ത്രം ഗ്രഹിച്ചു. എന്തിന്? ലോകസംഗ്രഹത്തിനല്ല, ലോകോപദ്രവത്തിന്! അങ്ങു പലതുംപഠിച്ചുവെങ്കിലും ഒന്നു പഠിച്ചില്ല — പരപീഡനം പോലെയൊരു പാതകം ലോകത്തിലില്ലെന്ന്. അതിലും സ്ത്രീഹത്യ മഹാപാതകമാണ്; മാതൃഹത്യ ആ പാതകത്തിന്റെ പരമകാഷ്ഠയുമാണ്; എന്നിട്ടും അങ്ങെന്താണ് ചെയ്തത്? അങ്ങയുടെ ശസ്ത്രത്തിൻെറ കാര്യസാധകത അങ്ങു പരീക്ഷിച്ചുനോക്കി തൃപ്തിപ്പെട്ടതു പെററമ്മയുടെ കണ്ഠം—യാതൊരു പാവനമായ സ്ഥാനത്തിൽനിന്ന് അങ്ങയെ ശൈശവത്തിൽ താലോലിക്കുവാനും ഉറക്കുവാനും കൊഞ്ചൽമൊഴികളും കോമള

Digitized By Kerala Sahitya Akademi

ഗാനങ്ങളും നിരർഗ്ഗളമായി നിർഗ്ഗളിച്ചുകൊണ്ടിരുന്ന ദോഷത്ത മൂലമായ ഗളനാളം—അരിഞ്ഞു തള്ളീട്ടായിരുന്നില്ലേ ? കാർത്തവീര്യൻ അപരാധം ചെയ്തുവെങ്കിൽ ആ അപരാധത്തിന് അദ്ദേഹത്തെ വധിച്ചാൽ പോരേ ? ലോകപാലനത്തിനായി ഈശ്വരൻ സൃഷ്ടിച്ചിരിക്കുന്ന ക്ഷത്രിയവർണ്ണം ആകമാനം എന്തു പിഴച്ചു ? ഒരു വ്യക്തിയുടെ ദോഷത്തിനു പരിഹാരം ഒരു ജാതിയുടെ നിർമ്മാർജ്ജനമാണെന്ന് ഏതു ശാസ്ത്രത്തിൽ വിധിച്ചിരിക്കുന്നു ? അതും ഒരു തവണയോ ? മൂവേഴ് ഇരുപത്തൊന്നുവട്ടം. ആ ക്ഷത്രിയരുടെ വിധവകളെ ഭ്രൂണഹത്യചെയ്ത് അന്യായമായി ദ്രോഹിച്ച് കൊടുമ്പുണ്ണിൽ കൊള്ളിവച്ച അങ്ങ മനുഷ്യനാണോ ? സമന്തപഞ്ചകത്തിൽ അങ്ങ ചെയ്തതു പിതൃതർപ്പണമല്ല, പിശാചതർപ്പണമാണ്. ആ പിശാചിന്റെ നാമാന്തരമാണ് അമർഷം. അങ്ങ ശ്രീപരമേശ്വരന്റെ ശിഷ്യനെന്നല്ലേ പറയുന്നതു് ? ഒരൊററ വില്വദലം അർച്ചിച്ചാൽ പ്രസന്നനാകുന്ന തന്തിരുവടിയെവിടെ ? അവിടത്തെ അസ്ഥാനസ്ഥമായ അനുഗ്രഹംകൊണ്ട് അഹങ്കരിച്ച് അഹേതുകമായ മനഃക്ഷോഭഭ്രതത്തിന് അയവുമവസാനവുമില്ലാതെ കോമരം തുള്ളുന്ന അങ്ങെവിടെ ? അഥവാ അങ്ങയുടെ ആചാര്യനിൽനിന്ന് അങ്ങയിൽ ഒന്നുമാത്രം പകർന്നിട്ടുണ്ട് — കണ്ഠത്തിൽ വിഷം! അല്ലെങ്കിൽ എന്റെ പിതാവിനെപ്പററി അങ്ങ് ഈ ആ

ക്രോധനത്തിന് ഒരിക്കലും ഒരുമ്പെടുന്നതല്ലായിരുന്നു ഇനിയെങ്കിലും മതിയാക്കരുതേ അങ്ങയുടെ ഈ വിചിത്രമായ വികത്ഥനം? ഇതു കേൾക്കുമ്പോൾ എനിക്കു തോന്നുന്നതു് ആശ്ചര്യമല്ല, ബഹുമാനമല്ല, ഭയമല്ല, പിന്നെയോ അനുകമ്പ, അപത്രപ, അന്തസ്താപം. (നെടുവീർപ്പിട്ടു്) ഗുരുദേവ! എന്റെ നാക്കിൽ നിന്നു യാതൊരു കാരണംകൊണ്ടും പുറപ്പെടാൻ പാടില്ലാത്ത വാക്കുകളാണു് ഞാൻ ഇപ്പോൾ ഉച്ചരിച്ചതു്. അതുനിമിത്തം ഇന്നു ഞാൻ ഒരു പാതകിയായി പരിണമിച്ചിരിക്കുന്നു. എന്തു ചെയ്യാം? എന്റെ ക്ഷമയുടെ മർമ്മത്തിൽ അങ്ങു നിർദ്ദയമായി പ്രഹരിച്ചു; അതു തൽക്ഷണം ഈ പരിസരം വിട്ടു് ദൂരെയെവിടെയോ പോയൊളിച്ചു. ഭഗവാനേ അവിടുന്നു് എന്നെ അപേക്ഷിച്ചു വയസ്സു്, കുലം. ശക്തി, ജ്ഞാനം, തപസ്സു്, ഇങ്ങനെ ഏതു നിലയിൽ നോക്കിയാലും, മഹനീയനാണു്. എന്റെ ഈ വാക്പാരുഷ്യം അങ്ങു സഹിക്കണം; ഈ ഹൃദയചാപല്യത്തിനു മാപ്പുതരണം.

പര :—എന്തു പറഞ്ഞു നീ? സഹിക്കണമെന്നോ? മാപ്പു തരണമെന്നോ? നോക്കാം. ഞാൻ വീണ്ടും അവസാനമായി ഒരു തവണകൂടി വ്യക്തമായ ഭാഷയിൽ, വികാരക്ഷുബ്ധമല്ലാത്ത സ്വരത്തിൽ, നിന്നോടു ചോദിക്കുന്നു—നീ അംബയെ വിവാഹം ചെയ്യുമോ എന്നു്—ഈ ശുഭമുഹൂർത്തത്തിൽ, ഈ ധർമ്മക്ഷേത്ര

Digitized By Kerala Sahitya Akademi

ത്തിൽ, എന്റെ പൌരോഹിത്യത്തിൽ. ചെയ്യുമോ ഇല്ലയോ ? ഒന്നുകിൽ ചെയ്യും, അല്ലെങ്കിൽ ഇല്ല— ഈ രണ്ടിൽ ഒരൊററ വാക്കേ എനിക്കു കേൾക്കേണ്ടതുള്ളൂ. വേഗം, വേഗം ! നിമിഷങ്ങൾ പോകുന്നു —ഒന്നു്, രണ്ടു്, മൂന്നു് !

ഭീഷ്മ :—ഇല്ല, ഗുരുദേവ ! ഇല്ല ! ഇവിടെയെന്നല്ല, ഇപ്പോഴെന്നല്ല, ഒരിടത്തുമില്ല, ഒരു സമയത്തുമില്ല. ഇല്ല, ഇല്ല.

പര :—അമ്പെടാ ! കൊടുമ്പിരിക്കൊണ്ട കുറുമ്പു് ! ഭൂകമ്പത്തെ തടഞ്ഞുനിറുത്താൻ ഒരു പുൽക്കൊടി തലയുയർത്തുന്നു ! വജ്രായുധത്തെ പൊടിപെടുത്താൻ ഒരു മശകം പറന്നെത്തുന്നു ! കാലം പോകുന്ന പോക്കു് ! കാണേണ്ടാത്തതു കാണുകയും കേൾക്കേണ്ടാത്തതു കേൾക്കുകയും ചെയ്യാനുള്ള ദുര്യോഗം എനിക്കും വന്നുചേർന്നുവല്ലോ ! ശതകണക്കിനു ശകാരവാക്കുച്ചരിച്ചിട്ടു് അതെല്ലാം ഞാൻ സഹിക്കണംപോലും ! സഹനം ! അതേ ! എന്റെ സഹനംകൊണ്ടുതന്നെയാണു് എനിക്കു് ഈ വാക്കു കേൾക്കേണ്ടിവന്നതു്. സമന്തപഞ്ചകത്തിലെ പിതൃതർപ്പണം കഴിഞ്ഞു ഞാൻ അവശിഷ്ടകളായ രാജസ്ത്രീകൾ ബ്രാഹ്മണരെ പരിഗ്രഹിച്ചു സന്താനലബ്ധി വരുത്തിക്കൊള്ളുവാൻ അനുമതി നല്കി. അങ്ങനെ എന്റെ കാരുണ്യാമൃതത്തിന്റെ സേചനംകൊണ്ടു ശത്രുവംശത്തിന്റെ ചിതാഭസ്മത്തെ പുതിയ ക്ഷത്രിയബീജങ്ങളുടെ പ്രരോഹ

Digitized By Kerala Sahitya Akademi

ത്തിനു ദോഷമായി ഞാൻ തന്നെ രൂപാന്തരപ്പെടുത്തി. എന്റെ ആ ശമത്തെ ഞാൻ ഇന്നു ശപിക്കുന്നു അല്ലെങ്കിൽ ഇവനെപ്പോലെയുള്ള ക്ഷത്രിയകീടങ്ങൾക്ക് ഉത്ഭവസ്ഥാനം എന്നെന്നേയ്ക്കുമായി അടഞ്ഞുപോകുമായിരുന്നില്ലേ? പോകട്ടെ; അതുകൊണ്ട് എനിക്കു യാതൊരു ഹാനിയും വന്നിട്ടില്ല. എന്റെ കയ്യിൽ നിന്നു 'ഘോരഘോരമായ ഈ കുഠാരം എങ്ങും വഴുതി വീണിട്ടില്ല. നിരവധി ക്ഷത്രകീടങ്ങളുടെ കണ്ഠരക്തം എത്രകാലമോ കുടിച്ചുപുളച്ചു നീന്തിത്തുടിച്ചു നിത്യതാണ്ഡവം നടത്തിയ ഇതിന്റെ അന്തർദ്ദാഹം ഇനിയും ശമിച്ചിട്ടില്ല. ഇരുപത്തൊന്നു കഴിഞ്ഞാൽ ഇരുപത്തിരണ്ട്; അല്ലെങ്കിൽ ഇരുപത്തൊന്നു രണ്ടു നാല്പത്തിരണ്ട്! (വെണ്മഴുവിനോട്) വരൂ! ചങ്ങാതി! ഈ ഉറക്കം മതി; ഈ ഉപവാസം മതി; ഉണർന്നെഴുന്നേൽക്കൂ! നിന്റെ പാരണയ്ക്കുള്ള ചുടുനിണം ഇതാ വീണ്ടും സജ്ജമായിരിക്കുന്നു. വീട്ടുകാരുടെയുമില്ലാത്ത ഒരു വീണവായനക്കാരൻ എവിടെനിന്നോ കടന്നുവന്നു സ്വന്തം അച്ഛനെ വെട്ടിക്കൊല്ലുമ്പോൾ കതകടച്ച് അകത്തു കേറി കയ്യും കെട്ടി കാഴ്ച കണ്ടുകൊണ്ടു നിന്നവനാണ് ഈ ഭീരു. ഇവനെ ഭിഷ്മനെന്നു പറയുന്നതു വിഡ്ഢിയെ വിദ്വാനെന്നു പറയുന്നതുപോലെ അർത്ഥശൂന്യമാണ്. വിടരുതു നമുക്കിവനെ; ഇവന്റെ കഴുത്തിൽ ഒന്നമിന്നിക്കളിക്കൂ! ആ കളി എങ്ങനെ

Digitized By Kerala Sahitya Akademi

യിരിക്കുന്നു എന്നു് ഈ ഭാഗ്ഗവരാമൻ അല്പമൊന്നു കൺകുളിരെക്കാണട്ടെ. (ഭീഷ്മനോടു്) എടാ! വിടുവായാ! പടുവങ്കാ! നിന്റെ കഥ കഴിഞ്ഞു. നിനക്കു വല്ല നാമമോ മറേറാ ജപിക്കാനുണ്ടെങ്കിൽ രണ്ടോ നാലോ നിമിഷം അതിനുവേണ്ടിത്തരാം; പിന്നീടു വീഴ്ത്തും നിന്റെ കഴുത്തിൽ ഈ കാലദണ്ഡം. യുദ്ധം! വീരോചിതം! വീതഭയം! വിശാലഘസ്മരം!— അതൊന്നേയുള്ളൂ ഇനി ഇവിടെ കത്തവ്യം. ഈ ഭൂമി ഒന്നുകിൽ നിഷ്ഭീഷ്മം; അല്ലെങ്കിൽ നിർഭാഗ്ഗവം! എടുക്കൂ നിന്റെ ആയുധം. എന്റെ അസ്ത്രഗുരുവിന്റെ വരദാനം എങ്ങനെ വൃകാസുരനെയോ അതുപോലെ നിന്റെ അസ്ത്രഗുരുവിന്റെ വരദാനം നിന്നെയും ഗുരുവധത്തിനു പ്രേരിപ്പിക്കുന്നുവെങ്കിലും അതിന്റെ കലാശം നിന്റെ അപമൃത്യുവായിരിക്കും. ജയാപജയങ്ങളെക്കുറിച്ചു വല്ല സംശയവുമുണ്ടെങ്കിൽ അതു് ഉത്തരക്ഷണത്തിൽ നിന്റെ ആത്മാവിനു തന്നെ പരിഹരിക്കാവുന്നതുമാണു്. എടുക്കൂ് ആയുധം!

ഭീഷ്മ:— ആചാര്യ! അതൊന്നും മുൻകൂട്ടി അത്രപെട്ടെന്നു തീച്ചപ്പെടുത്താൻ പാടുള്ളതല്ല. പണ്ടത്തെ പരശുരാമനും ഇന്നത്തെ പരശുരാമനും തമ്മിൽ വളരെയുണ്ടു വ്യത്യാസം. ഞാൻ സൈരിണിയായ രേണുകയല്ല; മദോന്മത്തനായ കാത്തവീയ്യനല്ല; ഊർദ്ധരേതസ്സായ ഗാംഗേയനാണു്. കാത്തവീയ്യനെ വധി

Digitized By Kerala Sahitya Akademi

ച്ചപ്പോൾ അങ്ങയുടെ ഓജസ്സ് അതിന്റെ ഉച്ച കോടിയിൽ എത്തിയിരുന്നു; എന്നാൽ വീരഹത്യയും ഭ്രൂണഹത്യയും എന്നു് അങ്ങയേ രണ്ടു കൃത്യകൾ പോലെ ബാധിച്ചുവോ എന്നു് ആ ഓജസ്സിന്റെ പ്രകാശം ഒട്ടൊന്നു് അസ്തമിച്ചു. അതുകൊണ്ടാണു ദാശരഥിയായ ഒരു ക്ഷത്രിയബാലൻ അങ്ങയെ തോല്പിച്ചു് അങ്ങ ചാപരൂപത്തിൽ കാട്ടിയ ജരാജീർണ്ണമായ ദംഷ്ട്ര ഞെരിച്ചു്, അങ്ങേയ്ക്കു് ഊർദ്ധ്വലോകത്തേക്കുള്ള മാർഗ്ഗം കന്മതിൽ കെട്ടിയടച്ചു് എന്നെന്നേക്കുമായി മുട്ടിച്ചതു്. യുദ്ധമെന്നതു് ഒരു തരം ചൂതുകളിയാണെന്നും അതിൽ ജയത്തിനെന്നതുപോലെ അപജയത്തിനും പ്രവേശമുണ്ടെന്നും അന്നാണു് അങ്ങു് ആദ്യമായി മനസ്സിലാക്കിയതു്. അങ്ങ മഹേന്ദ്രപർവതത്തിൽ തപസ്സുചെയ്യുന്നു എന്നുള്ളതു ശരിതന്നെ. പക്ഷേ അതെന്തുമാതിരി തപസ്സാണു്? പരബ്രഹ്മത്തിലല്ല പരശുവിലാണു് അങ്ങയുടെ ദൃഷ്ടി; സച്ചിൽസ്വരൂപത്തെപ്പററിയല്ല, സമരവ്യാപാരത്തെപ്പററിയാണു് അങ്ങയുടെ ധ്യാനം. പിന്നെ അങ്ങയുടെ ആ തപസ്സ് എങ്ങനെ ഫലിക്കും? അങ്ങയുടെ പാതകം അങ്ങയെ വിട്ടു് എവിടെപ്പോകും? അങ്ങേയ്ക്കു് ഒരു കാലത്തു അഭ്രശുഭ്രമായ ഒരു യശഃപതാകയുണ്ടായിരുന്നു; എന്നാൽ അതു് ഇന്നു് അഴുക്കു പിടിച്ചു ഒരു തുണിക്കഷണമായി കീറിപ്പറിഞ്ഞു കഴിഞ്ഞിരിക്കുന്നു. അങ്ങ സർവക്ഷത്രസംഹാരി

എന്ന നിലയിൽ എന്റെ മുൻപിൽ നിന്നുകൊണ്ടു് അങ്ങയുടെ വീരധിണ്ഡിമം താഡിച്ചപ്പോൾ ഒരു കാര്യം മറന്നുപോയി ; അന്നു് അങ്ങയുടെ ഭാഗ്യം നിമിത്തം ഈ ഭീഷ്മൻ ഭൂമിയിൽ ജനിച്ചിരുന്നില്ല. അങ്ങു് ഇന്നൊരു പടുവൃദ്ധൻ; പഴയ സംഭവങ്ങളേയും പരിത്യജിച്ച വിജയലക്ഷ്മിയേയും ഓർത്തു വിഷപ്പല്ലുപോയ സർപ്പത്തെപ്പോലെ വൃഥാഹുൽക്കാരം ചെയ്യുന്ന തപസ്വി. ഒററയടിക്കു് എന്നെ ഒതുക്കാമെന്നു കരുതുന്ന അങ്ങയോടു ഞാൻ ഒന്നു മാത്രം അറിയിക്കുന്നു. അധർമ്മചാരിയായ അങ്ങയെ അസ്ത്രദേവതകൾ അനുഗ്രഹിക്കുകയില്ല. അങ്ങു് എന്റെ ആചാര്യനായിരുന്നുവല്ലോ എന്നോർത്തു ഞാൻ ഭയപ്പെടുന്നു; ബ്രാഹ്മണജാതിയിലാണല്ലോ ജനിച്ചതെന്നു വിചാരിച്ചു വ്യസനിക്കുന്നു. അങ്ങേയ്ക്കു വെണ്മഴുവല്ല, ചുണ്ടലാണു് ബലം. അഥവാ ഹിംസാപ്രതിയായ അങ്ങേയ്ക്കു് എന്തു ബ്രാഹ്മണ്യം? ആതതായിക്കു് ആരു നല്കും അതിഥിസൽകാരം ? എന്നെ ആചാര്യവധത്തിനാണു് ആചാര്യന്റെ നിലയിൽ അങ്ങു് ഉപദേശിക്കുന്നതെങ്കിൽ ആ ഉപദേശമനുസരിച്ചു പ്രവർത്തിക്കേണ്ടതും എന്റെ ധർമ്മമെന്നേ വരികയുള്ളൂ. എങ്കിലും എനിക്കു് ഒന്നുകൂടി വിജ്ഞാപനം ചെയ്യാനുണ്ടു്. എന്താണു് അങ്ങേയ്ക്കു് ഈ യുദ്ധം കൊണ്ടു നേടാനുള്ളതു്? കണ്ഠത്തിൽ നിന്നു വേർപെടുന്ന എന്റെ ശിരസ്സ്. അതു ഞാൻ തന്നെ

Digitized By Kerala Sahitya Akademi

എൻെറ ഖഡ്ഗംകൊണ്ടറുത്ത് അങ്ങേയ്ക്ക് ഗുരുദക്ഷിണയുടെ രൂപത്തിൽ കാഴ്ചവച്ചാലും അങ്ങ സന്തുഷ്ടനാകാൻ ന്യായമുണ്ടല്ലോ. അത്ര പോരേ ?

പര:–(അട്ടഹസിച്ചുകൊണ്ട്) കൊള്ളാമെടാ വിരുതാ ക്രുത്ത്! അങ്ങനെ വീണെടത്തു കിടന്നുകൊണ്ടു വീണ്ടും ഒരു വിദ്യ കാണിക്കയാണ് ; അല്ലേ ? ആത്മഹത്യകൊണ്ടെങ്കിലും നിനക്കു നിൻെറ കീർത്തിസ്തംഭം ആകാശത്തോളം കെട്ടിയുയർത്തണം. "ക്ഷത്രിയദ്രോഹിയായ പരശുരാമൻ ഭീഷ്മനോട് അദ്ദേഹത്തിൻെറ ശിരസ്സ് ഗുരുദക്ഷിണയായി യാചിച്ചു ; ഭീഷ്മൻ അത്ര തൽക്ഷണം തന്നെ സമ്മാനിച്ച് അജരാമരമായ യശഃകായം ലോകത്തിൽ പ്രതിഷ്ഠിച്ച് അന്തരിക്കുകയും ചെയ്തു. ശിബിയെ പ്രസവിച്ച ഭാരതഭൂമി ഇന്നും അവന്ധ്യയായി അത്തരത്തിലുള്ള ക്ഷത്രിയോത്തമന്മാരുടെ മാതാവായിത്തന്നെ പരിലസിക്കുന്നു !" എന്നു ഭാവിലോകത്തെക്കൊണ്ടു നിൻെറ വീരാത്ഭുതചരിത്രത്തെ പ്രശംസിപ്പിക്കണം ! പക്ഷേ അതിന് എന്നെ കൂട്ടുപിടിക്കാമെന്നു കരുതിയത് അത്ര പന്തിയായില്ല. നിൻെറ ശിരസ്സ് നിന്നോടു യാചിച്ചു വാങ്ങേണ്ട നിലയിലല്ല ഞാൻ ജീവിക്കുന്നത്. ദീർഘകാലത്തെ അനഭ്യാസംകൊണ്ട് അസ്ത്രവിദ്യ ഞാൻ മറന്നുവെന്നോ, നിർവ്യാപാരംകൊണ്ട് എൻെറ കഠാരം തുരുമ്പുപിടിച്ചുപോയെന്നോ, നീ സ്വപ്നം കാണുന്നുണ്ടായിരിക്കാം! നിന്റെ ശിരോദാനംകൊണ്ടു

Digitized By Kerala Sahitya Akademi

എനിക്ക തൃപ്തിവന്നാൽ മതിയോ ? എൻെറ ഈ നിത്യസഹചാരിക്കകൂടി ഞാൻ തൃപ്തി നല്കേണ്ട ചുമതല എനിക്കില്ലേ ? യുദ്ധം ! യുദ്ധം ! യുദ്ധം !

ഭീഷ്മ:—എന്നാൽ ശരി ! ആ പല്ലവി ഞാനും ഏററു പാടാം.

(രണ്ടുപേരും വില്ലുമുറക്കി ജ്യാഘോഷം ചെയ്യുന്നു. പെട്ടെന്നു യവനിക നീക്കിക്കൊണ്ടു ഗംഗാദേവി സംഭ്രമത്തോടുകൂടി പ്രവേശിക്കുന്നു.)

ഗങ്ഗ:—(സഗദ്ഗദം) അരുതേ ! അരുതേ ! അരുതു മഹർഷേ! അരുതു മകനേ ! നിങ്ങളെന്താണിവിടെ കാട്ടിക്കൂട്ടുന്നതു് ?

ഭീഷ്മ:— മാതാവേ ! നമസ്കാരം.

ഗങ്ഗ:—മകനേ ! ദീർഘായുഷ്മാനായി ഭവിക്കൂ !

പര:—ഭഗവതി ! നമസ്കാരം !

ഗങ്ഗ:—മഹർഷേ ! ശമസമ്പന്നനായി ജീവിക്കൂ. (രണ്ടുപേരോടും) നിങ്ങളെന്തിനാണു് ഇവിടെ കോപ്പുകൂട്ടുന്നതെന്നു ഞാൻ വീണ്ടും ചോദിക്കുന്നു. സകലവസ്തുതകളും അറിഞ്ഞുതന്നെയാണു് ഞാൻ ഇവിടെ സന്നിഹിതയായിരിക്കുന്നതു്. നിങ്ങൾക്കു കണ്ണില്ലേ ? ഹൃദയമില്ലേ ? നിങ്ങളാരു് ? നിങ്ങളുടെ പരസ്പരബന്ധമെന്തു് ? ആചാര്യനും അന്തേവാസിയും തമ്മിൽ അസ്ത്രവിദ്യാമത്സരമോ? ബ്രഹ്മതേജസ്സും ക്ഷത്രപ്രഭാവവും തമ്മിൽ ബലാബലപരീക്ഷയോ ? പ്രകൃതിവി

Digitized By Kerala Sahitya Akademi

ങ്കമായ ഈ പാപവ്യവസായം ഭാരതഭൂമി എങ്ങ നെ സഹിക്കും? ദേവവ്രത! നീ എന്റെ ഔരസപു ത്രനാണു്; ദൈണകേയ! അങ്ങു് എന്റെ പ്രാണ നാഥന്റെ ദത്തപുത്രനമാണു്. നിങ്ങളുടെ ഈ സർവ്വാ ധമമായ സാഹസോദ്യമം ഞാൻ ഒരിക്കലും അനുവ ദിക്കുകയില്ല. (ഇടയ്ക്കു കേറി രണ്ടുപേരേയും നീക്കിനിർത്തിക്കൊണ്ടു്) ഇതാ! നോക്കുവിൻ! ഇവിടെ ഞാൻ നിലകൊള്ളുന്നു. നിങ്ങളുടെ ശസ്ത്രാസ്ത്രങ്ങൾ ആദ്യ മായി എന്നെ സംഹരിച്ചു ചരിതാർത്ഥങ്ങളാകട്ടെ! (പരശുരാമനോടു്) ജാമദഗ്ന്യ! മഹേന്ദ്രപർവ്വതത്തിൽ നിന്നു് അങ്ങു് ഇന്നു് ഇവിടെ വന്നതു് എന്റെ മകനെ കൊല്ലാനാണോ? അങ്ങയുടെ അജയ്യമായ പരാക്രമ ത്തിന്റെ പ്രദർശനത്തിനു സമുചിതമായ ലക്ഷ്യം സാധുവായ ഈ ബാലനോ? അങ്ങയുടെ കഠോരക ഠാരത്തിനു് അനുരൂപമായ താണ്ഡവമണ്ഡപം ഇവന്റെ സരളകണ്ഠമോ? അരുതു്! ജാമദഗ്ന്യ! ഈ ദോർമ്മദോന്മാദം അങ്ങേക്കു് അലങ്കാരമല്ല. അങ്ങയുടെ കരബലത്തിന്റെ പൊലിമ വിശ്വമെ ങ്ങും നിറഞ്ഞിരിക്കുന്നു; കാരുണ്യത്തിന്റെ മഹിമ യും അതുപോലെ പ്രസരിക്കട്ടെ.

പര:— ദേവി! ഇതൊന്നും എന്നോടു പറയേണ്ടതല്ല; ഈ നില്ക്കുന്ന മനുഷ്യഗർദ്ദഭത്തോടു പറയേണ്ടതാണു്. ഇവൻ ഒരു സ്ത്രീയെ — ദേവിയുടെ ജാതിയിൽ പ്പെട്ട ഒരു കുലകന്യകയെ—അന്യായമായി ദ്രോഹി

Digitized By Kerala Sahitya Akademi

ച്ചിരിക്കുന്നു; ക്ഷത്രധർമ്മത്തെ ചിതാഗ്നിയിൽ ദഹിപ്പിച്ചിരിക്കുന്നു; മനുഷ്യമര്യാദയെ തറയോടു തറയായി ചവിട്ടിത്തേച്ചിരിക്കുന്നു; സനാതനമായ സമുദായാചാരത്തോടു സമരാഹ്വാനം ചെയ്തിരിക്കുന്നു; ഇവനെ എനിക്കവെറുതെ വിടാൻ നിവൃത്തിയില്ല; ഇതുവരെ പഠിപ്പിച്ച പാഠങ്ങൾക്കു പുറമേ ഇന്ന് അന്തിമമായി ഒരു പാഠം കൂടി പഠിപ്പിച്ച്, ഇവന്റെ ഗുരുവാകുക നിമിത്തം നരകപങ്കത്തിൽ ആണ്ടുപോയ എന്റെ യശസ്സു സമുദ്ധരിച്ചു ശുദ്ധീകരിച്ചു വീണ്ടും സഫലമാക്കേണ്ടിയിരിക്കുന്നു. ഈ കൃമിയെ വധിക്കണമെന്ന് എനിക്കു നിർബന്ധമില്ല. അംബയെ ഇവൻ ഈ അവസരത്തിലെങ്കിലും പരിഗ്രഹിച്ചാൽ മതി; ആ ഒരു പ്രായശ്ചിത്തം ഇവന്റെ പാതകത്തിനു് ഇപ്പോഴും ഇവൻ അനുഷ്ഠിച്ചു പാവനനാകാൻ പാടില്ലായ്കയില്ല. അങ്ങനെ ചെയ്താൽ ഞാൻ ശരങ്ങൾക്കു പകരം വരങ്ങൾ വർഷിക്കാം; ആക്രോശത്തിനു പകരം ആശിസ്സുച്ചരിക്കാം.

ഗങ്ഗ:— (ഭീഷ്മനോടു്) ഉണ്ണി! ദേവവ്രത! കേട്ടില്ലേ മഹർഷി പറയുന്നതു്? ഗുരുശാസനം ലംഘിക്കുന്ന ശിഷ്യന് ഊർദ്ധ്വലോകമില്ല. ആ ശാസനത്തിന്റെ ധർമ്മാധർമ്മങ്ങളെപ്പററി ചിന്തിക്കാൻ നീ അധികാരിയല്ല അതിൽ വല്ല പാപവുമുണ്ടെങ്കിൽ ആ പാപം അദ്ദേഹത്തിന്റെ തപോവഹ്നിയിൽ ദഹിച്ചുകൊള്ളും.

Digitized By Kerala Sahitya Akademi

ആക്കുവേണ്ടിയാണ് അദ്ദേഹം നിന്നോട് ഈ കാര്യം ആജ്ഞാപിക്കുന്നത് ? എന്നെപ്പോലെയുള്ള ഒരു സ്ത്രീക്കുവേണ്ടി. ഹതഭാഗ്യയായ ആ കന്യകയിൽ എനിക്കും അത്യധികമായ അനുകമ്പതോന്നുന്നുണ്ട്. മറെറാരു പരമാർത്ഥം കൂടി നീ മറക്കരുത്. ആരാണ് നിന്നോട് ഇന്നെതിരിടുന്നത് ? മകനേ ! നീ മഹാരഥനല്ലെന്നു ഞാൻ തർക്കിക്കുന്നില്ല. എന്നാൽ ജമദഗ്ന്യനുമായി താരതമ്യപ്പെടുത്തുമ്പോൾ നീ എത്ര ദുർബലനാണ് ! അദ്ദേഹം മഹാമേരു, നീ മണൽത്തരി. അദ്ദേഹം പ്രഭാകരൻ; നീ പ്രഭാകീടം. എനിക്കറിയാം അദ്ദേഹത്തിൻെറ ബാഹുവീര്യം. അതു ഞാൻ വളരെക്കാലം നേരിട്ടുകണ്ട് അത്ഭുതപ്പെട്ടിട്ടുള്ളതാണ്. ആ ശരീരം ജരാജീർണ്ണമെന്നോ നീ കരുതുന്നത് ? അതു പിനാകത്തിന്റെ സാരമാണ്. അതു തപഃകൃശമെന്നോ നീ ധൈര്യപ്പെടുന്നത് ? അതു സംഹാരശക്തിയുടെ സൂക്ഷ്മാംശമാണ്. അദ്ദേഹം തന്നെയല്ലേ ക്രോധാവിഷ്ടനായി, കഠാരവും തുള്ളിച്ചുകൊണ്ട് നിന്റെ മുന്നിൽ നില്ക്കുന്നതു് ? എത്ര നിമിഷം വേണം അതിനു നിന്നെ ഹനിക്കുവാൻ ? അരുതു മകനേ ! അരുതു് ! നീ ഈ അത്യാഹിതം വലിച്ചു തലയിൽക്കേററരുതു് ; നിൻെറ അച്ഛൻ നിനക്കു തന്നിട്ടുള്ള സ്വാധീനമൃത്യുത അർത്ഥശൂന്യമാണെന്നു വരുത്തിവയ്ക്കരുതു്. നോക്കൂ ! ദേവവ്രത ! നീയല്ലാതെ എനിക്കു വേറിട്ടൊരുണ്ണിയുണ്ടോ ?

Digitized By Kerala Sahitya Akademi

നിനക്കു മനസ്സുണ്ടെങ്കിൽ ഞാൻ ഒരു കാലത്തും പുത്രശോകം അനുഭവിക്കേണ്ടിവരികയില്ല ; അത്തരത്തിലുള്ള ഒരു വരമാണ് നിനക്ക് എന്റെ പ്രിയതമനായ ആ രാജർഷി നല്കീട്ടുള്ളതു്. അതു സഫലീഭവിപ്പിക്കൂ !

ഭീഷ്മ:— അമ്മേ ! അമ്മ പറയുന്ന വാക്കിന്റെ അർത്ഥമൊന്നും എനിക്കു മനസ്സിലാകുന്നില്ലല്ലോ. അമ്മയ്ക്കു എന്റെ പിതാവിൽ സ്നേഹമുണ്ടായിരുന്നുവോ? അദ്ദേഹത്തിന്റെ ദിവ്യചരിതം അമ്മ ഇപ്പോഴും ഓർമ്മിക്കുന്നുവോ? അങ്ങനെന്നാണെങ്കിൽ അദ്ദേഹത്തിന്റെ തൃപ്തിക്കുവേണ്ടി ഞാൻ ചെയ്ത എന്റെ ഈ ബ്രഹ്മചര്യപ്രതിജ്ഞ മാറാലപോലെ തുത്തുതള്ളണമെന്ന് അമ്മ ഉപദേശിക്കുന്നതു് അത്ഭുതമായിരിക്കുന്നു. എന്തിനാണ് ഞാൻ അതു ചെയ്യേണ്ടതു് ? ശരീരധാരണത്തിനോ? ഈ ശരീരത്തിന്— പട്ടടത്തീക്കു പണ്ടുപണ്ടേ ഉഴിഞ്ഞിട്ട പാഴ്ക്കൊള്ളിക്ക്— അത്ര വലിയ വിലയോ അമ്മേ ? സത്യഭംഗം കൊണ്ടുള്ള ശരീരലാഭം ആർക്കുവേണം ? ഈ ദേവവ്രതൻ ഒരു ദേവനല്ല ; സാധാരണമനുഷ്യൻ മാത്രം. എങ്കിലും ഇവനും തന്റെ പ്രതിജ്ഞ പ്രാണനെക്കാൾ പ്രധാനമാണ്. ഏതു പ്രതിബന്ധവലയത്തിലും ഇവൻ അതുനിരാകുലമായി പരിപാലിക്കും. അഹങ്കാരംകൊണ്ടല്ല — യശസ്സിനു വേണ്ടിയല്ല. സരസ്വതീദേവിയുടെ ശബ്ദഗ്രഹമാണ് മനുഷ്യന്റെ

Digitized By Kerala Sahitya Akademi

നാക്കു്. അവിടെനിന്നു പുറപ്പെടുന്ന വാക്കിനു് ആ ആസ്ഥാനത്തിനനുരൂപമായ വൈമല്യം ഉണ്ടായിരിക്കണം. അന്തഃകരണത്തിന്റെ ചോദനയെ വേണം അതു പ്രതിഫലിപ്പിക്കാൻ ; ആ ചോദനയുടെ മുന്നിൽ മറ്റൊരാളുടെ ശാസന — അതു് ആചാര്യനാകട്ടെ, മാതാവാകട്ടെ — അധികാരശൂന്യമാണു്. അമ്മേ! അമ്മ എന്നെ ഈ കർത്തവ്യാനുഷ്ഠാനത്തിൽനിന്നു പിൻതിരിപ്പിക്കുവാൻ ചെയ്യുന്ന ശ്രമം തികച്ചും നിഷ്ഫലമായിരിക്കും ; അഥവാ അതിനു വല്ല ഫലവുമുണ്ടെങ്കിൽ അതു പരിശുദ്ധിയുടെ പര്യായമായ അമ്മയെപ്പോലും ബാധിച്ചേക്കാവുന്ന പാതകമായിരിക്കും.

ഗംഗ :—(കണ്ണീർ പൊഴിച്ചുകൊണ്ടു്) അപ്പോൾ ഞാൻ പറയുന്നതു് എന്റെ ഓമന കേൾക്കുകയില്ല ; അല്ലേ ഉണ്ണി ?

ഭീഷ്മ :—ഇല്ല, ഇല്ലമ്മേ, നിശ്ചയമായുമില്ല — ഈ ഒരൊററക്കാര്യത്തിൽ.

ഗംഗ :—(പരശുരാമനോടു്) മഹർഷേ! എനിക്കു വീണ്ടും അങ്ങയോടു തന്നെ അഭയപ്രാർത്ഥന ചെയ്യേണ്ടിയിരിക്കുന്നു. അങ്ങ വയസ്സിയല്ലേ? തപസ്വിയല്ലേ ? ഏതുമൊന്നുമറിയാത്ത ഈ ശിശുവിന്റെ തായാട്ടു് അങ്ങയിൽനിന്നു് ഒരു ഇളംപുഞ്ചിരിയല്ലാതെ ഇത്ര ഘോരമായ പ്രതിക്രിയയെ അർഹിക്കുന്നുവോ ?

ഭീഷ്മ :—ദേവി ! ദേവിക്കു് ഈ ജാമദഗ്ന്യനെ നല്ലപോലെ അറിഞ്ഞുകൂടേ ? മുൻവച്ച കാൽ പിന്നോട്ടെടുക്കുക

Digitized By Kerala Sahitya Akademi

എന്നുള്ള ആ ക്ലീബകർമ്മം ഇവൻ എന്നെങ്കിലും ചെയ്തതായി കേട്ടിട്ടുണ്ടോ? സ്വന്തം മാതാവിന്റെ കണ്ഠം താമരത്തണ്ടുപോലെ അറിഞ്ഞുതള്ളിയവനല്ലേ ഇവൻ? ഒരു സ്ത്രീയുടെ പ്രാർത്ഥന ഇവനിൽ എങ്ങനെ ഫലിക്കും? ഭഗവതി! അമർഷമത്തനായ ഞാൻ ആയുധപ്രയോഗം ചെയ്യുന്നതെങ്കിൽ എന്നെ ആകാശകുസുമംകൊണ്ടു് അർച്ചിക്കണം. ക്ഷത്രിയനെന്ന ശബ്ദം കേട്ടാൽത്തന്നെ എനിക്കു സ്വാഭാവികമായി കലിയിളകും. പിന്നെ എന്റെ ആജ്ഞയെ നിഷേധിക്കുന്ന ഒരു പാപി എന്നെ വെല്ലുവിളിച്ചാലോ? വാത്സല്യം വൈരമായി രൂപാന്തരപ്പെട്ടാൽ അതുപോലെ ലോകത്തിൽ ഭയങ്കരമായി പരിണമിക്കുന്നതു മറ്റൊന്നുമില്ല. ഈ ദേവവ്രതനെ എത്രയോ കാലം ഞാൻ പുത്രനിർവിശേഷമായി പോറ്റിപ്പുലർത്തി; എന്നാൽ ഇന്നു് ഇവൻ നില്ക്കുന്നതു് എന്റെ സമഗ്രമായ സംഹാരവ്യാപാരത്തിനു് ഏകലക്ഷ്യമായാണു്. ദേവി! ദേവി മാറിപ്പോകൂ! ഇതു് അവിടത്തെ സാന്നിധ്യത്തിനു പറ്റിയ സ്ഥാനമല്ല എന്നു ഞാൻ ഉറച്ചുകഴിഞ്ഞു. ഇവനെകൊല്ലും; ഇവന്റെ ഹൃദയരക്തത്തിൽ എന്റെ കുഠാരം ഉരുള്ളിയിടും; ഇവന്റെ തലയോട്ടിൽ തേച്ചു് ഞാൻ അതിനു മൂർച്ച കൂട്ടും; വീണ്ടും എവിടെയെവിടെ ക്ഷത്രിയമൃഗങ്ങളുണ്ടോ അവയെയെല്ലാം അടക്കിപ്പിടിച്ചു് ഇരുപത്തൊന്നോ നാല്പത്തിരണ്ടോ ആവൃത്തി

Digitized By Kerala Sahitya Akademi

വേട്ടയാടും. ദേവിയെപ്പോലെ ആയിരം ഗങ്ഗമാർ വഴിതടഞ്ഞു നിന്നാലും, കടലിനെ പുറംതള്ളി കരയാക്കിയ ഞാൻ അവയെ കളനൂചാലുകളെപ്പോലെ ചാടിക്കടക്കും. ഭഗവതി! ഭഗീരഥി! അവിടുന്ന് എന്റെ ഗുരുദേവന്റെ പ്രാണവല്ലഭയാണ്; അവിടത്തെ കരയിക്കുന്നത് എനിക്ക് ആനന്ദകരമായ ഒരു വിനോദമല്ല, പക്ഷെ ആ സങ്കടം അവിടുന്ന് അനുഭവിച്ചേ കഴിയൂ. അല്ലെങ്കിൽ എന്തിന് ഈ അധമനെ പ്രസവിച്ചു?

ഗങ്ഗ:—(ഭീഷ്മനോട്) ഉണ്ണി! ഒടുവിലത്തേതായി ഞാൻ നിന്നോട് ഒരു ചോദ്യം കൂടി ചോദിക്കട്ടെ. നീയെന്താണ് തീർച്ചപ്പെടുത്തിയത്?

ഭീഷ്മ:—അതു വീണ്ടും ചോദിക്കണമോ അമ്മേ? ഞാൻ എന്റെ ആചാര്യനോടല്ല ഈ പോർ തുടങ്ങുന്നത്; അദ്ദേഹത്തിന്റെ ബ്രാഹ്മണ്യത്തോടല്ല; തപസ്വിനോടല്ല. അദ്ദേഹത്തിന്റെ ദുരഹങ്കാരത്തോട്; സ്വേച്ഛാചാരത്തോട്; അപഥസഞ്ചാരത്തോട്. അതിന് എനിക്കു തികച്ചും അവകാശമുണ്ട്. ഗുരു ഗുരുവല്ലെന്നു കരുതി വന്നാൽ ശിഷ്യൻ ശിഷ്യനായി നിലകൊള്ളണമെന്നില്ല. ഹിംസയ്ക്കു പ്രതിഹിംസയല്ലാതെ മറുമരുന്നില്ലാത്തതാണ് ഈ ലോകം ഇതിൽ ഞാനും ജനിച്ചുപോയി; ജനിച്ചസ്ഥിതിക്കു ജന്മത്തിനു യോജിച്ച കർമ്മം എനിക്കും അനുഷ്ഠിച്ചേ മതിയാകൂ!

Digitized By Kerala Sahitya Akademi

ഗങ്ഗ :— (ആകാശത്തേക്കു നോക്കി) ഭഗവൻ ! പ്രാണനാഥ ! എന്തിനാണ് കല്യാണമയമായ അവിടത്തെ കപർദ്ദഹർമ്മ്യത്തിൽനിന്നു പതിതസേവനത്തിനെന്നു പറഞ്ഞുകൊണ്ടു ഞാൻ ഈ ഭൂമിയിലേക്കു ചാടിപ്പോന്നതു് ? പരമപാവനിയായ അഹിംസാംബയുടെ പർണ്ണശാലയെന്നാണല്ലോ ഞാൻ ഭാരതവർഷത്തെപ്പററി കേട്ടിരുന്നതു്. ഇവിടെയുമില്ലയോ ആ തപസ്വിനിക്കു് ഒരഭയസങ്കേതം ? ഇവിടെയും നടക്കുന്നതു വർണ്ണവൈരം, ഭ്രാതൃഘാതം, സാധുസംഹാരം, ഗുരുശിഷ്യമത്സരം തുടങ്ങിയ പാതകങ്ങളോ ? സ്വാമിൻ ! മൃത്യുഞ്ജയ ! ഈ ഭാരതീയർക്കു് എന്നുണ്ടാകും പരമാത്മബോധം? ഏകയോഗക്ഷേമമായ ജീവിതം ഇവർ എന്നു പുലർത്തി മാനവസമുദായത്തിൻെറ പുരോഗമനത്തിനു മാർഗ്ഗദർശനം നൽകും ? അഥവാ എന്തിനാണു് ഈ ലോകത്തിൽ ഓരോ കാലത്തു മഹായുദ്ധങ്ങൾ ഉണ്ടാകുന്നതു് ? അതുവരെ മനുഷ്യർ സഞ്ചയിക്കുന്ന ഐശ്വര്യമദം ശമിക്കുവാൻ. എന്തിനാണു് ചതുര്യുഗാവസാനത്തിൽ ജഗത്തു മുഴുവൻ സമുദ്രത്തിൽ താഴുന്നതു് ? അന്നുവരെ പററിക്കൂടീട്ടുള്ള കളങ്കപങ്കത്തിൽനിന്നു് അതു വിശുദ്ധമാകുവാൻ. ഇതെല്ലാം അവിടത്തെ അവിജ്ഞേയമായ ലീലയുടെ പ്രകാരാന്തരമായിരിക്കുമോ? പ്രഭോ ! നടരാജ ! എൻെറ മനസ്സിടിയുന്നു ; മാതൃഹൃദയം തകരുന്നു ! ഈ ആപൽഘട്ടത്തിൽ എന്നെക്കൊണ്ടെന്തു

Digitized By Kerala Sahitya Akademi

കഴിയും ? (അല്പം ആലോചിച്ച്) ഉണ്ണി! നിന്റെ കൃത്യനിഷ്ഠയേയും സത്യപരിപാലനവ്യഗ്രതയേയും ഞാൻ ഹൃദയപൂർവ്വമായി അഭിനന്ദിക്കുന്നു. നിനക്ക് ഈ സമരത്തിൽ പരാജയം വരികയില്ല. ജാമദഗ്ന്യനല്ല നിന്നോടെതിരിടുന്നതു് ; ജാമദഗ്ന്യന്റെ അത്യാരൂഢമായ ഔദ്ധത്യതമസ്സാണെന്നു് എനിക്കും ബോധ്യമായി ; അതിന്റെ ഗ്രാസത്തിൽ നിന്നു നീ വേഗത്തിൽ വിമുക്തനായി പൂർവ്വാധികം പ്രകാശിക്കും.

(രണ്ടുപേരേയും നോക്കി നെടുവീർപ്പിട്ടുകൊണ്ടുപോകുന്നു)

പര:—ദേവവ്രത ! ഇനി നമുക്കു യുദ്ധം തുടങ്ങാം ! ഭഗവാൻ ച്യവനമഹർഷേ ! അങ്ങയോടു് ആയുധം സ്പർശിക്കയില്ലെന്നു ചെയ്തുപോയിട്ടുള്ള പ്രതിജ്ഞാശൃംഖല ഇതാ ഞാൻ കണ്ണികണ്ണിയായി പൊട്ടിച്ചെറിയുന്നു. ഈ യുദ്ധം കഴിഞ്ഞിട്ടു വീണ്ടും അതു നവീകരിച്ചു ധരിച്ചുകൊള്ളാം.

ഭീഷ്മ:—അവിടത്തെ കല്പന ഞാൻ ശിരസാ വഹിക്കുന്നു. ഇതാ ! ഈയുള്ളവന്റെ നമസ്കാരബാണം ; ഇതു് ഇവന്റെ പ്രതിനിധിയെന്ന നിലയിൽ അവിടുത്തെ പാദമൂലത്തിൽ പ്രണാമപുരസ്സരം പതിക്കട്ടെ.

(പരശുരാമൻ ആ ബാണം കാൽകൊണ്ടു ചവട്ടുന്നു)

(യവനിക)

Digitized By Kerala Sahitya Akademi

രംഗം 2

സ്ഥലം :—കുരുക്ഷേത്രം.

സമയം :—സായാഹ്നം ; ഉദ്ദേശം അഞ്ചുമണി.

(പരശുരാമനും ഭീഷ്മനും അങ്ഗം മുറിഞ്ഞും ദേഹം തളൎന്നും യുദ്ധം മതിയാക്കി പ്രവേശിക്കുന്നു)

പര :—ഉണ്ണി ! ദേവവ്രത ! നീ എന്നെ ഈ യുദ്ധത്തിൽ നിശ്ചയമായി തോല്പിച്ചിരിക്കുന്നു.

ഭീഷ്മ :—ഗുരുദേവ ! ഈ യുദ്ധത്തിൽ ഇതുവരെ ഞാൻ മരിച്ചില്ലെന്നു സമ്മതിക്കാം. അല്ലാതെ എന്നിൽനിന്ന് അങ്ങേയ്ക്കു തോല്വി വന്നു എന്നു പറഞ്ഞാൽ ആരാരു വിശ്വസിക്കും ? ചില ശസ്ത്രാസ്ത്രങ്ങൾ കൊണ്ടു നാം അന്യോന്യം വ്യാപരിച്ചു ; അത്രേയുള്ളല്ലോ. ഇനിയും അങ്ങയുടെ കുഠാരം ഇളകിയില്ല; ദിവ്യത്വം വെളിപ്പെട്ടില്ല ; ശാപമന്ത്രം ബഹിൎഗ്ഗമിച്ചില്ല. എന്തെല്ലാം സംഹാരശക്തികൾ മേലും അങ്ങേയ്ക്കു വേണമെങ്കിൽ പ്രയോഗിക്കാൻ കിടക്കുന്നു ? അതിനു മുൻപ് എന്താണ് ഇങ്ങനെ അരുളിച്ചെയ്യുന്നത് ? അഥവാ ഇതും ശിഷ്യവാത്സല്യത്തിന്റെ പ്രകടനഭേദമായിരിക്കാം.

പര :—ഇല്ല, വത്സ ! ഞാൻ മനുഷ്യനെന്ന നിലയിൽ മാത്രമേ മനുഷ്യവൎഗ്ഗത്തിൽപ്പെട്ട നിന്നോടു മത്സരിക്കാൻ കരുതിയുള്ളു. അതിനപ്പുറമുള്ള സിദ്ധികളെ

Digitized By Kerala Sahitya Akademi

ആശ്രയിച്ച് നിന്നെ അപജയപ്പെടുത്തുന്നത് എനിക്കുതന്നെ അവമാനമാണ്. അതു ഞാൻ ചെയ്കയില്ല. എന്റെ കഠാരം വേണമെങ്കിൽ എനിക്കു ഫലിപ്പിക്കാമായിരുന്നു. പക്ഷേ അവിടെയും ഒരപകടം പററി. നിന്റെ അമ്മ—എന്റെ ഗുരുപത്നി— ഇവിടെനിന്നു തിരിയെപ്പോയപ്പോൾതന്നെ എന്റെ ബാഹുബലത്തിന്റെ സാരാംശംകൂടി കൊണ്ടുപോയതായി എനിക്കു തോന്നി. ഇരച്ചു പൊങ്ങുന്ന നമ്മുടെ ജ്യാഘോഷത്തെക്കാൾ ആ മഹാഭാഗയുടെ ആർത്തനാദം എനിക്കു ശ്രവണഗോചരമായി. ഒടുവിൽ വെണ്മഴു എടുത്തുയർത്താൻ ഭാവിച്ചപ്പോൾ അതു് അല്പം വിസമ്മതം ഭാവിച്ചതായി ഞാൻ ശങ്കിച്ചു. "സ്വാമിൻ! സത്യവ്രതമാണു് ദേവവ്രതന്റെ കണ്ഠം; ആ കണ്ഠം ഖണ്ഡിക്കുവാൻ എന്റെ വായ്ത്തലയ്ക്കുപോലും മൂർച്ച മതിയാകുമോ എന്നു സംശയിക്കുന്നു." എന്നു് അതു നിരക്ഷരമെങ്കിലും നിസ്സന്ദേഹമായി എന്നോടു നീതിവാദം ചെയ്യുന്നതുപോലെ എനിക്കു തോന്നി. അതേ! ആ വാദം അനുപപന്നമല്ല. കുമാര! ഞാൻ നിന്നോടു് എന്താണു് ആജ്ഞാപിച്ചതു്? നിന്റെ ശപഥത്തെ എന്റെ ക്രോധാഗ്നിയിൽ ദഹിപ്പിക്കാൻ! അതിനു് എന്തായിരുന്നു നിന്റെ മറുപടി? നിന്നിൽനിന്നു നിന്റെ ശപഥം വേർപെടുത്താൻ നിവൃത്തിയില്ലെന്നും, അതിനുപകരം നിന്റെ ഭൌതികശരീരം

Digitized By Kerala Sahitya Akademi

വേണമെങ്കിൽദഹിപ്പിച്ചുകൊള്ളണമെന്നും! എന്നി ട്ടുംനിന്നെ ഞാൻ അറിയേണ്ടവിധത്തിൽ അറിഞ്ഞി ല്ലല്ലോ! ഏതായാലും എന്റെ പേക്കിനാവിൽ നിന്നു ഞാൻ ഇപ്പോഴുണർന്നു. എന്നെ മഹാനെന്നു ജനങ്ങൾ പറയുന്നുണ്ടെങ്കിലും എന്നെക്കാൾ മഹ ത്തരമായി ലോകത്തിൽമറെറാന്നുണ്ടെന്നു" എനിക്ക് ഇപ്പോൾ തികച്ചും ബോദ്ധ്യമായി. അതിന്റെ പേരാ ണു് ധർമ്മം. ധർമ്മത്തിൽ ചാരി നീയും അധർമ്മ ത്തിൽ ചാരി ഞാനും നിന്നു; അതുകൊണ്ടാണു് നീ ജയിച്ചതും ഞാൻ തോററതും. ഇതു് എന്റെ ദീർഘ ജീവിതത്തിലെ രണ്ടാമത്തെ തോല്വിയാണു്. എന്റെ ആദ്യത്തെ ജേതാവു് കൌശികശിഷ്യനായ ശ്രീരാമൻ; രണ്ടാമത്തെ ജേതാവു് എന്റെ സ്വന്തം ശിഷ്യനായ ദേവവ്രതൻ. രണ്ടുപേരും ക്ഷത്രിയന്മാർ ഇത്തരത്തിൽ മൂന്നാമതുമൊരു തോല്വി എനിക്കു പററുവാൻ ഞാൻ ഒരിക്കലും ഇടവരുത്തുകയില്ല.

ഭീഷ്മ:— ആചാര്യ! അവിടുന്നു സ്നേഹപാരവശ്യത്തിൽ എന്തെല്ലാമോ അരുളിച്ചെയ്യുന്നു. മഹാത്മാവേ! അവിടുന്നു വാസ്തവത്തിൽ പാല്ക്കടലാണു്; അവിടെ നിന്നു് ആദ്യമായി ഉയൎന്നതു കോപവിഷമാണെ ങ്കിലും ഒടുവിൽ ഞാൻ നേടുന്നതു് അനന്യലഭ്യമായ പ്രസാദാമൃതമാണല്ലോ.

പര:— വത്സ! വത്സന്റെ മനുഷ്യത്വത്തോടു് എന്റെ മനുഷ്യത്വം ഞാൻ കുറേ നേരത്തേക്കു മാററരച്ചു

Digitized By Kerala Sahitya Akademi

നോക്കി. എന്റെ ചരിതത്തിൽ പിച്ചളയുടെ കലർപ്പുണ്ടു്; തനിത്തങ്കമെന്നു പറയേണ്ടതു നിന്റെ അപദാനപരമ്പരയെയാണു്. അതുകൊണ്ടുതന്നെയാണു് ഞാൻ തോറ്റതു്. എന്നാൽ ഒന്നുനോക്കിയാൽ ഈ തോല്വി എനിക്കു വിജയത്തിന്റെ രൂപാന്തരമാണെന്നും പറയാം. ഇതുവരെ പരശുരാമന്റെ ശിഷ്യനാണു് ഭീഷ്മർ എന്നു ജനങ്ങൾ നിന്നെ വാഴ്ത്തി വന്നിരുന്നു; ഇനിമേൽ ഭീഷ്മന്റെ ഗുരുനാഥനാണു് പരശുരാമൻ എന്നു് എന്നെ വാഴ്ത്തിത്തുടങ്ങും. അതിലധികം ശ്രവണമധുരമായി എനിക്കു മറെറന്തൊരു ശ്ലാഘയാണു വരാനുള്ളതു്? ഉണ്ണീ! നീ ജയിച്ചു; നിന്റെ വീരശപഥം ജയിച്ചു; ജന്മം കൃതാർത്ഥമായി; ഭീഷ്മബിരുദം അന്വർത്ഥമായി. നീ സ്വച്ഛന്ദമൃത്യുവാണു്; ഞാൻ ചിരഞ്ജീവിയാണു്; പക്ഷേ എനിക്കു് ഈ ലോകത്തിൽ ഇനി തപസ്സല്ലാതെ കർത്തവ്യമില്ല; ഞാൻ ചെയ്തിട്ടുള്ള പാപങ്ങൾക്കു് അത്രദൂരം ദീർഘവും ഏകാഗ്രവും കർക്കശവുമായ ധർമ്മാചരണം കൊണ്ടല്ലാതെ പരിഹാരമില്ല. എന്നാൽ നിന്റെ സ്ഥിതി അതല്ല; നീ എപ്പോൾ ആശിക്കുന്നുവോ അപ്പോൾ നിനക്കു മരിക്കാം. ബന്ധവും മോക്ഷവും ഒന്നുപോലെ നിന്റെ ആജ്ഞയ്ക്കു വിധേയരായ ഗൃഹദാസന്മാരാണു്. നിനക്കു പല പുണ്യകർമ്മങ്ങൾ ഇനിയും ഈ ജന്മത്തിൽത്തന്നെ അനുഷ്ഠിക്കേണ്ടതായുണ്ടു്. മഹാവിഷ്ണു ഭൂഭാരശമനത്തിനു

Digitized By Kerala Sahitya Akademi

വേണ്ടി ശ്രീകൃഷ്ണനായി യാദവവംശത്തിൽ അവതരിക്കാനുള്ള ശുഭമുഹൂർത്തം അടുത്തിരിക്കുന്നു. അവിടത്തേക്കു നിന്റെ സഹകരണം പല പ്രകാരത്തിൽ ആവശ്യമുണ്ട്. വത്സ ഉണ്ണീ! സമീപത്തിൽ; ആചാര്യനെ അഭിവാദനം ചെയ്യൂ; ഞാൻ നിന്നെ അകമഴിഞ്ഞ് ആശീർവദിക്കട്ടെ; ആനന്ദബാഷ്പംകൊണ്ട് അഭിഷേകം ചെയ്യട്ടെ. (ഭീഷ്മൻ അടുത്തുചെന്നു നമസ്കരിക്കുന്നു. പരശുരാമൻ രണ്ടു കൈകൊണ്ടും എടുത്തുയർത്തി തഴുകി തലച്ചുതീർത്തു മാറോടണച്ച് ആശ്ലേഷിച്ചു പലകുറി നിറുകയിൽ മൊട്ട് അനുഗ്രഹിക്കുന്നു.) ദീർഘായുഷ്മാൻ ഭവ സൌമ്യാ! വിജയീ ഭവ! വിജയീ ഭവ! വിശ്വവിശ്രുത! ദേവവ്രത!

ഭീഷ്മ:— ഗുരുദേവ! അവിടത്തെ സാഫല്യം എന്നെയും വാചംയമനാക്കുന്നു. ഞാൻ ആനന്ദമയമായ ഏതോ ഒരു അപൂർവലോകത്തിന്റെ അതിഥിയായി പരിണമിച്ചിരിക്കുന്നു. എന്റെ സർവാപരാധങ്ങളും അവിടുന്നു ക്ഷമിച്ച് 'വിജയീ ഭവ!' എന്ന ആശീർവാക്യം കൊണ്ട് എന്നെ അനുഗ്രഹിച്ചുവല്ലോ. ഇത് അവിടത്തെ പക്കൽനിന്നു ഞാൻ ഇന്നു നേടുന്ന അപ്രതിമപ്രഭാവമായ ഒരു നവീനാസ്ത്രമാണ്. അതൊന്നുമതി എനിക്കു ലോകയാത്രയിൽ ഏതു വിഷമാവസ്ഥകളിലും വേണ്ട ഹസ്താവലംബം നല്കുവാൻ.

പര:— പോകൂ! ദേവവ്രത! തിരിയെ ഹസ്തിനപുരത്തേക്ക്. എന്റെ ശപഥവും ഫലിച്ചില്ലെന്നില്ല. ഒരു സുന്ദ

Digitized By Kerala Sahitya Akademi

രിയെ നിന്നെക്കൊണ്ടു പാണിഗ്രഹണം ചെയ്യിച്ചു തന്നെയാണു് ഞാൻ ഇവിടെനിന്നു നിന്നെ അയയ്ക്കുന്നതു് —വിശ്വമോഹിനിയായ വിജയലക്ഷ്മിയെ! (ഭീഷ്മൻ ലജ്ജിച്ചു മന്ദഹാസത്തോടുകൂടി തലകുനിക്കുന്നു.) ഞാൻ പുറകേ വന്നു നിൻെറ ആതിഥ്യം സ്വീകരിച്ചു നിന്നെ വീണ്ടും അനുഗ്രഹിച്ചുകൊള്ളാം.

(രണ്ടുപേരും രണ്ടുവഴിക്കു പോകുന്നു.)

(യവനിക)

രംഗം 3

സ്ഥലം :— കുരുക്ഷേത്രം : പരശുരാമൻെറ ആശ്രമം.

സമയം :— സായാഹ്നം.

(പരശുരാമനു് അഭിമുഖമായി ഹോത്രവാഹനനും പുറകിൽ അംബയും നിൽക്കുന്നു.)

ഹോത്ര :— മഹർഷേ! ഈ പൈതലിനെ അവിടുന്നുതന്നെ തെല്ലൊന്നു സമാശ്വസിപ്പിക്കുക. ഞാൻ കഴിയുന്നതും ഉപദേശിച്ചുനോക്കി; ഒന്നും ഇവളുടെ ചെവിയിൽ കേറുന്നില്ല.

പര :— സൃഞ്ജയ! അതിൽ ഞാൻ അത്ഭുതപ്പെടുന്നില്ല. ഏതു തരത്തിലുള്ള ഹൃദയക്ഷോഭത്തേയും സാന്ത്വനംകൊണ്ടു ലഘൂകരിക്കാം. നൈരാശ്യത്തിൽനിന്നു ജനിക്കുന്ന വൈക്ലബ്യത്തിനു ശമനോപായമില്ല. (അംബയോടു്) വത്സേ! ഞാൻ വത്സയുടെ മുന്നിൽ ഇന്നു് ഒരപരാധിയായിട്ടാണു് നിലകൊള്ളുന്നതു്. (അംബ അലക്ഷ്യഭാവത്തിൽ നമ്രമുഖിയായി നില്ക്കുന്നു.)

Digitized By Kerala Sahitya Akademi

പര :—കേൾക്കൂ ! വത്സേ ! ഞാനാണു് നമ്രമുഖനാകേണ്ടതു്. എവിടെയോ നിന്നു കണ്ണല്ലാത്തതെല്ലാം പൊന്നാക്കിക്കളയാമെന്നു പറഞ്ഞുകൊണ്ടു വത്സയെ ഇത്രദ്ദൂരം നടത്തി ക്ലേശിപ്പിച്ചു, കടശിയിൽ, വന്ന വഴിക്കുതന്നെ തിരിയെപ്പോയ്ക്കൊള്ളുവാൻ അനുമതി തരികയല്ലേ ഞാൻ ഇപ്പോൾ ചെയ്യുന്നതു് ? അതു നോക്കിയാൽ ഞാൻ അപരാധിതന്നെ. പക്ഷേ എന്നെക്കൊണ്ടു കഴിയുന്നതു യാതൊന്നുംതന്നെ ഞാൻ ചെയ്യാതെയിരുന്നില്ല. ഈ ഭീഷ്മൻ എനിക്കു് അജയ്യനല്ല ; എന്നാൽ ഇവന്റെ ബ്രഹ്മചര്യവ്രതം എനിക്കു് അജയ്യമാണു്. ഇവനു് എന്റെ ആജ്ഞയെ ബഹുമാനമില്ല ; കഠാരത്തെ കൂസലില്ല. ഇവനോടു ഞാൻ തോററു ; ചിരഞ്ജീവിയായതുകൊണ്ടു മരിക്കാതെ തിരിയെ മഹേന്ദ്രപർവ്വതത്തിലേക്കു പോകുന്നു എന്നേയുള്ളു.

അംബ :—(മുഖമുയർത്തി നെററിചുളിച്ചുകൊണ്ടു്) മഹാത്മാവേ ! അപ്പോൾ അങ്ങേയ്ക്കുമില്ലയോ പ്രത്യയസ്ഥൈര്യം ? കർത്തവ്യനിഷ്ഠ ? പക്ഷേ ഈ വിഷയത്തിൽ ഞാൻ തന്നെയാണു് തെററുകാരി. ചില വസ്തുതകൾ ഞാൻ വിസ്മരിച്ചുപോയി. ഒന്നാമതു് എത്രയായാലും അങ്ങു് ഒരു ബ്രാഹ്മണൻ മാത്രമാണെന്നും തന്നിമിത്തം കാര്യനിർവ്വഹണകാലത്തിൽ സഹജമായ ഹൃദയാർദ്രത, അഥവാ ഭീരുത്വം, അങ്ങയെ തലയുയർത്തുവാൻ സമ്മതിക്കുകയില്ലെന്നും. രണ്ടാമതു ഗുരു

Digitized By Kerala Sahitya Akademi

ശിഷ്യന്മാർക്കു തമ്മിലുള്ള സ്നേഹബന്ധം അഭേദ്യമാണെന്നും അതിനു ശൈഥില്യം വരുത്താമെന്ന് ആരെങ്കിലും ആശിക്കുന്നുവെങ്കിൽ അതു ഭ്രാന്തിന്റെ വകഭേദമാണെന്നും, അങ്ങ് എപ്പോഴെങ്കിലും വിവാഹം ചെയ്തിരുന്നുവെങ്കിൽ ആ മുനിപത്നിമുഖേന എനിക്ക് എന്റെ പ്രാണവേദനയുടെ യഥാർത്ഥമായ സ്വരൂപം അങ്ങയെ ഗ്രഹിപ്പിക്കാമായിരുന്നു. ഇപ്പോൾ അങ്ങേയ്ക്കു, ഞാൻ ആരാണ്? വഴിക്കുവച്ചു കണ്ടുമുട്ടിയ ഒരു പെൺകോലം. ഒരു യുവതിക്ക് അവളുടെ ദാമ്പത്യനാശം, ചതുർഗ്ഗഹാനി, ചാരിത്രാപവാദം, മുതലായ സങ്കടങ്ങൾ എത്രമേൽ മർമ്മഭേദകങ്ങളാണെന്ന്. അങ്ങ് എങ്ങനെ അറിയും?

പര : കുമാരി! എന്നെ അലംഭാവം തോന്നുന്നതുവരെ അധിക്ഷേപിച്ചുകൊള്ളു! അതെല്ലാം ഞാൻ കേൾക്കാൻ സന്നദ്ധനാണ്. കഴിവില്ലാത്തതു കഴിയുമെന്നു കരുതി കുമാരിയെ കബളിപ്പിച്ചു, പടക്കളത്തിൽ വന്ന്, ആ അഹങ്കാരജല്പനത്തിനു സമ്മാനമായി അവമതിയും നേടിപ്പോകുന്ന എന്നെ, ലോകം എല്ലാക്കാലത്തും, എല്ലാസ്ഥലത്തും, അപഹസിക്കും; അതിന്റെ നാന്ദി മാത്രമാണ് അംബ ഇപ്പോൾ ഉച്ചരിക്കുന്നത്. എനിക്ക് അതിൽ പശ്ചാത്താപമുണ്ടെങ്കിലും പരിഭവമില്ല. പോക്രിത്തിരിയെ പ്രതിവിധിയില്ലാത്ത കാര്യത്തിൽ പരിതാപംകൊണ്ടു പ്രയോജനമില്ല. മരുന്നില്ലാത്ത രോഗം മാററാൻ

Digitized By Kerala Sahitya Akademi

കാലത്തിനല്ലാതെ കഴിയുകയില്ല. വേറേ ഒരനുരൂപ നായ ഭർത്താവിനെ വേണമെങ്കിൽ അന്വേഷിക്കാം. വേണമോ ?

അംബ:—'പോക്രി തിരിയെ'! നല്ല സാന്ത്വനം! എവിടെ പ്പോകാനാണു് മഹർഷേ? ഇനി ഞാൻ ആരോട്ട ചെന്നു് അഭയപ്രാർത്ഥന ചെയ്യാനാണു്? അവിട ത്തെ കഠാരം എന്റെ ശത്രുവിന്റെ നേക്കു മാത്രമല്ലേ കണ്ടുമായുള്ളൂ ?എന്റെ കഴുത്തെങ്കിലും വീശ്രൂ! അങ്ങ നെയെങ്കിലും ഒരു സുകൃതം ഈ ശുഭമുഹൂർത്തത്തിൽ അങ്ങു ചെയ്യൂ ! ഞാനും രേണുകാദേവിയുടെ ജാതി യിൽപ്പെട്ടവളല്ലേ ! രണ്ടുപേരും ക്ഷത്രിയകളല്ലേ ? അമ്മയെപ്പോലും അങ്ങേയ്ക്കുവേണ്ടി കൊന്ന ആ ആയുധത്തിനു് ആർക്കുമാക്കും വേണ്ടാത്ത— എത്തുമെ ങ്ങും, ആരുമാരും, തുണും തുണയുമില്ലാതെ, ഗതി വരാത്ത പ്രേതം പോലെ, അലഞ്ഞുതിരിയുന്ന— എന്റെനേക്കു് പ്രത്യേകമൊരു പക്ഷപാതം തോ ന്നാൻ ഹേതുവൊന്നുമില്ലല്ലോ. ആ ദേവിയെപ്പോ ലെ പിതൃവരംകൊണ്ടു് അങ്ങു് എന്നെ പുനരുത്ഥാ നം ചെയ്യിക്കേണ്ട ആവശ്യമില്ല ; അങ്ങനെ ചെ യ്താൽ വീണ്ടും ഞാൻ കാണേണ്ടതു് എന്റെ ശത്രു ജീവിച്ചിരിക്കുന്ന ഈ ലോകത്തെത്തന്നെയല്ലേ ? മതി മഹർഷേ ! ഞാൻ ഈ നരകം കണ്ടുകണ്ടു കണ്ണു നീരിൽ കളിച്ചതു്! വേറേ ഭർത്താവു വേണമോ എന്നു ചോദിക്കാൻ അങ്ങയുടെ നാക്കു് ഇളകിയല്ലോ !

Digitized By Kerala Sahitya Akademi

എന്തിനിങ്ങനെ എന്നെ കൊല്ലാക്കൊലചെയ്തു വിനോദിക്കുന്നു ?

പര :—വത്സേ! ഈശ്വരൻ നമുക്കു പൂർവ്വകർമ്മങ്ങൾ അനുസരിച്ചു ഫലപ്രദാനംചെയ്തുകൊണ്ടു സകല ചരാചരങ്ങളുടേയും നേതൃത്വം സമർത്ഥമായി നിർവ്വഹിക്കുന്നു. അവിടത്തെ നീതിനിഷ്ഠയിൽ വിശ്വസിക്കൂ! അതല്ലാതെ ഇത്തരത്തിലുള്ള വിപത്തുകളിൽ ആശ്വാസത്തിനു വേറേ ഉപായമില്ല.

അംബ :—(പുരികം വളച്ചുയർത്തി) അതേ! മഹർഷേ! ഈശ്വരൻ എന്നൊരു ലോഹകാരനുണ്ടെന്ന് എനിക്കും ഇപ്പോൾ ബോദ്ധ്യമായിരിക്കുന്നു. അദ്ദേഹത്തിന്റെ ശില്പശാലയാണ് ഭൂലോകം ; അതിൽ കുറേ തോൽത്തുരുത്തികളുണ്ട്; അവയെയാണ് പുരുഷന്മാർ എന്നു പറയുന്നതു്. അങ്ങയുടെ ഉപദേശമനുസരിച്ചു ഞാൻ അദ്ദേഹത്തെ വിശ്വസിക്കാം ; ഭജിക്കാം. ശാന്തിക്കല്ല, ശക്തിക്ക്—എന്റെ ശത്രുവിനെ സംഹരിക്കാനുള്ള സമഗ്രശക്തിക്ക് ; അതു ഞാൻ അവകാശവാദം ചെയ്തു സ്വായത്തമാക്കാം. നിങ്ങളെക്കൊണ്ടെല്ലാം ഞാൻ ഉയർന്നിടത്തോളം മതി ; അതു ഭൂമിയിൽനിന്നു പാതാളത്തിലേക്കായിരുന്നു ; ഇനി എന്നെക്കൊണ്ടുതന്നെ എന്നെ ഉയർത്താമോ എന്ന് ഒന്നു ശ്രമിച്ചു നോക്കാം. അന്യന്റെ കയ്യല്ല ഇനി എനിക്ക് ഉറക്കത്തിനുള്ള തലയണ ; അന്യന്റെ കാലല്ല സഞ്ചാരത്തിനുള്ള വാഹനം.

Digitized By Kerala Sahitya Akademi

പര:—അരുത് ! കുമാരി ! ഈ പ്രതികാരബുദ്ധി നല്ലതല്ല. ഇതിനെപ്പററി സ്വാനുഭവത്തെ ആസ്പദമാക്കി മററുള്ളവക്ക് ഉപദേശം നല്കാൻ പ്രാപ്തനായുള്ള അധികാരിയായി ഇന്നു ലോകത്തിൽ ആരും തന്നെയില്ല.

അംബ :—ഞാനും എൻെറ പ്രതികാരം പരിപൂർണ്ണമായി നിർവ്വഹിച്ചതിനുമേൽ ഇത്തരത്തിലുള്ള ലോകോപദേശത്തിന് ഒരുങ്ങിയിറങ്ങിക്കൊള്ളാം.

(ക്രുദ്ധയായി പോകുന്നു.)

പര :—സൃഞ്ജയ ! ഇതിനുമേൽ നമുക്കെന്തു ചെയ്യാം ?

ഹോത്ര :—എന്തു ചെയ്യാം? താനൊട്ടറിയുകയുമില്ല; മററുള്ളവർ പറഞ്ഞാലൊട്ടു കേൾക്കുകയുമില്ല. ഒരൊററ വാക്കേ അവൾക്കു ഉച്ചരിക്കുവാൻ കഴിയൂ—പ്രതിക്രിയ—പ്രതിക്രിയ. താന്തോന്നി ; തന്നിഷ്ടക്കാരി. എന്തെങ്കിലും ചെയ്യട്ടെ ; എവിടെയെങ്കിലും പോകട്ടെ. (വീണ്ടുമാലോചിച്ച്) എങ്കിലും ഭഗവാനേ ! ആ കുമാരി എൻെറ ദൌഹിത്രിയാണ്. അവളുടെ ജീവിതം ഇങ്ങനെ പാഴായല്ലോ !

പര :—ഈശ്വരൻ അവളെ അനുഗ്രഹിക്കട്ടെ.

(രണ്ടുപേരും പോകുന്നു.)

(യവനിക)

Digitized By Kerala Sahitya Akademi

രംഗം 4

സ്ഥലം:— ഹിമവൽപ്രാന്തം: ബാഹുദാനദിയുടെതീരം.

സമയം :— പ്രാതഃകാലം.

(അംബയും ലളിതയും പ്രവേശിക്കുന്നു.)

അംബ:—(വിഷണ്ണയായി) ലളിതേ ! ലളിതേ ! ഇതു ലളിത തന്നെയോ ? എൻെറ ബാല്യസഖി ? പ്രാണസ്വസ്വം ?

ലളി :— അതേ ! അംബേ ! ഇത് അംബയുടെ ലളിത തന്നെ. എത്രകാലമായി ഞാൻ ദേവിയെ അന്വേഷിച്ച് അങ്ങുമിങ്ങും അലഞ്ഞുതിരിയുന്നു ! ഇപ്പോഴെങ്കിലും കണ്ടുകിട്ടിയല്ലോ. ദൈവം പ്രസാദിച്ചു ; എൻെറ ഭാഗ്യം ജയിച്ചു. അന്നു കുരുക്ഷേത്രത്തിൽ നിന്നു ദേവി അമ്പുപോലെ പാഞ്ഞുപോയത് എവിടേയ്ക്കായിരുന്നു ?

അംബ :— ലളിതേ ! ഞാൻ അവിടെനിന്ന് ആമുനിശ്രേഷ്ഠന്റെയും എന്റെ വലിയച്ഛൻെറയും മുന്നിൽനിന്ന്-പായുകതന്നെയാണു ചെയ്തതു ; പക്ഷേ അമ്പുപോലെയല്ല; അമ്പുകൊണ്ടു മണ്ടിപ്പിളന്ന മാൻപേടപോലെ. ഒരൊററപ്പാച്ചിലിന് ഈ പർവ്വതപാർശ്വത്തിൽ എത്തി—വിജനം, വിലക്ഷണം ! വഴിക്കൊരിടത്തു തങ്ങിയിച്ചു; വഴിയാത്രക്കാരിൽ ആരോടുമൊന്നും സംസാരിച്ചുമില്ല. ഈ സ്ഥലം കണ്ടപ്പോൾ ഇതു മൃത്യുവിൻെറ വക്ത്രമാണെന്ന് എനിക്കു തോന്നി; ഇതാണ് എൻെറ അന്തിമലക്ഷ്യമെന്നോർത്തു

Digitized By Kerala Sahitya Akademi

ഞാൻ ആനന്ദിച്ചു. പക്ഷേ മനുഷ്യർക്കെന്നതുപോലെ മൃഗങ്ങൾക്കും എന്നോടടുത്താൽ അശുദ്ധി ബാധിക്കുമെന്നുള്ളതു പിന്നീടാണു് എനിക്കു ബോദ്ധ്യമായതു്. സമസൃഷ്ടങ്ങൾക്കു വേണ്ടാത്തതു ശമനനും വേണ്ടല്ലോ. അനന്തരകരണീയമെന്തെന്നു ഞാൻ അവധാനപൂർവം ആലോചിച്ചു. അപ്പോൾ എന്റെ മുന്നിൽ ഒരു മയിൽ പീലിവിരിച്ചു് ആടുന്നു. ആ കാഴ്ച എന്നെ നിരാശപ്പെടുത്തിയ മഹർഷിയുടെ സതീർത്ഥ്യനായ ശിഖിവാഹനന്റെ നേർക്കു് എന്റെ ഹൃദയത്തെ തിരിച്ചുവിട്ടു. ആ ദേവനെ ഭജിച്ചു് എന്റെ അഭീഷ്ടം സാധിക്കാമെന്നു ഞാൻ തീർച്ചപ്പെടുത്തി.

ലളി :—തിരിയേണ്ട വഴിക്കുതന്നെയാണു് ദേവിയുടെ ഹൃദയം തിരിഞ്ഞതു്.

അംബ :—ആവോ ? കേൾക്കൂ കഥമുഴുവൻ ! അചിരേണ ആ കരുണാമയൻ എന്റെ മുന്നിൽ പ്രത്യക്ഷീഭവിച്ചു് എന്തു വരം വേണമെന്നു ചോദിച്ചു. "പ്രതികാരം! പ്രതികാരം!" എന്നു ഞാൻ അറിയിച്ചു. "പ്രതികാരമോ വത്സേ ? അത്യന്തം നിഷിദ്ധമായ ആ ആഗ്രഹസിദ്ധിക്കുതന്നെയാണോ നീ ഈ അസിധാരാവ്രതം അനുഷ്ഠിച്ചതു് ? മറ്റൊന്നുമില്ലേ വത്സയ്ക്കു് എന്നോടു ചോദിച്ചുവാങ്ങുവാൻ ? അർത്ഥസമൃദ്ധി ? ഭർത്തൃസൗഖ്യം ? സന്തതിപ്രാപ്തി ?" എന്നു് അവിടുന്നു വീണ്ടും അരുളിച്ചെയ്തതിനു് അതൊന്നും

Digitized By Kerala Sahitya Akademi

ആവശ്യമില്ലെന്നു ഞാൻ ഉറപ്പിച്ചുതന്നെ മറുപടി പറഞ്ഞു. അവിടുന്നു മുഷിഞ്ഞു; എന്നെ പിന്നെയും ഉപദേശിച്ചു; അല്പമൊന്നു കയർത്തു; വരദാനത്തിൻെറ വിളംബം വരുത്തി. ഞാൻ അപ്പോഴേക്കും തിരിഞ്ഞു കേറി. "അങ്ങേയ്ക്കുമുണ്ടോ ഭീഷ്മരെ ഭയം? ദേവസേനാപതിയേയും വിറപ്പിക്കുന്ന ഒരു മഹാസുരനാണോ ആ മനുഷ്യക്രമി? അഥവാ അങ്ങേ പണ്ടേ തന്നെ പരശുരാമനോടു തോററ ഒരു പാവമല്ലേ? അദ്ദേഹത്തെ ജയിച്ച ഭീഷ്മരുടെ വിഷയത്തിൽ ഭീരുത്വം പ്രദർശിപ്പിക്കുന്നതു് അയുക്തമല്ല. അങ്ങയെ പ്രസാദിപ്പിച്ചു് ആശ സഫലമാക്കിക്കൊള്ളാമെന്നു കരുതിയ ഞാൻ എൻെറ മൌഢ്യത്തെ അപലപിക്കുന്നു. അങ്ങേയ്ക്കു പോകാം." എന്നു് എൻെറ കോപതാപങ്ങൾക്കു് അത്യന്തം നിശിതമായ ഒരു അപഹാസാസ്ത്രത്തിൻെറ രൂപം വരുത്തി അതു് അദ്ദേഹത്തിൻെറ പന്ത്രണ്ടു ചെവികളിലും പായിച്ചു.

ലല്ലി:— (ഞെട്ടിപ്പോത്തി) അംബേ! അംബയ്ക്കു് എന്തും കട്ടിക്കളിയോ? ആ ദേവനെ തപശ്ശക്തികൊണ്ടു മുന്നിലേക്കു വിളിച്ചുവരുത്തി ഇങ്ങനെ അവമാനിക്കാമോ?

അംബ:— അതൊന്നും ഞാൻ അപ്പോൾ ഓത്തില്ല. എന്നു ഹസ്തിനപുരംവിട്ടു വെളിയിലിറങ്ങിയോ അന്നുമുതൽ അംബയെന്നൊരു കുമാരി ലോകത്തിലില്ലെന്നു അവളുടെ അരിശപ്പിശാചാണു്, ആ തിരചിറി,

Digitized By Kerala Sahitya Akademi

ത്തുള്ളിപ്പൊടിച്ച്, അങ്ങുമിങ്ങും നടമാടുന്നതെന്നും മുൻപുതന്നെ നിന്നോടു പറഞ്ഞിട്ടില്ലേ ? കയ്യിൽ കിട്ടിയ നിധികുംഭം ഞാൻ കടലിലേക്കു വലിച്ചെറിഞ്ഞു; ക്ഷേത്രത്തിലെ തീർത്ഥജലം കൊണ്ടു പാദശൌചം ചെയ്തു. എന്റെ ആ കൊള്ളിവാക്കുകൾ കേട്ടു ഭഗവാൻ വീണ്ടും അരുളിച്ചെയ്തു: "ഇതാ ! കുമാരി! ഒരു ഇലഞ്ഞിപ്പൂമാല ! ഇതു ഞാൻ കുമാരിക്കു സമ്മാനിക്കുന്നു. ഇതു കൈകൊണ്ടു് എടുത്തു് ആരു കഴുത്തിൽ അണിയുന്നുവോ അവൻ ഭീഷ്മനെ കൊല്ലും. അവനല്ലെങ്കിൽ അവൾ; എന്നാൽ അവൾ അവനാകണം; അതു് ഈ മാലതന്നെ ആക്കിക്കൊള്ളുകയും ചെയ്യും. പക്ഷേ കാലംകൂടി അനുകൂലമാകണം; അതിനു് അല്പം കാത്തിരിക്കുകയും വേണം. വത്സയ്ക്കുതന്നെ വേണമെങ്കിൽ ഈ മാല ധരിച്ചാൽ ഭീഷ്മനെ വധിക്കാറാകും." എന്നു് എന്നെ അനുഗ്രഹിച്ചു മാല എന്റെ മുന്നിൽ നിക്ഷേപിച്ചു് അന്തർദ്ധാനവും ചെയ്തു. ആ മാല എന്റെ മുന്നിൽ കിടക്കുന്നതു ഞാൻ കണ്ടു—സ്വപ്നസുഖമനുഭവിക്കുന്ന ഘോരസർപ്പംപോലെ—പ്രച്ഛന്നരൂപമായി പതിച്ച കാലപാശംപോലെ !

ഖളി:— ഭയങ്കരം ! ഭയങ്കരം ! എവിടെ ആ മാല ?

അംബ:— പറയാം, അതു ഞാൻ കൈകൊണ്ടെടുത്തു. എന്റെ സ്ത്രീഹൃദയം ചകിതമായി. എന്റെ കഴുത്തിൽത്തന്നെ ഇടട്ടെയോ എന്നു് അല്പമൊന്നാലോ

Digitized By Kerala Sahitya Akademi

ചിച്ചു. എന്തിന് ? പുരുഷനായി രൂപം മാറി പിന്നീട് ഭീഷ്മനെ വധിക്കുവാൻ ! പുരുഷസമുദായത്തെതികച്ചും വെറുക്കുന്ന അംബതന്നെ പുരുഷരൂപം കൈക്കൊള്ളുകയോ? എന്നാൽ അതായിരിക്കും പുത്രമകളിൽവച്ചു പുത്രമ! അതു ഞാൻ ചെയ്യുകയില്ലെന്നു തീർച്ചപ്പെടുത്തി. പിന്നെ ഭീഷ്മരുടെ വധം! "അരുതു കുഞ്ഞേ ! അതു നീ ഒരിക്കലും ചെയ്യരുതു്" അന്ന് ഇദംപ്രഥമമായി അന്തഃകരണത്തിൽനിന്ന് ഒരു പ്രതിഷേധവാക്യം അപ്പോൾ എനിക്ക് ആദ്യം അല്പം അവ്യക്തമായും, അനന്തരം അത്യന്തം സ്പഷ്ടമായും, കേൾക്കാൻ ഇടവന്നു. എന്തുവേണമെന്ന് ഒരു തീരുമാനവും തോന്നാതെ കുറേനേരത്തേക്കു ഞാൻ പരുങ്ങി. ഒടുവിൽ മറ്റാരെങ്കിലും ആ കൃത്യം ചെയ്യട്ടെ എന്നു നിർണ്ണയിച്ചു. പിന്നെയും ചില രാജധാനികളിൽ ചെന്ന് "അല്ലയോ! രാജാക്കന്മാരേ ! ഭീഷ്മരെ വധിക്കുവാൻ ഞാൻ സ്കന്ദദത്തമായ ഒരു ഇലഞ്ഞിപ്പൂമാല കൊണ്ടുവന്നിരിക്കുന്നു. അതു വാങ്ങി അദ്ദേഹത്തെ വധിച്ച് എന്നെ പരിഗ്രഹിക്കുവിൻ." എന്ന് അവരെ ഉൽബോധനം ചെയ്തു. അവർ ഏകകണ്ഠമായി പറഞ്ഞു. 'കുമാരി ! നിൻെറ ഭ്രാന്തു മൂത്തുപോയി, ഭാർഗ്ഗവകുഠാരത്തിന്റെ വായ്ത്തല മടക്കിയ ഭീഷ്മരുടെ മരണം എവിടെനിന്നോ കൊണ്ടുവന്നിരിക്കുന്ന ഈ മലർമാല മൂലം സാധിക്കാമെന്നാണോ നീ ഞങ്ങളെ വിശ്വസിപ്പിക്കാൻ വന്നിരിക്കുന്നതു്'?

Digitized By Kerala Sahitya Akademi

കഴിഞ്ഞു. പിന്നീട് അതിനെ സംബന്ധിച്ചുള്ള
നിഷ്കർഷ അല്പമൊന്നയഞ്ഞു. യജ്ഞസേനനു പുത്ര
നില്ല; ഒരു പുത്രിയേ ഉള്ളൂ; ശിഖണ്ഡിനിയെന്നാണ്
അവളുടെ പേർ. ആ കുമാരി എങ്ങനെയോ അവിടെ
കടന്നുചെന്നു ആ വാടാമാലയെടുത്തു കഴുത്തിലിട്ടു
കൊണ്ട് അച്ഛന്റെ മുന്നിലെത്തി. അച്ഛൻ ഭീഷ്മ
രെയോർത്തു വിറച്ചു. അതിരുകടന്ന വാത്സല്യം മക
ളിലുണ്ടായിരുന്നുവെങ്കിലും അവളെ ആ ക്ഷണത്തിൽ
തന്നെ നാട്ടിൽനിന്ന് ആട്ടിയോടിച്ചു. അവൾ
ഹിമവൽപർവതത്തിൽ വന്ന് ആരുടെ വരം മൂലമോ
തന്റെ സ്ത്രീത്വം ത്യജിച്ചു പുംസ്ത്വം ആർജിച്ചുകൊണ്ടു
തിരിയെ അച്ഛനെ ചെന്നുകണ്ടു. മാല ഫലവത്താ
ണെന്നു മനസ്സിലാക്കിയപ്പോൾ കാശിക്ഷേപായിരുന്ന
യജ്ഞസേനന്റെ ധൈര്യം വീണ്ടും കരളിലേക്കു
കടന്നു. അദ്ദേഹം ഭീഷ്മരെ അടിപെടുത്തി ഭാരത
സാർവഭൗമത്വം നേടാൻ പോകുന്ന തന്റെ പുത്രി
യെ—അല്ല പുത്രനെ—കണ്ട് ആനന്ദിച്ചു. ഇതാണ്
ആ ഭഗവദനുഗ്രഹത്തിന്റെ ഏതൽപര്യന്തമുള്ള
ചരിത്രം.

ലളി:—ദേവി! അപ്പോൾ ദേവിയുടെ ശപഥം നിറവേറു
മെന്നുതന്നെ തോന്നുന്നുവല്ലോ.

അംബ:—ലളിതേ! അതേ! അതു നിറവേറുകതന്നെ ചെ
യ്യും. എപ്പോഴെന്നും എവിടെവച്ചാണെന്നും മാത്ര

Digitized By Kerala Sahitya Akademi

അഥവാ ഉന്മത്തപ്രലാപത്തിൽ ആരെങ്കിലും ഉൗഹാപോഹകശലതയുണ്ടോ എന്നു പരിശോധിക്കുവാനോ?" എന്നു്. ഒടുവിൽ ഞാൻ പാഞ്ചാലരാജ്യത്തിന്റെ പ്രധാനനഗരമായ മാകന്ദിയിൽ ചെന്നു് അവിടത്തെ രാജശ്രേഷ്ഠനായ യജ്ഞസേനനോടും എന്റെ അഭിമതം അറിയിച്ചു. അദ്ദേഹവും എന്നെ പുച്ഛിച്ചയച്ചതേയുള്ളു. അപ്പോഴേക്കും ഞാൻ കേവലം ജീവച്ഛവമായി; പ്രത്യാശ എന്നെ നിശ്ശേഷം വിട്ടുപിരിഞ്ഞു. ആ രാജദ്വാരത്തിൽ എന്റെ മാല ദുർവ്വഹമായ ശിലാഭാരം പോലെ വലിച്ചെറിഞ്ഞു വീണ്ടും തപസ്സിനായി ഞാൻ ഇങ്ങോട്ടു തന്നെ പോന്നു.

ലളി:— ആ മാല എന്താപത്തെല്ലാമാണോ ലോകത്തിനു വരുത്തിവയ്ക്കാൻ പോകുന്നതു്?

അംബ:—അതു് ഓർക്കുംതോറും എന്റെ മനസ്സു് ആകുലമാകുന്നു. ഇന്നലെ ഒരു ഋഷികുമാരൻ ഇവിടെ വന്നിരുന്നു. അയാളിൽനിന്നു ഞാൻ അതിനെപ്പററി പിന്നെയും ചില വിവരങ്ങൾ ഗ്രഹിച്ചു. യജ്ഞസേനൻ ആദ്യം ആ മാല മണ്ണിൽ കുഴിച്ചുമൂടിക്കളയാമെന്നു വിചാരിച്ചു; എന്നാൽ ശക്തിധരന്റെ മാലയാകകൊണ്ടു് അങ്ങനെ ചെയ്താൽ അതു തനിക്കു് അമംഗലം വരുത്തുമെന്നു് അദ്ദേഹം കരുതി. അതു കിടന്ന സ്ഥലത്തു് ആരും കടക്കാതെയിരിക്കുവാൻ പാറാവുകാരെ നിയമിച്ചു. കുറേക്കാലം അങ്ങനെ

Digitized By Kerala Sahitya Akademi

കഴിഞ്ഞു. പിന്നീട് അതിനെ സംബന്ധിച്ചുള്ള നിഷ്കർഷ അല്പമൊന്നയഞ്ഞു. യജ്ഞസേനനു പുത്രനില്ല; ഒരു പുത്രിയേ ഉള്ളൂ; ശിഖണ്ഡിനിയെന്നാണ് അവളുടെ പേര് ആ കുമാരി എങ്ങനെയോ അവിടെ കടന്നുചെന്ന് ആ വാടാമാലയെടുത്തു കഴുത്തിലിട്ടുകൊണ്ട് അച്ഛന്റെ മുന്നിലെത്തി. അച്ഛൻ ഭീഷ്മരെയോർത്തു വിറച്ചു. അതിരുകടന്ന വാത്സല്യം മകളിലുണ്ടായിരുന്നുവെങ്കിലും അവളെ ആ ക്ഷണത്തിൽ തന്നെ നാട്ടിൽനിന്ന് ആട്ടിയോടിച്ചു. അവൾ ഹിമവൽപർവതത്തിൽ വന്ന് ആരുടെ വരം മൂലമോ തന്റെ സ്ത്രീത്വം ത്യജിച്ചു പുംസ്ത്വം ഭജിച്ചുകൊണ്ടു തിരിയെ അച്ഛനെ ചെന്നുകണ്ടു. മാല ഫലവത്താണെന്നു മനസ്സിലാക്കിയപ്പോൾ കാലിക്കുപോയിരുന്ന യജ്ഞസേനന്റെ ധൈര്യം വീണ്ടും കരളിലേക്കു കടന്നു. അദ്ദേഹം ഭീഷ്മരെ അടിപെടുത്തി ഭാരതസാർവഭൌമത്വം നേടാൻ പോകുന്ന തന്റെ പുത്രിയെ-അല്ല പുത്രനെ—കണ്ട് ആനന്ദിച്ചു. ഇതാണ് ആ ഭഗവദനുഗ്രഹത്തിന്റെ ഏതൽപര്യന്തമുള്ള ചരിത്രം.

ലളി :—ദേവി! അപ്പോൾ ദേവിയുടെ ശപഥം നിറവേറുമെന്നുതന്നെ തോന്നുന്നുവല്ലോ.

അംബ :—ലളിതേ! അതേ! അതു നിറവേറുകതന്നെ ചെയ്യും. എപ്പോഴെന്നും എവിടെവച്ചാണെന്നും മാത്ര

Digitized By Kerala Sahitya Akademi

മേ നിശ്ചയിക്കാൻ പാടില്ലാത്തയുള്ളു. അഗ്നിപർവ്വതത്തിന്റെ ഊർദ്ധ്വരന്ധ്രത്തിൽനിന്നു തീജ്വാല പൊന്തിത്തുടങ്ങി; അതു് ഇനി പൊട്ടിയേ മതിയാകൂ! പക്ഷേ ഒരു കാര്യം; ലളിതേ! എന്റെ അവിചാരത്തിൽ ജനിച്ച കൃത്യമാണു് ആ മാല; അതിനെപ്പറ്റി ചിന്തിക്കുമ്പോൾ എന്റെ ഹൃദയം പിളരുന്നു. പ്രതികാരേച്ഛയ്ക്കുപകരം പശ്ചാത്താപമാണു് ഇപ്പോൾ അവിടെ കുടികൊള്ളുന്നതു്. എനിക്കു് ആ ദ്രോഹകർമ്മത്തിന്റെ ഭവിഷ്യത്തു കാണാൻ മോഹമില്ല; ആ വിഷവൃക്ഷത്തിന്റെ പരിണതഫലം ആസ്വദിക്കുന്നതിൽ ആനന്ദമില്ല. ഞാൻ ഉറച്ചുകഴിഞ്ഞു തോഴീ! അടുത്ത നിമിഷത്തിൽത്തന്നെ എന്റെ പ്രാണപക്ഷിയെ പാശച്ഛേദംചെയ്തു സ്വതന്ത്രമാക്കുവാൻ. ഈ ദേഹപഞ്ജരത്തിൽ അതു് ഇത്ര വരെ കിടന്നുപിടച്ചതു മതി. ഈ പുണ്യനദിയുടെ തീരത്തിൽത്തന്നെ ഇതിനു വടക്കുവശമായി ഒരു സ്ഥലത്തു ചില വനചരന്മാർ എനിക്കു ചിതയൊരുക്കുന്നു. അതിൽ ചാടി ആത്മഹത്യ ചെയ്യുവാൻ ഞാൻ ഉറച്ചുകഴിഞ്ഞു. അങ്ങനെ എന്റെ ഈ അധമജീവിതം അവസാനിക്കട്ടെ. അതിനു മുൻപു് എന്റെ പ്രിയലളിതേ! നിന്നെ ഞാൻ ഒന്നു് ആലിംഗനം ചെയ്തുകൊള്ളട്ടെ; ഒരൊറ്റയാലിംഗനം മതി; നീയല്ലാതെ എന്നെ സ്നേഹിക്കാൻ ഇന്നു ലോകത്തിൽ വേറെ ആരുമില്ലല്ലോ. നിന്റെ "ആലിംഗനം കഴി

Digitized By Kerala Sahitya Akademi

ഞ്ഞിട്ടു് അഗ്നിഭഗവാന്റെ മുഖലിംഗനം! അമ്പമ്പാ! രണ്ടിനും തമ്മിൽ ഞാൻ കണ്ടനുഭവിക്കാൻ പോകുന്ന അന്തരം!

(നിരാശ്രയയായി നില്ക്കുന്ന ലളിതയെ അംബ ആലിംഗനം ചെയ്യുന്നു.)

(യവനിക)

രംഗം 5

സ്ഥലം :—ബാഹുദാനദിയുടെ തീരം.

സമയം :—മദ്ധ്യാഹ്നം.

(ഭീഷ്മനും ലളിതയും ബദ്ധപ്പെട്ടു പ്രവേശിക്കുന്നു.)

ഭീഷ്മ :—ലളിതേ! നിന്റെ സഖാംബ എവിടെ?

ലളി :—മഹാരാജാവേ! ഇതിലേ എഴുന്നള്ളുക! ഇതിലേ! ഇതിലേ! വേഗം! വേഗം! അംബ ഇപ്പോൾ അഗ്നിപ്രവേശം ചെയ്യും.

ഭീഷ്മ : എന്റെ ചാരന്മാരിൽനിന്നു് ഇങ്ങനെ ഒരു അത്യാഹിതത്തിന്റെ സംഭാവ്യതയെപ്പററി ഞാൻ അറിവുകിട്ടുകയുണ്ടായി. അതുകൊണ്ടാണു് ഉടനടി ഇങ്ങോട്ടു പുറപ്പെട്ടതു്.

ലളി :—മഹാരാജാവേ! നാമുക്കു നടന്നാൽ പോരാ; ഓടിപ്പോകാം! വേഗം! വേഗം!

(ചിതയിൽ തീ കൊളുത്തി അതിനു മുൻപിൽ കണ്ണടച്ചു നില്ക്കുന്ന അംബയെ അവർ കാണുന്നു.)

Digitized By Kerala Sahitya Akademi

ലളി:—(ഉറക്കെ) അംബേ! അംബേ! ഇതാ മഹാരാജാവു ഭീഷ്മർ! ഒന്നു കണ്ണു തുറക്കൂ.

ഭീഷ്മ:—(ഉറക്കെ) വത്സേ! വത്സേ! ഇതാ ദേവവ്രതൻ!

(അംബ അവരുടെ ആഗമനം അറിയുന്നില്ല).

അംബ:—അംബേ! നിന്റെ അന്ത്യക്ഷണം അടുത്തു; ദൈഹികയാത്ര അവസാനിച്ചു! ഇനി ഒരൊററ മുള്ളു നിന്റെ കാലിൽ തറയ്ക്കുകയില്ല; ഒരൊററ അമ്പു നിന്റെ ഹൃദയത്തിൽ കൊള്ളുകയില്ല. എന്തൊരാശ്വാസം! എന്തൊരാനന്ദം! നിന്റെ ചുററും പരന്നു കിടക്കുന്ന ഈ ലോകം എത്ര ഭയങ്കരം! എത്ര ശോചനീയം! അല്ലല്ല! നിനക്കു തെററിപ്പോയി. ഈ ലോകമെന്തു പിഴച്ചു? മുകളിലേക്കു നോക്കിയാൽ ആദിത്യചന്ദ്രന്മാരെക്കൊണ്ടും അനന്തകോടിനക്ഷത്രങ്ങളെക്കൊണ്ടും നിത്യസുന്ദരമായി പരിലസിക്കുന്ന നീലാകാശം; അതിനു താഴെ യഥാക്രമം മുമുക്ഷുക്കളെപ്പോലെ ലോകസംഗ്രഹത്തിനായി പര്യടനം ചെയ്യുന്ന മേഘപടലങ്ങൾ; സത്യത്തിന്റേയും സൗന്ദര്യത്തിന്റേയും മാഹാത്മ്യം പാടിപ്പാടി സ്വച്ഛന്ദമായി പാറിപ്പറക്കുന്ന പക്ഷിഗണങ്ങൾ; ആ പാട്ടുകേട്ടു തലകുലുക്കുന്ന വൃക്ഷലതകൾ; അവ തങ്ങളുടെ അഭിവന്ദ്യജനനിയായ ഭൂമിദേവിയുടെ തിരുമാറിൽ ആനന്ദബാഷ്പങ്ങൾപോലെ പൊഴിക്കുന്ന നറുമലരുകൾ; ആ മലരുകളിലെ പരിമളം വഹിച്ചുകൊണ്ടു നാലുപാടും സഞ്ചരിച്ചു ചരാചരങ്ങളെ സേവിച്ചു

Digitized By Kerala Sahitya Akademi

ചരിതാർത്ഥനാകുന്ന മന്ദവായു; കളിച്ചും പുളച്ചും വെൺനുരയാൽ പുഞ്ചിരിക്കൊണ്ടും വെള്ളത്തുള്ളികളാൽ പൊടിമുത്തു വിതറിയും സ്വച്ഛസുന്ദരമായി പ്രവഹിച്ചു തീരപ്രദേശങ്ങളെ സസ്യശ്യാമളങ്ങളാക്കുന്ന നദികൾ — ഹതി; എന്താണു് ഈ ലോകത്തിനൊരു കുറവു്? മനുഷ്യനാണോ ഈ ചന്ദ്രബിംബത്തിനു് ഒരു മറുകളങ്കം? അല്ലല്ല; അവനെ സൌന്ദര്യം ആകർഷിക്കാത്തതു് അന്ധതയുടെ കുററമല്ലേ? കൈവശമുള്ള പാത്രത്തിൽ കൊള്ളുന്ന വെള്ളമല്ലേ കടലിൽ ചെന്നാലും കൊണ്ടുപോരാൻ കഴിയൂ? അംബ! നീ ഭാഗ്യഹീനനല്ലേ? ആഹാ! തികച്ചും അതേ! പക്ഷേ അതിനാരുത്തരവാദി? നീ— നീ തന്നെ— നീയല്ലാതെ മററാരുമല്ല. നിനക്കെന്തായിരുന്നു യൌവനാരംഭത്തിൽ ആഗ്രഹം? ഉത്ഭവാദേ! ആരാണു് വാസ്തവത്തിൽ നിനക്കുത്തരവാദിയാകേണ്ടിയിരുന്നതു്? സാലഭഞ്ജനോ സാക്ഷാൽ വിശ്വനാഥനോ? അതിരിക്കട്ടെ. നീ എന്താണു് ചെയ്തതു്? മഹാത്മാവായ ഭീഷ്മരെ – മാതൃഭൂമിയുടെ മഹനീയമായ സനാതനമായ ബ്രാഹ്മണ്യത്തിൻെറ ധർമ്മനിഷ്ഠയിൽനിന്നു വ്യതിചലിപ്പിക്കാനല്ലേ നീ നിന്റെ സർവ്വശക്തികളും പ്രയോഗിച്ചതു്? ആ സുഗ്ഗഹീനനാമാവാരാണു്? നീചനായ സാലഭഞ്ജൻെറ വികടചക്രത്തിൽനിന്നു നിയതിയുടെ ചോദനയാൽ ഒന്നു രക്ഷിച്ച വിശ്വബന്ധു. അദ്ഭുതത്തി

Digitized By Kerala Sahitya Akademi

ൻെറ പാവനമായ പാണി നിന്നെ സ്പർശിച്ചുവെങ്കിൽ അതു ജഗൽപിതാവിൻെറ പാണിയാണെന്നല്ലേ നീ കരുതേണ്ടിയിരുന്നതു് ? അദ്ദേഹത്തെ പരാജയപ്പെടുത്താനുള്ള നിൻെറ സംരംഭം എങ്ങനെ ഫലിക്കും? നീ ആ മഹാരഥന്റെ അനുശാസനത്തിനു മാത്രം വിധേയയായിരുന്നെങ്കിൽ നിനക്കു ഹസ്തിനപുരത്തിലെ മഹാരാജ്ഞിയായി സുഖിക്കാമായിരുന്നില്ലേ ? അങ്ങനെ ചെയ്യുവാനെങ്കിൽ സാല്വകാമയായ നിനക്കു പാതിവ്രത്യലോപമുണ്ടെന്നു നീ ശങ്കിച്ചാൽ പോലും പ്രതിക്രിയയ്ക്കൊരുങ്ങി എന്തിനാണു് ഈ പാടെല്ലാം പെട്ടതു് ? സന്താനലാഭത്തിനല്ലേ പാണിഗ്രഹണം ? നിന്നെക്കാൾ എളിയവരെല്ലാം നിൻെറ സന്താനങ്ങളാണെന്നു ധരിച്ചാൽ നിനക്കു ആ ദിവ്യസമ്പത്തു പ്രസവപ്രയാസംകൂടാതെ തന്നെ സിദ്ധിക്കുമായിരുന്നില്ലേ ? ആതുരശുശ്രൂഷയ്ക്കു പട്ടമഹിഷീസ്ഥാനമെന്തിനു് ? എത്ര താണനിലയിലുള്ളവർക്കും എത്ര ഉൽകൃഷ്ടമായ കൈങ്കര്യവും അനുഷ്ഠിക്കത്തക്കവിധത്തിലല്ലേ ഈ ലോകത്തിന്റെ സംവിധാനം ? അതൊന്നുമാലോചിക്കാതെ പ്രതികാരേച്ഛയെന്ന പിശാചിനെ നീ നിൻെറ ഹൃദയപീഠത്തിൽ പ്രതിഷ്ഠിച്ചു് അതിനെയല്ലേ രാപ്പകൽ ആരാധിക്കാൻ തുടങ്ങിയതു് ? അവനവന്റെ കർമ്മഫലം അവനവൻ ഭുജിക്കുമെന്നു കാണാൻ നിനക്കു കണ്ണില്ലാതെ പോയല്ലോ. ദൈവത്തിന്റെ തൃക്കയ്യിൽ

Digitized By Kerala Sahitya Akademi

നിന്നെ നീതിബന്ധം പിടിച്ചെടുക്കാനായിരുന്നില്ലേ നിൻെറ ഉദ്യമം ? ഹായി ! ഹായി! അംബേ, തിന്മയ്ക്കു പകരം നന്മ ചെയ്യുന്നവർ ഉത്തമർ തിന്മയ്ക്കു പകരം തിന്മ ചെയ്യുന്നവർ മദ്ധ്യമർ ; നന്മയ്ക്കു പകരം തിന്മ ചെയ്യുന്നവർ അധമർ. ഇതിൽ മൂന്നാമത്തെ കൂട്ടത്തിലല്ലേ നിന്നെ ഉൾപ്പെടുത്തേണ്ടതു് ? അഥവാ ഭീഷ്മർ നിന്നോടു് അപചാരം പ്രവർത്തിച്ചു എന്നുതന്നെ വയ്ക്കുക; അതുനിമിത്തം നിനക്കു ഹൃദയത്തിൽ പററിയ വ്രണം നിശ്ശേഷമായും ഉണക്കുവാൻ ഭാവികാലത്തിനു കഴിവുണ്ടായിരുന്നില്ലേ ? ആ വൈദ്യോത്തമൻെറ ചികിത്സയ്ക്കു നീ അതു വിട്ടുകൊടുത്തില്ലെന്നു മാത്രമല്ല, ഓരോ നിമിഷവും അതിനെ പകത്ത് കത്തിച്ചു പഴുപ്പിച്ചുകൊണ്ടിരുന്നു. ഒടുവിൽ അതു് ഇന്നു് അന്തർദാഹാഗ്നിയായി രൂപാന്തരപ്പെട്ടിരിക്കുന്നു. അതിൻെറ ദാഹകതയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ചിതാനലൻ നിനക്കു് അമൃതകിരണനായിരിക്കും. നീ ഒട്ടും ഭയപ്പെടേണ്ട. ഈ സ്വപ്നപര്യങ്കത്തിൽ നിനക്കു സുഖമായി ഉറങ്ങാം. എത്ര വർഷമായി നീ ഒന്നു നേരെ ഉറങ്ങീട്ട് ? ഈ ദീർഘനിദ്ര ഇപ്പോഴെങ്കിലും നിനക്കു് അത്യന്താവശ്യകമായ വിശ്രമം നല്കുമാറാകട്ടെ.

(കണ്ണു തുറക്കുന്നു)

ഭീഷ്മ :— (വീണ്ടും ഞരക്കം) അംബേ ! അംബേ !

Digitized By Kerala Sahitya Akademi

അംബ : (സൂക്ഷിച്ചുനോക്കി) അതാര് ? സുധാംശുവംശത്തിന്റെ ചൂഡാലങ്കാരവും ഭാഗീരഥീദേവിയുടെ ഭാഗധേയപരിപാകവുമായ ഭീഷ്മദേവനാണോ ? പൂജ്യപാദ! പുണ്യവാന് ! പാപിഷ്ഠയായ അംബ അങ്ങയെ ബാഷ്പകലുഷങ്ങളായ നേത്രങ്ങൾകൊണ്ടു നിരീക്ഷിക്കുന്നു ; പ്രശ്രയാവനതയായ മൂർദ്ധാവുകൊണ്ടു സംഭാവനചെയ്യുന്നു ധീവ്രത ! അങ്ങയെ ഞാൻ പലപ്രകാരത്തിൽ ദ്രോഹിക്കാൻ ശ്രമിച്ചു ; അവയെല്ലാറ്റിനേയും തന്നെ നിസ്സംഗനും നിർവ്വികല്പനുമായ അങ്ങയെ തീണ്ടുവാൻ സാധിച്ചില്ല. എന്റെ ഓരോ ഉന്മൂലനോദ്യമവും അങ്ങയുടെ ധർമ്മനിഷ്ഠയെ ഉത്തരോത്തരം ഉന്നമിപ്പിച്ചു. ഒടുവിൽ ഞാൻ എന്റെ വൈരനിര്യാതനത്തിന് ഒരു ദിവ്യതേജസ്സിന്റെ ആനുകൂല്യം നേടി. അങ്ങയെ വധിക്കുവാൻ ഒരു പുഷ്പമാല സമ്പാദിച്ചു. അതോടുകൂടി നളനെ കലിയെന്നപോലെ എന്നെ പ്രതികാരകാംക്ഷ വിട്ടകന്നു. സാധനം കൈവന്നപ്പോൾ സാധ്യത്തിൽ വെറുപ്പുതോന്നി. പക്ഷെ എന്തു ഫലം ? ആ മാല അതിന്റെ ജന്മോദ്ദേശം സാധിക്കും. എന്നാൽ എനിക്ക് ഒന്നു കഴിയും — ഭവാനെ [illegible] ആ സംഭവത്തോടും തന്നിമിത്തം എനിക്കു ഭാവിയിൽ പതിക്കേണ്ടിവരുന്ന നരകത്തോ [illegible] ി പശ്ചിച്ചു വീണ്ടും എന്റെ ഹൃദ [illegible] ഇപ്പോൾ തന്നെ ഈ ശേഖ [illegible] ിപ്പിക്കുവാൻ

Digitized By Kerala Sahitya Akademi

അച്ഛാ ഞാൻ ഉറച്ചുകഴിഞ്ഞു. അതിനുമുൻപ്
അങ്ങയെ എനിക്കൊന്നു കാണുവാൻ ഇടവന്നതു്
എന്റെ [illegible] ചെയ്യുന്ന ഘോരാന്ധകാരത്തിലെ
വിദ്യുൽപ്രകാശമാണതു്. അച്ഛൻ! ഈ ലോകത്തിൽ
അടങ്ങാത്ത [illegible] അനുഗ്രഹിക്കുന്നു — അങ്ങു്
ഒരു [illegible] ഉറപ്പിച്ചു് എന്റെ ഈ
പ്രാരബ്ധങ്ങൾക്കു [illegible] എന്നെ അനുഗ്രഹിക്ക
ണമേ! 'ഞാൻ ക്ഷമിക്കുന്നു' എന്നു മാത്രം; അതാ
ണു് എനിക്കു് അങ്ങു ചെയ്യേണ്ട താരകോപദേശം
അമ്പടന്മാർ ഈശ്വരനെപ്പോലെ സർവ്വശക്തനാ
ണെന്നു് ഇതിനകം പല കുറി ബോദ്ധ്യപ്പെട്ടു
കഴിഞ്ഞു. ക്ഷമയാണു് ശക്തന്മാരുടെ ഭൂഷണം.
എന്റെ സർവാപരാധങ്ങളും ക്ഷമിച്ചിരിക്കുന്നു എന്നു
കേട്ടാൽ സമാശ്വസ്തയായ എനിക്കു് ഈ ശരീര
ബന്ധം തള്ളിക്കളയാം.

ഭീഷ്മ:— അംബേ! ഈ [illegible] സമയത്തിൽ അംബയുമായി
സന്ധിക്കാൻ ഇടവന്നതു് എന്റെ ഭാഗ്യമെന്നു
വേണം പറയാൻ. അംബേ, എന്റെ നേർക്കു് എന്താ
ണു് [illegible] ചെയ്യുന്ന [illegible] ഒരകൃത്യ
മെങ്കിലും അംബ ചെയ്തിട്ടുണ്ടോ? എന്റെ ഗുരുദേവൻ
എന്നെ [illegible] ഉദാരമനസ്സ
നായി അനുഗ്രഹ[illegible] ഉപദേശിക്കുന്നു.
[illegible] അംബയോടു
കടപ്പെട്ടിരിക്കു[illegible] ചെയ്യേണ്ടതു്. പിന്നെ ആ

മാലയുടെ കാര്യം. അതിന്റെ ഏതൽകാലപര്യന്തമുള്ള ചരിത്രം ഞാൻ ഗൂഢപുരുഷന്മാർ മുഖേന അറിഞ്ഞുകഴിഞ്ഞിരിക്കുന്നു. ആ മാല അംബയ്ക്കു തന്നതു സാക്ഷാൽ മഹാദേവനാണ്. ഒന്നു ഞാൻ വീണ്ടും ഈ മുഹൂർത്തത്തിൽ ശപഥം ചെയ്യുന്നു. സ്ത്രീയുടെ നേർക്ക് എന്നപോലെ സ്ത്രീപൂർവനായ പുരുഷന്റെയും നേർക്ക് ഞാൻ ശൂരനല്ല. അങ്ങനെയുള്ള ഒരാളെ വിജിഗീഷുവായി എന്റെ മുന്നിൽകണ്ടാൽ ആ നിമിഷത്തിൽ ആയുധം ഞാൻ താഴത്തുവയ്ക്കും. യജ്ഞസേനന്റെ പുത്രിയായിരുന്ന ശിഖണ്ഡിനി—ഇന്നു പുത്രനായിരിക്കുന്ന ശിഖണ്ഡി—എന്നെ എപ്പോൾ വേണമെങ്കിലും വധിച്ചുകൊള്ളട്ടെ. പാര്യന്തികമായ വിവേചനത്തിൽ അതു് എനിക്കു് ഒരു പരമാനുഗ്രഹമായിത്തന്നെയാണു് പ്രതിഭാസിക്കുന്നതു്. അല്ലെങ്കിൽ സ്വാധീനമൃത്യുവായ എന്നെ ആരും ഹനിക്കുകയില്ല; സ്വയം മരണത്തെ വരിക്കാൻ ഞാൻ ഒരിക്കലും ആഗ്രഹിക്കുകയുമില്ല. ജീവിതാശ എന്നതു് ഏതു മനുഷ്യനും നിസർഗ്ഗസിദ്ധവും ദുഷ്പരിഹരവുമായ ഒരു ചിത്തവൃത്തിവിശേഷമാണ്. കാലധർമ്മത്തിനു് ഒരു കാരണം വേണം; അതു് അംബ എനിക്കുണ്ടാക്കിത്തന്നതിൽ ഞാൻ അംബയെ അനുമോദിക്കുന്നതേയുള്ളു. ഇതൊന്നും പോരാ, 'ഞാൻ ക്ഷമിക്കുന്നു' എന്ന വാക്യമാണു് കുമാരിക്കു് എന്നിൽനിന്നു കേൾക്കേണ്ടതെങ്കിൽ അതു ഞാൻ

Digitized By Kerala Sahitya Akademi

ഇതാ നിരുപാധികമായി, ഹൃദയപൂർവ്വമായി, ഉച്ച രിച്ചുകൊള്ളുന്നു. എങ്കിലും അംബേ! എനിക്കു ഹൃദയം തുറന്നു പറയുവാൻ കഴിയും. വാസ്തവത്തിൽ പാതകി ഞാനാണു്. അന്നു ഞാൻ വിവാഹവേദി യിൽ വച്ചു്—എന്റെ ഉദ്ദേശം എന്തു തന്നെ ആയി ക്കൊള്ളട്ടെ—അംബയുടെ കരം സ്പർശിച്ചില്ലെങ്കിൽ അംബയ്ക്കു ജീവിതത്തിൽ യാതൊരപജയവും ഉണ്ടാ കുകയില്ലായിരുന്നു. ഒരു സ്ത്രീയോടു ചെയ്ത അപരാധ ത്തിനു് ഒരു സ്ത്രീയുടെ കൈകൊണ്ടുതന്നെയാണു് ഞാൻ മരിക്കേണ്ടതു്. നിയതിയുടെ ശിക്ഷ നിഷ്ഠുര മാണെങ്കിലും നീതിനിഷ്ഠമാണു്; അതിന്റെ ധാർമ്മി കതയിൽ എനിക്കു് അടിയുറച്ച വിശ്വാസമുണ്ടു്. അതെല്ലാം നോക്കുമ്പോൾ അംബ എന്റെ പാത കവും ക്ഷമിക്കണമെന്നു് അപേക്ഷിക്കാൻ അന്തഃ കരണം എന്നെ പ്രേരിപ്പിക്കുന്നു.

അംബ:—അതിനു തീരെ ആവശ്യം ഞാൻ കാണുന്നില്ലെ ങ്കിലും അങ്ങയുടെ ആജ്ഞയെ ആ വിഷയത്തിൽ അനുവർത്തിക്കുന്നു.

ഭീഷ്മ:—മതി, അംബേ! ഇനി ഞാൻ ഒന്നു പറഞ്ഞുകൊ ള്ളട്ടെ. ഈ ആത്മത്യാഗം അവിഹിതമാണു്; അസാ ധുവാണു്; അസ്വർഗ്ഗ്യമാണു്; ഇതു് അംബ ഒരി ക്കലും ചെയ്യരുതു്. ഈ സാഹസകൃത്യത്തിൽനിന്നു വിരമിക്കണം. ഞാൻ ഒരു സ്ഥവിരനാണു്—ഉപദേ

Digitized By Kerala Sahitya Akademi

ൾിക്കാൻ എനിക്കവകാശമുണ്ടു്; ഒരു രാജാവാണു്
—ആജ്ഞാപിക്കാൻ അധികാരമുണ്ടു്. അരുതു്
കുമാരി! അരുതു്. ഇതിനു് ആവശ്യമില്ല; ഔചിത്യ
മില്ല; യുക്തിയില്ല; അൎത്ഥമില്ല. വിരമിക്കൂ! വിര
മിക്കൂ!

അംബ:—അങ്ങനെ അവിടുന്നു് എന്നെ നിർബന്ധിക്ക
രുതു്. ആ നിർബന്ധം നിഷ്ഫലമാണു്. എന്റെ
ശരീരമാകുന്ന പഴന്തുണി എനിക്കിനി ഒരു ക്ഷണം
പോലും ഉടുക്കാൻ കൊള്ളുകയില്ല; അത്രമേൽ അഴുക്ക
പുരണ്ടു്, അലവലയായിപ്പോയി അതു്. ഇനിയും
ലോകയാത്രയ്ക്കു് എന്റെ ഗൃഹത്തിലേക്കു മടങ്ങി
ച്ചെന്നു മറെറാരു വസ്ത്രം ധരിച്ചുകൊണ്ടു വരാതെ
നിവൃത്തിയില്ല. അതിനു് അവിടുന്നു് എന്നെ അനുവ
ദിക്കണം. അല്ലാതെ, ഏതു സദ്ഗ്രേൾത്തോടുകൂടിയാ
യാലും വേണ്ടില്ല, വീണ്ടും എന്റെ കരം സ്പൎശിക്കരുതു്.
അങ്ങനെ അവിടുന്നു ചെയ്താൽ ആ ക്ഷണത്തിൽ
ആത്മഹത്യയ്ക്കു ഞാൻ വേറെ മാൎഗ്ഗം തേടും. ആരു
ടെയും ജനനത്തിനു് അച്ഛനമ്മമാർ വേണം; മരണ
ത്തിനു് അവരവർ മാത്രം മതി. പരാശ്രയംകൂടാതെ
ലോകത്തിൽ മനുഷ്യനു സാധിക്കാവുന്ന കാൎയ്യം
അതൊന്നേയുള്ളൂ. അംബ അനന്യതന്ത്രയും അവി
മൃശ്യകാരിണിയുമായി ആദ്യന്തം ജീവിച്ചു; അങ്ങനെ
തന്നെ അവൾ മരിക്കുകയും ചെയ്തുകൊള്ളട്ടെ.

(ഭീഷ്മർ നിരാലംബനായി നിലകൊള്ളുന്നു)

Digitized By Kerala Sahitya Akademi

അംബ:— മഹാരാജാവേ! അങ്ങു് ഒരു മനുഷ്യനാണു്; സമഗ്രമാണു് അങ്ങയുടെ ബാഹുവീര്യം; സമഗ്രതരമാണു് മനോവീര്യം; സമഗ്രതമമാണു് ആത്മവീര്യം. അങ്ങയെപ്പോലെയുള്ള പുണ്യപുരുഷന്മാരുടെ അവതാരം ലോകത്തിൽ അത്യന്തം വിരളമാണു്. അങ്ങയാൽ ഭാരതഭൂമി ഇന്നു വിജയമകുടം ചൂടുന്നു; വീരമാതാവെന്നുള്ള ഖ്യാതി വിശ്വമെങ്ങും വ്യാപിപ്പിക്കുന്നു. അങ്ങയുടെ യശസ്സു സത്യലോകംവരെയുയരും; നന്ദനോദ്യാനത്തിൽ നറുമണം വീശും; പാതാളത്തിൽ പാൽക്കതിർ ചൊരിയും. അങ്ങു മാനവസമുദായത്തിന്റെ മഹോപദേശകനാണു്; ശാന്തിദേവതയുടെ സന്ദേശവാഹകനാണു്; ഭാരതീയരുടെ പിതാമഹനാണു്; അവർ അങ്ങേയ്ക്കു് ആനന്ദബാഷ്പംകൊണ്ടു നിത്യതർപ്പണം അനുഷ്ഠിക്കും. അങ്ങയുടെ സമകാലികയായി ജീവിക്കുക എന്നുള്ള ആ ഒരൊററബ്ഭാഗ്യംകൊണ്ടു മാത്രം അംബ ചരിതാർത്ഥയായിരിക്കുന്നു. പ്രഭോ! എനിക്കു് അഗ്നിപ്രവേശത്തിനുള്ള സമയം ആസന്നമായി. ഭഗവൻ! പാവക! ഹവ്യവാഹന! ഇതാ അനന്യഗതിയായ ഈ അംബ ആക്കും അന്ത്യാവലംബമായ അങ്ങയെ ശരണം പ്രാപിക്കുന്നു. ഈ വരാകിയിൽ വല്ല സാത്വികതയുടേയും പരമാണുവുണ്ടെങ്കിൽ ഇതിനെ ഊർധ്വലോകത്തേക്കു നയിക്കുക; അവശിഷ്ടമായ ചിത്താംശത്തെ ആസകലം ഇവിടെത്തന്നെ

Digitized By Kerala Sahitya Akademi

ഭസ്മീകരിക്കുക. ആ ചാരം ചെന്നു മണ്ണിൽ കാലാന്തരത്തിൽ വല്ല മരവും മുളച്ചുവരും; ആ മരത്തിൽ വല്ല പക്ഷികളും കൂട്ടുകെട്ടും; ആ പക്ഷികൾ എന്റെ ദയനീയമായ ചരിത്രം അവയെപ്പോലെ ആകാശത്തിൽ സഞ്ചരിക്കുന്ന ദേവതകളെ പാടിക്കേൾപ്പിക്കും; ആ പാട്ടുകേട്ടു് അവർ വീഴ്ത്തുന്ന അശ്രുധാര ഈ ശ്മശാനത്തെ ശുദ്ധീകരിക്കും. മഹാരാജാവേ! ഭീഷ്മ! ഇതാ അങ്ങേയ്ക്കു് എന്റെ അന്ത്യാമന്ത്രണം; എന്റെ പ്രിയസഹോദരി! ലളിതേ! ഇതാ നിനക്കു് എന്റെ അവസാനത്തെ സ്വസ്തിവചനം.

(അംബ ചിതയിലേക്കു ചാടുന്നു; ലളിത ശോകമൂർച്ഛിതയായി ഭൂമിയിൽ പതിക്കുന്നു. ഭീഷ്മർ സാലഭഞ്ജികപോലെ സ്തബ്ധനായി നില്ക്കുന്നു. അന്തർയവനിക വീഴുന്നു.)

ഭീഷ്മ:—(ലളിതയെ സാന്ത്വനം ചെയ്തുകൊണ്ടു്):- ലളിതേ, ദാരുണമായ ഈ അത്യാഹിതം കാണുവാൻ ദൈവം എന്നെ എത്രയോ ദൂരത്തുനിന്നു് ഇരിമ്പുചങ്ങലകൊണ്ടെന്നപോലെ വലിച്ചിഴച്ചു് ഇവിടെ കൊണ്ടുവന്നുതള്ളിയല്ലോ. അംബയെ ഈ അന്ത്യക്ഷണത്തിൽ പോലും രക്ഷിക്കുവാൻ ഭാർഗ്ഗവഭഗവാനെക്കൂടി ഭയപ്പെടാത്ത എന്റെ കൈക്കു കഴിഞ്ഞില്ലല്ലോ. ഇതിനാരാണു് ഇങ്ങനെ ദോഷം വച്ചതു്? ഈ തരത്തിൽ ആരാണു് എന്നെ നിശ്ചേഷ്ടനാക്കി നിറുത്തിയതു്? ആരു കണ്ടു പ്രപഞ്ചരഹസ്യം? ആ കുമാരിയുടെ വരണമാലയെ ഒരുകാലത്തു നിഷ്ഫലമാക്കിയ ഞാൻ

Digitized By Kerala Sahitya Akademi

ന്നവളുടെ വരമാലയെ എങ്കിലും ഇനി സഫലമാക്കട്ടെ. അല്ലെങ്കിൽ എന്റെ നിഷ്പ്രയോജനമായ ഈ വലത്തുകൈ ഖഡ്ഗമായി ഛേദിച്ചു ഈ അഗ്നികുണ്ഡത്തിൽത്തന്നെ അടുത്ത നിമിഷത്തിൽ ആത്മഹത്യ ചെയ്യുക എന്നുള്ളതായിരുന്നിരിക്കും എനിക്ക് അനുരൂപമായ കർത്തവ്യം. ശിഖണ്ഡി എനിക്ക് അതിഥിയാകുമ്പോൾ അദ്ദേഹത്തിനു് എന്റെ ഹൃദയരക്തംകൊണ്ടു ഞാൻ അർഘ്യപാദ്യങ്ങൾ സമർപ്പിച്ചുകൊള്ളാം. ലളിതേ! നിനക്കിവിടെ ആരും സഹായമില്ലല്ലോ. എന്നോടുകൂടി ഹസ്തിനപുരത്തേക്കു വരുന്നുവോ?

ലളി:—(കരഞ്ഞുകൊണ്ടു്) ഇല്ല; മഹാരാജാവേ! ഞാൻ ഈ ശ്മശാനത്തിൽ ഒരു ചെറിയ പർണ്ണശാല കെട്ടിയുണ്ടാക്കി, അതിലിരുന്നു ഫലമൂലങ്ങൾ മാത്രം ഭക്ഷിച്ചും ഒരുവിധത്തിൽ പ്രാണസന്ധാരണം ചെയ്തുകൊണ്ടു് എന്റെ പ്രിയസഖിയുടെ പരമഗതിക്കുവേണ്ടി പ്രാർത്ഥിക്കുകയും തപസ്സുചെയ്യുകയും ചെയ്യാമെന്നു് ഉദ്ദേശിക്കുന്നു.

ഭീഷ്മ:— അതു കൊള്ളാം, ലളിതേ! നീ അങ്ങനെതന്നെ ചെയ്യണം. എന്റെ ജീവിതത്തേക്കാൾ നിന്റേതു് എത്ര മഹനീയമാണു്! ഞാനും നിന്റെ വയസ്യയെ ഒരു കാലത്തും വിസ്മരിക്കുകയില്ല. അവളുടെ അകാലമൃത്യു എന്നെ അസ്വസ്ഥനാക്കിയിരിക്കുന്നു.

Digitized By Kerala Sahitya Akademi

അംബ

ഇനി ഞാൻ എന്റെ കൃത്യശതങ്ങൾ മുമ്പിലത്തെപ്പോലെതന്നെ അനുഷ്ഠിക്കുന്നതായി ലോകത്തിന്ന തോന്നുമെങ്കിലും, വാസ്തവത്തിൽ ഇന്നുവരെയുള്ള ഭീഷ്മനല്ല ഇനിമേലുള്ള ഭീഷ്മൻ. അംബയുടെ അപവൎഗ്ഗലാഭത്തിന്ന വേണ്ടിയുള്ള ഈശ്വരപ്രാൎത്ഥനയിൽ ലളിത എന്നെ തോല്പിക്കാതെയിരിക്കുവാൻ ഞാൻ ആകുന്നതും ശ്രദ്ധിച്ചുകൊള്ളാം.

(ലളിതവിഷാദമഗ്നയായി നില്ക്കുന്ന ഭീഷ്മൻ കൈവിരൽ കൊണ്ടു കണ്ണുനീർ തുടച്ചുകൊണ്ടു പോകുന്നു.)

(യവനിക)

ശുഭം ഭൂയാൽ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi